# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

### 2017 ആഗസ്റ്റ് 11, വെള്ളി

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 168 – നമ്പർ 5

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

2017 ആഗസ്റ്റ് 11, വെള്ളി

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ

**ശ്രീമതി കെ.ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

412/2020

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. തോമസ് ചാണ്ടി |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


പേജ്

**I. ചോദ്യോത്തരങ്ങൾ**

(1) വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...1

(2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ ...33

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...33

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...

**II. അടിയന്തരപ്രമേയം**

റേഷൻ കാർഡുകളിലെ അപാകത

— ശ്രീ. അനൂപ് ജേക്കബ്
(അവതരണാനുമതി നിഷേധിച്ചു) ...406

**III. ശ്രദ്ധ ക്ഷണിക്കൽ**

(1) തീരദേശ പരിപാലന വിജ്ഞാപനത്തിലെ നിയന്ത്രണങ്ങൾ

— ശ്രീ. എ. എൻ. ഷംസീർ ...426

(2) ആർത്തവാവധി

— ശ്രീ. കെ. എസ്. ശബരീനാഥൻ ...430

**IV. സബ്മിഷൻ**

(1) ദളിത് യുവതിയെ മർദ്ദിച്ച സംഭവം

— പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) ...432

(2) ജലം ലഭ്യമാക്കൽ

— ശ്രീ. കെ. കൃഷ്ണൻകുട്ടി ...435

(3) എൽ.ഡി.സി. പരീക്ഷ റദ്ദ് ചെയ്യൽ

— ശ്രീ. അടൂർ പ്രകാശ് ...439

*പേജ്*

(4) റോഡ് വികസനം

— ശ്രീ. കെ. ആൻസലൻ ...441

(5) പട്ടികജാതി സർട്ടിഫിക്കറ്റ്

— ശ്രീ. എ. പ്രദീപ്കുമാർ ...443

(6) ശബരി റെയിൽപ്പാത

— ശ്രീ. എൽദോ എബ്രഹാം ...447

(7) കോളേജിന്റെ ശോച്യാവസ്ഥ

— ശ്രീ. വി. കെ. സി. മമ്മത് കോയ ...451

(8) മന്ത്, കോളറ രോഗങ്ങളുടെ വ്യാപനം

— ശ്രീമതി വീണാ ജോർജ്ജ് ...453

(9) സ്റ്റാഫ് നഴ്സുമാരുടെ ശമ്പളം

— ശ്രീ. കെ. മുരളീധരൻ ...456

**V. റിപ്പോർട്ട് സമർപ്പണം**

1. 2017-ലെ കേരള ചരക്ക സേവന നികുതി ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ റിപ്പോർട്ട് ...458
2. 2017-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ റിപ്പോർട്ട് ...458
3. 2017-ലെ കേരള പബ്ലിക് സർവീസ് കമ്മീഷൻ (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ റിപ്പോർട്ട് ...458

പേജ്

## VI അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ഒൻപതാമത് റിപ്പോർട്ട് ...459

(2) ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ ...459

(a) 2016-ലെ കേരള പാചക തൊഴിലാളി ക്ഷേമനിധി പദ്ധതി രൂപീകരണ ബിൽ

—ശ്രീ. എൻ. എ. നെല്ലിക്കുന്ന് ...459

(b) 2016-ലെ കേരള കണ്ടൽ വനം സംരക്ഷണ-വികസന ബിൽ

—ശ്രീ. ജെയിംസ് മാത്യു ...464

(c) 2017-ലെ കേരള സംസ്ഥാന ട്രാൻസ്പോർട്ട് വാഹന യാത്രക്കാരുടെ അവകാശ സംരക്ഷണ അതോറിറ്റി ബിൽ

—ശ്രീ. വി. ടി. ബൽറാം ...470

(d) 2017-ലെ ചികിത്സാവകാശ മിഷൻ ബിൽ

—പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ...474

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

*2017 ആഗസ്റ്റ് 11, വെള്ളി*

വാല്യം 168] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 5

നിയമസഭ 2017 ആഗസ്റ്റ് മാസം 11-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളന കാലത്തേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു)

## I വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ....ഓർഡർ.... ചോദ്യം നമ്പർ *121

### ലൈഫ് പാർപ്പിട പദ്ധതി

1 (*121) ശ്രീ. വി. പി. സജീന്ദ്രൻ:

ശ്രീ. കെ. സി. ജോസഫ്:

ശ്രീ. അൻവർ സാദത്ത്:

ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് ലൈഫ് പാർപ്പിട പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ,

(എ & ബി) ഉണ്ട്. ലൈഫ് പാർപ്പിട പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള സർവ്വേ നടപടികൾ പൂർത്തിയാക്കി കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയതിന്മേലുള്ള ആക്ഷേപങ്ങളും പരാതികളും പരിഹരിച്ച് അന്തിമ ലിസ്റ്റ് 2017 സെപ്റ്റംബർ 25-ന് മുമ്പ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) അടുത്ത അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭവനരഹിതർക്കും ഭൂരഹിതരായ ഭവനരഹിതർക്കും സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നിർവ്വഹിക്കുന്നതിനും സമൂഹത്തിന്റെ നടത്തിപ്പിലും നിലനിൽപ്പിലും ഭാഗഭാക്കാകുവാനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹ്യക്ഷേമ പദ്ധതികളുടെയും പ്രയോജനം ലഭ്യമാക്കുന്നതിനും ഉതകുന്ന തരത്തിലുള്ള സുരക്ഷിതവും മാന്യവുമായ വീടുകൾ ലഭ്യമാക്കുക എന്നുള്ളതാണ് ലൈഫ് പദ്ധതിയുടെ ലക്ഷ്യം.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, എല്ലാവർക്കും വീട് എന്നുള്ള സ്വപ്നം യാഥാർത്ഥ്യമാകുന്നതിനെ സ്വാഗതം ചെയ്യുകയാണ്. മാർച്ച് 3-ന് ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് നടത്തിയ ബജറ്റ് പ്രസംഗത്തിലെ പാരഗ്രാഫ് 50-ൽ, '2017-18-ൽ ഒരു ലക്ഷം ഭവന രഹിതർക്ക് ലൈഫ് മിഷൻ മുഖാന്തിരം വീടുകൾ നൽകു'മെന്ന് പ്രഖ്യാപിച്ചിരുന്നു. കഴിഞ്ഞ ദിവസം ലൈഫ് മിഷൻ നടത്തിയ ഏകദിന ശിൽപ്പശാലയിൽ ഈ വർഷം 70000 വീടുകൾ പൂർത്തിയാക്കുമെന്നാണ് പ്രഖ്യാപിച്ചിരിക്കുന്നത്. ആദ്യ പ്രഖ്യാപനം കഴിഞ്ഞ് 5 മാസം കഴിഞ്ഞപ്പോൾ ലക്ഷ്യമിട്ടിരുന്ന വീടുകളിൽ 30000 എണ്ണം കുറവുവന്നിരിക്കുകയാണ്. ഏത് സാഹചര്യത്തിലാണ് 30000 എണ്ണം കുറവ് വരുന്നത്; ഇനി ശേഷിക്കുന്ന ഏഴര മാസംകൊണ്ട് ഇപ്പോഴത്തെ ടാർജറ്റ് ലക്ഷ്യം കാണുമോ; അതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഒരുപക്ഷെ ഭവനനിർമ്മാണ രംഗത്ത് ഇന്ത്യയിൽ ഏറ്റവും അധികം ശ്രദ്ധിക്കപ്പെടാൻ പോകുന്ന ആദ്യത്തെ ഇന്റഗ്രേറ്റഡ്

പദ്ധതിയായിരിക്കുമിത്. അതുകൊണ്ടുതന്നെ ഇതിന്റെ വിവിധ വശങ്ങളെക്കുറിച്ച് വളരെ വിശദമായി പഠിച്ച് മനസ്സിലാക്കിയും തുടർന്നുള്ള സർവ്വേ നടത്തിയുമാണ് ഇതിന് ആരംഭം കുറിക്കേണ്ടത്. ഒരു തരത്തിലുമുള്ള പ്രശ്നങ്ങളുമില്ലാതെ, ആർക്കും എതിർപ്പില്ലാത്ത തരത്തിലുള്ള പശ്ചാത്തലം ഒരുക്കിയിട്ടുവേണം ഈ വലിയ പദ്ധതിക്ക് തുടക്കം കുറിക്കേണ്ടത്. അതിനുള്ള ശ്രമമാണ് ഇവിടെ നടന്നിരുന്നത്. ഇതിന്റെ കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ചു കഴിഞ്ഞുവെന്ന് നേരത്തെ ഞാൻ മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. ഇത് വളരെ ബുദ്ധിമുട്ടുള്ള, വളരെ ശ്രമകരമായിട്ടുള്ള പരിപാടിയാണ്; അത് പൂർത്തീകരിച്ച് ലിസ്റ്റ് പ്രസിദ്ധീകരിച്ചു കഴിഞ്ഞു. ഒരു വലിയ പദ്ധതിയുടെ തുടക്കമെന്ന നിലയിൽ സ്വാഭാവികമായും എല്ലാ നടപടികളും സ്വീകരിച്ചുവരുമ്പോൾ ചില കുറവുകളുണ്ടാകും; അല്ലെങ്കിൽ പതുക്കെ ആയിപ്പോയെന്നും വരാം. ലക്ഷ്യമിട്ടതുപോലെതന്നെ സെപ്റ്റംബർ 25-ന് ഫൈനൽ ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനുശേഷം വീടുകൾ പണിയാനുള്ള ശ്രമം നടത്തുന്നതാണ്. ഒരു തരത്തിലും ലക്ഷ്യത്തിലെത്താത്ത പ്രശ്നം വരില്ല, കേരളത്തിൽ ലക്ഷ്യമിട്ട വീടുകൾ പൂർണ്ണമായും പണിയുകതന്നെ ചെയ്യും.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഇവിടെ കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ചു കഴിഞ്ഞുവെന്ന് അങ്ങ് പറഞ്ഞു. ഇപ്പോൾ തയ്യാറാക്കിയ ലിസ്റ്റിനെക്കുറിച്ച് വ്യാപകമായ പരാതികളാണുണ്ടായിരിക്കുന്നത്. അർഹതയുള്ളവർ പ്രത്യേകിച്ച് പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾ ഈ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എന്നുള്ള വ്യാപകമായ പരാതിയുണ്ട്. രണ്ടും മൂന്നും സെന്റിലുള്ള ഒരു വീട്ടിൽ രണ്ടും മൂന്നും കുടുംബങ്ങൾ ഒരുമിച്ച് ജീവിക്കുകയാണ്. അവർക്ക് റേഷൻ കാർഡിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ വീട് നൽകുന്നത്. റേഷൻ കാർഡ് ഒരെണ്ണമേ കാണുകയുള്ളൂ, വീട്ടിലെ എല്ലാവരുടെയും പേര് അതിൽ ഉൾപ്പെട്ടിരിക്കുകയാണ്. റേഷൻ കാർഡിൽ പേരുണ്ടെങ്കിൽ അവരെക്കൂടി ഉൾപ്പെടുത്താൻ തയ്യാറാകുമോ എന്നുള്ളതാണ് പ്രധാനപ്പെട്ട ചോദ്യം. ഇതുസംബന്ധിച്ചുള്ള പരാതികൾ നൽകുന്നതിനായി ഒരു തീയതി നിശ്ചയിച്ചിട്ടുണ്ട്; ആ തീയതി ദീർഘിപ്പിക്കുന്നതിന് എന്തെങ്കിലും സാദ്ധ്യതകളുണ്ടോ? ഇത്തരം മാനദണ്ഡങ്ങൾ മാറ്റി പുതിയവ കൊണ്ടുവന്ന് അർഹതയുള്ള എല്ലാവരെയും ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള അവസരമൊരുക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, തീർച്ചയായും. അങ്ങ് അവസാനം ചോദിച്ചതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. അർഹതയുള്ള എല്ലാപേർക്കും വീടു ലഭിക്കും. ഇത് ഇന്ത്യയിൽ ആദ്യമായി നടപ്പിലാക്കുന്ന ഏറ്റവും ഇന്റഗ്രേറ്റഡ് ആയിട്ടുള്ള ഭവന പദ്ധതിയാണ്. അതുകൊണ്ടുതന്നെ തുടക്കമെന്ന രീതിയിൽ

നിരവധി പ്രശ്നങ്ങളുണ്ടാകാം. ആ പ്രശ്നങ്ങൾ തുടർന്ന് പരിഹരിക്കുക എന്നുള്ളതാണ് ജനാധിപത്യ പ്രക്രിയ. ഇന്നലെ (ആഗസ്റ്റ് 10-ാം തീയതി) ആയിരുന്നു ആദ്യഘട്ട അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി. ഇനി അത് പരിശോധിച്ച് ആർക്കുവേണമെങ്കിലും അവരുടെ പരാതികൾ നൽകുന്നതിനും ആ പരാതി പരിഹരിക്കുന്നതിനുമുള്ള ശ്രമം നടത്താൻ പോകുകയാണ്. അങ്ങനെ നിരവധി നടപടികൾക്കുശേഷം സെപ്റ്റംബർ 25-ാം തീയതി ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിക്കുന്നതാണ്. അങ്ങനെ പട്ടിക പ്രസിദ്ധീകരിക്കുമ്പോൾ അടക്കം എല്ലാപേരുടേയും സഹായത്തോടുകൂടി, ആർക്കെങ്കിലും അത്തരം പരാതിയുണ്ടെങ്കിൽ ജനാധിപത്യപരമായി അത് പരിഹരിച്ചുകൊണ്ടുള്ള പട്ടിക നമുക്ക് പ്രസിദ്ധീകരിക്കണം. അതിന് എല്ലാപേരുടെയും സഹകരണം ആവശ്യമാണ്. ഒരു വലിയ പദ്ധതിയുടെ വലിയൊരു ജനകീയതയാണ് അതിന്റെ വിജയത്തിന്റെ ഭൂമികയെന്ന് എല്ലാപേരും മനസ്സിലാക്കണം.

ശ്രീ. കെ. സി. ജോസഫിനുവേണ്ടി (ശ്രീ. സണ്ണി ജോസഫ്): സർ, "പാമ്പുകൾക്ക് മാളമുണ്ട്, പറവകൾക്ക് ആകാശമുണ്ട്, മനുഷ്യപുത്രന് തല ചായ്ക്കാൻ മണ്ണിലിടമില്ല" ഇത് കേരളം ഹൃദയത്തിൽ തട്ടി ഉൾക്കൊണ്ട ഒരു എളിയ പ്രയാസകരമായിട്ടുള്ള സംഗതിയാണ്. അതിന് പരിഹാരമുണ്ടാക്കാനുള്ള ശ്രമങ്ങൾ പല ഘട്ടങ്ങളിൽ നടന്നിട്ടുണ്ട്; വലിയ പ്രതീക്ഷയാണുള്ളത്. ലക്ഷം വീട് പദ്ധതി, ഇന്ദിരാ ആവാസ് യോജന, ഇ. എം. എസ്. ഭവന പദ്ധതി എന്നിവയുണ്ടായിട്ടുണ്ട്, ഇപ്പോൾ ലൈഫിന്റെ പേരിൽ ഒരു പ്രഖ്യാപനം വന്നു. ഈ പ്രഖ്യാപനത്തിന്റെ ഫലമായി ഇപ്പോൾ തദ്ദേശഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികൾക്ക് ഗ്രാമസഭകളെ അഭിമുഖീകരിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. കാരണം പ്രത്യേക മാനദണ്ഡങ്ങൾ ഒന്നും നിശ്ചയിക്കാതെ സർവ്വേ നടത്തി നൂറുകണക്കിന് ആളുകളുടെ പേരുകൾ അയച്ചുകൊടുത്തു. ഗ്രാമസഭകൾ ചേരുമ്പോൾ ഈ പേരുകളിൽ പത്തിൽ ഒന്നുപോലും അംഗീകരിക്കപ്പെട്ടിട്ടില്ല; അതിന് പ്രത്യേക മാനദണ്ഡങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. വലിയ ആക്ഷേപങ്ങളും പരാതികളും നിലനിൽക്കുകയാണ്. ആന കൊടുത്താലും ആശ കൊടുക്കാൻ പാടില്ല. ആശ കൊടുത്തിട്ട് ഇപ്പോൾ നിരാശയിൽ കാര്യങ്ങൾ എത്തിനിൽക്കുന്നു. അതുപോലെ ഇതിന്റെ ഫണ്ട് എവിടെ നിന്നാണ്? പഞ്ചായത്തുകൾ അവരുടെ പദ്ധതി വിഹിതത്തിൽനിന്നും ഈ ഫണ്ട് കണ്ടെത്തണമെന്ന പ്രയാസകരമായ സാഹചര്യവും നിലനിൽക്കുകയാണ്, ഇതിന് വ്യക്തമായ ഫണ്ടിംഗ് ഉണ്ടോ? എന്താണ് ഇതിന്റെ ഫണ്ട് കണ്ടെത്താനുള്ള മാർഗ്ഗം എന്നുകൂടി വ്യക്തമാക്കണം.

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, രണ്ടുമൂന്ന് ചോദ്യങ്ങൾ അദ്ദേഹം ഒന്നിച്ച് ചോദിച്ചിരിക്കുകയാണ്. ഞാൻ നേരത്തെ സൂചിപ്പിച്ചു, പരാതികളും പ്രശ്നങ്ങളും ഉണ്ടാകാം. ഏത് വലിയ പദ്ധതിയുടെ തുടക്കം പരിശോധിച്ചാലും ഇങ്ങനെ പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ട്. ആ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള തുടർ നടപടികൾ ഉണ്ടോ എന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. നിരവധി തലത്തിൽ പരാതികൾ നൽകുന്നതിനും അവ പരിഹരിക്കുന്നതിനുമുള്ള ശ്രമങ്ങൾ നടക്കുകയാണ്. അത് തികച്ചും ജനകീയമായിട്ടാണ് നടക്കുന്നതെന്നുള്ളതുകൊണ്ട്, ഇന്നത്തെ പരാതികൾ പൂർണ്ണമായും പരിഹരിക്കാൻ കഴിയുമെന്ന് സർക്കാർ വിശ്വസിക്കുകയാണ്. ഞാൻ നേരത്തെ സൂചിപ്പിച്ചു, അങ്ങയുടെകൂടി സഹായം ഇതിന് ആവശ്യമാണ്. എവിടെ നിന്നാണ് ഇതിന് ഫണ്ട് ലഭിക്കുക എന്നത് വളരെ പ്രധാനപ്പെട്ട ചോദ്യമാണ്. കേരളത്തിൽ ഇപ്പോൾ പല തരത്തിലുള്ള ഭവന പദ്ധതികളുണ്ട്; കേന്ദ്രാവിഷ്കൃത പദ്ധതിയുണ്ട്, ഇ.എം.എസ്. പാർപ്പിട പദ്ധതിയുടെ തുടർച്ചയായി ചിലതുണ്ട്, എം.എൻ. പാർപ്പിട പദ്ധതിയുണ്ട് അങ്ങനെ നിരവധി പദ്ധതികളുണ്ട്. ഈ പദ്ധതിയുടെ ഫൈനാൻഷ്യൽ സോഴ്സിനുള്ള ദർശനം എന്നുപറയുന്നത് ഇങ്ങനെയുള്ള പദ്ധതികളെല്ലാം ഉദ്ഗ്രഥിക്കുക എന്നതാണ്. ഇന്ന് പല തരത്തിലുള്ള പദ്ധതികളും പല രീതിയിൽ പോകുകയാണ്. 1,20,000 രൂപ മാത്രം നൽകുന്ന വീട് പദ്ധതിയുണ്ട്. ആ പണംകൊണ്ട് വീടുവയ്ക്കാൻ കഴിയുകയില്ല എന്നുള്ളത് ഉറപ്പാണ്. അതുകൊണ്ട് പല വീടുകളുടെയും പണി ബാക്കിയാക്കി പോകുകയാണ്. അങ്ങനെയാണ് ചരിത്രത്തിൽ വീടുകൾ അപൂർണ്ണമായി വരുന്നതിന് കാരണമായത്. അത്തരത്തിൽ ഓരോ പദ്ധതിക്കും നിലവിലുള്ള പണം തികയാതെ വരുമ്പോൾ അതിലേക്ക് കൂടുതൽ തുക നൽകിക്കൊണ്ട്, ആ പദ്ധതി പൂർണ്ണമാക്കുവാനുള്ള ലക്ഷ്യവും വിവിധ തലത്തിൽ പണം പോകുന്ന തരത്തിൽ മെറ്റീരിയൽ കളക്ഷൻ അടക്കമുള്ള സാദ്ധ്യതകൂടി ഇല്ലാതാക്കിക്കൊണ്ട് എല്ലാ വിധത്തിലും പരസ്പര ഉദ്ഗ്രഥനം നടത്തിക്കൊണ്ട്, ഓരോ വീടിനും ആവശ്യമായ തുക കൃത്യമായി എത്തിക്കുന്ന ഒരു സാമ്പത്തിക സമീപനമാണുള്ളത്. അതുകൊണ്ട് സാമ്പത്തികം ഒരു പ്രശ്നമേ ആകില്ല. പരാതികളും പരിഹരിക്കപ്പെടും.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, നമ്മുടെ നാട്ടിൽ പാവപ്പെട്ടവർക്ക്, പ്രത്യേകിച്ചും മലയാളികളെ സംബന്ധിച്ചിടത്തോളം ഒരു വീട് നിർമ്മിക്കുക എന്നു പറഞ്ഞാൽ വലിയ സന്തോഷമുള്ള കാര്യമാണ്. എന്റെ നിയോജകമണ്ഡലത്തിൽ വിധവകളായ സഹോദരിമാർക്ക് വീടു നിർമ്മിച്ചു നൽകുന്ന അമ്മക്കിളിക്കൂട് എന്നൊരു പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. സന്മനസ്സുള്ളവരുടെ സഹായത്തോടെ 10 വീടുകളുടെ നിർമ്മാണത്തിന് തുടക്കമിട്ടു. ഏകദേശം അമ്പത്തിയാറ് അപേക്ഷകൾ എനിക്ക് ലഭിച്ചിട്ടുണ്ട്, അതുമായി ഞാൻ മുന്നോട്ടുപോകുന്നുണ്ട്.

ഇത്തരത്തിൽ വീട്ട നിർമ്മിച്ചു നൽകുമ്പോഴുണ്ടാകുന്ന സന്തോഷം മനസ്സിലാക്കാൻ സാധിച്ചു. ഇവിടെ ശ്രീ. സണ്ണി ജോസഫിന്റെ 'എവിടെ നിന്നാണ് ഫണ്ട് കണ്ടെത്തുന്നത് എന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞിട്ടില്ല. കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതിയുടെ പേര് മാറ്റി നമ്മൾ ആ പദ്ധതി തുടങ്ങുന്നു എന്നുള്ള ആക്ഷേപങ്ങൾ പലരും പറഞ്ഞ് കേൾക്കുന്നുണ്ട്. അതുകൊണ്ട് കേന്ദ്ര ഗവൺമെന്റിന്റെ ഫണ്ട് വിഹിതം എത്രയാണ്? അതോടൊപ്പം തന്നെ കേരള ഗവൺമെന്റിന്റെ കോൺട്രിബ്യൂഷൻ എന്താണ്? എന്റെ വീട്ടിൽ കഴിഞ്ഞ ദിവസം വാർഡ് മെമ്പർ തുക പിരിക്കാനായി വന്നു; ഞാൻ ചെറിയ തുക നൽകി സഹായിച്ചു. ഫണ്ട് പിരിവ് നടന്നുകൊണ്ടിരിക്കുകയാണ്. ഇതുപോലെ മെമ്പർമാർ ഓരോ വീടുകളിൽ ചെന്ന് പാവപ്പെട്ടവർക്ക് വാഗ്ദാനങ്ങൾ നൽകുമ്പോൾ, നാളെ ഗ്രാമസഭകളിൽ അവർക്ക് മറുപടി പറയാൻ കഴിയാത്ത സാഹചര്യമുണ്ടാകുമോ എന്നാണ് ചോദിക്കാനുള്ളത്. അതിന്റെ ഫണ്ട് എവിടെ നിന്നാണ്, എത്രയാണ് കേന്ദ്ര വിഹിതം, എത്രയാണ് കേരളത്തിന്റെ വിഹിതം എന്നു വ്യക്തമാക്കാമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഞാൻ നേരത്തെ സൂചിപ്പിച്ച കാര്യമാണ് ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത്. വീട് പണിയാനുള്ള നിരവധി സോഴ്സുകൾ ഈ മേഖലയിലുണ്ട്. അതാണ് വിഭവ സോഴ്സ്, അതിൽ കേന്ദ്രാവിഷ്കൃത പദ്ധതികളടക്കമുള്ള നിരവധി പദ്ധതികളുമുണ്ട്. അത്തരത്തിലുള്ള പദ്ധതികൾക്കാവശ്യമായ പണത്തെ ഉദ്ഗ്രഥിക്കുക എന്നുള്ളതാണ് വിഭവ സ്രോതസ്സുകളിൽ ഒന്ന്. രണ്ടാമത്തേത്, സംസ്ഥാന സർക്കാർ കടമെടുത്ത് പഞ്ചായത്തുകൾക്കാവശ്യമായ പണം നൽകുന്നു. പഞ്ചായത്തുകൾ അതിന്റെ തിരിച്ചടവിനാവശ്യമായ തുക അവരുടെ പ്ലാൻ ഫണ്ടിൽനിന്ന് കണ്ടെത്തും. അതിനാവശ്യമായ പലിശ സർക്കാർ നേരിട്ട് കൊടുത്ത്, പഞ്ചായത്തുകളുടെ പദ്ധതിയിൽ വീട് നൽകുന്ന പ്രോജക്ടുവച്ച് അതിനാവശ്യമായ പണം കണ്ടെത്തും. ഉദാഹരണത്തിന്, 4,00,000 രൂപ കണ്ടെത്തിയാൽ ആ തുക സംസ്ഥാന സർക്കാർ ലോണെടുത്ത് പഞ്ചായത്തുകൾക്ക് നൽകും, പഞ്ചായത്തുകൾ അടുത്ത വർഷം അവരുടെ പദ്ധതിയിൽനിന്ന് ഇൻസ്റ്റാൾമെന്റായി തുക അടയ്ക്കുമ്പോൾ, ആവശ്യം വരുന്ന പലിശ സംസ്ഥാന സർക്കാർ നൽകും. ഇതാണ് ഒരു സോഴ്സ്. മറ്റൊരു സോഴ്സ്, നേരത്തെ പറഞ്ഞതുപോലെ കേന്ദ്രാവിഷ്കൃത പദ്ധതികളിൽനിന്നുമുള്ള പണം ഇതിലേയ്ക്ക് ഇന്റഗ്രേറ്റ് ചെയ്യും. പല തരത്തിലുള്ള വിഭവ സ്രോതസ്സുകൾ ഉദ്ഗ്രഥിക്കുക എന്നുള്ളതാണ് ആ സാമ്പത്തിക ദർശനം അല്ലാതെ ഏതെങ്കിലുമൊരു സോഴ്സമാത്രമല്ല, അതാണ് ഇതിന്റെ പ്രത്യേകത. മുൻകാലങ്ങളിൽ നമ്മൾ ഒരു സോഴ്സിൽനിന്നും പണമെടുത്ത് വീട് പണിയും, ആ സോഴ്സിലൂടെയുള്ള പല മാനദണ്ഡങ്ങളും പാലിക്കാതെ വരുമ്പോൾ വീട് പൂർണ്ണമാകില്ല. ഇതാണ് നമ്മൾ കണ്ടുവരുന്ന ഒരു പ്രശ്നം ആ പ്രശ്നം മറികടക്കാൻ, വ്യത്യസ്തമായ രീതിയിൽ, വീടു പണിയുവാനുള്ള സോഴ്സുകളെയെല്ലാം

ഉദ്ഗ്രഥിച്ചുകൊണ്ട് ഒരു വീട് പണിയുന്നതിനാവശ്യമായ പണം മുഴുവൻ എത്തിക്കാനുള്ള ശ്രമം നടത്തുന്നു എന്നുള്ളതാണ്. അത് വളരെ യുണീക്കായിട്ടുള്ള, അനന്യമായിട്ടുള്ള വികസന രീതിയാണ്. ഇത് ഒരൊറ്റ സോഴ്സിൽനിന്നുമാത്രമല്ല എന്നുള്ളതാണ് പഴയ പദ്ധതികളും ഈ പദ്ധതിയും തമ്മിലുള്ള വ്യത്യാസം. ആ സാമ്പത്തിക ദർശനം തന്നെയാണ് ഈ പദ്ധതിയുടെ വിജയത്തിനാധാരം എന്ന് സർക്കാർ കരുതുന്നു.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, അങ്ങ് പറയുംതോറും സങ്കീർണ്ണമാകുന്നതു പോലെയാണ് എനിക്ക് തോന്നുന്നത്. കാരണം അങ്ങ് പറഞ്ഞ കാര്യങ്ങൾ അഞ്ച് മിനിറ്റ് സമയമെടുത്ത് വായിച്ചെങ്കിൽ മാത്രമേ യഥാർത്ഥത്തിൽ കാര്യം എന്താണെന്ന് ബോദ്ധ്യപ്പെടുകയുള്ളൂ. അതിന്റെ അർത്ഥം ഞാൻ പറഞ്ഞോട്ടെ, സർക്കാരിനുപോലും യഥാർത്ഥത്തിൽ ഇതെന്താണ്, ഇത് എങ്ങനെയാണ് മുന്നോട്ടുകൊണ്ടുപോകേണ്ടത് എന്നുള്ള വ്യക്തമായ ധാരണ ഇല്ല. അങ്ങ് ഒന്നുരണ്ട് ഓപ്ഷൻ പറഞ്ഞു, ഇനി പറയാത്തൊരു ഓപ്ഷൻ കൂടിയുണ്ടാകണം. സർക്കാരും അപ്പുറത്തും ഇപ്പുറത്തുമുള്ള എല്ലാപേരും ആഗ്രഹിക്കുന്ന ഒരു കാര്യമാണ് ഒരു വീട് എന്നത്. അതുകൊണ്ടുതന്നെ വ്യക്തമായ ഒരു ധാരണ എത്രയും പെട്ടെന്നുണ്ടാകണം. ഇതിനുള്ള സർവ്വേ കുടുംബശ്രീയാണ് നടത്തിയത്. യഥാർത്ഥത്തിൽ ഗ്രാമസഭകളുടെ ലിസ്റ്റ് അംഗീകരിക്കാമായിരുന്നു, അതംഗീകരിച്ചില്ല. ഉദാഹരണത്തിന് എന്റെ മണ്ഡലത്തിലുള്ള വണ്ടൂർ പഞ്ചായത്തിൽ നിന്നും 2800 പേരുടെ ലിസ്റ്റ് കുടുംബശ്രീ തയ്യാറാക്കി. അവസാനം കരട് പ്രസിദ്ധീകരിച്ചപ്പോൾ 550 പേർ മാത്രം. ബാക്കിയുള്ളവർ മുഴുവൻ പുറത്തായി. ഈ 550 പേരുടെ ലിസ്റ്റ് പരിശോധിച്ചുനോക്കിയാൽ 9 വാർഡുകളിൽനിന്ന് ഒരാളുപോലുമില്ല എന്നതാണ് ഇതിന്റെ പ്രത്യേകത. ഇത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്.

<u>മി. സ്പീക്കർ</u>: പ്ലീസ്..........പ്ലീസ്............ശ്രീ. എ. പി. അനിൽ കുമാർ അതൊക്കെ ശരിയാണ്. പ്രധാനപ്പെട്ട കാര്യമാണ് നമ്മൾ ചർച്ച ചെയ്യുന്നത്.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ചോദ്യം സ്പെസിഫിക്കായില്ലെങ്കിൽ അദ്ദേഹത്തിന്റെ മറുപടി നീണ്ടുപോകും; അതുകൊണ്ടാണ്. 550 ആളുകൾ മാത്രമാണ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളത്. 9 വാർഡുകളിൽനിന്ന് ഒരാൾപോലും ആ രജിസ്റ്ററിൽ ഇല്ല. ആ 9 വാർഡ് മെമ്പർമാരും ആരോട് പരാതി പറയണമെന്ന് അറിയാതെ വിഷമിക്കുകയാണ്. 100 വീടുണ്ടെങ്കിൽ 20 വാർഡുകളിൽനിന്ന് 5 പേർക്ക് വീതം നൽകാം. ഈ രീതിയിലുള്ള പ്രയാസങ്ങളുണ്ട്. ഓരോ വാർഡിലും ഏറ്റവും ബുദ്ധിമുട്ട് അനുഭവിക്കുന്നവർ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ഈ സർവ്വേ നടത്തിയതിൽ പാളിച്ചയുണ്ട്, ഗ്രാമപഞ്ചായത്ത് അംഗങ്ങൾക്ക് ഇതിൽ റോളില്ല, ഗ്രാമസഭ നോക്കുകുത്തിയാകുകയാണ്. ഇത്രയും വലിയ ഒരു പദ്ധതി നടപ്പാക്കുമ്പോൾ കുറെക്കൂടി കാര്യങ്ങൾ ആലോചിച്ച് യഥാർത്ഥ ഗുണഭോക്താക്കൾക്ക് അത് ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്:</u> സർ, ഒരു സംശയവും വേണ്ട. ഞാൻ ഈ മൂന്ന് ചോദ്യത്തിനുമുള്ള ഉത്തരം തന്നെയാണ് പറഞ്ഞത്. നിലവിലുള്ള സർവ്വേ പ്രകാരം എന്ത് പരാതിയുണ്ടെങ്കിലും, ഈ 9 വാർഡുകളിൽ മാത്രമല്ല ബാക്കിയുള്ള വാർഡുകളിലും ആരും ഉൾപ്പെട്ടില്ലെങ്കിലും, അവർക്കെല്ലാം പരാതി നൽകാം. ആദ്യ സർവ്വേയിൽത്തന്നെ എല്ലാം പരിഹരിച്ച ഒരു സർവ്വേ റിസൾട്ട് ചരിത്രത്തിൽ ഇതുവരെ ഉണ്ടായിട്ടില്ല. അത് ശാസ്ത്രീയവുമല്ല. ഏത് റാൻഡം സർവ്വേ നടത്തുമ്പോഴും ഉണ്ടാകാവുന്ന പ്രശ്നങ്ങൾ പരിഹരിച്ചിട്ടുണ്ടോ എന്നുള്ളതാണ് പ്രശ്നം. അത് പരിഹരിക്കാൻ, പരാതി നൽകാൻ വളരെ വ്യക്തമായ സംവിധാനങ്ങളും മോണിറ്ററിംഗും ഉള്ളതുകൊണ്ട് ഇപ്പോഴുള്ള ഒരു പരാതിയും അവസാനം ഉണ്ടാകില്ല. അങ്ങ് ഒരിക്കലും ഭയപ്പെടേണ്ട, തീർച്ചയായും അതിന്റെ മോണിറ്ററിംഗ് സംവിധാനം ഉണ്ടാകും, പരാതി നൽകാനും സംവിധാനം ഉണ്ടാകും. സാമ്പത്തികവശം ഞാൻ പറഞ്ഞു. ഒരു വീട് പണിയാൻ ആവശ്യമായ തുക സംസ്ഥാന സർക്കാർ ലോണെടുത്ത് പഞ്ചായത്തുകൾക്ക് നൽകുമ്പോൾ പഞ്ചായത്ത് അതിന്റെ പ്രിൻസിപ്പൽ എമൗണ്ടിന്റെ ഇൻസ്റ്റാൾമെന്റ് അടുത്ത വർഷത്തെ പദ്ധതിയിലൂടെ നൽകും. അതിനാവശ്യമായ പലിശ സംസ്ഥാന സർക്കാർ നൽകും. അതുകൂടാതെ കേന്ദ്ര സർക്കാരിന്റെ പദ്ധതിയിൽനിന്ന് ഒരു വീടിന് 1,20,000 രൂപയാണ് ലഭിക്കുന്നത്. പ്രസ്തുത തുകവച്ച് ഒരു വീട് പൂർത്തിയാക്കാൻ കഴിയുകയില്ല എന്ന് നമുക്കറിയാം. അത്തരത്തിൽ ആ പ്രശ്നം പരിഹരിക്കത്തക്ക രീതിയിൽ അതിനാവശ്യമായ അധിക തുക നൽകും. അപ്പോൾ ഒരു സ്രോതസ്സ് കേന്ദ്ര സർക്കാരിന്റെ സ്കീമാണ്. ഇതുപോലെ ആ പണവും ലോണെടുത്ത് പഞ്ചായത്തുകൾക്ക് നൽകും. പലിശ സർക്കാർ നൽകും, പഞ്ചായത്തുതന്നെ പ്രിൻസിപ്പൽ എമൗണ്ട് നൽകും.

<u>ശ്രീ. ജോൺ ഫെർണാണ്ടസ്:</u> സർ, നിലവിൽ പഞ്ചായത്തുകളോ മുനിസിപ്പാലിറ്റികളോ അവരുടെ മറ്റ് ആവശ്യങ്ങൾക്കുവേണ്ടി വാങ്ങിയ സ്ഥലം ലൈഫ് പദ്ധതിക്കുവേണ്ടി ഉപയോഗിക്കുന്നതിന് അനുമതി നൽകുമോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്:</u> സർ, അത് പഞ്ചായത്തുകൾക്ക് തീരുമാനിക്കാവുന്ന കാര്യങ്ങളാണ്. അതല്ലാതെയും സ്ഥലം കണ്ടെത്താം. പൊതു സമുച്ചയങ്ങൾ പണിയുന്നതിനുവേണ്ടിയാണ് സ്ഥലം കണ്ടെത്തണമെന്ന് നിർദ്ദേശിച്ചിട്ടുള്ളത്. അത്തരത്തിൽ നേരത്തെ വാങ്ങിയ സ്ഥലം പഞ്ചായത്തിന് വേറെ എന്തെങ്കിലും ആവശ്യത്തിന് ഉപയോഗിക്കുകയാണെങ്കിൽ ഉപയോഗിക്കാം. അതല്ല ആ സ്ഥലം സമുച്ചയം പണിയുന്നതിനും ഉപയോഗിക്കാം. ആലപ്പുഴ ജില്ല ഒഴികെ എല്ലാ ജില്ലകളിലും ഒരു സമുച്ചയത്തിന്റെ സ്ഥലം

കണ്ടെത്തിക്കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് പഞ്ചായത്ത് ഉദ്ദേശിച്ചതുപോലെ അവർ വാങ്ങിയ സ്ഥലം കൊടുക്കണമെന്നുണ്ടെങ്കിൽ അത് ഈ ആവശ്യത്തിനായി നൽകാം. അതല്ലെങ്കിൽ മറ്റെന്തെങ്കിലും ആവശ്യത്തിന് ഉപയോഗിക്കാം. വേറൊരു സ്ഥലം തരാൻ സാധിക്കുമെങ്കിൽ അതുമാകാം. ചിലപ്പോൾ ഒരു സമുച്ചയം മതിയാകുകയില്ല, കൂടുതൽ സമുച്ചയങ്ങൾ വേണ്ടിവരും എന്നതുകൊണ്ട് ഈ സ്ഥലവും പുതിയ സ്ഥലവും ഉപയോഗിക്കേണ്ടിവരും.

<u>ഡോ. എം. കെ. മുനീർ</u>: സർ, ലൈഫ് പാർപ്പിട സമുച്ചയങ്ങൾക്ക് ആവശ്യമായ ഭൂമിയുടെ വില കിഫ്ബി ലാൻഡ് ബോണ്ട് വഴി കണ്ടെത്തുമെന്ന് ബജറ്റ് പ്രസംഗത്തിലെ 50-ാം പാരഗ്രാഫിൽ പറഞ്ഞിരുന്നു. ലാൻഡ് ബോണ്ട് ഇറക്കിയിട്ടുണ്ടോ; ഇതിലൂടെ എത്രകോടി രൂപ സമാഹരിച്ചുകഴിഞ്ഞു; ബോണ്ട് ഇറക്കിയിട്ടില്ലെങ്കിൽ എന്നത്തേക്ക് ഇറക്കും എന്ന ചോദ്യത്തിന് കോംപ്ലിക്കേറ്റഡ് അല്ലാത്ത ഒരു മറുപടി അങ്ങയിൽനിന്ന് പ്രതീക്ഷിക്കുന്നു.

<u>മി. സ്പീക്കർ</u>: കുട്ടികൾ ഏറ്റവും ആവേശത്തോടെ കേൾക്കുന്ന ക്ലാസ്സുകളാണ് അദ്ദേഹത്തിന്റേത്. ഒരു കോംപ്ലിക്കേഷനും ഇല്ല. മറ്റ് ക്ലാസ്സുകളിലെ കുട്ടികളുംകൂടി അത് കേൾക്കുന്നതിന് ഈ ക്ലാസ്സുകളിൽ വന്നിരിക്കും.

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, കോംപ്ലിക്കേഷനായി ഞാൻ എന്താണ് പറഞ്ഞത്? ഇത് കോംപ്ലിക്കേഷൻ ആണെന്ന് തോന്നുന്നതുകൊണ്ടാണ് കോംപ്ലിക്കേഷൻ ആകുന്നത്. വളരെ വ്യക്തമായാണ് ഞാൻ പറയുന്നത്. കിഫ്ബിയിലൂടെ ഇത്തരത്തിലുള്ള ലാൻഡ് വാങ്ങുന്നതിനാവശ്യമായ പണം കണ്ടെത്തുമെന്ന് പറഞ്ഞതിലൂടെത്തന്നെ കിഫ്ബി പോകുകയാണ്. കിഫ്ബിയിൽ ഇപ്പോൾ ലാൻഡ് ബോണ്ട് തയ്യാറാക്കിയിട്ടില്ല. എത്രയുംവേഗം ലാൻഡ് ബോണ്ട് തയ്യാറാക്കും. അതുമാത്രമല്ല, ഈ 14-ാം തീയതി കിഫ്ബിയിൽനിന്ന് ആദ്യമായി പണം വകുപ്പുകൾക്ക് നൽകാൻ പോകുകയാണ്. അതിൽ സന്തോഷമുണ്ട്, കാരണം വിദ്യാഭ്യാസ വകുപ്പുതന്നെയാണ് കിഫ്ബിയിൽനിന്ന് ആദ്യം ഈ പണം സ്വീകരിക്കുന്നത്. കിഫ്ബിയുടെ പ്രവർത്തനം നടക്കുകയില്ലെന്ന് ചിലരൊക്കെ ധരിച്ചിരുന്നു, പിന്നീടത് മാറിയിട്ടുണ്ടാകും. ഇപ്പോൾ അത് യഥാർത്ഥ ദിശയിൽ പോകുന്നുവെന്ന് ആദ്യത്തെ പണം നൽകിക്കൊണ്ട് കിഫ്ബി സൂചിപ്പിക്കുകയാണ്. അതുകൊണ്ട് ഇതിനാവശ്യമായ പണവും നേരത്തെ പറഞ്ഞ ബോണ്ടുവഴി കിഫ്ബി കണ്ടെത്തുന്നതാണ്.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ഏറ്റവും പ്രയോജനകരമായി ഈ പദ്ധതി നടപ്പിലാക്കുന്നതിന് വിവിധ ഭവന നിർമ്മാണ പദ്ധതികൾ ഇന്റഗ്രേറ്റ് ചെയ്യുവെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. നമ്മുടെ സംസ്ഥാനത്ത് ഈ രംഗത്ത്

പ്രവർത്തിക്കുന്ന ഒരു പ്രമുഖ ഏജൻസിയാണ് Kerala State Housing Board. ഹൗസിംഗ് ബോർഡ് മിക്കവാറും എല്ലാ ജില്ലകളിലും സ്ഥലമെടുത്തിട്ടുണ്ട്. ഹൗസിംഗ് ബോർഡ് ആരംഭിച്ച പല പദ്ധതികളും പകുതിവഴിയിൽ നിൽക്കുന്നുണ്ട്. അത്തരം വീടുകളെയും സ്ഥലങ്ങളെയുംകൂടി പ്രയോജനപ്പെടുത്തി ഈ സ്വപ്ന പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്താൻ സാധിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, എല്ലാ പാർപ്പിട പദ്ധതിയിലും ഉദ്ഗ്രഥിക്കുക എന്നു പറഞ്ഞതിന്റെ അർത്ഥം അതുതന്നെയാണ്. പല വഴിക്കും പാർപ്പിട പദ്ധതികൾ കേരളത്തിൽ നടപ്പിലാക്കി. അതുകൊണ്ടാണ് കേരളത്തിൽ അപൂർണ്ണമായ വീടുകൾ ഇപ്പോഴും നിലനിൽക്കുന്നതെന്ന് ഞാൻ രണ്ടുമൂന്നു തവണ ഇവിടെ പറഞ്ഞു. അത് പരിഹരിക്കാനുള്ള ശ്രമമാണ് ഇവിടെ നടക്കുന്നത്. എസ്.സി./എസ്.ടി. വകുപ്പ് വീട് നൽകുന്നുണ്ട്, കേന്ദ്ര സർക്കാർ വീട് പല തരത്തിലും നൽകുന്നുണ്ട്; IAY, PMAY തുടങ്ങിയ പല സ്കീമുകളുമുണ്ട്. അതുപോലെ കേരളത്തിൽ വീട് നൽകിയിരുന്ന എല്ലാ സ്കീമുകളും റിവ്യൂ ചെയ്ത് അതെല്ലാംകൂടി ഉദ്ഗ്രഥിച്ച്, ആവശ്യമായ പണം കണ്ടെത്തി, സ്ഥലം ബാക്കിയുണ്ടെങ്കിൽ നൽകാം. അതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് പ്രത്യേകിച്ച് മറുപടി പറയാനുണ്ടെങ്കിൽ പറയും. തീർച്ചയായും ഏത് ഹൗസിംഗ് സ്കീമും ഉദ്ഗ്രഥിക്കുകയെന്നുള്ളതാണ് ലൈഫ് മിഷന്റെ പ്രധാനപ്പെട്ട ലക്ഷ്യം.

ശ്രീ. പി. സി. ജോർജ്: സർ, ഭവനമില്ല എന്നത് വളരെ സങ്കീർണ്ണമായ പ്രശ്നമാണ്. ഇതിനെ ഭരണ-പ്രതിപക്ഷ തർക്കത്തിന് കാരണമാകുന്ന ഒരു വിഷയമായി ഞാൻ കാണുന്നില്ല. ഇതിനായി ജനങ്ങളുടെ ഇടയിലേക്ക് നമ്മൾതന്നെ ഇറങ്ങിച്ചെല്ലണം. ഇക്കാര്യത്തിൽ ഓരോ എം.എൽ.എ.-ക്കും ഉത്തരവാദിത്തമുണ്ട്. ആ കാര്യത്തിൽ സർക്കാർ അൽപ്പംകൂടി ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ നിയോജക മണ്ഡല തലത്തിൽ ഒരു കമ്മിറ്റി രൂപീകരിക്കുകയും മുഴുവൻ പഞ്ചായത്ത് പ്രസിഡന്റുമാരെയും മെമ്പർമാരെയും അതിൽ ഉൾപ്പെടുത്തുകയും ചെയ്തുകൊണ്ട് ഇതിനായി ശ്രമിച്ചാൽ ഇത് പ്രാവർത്തികമാകും. ഈ ഭവന പദ്ധതി വന്നശേഷം എന്റെ നിയോജക മണ്ഡലത്തിലെ തിടനാട് പഞ്ചായത്തിൽ വീടില്ലാത്തവർക്ക് വീടുണ്ടാക്കാനുള്ള ശ്രമത്തിലാണ് ഞാൻ. രാജൻ എന്ന വ്യക്തി ഒന്നര ഏക്കർ ഭൂമിയാണ് ഈ പദ്ധതിക്കായി സൗജന്യമായി നൽകിയത്. അദ്ദേഹം വലിയ സമ്പന്നനൊന്നുമല്ല; അദ്ദേഹത്തിന്റെ ഭാര്യ മരിച്ചു പോയി, ഭാര്യയുടെ ഓർമ്മയ്ക്കായാണ് ആ ഭൂമി നൽകിയിരിക്കുന്നത്. ഇവിടെ എം.എൽ.എ.മാർ പണം

എവിടെയുണ്ടാകുമെന്ന് ചോദിച്ചു. കല്പക്കിയാൽ പണം കൊഴിയുന്ന, പണം കായ്ക്കുന്ന മരമുണ്ടോ നമ്മുടെ രാജ്യത്ത്? ഒരു സംശയവും വേണ്ട, നമ്മൾ ഒരുമിച്ച് ഇറങ്ങിത്തിരിച്ചാൽ പണമുണ്ടാകും. മൂവായിരം വീടുവച്ച പാരമ്പര്യം ഉള്ളതുകൊണ്ടാണ് ഞാനിത് പറയുന്നത്. സർക്കാർ അൽപ്പംകൂടി ശ്രദ്ധിക്കണം. ഇടതുപക്ഷത്തിന് എം.എൽ.എ.മാർ ആരുമല്ല എന്ന തോന്നലുണ്ട്, അത് മാറ്റിവച്ച് അവരുടെ നേതൃത്വത്തിൽത്തന്നെ മുഴുവൻ ഭവനവും ഇനിയുള്ള നാല് കൊല്ലത്തിനകം പൂർത്തീകരിക്കുമെന്നുള്ള തീരുമാനമെടുക്കുന്നതിനായി സർക്കാർ തന്റേടം കാണിക്കുമോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്:</u> സർ, ലക്ഷ്യം വച്ചിരിക്കുന്ന വീടുകൾ പൂർണ്ണമായും 2021-ൽ പൂർത്തിയാക്കിയിരിക്കും; ഒരു സംശയവും വേണ്ട. ആ ലക്ഷ്യം വച്ചുകൊണ്ട് സംസ്ഥാന സർക്കാർ തീർച്ചയായും പ്രവർത്തിക്കും. അതിനായി എല്ലാ ജനപ്രതിനിധികളുടെയും സഹായം ആവശ്യമാണ്. ഈ കാര്യം ഒരു എം.എൽ.എ.ക്കോ മന്ത്രിക്കോ മാത്രമായി ചെയ്യാൻ സാധിക്കുന്നതല്ല. പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാപഞ്ചായത്ത് തുടങ്ങിയ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ എം.എൽ.എ.-യും എം.പി.-യും അടക്കമുള്ള ജനപ്രതിനിധികളൊന്നിച്ച് അണിനിരന്നാലേ അങ്ങ് പറഞ്ഞതു പോലെ ഭൂമിയുടെയും സമ്പത്തിന്റെയും സമാഹരണവും പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശ്രമങ്ങളുമൊക്കെ നടക്കുകയുള്ളൂ. വാസ്തവത്തിൽ ഒരു സിംഗിൾ പ്രോജക്ട് എന്നതിലുപരി അതൊരു വലിയ ജനകീയ ക്യാമ്പയിനാണ്, മിഷനാണ്. ആ മിഷൻ പ്രവർത്തനം തീർച്ചയായും 2021-ൽ അതിന്റെ ലക്ഷ്യത്തിലെത്തിക്കും. അതിനായി അങ്ങടക്കം എല്ലാ ജനപ്രതിനിധികളുടെയും പൂർണ്ണമായ സഹകരണം ഉണ്ടാകണം. എം.എൽ.എ.മാരെ പൂർണ്ണമായും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബ്ലോക്കുതല സമിതികൾ, പഞ്ചായത്തുതല സമിതികൾ തുടങ്ങിയവയൊക്കെ യോഗം ചേരുമ്പോൾ എല്ലാ ജനപ്രതിനിധികൾക്കും പങ്കെടുക്കാവുന്നതാണ്. അങ്ങനെ ഈ ലൈഫ് മിഷൻ പദ്ധതി വിജയിപ്പിക്കണം.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: സർ, തോട്ടം തൊഴിലാളികളുടെ ഭവനനിർമ്മാണ പദ്ധതിയെ ലൈഫ് പദ്ധതിയിലേക്ക് ലയിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. ഏതാണ്ട് 20 കോടി രൂപ, കഴിഞ്ഞ 10 വർഷക്കാലമായി വിവിധ ബജറ്റുകളിൽ വകയിരുത്തിയിട്ടുണ്ട്. തുക ബജറ്റിലുണ്ടെങ്കിലും ഇതുവരെയായി ഒരു രൂപപോലും ചെലവഴിക്കാൻ സാധിച്ചിട്ടില്ല. ഈ പദ്ധതി എപ്പോൾ പൂർത്തിയാകുമെന്ന് ചോദിക്കുന്നില്ല; ഈ പദ്ധതി എപ്പോൾ ആരംഭിക്കാൻ സാധിക്കും?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഗുണഭോക്തൃ ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ട അവസാന തീയതി സെപ്റ്റംബർ 25 ആണ്. ലിസ്റ്റ് പ്രസിദ്ധീകരിച്ച ശേഷമേ ഇതിന്റെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുകയുള്ളൂ. അതിനുശേഷം എത്രയുംവേഗം നമ്മൾ പദ്ധതി ആരംഭിക്കും. തുക ബജറ്റിലുണ്ട്, ചെലവായിട്ടില്ല എന്ന് ബഹുമാനപ്പെട്ട എം.എൽ.എ. നേരത്തെ സൂചിപ്പിച്ചു. വിവിധ പദ്ധതികളിലുള്ള പണം പല കാരണങ്ങൾകൊണ്ടും ചെലവഴിക്കാൻ കഴിയുന്നില്ല; വീടാകുന്നില്ല എന്നുള്ള പശ്ചാത്തലത്തിലാണ് നമ്മൾ ഈ പദ്ധതി ആരംഭിക്കുന്നത്. തീർച്ചയായും ആ പണം നമുക്ക് ഉപയോഗിക്കാൻ കഴിയും. ഗുണഭോക്താവിനെ കണ്ടെത്തുന്ന പ്രശ്നം തീർന്നു. കെട്ടിടം പണിയാനുള്ള സംവിധാനങ്ങളുണ്ടാക്കുന്ന പ്രശ്നവും തീരും. പാരലലായി അതിനുള്ള സംവിധാനവും ഉണ്ടായി വരുന്നുണ്ട്. അതുകൊണ്ട് വീട് പണിയുക എന്ന പ്രശ്നം പരിഹരിക്കാൻ എല്ലാ സംവിധാനവും ഒരുങ്ങി നിൽക്കുന്ന സാഹചര്യത്തിൽ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച ബജറ്റിലുള്ള തുകയും ലോണെടുത്ത തുകയുമടക്കം ചേർത്ത് ഈ വീടുകളെല്ലാം പണിയാൻ സാധിക്കും. പഴയൊരു തടസ്സം വാസ്തവത്തിൽ നീങ്ങിയിരിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, തോട്ടം തൊഴിലാളികളുടെ കാര്യത്തിൽ ഒരു ആശങ്കയും ആവശ്യമില്ല. അതിലുള്ള പ്രശ്നം അവിടെ സ്ഥലം ലഭിക്കുക എന്നുള്ളതാണ്. അത് തോട്ടം ഉടമകളിൽനിന്നും ലഭിക്കേണ്ടതുണ്ട്. അല്ലെങ്കിൽ സർക്കാർ കണ്ടെത്തും. ഉടൻതന്നെ വീടു നിർമ്മാണം ആരംഭിക്കുകയും ചെയ്യും.

ശ്രീ. അടൂർ പ്രകാശ്: സർ, ലൈഫ് പദ്ധതി നടപ്പിലാക്കിയതിന്റെ ഭാഗമായി ഗുണഭോക്താക്കളുടെ ലിസ്റ്റുകൾ പല പഞ്ചായത്തുകളിലും പ്രസിദ്ധീകരിച്ചു കഴിഞ്ഞു. നേരത്തെ ഗ്രാമസഭ കൂടിയിരുന്നു; അവിടെനിന്നും ഈ പദ്ധതിയിൽ ഉൾപ്പെടുത്താനായി വിവിധ ആളുകളെ തെരഞ്ഞെടുത്തിരുന്നു. പക്ഷേ ഈ ലിസ്റ്റ് പ്രസിദ്ധീകരിച്ച് കഴിഞ്ഞപ്പോൾ പലരും ആ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. അങ്ങനെ വരുമ്പോൾ പരാതി നൽകാനുള്ള അവസരമുണ്ടെന്ന് അങ്ങുതന്നെ പറഞ്ഞു. ഈ പരാതി സ്വീകരിച്ച് തീരുമാനമെടുക്കാൻ എന്നത്തേക്ക് കഴിയുമെന്ന് വ്യക്തമാക്കുമോ? കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് 'സീറോ ലാൻഡ്ലെസ്സ് ' പദ്ധതി പ്രകാരം കേരളത്തിൽ നിരവധി ജില്ലകളിൽ ഭൂമി നൽകിയിട്ടുണ്ട്. കണ്ണൂർ പോലെയുള്ള പ്രദേശത്ത് ഒരുമിച്ച് 12 ഏക്കർ ഭൂമി കണ്ടെത്തിക്കൊടുത്തിട്ടുണ്ട്. അത്തരം ഭൂമി കൂടി ഏറ്റെടുത്ത് ഇതിൽ ഉൾപ്പെടുത്തി ലൈഫ് പദ്ധതി നടപ്പിലാക്കുവാൻ ശ്രമിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, രണ്ട് കാര്യമാണ് അങ്ങ് ചോദിച്ചത്, ഗ്രാമസഭയിലെ പ്രശ്നത്തിൽ പരാതി നൽകാം. എന്നുവരെ ഇത് നൽകാമെന്നുള്ള ലിസ്റ്റ് വായിക്കാം.

കരടുപട്ടിക തദ്ദേശഭരണ സ്ഥാപന ഭരണസമിതി അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തേണ്ട അവസാന തീയതിയായിരുന്നു ജൂലൈ 30. ആദ്യഘട്ട അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി - ആഗസ്റ്റ് 10, ആദ്യഘട്ട അപേക്ഷകൾ പരിശോധിച്ച് പട്ടിക പുനഃപ്രസിദ്ധീകരിക്കൽ - ആഗസ്റ്റ് 20, ജില്ലാ കളക്ടർക്ക് രണ്ടാംഘട്ട അപേക്ഷകൾ സമർപ്പിക്കാവുന്ന അവസാന തീയതി - ആഗസ്റ്റ് 25, രണ്ടാംഘട്ട അപേക്ഷകൾ പരിശോധിച്ച് പട്ടിക പുനഃപ്രസിദ്ധീകരിക്കൽ - ആഗസ്റ്റ് 31, ഗ്രാമസഭ/വാർഡ് സഭ കൂടി പട്ടിക അംഗീകരിക്കേണ്ട സമയം - സെപ്റ്റംബർ 1 മുതൽ 20 വരെ. ഗ്രാമസഭ/വാർഡ് സഭ അംഗീകരിച്ച പട്ടികകൾ ഭരണസമിതി അംഗീകരിച്ച് അന്തിമ ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിക്കാനുള്ള തീയതി - സെപ്റ്റംബർ 25. വളരെ വ്യക്തമായ ടൈം ടേബിളാണ്. അങ്ങയുടെ മണ്ഡലത്തിൽ ഇക്കാര്യം ശ്രദ്ധിക്കുന്നതുപോലെ മറ്റുള്ള സ്ഥലത്തും ശ്രദ്ധിച്ച് എല്ലാ പരാതികളും സമയബന്ധിതമായി ലഭിച്ചാൽ അവയെല്ലാം ഈ ടൈം ഡ്യൂറേഷനിൽ കൃത്യമായി പരിഹരിക്കാൻ സാധിക്കും, അക്കാര്യത്തിൽ സംശയം വേണ്ട. അർഹരായ എല്ലാവരും ലിസ്റ്റിൽ ഉൾപ്പെടുന്നതാണ്.

ചിലർ ഭൂമി നൽകിയതായി നേരത്തെ ശ്രീ. പി. സി. ജോർജ് ഇവിടെ പറഞ്ഞു. മറ്റൊരു എം.എൽ.എ. പഞ്ചായത്ത് എടുത്ത സ്ഥലം തരുന്നുണ്ടെന്ന് പറഞ്ഞു. ഇതുപോലെ ഭൂമി ലഭ്യമായ സ്ഥലങ്ങളിലെല്ലാം വീടുവയ്ക്കാനും അല്ലാത്തിടങ്ങളിൽ ഭൂമി ലഭ്യമാക്കാനും സർക്കാർ ശ്രമിക്കും. സമുച്ചയങ്ങൾ ഓരോ പഞ്ചായത്തിലും വരുന്നതിനാവശ്യമായ ഭൂമി കണ്ടെത്താനുള്ള ശ്രമം ആരംഭിച്ചു എന്നുള്ളതിന്റെ തെളിവാണ് ഞാൻ പറഞ്ഞത്. ആലപ്പുഴ ഒഴികെ എല്ലാ ജില്ലകളിലും ഒരു സമുച്ചയമെങ്കിലും നിർമ്മിക്കാനുള്ള സ്ഥലം കണ്ടെത്തിക്കഴിഞ്ഞു, ആ ശ്രമം തുടർന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, വളരെ ശാസ്ത്രീയമായി അർഹതപ്പെട്ടവരെ കണ്ടെത്തുക എന്നതാണ് പ്രധാനമായിട്ടുള്ളത്. ഇവിടെ സ്ഥലം കണ്ടെത്തുന്നതിന് ഒരു പ്രശ്നവുമില്ല. കോഴിക്കോട് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ എം.എൽ.എ.മാരുടെ യോഗം ചേർന്നിരുന്നു. അവിടെ ഒരു സമുച്ചയം വരാൻ പോകുകയാണ്. ലോൺ, സ്പോൺസർഷിപ്പ്, ബഹുജന പങ്കാളിത്തം എന്നീ രീതിയിലാണ് അവിടെ പ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നത്. 200 സ്ക്വയർ ഫീറ്റിന് 2,000 രൂപ വീതമുള്ള സംഭാവനവരെ സ്വീകരിച്ചുകൊണ്ട് അത് യാഥാർത്ഥ്യമാക്കും. അതുകൊണ്ട് ലൈഫ് പദ്ധതി കോഴിക്കോട് ജില്ലയെ സംബന്ധിച്ച് ഞങ്ങളുടെ ഒരു സ്വപ്ന പദ്ധതിയാണ്. സർക്കാരിന്റെ എല്ലാ പിന്തുണയും ഉണ്ടാകുമെന്ന വിശ്വാസത്തോടെ, സമയബന്ധിതമായി അത് പൂർത്തീകരിക്കുമെന്നു പറയുകയാണ്. ഇതിനായി അർഹതപ്പെട്ടവരെ തെരഞ്ഞെടുക്കുന്നതിൽ കുറച്ചുകൂടി ശുഷ്കാന്തി ഉണ്ടാകുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, തീർച്ചയായും ശുഷ്കാന്തി ഉണ്ടാകും.

മി. സ്പീക്കർ: പുതിയ പദ്ധതിയായതുകൊണ്ട് ധാരാളം സമയമെടുത്തു. ഏറെക്കുറെ വ്യക്തതയും വന്നിട്ടുണ്ട്.

**തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി**

2 (*122) ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. കെ. വി അബ്ദുൾ ഖാദർ:
ശ്രീ. വി. ജോയി:
ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) മുൻകാലങ്ങളിൽനിന്നും വ്യത്യസ്തമായി സംസ്ഥാനത്തെ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും ജൂൺ 15-നകം വാർഷിക പദ്ധതി സമർപ്പിച്ചുവെന്ന ചരിത്ര നേട്ടം കൈവരിക്കുന്നതിനായി സർക്കാർ നടത്തിയ ഇടപെടലുകൾ അറിയിക്കാമോ;

(ബി) വിവിധ മിഷനുകൾ നടപ്പിലാക്കുന്നതിനുവേണ്ട പദ്ധതികൾ പദ്ധതി ആസൂത്രണ മാർഗ്ഗനിർദ്ദേശങ്ങളിൽ ഉൾക്കൊള്ളിച്ചിരുന്നോ; ശുചിത്വമുള്ള വികസിത കേരളത്തിനായി നിർദ്ദേശിക്കപ്പെട്ട പ്രധാന പദ്ധതികൾ എന്തെല്ലാമായിരുന്നു;

(സി) അംഗീകാരം നൽകുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് യഥാസമയം ഫണ്ട് ലഭ്യമാക്കാൻ ജാഗ്രത പുലർത്തുമോയെന്ന് വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ,

(എ) വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ മുൻകൂട്ടി നൽകുകയും തുടർന്ന് സമയബന്ധിതമായി പരിശീലനങ്ങൾ പൂർത്തിയാക്കുകയും ചെയ്തിരുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളിൽ സമയബന്ധിതമായി വാർഷിക പദ്ധതി സമർപ്പിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിന് വിവിധ തലങ്ങളിൽ തുടർച്ചയായി അവലോകനം നടത്തുകയും ചെയ്തിരുന്നു. പദ്ധതി രൂപീകരണ പ്രക്രിയ മോണിറ്റർ ചെയ്യുന്നതിന് പെർഫോർമൻസ് ആഡിറ്റ് യൂണിറ്റുകൾക്ക് നിർദ്ദേശം നൽകിയതും തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവർക്കുവേണ്ട മാർഗ്ഗനിർദ്ദേശം നൽകിയതും കൂടാതെ ജീവനക്കാരുടെ അകമഴിഞ്ഞ പിന്തുണ ഇക്കാര്യത്തിൽ ഉണ്ടായതും പദ്ധതികൾക്ക് ജൂൺ 15-നുള്ളിൽ അംഗീകാരം വാങ്ങുന്നതിന് കാരണമായി.

(ബി) ഉൾക്കൊള്ളിച്ചിരുന്നു. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങളിലൂടെ നടത്തുന്ന വിവിധ വികസന പ്രവർത്തനങ്ങളിൽ നവകേരള മിഷനുവേണ്ടി തയ്യാറാക്കിയിട്ടുള്ള വിഷയവുമായി ബന്ധപ്പെട്ട പദ്ധതികൾ അതാത് മിഷനുകളിൽ ഉൾപ്പെടുത്തി ചെയ്യുന്നതിന് പദ്ധതി രൂപീകരണ മാർഗ്ഗരേഖ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

ഓരോ പ്രദേശത്തെയും മാലിന്യമുക്തമാക്കുന്നതിനായി ജൈവ മാലിന്യം ഉറവിടത്തിൽത്തന്നെ പരിപാലിക്കുക, അജൈവ മാലിന്യം ശേഖരിച്ച് പുനഃചംക്രമണ വിധേയമാക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുക, ജൈവ മാലിന്യങ്ങൾ ജൈവവള ഉൽപ്പാദനത്തിനും ഊർജ്ജോൽപ്പാദനത്തിനും ഉപയോഗപ്പെടുത്തുന്ന പ്രോജക്ടുകൾ ആവിഷ്കരിക്കുക, മാലിന്യ സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സബ്സിഡി നൽകൽ എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) അംഗീകാരം നൽകുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് പ്ലാൻ ഫണ്ട് ഗഡുക്കളായി അനുവദിച്ച് വരുന്നതിൽ ജാഗ്രത പുലർത്തുന്നുണ്ട്. പദ്ധതി പ്രവൃത്തികളുടെ മോണിറ്ററിംഗ് ആഴ്ചതോറും നടത്തുകയും പുറകിൽ നിൽക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രശ്നം പരിഹരിക്കുവാൻ ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും ഇടപെടലുകളും നടത്തിവരുന്നു.

പദ്ധതിയുടെ പ്രതിദിനമുള്ള പ്രവൃത്തി പുരോഗതി Dash Board-ൽ പ്രസിദ്ധീകരിക്കുകയും സമയബന്ധിതമായി പദ്ധതിയുടെ പ്രതിവാര മോണിറ്ററിംഗും ജില്ലാതലത്തിലുള്ള വിശദമായ പദ്ധതി പുരോഗതി റിപ്പോർട്ടും പബ്ലിക് ഡൊമൈനിൽ (www.lsgkerala.gov.in) പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. ട്രഷറികളിലുള്ള പെൻഡിംഗ് ബില്ലിന്റെ എണ്ണവും തുകയും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

<u>ശ്രീമതി പി. അയിഷാ പോറ്റി</u>: സർ, തദ്ദേശഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനായി നടപ്പാക്കിയ പ്രവർത്തനങ്ങൾ സംബന്ധിച്ചാണ് അങ്ങയുടെ മറുപടിയിൽ സൂചിപ്പിച്ചിട്ടുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരത്തിൽ പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ? 15-6-2017-ൽത്തന്നെ പദ്ധതികൾ അംഗീകരിക്കുകയുണ്ടായി. അതിന്റെ ഫലം എത്രമാത്രം ഉണ്ടായിട്ടുണ്ട്; എത്രമാത്രം ചെലവ് ഇതുവരെ വന്നിട്ടുണ്ടെന്ന് പറയാൻ കഴിയുമോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, കൃത്യമായ ചെലവ് പരിശോധിച്ചശേഷം മാത്രമേ പറയാൻ സാധിക്കുകയുള്ളൂ. ജൂൺ 15-ന് പദ്ധതിക്ക് അംഗീകാരം വാങ്ങുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീമതി പി. അയിഷാ പോറ്റി: സർ, സമൂഹത്തിൽ ഏറ്റവും വലിയ ചലനം സൃഷ്ടിക്കാൻ കഴിയുന്ന സംവിധാനമാണ് കുടുംബശ്രീ. പഞ്ചായത്തിന്റെ അധീനതയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കുടുംബശ്രീ യൂണിറ്റുകളെ സംരംഭകത്വ മേഖലയിൽ സഹായിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയാൻ കഴിയുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, കുടുംബശ്രീ പ്രവർത്തനങ്ങളും പഞ്ചായത്ത് പ്രവർത്തനങ്ങളും തമ്മിൽ ഉദ്ഗ്രഥിക്കുക എന്നുള്ളത് ഒരു സങ്കൽപ്പമാണ്. കൂടാതെ, കുടുംബശ്രീ തനതായ സംരംഭകത്വ പ്രോജക്ടുകൾ ധാരാളം ഏറ്റെടുത്തിട്ടുണ്ട്. നേരത്തെ സൂചിപ്പിച്ച, ലൈഫ് മിഷനിൽ സർവ്വേ മാത്രമല്ല തുടർന്നുള്ള പ്രവർത്തനങ്ങളും വീട് പണിയുന്നതിനുള്ള ഉൽപ്പന്നമായ ഇഷ്ടികപോലുള്ള സാധനങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ പദ്ധതികളും കുടുംബശ്രീയുമായി ബന്ധപ്പെട്ടാണ് നടപ്പിലാക്കാൻ ശ്രമിക്കുന്നത്. ഏറ്റവും വലിയ സാദ്ധ്യതയുള്ള, ധാരാളം സംരംഭകത്വ പ്രോജക്ടുകൾ കുടുംബശ്രീ ഏറ്റെടുത്തുകൊണ്ടിരിക്കുന്നുണ്ട്. ഏറ്റെടുക്കുന്ന ഓരോ പദ്ധതിയും സംസ്ഥാന സർക്കാർ നേരിട്ടും അതുപോലെ തദ്ദേശഭരണ സ്ഥാപനങ്ങളും സഹായിച്ചുകൊണ്ടാണ് മുന്നോട്ടുകൊണ്ടുപോകുന്നത്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, മാലിന്യസംസ്കരണ പദ്ധതികളുടെ നിർവ്വഹണം വേഗതയിലാക്കാനുള്ള നടപടികളുടെ അവസ്ഥ എന്താണെന്നുള്ളത് വിശദീകരിക്കുമോ; കനോലി കനാലിനെ മാലിന്യമുക്തമാക്കുന്നതിനുള്ള ഒരു പദ്ധതിക്കുവേണ്ടി ബഹുമാനപ്പെട്ട സ്പീക്കർ, തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി ഉൾപ്പെടെയുള്ളവർ പങ്കെടുത്തുകൊണ്ട് യോഗം ചേരുകയുണ്ടായി. സാധാരണ ഖരമാലിന്യ സംസ്കരണം മാത്രമല്ല, ജലാശയങ്ങൾ മാലിന്യവിമുക്തമാക്കുന്നതിന് വേണ്ടിയുള്ള പദ്ധതികൾക്കായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേകമായ നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് പ്രാവർത്തികമാക്കാൻ സർക്കാർ ശ്രമിക്കുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, സർക്കാരിന്റെ നാല് മിഷനുകളിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു ലക്ഷ്യമാണത്. ജലാശയങ്ങൾ ശുദ്ധീകരിക്കുന്നതിൽ ഏറ്റവും പ്രധാനമായത് തണ്ണീർത്തടങ്ങൾ സംരക്ഷിക്കുക എന്നുള്ളതാണ്. വെള്ളം പിടിച്ചുനിർത്താൻ കഴിയാത്ത അവസ്ഥയിൽ ഇന്ന് മണ്ണ് എത്തിക്കഴിഞ്ഞപ്പോൾ ജലം മണ്ണിൽ ശേഖരിക്കപ്പെടാതെ മണ്ണിലുള്ള നൈട്രജൻ അടക്കമുള്ള പല അംശങ്ങളും ബ്ലീച്ച് ചെയ്യപ്പെട്ട് വെള്ളത്തിൽ എത്തുന്നതായി കാണുന്നുണ്ട്. അതുകൊണ്ട് ജലം പലതരത്തിലും മലിനീകരിക്കപ്പെടുകയാണ്. അതിന്റെ പുനരുദ്ധാരണത്തിന് ശാസ്ത്രീയമായ സമീപനം വേണ്ടിവരും. അതിൽ ഏറ്റവും

പ്രധാനപ്പെട്ടത്, നീർത്തടാധിഷ്ഠിത വികസനമാണ്. തണ്ണീർത്തടങ്ങളെ സംരക്ഷിച്ചുകൊണ്ട് മാത്രമേ ജലാശയങ്ങൾ സംരക്ഷിക്കാൻ കഴിയുകയുള്ളൂ. ജലസേചനത്തിനും കുടിവെള്ളത്തിനും മറ്റും വളരെയധികം സഹായിക്കുന്ന കനോലി കനാൽ പല തരത്തിലും മലിനീകരിക്കപ്പെട്ടിരിക്കുകയാണ്. അതിന്റെ തീരത്തുള്ള ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ സംയുക്തമായി, നീർത്തട വികസന പദ്ധതികൾ നടപ്പിലാക്കിയാൽ ജലാശയങ്ങളെ/ജലപാതകളെ സംരക്ഷിക്കാൻ സാധിക്കും. ആ നിർദ്ദേശം തന്നെയാണ് പഞ്ചായത്തുകൾക്ക് നൽകിയിട്ടുള്ളത്.

<u>ശ്രീ. വി. ജോയി</u>: സർ, വാർഷിക പദ്ധതി സമർപ്പണം നവംബർ വരെ നീണ്ടുപോകുന്നതിൽനിന്നും വ്യത്യസ്തമായി ജൂൺ 15-ാം തീയതി അവസാനിപ്പിച്ചത് സർക്കാരിന്റെ ചരിത്രപരമായ നേട്ടമാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തന ബാഹുല്യം കൂടിവരികയാണ്. ഇപ്പോൾ നാല് മിഷനുകൾ സർക്കാർ പ്രഖ്യാപിച്ചു. ഈ നാല് മിഷനുകളുടെയും പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തിയാണ് നടപ്പിലാക്കുന്നത്. ലൈഫ് മിഷനുമായി ബന്ധപ്പെട്ട് ഒരു ഗ്രാമപഞ്ചായത്തിൽ ആയിരക്കണക്കിന് പരാതികളാണ് വരുന്നത്. ഈ പരാതികളിലെല്ലാം ഫീൽഡ് വിസിറ്റ് നടത്തേണ്ടതുണ്ട്. അതുപോലെ 'മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം' പദ്ധതിയുണ്ട്. ധാരാളം പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിൽ വരുന്നതിനാൽ അവരുടെ പ്രവർത്തന ബാഹുല്യം വർദ്ധിച്ചുവരികയാണ്. ഇത് പരിശോധിച്ച് ഇങ്ങനെ വരാതിരിക്കുന്നതിനുവേണ്ടിയുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുമോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, താഴെത്തട്ടിലുള്ള പ്രവർത്തനങ്ങൾ ജനകീയമായി വികസിച്ച് വരുമ്പോഴാണ് പഞ്ചായത്ത് ഒരു ഭരണകൂടമായി മാറുന്നത്. അധികാര വികേന്ദ്രീകരണം എന്നതുതന്നെ നിലവിലുള്ള ഭരണകൂടങ്ങളുടെ ജനാധിപത്യവൽക്കരണമാണ്. നിലവിലുള്ള ഭരണകൂടങ്ങളെ ജനാധിപത്യവൽക്കരിച്ച് കൂടുതൽ അധികാരവും ജനകീയതയുമുള്ള ഭരണകൂടം താഴെത്തട്ടിൽ സൃഷ്ടിക്കുമ്പോൾ സ്വാഭാവികമായും നേരത്തെ ഇവിടെ പറഞ്ഞ, ജനങ്ങൾക്ക് ആവശ്യമുള്ള നിരവധി പദ്ധതികൾ ആ ഭരണകൂടത്തിൽത്തന്നെ നിക്ഷിപ്തമാകും. അങ്ങനെ നിക്ഷിപ്തമാകുമ്പോൾ മാത്രമേ അതിന്റെ നിർവ്വഹണത്തിലും ആലോചനയിലുമെല്ലാം ജനങ്ങളുടെ പങ്കാളിത്തം ഉണ്ടാകുകയുള്ളൂ; അപ്പോൾ മാത്രമേ ഗ്രാമസഭകൾ സജീവമാകുകയുള്ളൂ. അതുകൊണ്ട് പദ്ധതികൾ പഞ്ചായത്തിന് ലഭിക്കുന്നത് കൂടുതലാണെന്ന് ചിന്തിക്കാതെ, ലഭിച്ച പദ്ധതികൾ എങ്ങനെ ജനകീയമാക്കാമെന്ന് ചിന്തിച്ച് ഗ്രാമസഭകളെയും

പഞ്ചായത്തുകളെയും ജനകീയമാക്കി, ജനാധിപത്യവൽക്കരിക്കപ്പെട്ട സർക്കാരാണ് പഞ്ചായത്ത് എന്ന അവസ്ഥയിലേക്ക് അവയെ മാറ്റുക എന്നുള്ള ഒരു ദർശനമാണ് നമുക്കുണ്ടാകേണ്ടത്. ഇപ്പോൾ പറഞ്ഞ നാല് മിഷനുകളും പഞ്ചായത്തുകൾ ഏറ്റെടുത്ത് നടപ്പിലാക്കുകയാണെങ്കിൽ ഈ ലക്ഷ്യം നമുക്ക് സാർത്ഥകമാക്കാൻ സാധിക്കും. പഞ്ചായത്ത് ഭരണകൂടങ്ങളുടെ ജനാധിപത്യവൽക്കരിക്കപ്പെട്ട ഏറ്റവും നല്ല രൂപമാണെന്ന് പറയാനുള്ള ഒരു അവസരമുണ്ടാകുമെന്നാണ് സർക്കാർ കരുതുന്നത്.

ശ്രീ. എം. രാജഗോപാലൻ: സർ, സംസ്ഥാനത്ത് 1200 തദ്ദേശഭരണ സ്ഥാപനങ്ങളും സമയബന്ധിതമായി പദ്ധതി സമർപ്പിച്ച് ചരിത്രനേട്ടത്തിലേക്ക് കുതിക്കുകയാണ്. ഇത് രണ്ടാംഘട്ട ജനകീയാസൂത്രണത്തിന്റെ വിജയ വിളംബരമായി നമുക്ക് കാണാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു ചടങ്ങിൽ സൂചിപ്പിച്ചതുപോലെ, ജനകീയാസൂത്രണം ഒരു സംസ്കാരമായി കേരളീയ സമൂഹം സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. പുതിയ തദ്ദേശഭരണ സ്ഥാപനങ്ങളുടെ മൂന്നുമാസത്തിലൊരിക്കലുള്ള ഫയൽ അദാലത്ത്, സൂക്ഷ്മതല സംഘടനാ സംവിധാനങ്ങളെ ശക്തിപ്പെടുത്താനുള്ള തീരുമാനം തുടങ്ങിയവ വളരെ ശ്രദ്ധേയമാണ്. എന്റെ ചോദ്യം, വരുംനാളുകളിൽ പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് തടസ്സം വരാൻ പോകുന്നത് ഉദ്യോഗസ്ഥരുടെ അഭാവംമൂലമായിരിക്കും. കാസർഗോഡ് ജില്ലയിൽ ഈ വകുപ്പുമായി ബന്ധപ്പെട്ട് സാങ്കേതിക വിഭാഗം ജീവനക്കാർ ഉൾപ്പെടെ 12 എ.ഇ. (Assistant Engineer)-മാരുടെ ഒഴിവ് നിലനിൽക്കുകയാണ്. ഇതിൽ ആറുപേർക്ക് നിയമനം നൽകി. ഈ ആറ് പേരും ജോലിയിൽ പ്രവേശിച്ചിട്ടില്ല. ഉൽപ്പാദന മേഖലയുമായി ബന്ധപ്പെട്ടും പദ്ധതി നിർവ്വഹണം സമയബന്ധിതമായി നടപ്പിലാക്കാൻ കഴിയില്ല. 19-ഓളം പ്രിൻസിപ്പൽ കൃഷി ഓഫീസർമാരുടെ ഒഴിവ് ജില്ലയിലുണ്ട്. ഉള്ള ജീവനക്കാർക്കാണെങ്കിൽ കാസർഗോഡ് പാക്കേജ്, എൻഡോസൾഫാൻ പാക്കേജ്, എം.എൽ.എ. ഫണ്ട് വിനിയോഗം തുടങ്ങിയവയുമായി ബന്ധപ്പെട്ടുള്ള കൃത്യനിർവ്വഹണത്തിനുശേഷം ബാക്കിയുള്ള സമയം മാത്രമേ ഈ പദ്ധതി നിർവ്വഹണത്തിൽ വിനിയോഗിക്കാൻ കഴിയുന്നുള്ളൂ. ഉദ്യോഗസ്ഥരുടെ അഭാവം പരിഹരിക്കാൻ അടിയന്തര സംവിധാനമെന്നുള്ള നിലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖാന്തരമെങ്കിലും നിയമനം നടത്താനാവശ്യമായ നടപടി സ്വീകരിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഇതിനെ രണ്ട് തരത്തിൽ കാണണം. ഒന്ന്, നിലവിലുള്ള ഉദ്യോഗസ്ഥർ ജനങ്ങളുമായി ചേർന്ന് പ്രവർത്തിക്കുന്ന ഒരു രീതി വികസിപ്പിച്ചെടുക്കണം. പലപ്പോഴും ഔദ്യോഗിക കൃത്യനിർവ്വഹണ സമയത്തോ

പദ്ധതികൾ നടപ്പിലാക്കുന്ന സമയത്തോ ഉണ്ടാകുന്ന ഒരു റിസൾട്ടിനെക്കാൾ വളരെക്കൂടുതലായിരിക്കും അത് ജനകീയമായി നടപ്പിലാക്കുകയാണെങ്കിൽ ഉണ്ടാകുന്നത്. നിലവിലുള്ള ഉദ്യോഗസ്ഥർതന്നെ ഔദ്യോഗികമായ രീതിയിൽ ജോലി ചെയ്യുന്നതിനുപകരം ജനകീയമാക്കി ചെയ്യാനുള്ള ശ്രമം നടത്തുക. അതോടുകൂടി കൂടുതൽ വർക്കുകൾ ഏറ്റെടുക്കാനും പൂർത്തിയാക്കാനും കഴിയുമെന്നുള്ളത് ഒരുവശം. മറുവശം, ഉദ്യോഗസ്ഥരുടെ കുറവുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. തീർച്ചയായും അതുകൂടി നികത്തിക്കൊണ്ട് പദ്ധതി നിർവ്വഹണത്തിനുള്ള സാദ്ധ്യത ഒരുക്കാനാണ് സർക്കാർ ശ്രമിക്കുന്നത്.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, പഞ്ചായത്തുകളുടെ വാർഷിക പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കണമെങ്കിൽ ആവശ്യമായ ജീവനക്കാർ വേണം. നിലവിലുള്ള വാർഷിക പദ്ധതികൾക്കുപുറമേ ലൈഫ് പാർപ്പിട പദ്ധതിയുൾപ്പെടെയുള്ള മറ്റ് നാല് മിഷനുകളുംകൂടി നടപ്പാക്കേണ്ടതുണ്ട്. ആ നാല് മിഷനുകളുടെയും പ്രവർത്തന പുരോഗതിക്ക് ജീവനക്കാർ ആവശ്യമാണ്. പല പഞ്ചായത്തുകളിലും ആവശ്യമായ ജീവനക്കാരില്ല. മലപ്പുറം ജില്ലയിൽ ജില്ലാപഞ്ചായത്ത് സെക്രട്ടറിയില്ല. മലപ്പുറം ജില്ലയിലെ നാൽപ്പതോളം ഗ്രാമപഞ്ചായത്തുകൾക്ക് സെക്രട്ടറിമാരില്ല. പല പഞ്ചായത്തുകളിലും അസിസ്റ്റന്റ് എഞ്ചിനീയർമാരും ഓവർസിയർമാരുമില്ല. കാസർഗോഡ് ജില്ലയിലും ആവശ്യത്തിന് ഉദ്യോഗസ്ഥരില്ലെന്നാണ് ശ്രീ. എൻ. എ. നെല്ലിക്കുന്ന് പറയുന്നത്. ഏത് മിഷനായാലും പദ്ധതിയായാലും ഉദ്യോഗസ്ഥരില്ലാതെ നടപ്പാക്കാൻ കഴിയില്ല. പുതിയ തസ്തിക സൃഷ്ടിക്കുന്നില്ലെങ്കിലും നിലവിലുള്ള തസ്തികയിൽ ഉദ്യോഗസ്ഥരെ നിയമിക്കാനാവശ്യമായ നടപടി സർക്കാർ സ്വീകരിക്കുമോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, ആ ചോദ്യത്തിന് കേരളത്തിൽ മൊത്തത്തിലുള്ള ഒരു മറുപടിയാണ് പറഞ്ഞത്. മലപ്പുറത്തിനും അതേ മറുപടിതന്നെയാണ്. നിലവിൽ, ഔദ്യോഗികതലത്തിൽ ഒഴിവുകളുണ്ടെങ്കിൽ നികത്താൻ ശ്രമിക്കും. അതോടൊപ്പം ഞാൻ നേരത്തെ പറഞ്ഞത് ഒന്നുകൂടി പറയുകയാണ്, തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെ ഔദ്യോഗിക ജോലികളും അതല്ലാത്ത തലത്തിലുള്ള ഔദ്യോഗിക ജോലികളും തമ്മിലുള്ള വ്യത്യാസം നമ്മളെല്ലാം ഉൾക്കൊള്ളേണ്ടതുണ്ട്. ഔദ്യോഗികമായി ബ്യൂറോക്രാറ്റിക് സംവിധാനത്തിലൂടെ പ്രോജക്ട് നടപ്പിലാക്കുന്നതും ജനകീയമായി നടപ്പിലാക്കുന്നതും തമ്മിലുള്ള ഔട്ട്പുട്ട് വ്യത്യാസമാണ്. അതുകൊണ്ട് പലപ്പോഴും കൺവെൻഷണലായി ഉദ്യോഗസ്ഥനില്ല എന്നുപറയുന്നത്, തലയെണ്ണി ഇല്ല എന്നുപറയുന്നതിലപ്പുറം ഔട്ട്പുട്ട് എന്താണെന്നുകൂടി കണക്കാക്കി മനസ്സിലാക്കേണ്ടതുണ്ട്. ഇവിടെ പറഞ്ഞതുപോലെയുള്ള പ്രശ്നങ്ങൾ പരിഹരിക്കും.

ശ്രീ. ആർ. രാമചന്ദ്രൻ: സർ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി തൃപ്തികരമായി പൂർത്തിയാക്കപ്പെട്ടുവെന്ന് ഉറപ്പാക്കുന്നതിന് സംസ്ഥാനം നിയോഗിക്കുന്ന മേൽനോട്ട സംവിധാനമെന്താണെന്ന് വ്യക്തമാക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, പഞ്ചായത്തുതലത്തിൽ ആഴ്ചയിലൊരിക്കൽ മോണിറ്ററിംഗ് സംവിധാനം നടപ്പിലാക്കുകയാണ്. വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയയിൽ വികേന്ദ്രീകൃത മോണിറ്ററിംഗ് സംവിധാനമാണ് വേണ്ടത്. കേന്ദ്രീകൃത ആസൂത്രണത്തിന്റെയും മോണിറ്ററിംഗ് സംവിധാനത്തിന്റെയും പരാജയത്തിൽ നിന്നാണ് നമ്മൾ വികേന്ദ്രീകൃത ആസൂത്രണത്തിലേക്കും വികേന്ദ്രീകൃത മോണിറ്ററിംഗിലേക്കും വികേന്ദ്രീകൃത നിർവ്വഹണത്തിലേക്കും പോയത്. അതുകൊണ്ട് വികേന്ദ്രീകൃതമായ മോണിറ്ററിംഗ് സംവിധാനമാണ് കൂടുതൽ ഇഫക്ടീവാകുന്നത്. കാരണം, ഔദ്യോഗികമാകുന്നതിൽ നിന്നുവിട്ട് അത് ജനകീയമാക്കാൻ കഴിയും. അതുകൊണ്ട് വികേന്ദ്രീകൃത മോണിറ്ററിംഗ് സംവിധാനം ശക്തിപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, സംസ്ഥാനത്തെ പഞ്ചായത്തുകളിൽ പദ്ധതി നിർവ്വഹണം നടക്കുമ്പോൾ, പൊതുശ്മശാനങ്ങളുടെ കുറവ് മിക്ക പഞ്ചായത്തുകളിലും അനുഭവപ്പെടുന്നുണ്ട്. അതുകൊണ്ടുതന്നെ വലിയൊരു വിഭാഗം ജനങ്ങൾ അസ്വസ്ഥതകൾ നേരിടുന്നുണ്ട്. അതുകൊണ്ട് പദ്ധതികൾ പൂർത്തീകരിക്കുമ്പോൾ നിർബന്ധമായും പഞ്ചായത്തുകൾക്ക് പൊതുശ്മശാനങ്ങൾ വേണമെന്നുള്ള നിർദ്ദേശം ഈ പദ്ധതി പ്രവർത്തനങ്ങളിൽ ഉൾക്കൊള്ളിക്കാൻ കഴിയുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, അധികാര വികേന്ദ്രീകരണ ആസൂത്രണ പ്രക്രിയയ്ക്ക് വിരുദ്ധമായിട്ടുള്ള ഒന്നാണിത്. എന്താണോ പഞ്ചായത്തിലാവശ്യം ആ പഞ്ചായത്തിന് പദ്ധതികളേറ്റെടുക്കാം. പഞ്ചായത്ത് ഇന്ന പദ്ധതികളേറ്റെടുക്കണമെന്ന്, കേന്ദ്രീകൃതമായി ഓരോ പഞ്ചായത്തിലും ശ്മശാനം ഏറ്റെടുക്കണമെന്ന് പറയുന്നത് ഈ ദർശനത്തിന് ചേർന്നതല്ല. മറിച്ച്, ഒരു പഞ്ചായത്തിൽ പ്രസ്തുത പദ്ധതി ആവശ്യമുണ്ടെങ്കിൽ സ്വാഭാവികമായും ആ പഞ്ചായത്തിന്റെ പണം ഉപയോഗിച്ചോ അവർക്കെടുക്കാവുന്ന പണമുപയോഗിച്ചോ മറ്റു പണം അതിൽ ഇന്റഗ്രേറ്റ് ചെയ്തോ പഞ്ചായത്തിന് പദ്ധതി നടപ്പിലാക്കാവുന്നതാണ്. ഏതു പദ്ധതിയും ആ രീതിയിൽ നടപ്പിലാക്കാം. ശ്മശാനവും അതുപോലെതന്നെ നടപ്പിലാക്കാൻ സാധിക്കും.

മി. സ്പീക്കർ: ചോദ്യം നമ്പർ (*123), (*137) എന്നിവ സമാന സ്വഭാവമുള്ളവയായതിനാൽ ക്ലബ് ചെയ്യാവുന്നതാണ്.

**നെൽകൃഷി വികസന പദ്ധതി**

3 (* 123) ശ്രീ. പി. കെ. ബഷീർ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പാക്കിയ പദ്ധതികളുടെ വിശദവിവരം നൽകാമോ;

(ബി) തരിശായിട്ടുള്ള എത്ര പാടങ്ങൾ നെല്ലുൽപ്പാദനത്തിന് പര്യാപ്തമാക്കിയിട്ടുണ്ടെന്നതിന്റെ വിശദവിവരം വ്യക്തമാക്കുമോ;

(സി) നെല്ലുൽപ്പാദനത്തിൽ ഇതേവരെ എന്ത് നേട്ടമാണ് കൈവരിക്കാൻ കഴിഞ്ഞതെന്ന് വെളിപ്പെടുത്തുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ,

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെൽകൃഷി വികസനത്തിന് മുന്തിയ പരിഗണന നൽകിക്കൊണ്ട് സമഗ്ര നെൽകൃഷി വികസന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി പ്രകാരം 2016-17 മുതൽ നടപ്പിലാക്കിയ വിവിധ ഘടകങ്ങളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി *ചേർത്തിട്ടുണ്ട്.

(ബി) 14 ജില്ലകളിൽ 231 പാടശേഖരങ്ങളിലായി 4290.812 ഹെക്ടർ സ്ഥലം നിലവിൽ പുതിയതായി നെല്ലുൽപ്പാദനത്തിന് പര്യാപ്തമായിട്ടുണ്ട്. അതിൽ 2782.3857 ഹെക്ടർ 2016-17 വർഷത്തെ സംസ്ഥാനാവിഷ്കൃത പദ്ധതിയുടെ ആനുകൂല്യം നൽകി കൃഷി ചെയ്തിരുന്നതാണ്. 2956.7 ഹെക്ടർ സ്ഥലമാണ് ഈ വർഷത്തെ ഭൗതിക ലക്ഷ്യം. പല ജില്ലകളിലും ലക്ഷ്യമിട്ടിരുന്നതിലും കൂടുതൽ വിസ്തൃതി ഇപ്പോൾത്തന്നെ കൃഷി ചെയ്യിക്കാൻ കഴിഞ്ഞിട്ടുണ്ട്. കൃഷിയോഗ്യമാക്കിയ പാടശേഖരങ്ങളെ സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി*ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) 2015-16 സാമ്പത്തിക വർഷം 549275 ടൺ നെല്ല് ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞു. 2016-17 സാമ്പത്തിക വർഷത്തിലെ കണക്ക് ഇക്കോണമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടില്ല. എന്നാൽ 2016-17 സാമ്പത്തിക വർഷം 14000 ഏക്കർ സ്ഥലത്ത് പുതിയതായി കൃഷിയിറക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഈ കാലയളവിൽ ഉദ്ദേശം 16000 ടൺ അധിക ഉൽപ്പാദനം ഉണ്ടായതായി കണക്കാക്കുന്നു. വർഷാന്ത്യത്തിൽ പാലക്കാട് പോലെയുള്ള നെല്ലറകളിലുണ്ടായ കൊടിയ വരൾച്ച 2016-17 സാമ്പത്തിക വർഷത്തിലെ മൂന്നാംവിള കൃഷിക്ക് ദോഷം ചെയ്യുകയും ഉൽപ്പാദനത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്തിട്ടുണ്ട്.

**നെൽവർഷ ആചരണ പദ്ധതി**

4 (*137) ശ്രീ. പി. ഉണ്ണി:
ശ്രീ. ആർ. രാജേഷ്:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി വ്യാപനത്തിന്റെ ഭാഗമായി പ്രഖ്യാപിച്ച നെൽവർഷ ആചരണ പദ്ധതി എത്രമാത്രം ഫലപ്രദമായെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(ബി) തരിശുനിലത്തു കൃഷിയിറക്കുന്നതിനും നെൽവയലുകളുടെ സംരക്ഷണത്തിനും അനിവാര്യമായ നെൽവയൽ തണ്ണീർത്തട ഡാറ്റാ ബാങ്ക് രൂപീകരിക്കുന്നതിനുള്ള പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കുമോ;

(സി) നെല്ല് സംരക്ഷണം കാര്യക്ഷമമാക്കാനും മുൻകാലങ്ങളിൽനിന്നും വിഭിന്നമായി സംഭരിച്ച നെല്ലിന്റെ വില ഉടൻതന്നെ നൽകാനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, (എ) നെൽകൃഷി വികസനത്തിന് സമഗ്ര നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി 2016-17 മുതൽ നടപ്പാക്കുന്നു. പദ്ധതി വളരെ ഫലപ്രദമായി നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്.

2016 ആഗസ്റ്റ് (ചിങ്ങം 1) മുതൽ 2017 ആഗസ്റ്റ് (ചിങ്ങം 1) വരെയാണ് നെൽവർഷമായി ആചരിക്കുന്നത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി പദ്ധതിയുടെ മറ്റ് ഘടകങ്ങൾക്ക് പുറമെ ബ്ലോക്ക് തലത്തിലുള്ള സംയോജനം, പരിസ്ഥിതി സൗഹൃദ സുസ്ഥിര ആശയങ്ങൾ നെൽകൃഷി മേഖലയിൽ നടപ്പാക്കൽ എന്നിവയ്ക്ക്

ഊന്നൽ നൽകിയിരുന്നു. നെല്ലുൽപ്പാദനം, നെൽകൃഷിയും വിദ്യാഭ്യാസവും നെൽകൃഷിയും തൊഴിൽ ലഭ്യതയും നെൽകൃഷിയും യുവാക്കളും നെൽകൃഷിയിലെ നൂതന സാങ്കേതങ്ങൾ, നെൽകൃഷിയും പരിസ്ഥിതിയും സംസ്കരണവും വിപണനവും നെൽകൃഷിയും ടൂറിസവും നെൽകൃഷിയും കായികവിനോദങ്ങളും നെൽകൃഷിയും ആയൂർവേദവും നെൽകൃഷി മേഖലയുമായി ബന്ധപ്പെട്ട കലയും സംസ്കാരവും എന്നീ മേഖലകൾക്ക് മുൻതൂക്കം നൽകിക്കൊണ്ട് പദ്ധതികൾ തയ്യാറാക്കി നടപ്പാക്കുകയാണ് പ്രധാന ലക്ഷ്യം.

(ബി) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം രൂപീകരിക്കേണ്ട ഡാറ്റാ ബാങ്കുകൾ തയ്യാറാക്കുന്നതിനും പ്രസിദ്ധീകരിക്കുന്നതിനുമുള്ള നടപടികൾ സർക്കാർ ഊർജ്ജ സ്വലമാക്കുകയുണ്ടായി. സംസ്ഥാനത്തെ 1076 കൃഷിഭവൻ പ്രദേശങ്ങളിൽ ഇതിനോടകം 669 എണ്ണത്തിൽ ഡാറ്റാ ബാങ്ക് തയ്യാറാക്കി ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. 226 കൃഷിഭവനുകളിലെ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരണത്തിനായി അതാത് തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന സർക്കാർ പ്രസ്സുകളിൽ ഏൽപ്പിച്ചിട്ടുണ്ട്. 9 ജില്ലകളിലായി 22 കൃഷിഭവൻ പ്രദേശങ്ങൾ നെൽവയൽ/തണ്ണീർത്തടം ഇല്ലാത്തവയാണ്. ഡാറ്റാ ബാങ്ക് തയ്യാറാക്കി ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി തദ്ദേശഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കുകയും എന്നാൽ ഗസറ്റ് വിജ്ഞാപനം നടത്താനായി അവ സർക്കാർ പ്രസ്സിലേക്ക് കൈമാറാത്തതുമായ 136 എണ്ണവും ഡാറ്റാ ബാങ്ക് തയ്യാറാക്കൽ പൂർത്തിയാകാനുണ്ടായിരുന്ന 23 എണ്ണവും ഉൾപ്പെടെ 159 പ്രദേശങ്ങളുടെ ഡാറ്റാ ബാങ്ക് ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ പരിശോധിച്ച് കുറ്റമറ്റ രീതിയിൽ പ്രസിദ്ധപ്പെടുത്തുന്നതിനും തുടർന്ന് മറ്റെല്ലാ പഞ്ചായത്തുകളും ഈ രീതിയിൽ കുറ്റമറ്റ രൂപത്തിൽ പ്രസിദ്ധപ്പെടുത്തുന്നതിനും കെ.എസ്.ആർ.ഇ.സി.യുടെ സഹകരണത്തോടെ കൃഷി, റവന്യൂ വകുപ്പുകൾ നടപടി സ്വീകരിച്ചുവരുന്നു. ഡാറ്റാ ബാങ്ക് പ്രസിദ്ധീകരണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് മേൽനോട്ടം വഹിക്കുന്നതിനും പദ്ധതി പുരോഗതി അവലോകനം ചെയ്യുന്നതിനുമായി റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനും കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ കൺവീനറും കൃഷിവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി, മുഖ്യമന്ത്രിയുടെ ശാസ്ത്ര ഉപദേഷ്ടാവ്, സർവ്വേ ആന്റ് ലാൻഡ് റെക്കോർഡ്സ് ഡയറക്ടർ, കെ.എസ്.ആർ.ഇ.സി. ഡയറക്ടർ എന്നിവർ അംഗങ്ങളായും ഒരു ഉന്നതതലസമിതി 18-1-2017-ലെ സ.ഉ.(ആർ.റ്റി.) നമ്പർ47/2017/കൃഷി, കൃഷി (എൻ.സി.എ) വകുപ്പ് പ്രകാരം നിലവിൽ വന്നിട്ടുണ്ട്. ടി ഉന്നതതല സമിതി 11-5-2017-ൽ യോഗം ചേരുകയും പദ്ധതി പുരോഗതി അവലോകനം ചെയ്ത് നടപടികൾ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

30-5-2017-ലെ സ.ഉ.(പി)നമ്പർ 34/2017 റവന്യൂ, റവന്യൂ(പി) വകുപ്പ് പ്രകാരം കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിൽ സർക്കാർ ഭേദഗതി വരുത്തുകയുണ്ടായി. അതിൻപ്രകാരം നിലവിൽ നെൽവയൽ/ തണ്ണീർത്തടമായി നിലനിൽക്കുന്ന സ്ഥലങ്ങൾ ഗസറ്റിൽ പ്രസിദ്ധീകരിച്ച ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടില്ലെങ്കിൽ ആയതു ഉൾപ്പെടുത്തുന്നതിന് പ്രാദേശികതല നിരീക്ഷണ സമിതിക്ക് അധികാരമുണ്ട്. വിജ്ഞാപനം ചെയ്യപ്പെട്ട ഡാറ്റാ ബാങ്കിൽ തെറ്റായി ഉൾപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ കാരണം സങ്കടം അനുഭവിക്കുന്ന ഏതൊരാളിനും ഭേദഗതി ചട്ടങ്ങൾ നിലവിൽ വന്ന തീയതി മുതൽ 90 ദിവസത്തിനുള്ളിൽ പ്രാദേശികതല നിരീക്ഷണ സമിതി കൺവീനർ മുമ്പാകെ പുനഃപരിശോധനയ്ക്കുള്ള അപേക്ഷ നൽകാവുന്നതാണ്. അപേക്ഷ പരിശോധിച്ച് പ്രസ്തുത ഭൂമിയുടെ സ്വഭാവം സംബന്ധിച്ച പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കാനും ആക്ട് പ്രാബല്യത്തിൽ വന്ന 12-8-2008-ന് മുമ്പും ശേഷവുമുള്ള ഉപഗ്രഹചിത്രങ്ങൾ ഉപയോഗിച്ച് പ്രസ്തുത ഭൂമിയുടെ സ്വഭാവം സംബന്ധിച്ച തീരുമാനം എടുത്ത് ഡാറ്റാ ബാങ്കിൽ ആവശ്യമായ തിരുത്തലുകൾ വരുത്തി പരിഷ്കരിച്ച് വീണ്ടും പ്രസിദ്ധപ്പെടുത്തുവാനും നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായുള്ള അപേക്ഷകൾ പ്രാദേശികതല നിരീക്ഷണ സമിതി കൺവീനർമാരായ അതാതു പ്രദേശത്തെ കൃഷി ഓഫീസർമാർ സ്വീകരിച്ച് നടപടി കൈക്കൊണ്ടുവരികയാണ്.

(സി) നെല്ല് സംഭരണം കാര്യക്ഷമമാക്കാൻ നിലവിലുള്ളതിൽനിന്നും വ്യത്യസ്തമായി സംഭരിച്ച നെല്ലിന്റെ വില ഉടൻ നൽകുന്നതിനായി PRS Loan സംവിധാനത്തിലൂടെ സംഭരിച്ച നെല്ലിന്റെ തുക മൂന്ന് ദിവസത്തിനുള്ളിൽ കർഷകർക്ക് അക്കൗണ്ടുള്ള ബാങ്കിൽനിന്നും ലഭ്യമാക്കുവാൻ ബാങ്ക് ഓഫ് ഇന്ത്യ, തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക്, പാലക്കാട് ജില്ലാ സഹകരണ ബാങ്ക്, ഫെഡറൽ ബാങ്ക് എന്നീ ബാങ്കുകളുമായി സപ്ലൈകോ ഇതിനകം ധാരണയിൽ എത്തിയിട്ടുണ്ട്. മറ്റ് ബാങ്കുകളുമായും ഉടൻ ധാരണയിലെത്തുവാൻ സപ്ലൈകോയ്ക്ക് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. അടുത്ത സംഭരണ സീസണിന് മുൻപ് ഇത് പൂർണ്ണമായും പ്രാബല്യത്തിൽ വരുന്നതാണ്.

ശ്രീ. പി. കെ. ബഷീറിനുവേണ്ടി (പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ): സർ, കേരളത്തിൽ കൃഷി ചെയ്യാൻ സാധിക്കുന്ന ധാരാളം ഭൂമി കൈവശമുള്ള ഭൂവുടമകളുണ്ട്. അവരത് കൃഷിയിറക്കാതെ തരിശായിട്ടിരിക്കുകയാണ്. അത് പാട്ടത്തിനെടുക്കാൻ തയ്യാറുള്ള ഒരു കൂട്ടം കർഷകരുണ്ട്. പാട്ടത്തിനെടുക്കുന്ന കർഷകർക്ക് നികുതി രസീതും അതുപോലെതന്നെ ഉടമസ്ഥന്റെ സമ്മതപത്രവും ലഭിച്ചാലേ ആനുകൂല്യം ലഭിക്കുകയുള്ളൂ. ഭൂവുടമസ്ഥർ ഭയംകൊണ്ട് പാട്ടത്തിന്

നൽകുന്നുമില്ല. ഈ സങ്കീർണ്ണതകൾ പരിഹരിക്കാനും തരിശായ ഭൂമി കർഷകർക്ക് ഉപയോഗിക്കാനും കഴിയുന്ന രീതിയിലുള്ള നിയമനടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഇത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. കേരളത്തിൽ നമുക്കാവശ്യമായ നെല്ല് ഉൽപ്പാദിപ്പിക്കാൻ കഴിയാതിരിക്കുന്ന സാഹചര്യത്തിൽ കാർഷിക സർവ്വകലാശാലയും കൃഷി വകുപ്പും നടത്തിയിട്ടുള്ള പഠനത്തിൽ 90,000 ഹെക്ടർ നെൽകൃഷി ചെയ്യാവുന്ന തരിശുഭൂമിയുണ്ടെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. സ്വകാര്യവ്യക്തികളും സ്ഥാപനങ്ങളും ആരുടെ ഉടമസ്ഥതയിലാണെന്ന് അറിയാതിരിക്കുന്ന പലരും കൈവശംവച്ചിരിക്കുന്ന ഭൂമിയാണ്. ഇങ്ങനെയുള്ള ഭൂമി ഏറ്റെടുത്ത് കൃഷി ചെയ്യുന്നതിനായി തണ്ണീർത്തട നിയമത്തിലെ 16, 17, 18 വകുപ്പുകൾ പ്രകാരം ജില്ലാ കളക്ടർക്ക് അധികാരം നൽകിയിട്ടുണ്ട്. ആ അധികാരമനുസരിച്ച് ജില്ലാ കളക്ടർ നോട്ടീസ് നൽകി ഉടമസ്ഥന്റെ സമ്മതത്തോടുകൂടി കൃഷിചെയ്യാൻ ഗ്രൂപ്പുകൾക്കോ അല്ലെങ്കിൽ കർഷകരുടെ സംഘടനകൾക്കോ കുടുംബശ്രീ യൂണിറ്റുകൾക്കോ നൽകാൻ ഇപ്പോൾത്തന്നെ നിയമം അനുശാസിക്കുന്നുണ്ട്. നിയമത്തിനകത്ത് ചില പരിമിതികൾ നിലനിൽക്കുന്നുവെന്നാണ് അംഗം ഇവിടെ ചൂണ്ടി കാണിച്ചിരിക്കുന്നത്. അതുകൊണ്ട് നെൽവയലുകൾ ഭൂവുടമകളുടെ കയ്യിൽനിന്നും പിടിച്ചെടുക്കുന്നതിനുപകരം അവരുടെതന്നെ ഉടമസ്ഥാവകാശം ഉറപ്പാക്കിക്കൊണ്ട് ആ ഭൂമിയിൽ കൃഷി ചെയ്യുന്നതിനാവശ്യമായ ഒരു നിയമ ഭേദഗതിയെപ്പറ്റി സർക്കാർ ആലോചിക്കുന്നതായിരിക്കും.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, കേരളത്തിൽ റൈസ് ഡെവലപ്മെന്റ് പ്രോഗ്രാം ഇംപ്ലിമെന്റ് ചെയ്യാൻ നടപടി സ്വീകരിച്ചു വരുന്നുവെന്നറിയുന്നത് സന്തോഷകരമായ കാര്യമാണ്. കേരളത്തിൽ നെൽകൃഷിക്കാവശ്യമായ വിത്ത് വിതരണം ചെയ്യുന്നത് സീഡ് അതോറിറ്റിയാണ്. സീഡ് അതോറിറ്റിയിൽ സാങ്കേതിക പ്രയാസങ്ങളും പ്രശ്നങ്ങളും പറഞ്ഞ് വിത്ത് ഉൽപ്പാദിപ്പിക്കാതിരിക്കുകയും കർഷകർക്ക് ലഭിക്കാതിരിക്കുകയും ചെയ്യുന്ന അവസ്ഥയുണ്ടെന്നറിയുന്നു. അത് പരിഹരിക്കാനും ഏറ്റവും എളുപ്പത്തിൽ കർഷകർക്ക് വിത്ത് ലഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കാനും തയ്യാറാകുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഇപ്പോൾ സീഡ് അതോറിറ്റിയുടെ നേതൃത്വത്തിൽ കേരളത്തിലെ കൃഷിക്കാർക്ക് ഏതിനത്തിൽപ്പെട്ട വിത്താണ് ആവശ്യമുള്ളതെന്ന് അവരുടെ ഇൻഡെന്റ് അനുസരിച്ച് മനസ്സിലാക്കി കൃഷിഭവൻ

വഴി സപ്ലൈ ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. നേരത്തെയുണ്ടായിരുന്ന ഇടനിലക്കാരായ ഏജൻസികളെ ഇപ്പോൾ പൂർണ്ണമായും ഒഴിവാക്കിയിരിക്കുകയാണ്. അതിന്റെ ഭാഗമായി കേരളത്തിലെ കർണ്ണാടക സ്റ്റേറ്റ് സീഡ് അതോറിറ്റിയും എൻ.എസ്.സി.(നാഷണൽ സീഡ് കോർപ്പറേഷൻ)-യുമായി ചേർന്ന് കേരള സീഡ് അതോറിറ്റി ഒരു എഗ്രിമെന്റ് വച്ചിട്ടുണ്ട്. കൃഷിക്കാർക്ക് കർണ്ണാടക സീഡ് അതോറിറ്റിയുടെ വിത്തുകളും എൻ.എസ്.സി.യുടെ വിത്തുകളുമാണ് ഏറ്റവും പ്രിയങ്കരം. ആ വിത്തുകൾക്കുവേണ്ടി അവരുമായി എഗ്രിമെന്റ് വച്ചതിനുശേഷം നേരിട്ട് കർണ്ണാടക സീഡ് അതോറിറ്റിയുടെയും എൻ.എസ്.സി.-യുടെയും വിത്തുകൾ കൃഷിക്കാർക്ക് എത്തിക്കാനാവശ്യമായ ഫലപ്രദമായ സംവിധാനം ഇപ്പോൾത്തന്നെ ഏർപ്പെടുത്തിയിട്ടുണ്ട്. ഏതെങ്കിലും രീതിയിൽ എവിടെയെങ്കിലും വീഴ്ചകളുണ്ടെന്ന് ശ്രദ്ധയിൽപ്പെടുത്തിയാൽ അതിന് പരിഹാരമുണ്ടാക്കുന്നതായിരിക്കും.

ശ്രീ. ടി. വി. ഇബ്രാഹിമിനുവേണ്ടി (<u>ശ്രീ. എം. ഉമ്മർ</u>): സർ, 16000 ടൺ നെല്ല് ഈ വർഷം അധികമായി ഉൽപ്പാദിപ്പിച്ചുവെന്ന് പറയുകയുണ്ടായി. ഈ വർഷം എത്ര ടൺ നെല്ലാണ് സംസ്ഥാനത്ത് അധികമായി സംഭരിക്കാൻ കഴിഞ്ഞത്; കർഷകർക്ക് സംഭരണ വില നൽകാനുണ്ടോ; ഉണ്ടെങ്കിൽ എന്ന് കൊടുത്തുതീർക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, പ്രത്യേകമായി ചോദിച്ചാൽ മാത്രമേ സംഭരിച്ച നെല്ലിന്റെ പൂർണ്ണമായ കണക്ക് സംബന്ധിച്ച് മറുപടി പറയാൻ സാധിക്കുകയുള്ളൂ. കാരണം സംഭരിച്ച നെല്ലിന്റെ കണക്കുകൾ നൽകുന്നത് സിവിൽ സപ്ലൈസ് കോർപ്പറേഷനാണ്. കഴിഞ്ഞ വർഷത്തെക്കാൾ അധികം നെല്ല് ഈ വർഷം സംഭരിച്ചിട്ടുണ്ടെന്ന വിവരമാണ് പ്രാഥമികമായി ലഭിച്ചിട്ടുള്ളത്. കേന്ദ്ര സർക്കാരിൽനിന്ന് തുക ലഭിച്ചതിനുശേഷം നെല്ല് സംഭരണവുമായി ബന്ധപ്പെട്ടുണ്ടായിരുന്ന കുടിശ്ശികയുടെ വിതരണം നടത്തിക്കൊണ്ടിരിക്കുകയാണ്. നെല്ല് സംഭരിക്കുമ്പോൾത്തന്നെ വില നൽകാൻ കഴിയില്ലെന്നുള്ള പ്രശ്നം ഇതുമായി ബന്ധപ്പെട്ട് കാലങ്ങളായി നിലനിന്നിരുന്നു. എന്നാൽ ഈ സീസൺ മുതൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നെല്ല് സംഭരിക്കുമ്പോൾ അതിന്റെ പി.ആർ.എസ്. റസീപ്റ്റ് കർഷകർക്ക് അക്കൗണ്ടുള്ള ബാങ്കിൽ സമർപ്പിച്ചാൽ മൂന്ന് ദിവസത്തിനകം ബാങ്ക് അക്കൗണ്ടിലേക്ക് നെല്ലിന്റെ സംഭരണ വില ലഭിക്കത്തക്ക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ജില്ലാ സഹകരണ ബാങ്കുകളും ബാങ്കുകളുടെ കൺസോർഷ്യവും തമ്മിലുണ്ടാക്കിയ എഗ്രിമെന്റ് പ്രകാരമുള്ള കരാർവയ്ക്കുന്നതിനുവേണ്ടി സിവിൽ സപ്ലൈസ്

കോർപ്പറേഷന് അധികാരം നൽകിക്കൊണ്ടുള്ള ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചതിനെത്തുടർന്ന് എല്ലാ സ്ഥലത്തും ബാങ്കുകളുമായി എഗ്രിമെന്റ് ഒപ്പുവച്ച് പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞിരിക്കുകയാണ്. നെല്ലിന്റെ സംഭരണവില മൂന്ന് ദിവസത്തിനുള്ളിൽ ലഭിക്കുന്ന സംവിധാനം സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്കിനുവേണ്ടി (ശ്രീ. എൻ. എ. നെല്ലിക്കുന്ന്): സർ, നഗരവാസികൾക്കുമാത്രമല്ല ഗ്രാമവാസികൾക്കും കൃഷിയോട് താൽപ്പര്യം കുറഞ്ഞുവരികയാണ്. കൃഷിയോടുള്ള താൽപ്പര്യം കുറയുന്നതിനുള്ള പ്രധാനപ്പെട്ട കാരണം നെൽകൃഷി ലാഭകരമല്ല എന്നതല്ല. മുമ്പ് കൃഷിക്കാരോട്, പ്രത്യേകിച്ച് നെൽകൃഷിക്കാരോട് നാടിനും നാട്ടുകാർക്കും വലിയ ബഹുമാനമായിരുന്നു. എന്നാൽ ഇപ്പോൾ കൃഷിക്കാരോടുള്ള ബഹുമാനം കുറഞ്ഞുവരികയാണ്. ഇപ്പോൾ അപകർഷതാബോധത്താൽ കൃഷിക്കാർ ഉൾവലിയുകയാണ് ചെയ്യുന്നത്. ചിങ്ങം 1 കർഷകദിനമായി ആചരിക്കാറുണ്ട്. ഞാൻ എം.എൽ.എ. ആയതിനുശേഷം ചിങ്ങം 1-ന് എന്റെ മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലെയും പഴയകാല കൃഷിക്കാരെ ആദരിച്ച് ഷാൾ പുതപ്പിക്കുകയും മൊമെന്റോ നൽകുകയും ചെയ്യുമായിരുന്നു. അങ്ങനെ ചെയ്യുമ്പോൾ അവർക്ക് സന്തോഷമാകും. ഇപ്രാവശ്യം ആ അവസരം നഷ്ടപ്പെട്ടിരിക്കുകയാണ്. നമ്മൾപോലും കൃഷിക്കാരെ ആദരിക്കാൻ വിമുഖത കാട്ടുന്ന സാഹചര്യമാണ് ഇപ്പോഴുള്ളത്. പുതുതലമുറയ്ക്ക് കൃഷിയോട് താൽപ്പര്യമുണ്ടാകുന്നതിന് എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, കൃഷിക്കാരോടുള്ള ആദരവും കൃഷിയോടുള്ള ആഭിമുഖ്യവും കുറഞ്ഞുവരുന്നുവെന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയല്ല. ഇപ്പോൾ നഗരവാസികളും ഗ്രാമവാസികളുമെല്ലാം കൃഷിയിലേക്ക് കടന്നുവരാൻ താൽപ്പര്യം കാണിക്കുന്നു എന്നതാണ് നമ്മുടെയെല്ലാം അനുഭവത്തിൽനിന്നും വ്യക്തമാകുന്നത്. കൃഷിക്കാർക്ക് ആത്മവിശ്വാസമുണ്ടാക്കാൻ കഴിയുന്ന രീതിയിലുള്ള പദ്ധതികളാണ് സർക്കാർ ആവിഷ്കരിക്കുന്നത്. കർഷകർ ആത്മഹത്യ ചെയ്യാനിടയാക്കുന്ന സാഹചര്യം രാജ്യവ്യാപകമായുണ്ടാകുമ്പോൾ അത്തരം സംഭവങ്ങൾ ഇവിടെ ആവർത്തിക്കാതിരിക്കാൻവേണ്ടിയാണ് കൃഷിക്കാർക്ക് നൽകേണ്ട ആനുകൂല്യങ്ങളും സംരക്ഷണവും മുൻകരുതലുമെല്ലാം ഏർപ്പെടുത്തിക്കൊണ്ട് സംസ്ഥാന സർക്കാർ നയപരിപാടികൾ ആവിഷ്കരിക്കുന്നത്. അതിന്റെ ഭാഗമായാണ് സംസ്ഥാന ഇൻഷ്വറൻസ് പദ്ധതിയുടെ നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കാൻ സർക്കാർ തീരുമാനിച്ചത്. നെല്ലിന്റെ വില കൃത്യമായി നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും പച്ചക്കറി

കൃഷിക്കുവേണ്ടിയുള്ള പ്രോത്സാഹനം പ്രത്യേകമായി നൽകുകയും കൃഷിക്കുവേണ്ടി പ്രത്യേകമായി സോണുകൾ ഏർപ്പെടുത്തുകയും ചെയ്യുന്നു. പുതിയ തലമുറയെ കൃഷിയിലേക്ക് കൊണ്ടുവരുന്നതിനായി കാർഷിക മേഖലയിൽ മാത്രമല്ല, കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധിത മേഖലയിലേക്ക് പുതിയ എന്റർപ്രണർഷിപ്പ് നടപ്പിലാക്കാൻ പോകുകയാണ്. അതിന്റെ ഭാഗമായി പുതിയ തലമുറയിൽപ്പെട്ട ചെറുപ്പക്കാർക്ക് കാർഷികമേഖലയിലുള്ള അനന്തമായ സാദ്ധ്യതകളാണ് നമ്മുടെ മുന്നിലുള്ളത്. ഇപ്പോൾ വളർന്നുവരുന്ന ഏറ്റവും വലിയൊരു മേഖല ഫുഡ് ഇൻഡസ്ട്രിയാണ്. ഫുഡ് ഇൻഡസ്ട്രിയുടെ അടിസ്ഥാനം കൃഷിയാണ്. കൃഷിയുമായി ബന്ധപ്പെട്ട മേഖലയിലേക്ക് കൃഷിക്കാർക്ക് മാത്രമല്ല, ചെറുപ്പക്കാർക്കും കടന്നുവരാനുള്ള സാദ്ധ്യതയുമുണ്ട്. ആ സാദ്ധ്യത മുൻനിർത്തിയാണ് സംസ്ഥാന സർക്കാർ കാർഷിക നയം പ്രഖ്യാപിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ഞാനൊരു കൃഷിക്കാരനാണെന്ന് അഭിമാനത്തോടെ തല ഉയർത്തിപ്പിടിച്ച് പറയാനുള്ള അന്തരീക്ഷം ഇവിടെയുണ്ടാക്കുക എന്നതാണ് സംസ്ഥാന സർക്കാരിന്റെ ലക്ഷ്യം. ആ ലക്ഷ്യവുമായി ഗവൺമെന്റ് മുന്നോട്ടുപോകുമ്പോൾ സ്വാഭാവികമായും ചെറുപ്പക്കാർ കൃഷിയിലേയ്ക്ക് കടന്നുവരുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞിനുവേണ്ടി (ശ്രീ. പി. ഉബൈദുള്ള): സർ, സമഗ്ര നെൽകൃഷി പദ്ധതി നടപ്പാക്കുന്നതിനെക്കുറിച്ച് അങ്ങ് പറഞ്ഞു. സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിൽ 44 സർക്കാർ സീഡ് ഫാമുകൾ പ്രവർത്തിക്കുന്നുണ്ട്. 50-60 വർഷം മുമ്പ് ആരംഭിച്ച ഫാമുകൾ ഇന്നും അതേ രീതിയിൽ നിലനിൽക്കുകയാണ്. സർക്കാരുകൾ പലതും അധികാരത്തിൽ വന്ന് പല പ്രഖ്യാപനങ്ങളും നടത്തിയെങ്കിലും സീഡ് ഫാമുകളുടെ പ്രവർത്തനത്തിൽ കാര്യമായ മാറ്റമുണ്ടാക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ഏക്കർ കണക്കിന് ഭൂമി തരിശായിക്കിടക്കുകയാണ്. അങ്ങ് യുവാക്കളെ കാർഷികവൃത്തിയിലേക്ക് ആകർഷിക്കുന്നതിനെക്കുറിച്ച് പറഞ്ഞു. സീഡ് ഫാമുകളെ സ്ട്രെംഗ്തൺ ചെയ്താൽ യുവാക്കളെ കാർഷികവൃത്തിയിലേക്ക് ആകർഷിക്കാനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാധിക്കും. യുവ കർഷകനായ അങ്ങയുടെ കാലത്തെങ്കിലും സീഡ് ഫാമുകൾ നവീകരിക്കാനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും പ്രത്യേകമായ എന്തെങ്കിലും പാക്കേജിന് രൂപം നൽകുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, സംസ്ഥാനത്ത് 63 സീഡ് ഫാമുകളാണ് കൃഷി വകുപ്പിനുകീഴിൽ ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. സീഡ് ഫാമുകളിൽ പലതും പല രീതിയിലുള്ള പ്രശ്നങ്ങൾ നേരിട്ടു കൊണ്ടിരിക്കുകയാണ്. ഈ ഫാമുകൾ നവീകരിക്കുന്നതിനുവേണ്ടിയുള്ള സമഗ്രമായ

പരിപാടി തയ്യാറാക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാരിന്റെ ഏജൻസിയായ Water and Power Consultancy Services (WAPCOS)-നെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ആ പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണ്. ആദ്യഘട്ടമെന്ന നിലയിൽ 5 ഫാമുകൾ നവീകരിക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണ്. മാത്രമല്ല, എല്ലാ ഫാമുകളിലും മികച്ച ഗുണനിലവാരമുള്ള വിത്തും നടീൽ വസ്തുക്കളും ഉൽപ്പാദിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ചുകൊണ്ടിരിക്കുകയാണ്. ഒരു ഫാമിലും ഒരിഞ്ച് ഭൂമിപോലും തരിശ്ശിടാത്ത രീതിയിലുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. നിയോജകമണ്ഡലങ്ങളിലുള്ള ഏതെങ്കിലും ഫാമുകളിൽ കാര്യക്ഷമമായി പ്രവർത്തനം നടത്തുന്നില്ലെങ്കിൽ എം.എൽ.എ.മാർക്ക് ശക്തമായി ഇടപെടാനും അതിനാവശ്യമായ സഹായം കൃഷിവകുപ്പിന്റെ ഭാഗത്തുനിന്നുണ്ടാക്കാനും ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. പി. ഉണ്ണി: സർ, കാലാവസ്ഥാ വ്യതിയാനംമൂലം മഴയുടെ അളവും ദൈർഘ്യവും നമ്മുടെ സംസ്ഥാനത്ത് കുറഞ്ഞുവരികയാണ്. ഈ സാഹചര്യത്തിൽ മൂപ്പ് കുറഞ്ഞ വിത്തുകളാണ് കൃഷിക്കാർക്ക് ആവശ്യമായുള്ളത്. അത്തരം വിത്തുകൾ സീഡ് അതോറിറ്റിയിൽ ആവശ്യത്തിന് ലഭ്യമാകുന്നില്ലെന്ന പരാതി കൃഷിക്കാർക്കുണ്ട്. ആ പരാതി പരിഹരിക്കാനാവശ്യമായ നടപടി എത്രയും വേഗം സ്വീകരിക്കാൻ കഴിയുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഈ പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. അതുകൊണ്ട് ഈ വർഷം കടുത്ത വേനലുമായി ബന്ധപ്പെട്ടുള്ള പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി മൂപ്പ് കുറഞ്ഞ വിത്തുകൾ കൂടുതൽ ഉൽപ്പാദിപ്പിക്കാൻവേണ്ടിയുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ വർഷം മൂപ്പ് കുറഞ്ഞ വിത്തിന്റെ ലഭ്യതക്കുറവുണ്ടാകാൻ സാദ്ധ്യത കുറവാണ്. മാത്രമല്ല, കാർഷിക സർവ്വകലാശാല ഇത്തവണ നാല് തരത്തിലുള്ള പുതിയ വിത്തുകൾ പുറത്തിറക്കുകയുണ്ടായി. അതിൽ പ്രധാനപ്പെട്ട ഒരെണ്ണം മൂപ്പ് കുറഞ്ഞതും ഉപ്പുവെള്ളം കയറിയാൽപ്പോലും നശിക്കാത്തതും ഉൽപ്പാദനശേഷിയുമുള്ള വിത്താണ്. അതുൾപ്പെടെയുള്ള വിത്തുകൾ വ്യാപകമായി പ്രചരിപ്പിക്കാനുള്ള നടപടി സർക്കാർ സ്വീകരിക്കുന്നതായിരിക്കും.

ശ്രീ. ആർ. രാജേഷ്: സർ, നെൽകൃഷി വ്യാപിപ്പിക്കുന്നതിനായി സർക്കാർ സ്വീകരിക്കുന്ന നടപടികളെ അഭിനന്ദിക്കുകയാണ്. ഓണാട്ടുകര നെല്ലിന്റെ ഏറ്റവും പ്രധാനപ്പെട്ട മേഖലയാണ്. നെൽകൃഷി വ്യാപിപ്പിക്കുന്നതിനുവേണ്ടി ഓണാട്ടുകരയെ ഒരു സ്പെഷ്യൽ ഇക്കണോമിക് സോണായി പ്രഖ്യാപിച്ചിരുന്നു.

ഇതിന്റെ ഭാഗമായി തരിശായി കിടക്കുന്ന പ്രധാനപ്പെട്ട പാടശേഖരങ്ങൾ കൃഷിയോഗ്യമാക്കി മാറ്റുന്നതിനുവേണ്ടി ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ; കരിങ്ങാലിൽച്ചാൽ, പെരുവേലിൽച്ചാൽ പോലെയുള്ള ആയിരക്കണക്കിന് ഏക്കർ വരുന്ന പാടശേഖരങ്ങളിൽ കൃഷിയിറക്കുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഓണാട്ടുകര സ്പെഷ്യൽ ഇക്കണോമിക് അഗ്രികൾച്ചറൽ സോണായി പ്രഖ്യാപിച്ച സ്ഥലമാണ്. അതിന്റെ ഭാഗമായി ഓണാട്ടുകരയിൽ പ്രത്യേകമായൊരു അതോറിറ്റി നിലനിൽക്കുന്നുണ്ട്. അതിന്റെ നേതൃത്വത്തിൽ യോഗം ചേരുകയും ഓണാട്ടുകര മേഖല സ്പെഷ്യൽ അഗ്രികൾച്ചറൽ സോൺ എന്ന നിലയിൽ തരിശുരഹിത പ്രദേശമാക്കി മാറ്റുന്നതിനുള്ള നടപടി ആരംഭിച്ചുകഴിഞ്ഞിട്ടുമുണ്ട്. കരിങ്ങാലിൽച്ചാൽ എന്ന പ്രദേശത്ത് കൃഷിയിറക്കുന്നതിനുവേണ്ടി സമഗ്രമായ പരിപാടി തയ്യാറാക്കി 5 കോടി രൂപ ആ പ്രത്യേക പദ്ധതിക്ക് മാത്രമായി മാറ്റിവയ്ക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. 1700 ഹെക്ടറോളം വരുന്ന സ്ഥലത്ത് വർഷങ്ങളായി കൃഷി ചെയ്യുന്നില്ല. ഓരോ മണ്ഡലങ്ങളിലും എത്ര പ്രദേശം തരിശായി കിടക്കുന്നുണ്ട് എന്നതിന്റെ ബേസിക് ഡാറ്റാ എല്ലാ കൃഷി ഭവനുകളിലും അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ (ADA) ഓഫീസുകളിലും ലഭ്യമാണ്. എല്ലാ എം.എൽ.എ.മാരും അവരുടെ മണ്ഡലങ്ങൾ തരിശുരഹിതമാക്കുന്നതിനുള്ള സമഗ്രമായ പരിപാടി തയ്യാറാക്കുകയാണെങ്കിൽ അത് മുന്നോട്ടുകൊണ്ടുപോകുന്നതിനും പ്രത്യേക ഓഫീസർമാരെ നിയമിച്ച് എല്ലാ പദ്ധതികളും ഫണ്ടും ഏകോപിപ്പിക്കുന്നതിന് ആവശ്യമായ സഹായം കൃഷിവകുപ്പിന്റെ ഭാഗത്തുനിന്നുണ്ടാകുന്നതായിരിക്കും.

ശ്രീ. മുരളി പെരുനെല്ലിക്കുവേണ്ടി (ശ്രീമതി യു. പ്രതിഭ ഹരി): സർ, ഇടനിലക്കാരെ പൂർണ്ണമായി ഒഴിവാക്കി സമയബന്ധിതമായി കർഷകർക്ക് ആനുകൂല്യം നൽകാൻ ഈ സർക്കാർ നല്ല രീതിയിൽ ഇടപെടുന്നുണ്ട്. ഇപ്പോൾ വിത്ത് വിതച്ച് 25-30 ദിവസത്തിനകം കർഷകർക്ക് ആനുകൂല്യം ലഭിക്കുന്നുണ്ട്. കുട്ടനാട്ടിലുൾപ്പെടെ കാർഷിക മേഖലയിൽ വലിയ മാറ്റമാണ് വന്നിട്ടുള്ളതെന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. ഇപ്പോൾ പമ്പിംഗ് സബ്സിഡി മാത്രമാണ് ഒരു പ്രശ്നമായി അവിടെ ഉയർന്നുവരുന്നത്. മുടങ്ങിക്കിടന്ന പമ്പിംഗ് സബ്സിഡി, 8 കോടിയോളം രൂപ, കൊടുത്തുതീർക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്തുള്ള കുടിശ്ശികയടക്കം ബാക്കിവരുന്ന തുക, മലയാള വർഷമനുസരിച്ച് പഴയ രീതിയിൽ കൊടുത്തതുപോലെ കൃത്യമായി നൽകുന്നതിന് അങ്ങയുടെ ഭാഗത്തുനിന്ന് ഇടപെടലുണ്ടാകുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, പമ്പിംഗ് സബ്സിഡി വിതരണം ചെയ്യുന്നത് റവന്യൂ ഡിപ്പാർട്ടുമെന്റ് വഴിയാണ്. 8 കോടിയിലധികം രൂപ ഇതിനകം നൽകിയിട്ടുണ്ട്. ബാക്കി തുക കൊടുത്തുതീർക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. ഈ സീസണിൽത്തന്നെ നടപടി പൂർത്തീകരിച്ച് അവരുടെ അക്കൗണ്ടുകളിലേയ്ക്ക് പണം എത്തിക്കുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കുന്നതായിരിക്കും.

ശ്രീ. ഡി. കെ. മുരളി: സർ, കാർഷികരംഗത്ത് ഒരു പുത്തൻ ഉണർവുണ്ടാക്കാൻ കഴിഞ്ഞതിനെ പ്രത്യേകമായി അഭിനന്ദിക്കുന്നു. എന്നാൽ പാടശേഖരങ്ങളിൽ ചിലതെങ്കിലും നികത്തുന്ന പ്രവണത ഇപ്പോഴും നിലനിൽക്കുന്നുണ്ടെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെടുന്നുണ്ടോ; ഉദ്യോഗസ്ഥരിൽ ചിലരെങ്കിലും അതിന് ഒത്താശ ചെയ്യുന്നുണ്ട്. കൂടാതെ പ്രസിദ്ധീകരിക്കപ്പെട്ട ഡാറ്റാ ബാങ്കിൽ ചില അപാകതകൾ നിലനിൽക്കുന്നുണ്ട്. പ്രായോഗികമല്ലാത്ത കൃഷിയിടങ്ങൾപോലും ചില റിക്കോർഡുകളുടെ അടിസ്ഥാനത്തിൽ ഡാറ്റാ ബാങ്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഡാറ്റാ ബാങ്കുമായി ബന്ധപ്പെട്ട് നിലവിലുള്ള ചട്ടത്തിൽ ഭേദഗതി വരുത്തി റവന്യൂ വകുപ്പ് കഴിഞ്ഞ മേയ് മാസത്തിൽ ഒരു വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ഡാറ്റാ ബാങ്കിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രദേശങ്ങളെ സംബന്ധിച്ച് മൂലനിയമത്തിൽ അപ്പീൽ നൽകാനുള്ള പ്രൊവിഷൻ ഉണ്ടായിരുന്നില്ല. അതുകൂടി ഉൾപ്പെടുത്തി ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചതിനുശേഷം ആഗസ്റ്റ് 30-ാം തീയതി വരെ 100 രൂപയുടെ സ്റ്റാമ്പ് ഒട്ടിച്ച വെള്ളക്കടലാസിൽ വിശദാംശങ്ങൾ ഉൾപ്പെടുത്തി അപേക്ഷ സമർപ്പിച്ചാൽ ഉപഗ്രഹ ചിത്രത്തിന്റെ അടിസ്ഥാനത്തിലുള്ള സർവ്വേ ഡിപ്പാർട്ടുമെന്റിന്റെ കഡസ്ട്രൽ മാപ്പുമായി ചേർന്നുകൊണ്ട് നിലവിലെ ഡാറ്റാ ബാങ്കിൽ അപാകതയുണ്ടെങ്കിൽ ശാസ്ത്രീയമായി പരിശോധിച്ച് പരിഹാരമുണ്ടാക്കുന്നതിനുള്ള നടപടി സർക്കാർ ആരംഭിച്ചിട്ടുണ്ട്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കുട്ടനാട്, അപ്പർ കുട്ടനാട്ടിലെ അമ്പലപ്പുഴ, ഹരിപ്പാട് ഉൾപ്പെടുന്ന കരിനില മേഖലയിലും കായംകുളം,

മാവേലിക്കര, കരുനാഗപ്പള്ളി ഉൾപ്പെടുന്ന ഓണാട്ടുകര മേഖലയിലും കഴിഞ്ഞ തവണ ഓരുവെള്ളം കയറി കൃഷി മുഴുവൻ നശിച്ചു. ഇത്തവണ അതുണ്ടാകാതിരിക്കാൻ ഇറിഗേഷൻ, കൃഷി വകുപ്പുകൾ ചേർന്ന് നേരത്തെതന്നെ ബണ്ടുകൾ നിർമ്മിക്കുന്നത് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ചെയ്താൽ അത് തടയാൻ സാധിക്കും. കോൾ കർഷകരും കഴിഞ്ഞ തവണ നേരിട്ട ഏറ്റവും വലിയ പ്രശ്നം ഇതാണ്. നേരത്തെതന്നെ ബണ്ടുകൾ നിർമ്മിച്ച് ഓരുവെള്ളം കയറാതിരിക്കാനുള്ള നടപടി സ്വീകരിക്കുന്ന കാര്യത്തിൽ രണ്ടുവകുപ്പുകൾ തമ്മിൽ ഏകോപനം ഉണ്ടാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, കഴിഞ്ഞ വർഷമുണ്ടായ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി കൃഷി വകുപ്പുമന്ത്രിയെന്ന നിലയിൽ ഞാനുമായി ചർച്ച നടത്തുകയും എല്ലാ ജില്ലാ കളക്ടർമാർക്കും ആവശ്യമായ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ആലപ്പുഴ, തൃശ്ശൂർ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ഒക്ടോബർ മാസം 31-ന് മുമ്പ് ഓരുവെള്ളം കയറാതിരിക്കാനുള്ള ബണ്ടുകൾ നിർമ്മിക്കുന്നതിനുള്ള ടെണ്ടർ നടപടി പൂർത്തീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് കർശനമായ നിർദ്ദേശം നൽകിയിരിക്കുകയാണ്. മാത്രമല്ല, വെള്ളം തുറന്നുവിടുന്നതും അടയ്ക്കുന്നതുമായും ബന്ധപ്പെട്ട് എല്ലാ സ്ഥലത്തും ഇറിഗേഷൻ, കൃഷി വകുപ്പുകളുടെ ഏകോപന അതോറിറ്റിയുണ്ട്. അത് കൃഷിക്കാരുൾപ്പെടുന്ന ഒരു സമിതിയാണ്. എന്നാൽ ആ സമിതി യോഗം കൂടാതെയാണ് തീരുമാനങ്ങൾ എടുത്തുകൊണ്ടിരുന്നത്. വെള്ളം തുറന്നുവിടുന്ന കാര്യത്തിലും ബണ്ടുകൾ നിർമ്മിക്കുന്ന കാര്യത്തിലും ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ സമിതി യോഗം ചേർന്ന് തീരുമാനമെടുത്ത് മുന്നോട്ടുപോകണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. കഴിഞ്ഞ വർഷത്തെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും ഒരു ഏകോപനം ഉണ്ടാക്കിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഈ വർഷം അത്തരം പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുന്നതാണ്.

മി. സ്പീക്കർ: ഓർഡർ.. ഓർഡർ... ചോദ്യോത്തര സമയം അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പച്ചക്കറി ഉൽപ്പാദന വളർച്ച

5 (*124 ) ശ്രീ. പി. ജെ. ജോസഫ്:

ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുൻവർഷത്തെ അപേക്ഷിച്ച് നടപ്പുവർഷം പച്ചക്കറി ഉത്പാദനരംഗത്ത് എത്രത്തോളം വളർച്ച കൈവരിയ്ക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന പച്ചക്കറികൾ കേട്ടുകൂടാതെ സൂക്ഷിക്കുന്നതിന് ഫലപ്രദമായ സംഭരണ സംവിധാനം ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ;

(സി) പച്ചക്കറി ഉത്പാദനരംഗത്ത് സ്വയംപര്യാപ്തത കൈവരിയ്ക്കാൻ എന്തെല്ലാം പരിപാടികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) 2016-17-ൽ സംസ്ഥാനത്ത് 52830 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും ഇതിൽ നിന്നും ഏകദേശം 7.25 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉൽപ്പാദിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

2017-18 നടപ്പുവർഷം ഒന്നാംവിള പച്ചക്കറികൃഷിയുടെ വിളവെടുപ്പ് ആരംഭിച്ചിട്ടേയുള്ളൂ. അതനുസരിച്ച് 22193.36 ഹെക്ടർ സ്ഥലത്തുനിന്നും ഏകദേശം 58871.13 ടണ്ണോളം പച്ചക്കറിയാണ് ഉൽപ്പാദിപ്പിച്ചിട്ടുള്ളത്. നടപ്പുസീസണിലെ ഉൽപ്പാദനം പൂർത്തിയാകുകയും നടപ്പുവർഷത്തെ 2 സീസണുകളിൽ കൂടിയുള്ള ഉൽപ്പാദനവും കണക്കിലെടുക്കുമ്പോൾ കൃഷിയുടെ മൊത്തം വിസ്തീർണ്ണത്തിലും ആകെ ഉൽപ്പാദനത്തിലും കാര്യമായ പുരോഗതി പ്രതീക്ഷിക്കുന്നുണ്ട്.

(ബി) സ്വീകരിക്കുന്നതാണ്.

(സി) പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് 2017-18-ൽ കൃഷിവകുപ്പ് സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ 85 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

ഇതുപ്രകാരം താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതാണ്:

1. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം
2. മട്ടുപ്പാവ് കൃഷി പ്രോത്സാഹനം
3. സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി
4. പച്ചക്കറി കൃഷിക്കായി പരിശീലനം, ബോധവൽക്കരണം, പ്രചരണം തുടങ്ങിയവ
5. ജില്ലാ ക്ലസ്റ്റർ വികസനം
6. സാങ്കേതിക സഹായവും കരാർ നിയമനവും
7. ഗ്രേഡഡ് ക്ലസ്റ്ററുകളുടെ വികസനം
8. നഴ്സറികൾ സ്ഥാപിക്കൽ
9. സൂക്ഷ്മ ജലസേചനവും ജലസേചനം വഴിയുള്ള വളപ്രയോഗവും
10. പച്ചക്കറി സംഭരണത്തിനുള്ള ശീതീകരണ അറകളുടെ പ്രോത്സാഹനം
11. പച്ചക്കറി കൃഷിക്കുവേണ്ടി 'മിനി പോളിഹൗസ്'-കളുടെ പ്രോത്സാഹനം
12. 'വെജിറ്റബിൾ പ്രൊഡ്യൂസർ കമ്പനികൾ' സ്ഥാപിക്കൽ
13. കൃഷിയിടങ്ങളിൽ 'ബയോ-കൺട്രോൾ ഏജന്റ്' നിർമ്മാണം
14. മണ്ണിനെ ഫലപുഷ്ടിപ്പെടുത്തുന്ന കുമ്മായം, ഡോളോമൈറ്റ്, സൂക്ഷ്മ മൂലകങ്ങൾ എന്നിവയുടെ വിതരണം
15. ക്ലസ്റ്ററുകൾ മുഖേന ചെറുകിട മൂല്യവർദ്ധിത യൂണിറ്റുകളുടെ പ്രോത്സാഹനം
16. ' സേഫ്-ടു-ഈറ്റ്-ബ്രാൻഡിംഗ്' പദ്ധതി വഴി സഹായം
17. അവാർഡ് വിതരണം
18. ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ഓർഗനൈസേഷനുകളുടെ രൂപീകരണം
19. മഴമറ നിർമ്മാണം
20. പദ്ധതിയുടെ ബാഹ്യ നിരീക്ഷണം
21. ഡിജിറ്റൽ ഡോക്യുമെന്റേഷൻ
22. കാര്യക്ഷമമായി പ്രവർത്തിക്കുന്ന 'എ' ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള അധിക സഹായം.
23. വി.എഫ്.പി.സി.കെ. വഴിയുള്ള പച്ചക്കറി വികസന പദ്ധതികൾ.

ഇതുകൂടാതെ പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ - കേരള മുഖാന്തിരം മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ പദ്ധതി പ്രകാരം നല്ല കൃഷി മുറകൾ (GAP) അവലംബിച്ചുകൊണ്ടുള്ള പച്ചക്കറി കൃഷി വ്യാപനം, ഹൈബ്രിഡ് പച്ചക്കറി കൃഷി വ്യാപനം, തിരിനന (വിക്ക് ഇറിഗേഷൻ) ജലസേചന സംവിധാനത്തോടുകൂടിയുള്ള പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു.

## കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് അനുവദിക്കുന്ന തുക

6 (*125) ശ്രീ. എം. ഉമ്മർ:
ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് അനുവദിക്കുന്ന തുക തദ്ദേശഭരണ സ്ഥാപനങ്ങൾ പൂർണ്ണമായും ചെലവഴിക്കാത്തതുകൊണ്ട് കേന്ദ്രം അനുവദിക്കുന്ന തുക ക്രമാനുഗതമായി കുറയുന്ന സ്ഥിതിവിശേഷം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇത് പരിഹരിക്കുന്നതിനും തദ്ദേശസ്വയംഭരണവകുപ്പിനുള്ള വിഹിതം ക്രമാനുഗതമായി ഉയർത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) കേരളത്തിന്റെ തദ്ദേശീയമായ പരിതസ്ഥിതി കണക്കിലെടുക്കാത്ത കേന്ദ്രനിർദ്ദേശങ്ങൾ ഒഴിവാക്കി കേരളത്തിന്റെ പരിതസ്ഥിതിക്കനുസൃതമായി ഈ ഫണ്ട് പൂർണ്ണമായും ചെലവഴിച്ച് ഗ്രാമവികസനം സുസ്ഥിരമാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) അപ്രകാരം ഒരു സ്ഥിതിവിശേഷം പി.എം.എ.വൈ. (ഗ്രാമീൺ) ഒഴികെയുള്ള പദ്ധതികൾക്ക് ഉണ്ടായിട്ടില്ല. 2016-17 മുതൽ പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ) ഭവന പദ്ധതിയിലേക്കുള്ള ഗുണഭോക്താക്കളെ, 2011-ലെ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് ലിസ്റ്റിൽ നിന്നുതന്നെ തെരഞ്ഞെടുക്കണമെന്ന് കർശന മാനദണ്ഡമുള്ളതിനാൽ ടി ലിസ്റ്റിൽ ഗുണഭോക്താക്കളുടെ അഭാവം നിമിത്തം ഭൗതിക ലക്ഷ്യം കൈവരിക്കാൻ കഴിയാത്ത അവസ്ഥയാണ് നിലവിലുള്ളത്. ഇക്കാരണത്താൽ പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ) പദ്ധതിക്ക് കേന്ദ്ര വിഹിതത്തിൽ കുറവുണ്ടായിട്ടുണ്ട്.

(ബി) 2011- ലെ സാമൂഹിക സാമ്പത്തിക ജാതി സെൻസസിൽ അർഹരായ ഗുണഭോക്താക്കൾ പലരും ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ) പദ്ധതിയിൽ അർഹരായ ഗുണഭോക്താക്കളെ ഉൾപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്. MGNREGS പദ്ധതിയിൽ ഓരോ സാമ്പത്തിക വർഷവും സംസ്ഥാനത്തിന്റെ ആവശ്യകത പ്രകാരം ലേബർ ബജറ്റ് തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നുണ്ട്. അതിനാൽ ഇവിടെയും തുകയിൽ കുറവ് വരുന്നില്ല. തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് പദ്ധതി അവലോകന യോഗത്തിൽ പ്രവർത്തനങ്ങൾ വിലയിരുത്താറുള്ളതും ആവശ്യമായ നിർദ്ദേശങ്ങൾ നൽകാവുന്നതുമാണ്.

(സി) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മാനദണ്ഡങ്ങളിൽ ഇളവുവരുത്താൻ സംസ്ഥാന സർക്കാരിന് അധികാരമില്ല. ടി പദ്ധതികളിൽ കേരളത്തിന്റെ തദ്ദേശീയമായ പരിതസ്ഥിതി കണക്കിലെടുത്ത് പദ്ധതി നിർവ്വഹിക്കാനുള്ള ഇളവ് അഭ്യർത്ഥിച്ച് സർക്കാർ പല തവണ കേന്ദ്രത്തിന് നിവേദനം നൽകിയിട്ടുണ്ട്. എന്നാൽ കേന്ദ്ര സർക്കാരിൽ നിന്ന് അനുകൂല തീരുമാനം ഉണ്ടായിട്ടില്ല.

**സ്മാർട്ട് സിറ്റി, അമൃത് പദ്ധതികൾ**

7 (*126) ശ്രീ. പി. കെ. ശശി:
ശ്രീ. ഇ. പി. ജയരാജൻ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര-സംസ്ഥാന സർക്കാരുകളും നഗരസഭയും സ്വകാര്യ സംരംഭകരുടെ പങ്കാളിത്തത്തോടെ നടപ്പാക്കുന്ന നഗരവികസന ആധുനികവൽക്കരണ പദ്ധതിയായ സ്മാർട്ട് സിറ്റി പദ്ധതിയിൽ 3-ാം ഘട്ടത്തിൽ സ്ഥാനം നേടാൻ കഴിഞ്ഞ തലസ്ഥാനനഗരത്തിന്റെ വികസനത്തിന് വിഭാവനം ചെയ്തിരിക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്;

(ബി) തുടർപ്രവർത്തനങ്ങൾ സമയബന്ധിതമായി ആരംഭിച്ച് പൂർത്തീകരിക്കുന്നതിനുവേണ്ട സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരണം തുടങ്ങിയ പ്രാഥമിക നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) മുൻഘട്ടത്തിൽ സ്മാർട്ട് സിറ്റി പദ്ധതിയിൽ ഉൾപ്പെട്ട കൊച്ചി നഗരത്തിലെ പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; പദ്ധതി നടത്തിപ്പിലുണ്ടായിട്ടുള്ള കാലവിളംബം പരിഹരിക്കാൻ വേണ്ട ഇടപെടൽ നടത്തുമോ;

(ഡി) സംസ്ഥാനത്ത് നിലവിൽ 9 നഗരങ്ങളിൽ നടപ്പാക്കി വരുന്ന അമൃത് പദ്ധതിയുടെ നടത്തിപ്പ് അവലോകനം ചെയ്തിട്ടുണ്ടോ; സമയബന്ധിതമായി പദ്ധതി പ്രവർത്തനങ്ങൾ നടക്കുന്നുവെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) തിരുവനന്തപുരം സ്മാർട്ട് സിറ്റി മിഷൻ പദ്ധതിയിൽ 1522 കോടി രൂപയുടെ വിവിധ വികസന പ്രവർത്തനങ്ങൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. സ്ഥലപര വികസന ഘടകത്തിൽ അടിസ്ഥാന നഗര സേവനങ്ങൾ, സുരക്ഷിതവും പ്രാപ്യവുമായ ഗതാഗത സംവിധാനങ്ങൾ, കാര്യക്ഷമമായ ഭൂവിനിയോഗം, സംസ്കാരിക തനിമയും പൈതൃകവും സംരക്ഷിക്കൽ, പരിസ്ഥിതി സൗഹൃദ വികസനം, സാമൂഹിക-സാമ്പത്തിക ഉൾക്കൊള്ളൽ തുടങ്ങിയ 5 മേഖലകൾ ഉൾപ്പെടുന്ന 33 വികസന പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്. പാൻ സിറ്റി ഘടകത്തിൽ സ്മാർട്ട് വാട്ടർ മീറ്ററിംഗ്, ഖരമാലിന്യ ഡാറ്റാ സെന്റർ, എമർജൻസി റെസ്പോൺസ് സിസ്റ്റം, കാര്യക്ഷമമായ ഗതാഗത നിയന്ത്രണ സംവിധാനം, സുരക്ഷിത സഞ്ചാരം (സ്ട്രീറ്റ് ലൈറ്റ്), സ്മാർട്ട് മസ്കിറ്റോ ഡെൻസിറ്റി സിസ്റ്റം, ഇ-ഗവേണൻസ് പോർട്ടൽ തുടങ്ങി 7 പദ്ധതികളാണ് വിഭാവനം ചെയ്തിരിക്കുന്നത്.

(ബി) സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി ട്രിവാൻഡ്രം സ്മാർട്ട് സിറ്റി മിഷൻ എന്ന പേരിൽ കമ്പനി രൂപീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബോർഡ് ഓഫ് ഡയറക്ടേഴ്സിനെ തീരുമാനിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി ശ്രീ. ഗോപാലകൃഷ്ണൻ, ഐ.എ.എസ്.-നെ നിയമിച്ചിട്ടുണ്ട്.

(സി) പദ്ധതി പുരോഗതി അവലോകനം ചെയ്തിട്ടുണ്ട്. 61.7 കോടി അടങ്കൽ വരുന്ന 6 പ്രോജക്ടുകൾക്ക് ഭരണാനുമതി നൽകി. പദ്ധതിയുടെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി ഐ.പി.ഇ. ഗ്ലോബലിനെ നിയമിച്ചു. 2016-17 സംസ്ഥാന ബജറ്റിൽ ആകെ 396 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഇതിൽ 392.8 കോടി രൂപ കൊച്ചിൻ സ്മാർട്ട് സിറ്റി മിഷന്റെ ട്രഷറി സേവിംഗ്സ് അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്.

സ്മാർട്ട് സിറ്റി ഏരിയയിലേക്കുള്ള പദ്ധതികൾ ത്വരിതഗതിയിലാക്കാൻ വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും ഏകോപനം (കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി., ടൂറിസം, പൊതുമരാമത്ത് വകുപ്പ്, കുടുംബശ്രീ തുടങ്ങിയവ) കൊച്ചി സ്മാർട്ട് മിഷൻ ലിമിറ്റഡാണ് നടത്തുന്നത്.

(ഡി) അമൃത് പദ്ധതിയിലെ 2357 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന 375 പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇതിൽ 91 കുടിവെള്ള പദ്ധതികൾ (മൊത്തം പദ്ധതി തുകയുടെ 41% വരുന്ന 1061 കോടി രൂപ) കേരള വാട്ടർ അതോറിറ്റി വഴിയാണ് നടപ്പിലാക്കുന്നത്, സ്വിവറേജ്/സെപ്റ്റേജ് സെക്ടറിൽ അംഗീകാരം ലഭിച്ച 6 പദ്ധതികളുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. പദ്ധതികൾ വിദഗ്ദ്ധ സമിതി പരിശോധിച്ചുവരുന്നു.

2015-16, 2016-17 വർഷത്തെ അംഗീകാരം ലഭിച്ച പദ്ധതികൾക്കായി 134 കോടി രൂപ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. 80 കോടി രൂപ സംസ്ഥാന വിഹിതമായി ലഭിച്ചിട്ടുണ്ട്. ആകെ 214 കോടി രൂപ അമൃത് അക്കൗണ്ടിൽ ലഭ്യമാണ്. വിശദമായ പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കിയെങ്കിലും പദ്ധതി നിർവ്വഹണം ആരംഭഘട്ടമായതിനാൽ 3.08 കോടി രൂപ മാത്രമേ ചെലവ് വന്നിട്ടുള്ളൂ. 2017-18 സംസ്ഥാന ബജറ്റിൽ അമൃത് പദ്ധതിക്കായി 375 കോടി രൂപ വകയിരുത്തിയിട്ടുണ്ട് (കേന്ദ്രം - 225 കോടി, സംസ്ഥാനം - 150 കോടി രൂപ).

പദ്ധതി നിർവ്വഹണം ത്വരിതപ്പെടുത്തുന്നതിനും പദ്ധതികളുടെ വിശദമായ റിപ്പോർട്ടുകൾ വിലയിരുത്തുന്നതിനുമായി സംസ്ഥാനതലത്തിൽ പ്രത്യേക സാങ്കേതിക വിദഗ്ദ്ധ സമിതികൾ 2017 ഏപ്രിലിൽ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ വിശദമായ പദ്ധതി രൂപരേഖ കാര്യക്ഷമമായും വേഗത്തിലും തയ്യാറാക്കുന്നതിന് കൺസൾട്ടന്റുമാരുടെ സേവനം ലഭ്യമാക്കുന്നതിന് അതാത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവാദം നൽകിയിട്ടുണ്ട്. പദ്ധതിയുടെ മേൽനോട്ടത്തിനും പ്രവർത്തന ഏകോപനത്തിനുമായി വിവിധ വകുപ്പ് പ്രതിനിധികളടങ്ങിയ തദ്ദേശ സ്വയംഭരണ വകുപ്പുസെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാനതല സാങ്കേതിക സമിതിയും വിവിധ വകുപ്പ് മേലദ്ധ്യക്ഷൻമാർ ഉൾപ്പെട്ട ചീഫ് സെക്രട്ടറി അദ്ധ്യക്ഷയായ സംസ്ഥാനതല ഉന്നതാധികാര സമിതിയും പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ ആവശ്യമായ പിന്തുണ നൽകാൻ പ്രവർത്തിക്കുന്നു.

**പരമ്പരാഗത മണൽ വാരൽ നയം**

8 (*127) ശ്രീ. കെ. മുരളീധരൻ:

ശ്രീ. പി. ടി. തോമസ്:

ശ്രീ. വി. ഡി. സതീശൻ:

ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുറമുഖമേഖലയിൽ പരമ്പരാഗത മണൽവാരൽ നയം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് ആവശ്യമായ മണൽ ലഭിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് നയത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) നയം പ്രാവർത്തികമാക്കാൻ കൈക്കൊണ്ട നടപടികൾ എന്തെല്ലാം; വിശദമാക്കുമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി):

(എ) ഉണ്ട്. 9-2-2017-ലെ സ.ഉ.(കൈ) നമ്പർ2/2017/മതുവ ഉത്തരവിലൂടെ പ്രഖ്യാപിച്ച് പുതിയ നയം പ്രകാരം സഹകരണ സംഘങ്ങൾക്കുപകരം തദ്ദേശഭരണ സ്ഥാപനങ്ങൾക്കാണ് മാന്വൽ ഡ്രഡ്ജിംഗിനുള്ള അധികാരം നൽകിയിരിക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ചുമതല നൽകുകവഴി ഈ പ്രവൃത്തി കൂടുതൽ സുതാര്യമായും കാര്യക്ഷമമായും ഉത്തരവാദിത്വത്തോടെയും ചെയ്യാൻ സാധിക്കുന്നതാണ്.

(ബി) തുറമുഖ ചാനലുകളിൽ ജലയാനങ്ങളുടെ സുഗമമായ സഞ്ചാരത്തിന് വിഘാതം സൃഷ്ടിക്കുന്ന പദാർത്ഥങ്ങളെ നീക്കം ചെയ്യലാണ് ഡ്രഡ്ജിംഗ് എന്നതുകൊണ്ട് അടിസ്ഥാനപരമായി വിവക്ഷിക്കുന്നത്. തുറമുഖ പരിധിയിലെ തദ്ദേശ വാസികളായ മണൽവാരൽ തൊഴിലാളികളെ ഉപയോഗിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മാന്വൽ ഡ്രഡ്ജിംഗ് നടത്തുന്നതിനാണ് നയം വിഭാവനം ചെയ്തിരിക്കുന്നത്. ഡ്രഡ്ജ് ചെയ്ത് മാറ്റേണ്ടുന്ന പദാർത്ഥങ്ങളുടെ അളവ് അതത് പോർട്ട് കൺസർവ്വേറ്റർമാർ നിശ്ചയിക്കുകയും ഇത്തരത്തിൽ ഡ്രഡ്ജ് ചെയ്ത് ലഭിക്കുന്ന മണൽ സർക്കാർ നിശ്ചയിച്ച നൽകിയിട്ടുള്ള വില അടിസ്ഥാനമാക്കി തുറമുഖ വകുപ്പിന്റെ ഓൺലൈൻ സംവിധാനത്തിലൂടെ വിപണനം നടത്തുന്നതുമാണ്.

(സി) 9-2-2017-ലെ സ.ഉ.(കൈ)നമ്പർ2/2017/മതുവ. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അതത് തുറമുഖ മേഖലയിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ തദ്ദേശീയരായ മണൽവാരൽ തൊഴിലാളികളെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അഴീക്കൽ, വടകര, പൊന്നാനി എന്നീ തുറമുഖങ്ങളിൽ മാന്വൽ ഡ്രഡ്ജിംഗ് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. മറ്റു തുറമുഖങ്ങളിലും മാന്വൽ ഡ്രഡ്ജിംഗ് ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

## റബ്ബർ വിലസ്ഥിരതാ പദ്ധതി

9 (*128) ശ്രീ. അടൂർ പ്രകാശ്:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ വിലസ്ഥിരതാ പദ്ധതി നിലവിലുണ്ടോ; അതിൻപ്രകാരം കർഷകരിൽനിന്നും ഇപ്പോൾ അപേക്ഷ സ്വീകരിക്കുന്നുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത പദ്ധതിയനുസരിച്ച് എത്രകോടി രൂപയുടെ ആനുകൂല്യം റബ്ബർ കർഷകർക്ക് നൽകി;

(സി) പ്രസ്തുത പദ്ധതി പ്രകാരം റബ്ബറിന്റെ വില കിലോയ്ക്ക് 200 രൂപയായി വർദ്ധിപ്പിക്കണമെന്ന ആവശ്യം അനുഭാവപൂർവ്വം പരിഗണിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) ഉണ്ട്. അപേക്ഷകൾ സ്വീകരിക്കുന്നതാണ്.

(ബി) 396.55 കോടി രൂപ

(സി) റബ്ബറിന്റെ താങ്ങുവില വർദ്ധിപ്പിക്കുന്നതിനാവശ്യമായ കേന്ദ്ര സഹായം ലഭ്യമാക്കണമെന്ന് സംസ്ഥാന നിയമസഭ പ്രമേയത്തിലൂടെ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിലെ സാഹചര്യത്തിൽ റബ്ബറിന്റെ താങ്ങുവില വർദ്ധിപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സ്ഥിതി അനുവദിക്കുന്നില്ല.

## നഗര ദരിദ്രർക്കായുള്ള അഭയകേന്ദ്രങ്ങൾ

10 (*129) ശ്രീ. എൽദോ എബ്രഹാം:
ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി വീടില്ലാത്ത, പൊതുസ്ഥലങ്ങളിൽ അന്തിയുറങ്ങുന്ന നഗരദരിദ്രരെ കണ്ടെത്താൻ സർവ്വേ നടത്തുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കുമോ;

(ബി) ഇവർക്ക് വേണ്ടി സ്ഥിരമായി അഭയകേന്ദ്രങ്ങൾ ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത അഭയകേന്ദ്രങ്ങളിൽ എന്തൊക്കെ അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കുമെന്ന് വിശദമാക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) പദ്ധതിയുണ്ട്. ടി സർവ്വേ 2017 ജൂലൈ 15-ന് ആരംഭിച്ചിട്ടുള്ളതും നിലവിൽ 88 നഗരങ്ങളിൽ പൂർത്തീകരിച്ചിട്ടുള്ളതും ആണ്. കൊച്ചിയിലും തിരുവനന്തപുരത്തും സർവ്വേ പുരോഗമിച്ചു വരുന്നു. സർവ്വേ പൂർത്തിയായ 88 നഗരങ്ങളിൽ നിന്ന് ഇതുവരെ 2470 ഭവനരഹിതരെ കണ്ടെത്തിയിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ നഗര ഉപജീവന മിഷൻ സംസ്ഥാനത്ത് നടപ്പിലാക്കുന്ന നോഡൽ ഏജൻസിയായ കുടുംബശ്രീ മുഖേനയാണ് ടി സർവ്വേ സംഘടിപ്പിച്ചിട്ടുള്ളത്.

(ബി) നഗര ഉപജീവന മിഷൻ വിഭാവനം ചെയ്യുന്നതനുസരിച്ച് നഗരങ്ങളിലെ പൊതു സ്ഥലങ്ങളിൽ താമസിക്കുന്ന ഭവനരഹിതരെ പുനരധിവസിപ്പിക്കുന്നതിനുള്ള സ്ഥിരമായ അഭയ കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിനും നിലവിലുള്ളവ പുനരുദ്ധരിക്കുന്നതിനും ആവശ്യമായ സാമ്പത്തിക സഹായം നഗരസഭകൾക്ക് കുടുംബശ്രീ മുഖേന ലഭ്യമാക്കുന്നതാണ്. പുതിയ അഭയ കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് വിശദമായ പദ്ധതിരേഖ നഗരസഭകൾ സമർപ്പിക്കേണ്ടതാണ്. പദ്ധതിരേഖ പ്രകാരമുള്ള തുകയും പുനരുദ്ധാരണത്തിന് അഭയ കേന്ദ്രം ഒന്നിന് 50 ലക്ഷം രൂപയുമാണ് അനുവദിക്കുന്നത്. ഇതിനു പുറമെ, അഭയകേന്ദ്രങ്ങളുടെ നടത്തിപ്പിനും പരിപാലനത്തിനുമായി അഭയ കേന്ദ്രം ഒന്നിന് 6 ലക്ഷം രൂപ വീതം 5 വർഷത്തേക്ക് 30 ലക്ഷം രൂപയും പദ്ധതിയിലൂടെ ലഭ്യമാക്കുന്നതാണ്.

(സി) ശുദ്ധവായു, ശുദ്ധജലം, ശുചിത്വം, ഭക്ഷണം സുരക്ഷിതമായ താമസം, ആരോഗ്യ പരിരക്ഷണത്തിനുതകുന്ന സൗകര്യങ്ങൾ എന്നിവയും വിവിധ സർക്കാർ ഏജൻസികളുടെ സേവനങ്ങൾ, സൗജന്യ നിയമ സഹായം, സാമൂഹ്യ സുരക്ഷാ പദ്ധതികളുമായി സംയോജിപ്പിക്കൽ തുടങ്ങിയവയും അഭയ കേന്ദ്രങ്ങളിൽ സജ്ജീകരിക്കുന്നതാണ്.

**മൊത്തവിപണന കേന്ദ്രങ്ങളുടെ പ്രവർത്തനം**

11 (*130) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർ ഉൽപ്പാദിപ്പിക്കുന്ന വിഭവങ്ങൾ ശേഖരിച്ച് വിപണനം നടത്തുന്നതിനും കർഷകർക്ക് ന്യായവില ലഭ്യമാക്കുന്നതിനുമായി ആരംഭിച്ച

മൊത്തവിപണന കേന്ദ്രങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇത്തരം കേന്ദ്രങ്ങൾ എവിടെയൊക്കെയാണ് പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) വിഭവങ്ങൾ കേടാകാതെ സൂക്ഷിക്കുന്നതിനുള്ള സംവിധാനത്തിന്റെ അപര്യാപ്തത പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായ റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

കൃഷി വകുപ്പ് മന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ)കർഷകർക്ക് തങ്ങളുടെ കാർഷിക ഉൽപ്പന്നങ്ങൾ നേരിട്ട് കൊണ്ടുവന്ന് ലേലത്തിൽ പങ്കെടുത്ത് വിപണനം ചെയ്യുവാനും അതുവഴി ന്യായവില നേടുവാനും സംസ്ഥാനത്തെ 6 കാർഷിക മൊത്ത വ്യാപാര വിപണികൾ മുഖാന്തിരം സാധിക്കുന്നു. കാർഷിക ഉൽപ്പന്നങ്ങൾ കൊണ്ടുവരുന്ന കർഷകർക്ക് ദൂരത്തിന്റെ അടിസ്ഥാനത്തിൽ ട്രാൻസ്പോർട്ട് സബ്സിഡി നൽകിവരുന്നു. ലേല നടപടികൾ നടത്തുന്നതിനായി മാർക്കറ്റ് ഓക്ഷൻ അസിസ്റ്റൻസ് നൽകിവരുന്നു. ഇതുവഴി കൂടുതൽ കർഷകർ ലേലത്തിൽ പങ്കെടുക്കുകയും എത്തുന്ന ഉൽപ്പന്നങ്ങളുടെ അളവിൽ വർദ്ധനയും ഉണ്ടാകുന്നു. പ്രസ്തുത മാർക്കറ്റുകളെ നാഷണൽ അഗ്രികൾച്ചറൽ മാർക്കറ്റ് ശൃംഖലയിൽ ഉൾപ്പെടുത്തുവാൻ കേന്ദ്ര സർക്കാരിലേക്ക് വിശദമായ ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | തിരുവനന്തപുരം | - | ആനയറ, നെടുമങ്ങാട് |
| | എറണാകുളം | - | മരട്, മൂവാറ്റുപുഴ |
| | കോഴിക്കോട് | - | വേങ്ങേരി |
| | വയനാട് | - | സുൽത്താൻ ബത്തേരി |

ഇതിനു പുറമെ വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരളയുടെ നേതൃത്വത്തിൽ 278 സ്വാശ്രയ കർഷക സമിതികളും ഹോർട്ടികോർപ്പിന്റെ നേതൃത്വത്തിൽ 15 ജില്ലാ സംഭരണ വിതരണ കേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നു.

(സി) കൃഷിവകുപ്പിൻകീഴിലുള്ള 6 കാർഷിക മൊത്ത വ്യാപാര വിപണികളിൽ കോൾഡ് സ്റ്റോറേജുകൾ സ്ഥാപിച്ചിട്ടുണ്ട്. കോൾഡ് സ്റ്റോറേജുകളുടെ അപര്യാപ്തത സംസ്ഥാനത്ത് നിലവിലുള്ളതിനാൽ അതിന്റെ ആവശ്യകതയെപ്പറ്റി പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ NABCONS-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## തുറമുഖ വകുപ്പ് ഏറ്റെടുത്ത പ്രവൃത്തികൾ

12 (*131) ശ്രീ. എ. എം. ആരിഫ്:
ശ്രീ. എൻ. വിജയൻ പിള്ള:
ശ്രീ. കെ. ദാസൻ:
ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തുറമുഖ വകുപ്പ് ഏറ്റെടുത്ത പ്രധാനപ്പെട്ട പ്രവൃത്തികൾ ഏതെല്ലാമെന്ന് അറിയിക്കാമോ;

(ബി) തീരദേശ കപ്പൽ ഗതാഗതപദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി നടക്കുന്ന പ്രവൃത്തികൾ എന്തെല്ലാമാണ്; വിശദമാക്കാമോ ;

(സി) അഴീക്കൽ, ബേപ്പൂർ, പൊന്നാനി ഉൾപ്പെടെയുള്ള മൈനർ തുറമുഖങ്ങളുടെ വികസന പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി):

(എ) അഴീക്കൽ, ആലപ്പുഴ തുറമുഖങ്ങൾ കിഫ്ബിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ ബേപ്പൂർ, കൊല്ലം, ആലപ്പുഴ, വിഴിഞ്ഞം, അഴീക്കൽ എന്നീ തുറമുഖങ്ങളിലെ വിവിധ വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു.

(ബി) തീരദേശ കപ്പൽ ഗതാഗത പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി വിഴിഞ്ഞം, കൊല്ലം, ആലപ്പുഴ, കൊടുങ്ങല്ലൂർ, ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങൾ ഘട്ടംഘട്ടമായി വികസിപ്പിക്കുന്നുണ്ട്. കൊല്ലം, അഴീക്കൽ, ബേപ്പൂർ എന്നീ തുറമുഖങ്ങളിൽ കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുന്നതിനായി ക്രയിൻ, റീച്ച് സ്റ്റാക്കർ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. കൊല്ലം തുറമുഖത്ത് കസ്റ്റംസ് ഇ.ഡി.ഐ. സൗകര്യം നൽകിയിട്ടുണ്ട്. കൂടാതെ വിഴിഞ്ഞം തുറമുഖത്തിന്റെ സീവേർഡ് വാർഫിന്റെ നീളം കൂട്ടൽ, കൊല്ലം തുറമുഖത്ത് പാസ്സഞ്ചർ ടെർമിനൽ നിർമ്മാണം, ബേപ്പൂർ തുറമുഖത്തെ ബർത്തിന്റെ നീളം കൂട്ടൽ എന്നിവ വിവിധ ഘട്ടങ്ങളിലാണ്.

(സി) അഴീക്കൽ തുറമുഖം കിഫ്ബിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്നതിന് 496 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ ഭാഗമായി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരീകരിക്കുന്നതിനുള്ള നടപടികൾ

കൈക്കൊണ്ടുവരുന്നു. ആലപ്പുഴ തുറമുഖം മറീനയായി വികസിപ്പിക്കുന്നതിന് ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. KITCO പാരിസ്ഥിതിക ആഘാത പഠനം (EIA) നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. 763 കോടി രൂപ ചെലവിൽ പി.പി.പി മോഡലിൽ പൊന്നാനിയിൽ തുറമുഖ നിർമ്മാണം തുടങ്ങിക്കഴിഞ്ഞു. കൊല്ലം തുറമുഖത്ത് മൾട്ടി പർപ്പസ് ബർത്തിന്റെ നിർമ്മാണം നടന്നുവരുന്നു. 46 കോടി രൂപ മുതൽമുടക്കിൽ കൊടുങ്ങല്ലൂർ തുറമുഖം വിസിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ബേപ്പൂർ തുറമുഖത്ത് ബർത്തിന്റെ നീളം കൂട്ടുന്ന പ്രവൃത്തി നടന്നുവരുന്നു.

### കെ.എസ്.ആർ.ടി.സി.യുടെ പുനരുദ്ധാരണം

13 (*132) ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. എം. നൗഷാദ്:
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണത്തിനായി എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക പരാധീനത ഇല്ലാതാക്കി സമഗ്ര രക്ഷാ പാക്കേജ് തയ്യാറാക്കി സമർപ്പിക്കുന്നതിനായി നിയോഗിച്ച പ്രൊഫ. സുശീൽ ഖന്ന സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിലെ പ്രധാനപ്പെട്ട ശിപാർശകൾ എന്തൊക്കെയാണെന്നും അതിന്റെ അടിസ്ഥാനത്തിൽ സർക്കാർ തലത്തിൽ ചർച്ചകൾ നടന്നിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ;

(സി) നഷ്ടത്തിൽ ഓടുന്ന സർവ്വീസുകൾ പുനഃക്രമീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) വർഷങ്ങളായി അനധികൃതമായി ജോലിക്ക് ഹാജരാകാത്ത ജീവനക്കാരോട് നിശ്ചിത തീയതിക്കകം ഡ്യൂട്ടിയിൽ പ്രവേശിക്കുവാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി):

(എ) കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് താഴെ ചേർത്തിരിക്കുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച് 10,000 രൂപയിൽ താഴെ വരുമാനമുള്ള സർവ്വീസുകളെ പുനഃക്രമീകരിക്കുന്ന പദ്ധതി ഇതിനോടകംതന്നെ ആരംഭിച്ചിട്ടുണ്ട്.

1255 ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിച്ചിട്ടുണ്ട്. ഇത്തരം പുനരുദ്ധാരണ പദ്ധതിക്ക് ജീവനക്കാരുടെ ഭാഗത്തുനിന്നും മികച്ച പിന്തുണ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനുംവേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് പരാതിക്കിടയാക്കാത്ത വിധത്തിൽ തുല്യനീതി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുള്ളത്.

യാത്രക്കാരെ ആകർഷിക്കുന്നതിന് പൊതുജനങ്ങൾക്ക് പണരഹിത ഇടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ട്രാവൽ കാർഡ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

സർക്കാരിന്റെ സ്ത്രീ സുരക്ഷാ നയത്തിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ രണ്ട് പിങ്ക് ബസുകൾ ഇതിനോടകംതന്നെ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്.

സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും കെ.എസ്.ആർ.ടി.സി.-യും ചേർന്ന് സ്ക്വാഡ് രൂപീകരിക്കുകയും ആയത് ഫലപ്രദമായി പ്രവർത്തിച്ചതുമൂലം കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർദ്ധിച്ചിട്ടുമുണ്ട്.

ദീർഘദൂര യാത്രക്കാരെ കൂടുതലായി കെ.എസ്.ആർ.ടി.സി. ബസുകളിലേക്ക് ആകർഷിക്കുന്നതിലേക്കും യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിലേക്കുമായി പുതിയതരം പുഷ്ബാക്ക് സീറ്റോടുകൂടിയ എയർ എക്സ്പ്രസ്സ് ബസുകളും സൂപ്പർ ഡീലക്സ് എയർ ബസുകളും നിരത്തിലിറക്കിയിട്ടുണ്ട്.

സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് കുറഞ്ഞ സമയംകൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ മിന്നൽ സർവ്വീസുകളെന്ന പേരിൽ പുതിയ തരം സർവ്വീസുകൾ ഇതിനോടകം ആരംഭിച്ചിട്ടുണ്ട്.

കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരമുള്ള വിവിധ അന്തർ സംസ്ഥാന റൂട്ടുകളിലേക്കും പുതിയ സർവ്വീസുകളും വാരാന്ത്യ പ്രത്യേക അന്തർ സംസ്ഥാന സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്.

വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് കൂടുതൽ ചെയിൻ സർവ്വീസുകൾ വിവിധ മേഖലകളിൽ ആരംഭിച്ചിട്ടുണ്ട്.

പഴക്കം ചെന്ന സൂപ്പർ ക്ലാസ്സ് ബസുകൾ മാറ്റുന്നതിലേക്കായും പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതിലേക്കുമായി 900 ബസുകൾ വാങ്ങുന്നതിനായി KIIFB ഫണ്ടിംഗ് ലഭ്യമാക്കുന്ന വിഷയം പരിശോധിച്ചുവരികയാണ്.

മെക്കാനിക്കൽ ജീവനക്കാരുടെ സമയക്രമം ബസുകൾ സർവ്വീസ് കഴിഞ്ഞു വരുന്ന സമയത്തിനനുസൃതമായി പുനഃക്രമീകരിച്ചതിലൂടെ ജോലി ചെയ്യുന്നതിന് വാഹനം ലഭിക്കാതെ ജീവനക്കാർ idle ചെയ്യുന്നത് ഒഴിവാക്കുന്നതിന് സാധിച്ചിട്ടുണ്ട്.

മെക്കാനിക്കൽ ജീവനക്കാരുടെ അദ്ധ്വാന ഭാരം കുറയ്ക്കുന്നതിനും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും Pneumatic impact wrench, Torque multiplier, Automatic tyre changer, Heavy duty portable cutting machine, Hydraulic trolley jack, Hydraulic floor jack മുതലായ ആധുനിക ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനുള്ള ദർഘാസ് നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.

മെക്കാനിക്കൽ വിഭാഗത്തിൽ Work norms പരിഷ്കരിച്ച് ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മ ഉറപ്പാക്കുന്നതിനും മനുഷ്യപ്രയത്നം കുറയ്ക്കുന്നതിനുമുള്ള നടപടികളുടെ ഭാഗമായി ഇതു സംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരളാ പ്രൊഡക്ടിവിറ്റി കൗൺസലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഫ്ലീറ്റ് യൂട്ടിലൈസേഷൻ നിലവിലുള്ളതിൽനിന്നും ദേശീയ ശരാശരിയിലേക്ക് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് മുന്നോടിയായി ജീവനക്കാരുടെ പൂർണ്ണമായ സഹകരണം ഉറപ്പുവരുത്തുന്നതിനുള്ള ശ്രമങ്ങൾ കൈക്കൊണ്ടിട്ടുണ്ട്.

സാമ്പത്തിക പുനഃക്രമീകരണത്തിന്റെ ഭാഗമായി ഇപ്പോൾ കൂടിയ പലിശനിരക്കിലും കുറഞ്ഞകാല തിരിച്ചടവിലും കെ.എസ്.ആർ.ടി.സി. എടുത്തിട്ടുള്ള വായ്പകൾ പൊതുമേഖല ബാങ്കുകളുടെ കൺസോർഷ്യത്തിലേക്ക് മാറ്റുവാനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതുപ്രകാരം കെ.എസ്.ആർടി.സി-ക്ക് വായ്പ തിരിച്ചടവിനത്തിൽ പ്രതിമാസം 45 കോടി രൂപ ലാഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) കെ.എസ്.ആർ.ടി.സി.-യിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയോഗിച്ചിട്ടുള്ള പ്രൊഫ. സുശീൽ ഖന്ന കോർപ്പറേഷന്റെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട ശിപാർശകൾ സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 1-4-2017-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കെ.എസ്.ആർ.ടി.സി.യുടെ അംഗീകൃത രജിസ്റ്റേഡ് തൊഴിലാളി സംഘടനാ നേതാക്കളുടെയും മാനേജ്മെന്റ് പ്രതിനിധികളുടെയും ഒരു യോഗം ചേരുകയും ടി ശിപാർശകളിലെ പ്രധാന കാര്യങ്ങൾ ചർച്ച ചെയ്യുകയും തൊഴിലാളി സംഘടനാ നേതാക്കളുടെ സഹകരണത്തിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന പ്രധാന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്:

വായ്പകളുടെ പുനഃക്രമീകരണം കൺസോർഷ്യം ബാങ്കുകളിലൂടെ നടപ്പിലാക്കാൻ തീരുമാനിച്ചു.

പുതിയ ബസുകളും റീ-പ്ലേയ്സ് ചെയ്യാനുള്ള ബസുകളും വാങ്ങുന്നതിന് 500 കോടി രൂപ കിഫ്ബിയിൽനിന്നും പ്രൊപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് അനുവദിക്കുന്നതാണ്.

മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് നിയമം അനുശാസിക്കുന്ന വിധം ഡ്യൂട്ടികൾ ക്രമീകരിക്കുവാൻ തീരുമാനിച്ചു.

(സി) ഉണ്ട്.

(ഡി) കെ.എസ്.ആർ.ടി.സി. ചീഫ് ഓഫീസിലെ 21-11-2016-ലെ ഇ.ഡി. (എ) 1101/2016 നമ്പർ മെമ്മോറാണ്ടം പ്രകാരം ജോലിക്ക് അനധികൃതമായി ഹാജരാകാത്ത ജീവനക്കാർക്ക് ജോലിക്ക് ഹാജരാകാൻ കർശന നിർദ്ദേശം നൽകുന്നതിനായി എല്ലാ യൂണിറ്റധികാരികളെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

**മണ്ണ് പര്യവേക്ഷണ - മണ്ണ് സംരക്ഷണ വകുപ്പ്**

14 (*133) ശ്രീ. മുഹമ്മദ് മുഹസിൻ പി.:
ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണ് പര്യവേക്ഷണ-മണ്ണ് സംരക്ഷണ വകുപ്പിന്റെ പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) പ്രസ്തുത വകുപ്പ് അടുത്ത ഒരു വർഷക്കാലം നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ മണ്ണിനെക്കുറിച്ചുള്ള ഡിജിറ്റൽ വിവരശേഖരണം ലഭ്യമാണോ; ഇല്ലെങ്കിൽ ആയത് തയ്യാറാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) മണ്ണ്, ജലം, ജൈവസമ്പത്ത് എന്നീ വിഭവത്രയങ്ങളുടെ സംരക്ഷണവും ശാസ്ത്രീയമായ വിവര ശേഖരണത്തിന്റെ അടിസ്ഥാനത്തിൽ അവയുടെ പരിപാലനവും വികസനവും ലക്ഷ്യമിട്ടുകൊണ്ടാണ് മണ്ണ് പര്യവേക്ഷണ-മണ്ണ് സംരക്ഷണ വകുപ്പ് പ്രവർത്തിക്കുന്നത്. വകുപ്പിനുകീഴിൽ മണ്ണ് സംരക്ഷണം, മണ്ണ് പര്യവേക്ഷണം എന്നീ വിഭാഗങ്ങളിലായി പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

സുസ്ഥിര കാർഷിക വികസനം ലക്ഷ്യമിട്ടുകൊണ്ട് മണ്ണ് സംരക്ഷണ വിഭാഗം സംസ്ഥാനത്തുടനീളം നീർത്തട അടിസ്ഥാനത്തിലും അല്ലാതെയുമുള്ള വിവിധ മണ്ണ-ജല സംരക്ഷണ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കിവരുന്നു. പ്രകൃതി വിഭവങ്ങളുടെ ശാസ്ത്രീയ വിവരശേഖരണം നടത്തി മണ്ണിന്റെ കഴിവുകൾ, പരിമിതികൾ എന്നിവ അപഗ്രഥിച്ച്, അതിന്റെ അടിസ്ഥാനത്തിൽ ഓരോ പ്രദേശത്തിന്റെയും സുസ്ഥിര വികസനത്തിനായുള്ള പദ്ധതി ആസൂത്രണത്തിന് ആവശ്യമായ വിവരങ്ങൾ മണ്ണ് പര്യവേക്ഷണ വിഭാഗം ലഭ്യമാക്കുന്നു.

(ബി) മണ്ണ് പര്യവേക്ഷണ - മണ്ണ് സംരക്ഷണ വകുപ്പ് അടുത്ത ഒരു വർഷക്കാലം വകുപ്പിന്റെ തുടർ പദ്ധതികളോടൊപ്പം കാർഷികോന്നമനം ലക്ഷ്യമിട്ടുകൊണ്ട് പ്രത്യേക കാർഷിക മേഖലകൾക്കായി വിവിധ അടിസ്ഥാന സൗകര്യ വികസന പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാനുദ്ദേശിക്കുന്നു. നബാർഡ് സഹായത്തോടെ നടപ്പിലാക്കുന്ന ആർ.ഐ.ഡി.എഫ്. പദ്ധതിയുടെ 19 മുതലുള്ള വിവിധ ഘട്ടങ്ങളിലെ പദ്ധതികളിലായി മണ്ണുജലസംരക്ഷണ പ്രവർത്തനങ്ങൾ അടുത്ത സാമ്പത്തിക വർഷവും തുടരുന്നതാണ്. ആർ.ഐ.ഡി.എഫ്.-ന്റെ വരുംഘട്ടങ്ങളിലും പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി പുതിയ പദ്ധതികൾ തയ്യാറാക്കിവരുന്നു. നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ വിശദവിവരങ്ങൾ അനുബന്ധം* ആയി ചേർത്തിട്ടുണ്ട്.

(സി) ലഭ്യമാണ്. ജില്ലാടിസ്ഥാനത്തിൽ സംസ്ഥാനമൊട്ടാകെയുള്ള ക്ഷിപ്ര മണ്ണു പര്യവേക്ഷണ വിവരശേഖരണം (Reconnaissance Soil Survey) ഡിജിറ്റൽ രൂപത്തിൽ വകുപ്പിൽ ലഭ്യമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വിഴിഞ്ഞം തുറമുഖ പദ്ധതി

15 (*134) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. ഇ. പി. ജയരാജൻ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരാറുകാരന് അമിതലാഭം ഉണ്ടാക്കി നൽകുക എന്ന ലക്ഷ്യത്തോടെ മുൻ സർക്കാർ വിഴിഞ്ഞം തുറമുഖ പദ്ധതി കരാർ നൽകിയതിൽ അഴിമതി നടത്തിയെന്ന കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ കണ്ടെത്തൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണ പ്രവർത്തനത്തെ ബാധിക്കില്ലെന്നും പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുമെന്നും ഉറപ്പാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ സർക്കാർ അന്വേഷണം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) തുറമുഖ പദ്ധതി വിജയകരമായി പൂർത്തിയാക്കുന്നതിനുവേണ്ടി, പദ്ധതിയുടെ ഭാഗമായി വീടും സ്ഥലവും തൊഴിലും നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാര-പുനരധിവാസ പാക്കേജ് സമയബന്ധിതമായി നടപ്പാക്കുമോ; ഇതിനായി ജനകീയ സമിതി രൂപീകരിക്കണമെന്ന പ്രദേശവാസികളുടെ ആവശ്യം പരിഗണിക്കുമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി):

(എ&ബി) കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പാർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. സി. എൻ. രാമചന്ദ്രൻ നായർ (റിട്ട. ഹൈക്കോടതി ജഡ്ജി) ചെയർമാനായും ശ്രീ. കെ. മോഹൻദാസ് ഐ.എ.എസ്. (റിട്ട), ശ്രീ. പി. ജെ. മാത്യൂ, ഐ.എ. & എ. എസ്. (റിട്ട) എന്നിവർ അംഗങ്ങളുമായുള്ള ഒരു ജൂഡീഷ്യൽ അന്വേഷണ കമ്മീഷനെ നിയമിച്ചിരിക്കുകയാണ്. 6 മാസമാണ് ഈ കമ്മീഷന്റെ കാലാവധി. കമ്മീഷന്റെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഈ വിഷയത്തിൽ ആവശ്യമായ തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്. കമ്മീഷന്റെ പ്രവർത്തനം തുറമുഖ നിർമ്മാണ പ്രവർത്തനത്തെ തടസ്സപ്പെടുത്താതെ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) വിഴിഞ്ഞം തുറമുഖ പദ്ധതിക്കായി വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് പുനരധിവാസത്തിനായി 5 സെന്റ് സ്ഥലവും മറ്റ് ആനുകൂല്യങ്ങളും നൽകിയിട്ടുണ്ട്. ഇനി ഏറ്റെടുക്കാനുള്ള ഭൂവുടമകൾക്കും സമാനമായ ആനുകൂല്യങ്ങൾ നൽകുന്നതാണ്. തുറമുഖ വികസനത്തിന്റെ ഭാഗമായി ഉപജീവനവും തൊഴിലും നഷ്ടപ്പെട്ട ആളുകളുടെ നഷ്ടപരിഹാരവും പുനരധിവാസവും സംബന്ധിച്ച് ആർ.ഡി.ഒ. ചെയർമാനായ ഉപജീവനാഘാത നിർണ്ണയ സമിതി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചിപ്പി, കരമടി, കട്ടമര തൊഴിലാളികൾക്കും റിസോർട്ട് ഉടമകൾക്കും തൊഴിലാളികൾക്കും പുനരധിവാസ പാക്കേജ് അനുവദിച്ച നൽകിയിട്ടുണ്ട്. പുനരധിവാസം സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ പരിശോധിക്കുന്നതിനും തൊഴിലാളികളുടെ അർഹത സംബന്ധിച്ച തർക്കങ്ങൾ പരിഹരിക്കുന്നതിനും മത്സ്യബന്ധന വകുപ്പിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് രൂപീകരിച്ചിട്ടുണ്ട്. ഈ യൂണിറ്റിന്റെ ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നിലവിലുള്ള അപേക്ഷകളിൽ തീരുമാനം കൈക്കൊള്ളുന്നതാണ്.

## കുടുംബശ്രീ യൂണിറ്റുകളുടെ ശാക്തീകരണം

16 (*135) ശ്രീമതി വീണാ ജോർജ്ജ്:
ശ്രീമതി യു. പ്രതിഭ ഹരി:
ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീ ശാക്തീകരണത്തിൻെറ പ്രധാന ഉപാധികളിലൊന്നായി മാറിയ കുടുംബശ്രീ യൂണിറ്റുകളുടെ ശാക്തീകരണത്തിനും വിപുലീകരണത്തിനുമായി ഈ സർക്കാർ ചെയ്ത കാര്യങ്ങൾ എന്തെല്ലാമെന്നറിയിക്കാമോ;

(ബി) സാമൂഹ്യപുനരുദ്ധാരണ രംഗത്ത് നടത്തുന്ന ഇടപെടലുകളോടൊപ്പം വരുമാനദായകമായ പുതിയ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും കുടുംബശ്രീ യൂണിറ്റുകൾക്ക് എത്രമാത്രം സാധ്യമായിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; മൈക്രോ സംരംഭങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വിപണന മേഖലകൾ വിപുലീകരിക്കുന്നതിനും നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(സി) കാർഷികോല്പാദനരംഗത്തും മൃഗപരിപാലന രംഗത്തും കുടുംബശ്രീ ഉണ്ടാക്കിയിട്ടുള്ള നേട്ടങ്ങൾ അറിയിക്കാമോ?

തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) കുടുംബശ്രീ മൈക്രോ സംരംഭ യൂണിറ്റുകളുടെ വിപുലീകരണത്തിനായി സർക്കാർ സംസ്ഥാന പ്ലാൻ ഫണ്ടിൽ 30 കോടി രൂപ അനുവദിച്ചു. പുതുതായി 3000 സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിലവിലുള്ള സംരംഭങ്ങളെ ശക്തിപ്പെടുത്തുന്നതിനും സ്ഥായിയായ വികസനം സാദ്ധ്യമാക്കുന്നതിനുമാണ് ടി തുക വിനിയോഗിക്കുന്നത്. കൂടാതെ സമാന സ്വഭാവമുള്ള സംരംഭങ്ങളെ ക്ലസ്റ്റർ സംവിധാനത്തലേക്ക് കൊണ്ടുവരുന്നതിനും ഉൽപ്പാദക കമ്പനികൾ ആരംഭിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി ജീവനം എന്ന പേരിൽ ഉപജീവന ക്യാമ്പെയ്ൻ സംസ്ഥാനത്തുടനീളം ആരംഭിച്ചിട്ടുണ്ട്.

(ബി) പരിശോധിച്ചിട്ടുണ്ട്. നിശ്ചിത ഇടവേളകളിൽ പദ്ധതികളുടെ അവലോകനവും പരിശോധനയും സംസ്ഥാനതലത്തിലും ജില്ലാതലത്തിലും നടത്തുന്നുണ്ട്. വിവിധതരം സാമ്പത്തിക സഹായമായി സൂക്ഷ്മ സംരംഭങ്ങൾക്ക് പലിശ സബ്സിഡി നൽകുന്നതിനായി 2.36 കോടി രൂപയും റിവോൾവിംഗ് ഫണ്ട് നൽകുന്നതിനായി 2 കോടി രൂപയും ടെക്നോളജി ഫണ്ട് നൽകുന്നതിനായി 1.87 കോടി രൂപയും ടെക്നോളജി അപ്ഗ്രേഡേഷൻ ഫണ്ട് നൽകുന്നതിനായി 2.49 കോടി രൂപയും ഇന്നവേഷൻ ഫണ്ട് നൽകുന്നതിനായി 1 കോടി രൂപയും സെക്കൻഡ് ഡോസ് അസിസ്റ്റൻസ് നൽകുന്നതിനായി 1.37 കോടി രൂപയും ഈ വർഷത്തെ പ്ലാൻ ഫണ്ടിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ സംരംഭങ്ങൾ സ്ഥിരമായി സന്ദർശിച്ച് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്ന മൈക്രോ എന്റർപ്രൈസസ് കൺസൾട്ടന്റ് (എം.ഇ.സി.) എന്ന പ്രൊഫഷണൽ സംവിധാനവും നിലവിലുണ്ട്.

ഒരേ തരത്തിലുള്ള സംരംഭങ്ങളെ ഒരു കുടക്കീഴിൽ കൊണ്ടുവന്ന് അവരുടെ നിലവാരം മെച്ചപ്പെടുത്തി വിപണി വികസിപ്പിക്കുന്നതിനുള്ള അവരുടെ കൂട്ടായ്മകൾ (കൺസോർഷ്യം/ഉൽപ്പാദക കമ്പനികൾ) രൂപീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ തീരപ്രദേശത്തുള്ളവരുടെ ഉപജീവനം ലക്ഷ്യം വച്ചുകൊണ്ട് പ്രത്യേക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തുവരുന്നു. കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ വിപണനം ശക്തിപ്പെടുത്താൻ മാസച്ചന്തകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 152 ബ്ലോക്കുകളിലും മാസച്ചന്തകൾ ക്രമമായി നടത്തുന്നതിന് സി.ഡി.എസ്.-കൾക്ക് ചുമതല നൽകുകയും അടിസ്ഥാന സൗകര്യത്തിന് ആവശ്യമുള്ള ഫണ്ടായി 3.42 കോടി രൂപ നൽകുകയും ചെയ്തിട്ടുണ്ട്. കുടുംബശ്രീയുടെ കഫേ, കാറ്ററിംഗ് യൂണിറ്റുകൾക്ക് കൂടുതൽ വരുമാനം ലഭിക്കുവാനായി എല്ലാ ജില്ലകളിലും ഫുഡ് ഫെസ്റ്റിവലുകൾ സംഘടിപ്പിക്കുവാൻ നിർദ്ദേശം നൽകുകയും ഓരോ ജില്ലയ്ക്കും

5,00,000 രൂപ വീതം ഫണ്ട് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഓണത്തോടനുബന്ധിച്ച് എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും എല്ലാ ജില്ലാ കേന്ദ്രങ്ങളിലും കുടുംബശ്രീ ഉൽപ്പന്ന പ്രദർശന വിപണന മേളകൾ സംഘടിപ്പിക്കുന്നതാണ്. ഇതിനുപുറമേ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ദേശീയ സരസ് മേള 2017 ആഗസ്റ്റ് 25 മുതൽ സെപ്റ്റംബർ 3 വരെ മലപ്പുറത്ത് നടത്തുകയാണ്. കുടുംബശ്രീ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിൽക്കുവാനുമായി എല്ലാ ജില്ലാ കേന്ദ്രങ്ങളിലും കുടുംബശ്രീ ബസാറുകൾ ഈ വർഷം ആരംഭിക്കുന്നതാണ്. ഈ വർഷം മികച്ച ഉൽപ്പന്നങ്ങൾ ഓൺലൈൻ മാർക്കറ്റിംഗിലും മറ്റ് ഇ-കൊമേഴ്സ് പോർട്ടലുകളിലും വൽപ്പനയ്ക്കായി ലഭിക്കത്തക്കവണ്ണം ഉൽപ്പന്നങ്ങളുടെ വിശദവിവരങ്ങൾ ഓൺലൈനിൽ ലഭ്യമാക്കുന്നതാണ്.

(സി) തരിശുഭൂമി കൃഷിക്ക് ഉപയുക്തമാക്കുന്നതിനും ജൈവകൃഷി പ്രോത്സാഹനത്തിനും സംസ്ഥാനത്തെ ഭക്ഷ്യ സ്വയംപര്യാപ്തമാക്കുന്നതിനും കുടുംബശ്രീ മിഷൻ സംഘകൃഷി ഗ്രൂപ്പുകൾ വഴി കൃഷി നടത്തിവരുന്നു. സംഘകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ജെ.എൽ.ജി. ഗ്രൂപ്പുകൾക്ക് പലിശരഹിത വായ്പ നൽകിവരുന്നു. ഇതുകൂടാതെ വിളവനുസരിച്ച് കാർഷിക ഇൻസെന്റീവും അനുവദിക്കുന്നുണ്ട്. നിലവിൽ കേരളത്തിൽ 43744 സംഘകൃഷി ഗ്രൂപ്പുകളായി 33457 ഹെക്ടർ ഭൂമിയിൽ കൃഷി ചെയ്യുന്നു. ഓണത്തിന് മുന്നോടിയായി സംഘടിപ്പിക്കുന്ന ഓണച്ചന്തകളിലൂടെ ടി സംഘകൃഷി ഗ്രൂപ്പുകൾ ഉൽപ്പാദിപ്പിക്കുന്ന 4000 ടൺ പച്ചക്കറികൾ വിപണനത്തിനായി ലക്ഷ്യമിടുന്നു. കർക്കിടക മാസത്തെ പ്രധാനവിഭവങ്ങളായ കർക്കിടകക്കഞ്ഞി, പത്തിലക്കറികൾ എന്നിവയും മറ്റ് നാടൻ വിഭവങ്ങളും പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിനായും കുടുംബശ്രീ കാറ്ററിംഗ് യൂണിറ്റുകൾക്ക് മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കുന്നതിനുമായി കുടുംബശ്രീ എത്തിക് ഫുഡ് ഫെസ്റ്റ് സംഘടിപ്പിക്കുന്നുണ്ട്.

സംഘകൃഷി ഗ്രൂപ്പുകൾക്ക് സാങ്കേതിക വിവരങ്ങൾ നൽകുന്നതിന്റെ ഭാഗമായി പരിശീലനങ്ങൾ നൽകിവരുന്നുണ്ട്. ഇതിനുപുറമെ ഹരിത കേരളം പദ്ധതിയുടെ ഭാഗമായി എം.കെ.എസ്.പി. പദ്ധതിയിലൂടെ 7287 ജലസ്രോതസ്സുകൾ ശുദ്ധീകരിക്കുകയും 6938 ഏക്കർ തരിശുസ്ഥലം ഏറ്റെടുത്ത് കൃഷി ചെയ്യുകയും ചെയ്തിട്ടുണ്ട്. "ഭക്ഷ്യസുരക്ഷയ്ക്ക് എന്റെ കൃഷി" എന്ന ആശയം കുടുംബശ്രീ കൂട്ടായ്മയിലൂടെ എല്ലാ അയൽക്കൂട്ടങ്ങളിലേക്കും എത്തിക്കുന്നതിനും അതുവഴി എല്ലാവരെയും തങ്ങൾക്ക് ആവശ്യമുള്ള പച്ചക്കറികൾ സ്വയം ഉൽപ്പാദിപ്പിക്കുന്നതിന് പ്രാപ്തരാക്കുന്നതിനുമായി 'ഭക്ഷ്യ സുരക്ഷാ ഭവനം' ക്യാമ്പെയ്ൻ കുടുംബശ്രീ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നു. 25 സെന്റുവരെ കൃഷി ചെയ്യുന്ന ഗ്രൂപ്പുകളായോ ഗ്രോ ബാഗുകളിൽ ചെറിയ അളവിൽ കൃഷി ചെയ്യുന്നവരുടെ ഗ്രൂപ്പുകളായോ ആയിരിക്കും പ്രവർത്തനമ്പർ ചിങ്ങം 1- ന് എല്ലാ സി.ഡി.എസ്.-ലും പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

മൃഗസംരക്ഷണ മേഖലയിൽ 2012-13, 2013-14, 2014-15, 2015-16 2016-17 കാലഘട്ടങ്ങളിൽ ആട്ടുഗ്രാമം, ക്ഷീരസാഗരം, മാംസോൽപ്പാദന പദ്ധതി, അടുക്കളത്തോട്ട-മുട്ടക്കോഴി പരിപാലനം എന്നീ പദ്ധതികൾക്കായി 25,51,16,250 രൂപ 23,776 ഗുണഭോക്താക്കൾക്ക് കുടുംബശ്രീക്ക് ലഭ്യമായ സംസ്ഥാന വിഹിതത്തിൽ പ്രാദേശിക സാമ്പത്തിക വികസന ശീർഷകത്തിൽ നിന്നും അനുവദിച്ചിട്ടുണ്ട്. മൃഗസംരക്ഷണ മേഖലയിലെ പ്രവർത്തനങ്ങൾ കൂടുതൽ ആളുകളിലേക്ക് എത്തിക്കുന്നതിനും മൃഗസംരക്ഷണ മേഖലയിലെ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ചെറുകിട സംരംഭകരെ ഏകോപിപ്പിക്കുന്നതിനും പദ്ധതി നടത്തിപ്പിനാവശ്യമായ സാമ്പത്തിക സഹായം നൽകുന്നതിനുമാണ് Support for Animal Husbandry Initiatives (SAHI) എന്ന പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ആദ്യ ഘട്ടത്തിൽ നിലവിൽ അയൽക്കൂട്ടാംഗങ്ങളും 2 കറവപ്പശുക്കളെങ്കിലുമുള്ള കർഷകരെ ഗ്രൂപ്പുകളാക്കി അവർക്ക് ആവശ്യമായ പ്രവർത്തന ഫണ്ട് കുറഞ്ഞ പലിശ നിരക്കിൽ കുടുംബശ്രീ സംഘടനാ സംവിധാനത്തിലൂടെ നൽകുകയാണ് ചെയ്യുന്നത്. ഒരു വാർഡിലെ ഒരു അയൽക്കൂട്ടത്തിൽ നിന്നോ ഒന്നിലധികം അയൽക്കൂട്ടങ്ങളിൽ നിന്നോ ഉള്ള 5 അംഗങ്ങളെ ഉൾപ്പെടുത്തിയാണ് കോമൺ ഇന്ററസ്റ്റ് ഗ്രൂപ്പ് (സി.ഐ.ജി.) രൂപീകരിക്കേണ്ടത്. കുറഞ്ഞത് 2 വർഷമെങ്കിലും പശുവളർത്തൽ മേഖലയിൽ പ്രവൃത്തിപരിചയമുള്ളവരും 2 കറവപ്പശുവെങ്കിലും ഉള്ളവർക്കുമാണ് ഈ ആനുകൂല്യം ലഭിക്കുന്നത്. ഒരു ഗ്രൂപ്പിന് 1,00,000 രൂപയാണ് 4% പലിശ നിരക്കിൽ കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ് ഫണ്ടായി അനുവദിക്കുന്നത്. ആദ്യഘട്ടത്തിൽ 100 സി.ഐ.ജി.കൾ രൂപീകരിച്ച് സി.ഐ.എഫ്. നൽകുവാനാണ് പദ്ധതി. സി.ഡി.എസ്.കൾ വഴിയാണ് സി.ഐ.എഫ്. വിതരണം ചെയ്യുന്നത്. ഇതുവഴി സി.ഡി.എസ്.കൾക്ക് സ്വയംപര്യാപ്തത കൈവരിക്കുവാനും സാധിക്കും.

**ഐ.സി.എ.ആർ. മാതൃകാ നിയമം**

17 (*136) ശ്രീ. കെ. കൃഷ്ണൻകുട്ടി:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. സി. കെ. നാണു:
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ കാർഷിക സർവ്വകലാശാലകൾക്കായി ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ (ഐ.സി.എ.ആർ.) നടപ്പിലാക്കിയ പൊതുനിയമം കേരള കാർഷിക സർവകലാശാല നടപ്പാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മാതൃകാനിയമം നടപ്പാക്കാത്ത പക്ഷം കേന്ദ്രസർക്കാരിന്റെ എല്ലാ സഹായങ്ങളും നിർത്തിവെക്കും എന്ന് അടുത്തിടെ കാർഷിക സർവ്വകലാശാല സന്ദർശിച്ച ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ അധികാരികൾ മുന്നറിയിപ്പ് നൽകിയിരുന്നോ; ഇതു സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ തീരുമാനിച്ചിട്ടുള്ളത്;

(സി) മാതൃകാനിയമം നടപ്പാക്കാതിരിക്കുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ്; ഇതു പരിഹരിക്കാൻ സർവ്വകലാശാല തലത്തിലും സർക്കാർ തലത്തിലും എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) വിവിധ കാർഷിക സർവ്വകലാശാലകൾക്കായി ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ (ഐ.സി.എ.ആർ.) തയ്യാറാക്കിയ പൊതുനിയമം (ഐ.സി.എ.ആർ. മാതൃകാ നിയമം) കേരള കാർഷിക സർവ്വകലാശാലയിൽ നടപ്പാക്കിയിട്ടില്ല.

(ബി) മാതൃകാനിയമം നടപ്പാക്കാത്ത പക്ഷം കേന്ദ്രസർക്കാരിന്റെ എല്ലാ സഹായങ്ങളും നിർത്തിവയ്ക്കുമെന്ന് ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിൽ നിന്ന് രേഖാമൂലമുള്ള അറിയിപ്പുകളൊന്നും ലഭിച്ചിട്ടില്ലെന്ന് കാർഷിക സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

(സി) കേരള നിയമസഭ പാസ്സാക്കിയ 1971-ലെ ആക്ട് 33 പ്രകാരമുള്ള കാർഷിക സർവ്വകലാശാല നിയമം (1971), ഐ.സി.എ.ആർ. മാതൃകാ നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമായി ഭേദഗതി ചെയ്യേണ്ടതുണ്ട് എന്നതാണ് ഐ.സി.എ.ആർ. മാതൃകാ നിയമം നടപ്പിലാക്കുക എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇതനുസരിച്ച് നിലവിലെ ജനറൽ കൗൺസിലിന്റെയും ഭരണസമിതിയുടെയും ഘടന മാറ്റേണ്ടതുണ്ട്.

1971-ലെ കാർഷിക സർവ്വകലാശാല ആക്ട് 33 അനുസരിച്ച് രൂപീകരിച്ചിട്ടുള്ള ജനറൽ കൗൺസിലാണ് നിലവിൽ കാർഷിക സർവ്വകലാശാലയുടെ ഭരണനിർവ്വഹണത്തിനായുള്ള പരമാധികാര സമിതി. ജനറൽ കൗൺസിലിൽ ജനപ്രതിനിധികളും വിവിധ വിഭാഗങ്ങളുടെ പ്രതിനിധികളുമായി 15 അംഗങ്ങളെ തെരഞ്ഞെടുപ്പിലൂടെയാണ് ഉൾപ്പെടുത്തുന്നത്. ഐ.സി.എ.ആർ. മാതൃകാ നിയമം അനുസരിച്ച് സർവ്വകലാശാല ഭരണ നിർവ്വഹണത്തിനായി വിഭാവനം ചെയ്തിട്ടുള്ള പുതിയ സമിതിയിൽ (ബോർഡ് ഓഫ് മാനേജ്മെന്റ്) ബഹു. ചാൻസിലറും സർക്കാരും സർവ്വകലാശാല വൈസ് ചാൻസിലറും നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങളും എക്സ് ഒഫിഷ്യോ അംഗങ്ങളും

മാത്രമാണുള്ളത്. തെരഞ്ഞെടുപ്പിലൂടെ ഉൾപ്പെടുത്തേണ്ട രീതിയിൽ (elected members) ജനപ്രതിനിധികളെയും വിവിധ മേഖലകളിൽ നിന്നുള്ള പ്രതിനിധികളെയും അംഗങ്ങളായി ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ആയതിന് ജനാധിപത്യ സ്വഭാവം ഇല്ലെന്ന കാരണത്താൽ കേരള കാർഷിക സർവ്വകലാശാലയുടെ ഭരണ സമിതിയുടെ (1-3-2014-ലെ 516-ാമത് യോഗം) ഐ.സി.എ.ആർ. മാതൃകാനിയമം കേരള കാർഷിക സർവ്വകലാശാലയിൽ നടപ്പാക്കരുതെന്ന് തീരുമാനമെടുത്തിട്ടുണ്ട്. ആയത് സർക്കാരിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

കേരള നിയമസഭ പാസ്സാക്കിയ 1971-ലെ ആക്ട് 33 പ്രകാരമുള്ള കാർഷിക സർവ്വകലാശാല നിയമം ഐ.സി.എ.ആർ. മാതൃകാ നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമായി ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച് സർക്കാർ തീരുമാനം എടുത്തിട്ടില്ല.

## റോഡ് ടാറിംഗിൽ പ്ലാസ്റ്റിക്

18 (*138) ശ്രീ. എൻ .എ. നെല്ലിക്കുന്ന്:

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:

ശ്രീ. ടി. എ. അഹമ്മദ് കബീർ:

ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലെ റോഡുകളുടെ ടാറിംഗിന് പ്ലാസ്റ്റിക്ക് ഉപയോഗപ്പെടുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അത് നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനായുള്ള പ്ലാസ്റ്റിക്ക് ശേഖരണ സംവിധാനം ഏപ്രകാരമാണെന്ന് വിശദമാക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന 10% റോഡ് പ്രവൃത്തികളിലെങ്കിലും 10% പ്ളാസ്റ്റിക് ഉപയോഗിക്കുന്നതിനും സൈസ് വ്യത്യാസം ഇല്ലാതെ ഷ്രെഡ്ഡഡ് പ്ളാസ്റ്റിക് ഉപയോഗിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) നിലവിൽ 154 ഗ്രാമപഞ്ചായത്തുകൾ റോഡ് പ്രവൃത്തികളിൽ ഷ്രെഡ്ഡഡ് പ്ലാസ്റ്റിക് ഉപയോഗിക്കുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

(സി) ക്ലീൻ കേരള കമ്പനി, പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ എന്നിവ മുഖേനയാണ് പ്ലാസ്റ്റിക് ലഭ്യമാക്കുന്നത്.

## മാലിന്യപ്രശ്ന പരിഹാരം

19 (*139) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യപ്രശ്നങ്ങൾക്ക് ഒരു ശാശ്വതപരിഹാരമെന്ന നിലയ്ക്ക് ഉറവിടത്തിൽത്തന്നെ മാലിന്യസംസ്കരണത്തിനുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; പ്രസ്തുത പദ്ധതികൾ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പ്ലാസ്റ്റിക് റീസൈക്കിൾ ഫാക്ടറികൾ സ്ഥാപിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ; ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്എന്ന് വെളിപ്പെടുത്താമോ;

(സി) ആധുനിക രീതിയിലുള്ള വികേന്ദ്രീകൃത മാലിന്യസംസ്കരണ പദ്ധതികൾ നടപ്പിലാക്കുമോ എന്നറിയിക്കാമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ഉണ്ട്.

സംസ്ഥാനത്ത് ഉറവിട മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

(1) ഗാർഹികതല ഉറവിട മാലിന്യ സംസ്കരണം: വീടുകളിൽ ഉറവിട മാലിന്യ സംസ്കരണം ഉറപ്പാക്കുന്നതിനായി ബയോഗ്യാസ് പ്ലാന്റുകൾ, വെർമി കമ്പോസ്റ്റ്, റിംഗ് കമ്പോസ്റ്റ്, പൈപ്പ് കമ്പോസ്റ്റ്, കിച്ചൺ ബിൻ കമ്പോസ്റ്റിംഗ് തുടങ്ങിയ സംവിധാനങ്ങൾ സ്ഥാപിക്കുന്ന പദ്ധതിയാണിത്. തദ്ദേശഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന കമ്പോസ്റ്റിംഗ്/ബയോഗ്യാസ് പ്രോജക്ടുകൾക്ക് 50% ഗുണഭോക്തൃ വിഹിതവും 50% സർക്കാർ സബ്സിഡിയും (ശുചിത്വ മിഷനും തദ്ദേശഭരണ സ്ഥാപനവും ചേർന്ന്) നൽകിവരുന്നു. നാളിതുവരെ സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ 1112 പ്രോജക്ടുകൾക്ക് സാങ്കേതിക അനുമതിയും അർഹമായ സാമ്പത്തിക സഹായവും ശുചിത്വ മിഷൻ മുഖേന നൽകിയിട്ടുണ്ട്. കൂടാതെ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും തനതു പ്രോജക്ടുകളും ഏറ്റെടുത്തിട്ടുണ്ട്.

(2) <u>കമ്മ്യൂണിറ്റിതല ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ</u>: വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിന് പ്രാധാന്യം നൽകാനും കേന്ദ്രീകൃത പ്ലാന്റിലേക്ക് എത്തുന്ന മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിനും ലക്ഷ്യമിട്ടിട്ടുള്ളതാണ് ഈ പദ്ധതി. ഗ്രാമപഞ്ചായത്തിലെ ഒരു വാർഡിലോ മാർക്കറ്റുപോലുള്ള പൊതു ഇടങ്ങളിലോ വികേന്ദ്രീകൃതമായ കമ്മ്യൂണിറ്റിതല ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കാവുന്നതാണ്. തുമ്പൂർമൂഴി മാതൃകയിലുള്ള ഫെറോ സിമന്റ് ബിന്നുകൾ, കൂടുതൽ ശേഷിയുള്ള ബയോഗ്യാസ് പ്ലാന്റുകൾ തുടങ്ങിയ സംവിധാനങ്ങൾ ഇതിനായി ഉപയോഗിച്ചുവരുന്നു. ഗ്രാമപഞ്ചായത്തുകളും നഗരസഭകളും തയ്യാറാക്കി നൽകുന്ന പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിലേക്ക് സർക്കാർ സഹായം നൽകുവാൻ കഴിയും. ഇവർക്ക് പ്ലാൻ ഫണ്ട്, തനതു ഫണ്ടുകൾ മാത്രം വകയിരുത്തിയും പ്രോജക്ടുകൾ ഏറ്റെടുക്കാം.

കൂടാതെ 2016-17 സാമ്പത്തിക വർഷത്തിൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും പ്ലാൻ ഫണ്ടിന്റെ 10% തുക മാലിന്യ സംസ്കരണ പ്രോജക്ടുകൾക്കായി വകയിരുത്തണമെന്ന് നിർദ്ദേശിച്ചിരുന്നു. 2017-18 സാമ്പത്തിക വർഷം മുതൽ നഗരസഭകൾ പ്ലാൻ ഫണ്ടിന്റെ 15 ശതമാനവും പഞ്ചായത്തുകൾ 10 ശതമാനവും തുക മാലിന്യ സംസ്കരണത്തിന് ഊന്നൽ നൽകി മാറ്റി വയ്ക്കുന്നതിനായി സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഡി.&ഒ. ലൈസൻസോടുകൂടി പ്രവർത്തിക്കുന്നതും ഭക്ഷണ പദാർത്ഥങ്ങൾ വിൽക്കുന്നതുമായ വിവിധ സ്ഥാപനങ്ങളിൽ മാലിന്യങ്ങൾ തരംതിരിച്ച് ജൈവമാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഉറവിടത്തിൽ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോ ബിൻ, എയറോബിക് ബിൻ, ബയോഗ്യാസ് എന്നിവപോലുള്ള അനുയോജ്യമായ സംവിധാനങ്ങൾ സജ്ജീകരിക്കുന്നത് സംബന്ധിച്ച് നിർദ്ദേശം നൽകിക്കൊണ്ട് 22-7-2017-ലെ സ.ഉ.(സാധാ)നമ്പർ 2511/17 തസ്വഭവ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്ലാസ്റ്റിക് മാലിന്യത്തിന്റെ പുനഃചംക്രമണം ഉറപ്പാക്കുന്നതിനുവേണ്ടി തദ്ദേശഭരണ സ്ഥാപനതലത്തിൽ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് ഉൾപ്പെടെ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റികൾ (എം.ആർ.എഫ്.) എല്ലാ തദ്ദേശഭരണ സ്ഥാപന തലങ്ങളിലും സ്ഥാപിക്കുക;

വിൽപ്പന സാധനങ്ങൾ 50 മൈക്രോണിൽ കുറയാത്ത പ്ലാസ്റ്റിക് ക്യാരിബാഗുകളിൽ മാത്രമേ വിതരണം ചെയ്യാൻ പാടുള്ളൂവെന്ന നിർദ്ദേശം; എക്സ്റ്റൻഡഡ് പ്രൊഡ്യൂസർ റെസ്പോൺസിബിലിറ്റി (ഇ.പി.ആർ.) ഉറപ്പാക്കാനുള്ള ശ്രമങ്ങൾ; ബ്രാൻഡ് ഓണർ, ഉൽപ്പാദകർ, ഡീലർമാർ എന്നിവർക്ക് ശിൽപ്പശാലകൾ; പ്ലാസ്റ്റിക് തരംതിരിച്ച് സംഭരണം, ശേഖരണം, പുനചംക്രമണത്തിന് കൈമാറ്റം, പുനചംക്രമണ വ്യവസായം എന്നിവയ്ക്കുവേണ്ട പശ്ചാത്തല സൗകര്യങ്ങൾ സൃഷ്ടിക്കുവാനുള്ള നിർദ്ദേശങ്ങൾ; റീസൈക്ലിംഗ് സാദ്ധ്യമല്ലാത്ത പ്ലാസ്റ്റിക് ഉപയോഗിച്ച് റോഡ് പണി നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ; തദ്ദേശഭരണ സ്ഥാപനതലങ്ങളിൽ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം; തദ്ദേശഭരണ പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായി സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി രൂപീകരണം; സുരക്ഷിതമായ പ്ലാസ്റ്റിക് മാലിന്യ സംസ്കരണത്തിനാവശ്യമായ വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ എന്നീ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

(സി) സംസ്ഥാനത്ത് സുരക്ഷിത മാലിന്യ സംസ്കരണം ഉറപ്പാക്കുന്നതിന് ശാസ്ത്രീയമായ എല്ലാ തരം വികേന്ദ്രീകൃത മാലിന്യ സംസ്കരണ പ്രവർത്തനങ്ങളും അതാതിന്റെ ഫീസിബിലിറ്റിയും വയബിലിറ്റിയും പരിശോധിച്ച ശേഷമായിരിക്കും ഇത്തരം പദ്ധതികൾ നടപ്പിലാക്കുക.

### ജൈവമാലിന്യ സംസ്കരണം

20 (*140) <u>ശ്രീ. സി. മമ്മൂട്ടി:</u>
<u>ശ്രീ. പി. ഉബൈദുള്ള:</u>
<u>ശ്രീ. ടി. വി. ഇബ്രാഹിം:</u>
<u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ വൻകിട ഹോട്ടലുകൾ, സ്ഥാപനങ്ങൾ, കശാപ്പുശാലകൾ എന്നിവിടങ്ങളിൽനിന്നുള്ള ജൈവമാലിന്യം ശേഖരിച്ച് സംസ്കരിക്കാത്തതു മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിലുള്ള മാലിന്യം ശേഖരിച്ച് സംസ്കരിക്കുന്നതിനായി പ്രത്യേക പദ്ധതി എന്തെങ്കിലും നിലവിലുണ്ടോ; വിശദമാക്കുമോ;

(സി) ഉറവിട മാലിന്യസംസ്കരണ സംരംഭം ഫലപ്രദമാകാത്തതിന്റെ കാരണങ്ങൾ വിശദമാക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ഉണ്ട്.

(ബി) ഇല്ല. 2012-ലെ മുനിസിപ്പാലിറ്റി ഭേദഗതി ആക്ടിലും കേന്ദ്ര പരിസ്ഥിതി, വനവും കാലാവസ്ഥാവ്യതിയാനവും വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള സോളിഡ് വേസ്റ്റ് റൂൾ 2016-ലും ഇത്തരം സ്ഥലങ്ങളിൽ ഉണ്ടാകുന്ന ജൈവമാലിന്യം ഉറവിടത്തിൽ സംസ്കരിക്കേണ്ടത് അവരവരുടെതന്നെ ഉത്തരവാദിത്തമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതിനനുസൃതമായി ജൈവ മാലിന്യം ഉറവിടത്തിൽത്തന്നെ സംസ്കരിക്കുന്നത് കർശനമാക്കുന്നതിനായി 22-7-2017-ലെ സ.ഉ.(സാധാ) നമ്പർ 2511/2017/തസ്വഭവ. പ്രകാരം ഉത്തരവായിട്ടുണ്ട്. എന്നാൽ ഫീൽഡ് തലത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഹരിത കർമ്മസേനയെ നിയമിക്കാനുള്ള അനുവാദം 15-7-2017-ലെ സർക്കാർ ഉത്തരവ് നമ്പർ 2420/2017/തസ്വഭവ. പ്രകാരം നൽകിയിട്ടുണ്ട്. ടി ഉത്തരവിൽ സ്ഥലക്കുറവോ പരിപാലന സൗകര്യക്കുറവോ ഉള്ള സ്ഥാപനങ്ങളിൽനിന്ന് ഹരിത കർമ്മസേന ദൈനംദിന ജൈവമാലിന്യം ശേഖരിച്ച് പൊതുസംവിധാനത്തിൽ എത്തിക്കാനുള്ള നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

(സി) പൊതുജനങ്ങൾക്ക് ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങളെ സംബന്ധിച്ച് കൃത്യമായ അറിവില്ലാത്തതാണ് ഇത് ഫലപ്രദമാകാത്തതിന്റെ പ്രധാന കാരണം.

**ഓണത്തിന് ഒരു മുറം പച്ചക്കറി**

21 (*141) ശ്രീ. റോജി എം. ജോൺ :
ശ്രീ. അനിൽ അക്കര :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണത്തിന് ഒരു മുറം പച്ചക്കറി എന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) എത്ര കുടുംബങ്ങളിലാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; ഇതിനായി എന്ത് തുക വകയിരുത്തിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) മികച്ച പച്ചക്കറിത്തോട്ടം തയ്യാറാക്കുന്ന ഗ്രൂപ്പിനും വീട്ടമ്മമാർക്കും സംസ്ഥാനതലത്തിൽ സമ്മാനം നൽകാൻ പദ്ധതിയുണ്ടോ; വിശദാംശം നൽകുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): (എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ 63 ലക്ഷം കുടുംബങ്ങളിലാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഈ പദ്ധതി നടത്തിപ്പിനായി 1375 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) ഉണ്ട്. ഏറ്റവും നല്ല പച്ചക്കറിത്തോട്ടം ഒരുക്കുന്ന വീട്ടമ്മമാർക്ക് ജില്ലാതലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനം ലഭിക്കുന്നവർക്ക് യഥാക്രമം 15,000 രൂപ, 7,500 രൂപ, 5,000 രൂപയും സംസ്ഥാനതലത്തിൽ യഥാക്രമം 1,00,000 രൂപ, 50,000 രൂപ, 25,000 രൂപയും അവാർഡായി നൽകുന്നു. ചുരുങ്ങിയത് 5 ഇനം പച്ചക്കറികളെങ്കിലും കൃഷി ചെയ്യുന്ന വീട്ടമ്മമാരെയാണ് അവാർഡിനായി പരിഗണിക്കുന്നത്. ഇതിനായി 5.6 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**കർഷകസൗഹൃദ കൃഷിഭവനുകൾ**

22 (*142) ശ്രീ. കെ. എം. ഷാജി :
ശ്രീ. പാറക്കൽ അബ്ദുല്ല :
ഡോ. എം. കെ. മുനീർ :
ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിഭവനുകളുടെ പ്രവർത്തനം കർഷകസൗഹൃദമാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ജൈവകൃഷിയിലേയ്ക്ക് കൂടുതൽ പേരെ ആകർഷിക്കുന്നതിനും അവരുടെ കാർഷിക ഉത്പന്നങ്ങൾക്ക് മതിയായ വിപണി ലഭിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ;

(സി) കൃഷിഭവനുകളെ കാർഷിക സേവന ഭവനങ്ങളാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) കൃഷിഭവനുകളുടെ പ്രവർത്തനം കർഷകസൗഹൃദമാക്കാൻ വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൃഷി ഭവനുകൾ രൂപീകരിച്ച് മുപ്പത് വർഷം പൂർത്തിയാകുന്നതു പ്രമാണിച്ച് കൃഷി ഭവനുകളെ കർഷക സേവന കേന്ദ്രങ്ങളായി ഉയർത്തുവാനും കൃഷി ഭവനുകളിലെ സേവനങ്ങളും പ്രവർത്തനങ്ങളും സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി കൃഷി ഭവനുകളിലെ പ്രവർത്തനങ്ങളിൽ സോഷ്യൽ ഓഡിറ്റിംഗ് നടത്തുവാനുമുള്ള ഒരുക്കങ്ങൾ നടന്നുവരുന്നു. കൃഷിഭവൻതല കാർഷിക

വികസന സമിതികൾ പുനഃസംഘടിപ്പിച്ച് കർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൃഷി ഉദ്യോഗസ്ഥർ കൃഷി സ്ഥലം സന്ദർശിച്ച് സാങ്കേതിക ഉപദേശം നൽകുന്നു. ബ്ലോക്കുതലത്തിൽ അഗ്രോ സർവ്വീസ് സെന്ററുകളും കൃഷി ഭവൻ തലത്തിൽ കാർഷിക കർമ്മസേനകളും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. വിള ഇൻഷുറൻസ് പദ്ധതികൾ കാലോചിതമായി പരിഷ്കരിച്ച് പുനരാവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(ബി) ജൈവകൃഷിയിലേക്ക് കൂടുതൽ കർഷകരെ ആകർഷിക്കുന്നതിനും അവരുടെ കാർഷിക ഉൽപ്പന്നങ്ങൾക്ക് മതിയായ വിപണി ലഭിക്കുന്നതിനുമുള്ള വിവിധ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. വിശദാംശങ്ങൾ അനുബന്ധമായി *ചേർത്തിരിക്കുന്നു.

(സി) ' എ ' പിരിവിൽ പ്രതിപാദിച്ചിട്ടുണ്ട്.

**സ്കൂൾ ബസുകളിൽ സ്പീഡ് ഗവേർണർ**

23 (*143) ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. എൻ. വിജയൻ പിള്ള :
ശ്രീ. ആന്റണി ജോൺ :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ ബസുകൾ നിരന്തരം അപകടത്തിൽപെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സാഹചര്യത്തിൽ അവരവരുടെ അധികാര പരിധിയിലുള്ള സ്കൂൾ ബസുകളുടെ പ്രവർത്തനക്ഷമത പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ആർ.ടി.ഒ.മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പരിശോധനയിൽ അപാകത കണ്ടെത്തുന്ന വാഹനഉടമകൾക്കെതിരെ എന്തെല്ലാം ശിക്ഷാനടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) എല്ലാ വർഷവും സ്കൂൾ തുറക്കുന്നതിന് മുമ്പുള്ള പതിവ് പരിശോധനയ്ക്ക് പുറമേ സ്കൂൾ വാഹനങ്ങളുടെ പ്രവർത്തനക്ഷമത കൃത്യമായ ഇടവേളകളിൽ പരിശോധിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഇ) അമിത വേഗംമൂലമുള്ള അപകടങ്ങൾ ഒഴിവാക്കുന്നതിന് സ്കൂൾ ബസുകളിൽ സ്പീഡ് ഗവേർണർ നിർബന്ധമാക്കുവാൻ നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി):

(എ) സ്കൂൾ ബസുകൾ അപകടത്തിൽപെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്കൂൾ വിദ്യാർത്ഥികളുടെ യാത്രാ സുരക്ഷയുമായി ബന്ധപ്പെട്ട് എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ/ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും സ്കൂൾ സമയങ്ങളിൽ പ്രത്യേക പരിശോധനാ സംഘങ്ങളെ നിയോഗിച്ച് പരിശോധനയും നിരീക്ഷണവും നടത്തുന്നതിലേക്കായി താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്:

1. അമിതമായി കുട്ടികളെ കുത്തിനിറച്ച് കൊണ്ടുപോകുന്ന സ്കൂൾ വാഹനങ്ങൾക്കെതിരെയും ഓട്ടോറിക്ഷ മുതലായ ഇതര വാഹനങ്ങൾക്കെതിരെയും കർശന നടപടി സ്വീകരിക്കുക.

2. സ്കൂൾ ബസുകൾ ഓടിക്കുന്ന ഡ്രൈവർമാർ നിർദ്ദിഷ്ട യോഗ്യതയും പരിചയവും ഉള്ളവരാണെന്ന് ഉറപ്പ് വരുത്തുക.

3. സ്വകാര്യ വാഹനങ്ങൾ എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസായി ഉപയോഗിക്കുന്നില്ല എന്ന് സ്കൂൾ പരിസരിസരത്തുതന്നെ പരിശോധന നടത്തി ഉറപ്പുവരുത്തുക.

4. സ്കൂൾ വാഹനങ്ങളിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ടെസ്റ്റിന് ശേഷവും ആവശ്യമായ ഉപകരണങ്ങളായ സ്പീഡ് ഗവേർണർ, എമർജൻസി എക്സിറ്റ്, അഗ്നിശമന ഉപകരണം എന്നിവ നിലവിലുണ്ടോ എന്ന് ഉറപ്പുവരുത്തുക.

5. സ്കൂൾ ബസുകളിൽ നിർബന്ധമായും ഡോർ അറ്റൻഡന്റ് ഉണ്ടെന്ന് ഉറപ്പ് വരുത്തുകയും ഇവർ സ്റ്റോപ്പുകളിൽ റോഡ് മുറിച്ചുകടക്കുന്നതിന് വിദ്യാർത്ഥികളെ സഹായിക്കുന്നുണ്ടെന്നും ഉറപ്പുവരുത്തുക.

6. വാഹനങ്ങളിൽ സ്കൂളിന്റെ ഫോൺ നമ്പർ, ചൈൽഡ് ലൈൻ നമ്പർ, വാഹനത്തിനുള്ളിൽ കുട്ടികളുടെ പേര് വിവരങ്ങളും അവരുടെ രക്ഷകർത്താക്കളുടെ ഫോൺ നമ്പരും അടങ്ങിയ ലിസ്റ്റ് മുതലായവ ഉണ്ടെന്ന് ഉറപ്പുവരുത്തുക.

(സി) മോട്ടോർ വാഹന നിയമ പ്രകാരം പരിശോധനയിൽ കണ്ടെത്തുന്ന ഗതാഗത നിയമ ലംഘനത്തിന്റെ ഗൗരവം അനുസരിച്ച് ഈടാക്കേണ്ട പിഴ ഈടാക്കുകയും വാഹനം ഓടിച്ചിരുന്ന ഡ്രൈവറുടെ ലൈസൻസ് സസ്പെൻഡ് ചെയ്യുക, വാഹനത്തിന്റെ പെർമിറ്റ് റദ്ദാക്കൽ മുതലായ ശിക്ഷാ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

(ഡി) സ്കൂൾ തുറക്കുന്നതിനുമുമ്പുള്ള പതിവു പരിശോധനകൾക്ക് പുറമേ അദ്ധ്യയന വർഷം ആരംഭിച്ചതിനുശേഷവും സ്കൂൾ വാഹനങ്ങളുടെ പ്രവർത്തനം പരിശോധിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരം വാഹനങ്ങളിൽ സ്പീഡ് ഗവേർണർ പ്രവർത്തനക്ഷമമാണോയെന്ന് പരിശോധിക്കുക, സീറ്റിംഗ് കപ്പാസിറ്റിയിലും കൂടുതലായി വിദ്യാർത്ഥികളെ കുത്തിനിറച്ചു കൊണ്ടുപോകുന്നുണ്ടോ എന്ന് പരിശോധിക്കുക, കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നുണ്ടോ എന്നു പരിശോധിക്കുക എന്നീ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.

(ഇ) എല്ലാ സ്കൂൾ ബസുകളിലും സ്പീഡ് ഗവേർണർ നിർബന്ധമാക്കിയിട്ടുണ്ട്. ഇതിന്റെ പ്രവർത്തനക്ഷമത വാഹന പരിശോധനാ സമയത്തും വാഹനങ്ങൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റിനായി ഹാജരാക്കുമ്പോഴും ഉദ്യോഗസ്ഥർ ഉറപ്പുവരുത്താറുണ്ട്.

**തുറമുഖ മേഖലയിൽ പരമ്പരാഗത മണൽ വാരൽ നയം**

24 (*144) <u>ശ്രീ. കെ. ആൻസലൻ:</u>
<u>ശ്രീ. ബി. സത്യൻ:</u>
<u>ശ്രീ. എം. രാജഗോപാലൻ:</u>
<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തുറമുഖമേഖലയിൽ പരമ്പരാഗത മണൽ വാരൽ (മാന്വൽ ഡ്രെഡ്ജിംഗ്) നയം രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) നിലവിൽ മാന്വൽ ഡ്രെഡ്ജിംഗ് നടത്തുന്നത് ആരാണെന്നും പുതിയ നയം പ്രാബല്യത്തിൽ വരുന്നതോടെ ഇത് ആരെ ഏൽപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ;

(ഡി) ഇപ്രകാരം ലഭിക്കുന്ന മണൽ, നിർമ്മാണ പ്രവർത്തനങ്ങൾക്ക് അതേപടി ഉപയോഗിക്കാൻ സാധ്യമല്ലാത്തതിനാൽ ഇത് ശുദ്ധീകരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി):

(എ&ബി) തുറമുഖ മേഖലയിൽ 9-2-2017-ലെ സ.ഉ.(കൈ) നമ്പർ 2/2017/മതുവ. ഉത്തരവുപ്രകാരം മാന്വൽ ഡ്രഡ്ജിംഗ് നയം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. തുറമുഖ പരിധിയിലെ തദ്ദേശവാസികളായ മണൽവാരൽ തൊഴിലാളികളെ ഉപയോഗിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മാന്വൽ ഡ്രഡ്ജിംഗ് നടത്തുന്നതിനാണ് ഈ നയം വിഭാവനം ചെയ്തിരിക്കുന്നത്. ഇത്തരത്തിൽ ഡ്രഡ്ജ് ചെയ്ത് ലഭിക്കുന്ന മണൽ സർക്കാർ നിശ്ചയിച്ച് നൽകിയിട്ടുള്ള വിലയ്ക്ക് തുറമുഖ വകുപ്പിന്റെ ഓൺലൈൻ സംവിധാനത്തിലൂടെ വിപണനം നടത്തുന്നതാണ്.

(സി) 31-3-2017 വരെ സഹകരണ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സഹകരണ സംഘങ്ങളാണ് തുറമുഖ പരിധിയിലെ മാന്വൽ ഡ്രഡ്ജിംഗ് നടത്തിയിരുന്നത്. 09-02-2017-ലെ സ.ഉ.(കൈ) നമ്പർ 2/2017/ മതുവ. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ സാമ്പത്തിക വർഷം മുതൽ അതത് തുറമുഖ പരിധിയിൽ വരുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ തദ്ദേശീയരായ മണൽവാരൽ തൊഴിലാളികളെ രജിസ്റ്റർ ചെയ്ത് അവർ മുഖാന്തിരം മാന്വൽ ഡ്രഡ്ജിംഗ് നടത്തുന്നതിനാണ് നിർദ്ദേശിച്ചിരിക്കുന്നത്. തുറമുഖ വകുപ്പിന്റെ ഓൺലൈൻ സംവിധാനത്തിലൂടെ വിൽപ്പന നടത്താനാണ് ഉത്തരവായിരിക്കുന്നത്.

(ഡി) മാന്വൽ ഡ്രഡ്ജിംഗിലൂടെ ലഭിക്കുന്ന മണൽ ശുദ്ധീകരിക്കുന്നതിന് വേണ്ടി ഓപ്പൺ ടെണ്ടർ മുഖാന്തരം കരാറുകാരെ കണ്ടെത്തുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കുന്നുണ്ട്. പൊന്നാനി തുറമുഖത്ത് പൊതുസ്വകാര്യ പങ്കാളിത്തത്തോടുകൂടി വ്യവസായികാടിസ്ഥാനത്തിൽ മണൽ ശുദ്ധീകരിക്കുന്നതിന് രാജധാനി മിനറൽസ് എന്ന സ്ഥാപനവുമായി സർക്കാർ കരാറിലേർപ്പെട്ടിട്ടുണ്ട്. രാജധാനി മിനറൽസിന്റെ മണൽ ശുദ്ധീകരണ ശാല 2017 മേയ് മാസം മുതൽ കുറ്റിപ്പുറം കിൻഫ്ര പാർക്കിൽ പ്രവർത്തനം ആരംഭിച്ചു.

**കുടുംബശ്രീയെ ശാക്തീകരിക്കൽ**

25 (*145) ശ്രീ. ഐ. ബി. സതീഷ് :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുടുംബശ്രീയെ ശാക്തീകരിക്കുന്നതിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളെ കുടുംബശ്രീയുടെ ഭാഗമാക്കുന്നതിന്റെ ഭാഗമായി, വയോജനങ്ങളുടെയും ഭിന്നശേഷിയുള്ളവരുടെയും ട്രാൻസ്ജൻഡർ വിഭാഗക്കാരുടെയും അയൽക്കൂട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഇതിന്റെ ഭാഗമായി ഇതരസംസ്ഥാന തൊഴിലാളികളുടെ അയൽക്കൂട്ടങ്ങൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) കുടുംബശ്രീ ഉത്പന്നങ്ങളുടെ വിപണനം ശക്തിപ്പെടുത്തുന്നതിനായി എല്ലാ ജില്ലകളിലും കുടുംബശ്രീ ബസാർ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) കുടുംബശ്രീ സംഘടനാ സംവിധാനം ശക്തിപ്പെടുത്തുന്നതിലേക്കുള്ള 'ദിശ 2017' ക്യാമ്പയിന്റെ ഭാഗമായുള്ള പ്രത്യേക അയൽക്കൂട്ട രൂപീകരണത്തിൽ വയോജനം, ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർ, ട്രാൻസ്ജെൻഡർ, അന്യസംസ്ഥാന തൊഴിലാളികൾ എന്നിങ്ങനെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളെ ഉൾക്കൊള്ളിച്ച് പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിച്ചു. ഇപ്രകാരം രൂപീകരിച്ച പ്രത്യേക അയൽക്കൂട്ടങ്ങൾക്ക് കോർപ്പസ് ഫണ്ട് നൽകുന്നതിനായി 4.50 കോടി രൂപ ഈ വർഷം വകയിരുത്തിയിട്ടുണ്ട്.

കുടുംബശ്രീ സംഘടനാ ശാക്തീകരണത്തിന്റെയും തദ്ദേശഭരണ സ്ഥാപനവുമായുള്ള സംയോജനം ശക്തിപ്പെടുത്തുന്നതിന്റെയും ഭാഗമായി തദ്ദേശ ഭരണ സ്ഥാപന അദ്ധ്യക്ഷന്മാർ, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ/ചെയർമാൻ, സി.ഡി.എസ്. ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവർക്ക് ഒരുമിച്ച് ദ്വിദിന പരിശീലനം ജില്ലാ അടിസ്ഥാനത്തിൽ 2017 ജൂലൈ 25 മുതൽ സംഘടിപ്പിച്ചുവരുന്നു. സി.ഡി.എസ്. ചെയർപേഴ്സൺമാർ, സബ് കമ്മിറ്റി അംഗങ്ങൾ, എ.ഡി.എസ്. ഭാരവാഹികൾ എന്നിവർക്ക് കുടുംബശ്രീ സംഘടനാ ശാക്തീകരണ പരിശീലനം സംഘടിപ്പിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. പ്രത്യേക അയൽക്കൂട്ടങ്ങളുടെ ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഇതര സംസ്ഥാന തൊഴിലാളികളുടെ അയൽക്കൂട്ടങ്ങൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിനകം എറണാകുളം ജില്ലയിൽ ഇതര സംസ്ഥാന തൊഴിലാളികളുടെ രണ്ട് അയൽക്കൂട്ടവും മലപ്പുറം, ഇടുക്കി എന്നീ ജില്ലകളിൽ ഓരോ അയൽക്കൂട്ടം വീതവും രൂപീകരിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. ജില്ലകളിൽ കുടുംബശ്രീ ബസാർ ആരംഭിക്കുന്നതിനുള്ള പ്രാരംഭഘട്ട പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കുടുംബശ്രീ ബസാറിനു വേണ്ടി 3.50 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത് (ഒരു ബസാറിന് 25 ലക്ഷം രൂപാ വീതം)

**മദ്യശാലകൾക്ക് എൻ.ഒ.സി.**

26 (*146) ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തീരാജ് ആക്ടിലെ 232-ാം വകുപ്പും നഗരപാലിക ആക്ടിലെ 232-ാം വകുപ്പും ഭേദഗതി ചെയ്തുകൊണ്ട് സർക്കാർ ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ഓർഡിനൻസ് പുറപ്പെടുവിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ;

(സി) പുതിയ മദ്യശാലകൾ തുറക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ എൻ.ഒ.സി. വേണമെന്ന വ്യവസ്ഥ ഒഴിവാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) മദ്യവില്പനശാലകൾ മാറ്റിസ്ഥാപിക്കുന്നതിനും എൻ.ഒ.സി. നിർബന്ധമാണെന്ന വ്യവസ്ഥ ഒഴിവാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) 1994- ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 232-ാം വകുപ്പ് ഭേദഗതി ചെയ്ത് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 447-ാം വകുപ്പ് ഭേദഗതി ചെയ്താണ് ഓർഡിനൻസ് പുറപ്പട്ടുവിച്ചിട്ടുള്ളത്.

(ബി) സംസ്ഥാനത്ത് ആകെ ഒരേ തരത്തിലുള്ള അബ്കാരി നയം നടപ്പിലാക്കുന്നതിനും നിലവിലുള്ള ലൈസൻസികളും പുതിയ അപേക്ഷകരും തമ്മിലുള്ള വിവേചനം അവസാനിപ്പിക്കുന്നതിനും കേരള പഞ്ചാത്ത് രാജ് ആക്ട്, കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവയുടെ ഭേദഗതി അനിവാര്യമായതിനാൽ ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നുള്ള എക്സൈസ് വകുപ്പിന്റെ ആവശ്യം പരിശോധിച്ചാണ് കേരള പഞ്ചായത്ത് രാജ് ആക്ട് 232-ാം വകുപ്പും കേരള മുനിസിപ്പാലിറ്റി ആക്ട് 447-ാം വകുപ്പും ഭേദഗതി ചെയ്ത് ഓർഡിനൻസ് പുറപ്പട്ടവിക്കാൻ തീരുമാനിച്ചത്.

(സി&ഡി) ഉണ്ട്. 2017-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ഓർഡിനൻസ്, 2017-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് എന്നിവ പ്രകാരം പുതിയ മദ്യശാലകൾ തുറക്കുന്നതിനും മാറ്റിസ്ഥാപിക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങളുടെ അനുമതി വേണമെന്ന വ്യവസ്ഥ ഒഴിവാക്കിയിട്ടുണ്ട്. സംസ്ഥാനത്താകെ ഒരേ തരത്തിലുള്ള അബ്കാരി നയം നടപ്പിലാക്കുന്നതിനും നിലവിലുള്ള ലൈസൻസികളും പുതിയ അപേക്ഷകരും തമ്മിലുള്ള വിവേചനം അവസാനിപ്പിക്കുന്നതിനും കേരള പഞ്ചായത്ത് രാജ് ആക്ട്, കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവയുടെ ഭേദഗതി അനിവാര്യമാണെന്നും ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നുമുള്ള എക്സൈസ് വകുപ്പിന്റെ ആവശ്യം പരിശോധിച്ചാണ് കേരള പഞ്ചായത്ത് രാജ് ആക്ട് 232-ാം വകുപ്പും കേരള മുനിസിപ്പാലിറ്റി ആക്ത് 447-ാം വകുപ്പും ഭേദഗതി ചെയ്ത് ഓർഡിനൻസ് പുറപ്പെട്ടവിച്ചത്.

**തീരദേശ കപ്പൽ ഗതാഗത പദ്ധതി**

27 (*147) ശ്രീ. പി. ടി. തോമസ്:
ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരദേശ കപ്പൽ ഗതാഗതപദ്ധതി നടപ്പാക്കി വരുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിവരിക്കുമോ;

(സി) സർവ്വീസ് നടത്തുന്ന കപ്പലുകൾക്ക് എന്തെല്ലാം ഇൻസെന്റീവുകളാണ് നൽകുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി):

(എ&ബി) സംസ്ഥാനത്ത് തീരദേശ കപ്പൽ ഗതാഗത പദ്ധതി നടപ്പാക്കി വരുന്നു. നിലവിൽ റോഡ്/റെയിൽ മാർഗ്ഗങ്ങളിലൂടെ കൈകാര്യം ചെയ്യുന്ന ചരക്ക് നീക്കത്തിന്റെ നല്ലൊരു ഭാഗം കേരളത്തിലെ ചെറുകിട തുറമുഖങ്ങളിലൂടെ കൈകാര്യം ചെയ്യുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. 2020-ഓടെ നിലവിൽ റോഡ്/റെയിൽ മാർഗ്ഗങ്ങളിലൂടെ കൈകാര്യം ചെയ്യുന്ന ചരക്ക് നീക്കത്തിന്റെ 40 ശതമാനവും 2030-ഓടെ 50 ശതമാനവും തീരദേശ കപ്പൽ ഗതാഗതംവഴി നടത്തുവാൻ ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നു. ഇതിലൂടെ റോഡ് ഗതാഗത മേഖലയിലെ തിരക്ക് കുറയ്ക്കുക, ചരക്ക് നീക്കത്തിന്റെ ചെലവ് കുറയ്ക്കുക, അന്തരീക്ഷ മലിനീകരണം കുറയ്ക്കുക, അപകടങ്ങൾ കുറയ്ക്കുക എന്നിവയും സാധിക്കുന്നതാണ്.

(സി) തീരദേശ കപ്പൽ ഗതാഗത പദ്ധതിയിലൂടെ കൈകാര്യം ചെയ്യുന്ന ചരക്കുകൾക്ക് ഒരു മെട്രിക് ടണ്ണിന് ഒരു കിലോമീറ്ററിന് ഒരു രൂപ നിരക്കിലും യാത്രക്കാരന് ഒരു കിലോമീറ്ററിന് ഒരു രൂപ നിരക്കിലും ഇൻസെന്റീവ് അനുവദിച്ചു വരുന്നുണ്ട്. തീരദേശ കപ്പൽ ഗതാഗതത്തിന് സഹായകരമാകുന്ന രീതിയിൽ കപ്പൽ നിർമ്മാണത്തിന് സാമ്പത്തിക സഹായം നൽകുന്ന കാര്യവും പരിഗണിച്ചുവരുന്നു. കൂടാതെ സർക്കാർ നിയന്ത്രണത്തിലുള്ള ചെറുകിട തുറമുഖങ്ങളിൽ ചരക്കുകൾ കൈകാര്യം ചെയ്യുന്നതിന് ഈടാക്കുന്ന ഹാൻഡ്ലിംഗ് ചാർജിൽ 50% ഇളവും അനുവദിച്ചിട്ടുണ്ട്.

**ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി**

28 (*148) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ഓണത്തിന് ഒരു മുറം പച്ചക്കറി' എന്ന പേരിൽ ഒരു പദ്ധതി നടപ്പാക്കുന്നുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; ഏതൊക്കെ ഏജൻസികളുമായി സഹകരിച്ചാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്; വിശദമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) ഉണ്ട്.

(ബി) പച്ചക്കറി വികസന പദ്ധതി 2017-18-ന്റെ ഭാഗമായിട്ടാണ് 'ഓണത്തിന് ഒരു മുറം പച്ചക്കറി ' എന്ന പദ്ധതി നടപ്പിലാക്കുന്നത്. ഓണത്തിന് വിഷരഹിതമായ പച്ചക്കറി വീട്ടുവളപ്പിൽ നിന്നുതന്നെ ലഭ്യമാക്കുവാൻ ഉദ്ദേശിച്ചാണ് 'ഓണത്തിന് ഒരു മുറം പച്ചക്കറി' എന്ന പദ്ധതി കൃഷി വകുപ്പ് നടപ്പിലാക്കുന്നത്. എങ്കിലും എല്ലാ വീടുകളിലും ഓണത്തിനുശേഷവും സ്ഥിരമായി അവരവർക്കാവശ്യമായ പച്ചക്കറികളും കിഴങ്ങുവർഗ്ഗങ്ങളും പഴവർഗ്ഗങ്ങളും ഇലക്കറികളും ഉൽപ്പാദിപ്പിക്കുവാനും അതുവഴി സംസ്ഥാനത്തെ പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തതയിലേക്കെത്തിക്കുക, ജൈവ പച്ചക്കറി കൃഷി ഒരു ജനകീയ സംരംഭം ആക്കുക എന്നതാണ് പ്രധാന ലക്ഷ്യം.

വി.എഫ്.പി.സി.കെ., ത്രിതല പഞ്ചായത്തുകൾ, ജനപ്രതിനിധികൾ, സഹകരണസംഘങ്ങൾ, കാർഷിക കർമസേന, അഗ്രോ-സർവ്വീസ് സെന്റർ, സന്നദ്ധ സംഘടനകൾ, മാധ്യമങ്ങൾ, കുടുംബശ്രീ തുടങ്ങിയ എല്ലാവരുടെയും സംയുക്ത സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്.

ഈ പദ്ധതിയിൻകീഴിൽ സംസ്ഥാനത്തെ 63 ലക്ഷം കുടുംബങ്ങൾക്ക് പച്ചക്കറി കൃഷിക്കായി വിത്തുകൾ, തൈകൾ, തൈകൾ നട്ടുപിടിപ്പിച്ച ഗ്രോ ബാഗുകൾ എന്നിവ നൽകുന്നു. വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും അഞ്ചിനം പച്ചക്കറി വിത്തുകൾ അടങ്ങിയ 40 ലക്ഷം പച്ചക്കറി വിത്തു പായ്ക്കറ്റുകൾ നൽകിയിട്ടുണ്ട്. കൂടാതെ വിവിധ മാധ്യമങ്ങൾ മുഖേനയും സന്നദ്ധ സംഘടനകൾ മുഖേനയും 17 ലക്ഷം പച്ചക്കറി വിത്തു പായ്ക്കറ്റുകളും വിതരണം ചെയ്യുന്നു. കൂടാതെ 45.45 ലക്ഷം പച്ചക്കറി തൈകളും കർഷകർക്ക് വിതരണം ചെയ്യുന്നു. പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച 37000 ഗ്രോ ബാഗ് യൂണിറ്റുകൾ വിതരണം ചെയ്യുന്നു. കൂടാതെ മുൻ വർഷങ്ങളിൽ നൽകിയ 75000 ഗ്രോ ബാഗ് യൂണിറ്റുകളിൽ വീണ്ടും കൃഷി ചെയ്യാനായി വിത്ത്, തൈകൾ മറ്റ് ഉൽപ്പാദന ഉപാധികൾ എന്നിവയും നൽകുന്നു. ഇതുവഴി ഓണക്കാലത്ത് ഓരോ വീട്ടിലും സ്വന്തമായി കൃഷി ചെയ്തെടുത്ത പച്ചക്കറി ഉപയോഗിക്കുവാൻ കഴിയും

പദ്ധതിയുടെ പ്രചരണ പരിപാടികളുടെ ചുമതല ഫാം ഇൻഫർമേഷൻ ബ്യൂറോ നിർവ്വഹിക്കുന്നു. ഈ പദ്ധതിയുടെ പ്രചരണാർത്ഥം ഒരു 'സ്ലോഗൻ' തയ്യാറാക്കുകയും ഇതിനോടൊപ്പം മന്ത്രിമാർ, സെലിബ്രിറ്റീസ്, ജനപ്രതിനിധികൾ എന്നിവരുടെ പ്രസ്താവനകളോടുകൂടിയ ശബ്ദരേഖ ഉള്ളടക്കം ചെയ്ത് റേഡിയോ, എഫ്.എം. റേഡിയോ, റെയിൽവേ ജിംഗിൾസ് മുതലായ മാധ്യമങ്ങൾ വഴി സംപ്രേക്ഷണം ചെയ്ത് പദ്ധതിക്ക് പ്രചാരണം നൽകിയിട്ടുണ്ട്. കൂടാതെ പ്രമുഖ പത്രമാധ്യമങ്ങൾ വഴിയും വിപുലമായ പ്രചാരണം നൽകിയിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കൽ

29 (*149) ശ്രീ. വി. എസ്. ശിവകുമാർ:

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:

ശ്രീ. എ. പി. അനിൽ കുമാർ:

ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. സർവ്വീസ് ഓപ്പറേഷൻ ശാസ്ത്രീയവും ലാഭകരവും ആക്കുവാൻ മാനേജ്മെന്റ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) സുശീൽഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി. നടപ്പാക്കിയ പരിഷ്കാരങ്ങളോട് ജീവനക്കാരുടെ സമീപനം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) തൊഴിൽ നിയമങ്ങൾ കാറ്റിൽ പറത്തി വികലമായ ഉത്തരവുകളാണ് കെ.എസ്.ആർ.ടി.സി. മാനേജ്മെന്റ് പുറത്തിറക്കുന്നത് എന്ന തൊഴിലാളി യൂണിയനുകളുടെ ആക്ഷേപം വസ്തുതാപരമാണോ എന്നറിയിക്കാമോ;

(ഡി) വരുമാനം വർദ്ധിപ്പിക്കുന്നതിനായി കെ.എസ്.ആർ.ടി.സി.യിലെ സംഘടനകൾ മാനേജ്മെന്റ് മുമ്പാകെ വച്ചിട്ടുള്ള നിർദ്ദേശങ്ങൾ അവരുമായി ചർച്ചചെയ്ത് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി):

(എ) കെ.എസ്.ആർ.ടി.സി.-യെ ലാഭകരമാക്കുന്നതിനായി നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച് 10,000 രൂപയിൽ താഴെ വരുമാനമുള്ള സർവ്വീസുകളെ പുനഃക്രമീകരിക്കുന്ന പദ്ധതി ഇതിനോടകംതന്നെ ആരംഭിച്ചിട്ടുണ്ട്.

1255 ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിച്ചിട്ടുണ്ട്. ഇത്തരം പുനരുദ്ധാരണ പദ്ധതിക്ക് ജീവനക്കാരുടെ ഭാഗത്തുനിന്നും മികച്ച പിന്തുണ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനുംവേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കിലോ മീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് പരാതിക്കിടയാക്കാത്തവിധത്തിൽ തുല്യനീതി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുള്ളത്.

യാത്രക്കാരെ ആകർഷിക്കുന്നതിന്റെയും പൊതുജനങ്ങൾക്ക് പണരഹിത ഇടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെയും ഭാഗമായി ട്രാവൽ കാർഡ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

സർക്കാരിന്റെ സ്ത്രീ സുരക്ഷാ നയത്തിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ രണ്ട് പിങ്ക് ബസുകൾ ഇതിനോടകംതന്നെ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്.

സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും കെ.എസ്.ആർ.ടി.സി. യും ചേർന്ന് സ്ക്വാഡ് രൂപീകരിക്കുകയും ആയത് ഫലപ്രദമായി പ്രവർത്തിച്ചതുമൂലം കെ.എസ്.ആർ.ടി.സി. യുടെ വരുമാനം വർദ്ധിച്ചിട്ടുമുണ്ട്.

ദീർഘദൂര യാത്രക്കാരെ കൂടുതലായി കെ.എസ്.ആർ.ടി.സി. ബസുകളിലേക്ക് ആകർഷിക്കുന്നതിലേക്കും യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിലേക്കുമായി പുതിയതരം പുഷ്ബാക്ക് സീറ്റോടുകൂടിയ എയർ എക്സ്പ്രസ്സ് ബസുകളും സൂപ്പർ ഡീലക്സ് എയർ ബസുകളും നിരത്തിലിറക്കിയിട്ടുണ്ട്.

സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് കുറഞ്ഞ സമയംകൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ മിന്നൽ സർവ്വീസുകളെന്ന പേരിൽ പുതിയ തരം സർവ്വീസുകൾ ഇതിനോടകം ആരംഭിച്ചിട്ടുണ്ട്.

കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരമുള്ള വിവിധ അന്തർ സംസ്ഥാന റൂട്ടുകളിലേക്കും പുതിയ സർവ്വീസുകളും വാരാന്ത്യ പ്രത്യേക അന്തർ സംസ്ഥാന സർവ്വീസുകളും ആരംഭിക്കുന്നതാണ്.

വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് കൂടുതൽ ചെയിൻ സർവ്വീസുകൾ വിവിധ മേഖലകളിൽ ആരംഭിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് മുന്നോടിയായി ജീവനക്കാരുടെ പൂർണ്ണമായ സഹകരണം ഉറപ്പുവരുത്തുന്നതിനുള്ള ശ്രമങ്ങൾ കൈകൊണ്ടിട്ടുണ്ട്.

പഴക്കം ചെന്ന സൂപ്പർ ക്ലാസ്സ് ബസുകൾ മാറ്റുന്നതിലേക്കായും പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതിലേക്കുമായി 900 ബസുകൾ വാങ്ങുന്നതിനായി KIIFB ഫണ്ടിംഗ് ലഭ്യമാക്കുന്ന വിഷയം പരിശോധിച്ചുവരികയാണ്.

മെക്കാനിക്കൽ ജീവനക്കാരുടെ സമയക്രമം, ബസുകൾ സർവ്വീസ് കഴിഞ്ഞു വരുന്ന സമയത്തിനനുസൃതമായി പുനഃക്രമീകരിച്ചതിലൂടെ ജോലി ചെയ്യുന്നതിന് വാഹനം ലഭിക്കാതെ ജീവനക്കാർ idle ചെയ്യുന്നത് ഒഴിവാക്കുന്നതിന് സാധിച്ചിട്ടുണ്ട്.

മെക്കാനിക്കൽ ജീവനക്കാരുടെ അദ്ധ്വാന ഭാരം കുറയ്ക്കുന്നതിനും ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനും Pneumatic impact wrench, Torque multiplier, Automatic tyre changer, Heavy duty portable cutting machine, Hydraulic trolley jack, Hydraulic floor jack മുതലായ ആധുനിക ഉപകരണങ്ങൾകൂടി വാങ്ങി നൽകുന്നതിനുള്ള ദർഘാസ് നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.

മെക്കാനിക്കൽ വിഭാഗത്തിൽ Wok norms പരിഷ്കരിച്ച് ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മ ഉറപ്പാക്കുന്നതിനും മനുഷ്യപ്രയത്നം കുറയ്ക്കുന്നതിനുമുള്ള നടപടികളുടെ ഭാഗമായി ഇതു സംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരളാ പ്രൊഡക്ടീവിറ്റി കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഫ്ലീറ്റ് യൂട്ടിലൈസേഷൻ നിലവിലുള്ളതിൽനിന്നും ദേശീയ ശരാശരിയിലേക്ക് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) പ്രൊഫ. സുശീൽ ഖന്നയുടെ പ്രാഥമിക ശിപാർശകളുടെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി. യിൽ നടപ്പാക്കിയ പരിഷ്കരണങ്ങളോട് തൊഴിലാളികൾക്ക് സമ്മിശ്ര പ്രതികരണമാണ് ഉണ്ടായിട്ടുള്ളത്.

(സി) വസ്തുതാപരമല്ല.

(ഡി) കാലാകാലങ്ങളായി കെ.എസ്.ആർ.ടി.സി.-യിലെ അംഗീകൃത-രജിസ്റ്റേർഡ് തൊഴിലാളി സംഘടനകൾ കോർപ്പറേഷന്റെ വരുമാന വർദ്ധനവിനും കാര്യക്ഷമമായ പ്രവർത്തനത്തിനും ഉതകുന്ന തരത്തിലുള്ള നിർദ്ദേശങ്ങൾ മാനേജ്മെന്റിന് സമർപ്പിക്കുകയും ആയവ സംഘടനാ പ്രതിനിധികളുമായുള്ള ചർച്ചകളുടെ അടിസ്ഥാനത്തിൽ കോർപ്പറേഷൻ നടപ്പിൽ വരുത്തുകയും ചെയ്തിട്ടുണ്ട്. തുടർന്നും ഇത്തരത്തിൽ തൊഴിലാളി സംഘടനകൾ സമർപ്പിക്കുന്ന നിർദ്ദേശങ്ങൾ അവരുമായി ചർച്ച ചെയ്ത് കോർപ്പറേഷനിൽ നടപ്പിലാക്കുന്നതാണ്.

## നവകേരളത്തിന് ജനകീയാസൂത്രണം

30 (*150) <u>ശ്രീ. എ. പ്രദീപ്കുമാർ:</u>
<u>ശ്രീ. എസ്. ശർമ്മ:</u>
<u>പ്രൊഫ. കെ. യു. അരുണൻ:</u>
<u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരളത്തിന് ജനകീയാസൂത്രണം എന്ന വികസനസന്ദേശം സാമൂഹ്യനീതിയിലധിഷ്ഠിതമായ പ്രാദേശികവികസനത്തിന് എത്രമാത്രം കരുത്തു പകർന്നിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പദ്ധതി നിർവഹണം കാര്യക്ഷമമാക്കുന്നതിനും അടിസ്ഥാന സാമൂഹ്യ-വികസന പ്രശ്നങ്ങൾ പരിഹരിക്കാൻ ലക്ഷ്യമാക്കുന്ന വികസന മിഷനുകൾ കാര്യക്ഷമമായി നടപ്പാക്കുന്നതിനും ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ എന്തെല്ലാമാണ്;

(സി) തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ പ്രധാന പ്രശ്നമായിരുന്ന അഴിമതി, സ്വജന പക്ഷപാതം, കെടുകാര്യസ്ഥത എന്നിവ അവസാനിപ്പിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ ):

(എ) പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് കേരളത്തെ വളർച്ചയുടെ ഒരു ഉയർന്ന പന്ഥാവിലേക്ക് എത്തിക്കുന്നതോടൊപ്പം സാമൂഹ്യനീതിയുടെയും പരിസ്ഥിതി സുരക്ഷയുടെയും ഉത്തമ മാതൃകയാക്കി മാറ്റാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. സാമൂഹ്യനീതിക്കും പ്രാദേശിക സാമ്പത്തിക വികസനത്തിനും ആവശ്യമായ പദ്ധതികൾ ജനപങ്കാളിത്തത്തോടെ രൂപം നൽകുന്നതിന് ജനകീയാസൂത്രണത്തിന് കഴിയുന്നുണ്ട്. ആസൂത്രണത്തിന്റെ വിവിധ ഘട്ടങ്ങളിൽ ജനപങ്കാളിത്തവും വിദഗ്ദ്ധരുടെ സേവനവും ഉറപ്പാക്കുന്നതിനുള്ള പിന്തുണാ സംവിധാനം ഒരുക്കിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനതലത്തിൽ ആസൂത്രണ സമിതികൾ, വർക്കിംഗ് ഗ്രൂപ്പുകൾ, സ്റ്റേക്ക് ഹോൾഡേഴ്സ് മീറ്റിംഗ്, ഗ്രാമസഭ, വികസന സെമിനാർ എന്നിങ്ങനെയുള്ള പദ്ധതി രൂപീകരണ പ്രക്രിയ ജനകീയാസൂത്രണം വ്യവസ്ഥ ചെയ്യുന്നുണ്ട്. ഇതിന്റെ ഭാഗമായി ഗുണമേന്മയുള്ള പ്രോജക്ടുകൾക്കും നൂതന പ്രോജക്ടുകൾക്കും രൂപം നൽകുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിയുന്നുണ്ട്.

(ബി) സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കാർഷിക വികസനം, ശുചിത്വം, മാലിന്യ സംസ്കരണം, ജലസംരക്ഷണം മുതലായവയുള്ള 'ഹരിത കേരളം' സമ്പൂർണ്ണ ഭവനപദ്ധതിയായ 'ലൈഫ് മിഷൻ', പൊതുവിദ്യാഭ്യാസവുമായി ബന്ധപ്പെട്ട 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' ആരോഗ്യ സംരക്ഷണ പരിപാടികൾക്കായുള്ള 'ആർദ്രം മിഷൻ' എന്നിവ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിയുമായി സംയോജിപ്പിച്ച് സമഗ്ര പരിപാടികളായി നടത്തണമെന്ന നിലയിൽ അതാത് തദ്ദേശഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന വികസനരേഖയിൽ ഉൾക്കൊള്ളിക്കണമെന്ന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(സി) ഉണ്ട്. ഇതിന്റെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങളിലെ അഴിമതി ഇല്ലാതാക്കുന്നതിന് ഫോർ ദ പീപ്പിൾ എന്ന ഓൺലൈൻ പരാതി പരിഹാര പരിപാടിക്ക് തദ്ദേശസ്വയംഭരണ വകുപ്പ് രൂപം നൽകിയിട്ടുണ്ട്. ഇതു കൂടാതെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുണ്ട്. അഴിമതി, സ്വജനപക്ഷപാതം, കെടുകാര്യസ്ഥത എന്നിവയിൽ ഏർപ്പെടുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### വിള ഇൻഷ്വറൻസ്

1 (1340) ശ്രീ. റോഷി അഗസ്റ്റിൻ:

ശ്രീ. മോൻസ് ജോസഫ്:

ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിള ഇൻഷ്വറൻസ് ഏതൊക്കെ വിളകൾക്കാണ് ഏർപ്പെടുത്തിയിരിക്കുന്നത് ; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) എല്ലാ കർഷകരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഏത് ഏജൻസിവഴിയാണ് ഇത് നടപ്പിലാക്കുന്നത്;വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) പ്രസ്തുത വിള ഇൻഷ്വറൻസിന്റെ എത്രശതമാനം സർക്കാർ വഹിക്കുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ മുഖ്യമായ എല്ലാ കാർഷിക വിളകൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തിയും നഷ്ടപരിഹാരത്തുക കാലാനുസൃതമായി വർദ്ധിപ്പിച്ചും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി 22-03-2017-ലെ സ.ഉ.(എം.എസ്.) നമ്പർ37/2017/കൃഷി പ്രകാരം പുനരാവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ടി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി *ചേർത്തിട്ടുണ്ട്.

പ്രധാനമന്ത്രി ഫസൽ ബീമ യോജന പദ്ധതി പ്രകാരം 2016-17 റാബി സീസണിൽ നെല്ല്, വാഴ, മരച്ചീനി എന്നീ വിളകൾക്കും കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി 2016-17 സീസണിൽ നെല്ല്, വാഴ, കുരുമുളക്, തെങ്ങ്, കമുക്, ഇഞ്ചി, മഞ്ഞൾ, ഏലം, പൈനാപ്പിൾ, കരിമ്പ് എന്നീ 10 വിളകൾക്കും റാബി സീസണിൽ നെല്ല്, വാഴ, കശുമാവ്, കരിമ്പ്, മാവ്, ശീതകാല പച്ചക്കറികൾ എന്നീ വിളകൾക്കും ഇൻഷ്വറൻസ് സംരക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്.

പ്രധാനമന്ത്രി ഫസൽ ബീമ യോജന വിള ഇൻഷ്വറൻസ് പദ്ധതിയിൽ പ്രകൃതിക്ഷോഭങ്ങൾ, രോഗ കീടങ്ങളുടെ ആക്രമണങ്ങൾ എന്നിവമൂലം പ്രഖ്യാപിത വിളകൾക്ക് അവയുടെ വിജ്ഞാപിത പ്രദേശങ്ങളിലുണ്ടാകുന്ന ഉൽപ്പാദന നഷ്ടത്തിന് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം വിളകൾക്ക് ദോഷമായി ഭവിക്കുന്ന അന്തരീക്ഷ താപനിലയിലുണ്ടാകുന്ന വ്യതിയാനങ്ങൾ, അധിവൃഷ്ടി, ശക്തമായ കാറ്റ്, തുടർ ദിവസങ്ങളിലുണ്ടാകുന്ന ശക്തമായ മഴ, വരൾച്ച, രോഗ കീടാക്രമണത്തിന് അനുയോജ്യമായ കാലാവസ്ഥാ സാഹചര്യങ്ങൾ എന്നിവയ്ക്കാണ് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നത്. ഓരോ വിജ്ഞാപിത പ്രദേശങ്ങളിലും സ്ഥാപിച്ചിട്ടുള്ള കാലാവസ്ഥാ നിലയങ്ങളിൽ രേഖപ്പെടുത്തുന്ന നിർദ്ദിഷ്ട കാലാവസ്ഥാ ഘടകങ്ങളുടെ തോതിനെ അടിസ്ഥാനമാക്കിയാണ് പദ്ധതിയിൽ ഇൻഷ്വർ ചെയ്ത വിളകൾക്ക് നഷ്ടപരിഹാരം തിട്ടപ്പെടുത്തുന്നത്.

കേരവൃക്ഷ ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഉൽപ്പാദനക്ഷമതയുള്ള തെങ്ങുകൾ നശിക്കുകയാണെങ്കിൽ കർഷകന് ഇൻഷ്വറൻസ് സംരക്ഷണം ലഭിക്കുന്നതാണ്.

(ബി) സർക്കാർ ഉത്തരവ് സ. ഉ. (എം.എസ്.) നമ്പർ37/2017/കൃഷി പ്രകാരം സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ ചേരുന്ന സംസ്ഥാനത്തെ മുഴുവൻ കർഷകർക്കും പുനരാവിഷ്കരിച്ച സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയുടെ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്.

കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കിവരുന്ന വിള ഇൻഷ്വറൻസ് പദ്ധതിയിൽ പാട്ടകൃഷി ചെയ്യുന്ന കർഷകർ ഉൾപ്പെടെ അതാത് സംസ്ഥാനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രഖ്യാപിത വിളകൾ ചെയ്യുന്ന എല്ലാ കർഷകർക്കും പദ്ധതിയുടെ പ്രയോജനം ലഭിക്കും.

2017-18 ഖാരിഫ് സീസണിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന പ്രധാനമന്ത്രി ഫസൽ ബീമ യോജന (PMFBY), കാലാവസ്ഥാ അധിഷ്ഠിത വിള ഇൻഷ്വറൻസ് (WBCIS) എന്നീ പദ്ധതികൾ അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കമ്പനി മുഖേനയാണ് നടപ്പിലാക്കുന്നത്.

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഇൻഷ്വർ ചെയ്യുന്ന തുകയുടെ 2 ശതമാനത്തിലധികം വരുന്ന പ്രീമിയത്തിന്മേൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ തുല്യമായി സബ്സിഡി നൽകുന്നു.

## പ്രത്യേക തൊഴിൽ ദാന പദ്ധതി

2 (1341) ശ്രീ. കെ. കൃഷ്ണൻകുട്ടി:
ശ്രീ. സി. കെ. നാണു:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1994-95 വർഷം ആവിഷ്കരിച്ച ഒരു ലക്ഷം യുവജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽ ദാന പദ്ധതിയിൽ മൊത്തം എത്ര രൂപ സർക്കാരിന്റെ കൈവശമുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് ഇപ്പോൾ എന്തെല്ലാം ആനുകൂല്യങ്ങൾ വിതരണം ചെയ്തുവരുന്നു; ഇവർക്കുള്ള ക്ഷേമ പദ്ധതികൾ എന്തെല്ലാം; വിശദമാക്കാമോ;

(സി) ഇവർക്കായി എന്തെങ്കിലും പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) 1994-95 വർഷം ആവിഷ്കരിച്ച ഒരു ലക്ഷം യുവജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽദാന പദ്ധതിയിൽ കൃഷി ഡയറക്ടറുടെ പേരിലുള്ള ടി.എസ്.ബി. അക്കൗണ്ടിൽ നാളിതുവരെ 92,07,88,940 രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ജില്ലകളിൽ തുക നിക്ഷേപിച്ചിട്ടില്ല.

(ബി) ഒരു ലക്ഷം യുവജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽദാന പദ്ധതി പ്രകാരമുള്ള ആനുകൂല്യ വിതരണം ആരംഭിച്ചത് ഈ സർക്കാർ അധികാരമേറ്റ ശേഷമാണ്.

1. പദ്ധതിയിലെ അംഗങ്ങൾ മറ്റ് തൊഴിൽ കിട്ടിപ്പോകുകയോ സ്വമേധയാ എന്നെങ്കിലും പദ്ധതി വിട്ട് പോകുകയോ ചെയ്താൽ 7,500 രൂപ ഇപ്പോൾ നൽകുന്നുണ്ട്.
2. പദ്ധതിയിൽ അംഗമായിരിക്കെ ശാരീരികമായോ മാനസികമായോ അവശത സംഭവിക്കുകയാണെങ്കിൽ 25,000 രൂപ ഒറ്റത്തവണ ആനുകൂല്യമായി നൽകിവരുന്നു.
3. പദ്ധതിയിലെ അംഗത്തിന് മരണം സംഭവിച്ചാൽ ടിയാന്റെ നോമിനിക്ക് 25,000 രൂപയും നൽകിവരുന്നു.
4. കാർഷിക മേഖലയുമായി ബന്ധപ്പെട്ട 60 വയസ്സ് വരെ തൊഴിലെടുക്കുന്ന പദ്ധതി അംഗത്തിന് 60 വയസ്സ് തികയുമ്പോൾ 30,000 രൂപ ഗ്രാറ്റുവിറ്റിയും പ്രതിമാസം 1,000 രൂപ പെൻഷനും നൽകിവരുന്നു.

2002 മുതൽ Human Resource Management സംസ്ഥാനാവിഷ്കൃത പദ്ധതി പ്രകാരം ഈ പദ്ധതിയിലെ അംഗങ്ങളെ സ്വാശ്രയ ഗ്രൂപ്പുകളാക്കി അതിൽനിന്നും മാസ്റ്റർ കർഷകരെ തെരഞ്ഞെടുത്ത് ബാച്ചുകളാക്കി പരിശീലനം നൽകിയിരുന്നു. കൂടാതെ ഈ പദ്ധതിയുടെ ഭാഗമായി ആർ.കെ.വി.വൈ. ധനസഹായത്തോടെ മിനി ഡയറി, വാഴകൃഷി യൂണിറ്റുകൾ, കോക്കനട്ട് നഴ്സറി എന്നീ പദ്ധതികൾ 2014-ൽ നടപ്പിലാക്കിയിരുന്നു. നിശ്ചിത ഫീസ് ഈടാക്കി മെഷീനിന്റെ മെയിന്റനൻസ് സംഘംതന്നെ ഏറ്റെടുക്കണമെന്ന നിബന്ധനയിൽ 2 കൊയ്ത്തുമെതി യന്ത്രങ്ങൾ കുട്ടനാട് പാക്കേജിൽനിന്നും ഒരു ലക്ഷം യുവ കർഷക സമിതി സംഘടനയുടെ പ്രസിഡന്റ് ശ്രീ. ബൈജുവിന്റെ നേതൃത്വത്തിലുള്ള ചേർത്തല താലൂക്കിൽ ലക്ഷം യുവജന സമിതിക്ക് 2015-ൽ നൽകിയിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**സീഡ് ഫാമുകൾ**

3 (1342) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ കീഴിൽ പാലക്കാട് ജില്ലയിൽ പ്രവർത്തിക്കുന്ന വിവിധ സീഡ് ഫാമുകളിൽ 2010 മുതൽ ഉത്പാദിപ്പിച്ച നെൽ വിത്തിന്റെ കണക്ക് ലഭ്യമാക്കാമോ;

(ബി) മേൽ സൂചിപ്പിച്ച കാലയളവിൽ എത്ര വിത്ത് കേരള സംസ്ഥാന സീഡ് അതോറിറ്റി ഓരോ വർഷവും സംഭരിച്ചിട്ടുണ്ട്;

(സി) ശരിയായ സംഭരണം നടക്കാത്തതുകൊണ്ട് ഏതൊക്കെ ഫാമുകളിൽ എത്ര ടണ്ണ് നെൽ വിത്ത് നഷ്ടപ്പെട്ടു എന്ന കണക്ക് ലഭ്യമാക്കാമോ;

(ഡി) ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കാൻ സർക്കാർ എന്തൊക്കെ മുൻകരുതലുകൾ എടുക്കാനാണ് ഉദ്ദേശിക്കുന്നതെന്നു വിശദമാക്കാമോ ?

**ഉത്തരം**

(എ) പാലക്കാട് ജില്ലയിലെ സീഡ് ഫാമുകളിൽ 2010 മുതൽ ഉൽപ്പാദിപ്പിച്ച നെൽവിത്തിന്റെ കണക്ക് ഇപ്രകാരമാണ്.

| വർഷം | ആകെ ഉൽപ്പാദിപ്പിച്ച നെൽവിത്ത് (കിലോഗ്രാം) |
|---|---|
| 2010-11 | 172080 |
| 2011-12 | 175005 |
| 2012-13 | 148029 |
| 2013-14 | 170326 |
| 2014-15 | 162322 |
| 2015-16 | 130988 |
| 2016-17 | 87086 |
| ആകെ | 1045836 |

(ബി) പാലക്കാട് ജില്ലയിലെ സീഡ് ഫാമുകളിൽ നിന്നും 2010 മുതൽ കേരള സംസ്ഥാന സീഡ് അതോറിറ്റി സംഭരിച്ച നെൽവിത്തിന്റെ അളവ് ഇപ്രകാരമാണ്.

| വർഷം | കെ.എസ്.എസ്.ഡി.എ. സംഭരിച്ച വിത്തിന്റെ അളവ് (കിലോഗ്രാം) |
|---|---|
| 2010-11 | 170402 |
| 2011-12 | 174181 |
| 2012-13 | 146460 |
| 2013-14 | 157890 |
| 2014-15 | 139800 |
| 2015-16 | 111370 |
| 2016-17 | 61920 |
| ആകെ | 962023 |

2016-17-ലുണ്ടായ രൂക്ഷമായ വരൾച്ചമൂലം നെൽവിത്തുൽപ്പാദനം ഈ ഘട്ടത്തിൽ കുറഞ്ഞുപോയിട്ടുള്ളതാണ്.

(സി) സംഭരണം നടക്കാത്തതിനാൽ നഷ്ടമായ നെൽവിത്തിന്റെ അളവ് വർഷം തിരിച്ച് ചുവടെ ചേർക്കുന്നു:

| സീഡ് ഫാം | വർഷം | നഷ്ടമായ വിത്ത് (കിലോഗ്രാം) |
|---|---|---|
| കോങ്ങാട് സീഡ് ഫാം | 2013-14 | 4400 |
| | 2014-15 | 8570 |
| | 2015-16 | 5173 |
| ആകെ | | 18143 |

(ഡി) ഗുണനിലവാരം ഉറപ്പാക്കി നെൽവിത്ത് യഥാസമയം സംഭരിക്കുന്നതിന് കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റിക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കർഷകർക്ക് വിത്ത് ഫാമുകളിൽനിന്നും നേരിട്ട് ജനറൽ സെയിൽ നടത്തിയും വിത്തു നഷ്ടമാകുന്നത് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**പുതിയ കൃഷി സമ്പ്രദായം**

4 (1343) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക രംഗത്ത് ഗവേഷണം നടത്തുന്ന എത്ര ഗവേഷണ സ്ഥാപനങ്ങൾ കേരളത്തിൽ ഉണ്ട്; ഇവ എവിടെയൊക്കെ എന്ന് ജില്ലതിരിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; ഇവിടെ ഓരോ സ്ഥലത്തും എത്ര ഉദ്യോഗസ്ഥർ ഉണ്ട്; ഇവരുടെ തസ്തിക വിവരവും എണ്ണവും വിശദമാക്കുമോ;

(ബി) കേരളത്തിന്റെ പരിമിതികൾ മനസ്സിലാക്കി, ഗവേഷകരുടെ വൈദഗ്ധ്യവും പൂർണ്ണപങ്കാളിത്തവും ഉറപ്പാക്കിക്കൊണ്ട് ഒരു പുതിയ കൃഷി സമ്പ്രദായം വികസിപ്പിച്ച് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഈ ഗവേഷണ സ്ഥാപനങ്ങൾ മുഖേന കാർഷിക രംഗത്ത് നാളിതുവരെ എന്തൊക്കെ മാറ്റം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന വസ്തുത വിവരിക്കുമോ?

<u>ഉത്തരം</u>

(എ) കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിച്ചുവരുന്ന 5 പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രങ്ങൾ, 18 ഗവേഷണ കേന്ദ്രങ്ങൾ, 6 കോളേജുകൾ എന്നിവവഴി ഗവേഷണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇതു കൂടാതെ കേന്ദ്രസർക്കാരിനുകീഴിലുള്ള സ്ഥാപനങ്ങളായ സി.പി.സി.ആർ.ഐ., സി.ടി.സി.ആർ.ഐ., ഐ.ഐ.എസ്.ആർ. എന്നിവയും സംസ്ഥാനത്ത് ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

ഗവേഷണ സ്ഥാപനങ്ങളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം* ആയി നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഓരോ ഗവേഷണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെ എണ്ണവും മറ്റ് വിശദാംശങ്ങളും അനുബന്ധം* ആയി നൽകിയിട്ടുണ്ട്.

(ബി) ഗവേഷകരുടെ വൈദഗ്ദ്ധ്യവും പൂർണ്ണപങ്കാളിത്തവും ഉറപ്പാക്കി പുതിയ കൃഷി സമ്പ്രദായങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനുള്ള ഗവേഷണ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്.

(സി) കാർഷിക രംഗത്തിന്റെ സമഗ്ര പുരോഗതി ലക്ഷ്യമാക്കിയുള്ള ഗവേഷണങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. കേരളത്തിലെ പ്രധാന വിളകൾ, ആവാസവ്യവസ്ഥകൾ എന്നിവയെ കേന്ദ്രീകരിച്ചുകൊണ്ടും സംസ്ഥാനത്തിന്റെ സാമൂഹ്യ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തുകൊണ്ടുമാണ് ഗവേഷണങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നത്. പ്രധാന വിളകളിലെ ഗവേഷണ നേട്ടങ്ങളും കാർഷികരംഗത്തുണ്ടായ മാറ്റങ്ങളും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം* ആയി നൽകിയിട്ടുണ്ട്.

## ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി

5 (1344) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി വിജയകരമാക്കുന്നതിന് ചേലക്കര നിയോജകമണ്ഡലത്തിൽ കൃഷിഭവനുകൾ മുഖേന എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്;

(ബി) ഈ പദ്ധതിയ്ക്കായി കർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നത്;

(സി) കൃഷി ചെയ്യുന്നതിന് ഏതെല്ലാം പച്ചക്കറികളെയാണ് മുഖ്യമായും തെരഞ്ഞെടുത്തിട്ടുള്ളത്; വിശദമാക്കാമോ?

### ഉത്തരം

(എ) ചേലക്കര നിയോജകമണ്ഡലത്തിലെ പഴയന്നൂർ, വടക്കാഞ്ചേരി ബ്ലോക്കുകളിലെ 9 പഞ്ചായത്തുകളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഓണത്തിന് ഒരുമുറം പച്ചക്കറി പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കൃഷി ഭവൻ തലത്തിൽ ഉദ്ഘാടനം നടത്തുകയും കർഷകർ, സ്കൂൾ വിദ്യാർത്ഥികൾ, സന്നദ്ധസംഘടനകൾ എന്നിവർക്ക് പദ്ധതിയെക്കുറിച്ച് വിശദീകരിക്കുകയും പരിശീലനങ്ങൾ നടത്തുകയും ചെയ്തു. കൂടാതെ കൃഷി ഭവൻ തലത്തിൽ സ്കൂളുകൾ തെരഞ്ഞെടുത്ത് പച്ചക്കറിത്തോട്ടം നിർമ്മിക്കുന്നതിനുള്ള ധനസഹായം നൽകുകയും ചെയ്തു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ കൃഷിഭവനുകളിലായി കർഷകർക്കും വിദ്യാർത്ഥികൾക്കും സന്നദ്ധ സംഘടനകൾക്കുമായി 33455 വിത്ത് പായ്ക്കറ്റുകളും 50000 പച്ചക്കറി തൈകളും വിതരണം ചെയ്തു. 5000 ഗ്രോ ബാഗുകൾ വിതരണം ചെയ്തിട്ടുണ്ട്. കഴിഞ്ഞ വർഷം വിതരണം ചെയ്ത 5000 ഗ്രോ ബാഗുകൾക്ക് ആവശ്യമായ തൈകൾ, വളം എന്നിവ നൽകിയിട്ടുണ്ട്. ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിയിലുൾപ്പെട്ട കർഷകർക്ക് തുടർന്നും വേണ്ട മറ്റ് സാങ്കേതിക നിർദ്ദേശങ്ങൾ കൃഷി ഭവനുകൾവഴി നൽകുന്നതാണ്.

(സി) വെണ്ട, പയർ, ചീര, വഴുതന, മുളക്, തക്കാളി എന്നീ പച്ചക്കറികളാണ് മുഖ്യമായും തെരഞ്ഞെടുത്തിട്ടുള്ളത്.

**നമ്മുടെ നെല്ല് നമ്മുടെ അന്നം പദ്ധതി**

6 (1345) <u>ശ്രീ. മുരളി പെരുനെല്ലി:</u>
<u>ശ്രീ. ആർ. രാജേഷ്:</u>
<u>ശ്രീ. പി. ഉണ്ണി:</u>
<u>ശ്രീ. സി. കെ. ശശീന്ദ്രൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽകൃഷിക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള 'നമ്മുടെ നെല്ല് നമ്മുടെ അന്നം' പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) ഒരു വർഷക്കാലം നെൽവർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ;

(സി) കരനെൽകൃഷിയുടെ വ്യാപനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) കുട്ടനാട്, ഓണാട്ടുകര, പൊക്കാളി, പാലക്കാട്, വയനാട്, കൈപ്പാട് തുടങ്ങിയ പ്രദേശങ്ങളിൽ നെൽകൃഷി വിപുലപ്പെടുത്തുന്നതിനായി പ്രത്യേക കാർഷിക മേഖലയായി പ്രഖ്യാപിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) നടപ്പിലാക്കിയിട്ടുണ്ട്. 'നമ്മുടെ നെല്ല് നമ്മുടെ അന്നം' പദ്ധതിയുടെ ഭാഗമായിട്ട് 2016 ആഗസ്റ്റ് (ചിങ്ങം 1) മുതൽ 2017 ആഗസ്റ്റ് (ചിങ്ങം 1) വരെ നെൽ വർഷമായി ആചരിക്കുന്നു.

(ബി) ഒരു വർഷക്കാലം നെൽ വർഷമായി ആചരിക്കുന്ന പദ്ധതിയുടെ ഭാഗമായി പദ്ധതിയധിഷ്ഠിതമായി 100 ഇന പരിപാടിയാണ് നടപ്പാക്കാൻ ആസൂത്രണം ചെയ്തിരുന്നത്. അതിൽനിന്നും മുൻഗണനാ ക്രമത്തിൽ തെരഞ്ഞെടുത്ത 10 ഘടകങ്ങൾക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ട് പദ്ധതികൾ നടപ്പാക്കുവാനാണ് ഉദ്ദേശിക്കുന്നത്. നെല്ലുൽപ്പാദനം, നെൽകൃഷിയും വിദ്യാഭ്യാസവും നെൽകൃഷിയും തൊഴിൽ ലഭ്യതയും, നെൽകൃഷിയും യുവാക്കളും നെൽകൃഷിയിലെ നൂതന സങ്കേതങ്ങൾ, നെൽകൃഷിയും പരിസ്ഥിതിയും സംസ്കരണവും വിപണനവും നെൽകൃഷിയും ടൂറിസവും നെൽകൃഷിയും കായിക വിനോദ മേഖലയും നെൽകൃഷിയും ആയൂർവേദവും നെൽകൃഷി മേഖലയുമായി ബന്ധപ്പെട്ട കലയും സംസ്കാരവും തുടങ്ങിയ 10 ഇനങ്ങൾക്കാണ് പ്രാധാന്യം നൽകിയിട്ടുള്ളത്.

(സി) സംസ്ഥാനത്ത് കരനെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2017-18 വർഷത്തിൽ അനുവദിച്ചിട്ടുള്ള തുകയ്ക്ക് ആസ്പദമായി 2560 ഹെക്ടർ സ്ഥലത്ത് കരനെൽകൃഷി ചെയ്യിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഹെക്ടറിന് 13,600 രൂപ സബ്സിഡി നൽകും. ആകെ 348.16 ലക്ഷം രൂപ ഈ പദ്ധതി നടത്തിപ്പിനായി വകയിരുത്തിയിട്ടുണ്ട്. 'ഓണത്തിനു മുറ്റത്തുനിന്നും ഒരു പറ നെല്ല്' എന്ന ആശയപ്രകാരം ഈ സീസണിൽ കരനെൽകൃഷി ചെയ്യുന്നതിന് പ്രത്യേക പ്രാധാന്യം നൽകിയിട്ടുണ്ട്.

(ഡി) 2017-18 വർഷം നെൽകൃഷിക്ക് അനുകൂല സാഹചര്യമുള്ളതും ഉൽപ്പാദന വർദ്ധനവിന് സാദ്ധ്യതയുള്ളതുമായ പ്രദേശങ്ങളായ കുട്ടനാട്, കോൾ, ഓണാട്ടുകര, പൊക്കാളി, പാലക്കാട്, വയനാട്, കൈപ്പാട് എന്നീ പ്രദേശങ്ങളെ പ്രത്യേക കാർഷിക മേഖല (Special Agricultural Zone)യായി പ്രഖ്യാപിച്ചു. അതിൽപ്പെടുത്തി നെൽകർഷകർക്ക് ഉപയുക്തമാംവിധം പദ്ധതിയധിഷ്ഠിതമായി ആനുകൂല്യങ്ങൾ നൽകാൻ ഉദ്ദേശിക്കുന്നു. 1200 ഹെക്ടർ സ്ഥലത്ത് പ്രത്യേക നെല്ലിനങ്ങളുടെ കൃഷി ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്.

### വി.എഫ്.പി.സി.കെ.

7 (1346) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം Vegetable and Fruit Promotion Council- ന് ഏതെല്ലാം പദ്ധതികൾ നടപ്പാക്കുന്നതിന് അനുമതി നൽകിയെന്ന് വിശദമാക്കുമോ; ഇവയിൽ ഓരോ പദ്ധതിക്കും എത്ര തുക വീതം അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) പച്ചക്കറി വികസനത്തിന് വി.എഫ്.പി.സി.കെ. എത്ര ക്ലസ്റ്ററുകൾ നടത്തുന്നുണ്ടെന്നും ഓരോ ക്ലസ്റ്ററിൽ നിന്നും ഉത്പ്പാദിപ്പിക്കുന്ന പച്ചക്കറിയുടെ അളവെത്രയെന്നും വ്യക്തമാക്കുമോ;

(സി) വി.എഫ്.പി.സി.കെ യുടെ പ്രവർത്തനങ്ങളെക്കുറിച്ച് എന്തെങ്കിലും വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ട് ലഭ്യമാക്കുമോ;

(ഡി) സംസ്ഥാനത്ത് ആരംഭിച്ച ഇക്കോഷോപ്പുകളിൽ എത്രയെണ്ണം തുറന്ന് പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;. അവ ഏതെല്ലാമാണെന്നും തുറന്നു പ്രവർത്തിക്കാത്തവ ഏതെല്ലമാണെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം മുഖേന നടപ്പിലാക്കാൻ അനുമതി നൽകിയ പദ്ധതികൾ താഴെ പറയുന്നു:

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ലഭിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| (1) | (2) | (3) |
| 1 | വി.എഫ്.പി.സി.കെ മുഖേന പച്ചക്കറി വികസനം (2016-17) | 600 |
| 2 | മണ്ണ് പരിശോധനാ ഫലം അടിസ്ഥാനമാക്കിയുള്ള ന്യൂട്രിയന്റ് ആപ്ലിക്കേഷൻ (2016-17) | 50 |
| 3 | നടീൽ വസ്തുക്കളുടെ ഉൽപ്പാദനവും വിതരണവും (2016-17) | 150 |
| 4 | മണ്ണ് പരിശോധനാ ലാബ് (2016-17) | 50 |
| 5 | വി.എഫ്.പി.സി.കെ മാർക്കറ്റുകളുടെ വികസനം (2016-17) | 700 |
| 6 | എറണാകുളം കെ.ബി.കെ വഴി ജൈവവളങ്ങളുടെ ഉൽപ്പാദനവും വിതരണവും (2016-17) | 72 |
| 7 | വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പച്ചക്കറി വിത്ത് വിതരണം (2016-17) | 108.75 |
| 8 | പി.ജി.എസ്. ഓർഗാനിക് സർട്ടിഫിക്കേഷൻ & സേഫ് ടു ഈറ്റ് പ്രൊഡക്ഷൻ - കാസർഗോഡ് (2016-17) | 70 |

| (1) | (2) | (3) |
|---|---|---|
| 9 | സമഗ്ര പച്ചക്കറി വികസന പദ്ധതി (2017-18) | 600 |
| 10 | ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉൽപ്പാദനവും വിതരണവും (2017-18) | 150 |
| 11 | സ്വാശ്രയ കർഷക സമിതികൾ വഴിയുള്ള വിപണനത്തിനായുള്ള ധനസഹായം (2017-18) | 700 |
| 12 | തൃശ്ശൂർ ജില്ലയിലെ 'സ്പെഷ്യൽ അഗ്രി സോൺ ഫോർ ബനാന' (2017-18) | 275 |
| 13 | ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി (2017-18) | 570 |
| 14 | മണ്ണ് പരിശോധനാലാബ് (2017-18) | 9 |

(ബി) വി.എഫ്.പി.സി.കെ ക്ലസ്റ്ററുകൾ നടത്തുന്നില്ല.

(സി) വി.എഫ്.പി.സി.കെ.-യുടെ പ്രവർത്തനങ്ങളെക്കുറിച്ച് കൗൺസിലിന്റെ വാർഷിക പൊതുയോഗത്തിലും വി.എഫ്.പി.സി.കെ. റിവോൾവിംഗ് ഫണ്ട് ട്രസ്റ്റ് യോഗങ്ങളിലും കൗൺസിൽ ബോർഡ് യോഗങ്ങളിലും വിലയിരുത്താറുണ്ട്.

(ഡി) സംസ്ഥാനത്ത് ജൈവകൃഷി പദ്ധതി പ്രകാരം 2016-17 സാമ്പത്തിക വർഷം അനുവദിച്ച 65 ഇക്കോഷോപ്പുകളിൽ 54 എണ്ണം തുറന്ന് പ്രവർത്തിക്കുന്നുണ്ട്. 11 എണ്ണം തുറന്ന് പ്രവർത്തിക്കാത്തവയാണ്. ഇവയുടെ ജില്ലതിരിച്ചുള്ള വിവരം അനുബന്ധമായി* ചേർക്കുന്നു.

### വി.എഫ്.പി.സി.കെ.-യുടെ നേതൃത്വത്തിൽ ജൈവ കൃഷി

8 (1347) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വി.എഫ്.പി.സി.കെ.യുടെ നേതൃത്വത്തിൽ നടത്തിവരുന്ന ജൈവ കൃഷിയുടെ വിശദാംശം നൽകുമോ;

(ബി) ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വി.എഫ്.പി.സി.കെ. എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ജൈവവളങ്ങളും ജൈവകീടനാശിനികളും ഉൽപാദിപ്പിക്കാനുള്ള സാങ്കേതിക പരിജ്ഞാനം കൃഷിക്കാർക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) സംസ്ഥാനത്ത് ജൈവകൃഷിക്ക് പ്രാധാന്യം നൽകുന്നതിനും പ്രാവർത്തികമാക്കുന്നതിനുമായി ജില്ലാതലത്തിൽ പ്രാദേശിക ഗ്രൂപ്പുകൾ രൂപീകരിക്കുകയും അവരെക്കൊണ്ട് കൃഷി ചെയ്യിച്ച് ഈ കൃഷിയിടങ്ങളെ ജൈവകൃഷിയിടങ്ങളായി സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്ന PGS (Participatory Guarantee System) നടപ്പിലാക്കുന്നതിനുള്ള നടപടികൾ വി.എഫ്.പി.സി.കെ.-യുടെ കീഴിൽ ആരംഭിച്ചു. വി.എഫ്.പി.സി.കെ.-യുടെ നേതൃത്വത്തിൽ വിവിധ ജില്ലകളിലായി ജൈവകൃഷിയോടു താൽപ്പര്യമുള്ള കർഷകരുടെ 213 ലോക്കൽ ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. 1500 കർഷകരോളം വരുന്ന ഈ സംഘങ്ങൾവഴി 725 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി നടപ്പിലാക്കിവരുന്നു.

(ബി) കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കുന്ന പി.ജി.എസ്. സർട്ടിഫിക്കേഷനും ജൈവ പച്ചക്കറി ഉൽപ്പാദനവും എന്ന പദ്ധതിവഴി കർഷകർക്ക് ജൈവ സർട്ടിഫിക്കേഷനും ജൈവ പച്ചക്കറി ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനുമുള്ള പ്രൊഡക്ഷൻ സബ്സിഡിക്കുമായി 70 ലക്ഷം രൂപ പദ്ധതി സഹായമായി ലഭ്യമാക്കിയിട്ടുണ്ട്. വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പ്രദർശനത്തോട്ടങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. രാസവളങ്ങളുടെയും കീടനാശിനികളുടെയും അനിയന്ത്രിതമായ ഉപയോഗംമൂലം ഉണ്ടാകുന്ന ദൂഷ്യഫലങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുവാൻ ക്യാമ്പെയിനുകളും പരിശീലന ക്ലാസ്സുകളും സംഘടിപ്പിച്ചുവരുന്നു. വി.എഫ്.പി.സി.കെ.-യുടെ കീഴിൽ പ്രവർത്തിച്ചുവരുന്ന കൃഷി ബിസിനസ്സ് കേന്ദ്രങ്ങൾ വഴി ജൈവവളങ്ങളും ജൈവവളർച്ചാ ത്വരകങ്ങളും ജൈവ കീടനാശിനികളും ഗുണമേന്മ ഉറപ്പു വരുത്തി കർഷകർക്ക് വിതരണം ചെയ്തുവരുന്നു. വീടുകളിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പച്ചക്കറിത്തൈകൾ നട്ടുപിടിപ്പിച്ച ഗ്രോ ബാഗുകൾ 30535 വീടുകളിൽ സ്ഥാപിച്ചിട്ടുണ്ട്. ജൈവകൃഷി പദ്ധതിയുടെ നടത്തിപ്പിനായി കൃഷി വകുപ്പ്, കേരള കാർഷിക സർവ്വകലാശാല, RCOF (Regional Centre for Organic Farming), RKVY, PKVY, National Mission For Sustainable Agriculture എന്നിവരുടെയെല്ലാം സേവനങ്ങൾ പ്രയോജനപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

(സി) ജൈവവളങ്ങളായ മണ്ണിര കമ്പോസ്റ്റ്, ഇ.എം. (effective micro organisms) കമ്പോസ്റ്റ്, NCOF (National Centre for Organic Farming) കമ്പോസ്റ്റ് എന്നിവ വി.എഫ്.പി.സി.കെ. ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ കർഷകരെക്കൊണ്ട് വിവിധ ജില്ലകളിൽ ഉൽപ്പാദിപ്പിക്കുന്നുണ്ട്. ജൈവകീടനാശിനി ഉൽപ്പാദിപ്പിക്കുന്നതിനുള്ള പരിശീലനങ്ങളും നൽകിയിട്ടുണ്ട്.

## ജൈവ കൃഷി പ്രോത്സാഹിപ്പിക്കൽ

9 (1348) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) സർക്കാർ മേൽനോട്ടത്തിൽ ജൈവ സൂപ്പർ മാർക്കറ്റുകളും ഫെയറുകളും സംഘടിപ്പിക്കുന്നത് പരിഗണിക്കുമോ ;

(സി) ജൈവ കൃഷി ചെയ്യുന്ന കർഷകർക്ക് സാമ്പത്തിക ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ജൈവ കാർഷിക നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരളത്തെ ജൈവകാർഷിക സംസ്ഥാനമായി മാറ്റുന്നതിന് ഘട്ടംഘട്ടമായിട്ടുള്ള ജൈവ കാർഷിക പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. 2016-17-ൽ നടപ്പിലാക്കിയ സംസ്ഥാനാവിഷ്കൃത പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

(1) ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ:

കേരളത്തിലെ 14 ജില്ലകളിൽ ഉത്തമ കൃഷിമുറകൾ (ജി.എ.പി.) പാലിച്ചുകൊണ്ട് സുരക്ഷിതമായ പഴം, പച്ചക്കറികൾ ഉൽപ്പാദിപ്പിക്കുന്നതിനായി 407 ക്ലസ്റ്ററുകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുകയും ഒരു ഹെക്ടറിന് 3000 രൂപ നിരക്കിൽ ക്ലസ്റ്ററുകൾക്ക് ധനസഹായം നൽകുകയും ചെയ്തു. ഈ ക്ലസ്റ്ററുകളിൽ നിന്നുള്ള ഉൽപ്പന്നങ്ങൾ ജി.എ.പി. സർട്ടിഫിക്കേഷൻ നൽകി നിർദ്ദിഷ്ട ലോഗോയിൽ "കേരള ഓർഗാനിക്" എന്ന ലേബലിൽ കൃഷി വകുപ്പ് വിപണനം നടത്തി വരുന്നു.

(2) ജൈവവള നിർമ്മാണ യൂണിറ്റ്:

കർഷകരുടെ കൃഷിയിടങ്ങളിൽത്തന്നെ ജൈവവളം ഉൽപ്പാദിപ്പിക്കുന്നതിനായി 1622 റൂറൽ കമ്പോസ്റ്റ് യൂണിറ്റും 1352 മണ്ണിര കമ്പോസ്റ്റ് യൂണിറ്റും നിർമ്മിച്ചു. റൂറൽ കമ്പോസ്റ്റ് യൂണിറ്റ് ഒന്നിന് 5,000 രൂപ വീതവും മണ്ണിര കമ്പോസ്റ്റ് യൂണിറ്റിന് 7,500 രൂപ വീതവും ധനസഹായം നൽകിവരുന്നു.

(3) ഇക്കോഷോപ്പുകൾ:

ജൈവ പച്ചക്കറി വിപണനം നടത്തുന്നതിനായി കേരളത്തിലെ എല്ലാ ജില്ലകളിലുമായി 65 ഇക്കോ ഷോപ്പുകൾ സ്ഥാപിച്ചു. ഉത്തമ കൃഷിമുറകൾ പാലിച്ചു കൃഷി ചെയ്യുന്ന ഉൽപ്പന്നങ്ങൾ "കേരള ഓർഗാനിക്" എന്ന ലേബലിൽ ജി.എ.പി. സർട്ടിഫിക്കേഷനോടുകൂടി ഇക്കോ ഷോപ്പ് മുഖാന്തിരം വിൽപ്പന നടത്തുന്നതിന് കിലോക്ക് 5 രൂപ നിരക്കിൽ കർഷകർക്ക് പ്രോത്സാഹന തുക നൽകിവരുന്നു.

(4)ജൈവ ഉൽപ്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം:

ജി.എ.പി. ക്ലസ്റ്ററുകളിലെ കർഷകരിൽനിന്നും പച്ചക്കറികളും പഴവർഗ്ഗങ്ങളും സംഭരിച്ച് ഗ്രേഡിംഗ്, പാക്കിംഗ് മുതലായവ നടത്തി നഗരസഭകളിലും മുനസിപ്പാലിറ്റികളിലുമുള്ള റെസിഡന്റ്സ് അസോസിയേഷൻ മുഖേന വിൽപ്പന നടത്തുന്നതിന് 18 ക്ലസ്റ്ററുകൾക്ക് 3 ലക്ഷം രൂപ വീതം ധനസഹായം നൽകുകയുണ്ടായി.

(5) ജൈവകാർഷിക മണ്ഡല അവാർഡുകൾ:

ജൈവകൃഷിയിൽ മികച്ച പ്രവർത്തനം നടത്തുന്ന നിയോജകമണ്ഡലം, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ, ഗ്രാമപഞ്ചായത്തുകൾ എന്നിവയ്ക്ക് അവാർഡ് നൽകുന്നതിനായി 123 ലക്ഷം രൂപ ചെലവഴിച്ചു.

(6) ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ:

കൃഷി ഭവൻ തലത്തിൽ ജൈവ ക്ലസ്റ്ററുകൾ രൂപീകരിച്ച് ജൈവകൃഷി പ്രോത്സാഹന പ്രവർത്തനം നടത്തിവരുന്നു.

(7) ജൈവകാർഷിക മണ്ഡല അവാർഡുകൾ:

ജൈവകൃഷി വ്യാപനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനതലത്തിൽ ജൈവകൃഷി വ്യാപനത്തിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന മൂന്ന് നിയോജകമണ്ഡലങ്ങൾക്കും മൂന്ന് മുനിസിപ്പാലിറ്റികൾക്കും സംസ്ഥാനതലത്തിൽ ഒരു കോർപ്പറേഷനും ജൈവകൃഷിയിലേക്ക് മാറിയിട്ടുള്ള ജില്ലയിലെ മൂന്ന് മികച്ച പഞ്ചായത്തുകൾക്കും ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നൽകുന്നു.

8) <u>സേഫ് റ്റു ഈറ്റ്:</u>

സംസ്ഥാന സർക്കാരിന്റെ "സേഫ് റ്റു ഈറ്റ്" എന്ന പദ്ധതി പ്രകാരം വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലാബ് മുഖേന മാർക്കറ്റിൽനിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന നടത്തി വിവരം പരസ്യപ്പെടുത്തുന്നുണ്ട്. കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in-ലും കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ്സൈറ്റിലും പരിശോധനാഫലം പരസ്യപ്പെടുത്തുന്നതുവഴി ഉപഭോക്താക്കൾക്ക് ഉൽപ്പന്നങ്ങളുടെ ഗുണനിലവാരത്തെ സംബന്ധിച്ച വിവരം ലഭിക്കും. ഇപ്രകാരമുള്ള പരിശോധനാഫലം 3 മാസത്തിലൊരിക്കൽ പ്രസിദ്ധീകരിക്കുന്നുണ്ട്.

(9) <u>ഇക്കോ ഷോപ്പുകൾ</u>

ജൈവ കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് മതിയായ വില ലഭിക്കുന്നതിന് ഇക്കോ ഷോപ്പുകൾ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ഉത്തമ കൃഷി മുറകൾ പാലിച്ചു കൊണ്ട് ഉൽപ്പാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങൾക്ക് 20% അധിക വില ഇക്കോ ഷോപ്പുകൾ വഴി വിപണനം ചെയ്യുമ്പോൾ കർഷകന് ലഭിക്കുന്നു.

(10) <u>ജൈവ ഉൽപ്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം</u>

കേരളത്തിലെ കർഷകർക്ക് മെച്ചപ്പെട്ട വിപണന സൗകര്യം ലഭ്യമാക്കുന്നതിനും കാർഷിക ഉൽപ്പന്നങ്ങൾക്ക് കേരളത്തിൽത്തന്നെ വിപണി കണ്ടെത്തുന്നതിനും "കേരള ഓർഗാനിക്" എന്ന ലേബലിലുള്ള ഉൽപ്പന്നങ്ങൾക്ക് വിപണികളിൽ സ്വീകാര്യത ലഭിക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. കാസർഗോഡ് ഉൾപ്പെടെയുള്ള ജില്ലകളിലെ 17 ക്ലസ്റ്ററുകൾക്ക് പച്ചക്കറി കിറ്റുകൾ നഗരപ്രദേശങ്ങളിലെ ഉപഭോക്താക്കൾക്ക് നേരിട്ട് വിൽപ്പന നടത്തുന്നതിന് 50 ലക്ഷം രൂപയുടെ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) പരിശോധിക്കാവുന്നതാണ്.

(സി) ജൈവകൃഷി ചെയ്യുന്ന കർഷകർക്ക് സാമ്പത്തിക ആനുകൂല്യങ്ങൾ നൽകുന്നതിന് വിവിധ പദ്ധതികളിലായി നടപ്പ് സാമ്പത്തിക വർഷം 10 കോടി രൂപയുടെ പ്രവർത്തനങ്ങൾ വിഭാവനം ചെയ്തിട്ടുണ്ട്.

1. <u>ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ</u>

   കൃഷി ഭവൻ തലത്തിൽ ജൈവ ക്ലസ്റ്ററുകൾ രൂപീകരിച്ച് ജൈവകൃഷി പ്രോത്സാഹന പ്രവർത്തനം നടത്തിവരുന്നു. നിലവിൽ 155 ക്ലസ്റ്ററുകൾക്കായി 116 ലക്ഷം രൂപ ധനസഹായമായി നൽകുന്നു. ഉത്തമ കൃഷി മുറകൾ പാലിച്ചുകൊണ്ടുള്ള ജൈവകൃഷിക്ക് ഹെക്ടറിന് 3,000 രൂപ എന്ന ക്രമത്തിൽ ഒരു ക്ലസ്റ്ററിന് 75,000 രൂപ ധനസഹായം നൽകിവരുന്നു.

2. <u>ഇക്കോ ഷോപ്പുകൾ</u>

   നടപ്പ് സാമ്പത്തിക വർഷം 150 പുതിയ ഇക്കോ ഷോപ്പുകൾ സ്ഥാപിക്കുന്നതിനായി 2 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നു. ഉത്തമ കൃഷി മുറകൾ പാലിച്ചുകൊണ്ട് ഉൽപ്പാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങൾക്ക് 20% അധിക വില ഇക്കോ ഷോപ്പുകൾ വഴി വിപണനം ചെയ്യുമ്പോൾ കർഷകന് ലഭിക്കുന്നു. കൂടാതെ കർഷകരുടെ ക്ലസ്റ്ററുകൾ വഴി ഉത്തമ കൃഷി മുറകൾ പാലിച്ചുകൊണ്ടുള്ള ഉൽപ്പന്നങ്ങൾ നഗരപ്രദേശങ്ങളിലെ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് ക്ലസ്റ്ററുകൾക്ക് ധനസഹായം നൽകുന്ന പദ്ധതിയും നിലവിലുണ്ട്.

3. <u>ജൈവ ഉൽപ്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം</u>

   കേരളത്തിലെ കർഷകർക്ക് മെച്ചപ്പെട്ട വിപണന സൗകര്യം ലഭ്യമാക്കുന്നതിനും കാർഷിക ഉൽപ്പന്നങ്ങൾക്ക് കേരളത്തിൽതന്നെ വിപണി കണ്ടെത്തുന്നതിനും "കേരള ഓർഗാനിക്" എന്ന ലേബലിലുള്ള ഉൽപ്പന്നങ്ങൾക്ക് വിപണികളിൽ സ്വീകാര്യത ലഭിക്കുന്നതിനുവേണ്ടിയും ഉള്ള പ്രവർത്തനങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. കാസർഗോഡ് ഉൾപ്പെടെയുള്ള ജില്ലകളിലെ 17 ക്ലസ്റ്ററുകൾ വഴി പച്ചക്കറി കിറ്റുകൾ നഗരപ്രദേശങ്ങളിലെ ഉപഭോക്താക്കൾക്ക് നേരിട്ട് വിൽപ്പന നടത്തുന്നതിന് 50 ലക്ഷം രൂപയുടെ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

4. ജൈവകാർഷിക മണ്ഡല അവാർഡുകൾ

ജൈവകാർഷിക വ്യാപനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനതലത്തിൽ ജൈവകൃഷി വ്യാപനത്തിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന ഒരു കോർപ്പറേഷനും ജൈവകൃഷിയിലേക്ക് മാറിയിട്ടുള്ള ജില്ലയിലെ മൂന്ന് മികച്ച പഞ്ചായത്തുകൾക്കും ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നൽകുന്നു. ഈ ഇനത്തിൽ നടപ്പ് സാമ്പത്തിക വർഷം 123 ലക്ഷം രൂപ മാറ്റിവച്ചിട്ടുണ്ട്.

ഇതു കൂടാതെ കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ പരമ്പരാഗത കൃഷി വികാസ് യോജന (PKVY) പദ്ധതിയിൽ 50 ഏക്കർ വീതമുള്ള 119 ക്ലസ്റ്ററുകൾ രൂപീകരിച്ച് കർഷകർക്കാവശ്യമായ പരിശീലനവും സാമ്പത്തിക സഹായവും നൽകുകയുണ്ടായി. പ്രധാനമായും ക്ലസ്റ്റർ അടിസ്ഥാനത്തിൽ പി.ജി.എസ് സർട്ടിഫിക്കേഷൻ നടത്തുന്നതിനും ജൈവഗ്രാമങ്ങൾ രൂപീകരിക്കുന്നതിനുമുള്ള ധനസഹായമാണ് കേന്ദ്ര സർക്കാർ ഈ പദ്ധതിപ്രകാരം അനുവദിച്ചത്. 2016-17-ൽ ഈ പദ്ധതിക്കായി 594.57 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി.

**ജൈവ കൃഷി**

10 (1349) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുക്കള കൃഷി, ടെറസ്സ് കൃഷി, തരിശ് ഭൂമിയിലെ ജൈവ കൃഷി തുടങ്ങിയ കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഇതിനായി ബജറ്റിൽ എന്ത് തുകയാണ് വകയിരുത്തിയിട്ടുള്ളത്?

ഉത്തരം

(എ) അടുക്കള കൃഷി, ടെറസ്സ് കൃഷി, തരിശ് ഭൂമിയിലെ പച്ചക്കറി കൃഷി തുടങ്ങിയ സമഗ്ര പച്ചക്കറി വികസന പദ്ധതി - 2017-18-ൻകീഴിൽ നടപ്പിലാക്കി വരുന്നു. അടുക്കള കൃഷിക്കായി സ്കൂൾ വിദ്യാർത്ഥികൾ, വീട്ടമ്മമാർ എന്നിവർ മുഖേന വിവിധ ഇനം വിത്തുകൾ അടങ്ങിയ 40 ലക്ഷം പച്ചക്കറി വിത്തു പായ്ക്കറ്റുകൾ നൽകുന്നു. കൂടാതെ 45.45 ലക്ഷം പച്ചക്കറി തൈകളും കർഷകർക്ക് വിതരണം ചെയ്യുന്നു. ടെറസ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിലേക്കായി 25 ഗ്രോ ബാഗുകൾ വീതം അടങ്ങിയ 37000 ഗ്രോ ബാഗ് യൂണിറ്റുകൾ വിതരണം ചെയ്യുന്നു.

കൂടാതെ മുൻ വർഷങ്ങളിൽ നൽകിയ 75000 ഗ്രോ ബാഗ് യൂണിറ്റുകളിൽ വീണ്ടും കൃഷി ചെയ്യുന്നതിനായി വിത്ത്, തൈകൾ മറ്റ് ഉൽപ്പാദന ഉപാധികൾ എന്നിവയും നൽകുന്നു. മാലിന്യ സംസ്കരണത്തിനായി 2600 ചെറുകിട മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ നിർമ്മിക്കുവാൻ ധനസഹായം നൽകുന്നു. ചെറുകിട തുള്ളിനന/തിരിനന യൂണിറ്റുകൾ സ്ഥാപിക്കുവാനും ധനസഹായം നൽകുന്നു. കൂടാതെ റെസിഡൻഷ്യൽ അസോസിയേഷനുകൾ കേന്ദ്രീകരിച്ച് ഹരിത ഗ്രൂപ്പുകൾ രൂപീകരിക്കുവാൻ ധനസഹായം നൽകുന്നു. ഇതു കൂടാതെ കർഷകർ, സ്വന്തമായി ഭൂമിയില്ലാത്ത കർഷകത്തൊഴിലാളികൾ, കർഷക കൂട്ടായ്മകൾ, യൂത്ത് ക്ലബ്ബ്, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്ക് സാമ്പത്തിക സഹായം നൽകുന്നു. മുൻ വർഷങ്ങളിൽ കൃഷി ചെയ്യാതെ തരിശായിക്കിടന്ന ഭൂമി കൃഷിയോഗ്യമാക്കിമാറ്റി അതുവഴി കൂടുതൽ തരിശുഭൂമി കൃഷിയോഗ്യമാക്കുവാനും ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുവാനും അത്തരത്തിൽ പച്ചക്കറി കൃഷിയുടെ വിസ്തീർണ്ണം വർദ്ധിപ്പിക്കുക വഴി സംസ്ഥാനത്ത് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും പഞ്ചായത്തുകളെ തരിശുരഹിത പഞ്ചായത്താക്കി മാറ്റുകയും ചെയ്യുക എന്നതാണ് ഇതിന്റെ പ്രധാന ഉദ്ദേശ്യം. തരിശു നിലത്തിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനായി ഒരു ഹെക്ടറിന് ആകെ 30,000 രൂപ ധനസഹായം നൽകുന്നു. ഇതിൽ 25,000 രൂപ കർഷകനും 5,000 രൂപ ഭൂവുടമയ്ക്കും നൽകുന്നു. പദ്ധതി സംബന്ധിച്ച പ്രവർത്തന നിർദ്ദേശങ്ങളും ഭൗതിക ലക്ഷ്യവും എല്ലാ ജില്ലകൾക്കും നൽകിക്കഴിഞ്ഞു. നടപ്പുവർഷം 1000 ഹെക്ടർ തരിശു നിലത്ത് പച്ചക്കറി കൃഷി ചെയ്യുവാനാണ് ലക്ഷ്യമിടുന്നത്. ഇതിനായി 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

കൂടാതെ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ അടുക്കള കൃഷി, ടെറസ് കൃഷി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് തിരുവനന്തപുരം, തൃശ്ശൂർ, എറണാകുളം, കോഴിക്കോട്, ജില്ലകളിലെ നഗര പ്രദേശങ്ങളിൽ തിരിനന (വിക്ക് ഇറിഗേഷൻ) ജലസേചന സംവിധാനം ഉപയോഗിച്ചുള്ള പച്ചക്കറി കൃഷി നടപ്പിലാക്കിവരുന്നു. തിരിനന ജലസേചന സംവിധാനത്തോടുകൂടിയുള്ള 30 ഗ്രോ ബാഗുകൾ ഉൾക്കൊള്ളുന്ന 1664 യൂണിറ്റുകൾ സ്ഥാപിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. നാളിതുവരെ 619 യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

ഓണക്കാലത്ത് ജൈവ പച്ചക്കറി കൃഷി ജനകീയ സംരംഭമായി മാറ്റുവാൻ ലക്ഷ്യമിട്ട് "ഓണത്തിന് ഒരു മുറം പച്ചക്കറി" എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതു പ്രകാരം നിലവിലുള്ള വികസന പദ്ധതിയിലുൾപ്പെടുത്തി 63 ലക്ഷം

വീടുകൾക്കാവശ്യമായ പച്ചക്കറി വിത്തും തൈകളും ലഭ്യമാക്കുന്നു. വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ വെണ്ട, ചീര, മുളക്, വഴുതന, പയർ തുടങ്ങിയ അഞ്ചിനം പച്ചക്കറികളുടെ 57 ലക്ഷം വിത്തു പായ്ക്കറ്റുകൾ ലഭ്യമാക്കിയിട്ടുണ്ട്.

(ബി) അടുക്കള കൃഷി പ്രോത്സാഹനത്തിനായി വിത്തു പാക്കറ്റുകൾ വിതരണം ചെയ്യുന്നതിന് 400 ലക്ഷം രൂപയും പച്ചക്കറി തൈകൾ വിതരണം ചെയ്യുന്നതിന് 100 ലക്ഷം രൂപയും പദ്ധതിയിൽ വകയിരുത്തിയിരിക്കുന്നു. മട്ടുപ്പാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നഗര പ്രദേശങ്ങളിൽ ഗ്രോ ബാഗ് വിതരണം ചെയ്യുന്നതിന് 555 ലക്ഷം രൂപയും മുൻ വർഷങ്ങളിലെ ഗ്രോ ബാഗ് യൂണിറ്റുകൾക്ക് ആവർത്തന ചെലവുകൾക്കായി 150 ലക്ഷം രൂപയും മാലിന്യ സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 75 ലക്ഷം രൂപയും തുള്ളിനന/തിരിനന യൂണിറ്റുകൾക്കായി 45 ലക്ഷം രൂപയും ശീത ഗ്രൂപ്പുകൾ രൂപീകരിക്കുന്നതിന് 25 ലക്ഷം രൂപയും വകയിരുത്തിയിരിക്കുന്നു. മട്ടുപ്പാവ് കൃഷിക്കായി ആകെ 1850 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 1000 ഹെക്ടർ തരിശുനിലം കൃഷി യോഗ്യമാക്കി മാറ്റുന്നതിന് 300 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

തിരിനന ജലസേചന സംവിധാനം സജ്ജമാക്കുവാൻ 99.84 ലക്ഷം രൂപ (60% കേന്ദ്ര വിഹിതവും 40% സംസ്ഥാന വിഹിതവും) MIDH പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിയിൻകീഴിൽ 63 ലക്ഷം വീടുകൾക്കാവശ്യമായ പച്ചക്കറി വിത്തും തൈകളും ലഭ്യമാക്കുന്നതിനായി 570 ലക്ഷം രൂപ പദ്ധതിയിനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്

**നീര ഉൽപ്പാദന കമ്പനികളുടെ പ്രതിസന്ധി**

11 (1350) <u>ശ്രീ. അൻവർ സാദത്ത്:</u>
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u>
<u>ശ്രീ. ഷാഫി പറമ്പിൽ:</u>
<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നീര ഉല്പാദന കമ്പനികൾ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നാളികേര വികസന ബോർഡിന്റെ കീഴിൽ എത്ര നീര ഉത്പാദന കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്;

(സി) നീര ഉല്പാദന കമ്പനികൾക്ക് നാളികേര വികസന ബോർഡും, സംസ്ഥാന സർക്കാരും എന്തെല്ലാം സഹായങ്ങളാണ് നൽകിയിരുന്നത്; അതിൽ എന്തെങ്കിലും സഹായം നിർത്തലാക്കിയിട്ടുണ്ടോ;

(ഡി) ഹോർട്ടികോർപ്പിന്റെ ചില്ലറ വില്പനശാലകൾ വഴി നീര വിപണനത്തിന് പദ്ധതിയുണ്ടോ;

(ഇ) നീര ചെത്തുകാർക്ക് പരിശീലനം നൽകുന്നതിനായി ഈ സാമ്പത്തിക വർഷം ബജറ്റിൽ എത്ര തുകയാണ് നീക്കിവച്ചിട്ടുള്ളത്; എത്ര പേർക്ക് പരിശീലനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ചില നീര ഉൽപ്പാദക കമ്പനികൾ പ്രാരംഭകാല ബുദ്ധിമുട്ടുകൾ നേരിടുന്നുവെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നീര ഉൽപ്പാദിപ്പിക്കുന്നതിനായി പാലക്കാട്, കൊടുങ്ങല്ലൂർ, വടകര, കൈപ്പുഴ, തിരുകൊച്ചി, തേജസ്വനി, പേരാമ്പ്ര, കടത്തനാട്, തിരൂർ, കരപ്പുറം, കുറ്റ്യാടി, തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നീ പതിനാല് നാളികേര ഉൽപ്പാദക കമ്പനികൾ പ്രവർത്തിച്ചുവരുന്നു.

(സി) നീര ഉൽപ്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി നാളികേര ഉൽപ്പാദക സൊസൈറ്റികൾ/ഫെഡറേഷനുകൾക്ക് കെട്ടിട യന്ത്രസാമഗ്രികളുടെ ചെലവിന്റെ 25 ശതമാനം (പരമാവധി 50 ലക്ഷം രൂപ) അനുവദിച്ചു നൽകിയിട്ടുണ്ട്. അതുപ്രകാരം 2015-16-ൽ കൈപ്പുഴ നാളികേര ഉൽപ്പാദക കമ്പനിക്കും കുറ്റിയാടി ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിക്കും കരപ്പുറം കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനിക്കും 50 ലക്ഷം രൂപ വീതം സബ്സിഡിയായി നാളികേര വികസന ബോർഡ് മുഖേന കൃഷി വകുപ്പിൽനിന്നും നൽകിയിട്ടുണ്ട്. 2016-17-ൽ വടകര കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിക്ക് നീര ഉൽപ്പാദന യൂണിറ്റ് സ്ഥാപിക്കുന്നതിനായി 44.16 ലക്ഷം രൂപ കൃഷി വകുപ്പിൽനിന്നും നാളികേര വികസന ബോർഡിന് അനുവദിച്ചുനൽകിയിട്ടുണ്ട്. നീര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി നീര ടെക്നീഷ്യൻ പരിശീലന പരിപാടി നടത്തുന്നതിന് കേരള കാർഷിക സർവ്വകലാശാല, നാളികേര വികസന ബോർഡ്, കേന്ദ്രതോട്ടവിള ഗവേഷണ കേന്ദ്രം എന്നീ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കൃഷി വകുപ്പിന്റെ നീര ടെക്നീഷ്യൻ പരിശീലന പദ്ധതി പ്രകാരം 2016-17-ൽ കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷന് പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനായി 75 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

"ടെക്നോളജി മിഷൻ ഓൺ കോക്കനട്ട് " എന്ന പദ്ധതിയുടെ കീഴിൽ പദ്ധതി ചെലവിന്റെ 25 ശതമാനം പരമാവധി 50 ലക്ഷം രൂപ സബ്സിഡിയായി നാളികേര വികസന ബോർഡ് നാളികേര ഉൽപ്പാദക കമ്പനികൾക്ക് നൽകിവരുന്നുണ്ട്.

നാളികേര വികസന ബോർഡ് നീര ഉൽപ്പാദനത്തിനുള്ള ടെക്നോളജി സൗജന്യമായി നാളികേര ഉൽപ്പാദക കമ്പനികൾക്ക് നൽകിവരുന്നു. നീര ടെക്നീഷ്യൻമാരെ പരിശീലിപ്പിക്കുന്നതിന് നാളികേര വികസന ബോർഡ് സഹായം നൽകുന്നുണ്ട്. വെൻഡിംഗ് മെഷീനുകൾ/വിൽപ്പന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും നാളികേര ഉൽപ്പാദക ഫെഡറേഷനുകൾക്കും നാളികേര ഉൽപ്പാദക സൊസൈറ്റികൾക്കും നാളികേര വികസന ബോർഡ് സാമ്പത്തിക സഹായം നൽകുന്നുണ്ട്. നൽകിയിരുന്ന സഹായങ്ങളൊന്നും നിർത്തലാക്കിയിട്ടില്ല.

(ഡി) ഹോർട്ടികോർപ്പിന്റെ തിരുവനന്തപുരത്തെ പാളയം, കിഴക്കേകോട്ട എന്നിവിടങ്ങളിലുള്ള സ്റ്റാളുകൾവഴി നീര വിപണനം ചെയ്യുവാൻ പദ്ധതിയുണ്ട്. ഹോർട്ടികോർപ്പിന്റെ ചില്ലറ വിൽപ്പനശാലകൾ വഴി നീര വിൽപ്പനയില്ല.

(ഇ) നീര ടെക്നീഷ്യൻമാർക്ക് പരിശീലനം നൽകുന്നതിനായി 2017-18 സാമ്പത്തിക വർഷം കൃഷി ഡയറക്ടറുടെ ഫണ്ടിൽ നിന്ന് 75 ലക്ഷം രൂപ നാളികേര വികസന കോർപ്പറേഷന് അനുവദിച്ചിട്ടുണ്ട്. 2014-15 വർഷങ്ങളിൽ നാളികേര വികസന കോർപ്പറേഷൻ വഴി 139 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്. നാളികേര വികസന ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ 2061 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

**വിള ഇൻഷ്വറൻസ് പദ്ധതി**

12 (1351) ശ്രീ. സി. ദിവാകരൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിള ഇൻഷ്വറൻസ് പദ്ധതി കാലോചിതമായി പരിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതൊക്കെ കാർഷിക വിളകളുടെ ഇൻഷ്വറൻസ് പ്രീമിയമാണ് വർദ്ധിപ്പിക്കാതെ നിലനിർത്തിയിരിക്കുന്നതെന്നറിയിക്കുമോ ;

(സി) പാട്ടകൃഷി ചെയ്യുന്ന കർഷകർക്കും ഗ്രൂപ്പ് ഫാമിംഗ് നടത്തുന്ന സമിതികൾക്കും ഇൻഷ്വറൻസ് ആനുകൂല്യം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തെ എല്ലാ കാർഷിക വിളകൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തിയും നഷ്ടപരിഹാരത്തുക കാലാനുസൃതമായി വർദ്ധിപ്പിച്ചും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി 22-03-2017-ലെ സ.ഉ.(എം.എസ്.) നമ്പർ37/2017/കൃഷി പ്രകാരം പുനരാവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പുതുക്കിയ നിരക്കും വിശദവിവരങ്ങളും അനുബന്ധമായി* ചേർക്കുന്നു.

(ബി) പരിഷ്കരിച്ച വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം നെല്ല്, തെങ്ങ്, പച്ചക്കറി എന്നീ വിളകൾക്കാണ് പ്രീമിയം നിരക്ക് വർദ്ധിപ്പിക്കാതെ നിലനിർത്തിയിരിക്കുന്നത്.

(സി) സംസ്ഥാനത്ത് ചെറുകിട നാമമാത്ര കർഷകരായ പാട്ടകൃഷി ചെയ്യുന്ന കർഷകർക്കും ഗ്രൂപ്പ് ഫാമിംഗ് നടത്തുന്ന സമിതികൾക്കും ഇൻഷ്വറൻസ് ആനുകൂല്യം ലഭിക്കുന്നതാണ്.

**ഇൻഷ്വറൻസ് പരിരക്ഷ**

13 (1352) ശ്രീ. കെ. സി. ജോസഫ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വിള ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) കേന്ദ്ര സർക്കാരിന്റെ സമാനമായ പദ്ധതിയുടെ ഭാഗമായിട്ടാണോ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ കാർഷിക വിളകൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തിയും നഷ്ടപരിഹാരത്തുക കാലാനുസൃതമായി വർദ്ധിപ്പിച്ചും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി 22-3-2017-ലെ സ.ഉ.(എം.എസ്.) നമ്പർ37/ 2017/കൃഷി പ്രകാരം പുനരാവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി *ചേർത്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പ്രധാനമന്ത്രി ഫസൽ ബീമ യോജന പദ്ധതി പ്രകാരം 2016-17 റാബി സീസണിൽ നെല്ല്, വാഴ, മരച്ചീനി എന്നീ വിളകൾക്കും കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി, 2016-17 ഖാരിഫ് സീസണിൽ നെല്ല്, വാഴ, കുരുമുളക്, തെങ്ങ്, കമുക്, ഇഞ്ചി, മഞ്ഞൾ, ഏലം, പൈനാപ്പിൾ, കരിമ്പ് എന്നീ 10 വിളകൾക്കും റാബി സീസണിൽ നെല്ല്, വാഴ, കശുമാവ്, കരിമ്പ്, മാവ്, ശീതകാല പച്ചക്കറികൾ എന്നീ വിളകൾക്കും ഇൻഷ്വറൻസ് സംരക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്.

പ്രധാനമന്ത്രി ഫസൽ ബീമ യോജന വിള ഇൻഷ്വറൻസ് പദ്ധതിയിൽ പ്രകൃതിക്ഷോഭങ്ങൾ, രോഗ കീടങ്ങളുടെ ആക്രമണങ്ങൾ എന്നിവമൂലം പ്രഖ്യാപിത വിളകൾക്ക് അവയുടെ വിജ്ഞാപിത പ്രദേശങ്ങളിലുണ്ടാകുന്ന ഉൽപ്പാദന നഷ്ടത്തിന് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നു.

കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം വിളകൾക്ക് ദോഷമായി ഭവിക്കുന്ന അന്തരീക്ഷ താപനിലയിലുണ്ടാകുന്ന വ്യതിയാനങ്ങൾ, അധിവൃഷ്ടി, ശക്തമായ കാറ്റ്, തുടർ ദിവസങ്ങളിലുണ്ടാകുന്ന ശക്തമായ മഴ, വരൾച്ച, രോഗ കീടാക്രമണത്തിന് അനുയോജ്യമായ കാലാവസ്ഥാ സാഹചര്യങ്ങൾ എന്നിവയ്ക്കാണ് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നത്. ഓരോ വിജ്ഞാപിത പ്രദേശങ്ങളിലും സ്ഥാപിച്ചിട്ടുള്ള കാലാവസ്ഥാ നിലയങ്ങളിൽ രേഖപ്പെടുത്തുന്ന നിർദ്ദിഷ്ട കാലാവസ്ഥാ ഘടകങ്ങളുടെ തോതിനെ അടിസ്ഥാനമാക്കിയാണ് പദ്ധതിയിൽ ഇൻഷ്വർ ചെയ്ത വിളകൾക്ക് നഷ്ടപരിഹാരം തിട്ടപ്പെടുത്തുന്നത്.

കേരവൃക്ഷ ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഉൽപ്പാദനക്ഷമതയുള്ള തെങ്ങുകൾ നശിക്കുകയാണെങ്കിൽ കർഷകന് ഇൻഷ്വറൻസ് സംരക്ഷണം ലഭിക്കുന്നതാണ്.

(ബി)കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കിവരുന്ന പ്രധാനമന്ത്രി ഫസൽ ബീമ യോജന (PMFBY), കാലാവസ്ഥ അധിഷ്ഠിത വിള ഇൻഷ്വറൻസ് (WBCIS) എന്നീ പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ സമാനമായ പദ്ധതിയുടെ ഭാഗമായിട്ടാണ് നടപ്പിലാക്കുന്നത്.

**കുട്ടക്കുഴി പുഞ്ചയിൽ നെൽകൃഷി**

14 (1353) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തഴവ ഗ്രാമപഞ്ചായത്തിലെ കുട്ടക്കുഴി പുഞ്ചയിൽ പാടശേഖര സമിതി നടത്തിയ നെൽകൃഷി, കാലവർഷത്തിൽ സമീപത്തുള്ള തോട്ടിലെ ബണ്ട് തകർന്ന് വെള്ളവും പായലും കയറി നശിച്ചുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പാടശേഖരസമിതിക്ക് ഏതെങ്കിലും വിധത്തിലുള്ള ധനസഹായം അനുവദിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) കുട്ടക്കുഴി പൂഞ്ചയുടെ സമീപത്തുകൂടി കടന്നുപോകുന്ന തോട്ടിൽനിന്നും വെള്ളം കയറി കൃഷിനശിക്കുന്നത് ആവർത്തിക്കാതിരിക്കുന്നതിനുവേണ്ടി ബണ്ട് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കുട്ടക്കുഴി പാടശേഖരത്തിൽ 2017-18 വർഷം ഒന്നാം വിളയായി കൃഷിയിറക്കിയ 50 ഏക്കർ നെൽകൃഷിക്കും കാലവർഷക്കെടുതിയിൽ പാടശേഖരത്തിന്റെ അരികിലൂടെ കടന്നുപോകുന്ന ആറാട്ടുപുഴ-വട്ടക്കായൽ തോട് കരകവിഞ്ഞ് ഒഴുകിയതിനാൽ ഭാഗികമായ കൃഷിനാശം സംഭവിച്ചിട്ടുണ്ട്. തുടർന്ന് കാലവർഷം ശക്തമായിരുന്നില്ല. അതിനാൽ വെള്ളം വാർന്ന് പോയതുകാരണം കൃഷിനാശം 20 ശതമാനത്തിൽ താഴെയാണ് സംഭവിച്ചത്. ഭാഗിക കൃഷി നാശമായതിനാൽ കൃഷിനാശത്തിനുള്ള ആനുകൂല്യം അനുവദിച്ചിട്ടില്ല. എന്നാൽ നിലവിലുള്ള കൃഷിക്ക് 2017-18 വർഷത്തെ നെൽകൃഷി വികസന പദ്ധതികൾ മുഖേനയുള്ള ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.

(സി) ഇക്കാര്യം പരിശോധിച്ചുവരികയാണ്.

**വരൾച്ചാ ധനസഹായം**

15 (1354) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-2018 സാമ്പത്തിക വർഷത്തിൽ പാലക്കാട് ജില്ലയിൽ വരൾച്ച മൂലം ഏതൊക്കെ കാർഷിക രംഗത്ത് എന്തുമാത്രം സാമ്പത്തിക നഷ്ടം ഉണ്ടായതായി കണക്കാക്കിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) ഈയിനത്തിൽ ജില്ലയിലെ കർഷകർക്ക് എത്ര രൂപയുടെ നഷ്ട പരിഹാരത്തിന് കൃഷി വകുപ്പ് ശിപാർശ ചെയ്തിട്ടുണ്ട്; ഈ കണക്ക് ഇനം തിരിച്ച് ലഭ്യമാക്കാമോ;

(സി) ഇതിൽ എത്ര തുക വിതരണം ചെയ്യാനുള്ള അനുമതി ലഭ്യമാക്കിയിട്ടുണ്ട്; ഇനി എത്ര തുക വിതരണം ചെയ്യാനുണ്ട്?

ഉത്തരം

(എ) പ്രഥമ വിവര റിപ്പോർട്ട് പ്രകാരം പാലക്കാട് ജില്ലയിൽ 198.33 ഹെക്ടർ കൃഷി വരൾച്ചമൂലം നശിച്ചതുകൊണ്ട് 2,02,62,016.4 രൂപയുടെ നഷ്ടം ഉണ്ടായതായിട്ടാണ് കണക്കാക്കിയിട്ടുള്ളത്.

(ബി&സി) 61,06,150 രൂപയുടെ ക്ലെയിം നാളിതുവരെ ശിപാർശ ചെയ്യുകയും ഫണ്ട് ലഭ്യമാക്കി നഷ്ടപരിഹാരത്തുകകൾ നൽകിയും വരുന്നു. ഇനം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ഇനം | തുക (2017-18) | |
|---|---|---|---|
| | | Dept. Share | SDRF Share |
| 1 | വാഴ | 5,55,796 | 35,203 |
| 2 | ജാതിക്ക | 600 | 150 |
| 3 | തെങ്ങ് | 19,50,944 | 3,48,904 |
| 4 | കുരുമുളക് | 61,446 | 19,404 |
| 5 | അടയ്ക്ക | 23,84,135 | 2,34,568 |
| 6 | റബ്ബർ | 4,49,516 | 65,484 |
| | ആകെ | 54,02,437 | 7,03,713 |

**ജൈവ വളങ്ങളുടെ ഗുണനിലവാരം**

16 (1355) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിപണിയിൽ ലഭ്യമായ 80 ശതമാനം ജൈവവളങ്ങളും ഗുണനിലവാരം കുറഞ്ഞവയാണെന്ന് പഠന റിപ്പോർട്ടുണ്ടോ;

(ബി) എങ്കിൽ ഏത് ലബോറട്ടറിയിൽ നടത്തിയ പരിശോധനയിലാണ് ഇതു തെളിഞ്ഞത്;

(സി) കർഷകർ ഉപയോഗിച്ചു വരുന്ന പ്രധാനപ്പെട്ട ജൈവ വളങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഇവയുടെ സാമ്പിളുകൾ പരിശോധിച്ച് ഗുണമേന്മ ഉറപ്പുവരുത്താനുള്ള സംവിധാനം നിലവിലുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ&ബി) ജൈവവളങ്ങളുടെ ഗുണനിലവാരം സംബന്ധിച്ച് കൃഷിവകുപ്പ് നേരിട്ട് പഠനങ്ങൾ നടത്തിയിട്ടില്ല. എന്നാൽ കേരള കാർഷിക സർവ്വകലാശാല, റബ്ബർ ബോർഡ് തുടങ്ങിയ സ്ഥാപനങ്ങളിൽ നടന്നിട്ടുള്ള ഗവേഷണ പഠനങ്ങളിൽ വിപണിയിൽ ലഭ്യമാകുന്ന ജൈവ വളങ്ങളിൽ ഗുണനിലവാരമില്ലാത്ത ധാരാളം ഉൽപ്പന്നങ്ങൾ കണ്ടെത്തിയിട്ടുള്ളതായി റിപ്പോർട്ടുകളുണ്ട്. ഈ പഠന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ജൈവ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള ഒരു കർമ്മ പദ്ധതി നടപ്പിലാക്കുന്നതിന് കൃഷിവകുപ്പ് നടപടികളെടുത്തുവരുന്നു. ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ, 1985 പ്രകാരം നോട്ടിഫൈ ചെയ്തിട്ടുള്ള അംഗീകൃത ലബോറട്ടറികളിലൂടെ കൃഷി വകുപ്പ് നടത്തിയിട്ടുള്ള ഗുണ പരിശോധനകളിലൊന്നും ജൈവവളങ്ങളുടെ ഗുണനിലവാരം കുറഞ്ഞതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

(സി) സിറ്റി കമ്പോസ്റ്റ്, വെർമി കമ്പോസ്റ്റ്, ഓർഗാനിക് മാനുവർ, ബയോ എൻറിച്ച്ഡ് ഓർഗാനിക് മാനുവർ, എല്ലുപൊടി (അസംസ്കൃതം), എല്ലുപൊടി (നീരാവിയിൽ സംസ്കരിച്ചത്), ഫോസ്ഫേറ്റ് റിച്ച് ഓർഗാനിക് മാനുവർ എന്നീ ഏഴിനം ജൈവവളങ്ങൾക്കാണ് ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ 1985 പ്രകാരം അംഗീകൃത മാനദണ്ഡങ്ങൾ നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. ഇവ ഉൽപ്പാദിപ്പിക്കുന്നതിന് സംസ്ഥാനത്ത് നിലവിൽ 67 ഏജൻസികൾക്ക് കൃഷിവകുപ്പ് രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. അംഗീകൃത ജൈവവളങ്ങൾ കൂടാതെ പ്രാദേശികമായി ഉൽപ്പാദിപ്പിക്കുകയും വിതരണം നടത്തുകയും ചെയ്യുന്ന നിരവധി ഉൽപ്പന്നങ്ങളും സംസ്ഥാനത്തെ കർഷകർ ഉപയോഗിച്ചുവരുന്നു.

(ഡി) കേന്ദ്ര സർക്കാരിന്റെ ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ 1985 പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഏഴിനം ജൈവവളങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള ചുമതല കൃഷിവകുപ്പിൽ നിക്ഷിപ്തമാണ്. എന്നാൽ ജൈവവളങ്ങളുടെ ഗുണനിലവാര പരിശോധന നടത്തുന്നതിനുള്ള ലബോറട്ടറി സംവിധാനം സംസ്ഥാനത്ത് നിലവിലില്ലാത്തതിനാൽ ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന റീജിയണൽ സെന്റർ ഫോർ ഓർഗാനിക് ഫാമിംഗ് എന്ന സ്ഥാപനത്തെയാണ് നാളിതുവരെ ഗുണനിലവാര പരിശോധനയ്ക്കായി ആശ്രയിച്ച് വന്നിരുന്നത്. ഇക്കാരണത്താൽ ജൈവവളങ്ങളുടെ പരിമിതമായ സാമ്പിളുകൾ മാത്രമാണ് ഓരോ വർഷവും പരിശോധന നടത്തിയിരുന്നത്. അംഗീകൃത ജൈവവളങ്ങളുടെ ഗുണനിലവാര പരിശോധന ശക്തിപ്പെടുത്തുവാനായി കൃഷിവകുപ്പ് പാലക്കാട് ജില്ലയിലെ പട്ടാമ്പിയിൽ പുതുതായി സ്ഥാപിക്കുന്ന ജൈവവള ഗുണനിലവാര പരിശോധനശാലയുടെ പ്രവർത്തനം ഈ സാമ്പത്തിക വർഷംതന്നെ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ 1985-ന്റെ മാനദണ്ഡങ്ങൾ പ്രകാരം അംഗീകാരം നേടിയിട്ടില്ലാത്ത ജൈവവളങ്ങളുടെ ഗുണനിലവാര നിയന്ത്രണത്തിന് നിലവിൽ പരിമിതികളുണ്ട്. എങ്കിലും കേരള കാർഷിക സർവ്വകലാശാലയുടെ സഹകരണത്തോടെ ഇത്തരം ഉൽപ്പന്നങ്ങളുടെ ഗുണനിലവാര മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനുള്ള ഒരു പദ്ധതി നടപ്പിലാക്കുന്നതിന് കൃഷിവകുപ്പ് നടപടി കൈക്കൊണ്ടുവരുന്നു.

## കൃഷി വകുപ്പിലെ അഴിമതി

17 (1356) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കൃഷി വകുപ്പിൽ നടന്നിട്ടുള്ള അഴിമതികളുടെ വിശദവിവരം നൽകുമോ;

(ബി) ഓരോ കേസിന്റെയും അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ഇതുമായി ബന്ധപ്പെട്ട കേസുകളിൽ ആരെയെല്ലാം ശിക്ഷിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ?

ഉത്തരം

(എ) കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് കൃഷി വകുപ്പിൽ നടന്നിട്ടുള്ള അഴിമതികളുടെ വിശദവിവരങ്ങൾ അനുബന്ധം* ആയി ചേർത്തിരിക്കുന്നു.

(ബി) 9 കേസുകളിൽ അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം* ആയി ചേർത്തിരിക്കുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അഴിമതി കേസുകളിൽ ശിക്ഷിച്ചിട്ടുള്ള ഉദ്യോഗസ്ഥരുടെ വിശദാംശങ്ങൾ അനുബന്ധം* ആയി ചേർത്തിരിക്കുന്നു.

## കൃഷി ഓഫീസർമാരെ നിയമിക്കുവാൻ നടപടി

18 (1357) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ചില കൃഷി ഭവനുകളിൽ സ്ഥിരം കൃഷി ഓഫീസർമാർ ഇല്ലാത്തതുമൂലം പ്രവർത്തനപുരോഗതിയിൽ തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി) എങ്കിൽ കൃഷി ഓഫീസർമാരെ നിയമിക്കുവാനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കൃഷി ഓഫീസർ തസ്തികയിലെ പി.എസ്.സി. റാങ്ക് ലിസ്റ്റ് 2013-ൽ കാലാവധി അവസാനിച്ചതിനുശേഷം പിന്നീട് തയ്യാറാക്കിയിരുന്നില്ല. കൃഷി ഓഫീസർമാരുടെ അഭാവം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പി.എസ്.സി.-യുമായി നിരന്തരം ബന്ധപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ കൃഷി ഓഫീസർ തസ്തികയിൽ നിയമനത്തിനുള്ള റാങ്ക് ലിസ്റ്റ് 24-7-2017-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൃഷി ഓഫീസർ തസ്തികയിലെ മുഴുവൻ ഒഴിവുകളും പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നും നിയമന ശിപാർശ ലഭിച്ചാലുടൻതന്നെ നിയമനം നടത്തുന്നതാണ്. ഇതിനാവശ്യമായ നടപടികൾ ത്വരിതഗതിയിൽ നടന്നുവരികയാണ്.

**കൃഷി ആദായകരമാക്കുന്നതിനുള്ള നടപടികൾ**

19 (1358) <u>ശ്രീ. അബ്ദുൽ ഹമീദ് പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദായക്കുറവും തൊഴിലാളികളുടെ ലഭ്യതക്കുറവും പുതിയ തരം കീടബാധകളും ചെറുകിട കർഷകരെ കൃഷി ഉപേക്ഷിക്കുന്നതിന് നിർബന്ധിതരാക്കിയിരിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൃഷി ലാഭകരമായ തൊഴിലായി മാറ്റിയെടുക്കുന്നതിനുചിതമായ കർമ്മ പരിപാടികൾ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ജീവിതകാലം മുഴുവൻ കാർഷിക വൃത്തിക്കായി ഉഴിഞ്ഞുവച്ച കർഷകർക്ക്, വിരമിക്കുന്ന സർക്കാർ ജീവനക്കാർക്ക് നൽകുന്ന അതെ പ്രാധാന്യം നൽകി പെൻഷൻ നൽകുന്നതിനെക്കുറിച്ച് പരിശോധിക്കുമോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കൃഷി ലാഭകരമായ തൊഴിലായി മാറ്റിയെടുക്കുന്നതിനുള്ള കർമ്മപരിപാടികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വ്യാവസായിക അടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി വികസനം, പ്രത്യേക കാർഷിക മേഖല, ഉൽപ്പന്നങ്ങളുടെ സംസ്കരണ മൂല്യവർദ്ധന യൂണിറ്റുകൾ പ്രോത്സാഹിപ്പിക്കൽ, പ്രാദേശിക സവിശേഷതയുള്ള വിളകളുടെ പ്രോത്സാഹനം, ഗ്രാമചന്തകൾ ആരംഭിക്കൽ, ഇക്കോ ഷോപ്പുകൾ, ജൈവകൃഷി തുടങ്ങിയ പദ്ധതികൾവഴി കാർഷികരംഗം ആദായകരമാക്കുവാനും ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുവാനും ലക്ഷ്യമിട്ടിരിക്കുന്നു.

(സി) 60 വയസ്സ് പൂർത്തീകരിച്ച കൃഷി പ്രധാന ഉപജീവനമാർഗ്ഗമായി സ്വീകരിച്ച കർഷകർക്ക് നിലവിൽ പ്രതിമാസം 1000 രൂപ കർഷക പെൻഷൻ നൽകുന്നുണ്ട്.

## എൻ.ആർ.എഫ്. ഭൂമിയിൽ പച്ചക്കറി കൃഷി

20 (1359) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജക മണ്ഡലത്തിലെ മാടക്കത്തറ, പാണഞ്ചേരി, പുത്തൂർ, നടത്തറ എന്നീ ഗ്രാമപഞ്ചായത്തുകളിൽ എൻ.ആർ.എഫ്.ഭൂമിയിൽ വർഷങ്ങളായി പച്ചക്കറി കൃഷി ചെയ്തുവരുന്ന കർഷകർക്ക് ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച രേഖകളുടെ അപര്യാപ്തതമൂലം കൃഷിവകുപ്പ് നൽകുന്ന ആനുകൂല്യങ്ങളോ വിള ഇൻഷ്വറൻസ് ആനുകൂല്യങ്ങളോ ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇവർക്ക് പ്രസ്തുത ആനുകൂല്യം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ&ബി) ഉണ്ട്. സ്വന്തമായോ പാട്ടത്തിനോ കൃഷി ഇറക്കുന്ന ചെറുകിട നാമമാത്ര കർഷകർക്ക് വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകുന്നതിനും ആനുകൂല്യം ലഭിക്കുന്നതിനും അർഹതയുണ്ട്. എന്നാൽ മതിയായ റവന്യൂ രേഖകൾ ഇല്ലാതെ കൃഷി ചെയ്യുന്ന കൃഷിക്കാർക്ക് ഈ പദ്ധതിയിൽ അംഗമാകുവാൻ കഴിയുകയില്ല. ആയതിനാൽ വർഷങ്ങളായി കൃഷി ചെയ്തുവരുന്ന നോൺ റിവേർട്ടബിൾ ഫോറസ്റ്റ് ലാൻഡിൽ കൃഷി ചെയ്യുന്ന കർഷകരെക്കൂടി വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം വനം, റവന്യൂ എന്നീ വകുപ്പുകളുമായി കൂടിയാലോചിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**തരിശ് ഭൂമി കർഷക കൂട്ടായ്മകൾക്ക് ലഭ്യമാക്കൽ**

21 (1360) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകളുടെ അധീനതയിലുള്ളതും വർഷങ്ങളോളം തരിശായി കിടക്കുന്നതുമായ സ്ഥലങ്ങൾ ഹ്രസ്വകാല കൃഷികൾക്കായി കർഷക കൂട്ടായ്മകൾക്ക് താല്കാലികമായി നൽകുവാൻ സാധിക്കുമോ; ഈ കാര്യം പരിശോധിക്കുമോ;

(ബി) കോഴിക്കോട് ഒളവണ്ണയിലുള്ള ബൊട്ടാണിക്കൽ ഗാർഡന്റെ അധീനതയിലുള്ള ഏക്കർ കണക്കിന് നെൽവയൽ വർഷങ്ങളോളമായി തരിശായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പ്രദേശത്ത് ബൊട്ടാണിക്കൽ ഗാർഡൻ വിഭാവനം ചെയ്ത പദ്ധതികൾ വരുന്നതു വരെ ഹ്രസ്വകാല വിളകൾ കൃഷി ചെയ്യുവാൻ പ്രാദേശിക കർഷക കൂട്ടായ്മകൾക്ക് അനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) നിലം പരിവർത്തനപ്പെടുത്തുകയും നെൽവയലിന്റെ സ്വഭാവം പൂർണ്ണമായി മാറ്റുകയും ചെയ്യാത്ത രീതിയിലുള്ള ഹ്രസ്വകാല കൃഷികൾക്കായി നൽകുവാൻ സാധിക്കും. ഇക്കാര്യം പരിശോധിക്കുന്നുണ്ട്.

(ബി) ഉണ്ട്.

(സി) ബൊട്ടാണിക്കൽ ഗാർഡൻ വിഭാവനം ചെയ്ത പദ്ധതികൾ വരുന്നതുവരെ മേൽപ്പറഞ്ഞ പ്രദേശത്ത് കൃഷിയിറക്കാൻ ഒളവണ്ണ പഞ്ചായത്തിലെ 23-ാം വാർഡിലെ കർഷക കൂട്ടായ്മ തയ്യാറായിട്ടുണ്ട്. ആയതിനുള്ള നടപടികൾ ഒളവണ്ണ കൃഷി ഓഫീസർ സ്വീകരിച്ചിട്ടുണ്ട്.

**സുജലം സുഫലം പദ്ധതി**

22 (1361) ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീമതി യു. പ്രതിഭ ഹരി:
ശ്രീ. കെ. ദാസൻ:
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹരിത കേരളം പദ്ധതിയുടെ ഭാഗമായി കാർഷിക അനുബന്ധ മേഖലകളെ സംയോജിപ്പിച്ചുകൊണ്ട് 'സുജലം സുഫലം പദ്ധതി 'ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാം; വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ വിവിധ പ്രദേശങ്ങളിൽ തരിശായി കിടന്ന സ്ഥലങ്ങളിൽ കൃഷിയിറക്കുവാൻ സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) കുടുംബശ്രീയുടെയും തൊഴിലുറപ്പ് പദ്ധതിയുടെയും സഹായത്തോടെ തരിശ് നില കൃഷി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ' സുജലം സുഫലം' പദ്ധതിയുടെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

1. പച്ചക്കറിയിലും മറ്റ് അടിസ്ഥാന കൃഷി ഉൽപ്പന്നങ്ങളിലും (പ്രത്യേകിച്ച് നെല്ല്, പഴവർഗ്ഗങ്ങൾ) സ്വയംപര്യാപ്തത നേടാനുതകുന്ന വിധത്തിൽ ശക്തമായ ഇടപെടലുകൾ നടത്തുക.
2. ഗാർഹിക സ്ഥാപനങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന കമ്പോസ്റ്റ് ഉപയോഗിച്ച് രാസവളങ്ങളുടെയും കീടനാശിനികളുടെയും ഉപയോഗം പരമാവധി കുറച്ച് പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തി ജൈവകൃഷി പ്രോത്സാഹിപ്പിക്കുകയും സുരക്ഷിത ഭക്ഷ്യവസ്തുക്കളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുകയും ചെയ്യുക.
3. വീടുകളിൽ കൃഷി വ്യാപിപ്പിക്കുകയും തരിശ് കിടക്കുന്ന സ്ഥലങ്ങൾ കൃഷിക്കുവേണ്ടി ഉപയോഗപ്പെടുത്തുകയും പ്രാദേശികമായി ലഭ്യമാകുന്ന പൊതു സ്ഥലങ്ങളിൽ വ്യാപകമായി പച്ചക്കറി, ഇതര കൃഷികൾ നടപ്പിലാക്കുകയും ചെയ്ത് ഉൽപ്പാദനം പരമാവധി വർദ്ധിപ്പിക്കുക.
4. ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില കർഷകർക്ക് ലഭിക്കത്തക്ക രീതിയിൽ വിപണി സംവിധാനം പരിഷ്കരിക്കുക.
5. ലാഭകരമായ കൃഷിയിലൂടെയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്ന സംരംഭങ്ങളിലൂടെയും കാർഷിക മേഖലയിൽ പരമാവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.
6. സമ്പദ് വ്യവസ്ഥയിൽ കാർഷിക മേഖലയുടെ സംഭാവന ത്വരിതപ്പെടുത്തുക.
7. ജലസ്രോതസ്സുകൾക്കുചുറ്റും മരം വളർത്തുന്നതുൾപ്പെടെ കാർഷിക പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക.

(സി&ഡി) നെൽകൃഷി നിലനിർത്തേണ്ടതിന്റെ ആവശ്യകതയും പരിസ്ഥിതി സന്തുലിതാവസ്ഥ നിലനിർത്തുന്നതിനും നെൽപ്പാടങ്ങൾ ഉണ്ടാകേണ്ടതിന്റെ ആവശ്യകതയും കണക്കിലെടുത്ത് സംസ്ഥാന സർക്കാർ തരിശുനില നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി ജില്ലകൾക്ക് അതിൻപ്രകാരമുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെയും മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയുടെയും കുടുംബശ്രീ മിഷന്റെയും സഹകരണത്തോടെ 2956.70 ഹെക്ടർ തരിശ് നിലം ഈ വർഷം (2017-18) കൃഷിയിലേക്ക് തിരികെ കൊണ്ടു വരാൻ ഉദ്ദേശിക്കുന്നു. ഇതിനായി ഹെക്ടറൊന്നിന് 30,000 രൂപ (മുപ്പതിനായിരം രൂപ മാത്രം) നിരക്കിൽ ധനസഹായം നൽകും. മുൻ വർഷം (2016-17) തരിശു നില കൃഷി ചെയ്തത് നിലനിർത്തുന്നതിനായി നടപ്പ് സാമ്പത്തിക വർഷം രണ്ടാം വർഷത്തെ ആനുകൂല്യമായി ഹെക്ടറൊന്നിന് 7,000 (ഏഴായിരം രൂപ മാത്രം) രൂപ ധനസഹായമായി അനുവദിക്കുന്നതാണ്. തരിശുനില കൃഷി പ്രോത്സാഹിപ്പി ക്കുന്നതിനായി 2017-18 സാമ്പത്തിക വർഷം 10.90 കോടി രൂപ ബജറ്റ് വിഹിതമായി അനുവദിച്ചിട്ടുണ്ട്. 31-7-2017 വരെ 654 ഹെക്ടർ സ്ഥലത്ത് ഒന്നാം വർഷ തരിശുനില നെൽകൃഷിയും 185.60 ഹെക്ടർ സ്ഥലത്ത് 2-ാം വർഷ തരിശു നില നെൽകൃഷിയും ആരംഭിച്ചിട്ടുണ്ട്.

**സമഗ്ര കാർഷിക നയം**

23 (1362) ശ്രീ. അനിൽ അക്കര :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമഗ്ര കാർഷിക നയം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) കാർഷിക മേഖലയുടെ വികസനത്തിനും അഭിവൃദ്ധിക്കും എന്തെല്ലാം കാര്യങ്ങളാണ് നയത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത നയം എന്നത്തേക്ക് പ്രഖ്യാപിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) ജൈവകൃഷിക്ക് പ്രാധാന്യം നൽകിക്കൊണ്ട് സംസ്ഥാനത്തിനായി ഒരു ജൈവ കാർഷിക നയം രൂപീകരിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. കാർഷിക മേഖലയിലെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിച്ചും കാർഷികവിളകളുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ അനന്യ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിയും കർഷകനെ കടക്കെണിയിൽനിന്നും രക്ഷിക്കുന്നതിനും കാർഷിക മേഖലയുടെ വികസനവും അഭിവൃദ്ധിയും ഉറപ്പുവരുത്തുന്നതിനും സഹായകരമായ കാര്യങ്ങളാണ് നയത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. കർഷകരുടെയും പൊതുജനങ്ങളുടെയും ആരോഗ്യ സംരക്ഷണത്തിന് ഊന്നൽ നൽകുന്ന കാര്യങ്ങളും നയത്തിൽ ഉൾപ്പെടുത്താൻ ലക്ഷ്യമിടുന്നുണ്ട്. ജൈവ കാർഷിക രംഗത്ത് ദേശീയതലത്തിലും അന്താരാഷ്ട്രതലത്തിലും ഉണ്ടായിട്ടുള്ള നൂതന മാറ്റങ്ങൾകൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള പുതുക്കിയ ജൈവ കാർഷിക നയം രൂപീകരിച്ച് നടപ്പിലാക്കുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**അഗ്രോ ബസാറുകൾ**

24 (1363) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര അഗ്രോ ബസാറുകൾ പ്രവർത്തിക്കുന്നുണ്ടെന്നും എവിടെയെല്ലാമെന്നും വ്യക്തമാക്കുമോ;

(ബി) പുതിയതായി അഗ്രോ ബസാറുകൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ കീഴിൽ സംസ്ഥാനത്ത് ഒരു അഗ്രോ സൂപ്പർ ബസാറും പത്ത് അഗ്രോ ബസാറുകളും പ്രവർത്തിക്കുന്നുണ്ട്.

അഗ്രോ സൂപ്പർ ബസാർ - തിരുവനന്തപുരം

<u>അഗ്രോ ബസാറുകൾ</u>

1. കൊട്ടാരക്കര (കൊല്ലം ജില്ല)
2. പുനലൂർ (കൊല്ലം ജില്ല)
3. പരവൂർ (കൊല്ലം ജില്ല)
4. തിരുവല്ല (പത്തനംതിട്ട ജില്ല)

5. അത്താണി (എറണാകുളം ജില്ല)
6. അരിമ്പൂർ (തൃശ്ശൂർ ജില്ല)
7. പാനൂർ (കണ്ണൂർ ജില്ല)
8. അമ്പലപ്പുഴ (ആലപ്പുഴ ജില്ല)
9. കൽപ്പറ്റ (വയനാട് ജില്ല)
10. തൊടുപുഴ (ഇടുക്കി ജില്ല)

(ബി) കർഷകർക്ക് ആവശ്യമുള്ള വിത്തു മുതൽ കാർഷിക ഉൽപ്പന്നങ്ങളിൽ നിന്നുമുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വരെ "ഒരു കുടക്കീഴിൽ" ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് അഗ്രോ ബസാറുകൾ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. തൃശ്ശൂർ ജില്ലയിൽ കൃഷി വകുപ്പിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ അഗ്രോ സൂപ്പർ ബസാർ തുടങ്ങുന്നതിന് 2016-17 സാമ്പത്തിക വർഷം 100 ലക്ഷം രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ 150 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ഈ വർഷം തന്നെ തൃശ്ശൂർ അഗ്രോ സൂപ്പർ ബസാർ പ്രവർത്തനം ആരംഭിക്കുന്നതാണ്. എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും അഗ്രോ ബസാറുകൾ സ്ഥാപിക്കുന്നതിന് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ പദ്ധതികൾ വിഭാവനം ചെയ്യുന്നുണ്ട്.

## നെല്ല് ഉൽപ്പാദനം

25 (1364) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നെല്ല് ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത നടപടികളുടെ ഫലമായി സംസ്ഥാനത്ത് എത്ര ഹെക്ടർ സ്ഥലത്ത് നെൽകൃഷി അധികമായി ചെയ്യാൻ സാധിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെൽകൃഷി വികസനത്തിന് പ്രത്യേക പരിഗണന നൽകിക്കൊണ്ട് സമഗ്ര നെൽകൃഷി വികസന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പദ്ധതികൾ സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധം* ആയി ചേർത്തിരിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 2016-17 സാമ്പത്തിക വർഷം സുസ്ഥിര കൃഷി വികസന പദ്ധതി 169535.8 ഹെക്ടർ സ്ഥലത്ത് നടപ്പാക്കി. തരിശുനിലകൃഷിയിലൂടെ 2782.3857 ഹെക്ടർ സ്ഥലം നെൽകൃഷിയിലേക്ക് കൊണ്ടുവരാൻ സാധിച്ചു. ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധം* ആയി ചേർത്തിരിക്കുന്നു. കൂടാതെ 2782 ഹെക്ടർ സ്ഥലത്ത് കരനെൽകൃഷിയും ഒരുപ്പൂകൃഷി ചെയ്തിരുന്ന 94 ഹെക്ടർ സ്ഥലത്ത് ഇരുപ്പൂകൃഷിയും ചെയ്തിട്ടുണ്ട്.

**കർഷക ആത്മഹത്യ**

26 (1365) <u>ശ്രീ. ജെയിംസ് മാത്യു:</u>
<u>ശ്രീ. കെ. വി. വിജയദാസ്:</u>
<u>ശ്രീ. കെ. ബാബു:</u>
<u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് എമ്പാടും കർഷക ആത്മഹത്യ പെരുകുന്നതായി ആക്ഷേപമുള്ള സാഹചര്യത്തിൽ സംസ്ഥാനത്തെ കർഷകർ പ്രതിസന്ധിയിലകപ്പെടാതിരിക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) നാണ്യവിളകളുടെ വിലത്തകർച്ചയിൽ കർഷകർക്ക് ആശ്വാസം നൽകാനായി നടപ്പാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്;

(സി) കേന്ദ്ര സർക്കാർ നടപ്പാക്കിയ പ്രധാനമന്ത്രി ഫസൽ ബീമ യോജന ദരിദ്ര കർഷകരിൽനിന്ന് പ്രീമിയം ഇനത്തിൽ വൻതുക ഈടാക്കി കോർപ്പറേറ്റുകൾക്ക് നൽകാൻ മാത്രം ഉതകിയതാണെന്ന ആക്ഷേപമുള്ള സാഹചര്യത്തിൽ സംസ്ഥാന സർക്കാർ നടപ്പാക്കുന്ന വിള ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശം അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കർഷകർ പ്രതിസന്ധികളിലകപ്പെടാതിരിക്കാൻ കാർഷിക ഉൽപ്പന്നങ്ങളുടെ വിലയിടിവ് തടയുന്നതിനും കർഷകക്ഷേമത്തിനും ഉന്നമനത്തിനുമായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(i) നെൽകൃഷിക്കാരെ സഹായിക്കുന്നതിനായി കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന എല്ലാ ജില്ലകളിലും നിലവിൽ കിലോക്ക് 22.50 രൂപ നിരക്കിൽ നെല്ല് സംഭരണം;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ii) നാളികേര കർഷകരെ വിലയിടിവിൽനിന്ന് രക്ഷിക്കുന്നതിനായി കേരഫെഡ് മുഖേന നിലവിൽ കിലോയ്ക്ക് 25 രൂപ നിരക്കിൽ പച്ചത്തേങ്ങ സംഭരണം;

(iii) പച്ചക്കറി കർഷകരെ ചൂഷണത്തിൽനിന്ന് മോചിപ്പിക്കുന്നതിനും ഇടത്തട്ടുകാരെ ഒഴിവാക്കുന്നതിനും സ്വാശ്രയ കർഷക ഗ്രൂപ്പുകളും പച്ചക്കറി ക്ലസ്റ്ററുകളും പഞ്ചായത്ത്/ബ്ലോക്ക് അടിസ്ഥാനത്തിൽ വിപണികൾ നടത്തുന്നു.

(iv) കൂടാതെ സംസ്ഥാനത്തെ 6 കാർഷിക മൊത്ത വ്യാപാര വിപണികളിലും കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾ നേരിട്ട് വിൽക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്.

(v) റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് കിലോയ്ക്ക് അതാത് ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തിയ ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡിയായി രജിസ്റ്റർ ചെയ്ത കർഷകർക്ക് അവരുടെ ബാങ്ക് അക്കൗണ്ട് മുഖേന വിതരണം ചെയ്യുന്നുണ്ട്.

(vi) കർഷകർക്ക് കുറഞ്ഞ പലിശ നിരക്കിൽ കാർഷിക വായ്പകൾ ലഭിക്കുന്നതിന് അഗ്രി കാർഡ് കിസാൻ ക്രെഡിറ്റ് കാർഡ് സൗകര്യം;

(vii) പ്രകൃതിക്ഷോഭംമൂലം കൃഷിനാശം ഉണ്ടാകുന്ന കർഷകർക്ക് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരവും കേന്ദ്ര സർക്കാരിന്റെ വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരവും ധനസഹായം;

(viii) കീടരോഗങ്ങൾമൂലം കൃഷിനാശം ഉണ്ടാകുന്ന സാഹചര്യത്തിൽ സമയബന്ധിതമായി കീടരോഗ നിയന്ത്രണത്തിനുള്ള മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനുള്ള പദ്ധതി;

(ix) 60 വയസ്സ് പൂർത്തിയായ ചെറുകിട നാമമാത്ര കർഷകർക്ക് പദ്ധതി നിബന്ധനകൾക്ക് അനുസരിച്ച് കർഷക പെൻഷൻ

(x) സംസ്ഥാന കൃഷിവകുപ്പും ത്രിതല പഞ്ചായത്തും നടപ്പിലാക്കുന്ന എല്ലാ പദ്ധതികൾക്കും സമയബന്ധിതമായി സാമ്പത്തിക സഹായം നൽകുന്നു.

(xi) നെല്ലിന്റെ വില ഉടനെ ലഭ്യമാക്കുവാൻ വേണ്ടി നെല്ല് സംഭരിച്ച കർഷകർക്ക് ലഭിക്കുന്ന പി.ആർ.എസ്. (PRS) രസീത് ബാങ്ക് അക്കൗണ്ടിൽ സമർപ്പിച്ചാൽ മൂന്നു ദിവസത്തിനകം നെല്ലിന്റെ താങ്ങുവില കർഷകരുടെ അക്കൗണ്ടിലേക്ക് നിക്ഷേപിക്കുന്ന പദ്ധതിക്ക് ഈ വർഷം തുടക്കം കുറിച്ചു.

(ബി) റബ്ബറിന്റെ വിലത്തകർച്ചയിൽ കർഷകർക്ക് ആശ്വാസം നൽകുന്നതിലേക്കായി കിലോക്ക് 150 രൂപ താങ്ങുവില നിശ്ചയിച്ച് റബ്ബർ കർഷകർക്ക് സാമ്പത്തിക സഹായം നേരിട്ട് നൽകുകയെന്ന ഉദ്ദേശ്യത്തോടെ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം നടപ്പാക്കിയിട്ടുണ്ട്. റബ്ബർ ഇൻസെന്റീവ് പദ്ധതിക്കായി 2017-18 സാമ്പത്തിക വർഷത്തിൽ 500 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(സി) സംസ്ഥാനത്തെ എല്ലാ പ്രധാനപ്പെട്ട കാർഷിക വിളകൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തിയും നഷ്ടപരിഹാര തുക വർദ്ധിപ്പിച്ചും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പുനരാവിഷ്കരിച്ച് 22-3-2017-ലെ സ.ഉ.(എം.എസ്.)നമ്പർ37/2017/കൃഷി പുറപ്പെടുവിച്ചിട്ടുണ്ട് (അനുബന്ധം)*.

കൂടാതെ പ്രധാനമന്ത്രി ഫസൽ ബീമാ യോജന പദ്ധതി പ്രകാരം 2016-17 റാബി സീസണിൽ നെല്ല്, വാഴ, മരിച്ചീനി എന്നീ വിളകൾക്കും കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി, 2016-17 ഖാരിഫ് സീസണിൽ നെല്ല്, വാഴ, കുരുമുളക്, തെങ്ങ്, കമുക്, ഇഞ്ചി, മഞ്ഞൾ, ഏലം, പൈനാപ്പിൾ, കരിമ്പ്, എന്നീ 10 വിളകൾക്കും റാബി സീസണിൽ നെല്ല്, വാഴ, കശുമാവ്, കരിമ്പ്, മാവ്, ശീതകാല പച്ചക്കറികൾ എന്നീ വിളകൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്.

## കാർഷിക ഇൻഷ്വറൻസ് പദ്ധതികൾ

27 (1366) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം സ്വകാര്യ കാർഷിക ഇൻഷ്വറൻസ് കമ്പനികളാണ് നിലവിലുള്ളത്; 2016-2017-ൽ കർഷകരിൽനിന്ന് ഇവർ ഈടാക്കിയ ഇൻഷ്വറൻസ് പ്രീമിയം എത്രയാണെന്നും ഇതിൽ എത്ര തുക ക്ലെയിം ഇനത്തിൽ നൽകിയെന്നും സംസ്ഥാനത്തെ കാർഷികമേഖലയിലുണ്ടായ നഷ്ടങ്ങളിൽ സ്വകാര്യ ഇൻഷ്വറൻസ് പരിരക്ഷയുള്ളവരുടെ ക്ലെയിം തുകകൾ പൂർണ്ണമായും നല്കിയിട്ടുണ്ടോ എന്നും അറിയുമോ;

(ബി) സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന കാർഷിക ഇൻഷ്വറൻസ് പദ്ധതിയിൽ കഴിഞ്ഞ സാമ്പത്തിക വർഷം എത്ര തുകയാണ് പ്രീമിയം ഇനത്തിൽ ശേഖരിച്ചത്; ഇതിൽ എത്ര തുക ക്ലെയിം ഇനത്തിൽ കർഷകർക്ക് മടക്കി നല്കിയിട്ടുണ്ട്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കർഷകർക്ക് നഷ്ട പരിഹാര ഇനത്തിൽ വിതരണം ചെയ്ത തുകയുടെ കണക്ക് ജില്ല തിരിച്ച് നൽകാമോ;

(ഡി) പ്രധാനമന്ത്രി ഫസൽ ബീമാ യോജന പദ്ധതി പ്രകാരം എത്ര തുകയാണ് 2016-2017 വർഷത്തിൽ കർഷകർക്ക് ലഭിച്ചത്; ഈ പദ്ധതി പ്രകാരം ഇനി എത്ര കർഷകർക്ക്, എത്ര തുകയാണ് നഷ്ടപരിഹാര ഇനത്തിൽ നല്കാനുള്ളത്; വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന വിള ഇൻഷ്വറൻസ് പദ്ധതികൾ നടപ്പിലാക്കുന്നതിനായി സ്വകാര്യ ഇൻഷ്വറൻസ് കമ്പനികളെയൊന്നുംതന്നെ പങ്കാളികളാക്കിയിട്ടില്ല. 2016-17 ഖാരിഫ് സീസണിൽ പദ്ധതി നടപ്പിലാക്കുന്നതിനായിട്ടുള്ള ബിഡ്ഡിംഗ് പ്രോസസിൽ 10 സ്വകാര്യ ഇൻഷ്വറൻസ് കമ്പനികൾ പങ്കെടുത്തിരുന്നു. അവയുടെ പേരുവിവരം ചുവടെ ചേർക്കുന്നു:

1. എച്ച്.ഡി.എഫ്.സി. എർഗോ ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്
2. ഐ.സി.ഐ.സി.ഐ. ലൊമ്പാർഡ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്
3. ഇഫ്കോ ടോക്കിയോ ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്
4. ചോളമണ്ഡലം എം.എസ്. ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്
5. ടാറ്റ-എ.ഐ.ജി. ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്
6. ഫ്യൂച്ചർ ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്
7. റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്
8. ബജാജ് അലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്
9. എസ്.ബി.ഐ. ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്
10. യൂണിവേഴ്സൽ സോംപോ ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്

എന്നാൽ 2016-17 ഖാരിഫ് സീസണിൽ പ്രസ്തുത പദ്ധതി നടപ്പാക്കിയിരുന്നില്ല. 2016-17 റാബി സീസണിൽ സ്വകാര്യ ഇൻഷ്വറൻസ് കമ്പനികളാരുംതന്നെ പങ്കെടുത്തില്ല.

(ബി) 2016-17 സാമ്പത്തിക വർഷം സർക്കാർ 1,05,98,025.3 രൂപ സർക്കാർ ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള പ്രീമിയം ഇനത്തിൽ ശേഖരിച്ചിട്ടുണ്ട്. നഷ്ടപരിഹാര ഇനത്തിൽ 2478 കർഷകർക്ക് 1,59,87,097 രൂപ നൽകിയിട്ടുണ്ട്.

(സി) വിവരം അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് 2016-17 ഖാരിഫ് സീസണിൽ പ്രധാന മന്ത്രി ഫസൽ ബീമ യോജന പദ്ധതി നടപ്പാക്കിയിരുന്നില്ല. 2016-17 റാബി സീസണിൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുകയും കൃഷിനാശം സംഭവിച്ച കർഷകരുടെ അപേക്ഷകൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. ടി അപേക്ഷയിൽ തീർപ്പാക്കി നഷ്ട പരിഹാര തുകകൾ നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

**കർഷക പെൻഷൻ**

28 (1367) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ കർഷക പെൻഷൻ ലഭിക്കുന്നവരുടെ എണ്ണം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ;

(ബി) പെൻഷൻ ഏതുമാസം വരെ കൊടുത്തുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1. നന്ദിയോട്-81

2. കല്ലറ -58

3. പുല്ലമ്പാറ -211

4. പാങ്ങോട് -72

5. പെരിങ്ങമല - 145

6. നെല്ലനാട് - 244

7. വാമനപുരം - 175

8. പനവൂർ - 186

9. ആനാട് - 95

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) വാമനപുരം ബ്ലോക്കിൽ നെല്ലനാട്, വാമനപുരം എന്നീ കൃഷി ഭവനുകൾക്ക് 2016 നവംബർ വരെയും ബാക്കി അഞ്ച് കൃഷി ഭവനുകൾക്ക് ഒക്ടോബർ 2016 വരെയും പെൻഷൻ വിതരണം ചെയ്തു. നെടുമങ്ങാട് ബ്ലോക്കിലെ പനവൂർ കൃഷി ഭവന് 2016 ഡിസംബർ വരെയും ആനാട് കൃഷി ഭവന് 2016 ഒക്ടോബർ വരെയും വിതരണം ചെയ്തു.

**കയ്പാട് കൃഷി**

29 (1368) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നബാർഡിന്റെ RIDF XXI സ്കീമിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിൽ കല്ല്യാശ്ശേരി മണ്ഡലത്തിലെ ഏഴോം, പട്ടുവം, ചെറുകുന്ന്, കണ്ണപുരം എന്നീ ഗ്രാമപഞ്ചായത്തുകളിൽ കയ്പാട് കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനും സംരക്ഷിക്കുന്നതിനുമായി ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ നിലവിലുള്ള നിർമ്മാണ പുരോഗതി അറിയിക്കാമോ?

ഉത്തരം

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ഏഴോം, പട്ടുവം, ചെറുകുന്ന്, കണ്ണപുരം എന്നീ പഞ്ചായത്തുകളിലെ കയ്പാട് കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനും സംരക്ഷിക്കുന്നതിനും നബാർഡിന്റെ ആർ.ഐ.ഡി.എഫ്. XXI സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഇതിൽ കണ്ണപുരം പഞ്ചായത്തിലെ പ്രവൃത്തി ആരംഭിച്ചിരുന്നുവെങ്കിലും കാലവർഷംകാരണം ഇപ്പോൾ നിർത്തി വച്ചിരിക്കുകയാണ്. പട്ടുവം പഞ്ചായത്തിലെ പ്രവൃത്തികൾക്ക് കരാർ ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ കാലവർഷം കഴിഞ്ഞാൽ പുരോഗമിക്കുന്നതാണ്. സ്ഥലം ഉടമയുമായി കേസ് നിലവിലുള്ളതിനാൽ ഏഴോം പഞ്ചായത്തിലെ പ്രവൃത്തി ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. ചെറുകുന്ന് പഞ്ചായത്തിലെ പ്രവൃത്തികൾ റീ-ടെണ്ടർ ചെയ്ത് സെലക്ഷൻ നോട്ടീസ് കരാറുകാരന് നൽകിയിട്ടുണ്ട്.

**നാളികേര കൃഷി വികസനം**

30 (1369) ഡോ. എം. കെ. മുനീർ:
ശ്രീ. കെ. എം. ഷാജി:
ശ്രീ. പാറക്കൽ അബ്ദുല്ല:
ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേര കൃഷി വികസനത്തിന് 2016-17 വർഷം ആസൂത്രണം ചെയ്തു നടപ്പാക്കിയ പദ്ധതികളുടെ വിശദവിവരം നല്കാമോ;

(ബി) നാളികേര കൃഷിക്ക് ഇടവിളയായി പച്ചക്കറി കൃഷിചെയ്യുന്ന പദ്ധതി ഇതോടൊപ്പം നടപ്പാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ അതുമൂലം ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദവിവരം നൽകുമോ?

ഉത്തരം

(എ) 2016-17 വർഷം സമഗ്ര നാളികേര കൃഷി വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ കേരഗ്രാമം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി സംസ്ഥാനത്ത് എല്ലാ ജില്ലകളിലും നടപ്പിലാക്കി. 500 ഹെക്ടർ വീതം കേരകൃഷി വിസ്തൃതിയുള്ള 30 കേരഗ്രാമങ്ങൾ പുതുതായി തെരഞ്ഞെടുത്ത് 59 ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലായി പദ്ധതി നടപ്പിലാക്കുകയും 3803.7726 ലക്ഷം രൂപ പദ്ധതിക്കായി ചെലവിടുകയുമുണ്ടായി. പ്രസ്തുത പദ്ധതിയിലൂടെ തടം തുറക്കൽ, കള നിയന്ത്രണം, പുതയിടൽ, തൊണ്ടടുക്കൽ, കുമ്മായ വസ്തുക്കൾ, മഗ്നീഷ്യം സൾഫേറ്റ്, ജൈവവളങ്ങൾ, ജീവാണുവളം, സസ്യ സംരക്ഷണ വസ്തുക്കൾ ഇവ നൽകുക, ഇടവിള കൃഷി, രോഗബാധിതമായി ഉൽപ്പാദന ക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തെങ്ങിൻ തൈകൾ നടുക തുടങ്ങിയ സംയോജിത വിള പരിപാലന മുറകൾ 11977.973 ഹെക്ടർ കൃഷി സ്ഥലത്ത് നടപ്പിലാക്കുകയുണ്ടായി. കൂടാതെ 1240.75816 ഹെക്ടർ സ്ഥലത്ത് ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും 3828 തെങ്ങുകയറ്റ യന്ത്രങ്ങൾ വിതരണം ചെയ്യുകയും 454 ജൈവവള യൂണിറ്റുകൾ സ്ഥാപിക്കുകയും പ്രാദേശികമായ ആവശ്യങ്ങൾക്കായി 14 തെങ്ങിൻ തൈ നഴ്സറികൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. പ്രോജക്ട് അടിസ്ഥാനത്തിൽ കൂട്ടായ പ്രവർത്തനങ്ങൾക്കും മൂല്യ വർദ്ധിത സംരംഭങ്ങൾക്കും പഞ്ചായത്തുതല കേരസമിതികൾ/സൊസൈറ്റികൾക്ക് 281.54482 ലക്ഷം രൂപയുടെ സഹായം നൽകുകയുമുണ്ടായി.

(ബി &സി) ഇല്ല. 2016-17 വർഷം 7160.38 ലക്ഷം രൂപ ബജറ്റ് വിഹിതമായി വകയിരുത്തി "സമഗ്ര പച്ചക്കറികൃഷി വികസന പദ്ധതി" എന്ന പേരിൽ ബൃഹത്തായ ഒരു പദ്ധതി പച്ചക്കറി കൃഷിക്ക് മാത്രമായി നടപ്പിലാക്കി ആനുകൂല്യം നൽകുന്നതിനാൽ കേരഗ്രാമം പദ്ധതിയിൽ തെങ്ങിന്റെ ഇടവിളയായി കിഴങ്ങ് വർഗ്ഗങ്ങൾ, വാഴ, ഇഞ്ചി, മഞ്ഞൾ മുതലായ ഇടവിളകൾക്കാണ് കൂടുതൽ പ്രാമുഖ്യം നൽകിയിരിക്കുന്നത്.

## വിഷരഹിത നാടൻ പച്ചക്കറികൾ

31 (1370) ശ്രീ. എ. എം. ആരിഫ്:
ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഷരഹിത നാടൻ പച്ചക്കറികൾ ജനങ്ങൾക്ക് സുലഭമായി ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) 'കേരള ഓർഗാനിക്' എന്ന പേരിൽ നല്ല കൃഷി മുറകൾ പാലിച്ചുകൊണ്ട് ഉല്പാദിപ്പിച്ച വിഷരഹിത ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഓണത്തിന് ആവശ്യമായ പച്ചക്കറികൾ ജനങ്ങൾ സ്വയം ഉൽപ്പാദിപ്പിക്കുന്നതിനായി 'ഓണത്തിന് ഒരു മുറം പച്ചക്കറി' എന്ന പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് കമ്പോളവിലയേക്കാൾ ഉയർന്ന വില നൽകി ശേഖരിച്ച് ഹോർട്ടി കോർപ്പ് വഴി പൊതുജനങ്ങൾക്ക്ന്യായവിലയ്ക്ക് നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) വിഷരഹിത നാടൻ പച്ചക്കറികൾ ജനങ്ങൾക്ക് സുലഭമായി ലഭ്യമാക്കുന്നതിന് നടപ്പ് സാമ്പത്തിക വർഷം 10 കോടി രൂപയുടെ വിവിധ പ്രവർത്തനങ്ങൾ സർക്കാർ വിഭാവനം ചെയ്തിട്ടുണ്ട്. കൃഷി ഭവൻ തലത്തിൽ ജൈവ ക്ലസ്റ്ററുകൾ രൂപീകരിച്ച് ജൈവകൃഷി പ്രോത്സാഹന പ്രവർത്തനം നടത്തിവരുന്നു. ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഘട്ടംഘട്ടമായി ജൈവകൃഷി വ്യാപനം സാദ്ധ്യമാക്കുന്നതാണ്. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നിലവിൽ 155 ക്ലസ്റ്ററുകൾക്കായി 116 ലക്ഷം രൂപ ധനസഹായമായി നൽകുന്നു.

സംസ്ഥാന സർക്കാരിന്റെ "സേഫ് റ്റു ഈറ്റ്" പദ്ധതി പ്രകാരം വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലാബ് മുഖേന മാർക്കറ്റിൽ നിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന നടത്തി പരിശോധനാഫലം 3 മാസത്തിലൊരിക്കൽ പരസ്യപ്പെടുത്തുന്നുണ്ട്.

കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് മതിയായ വില ലഭിക്കുന്നതിന് നിലവിൽ 65 ഇക്കോ ഷോപ്പുകൾ പ്രവർത്തിച്ചുവരുന്നു. പുതുതായി 150 ഇക്കോ ഷോപ്പുകൾക്കൂടി ആരംഭിക്കുന്നതിന് പദ്ധതിയുണ്ട്. ഉത്തമ കൃഷി മുറകൾ പാലിച്ചുകൊണ്ട് ഉൽപ്പാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങൾക്ക് 20% അധിക വില ഇക്കോ ഷോപ്പുകൾ വഴി വിപണനം ചെയ്യുമ്പോൾ കർഷകന് ലഭിക്കുന്നു.

(ബി) ഉണ്ട്.

(സി) ഉണ്ട്. ഇതിനായി കൃഷി വകുപ്പിന്റെ പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വീട്ടുവളപ്പിലെ പച്ചക്കറി കൃഷിക്കായി വിത്തുകൾ, തൈകൾ, തൈകൾ നട്ടുപിടിപ്പിച്ച ഗ്രോ ബാഗുകൾ എന്നിവ നൽകുന്നു. സംസ്ഥാനത്തെ 63 ലക്ഷം കുടുംബങ്ങൾക്ക് ഈ പദ്ധതിയുടെ ഗുണഫലം ലഭിക്കുന്നതാണ്.

വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും പച്ചക്കറി വിത്തുകൾ അടങ്ങിയ 40 ലക്ഷം പച്ചക്കറി വിത്തു പായ്ക്കറ്റുകൾ, 45.45 ലക്ഷം പച്ചക്കറി തൈകൾ എന്നിവ വിതരണം ചെയ്തുകഴിഞ്ഞു. വിവിധ മാധ്യമങ്ങൾ മുഖേനയും സന്നദ്ധ സംഘടനകൾ മുഖേനയും 17 ലക്ഷം പച്ചക്കറി വിത്തു പായ്ക്കറ്റുകളുടെ വിതരണം ഇപ്പോൾ നടന്നുവരുന്നു. പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച 37,000 ഗ്രോ ബാഗ് യൂണിറ്റുകളുടെ വിതരണം പുരോഗമിച്ചുവരുന്നു. കൂടാതെ മുൻ വർഷങ്ങളിൽ നൽകിയ ഗ്രോ ബാഗ് യൂണിറ്റുകളിൽ വീണ്ടും കൃഷി ചെയ്യാനായി വിത്ത്, തൈകൾ മറ്റ് ഉൽപ്പാദന ഉപാധികൾ എന്നിവയും നൽകുന്നു. വി.എഫ്.പി.സി.കെ., ത്രിതല പഞ്ചായത്തുകൾ, ജനപ്രതിനിധികൾ, കാർഷിക കർമസേന, അഗ്രോ-സർവ്വീസ് സെന്റർ, സന്നദ്ധ സംഘടനകൾ, മാധ്യമങ്ങൾ, കുടുംബശ്രീ തുടങ്ങിയവരുടെ സംയുക്ത സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്.

പദ്ധതിയുടെ പ്രചാരണ പരിപാടികളുടെ ചുമതല ഫാം ഇൻഫർമേഷൻ ബ്യൂറോ നിർവ്വഹിക്കുന്നു. ഈ പദ്ധതിയുടെ പ്രചരണാർത്ഥം ഒരു 'സ്ലോഗൻ' തയ്യാറാക്കി, അതോടൊപ്പം മന്ത്രിമാർ, സെലിബ്രിറ്റീസ്, ജനപ്രതിനിധികൾ എന്നിവരുടെ പ്രസ്താവനകളോടുകൂടിയ ശബ്ദരേഖ ഉള്ളടക്കം ചെയ്ത് റേഡിയോ ഉൾപ്പെടെയുള്ള മാധ്യമങ്ങൾ വഴി സംപ്രേക്ഷണം ചെയ്തിട്ടുണ്ട്.

ഈ പദ്ധതി നടപ്പിലാക്കുകവഴി ഏകദേശം 25000-ത്തോളം ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി വ്യാപിപ്പിക്കാനും ഏകദേശം ഒരു ലക്ഷം ടണ്ണോളം പച്ചക്കറി അധികമായി ഉൽപ്പാദിപ്പിക്കുവാനും ലക്ഷ്യമിടുന്നു.

ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിനായി ഏറ്റവും നല്ല പച്ചക്കറിത്തോട്ടം ഒരുക്കുന്ന വീട്ടമ്മമാർക്ക് ജില്ലാതലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനക്കാർക്ക് യഥാക്രമം 15,000 രൂപ, 7,500 രൂപ, 5,000 രൂപ എന്നിങ്ങനെയും സംസ്ഥാനതലത്തിൽ യഥാക്രമം 1,00,000 രൂപ, 50,000 രൂപ, 25,000 രൂപയും അവാർഡായി നൽകുന്നു. ചുരുങ്ങിയത് 5 ഇനം പച്ചക്കറികളെങ്കിലും കൃഷി ചെയ്യുന്ന വീട്ടമ്മമാരെയാണ് അവാർഡിനായി പരിഗണിക്കുന്നത്. ഇതിനായി 5.6 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി) കർഷകരുടെ പച്ചക്കറി ഉൽപ്പന്നങ്ങൾ ഓണക്കാലത്ത് 10 ശതമാനം ഉയർന്ന വില നൽകി ശേഖരിക്കുവാനും ഓണസമൃദ്ധി 2017 പദ്ധതി വഴി കമ്പോള വിലയെക്കാൾ 30 ശതമാനത്തോളം വിലക്കുറവിൽ നൽകുവാനും പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. 1500-ഓളം സ്റ്റാളുകളിൽ മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. കൃഷി വകുപ്പിന്റെ കീഴിലുള്ള സ്റ്റാളുകൾ, ഹോർട്ടികോർപ്പിന്റെ സ്റ്റാളുകൾ, വി.എഫ്.പി.സി.കെ.യുടെ സ്റ്റാളുകൾ എന്നിവ വഴിയാണ് പദ്ധതി നടപ്പാക്കുവാൻ തീരുമാനിച്ചിരിക്കുന്നത്.

**റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ**

32 (1371) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കേന്ദ്രസർക്കാരിൽ നിന്നും പ്രത്യേക സഹായം ലഭിച്ചിട്ടുണ്ടോ; ഇക്കാര്യത്തിനായി കേന്ദ്രസർക്കാരിനെ സമീപിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

റബ്ബർ വിലസ്ഥിരതാ പദ്ധതിയിലേക്ക് കേന്ദ്ര സർക്കാർ സഹായം ആവശ്യപ്പെട്ടുകൊണ്ടു സംസ്ഥാന ധനകാര്യ വകുപ്പുമന്ത്രി കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ട്. റബ്ബറിന്റെ താങ്ങുവില വർദ്ധിപ്പിക്കുന്നതിനാവശ്യമായ കേന്ദ്രസഹായം ലഭ്യമാക്കണമെന്ന് സംസ്ഥാന നിയമസഭ പ്രമേയത്തിലൂടെയും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**മാങ്കോ ഹബ്ബിന്റെ പ്രവർത്തനം**

33 (1372) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച നെന്മാറ നിയോജകമണ്ഡലത്തിലെ മാങ്കോഹബ്ബിന്റെ പ്രവർത്തനം തുടങ്ങുന്നതിന് എന്തെല്ലാം നടപടികളാണ് പൂർത്തീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ, കേരള പാലക്കാട് ജില്ലയിലെ പ്രമുഖ മാവ് കൃഷി മേഖലയുടെ വികസനം (വിളവിസ്തൃതി മുതൽ വിപണനം വരെ) ലക്ഷ്യമാക്കി ഒരു സമഗ്ര പദ്ധതി നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നു. കേന്ദ്ര പദ്ധതിയായ രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിലൂടെ ഇതിനായി ഫണ്ട് കണ്ടെത്തുന്നതാണ്.

**ജൈവകൃഷി പ്രോത്സാഹനം**

34 (1373) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകൾ കേന്ദ്രീകരിച്ച് ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഏതെങ്കിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പദ്ധതി പ്രകാരം സ്കൂളുകൾക്ക് ജൈവ കൃഷിക്കായി സാമ്പത്തിക സഹായം ലഭ്യമാക്കുന്നുണ്ടോ എന്നും ആയതിലേക്കായി അപേക്ഷ സമർപ്പിക്കേണ്ട നടപടികൾ എന്തൊക്കെയാണെന്നും അറിയിക്കാമോ;

(ബി) ജൈവകൃഷി പ്രോത്സാഹനത്തിനായി ഈ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്നും ആയതിലേക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും ഇനം തിരിച്ച് അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) നടപ്പിലാക്കിയിട്ടുണ്ട്. സ്കൂളുകളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പച്ചക്കറി വികസന പദ്ധതി - 2017-18-ലുൾപ്പെടുത്തി വിദ്യാർത്ഥികളുടെ വീട്ടുവളപ്പിലും സ്കൂൾ വളപ്പിലും കൃഷി ചെയ്യുവാൻ സഹായം നൽകുന്നുണ്ട്. ഇതിനുവേണ്ട അപേക്ഷകൾ സ്കൂൾ മേധാവി മുഖാന്തിരം അതാത് കൃഷി ഓഫീസർമാർക്ക്/കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർക്ക് സമർപ്പിക്കേണ്ടതാണ്.

(ബി) ജൈവ കൃഷി പ്രോത്സാഹനത്തിനായി 2016-17-ൽ നടപ്പിലാക്കിയ സംസ്ഥാനാവിഷ്കൃത പദ്ധതികളും ആയതിലേക്കായി ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശങ്ങളും ചുവടെ ചേർക്കുന്നു:

1. ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ - 305.6099 ലക്ഷം രൂപ

   ജൈവവള നിർമ്മാണ യൂണിറ്റ് - 182.50 ലക്ഷം രൂപ

2. ഇക്കോ ഷോപ്പുകൾ - 70 ലക്ഷം രൂപ

   ജൈവ ഉൽപ്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം - 54 ലക്ഷം രൂപ

3. ജൈവ കാർഷിക മണ്ഡല അവാർഡുകൾ - 123 ലക്ഷം രൂപ

നടപ്പ് സാമ്പത്തിക വർഷം 10 കോടി രൂപയുടെ വിവിധ പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത്.

1. ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ

   നിലവിൽ 155 ക്ലസ്റ്ററുകൾക്കായി 116 ലക്ഷം രൂപ ധനസഹായമായി നൽകുന്നു.

2. ജൈവകാർഷിക മണ്ഡല അവാർഡുകൾ

   ഈ ഇനത്തിൽ നടപ്പു സാമ്പത്തിക വർഷം 123 ലക്ഷം രൂപ മാറ്റി വച്ചിട്ടുണ്ട്.

3. സേഫ് റ്റു ഈറ്റ്

   25 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

4. ഇക്കോ ഷോപ്പുകൾ

   300 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

## കൃഷിയോഗ്യമായ തരിശു ഭൂമി

35 (1374) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 46 ലക്ഷം ടൺ അരി ഉത്പാദിപ്പിക്കാൻ 15 ലക്ഷം ഹെക്ടർ കൃഷിഭൂമി വേണമെന്നിരിക്കെ ഇപ്പോൾ കേരളത്തിൽ ഒന്നേമുക്കാൽ ലക്ഷം ഹെക്ടർ കൃഷിഭൂമി മാത്രമാണുള്ളതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിലെ കൃഷിയോഗ്യമായ തരിശു ഭൂമി എത്രയെന്ന് പറയാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിലെ കൃഷിയോഗ്യമായ തരിശു ഭൂമിയുടെ കണക്ക് ചുവടെ ചേർക്കുന്നു:

| | |
|---|---|
| കോട്ടയം | 1835.31 ഹെക്ടർ |
| ആലപ്പുഴ | 3976 ഹെക്ടർ |
| തൃശ്ശൂർ | 3902 ഹെക്ടർ |
| പാലക്കാട് | 4681.22 ഹെക്ടർ |

**കാർഷിക സമിതി രൂപീകരണം**

36 (1375) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക പുരോഗതിക്കായി നിയോജകമണ്ഡലാടിസ്ഥാനത്തിൽ രൂപീകരിക്കുന്ന സമിതികളിൽ കോ-ഓർഡിനേറ്റർമാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) ഇത്തരം സമിതികളുടെ രൂപീകരണംവഴി കാർഷിക മേഖലയ്ക്ക് ഉണ്ടാകാവുന്ന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ?

<u>ഉത്തരം</u>

(എ&ബി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി**

37 (1376) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണത്തിന് ഒരു മുറം പച്ചക്കറി എന്ന പദ്ധതി വിശദീകരിക്കുമോ;

(ബി) ഇതിനായി പച്ചക്കറി വിത്തുകൾ വിതരണം ചെയ്തു കഴിഞ്ഞിട്ടുണ്ടോ;

(സി) പദ്ധതി നടത്തിപ്പിന് ഏതെല്ലാം ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്;

(ഡി) കർഷകരിൽനിന്ന് എത്ര ടൺ പച്ചക്കറി ശേഖരിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നതെന്നും ഇവ ശേഖരിക്കുന്നതിന് ഏതെല്ലാം ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഓണത്തിന് വിഷരഹിതമായ പച്ചക്കറി വീട്ടുവളപ്പിൽ നിന്നുതന്നെ ലഭ്യമാക്കാൻ ഉദ്ദേശിച്ച് 'ഓണത്തിന് ഒരു മുറം പച്ചക്കറി' എന്ന പദ്ധതി കൃഷി വകുപ്പ് നടപ്പിലാക്കുന്നു.

ഇതിനായി കൃഷി വകുപ്പിന്റെ പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വീട്ടുവളപ്പിലെ പച്ചക്കറി കൃഷിക്കായി വിത്തുകൾ, തൈകൾ, തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകൾ എന്നിവ നൽകുന്നു. സംസ്ഥാനത്തെ 63 ലക്ഷം കുടുംബങ്ങൾക്ക് ഈ പദ്ധതിയുടെ ഗുണഫലം ലഭിക്കുന്നതാണ്.

വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും 10 രൂപ വില വരുന്ന അഞ്ചിനം പച്ചക്കറി വിത്തുകൾ അടങ്ങിയ 40 ലക്ഷം പച്ചക്കറി വിത്തു പായ്ക്കറ്റുകൾ, 45.45 ലക്ഷം പച്ചക്കറി തൈകൾ എന്നിവയുടെ വിതരണം പൂർത്തീകരിച്ചു കഴിഞ്ഞു. വിത്തു പായ്ക്കറ്റുകൾ വി.എഫ്.പി.സി.കെ.-യാണ് നൽകുന്നത്. ഇതിലേക്കായി 500 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. വിവിധ മാധ്യമങ്ങൾ മുഖേനയും സന്നദ്ധ സംഘടനകൾ മുഖേനയും 17 ലക്ഷം പച്ചക്കറി വിത്തു പായ്ക്കറ്റുകളുടെ വിതരണം നടന്നുവരുന്നു. ഇതിനായി 170 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു. പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച 37000 ബാഗ് യൂണിറ്റുകളുടെ വിതരണം പുരോഗമിച്ചുവരുന്നു. ഇതിനുവേണ്ടി 555 ലക്ഷം രൂപ വകകൊള്ളിച്ചിരിക്കുന്നു. കൂടാതെ മുൻ വർഷങ്ങളിൽ നൽകിയ 75000 ഗ്രോബാഗ് യൂണിറ്റുകളിൽ വീണ്ടും കൃഷി ചെയ്യാനായി വിത്ത്, തൈകൾ, മറ്റ് ഉൽപ്പാദന ഉപാധികൾ എന്നിവയും നൽകുന്നു. ഇതിലേക്കായി 150 ലക്ഷം രൂപയും വകയിരുത്തിയിരിക്കുന്നു.

ഈ പദ്ധതി നടപ്പിലാക്കുന്നതുവഴി ഓണക്കാലത്ത് ഓരോ വീട്ടിലും സ്വന്തമായി കൃഷി ചെയ്തെടുത്ത പച്ചക്കറി ഉപയോഗിക്കുവാൻ കഴിയും. വി.എഫ്.പി.സി.കെ., ത്രിതല പഞ്ചായത്തുകൾ, ജനപ്രതിനിധികൾ, കാർഷിക കർമസേന, അഗ്രോ-സർവ്വീസ് സെന്റർ, സന്നദ്ധ സംഘടനകൾ, മാധ്യമങ്ങൾ, കുടുംബശ്രീ തുടങ്ങിയ എല്ലാവരുടെയും സംയുക്ത സഹകരണത്തോടെ പദ്ധതി നടപ്പിലാക്കുന്നതാണ്.

പദ്ധതിയുടെ പ്രചരണ പരിപാടികളുടെ ചുമതല ഫാം ഇൻഫർമേഷൻ ബ്യൂറോ നിർവ്വഹിക്കുന്നു. ഈ പദ്ധതിയുടെ പ്രചരണാർത്ഥം ഒരു 'സ്ലോഗൻ' തയ്യാറാക്കി ഇതിനോടൊപ്പം മന്ത്രിമാർ, സെലിബ്രിറ്റീസ്, ജനപ്രതിനിധികൾ എന്നിവരുടെ പ്രസ്താവനകളോട്ടുകൂടിയ ശബ്ദരേഖ ഉള്ളടക്കം ചെയ്ത് റേഡിയോ, എഫ്.എം. റേഡിയോ, റെയിൽവേ ജിംഗിൾസ് മുതലായ മാധ്യമങ്ങൾ വഴി സംപ്രേക്ഷണം ചെയ്ത് പദ്ധതിക്ക് പ്രചാരണം നൽകിയിട്ടുണ്ട്. കൂടാതെ പ്രമുഖ പത്രമാധ്യമങ്ങൾ വഴിയും വിപുലമായ പ്രചാരണം നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) അഞ്ച് ഇനം പച്ചക്കറി വിത്തുകൾ അടങ്ങുന്ന പായ്ക്കറ്റുകൾ തയ്യാറാക്കിയത് വി.എഫ്.പി.സി.കെ.-യാണ്. പച്ചക്കറി തൈകൾ, ഗ്രോബാഗുകൾ എന്നിവ പച്ചക്കറി വികസന പദ്ധതിയിലുള്ള നഴ്സറികൾ, സർക്കാർ ഫാമുകൾ, അഗ്രോ സർവ്വീസ് സെന്ററുകൾ, കർമ്മസേന എന്നീ ഏജൻസികൾ തയ്യാറാക്കി നൽകുന്നു.

(ഡി) ഏകദേശം 25000-ത്തോളം ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി വ്യാപിപ്പിക്കാനും ഏകദേശം 1 ലക്ഷം ടണ്ണോളം പച്ചക്കറി അധികമായി ഒന്നാം സീസണിൽ ഉൽപ്പാദിപ്പിക്കുവാനും ലക്ഷ്യമിടുന്നു. കൃഷി വകുപ്പിന്റെയും അനുബന്ധ സ്ഥാപനങ്ങളുടെയുമായി 1500-ലധികം പച്ചക്കറി വിപണികൾ ഈ വരുന്ന ഓണക്കാലത്ത് പ്രവർത്തിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. ഇതിനാവശ്യമായി വരുന്ന 6000-ത്തോളം ടൺ പച്ചക്കറികൾ കേരളത്തിലെ കർഷകരിൽ നിന്നും മാർക്കറ്റ് വിലയെക്കാൾ 10 ശതമാനം അധികം നൽകി സംഭരിക്കും. കാന്തല്ലൂർ, വട്ടവട പഞ്ചായത്തുകളിൽ ഉൽപ്പാദിപ്പിക്കുന്ന ശീതകാല പച്ചക്കറികൾ മുഴുവനും സംഭരിക്കുന്നതിനായി ഹോർട്ടികോർപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

### കാർഷിക വില നിർണ്ണയ കമ്മീഷൻ

38 (1377) <u>ശ്രീ. പി. ടി. തോമസ്:</u>
<u>ശ്രീ. കെ. എസ്. ശബരീനാഥൻ:</u>
<u>ശ്രീ . അനൂപ് ജേക്കബ്:</u>
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാണ്യവിളകളുടെ വിലത്തകർച്ചമൂലവും കടബാധ്യത കാരണവും കർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിളകൾക്ക് ഉല്പാദന ചെലവ് പോലും ലഭ്യമല്ലാത്ത സാഹചര്യത്തിൽ ഉല്പാദന ചെലവും 50 ശതമാനം ലാഭവും ഉറപ്പാക്കാൻ കർഷക പ്രതിനിധികളെ ഉൾപ്പെടുത്തി കാർഷിക വില നിർണ്ണയ കമ്മീഷൻ രൂപീകരിക്കുമോ;

(സി) പഞ്ചാബ്, കർണ്ണാടക ഉൾപ്പെടെയുള്ള പല സംസ്ഥാനങ്ങളും കാർഷിക കടങ്ങൾ എഴുതിത്തള്ളിയത് പരിഗണിച്ച് സംസ്ഥാനത്തെ കർഷകരുടെ രണ്ട് ലക്ഷംവരെയുള്ള കാർഷിക കടങ്ങൾ എഴുതിത്തള്ളുന്ന കാര്യം ആലോചിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) ഇക്കാര്യം തൽക്കാലം പരിഗണനയിലില്ല.

**കാർഷിക വിള ഇൻഷ്വറൻസ് പദ്ധതി**

39 (1378) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം കാർഷിക വിളകളെയാണ് ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെയായി പ്രസ്തുത പദ്ധതിപ്രകാരം എത്ര പേർക്ക് എന്തു തുക ആനുകൂല്യമായി നൽകിയിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം നൽകുമോ;

(സി) പ്രസ്തുത പദ്ധതിയിൽ സംസ്ഥാനത്തെ കൂടുതൽ വിളകളെ ഉൾപ്പെടുത്തുന്നതിനും നഷ്ടപരിഹാര തുക വർദ്ധിപ്പിച്ചു നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം കേരളത്തിലെ പ്രധാനപ്പെട്ട 25 കാർഷിക വിളകളായ തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, ഇഞ്ചി, തേയില, മരച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയറുവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ (ചേന, മധുരക്കിഴങ്ങ്), കരിമ്പ്, പുകയില, നെല്ല് എന്നീ വിളകളെ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) വിശദാംശം അനുബന്ധം *ആയി ചേർത്തിരിക്കുന്നു.

(സി) സംസ്ഥാനത്തെ എല്ലാ പ്രധാനപ്പെട്ട കാർഷിക വിളകൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തിയും നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ചും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പുനരാവിഷ്കരിച്ച് 22-3-2017 തീയതിയിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 21 വർഷത്തിനുശേഷം ഇപ്പോഴാണ് ഇൻഷ്വറൻസ് നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ചിട്ടുള്ളത്. പുതുക്കിയതു പ്രകാരം ഇരട്ടി മുതൽ 13 ഇരട്ടിവരെയാണ്. നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ചിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**പൂളേങ്കര ചാലി സംരക്ഷണം**

40 (1379) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒളവണ്ണ ഗ്രാമപഞ്ചായത്തിലെ പൂളേങ്കര ചാലി സംരക്ഷണം സംബന്ധിച്ച് സി.ഡബ്ല്യു.ആർ.ഡി.എമ്മും, കെ.എൽ.ഡി.സി.യും സംയുക്തമായി തയ്യാറാക്കിയ പദ്ധതിരേഖ നടപ്പിൽ വരുത്തുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാം; വിശദമാക്കാമോ ?

ഉത്തരം

ഒളവണ്ണ ഗ്രാമപഞ്ചായത്തിലെ പൂളേങ്കര ചാലി നവീകരണ പ്രവൃത്തികൾ നബാർഡ് ധനസഹായത്തോടെയുള്ള RIDF പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

**കാർഷിക നഷ്ടം സംഭവിച്ചവർക്ക് ധനസഹായം**

41 (1380) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012 മുതൽ പ്രകൃതിക്ഷോഭവും വരൾച്ചയുംമൂലം കാർഷിക നഷ്ടം സംഭവിച്ചവർക്ക് വകുപ്പിൽനിന്നും ധനസഹായം ലഭിക്കാത്തതുമൂലം നേരിടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാർഷിക വിളകളുടെ നഷ്ടപരിഹാരത്തിന് അപേക്ഷ നൽകി, ആനുകൂല്യത്തിനായി കാത്തിരിക്കുന്നവർക്ക് ധനസഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇത്തരത്തിൽ വൻതോതിൽ കൃഷിനാശം സംഭവിച്ചവരുടെ കാർഷിക കടം എഴുതിത്തള്ളുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഈ സർക്കാർ കാർഷികമേഖലയിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയ വിപ്ലവകരമായ പദ്ധതികൾ എന്തെല്ലാമാണ്; അവ വിജയകരമാണോയെന്നു വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

ഉത്തരം

(എ) 2012-13 മുതൽ 2016-17 വരെ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും 103.39 കോടി രൂപയുടെയും കൃഷി വകുപ്പ് മുഖേന 58.26 കോടി രൂപയുടെയും ധനസഹായം കർഷകർക്ക് നൽകിയിട്ടുണ്ട്. ഇനി സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 44.83 കോടി രൂപയുടെയും കൃഷി വകുപ്പ് മുഖേന 28.46 കോടി രൂപയുടെയും ധനസഹായം അനുവദിക്കുവാനുണ്ട്. ഫണ്ട് ലഭ്യമാക്കി കുടിശ്ശിക ധനസഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കൃഷിനാശം സംഭവിച്ച കർഷകരിൽനിന്നും അപേക്ഷകൾ സ്വീകരിച്ച് മുൻഗണനാക്രമം അനുസരിച്ച് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കാർഷിക കടം എഴുതിത്തള്ളുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

(സി) ഈ സർക്കാർ കാർഷിക മേഖലയിൽ നടപ്പിലാക്കിയ പ്രധാന പദ്ധതികൾ താഴെപ്പറയുന്നവയാണ്:

1. തരിശുനില കൃഷി വികസന പദ്ധതി പ്രകാരം 2372 ഹെക്ടർ തരിശുനിലത്ത് നെൽകൃഷി പ്രാവർത്തികമാക്കി. മെത്രാൻ കായൽ, ആറന്മുള പ്രദേശം എന്നിവിടങ്ങളിലെ വർഷങ്ങളായി തരിശുകിടന്ന നെൽപ്പാടങ്ങളിൽ നെൽ കൃഷി പുനരാരംഭിച്ചു.

2. ഒരുപ്പൂ കൃഷി ചെയ്തിരുന്ന 88.4 ഹെക്ടർ നെൽപ്പാടങ്ങളിൽ ഇരുപ്പൂ കൃഷി നടപ്പിലാക്കി.

3. സുരക്ഷിത പച്ചക്കറി ഉൽപ്പാദനം കൂടുതൽ പ്രചാരണത്തോടെയും ജനപങ്കാളിത്തത്തോടെയും നടപ്പിലാക്കി.

4. നല്ല കാർഷിക മുറകൾ അവലംബിച്ച് കേരളത്തിലുൽപാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങൾ കേരള ഓർഗാനിക് എന്ന ബ്രാൻഡ് നാമത്തിൽ പുറത്തിറക്കി

5. ഓണത്തിന് ഓണസമൃദ്ധി എന്ന പേരിൽ എല്ലാ പഞ്ചായത്തുകളിലും പഴം, പച്ചക്കറി വിപണികൾ നടത്തുകയും കർഷകർക്ക് 10 മുതൽ 20 ശതമാനം വരെ കൂടുതൽ വില നൽകി ഉൽപ്പന്നങ്ങൾ സംഭരിക്കുകയും ഉപഭോക്താക്കൾക്ക് വിപണി വിലയിൽനിന്നും 30% കുറഞ്ഞ നിരക്കിൽ അവ ലഭ്യമാക്കുകയും ചെയ്തു.

6. ക്രിസ്തുമസ്, ഈസ്റ്റർ, വിഷു എന്നീ ഉത്സവങ്ങളോടനുബന്ധിച്ചും പച്ചക്കറി ചന്തകൾ സംഘടിപ്പിച്ചു.

7. കർഷക ക്ഷേമ ബോർഡ് രൂപീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തി

8. കർഷക പെൻഷൻ പ്രതിമാസം 600 രൂപയിൽ നിന്നും 1000 രൂപയാക്കി ഉയർത്തി

9. കാർഷിക രംഗത്തെ സമഗ്രവും സുസ്ഥിരവുമായ വികസനം ലക്ഷ്യമാക്കി ഹരിത കേരളം പദ്ധതി 'സുജലം സുഫലം' എന്ന പേരിൽ ആരംഭിച്ചു.

ഈ പദ്ധതികളെല്ലാം വിജയകരമാണെന്നും വിലയിരുത്തിയിട്ടുണ്ട്.

## കർഷകരുടെ വരുമാനം ഇരട്ടിയാക്കുന്നതിനുള്ള പദ്ധതികൾ

42 (1381) ശ്രീ. കെ. കൃഷ്ണൻകുട്ടി:
ശ്രീ. സി. കെ. നാണു:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകരുടെ വരുമാനം 2022-ഓടെ ഇരട്ടിയാക്കുന്നതിന്റെ ഭാഗമായി കാർഷികോത്പന്നങ്ങളുടെ രാജ്യാന്തര വിപണനത്തിനും വിപണി പരിഷ്കാരത്തിനുമായി കേന്ദ്ര സർക്കാർ ഒരു മോഡൽ നിയമം കൊണ്ടുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരളം എ.പി.എം.സി. നിയമം പാസാക്കാത്തതിനാൽ ഇത്തരത്തിലുള്ള പദ്ധതികൾ സംസ്ഥാനത്തിന് നഷ്ടപ്പെടുവാനുള്ള സാധ്യതയുണ്ടോ;

(സി) ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാരിൽനിന്ന് ലഭിച്ച കത്തിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കുകയുണ്ടായി എന്ന് വ്യക്തമാക്കാമോ;

(ഡി) കേന്ദ്ര സർക്കാരിന്റെ നിർദ്ദേശപ്രകാരം 2022-ഓടെ കർഷകരുടെ വരുമാനം ഇരട്ടിയാക്കുന്നതിന് സംസ്ഥാനത്തിന്റെ പരിഗണനയിലുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) APMC നിയമം പാസ്സാക്കാത്തതിനാൽ പദ്ധതികളൊന്നും സംസ്ഥാനത്തിന് നഷ്ടമാകാതിരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) കേന്ദ്രസർക്കാർ 2016-17 ബജറ്റിൽ പ്രഖ്യാപിച്ച " doubling farmers income by 2022" എന്ന പ്രഖ്യാപനം നടപ്പിൽവരുത്തുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ സംസ്ഥാനം സ്വീകരിക്കുവാൻ ലക്ഷ്യമിടുന്ന നയതന്ത്രങ്ങളെ സംബന്ധിച്ച റിപ്പോർട്ട് കേന്ദ്രസർക്കാർ ആവശ്യപ്പെട്ട പ്രകാരം കൃഷി വകുപ്പ് നിശ്ചിത ഫോറത്തിൽ നൽകിയത് അനുബന്ധം* ആയി ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കർഷക/കർഷകത്തൊഴിലാളി വരുമാനം 2022-ാമാണ്ടോടെ ഇരട്ടിയാക്കുന്നതുമായി ബന്ധപ്പെട്ട് സമഗ്ര കർമ്മ പദ്ധതി തയ്യാറാക്കി ശിപാർശ സഹിതം കേന്ദ്ര കാർഷിക ഗവേഷണ കൗൺസിലിന് ലഭ്യമാക്കുന്നതിന് കാർഷിക സർവ്വകലാശാലകളിലെയും കൃഷി അനുബന്ധ വകുപ്പുകളിലെയും ബന്ധപ്പെട്ട ഉയർന്ന ഉദ്യോഗസ്ഥരെയും സ്ഥാപന മേധാവികളെയും ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു ഏകോപന സമിതി രൂപീകരിച്ചിട്ടുണ്ട്. (സമിതിയുടെ ഘടന അനുബന്ധം* ആയി ചേർത്തിരിക്കുന്നു). പ്രസ്തുത സമിതിയുടെ നേതൃത്വത്തിൽ കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും വരുമാനം അഞ്ചുവർഷംകൊണ്ട് ഇരട്ടിയാക്കുന്നതിനുള്ള സമഗ്രമായ ഒരു കർമ്മ പദ്ധതി തയ്യാറാക്കിവരുന്നു.

(ഡി) കേന്ദ്ര സർക്കാരിന്റെ നിർദ്ദേശപ്രകാരം 2022-ഓടെ കർഷകരുടെ വരുമാനം ഇരട്ടിയാക്കുന്നതിന് സംസ്ഥാനത്തിന്റെ പരിഗണനയിലുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. കൃഷിച്ചെലവ് പരമാവധി കുറച്ച് കർഷകന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനുതകുന്ന "കാർഷിക യന്ത്രവൽക്കരണം" (Submission on Agriculture Mechanisation)

2. കാർഷിക ഉൽപ്പന്നങ്ങളുടെ വേസ്റ്റേജ് പരമാവധി കുറച്ച് 'കോൾഡ് ചെയിൻ' സംവിധാനത്തിലൂടെ കൂടുതൽ വരുമാനം ഉറപ്പിക്കുന്നതിനായുള്ള നാഷണൽ ഹോർട്ടികൾച്ചർ മിഷൻ പദ്ധതി

3. കാര്യക്ഷമമായ ആധുനിക ജലസേചന സംവിധാനങ്ങൾ. സൂക്ഷ്മ ജലസേചനം ഏർപ്പെടുത്തി ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും ഉറപ്പാക്കുന്ന PMKSY Micro Irrigation പദ്ധതി

4. ഗുണമേന്മയുള്ള വിത്ത് കർഷകർക്ക് ലഭ്യമാക്കുന്നതിലൂടെ ഉയർന്ന ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും കൈവരിക്കുന്നതിനായുള്ള submission on seeds and planting material പദ്ധതി

5. കാർഷിക വിഭവങ്ങളുടെ മൂല്യവർദ്ധിത ഉൽപ്പാദന വ്യവസായം ശക്തിപ്പെടുത്തുക. ഇതിനായി എല്ലാ ജില്ലകളിലും അഗ്രോ പാർക്കുകൾ സ്ഥാപിക്കുക.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കാർഷിക സെൻസസ്

43 (1382) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടത്തിവരുന്ന കാർഷിക സെൻസസ് കാർഷിക മേഖലയുടെ വികസനത്തിന് എത്രമാത്രം പ്രയോജനപ്രദമാണെന്ന് വ്യക്തമാക്കാമോ;

(ബി) കാർഷിക സെൻസസിലൂടെ ലഭ്യമാകുന്ന വിവരങ്ങൾ ഏതെല്ലാം കാര്യങ്ങൾക്കാണ് ഉപയോഗിക്കുന്നതെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) 1970-71 മുതൽ 5 വർഷത്തിലൊരിക്കൽ രാജ്യത്തെ കാർഷിക മേഖലയുടെ സമഗ്ര വികസനം അവലോകനം ചെയ്യുന്നതിനായി നടപ്പിലാക്കിയ കാർഷിക സെൻസസിൽനിന്നും ലഭ്യമാകുന്ന വിവരങ്ങൾ കാർഷിക മേഖലയുടെ വികസനത്തിനായി പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും അവ നടപ്പിലാക്കുന്നതിനും സഹായിക്കുന്നു.

(ബി) കൃഷി ഭൂമിയുടെ വിസ്തൃതി, കാർഷിക ഭൂവിനിയോഗം, വളർത്തുമൃഗങ്ങൾ, കാർഷിക ഉപകരണങ്ങളുടെ ഉപയോഗം, രാസവളങ്ങളുടെ ഉപയോഗം എന്നീ വിവരങ്ങൾ കാർഷിക സെൻസസിൽനിന്നും ലഭിക്കുന്നു. ടി വിവരങ്ങളിൽനിന്നും പുതിയ കാർഷിക വികസന രീതികളുടെ പരിശോധനയും വിശകലനവും നടത്തപ്പെടുകയും അവ കാർഷിക നയരൂപീകരണത്തിന് സഹായിക്കുകയും ചെയ്യുന്നു. സെൻസസിലൂടെ ലഭിച്ച വിവരങ്ങൾ ഇറക്കുമതി/കയറ്റുമതി തുടങ്ങിയവയുടെ നയരൂപീകരണത്തിനും സഹായിക്കുന്നു.

## കാർഷിക കടങ്ങൾ എഴുതിത്തള്ളൽ

44 (1383) ശ്രീ. അനിൽ അക്കര:
ശ്രീ. റോജി എം. ജോൺ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാണ്യവിളകളുടെ വിലത്തകർച്ചയും രൂക്ഷമായ വരൾച്ചയുംമൂലം കർഷകർ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണെന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) പഞ്ചാബ്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽ കാർഷിക വായ്പ എഴുതിത്തള്ളിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ സംസ്ഥാനത്തെ കർഷകരുടെ രണ്ട് ലക്ഷം രൂപ വരെയുള്ള കാർഷിക കടങ്ങൾ എഴുതിത്തള്ളുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. റബ്ബർ മേഖലയിലെ പ്രതിസന്ധി അതിജീവിക്കുന്നതിനായി റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം നടപ്പിലാക്കിവരുന്നു. നാളികേരത്തിന്റെ വിലത്തകർച്ച അതിജീവിക്കുന്നതിനായി പച്ച നാളികേര സംഭരണ പദ്ധതി കേരഫെഡ് മുഖേന നടപ്പിലാക്കിവരുന്നു. 2016-17 സാമ്പത്തിക വർഷം പ്രകൃതിക്ഷോഭംമൂലം വിളനാശം നേരിട്ട കർഷകർക്ക് നഷ്ടപരിഹാരമായി വിവിധ ജില്ലകളിലായി ആകെ 76.16 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു.

(ബി) ഉണ്ട്.

(സി) ഇക്കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല.

**കാർഷിക കടാശ്വാസ കമ്മീഷൻ**

45 (1384) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക കടാശ്വാസകമ്മീഷന് ലഭിച്ച അപേക്ഷകളിൽ തീരുമാനം എടുക്കുവാൻ എത്ര അപേക്ഷകൾ അവശേഷിക്കുന്നുണ്ടെന്ന് അറിയിക്കുമോ;

(ബി) കമ്മീഷൻ തീർപ്പാക്കിയ കേസ്സുകളിൽ കടാശ്വാസമായി എത്ര ലക്ഷം രൂപ നൽകാൻ കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കടാശ്വാസ കമ്മീഷനിൽ കടാശ്വാസത്തിന് അപേക്ഷ നൽകാനുള്ള അവസാന തീയതിയായ 31-10-2015 വരെ ലഭിച്ച അപേക്ഷകളിൽ തീർപ്പാക്കാനായി 45,897 അപേക്ഷകൾ അവശേഷിക്കുന്നുണ്ട്.

(ബി) ലഭ്യമായ രേഖകൾ പ്രകാരം കമ്മീഷൻ തീർപ്പാക്കിയ കേസുകളിൽ 20,22,92,139 രൂപയുടെ കടാശ്വാസം അനുവദിക്കുന്നതിനായി ബാക്കിയുണ്ട്.

## കാർഷിക കടാശ്വാസ കമ്മീഷൻ പ്രവർത്തനം

46 (1385) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക കടാശ്വാസ കമ്മീഷൻ എന്നു മുതലാണ് നിലവിൽ വന്നത് എന്നും ഓരോ വർഷവും കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി ചെലവാക്കുന്ന തുക എത്ര എന്നും വ്യക്തമാക്കുമോ;

(ബി) നിലവിൽ വന്നതു മുതൽ ഓരോ വർഷവും കമ്മീഷൻ മുമ്പാകെ എത്തിയ പരാതികൾ എത്ര എന്നും എത്ര എണ്ണം അതാതുവർഷങ്ങളിൽ തീർപ്പാക്കി എന്നും വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ലഭിച്ച പരാതികളിൽ എത്ര എണ്ണം തീർപ്പാക്കി; മുൻസർക്കാർ കാലയളവിലെ (2015 ഒക്ടോബർ 31 കണക്കാക്കി) അപേക്ഷകളിൽ എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ഡി) കടാശ്വാസ കമ്മീഷൻ നിലവിൽ വന്നശേഷം ഓരോ വർഷവും എത്ര തുക കാർഷിക കടാശ്വാസമായി നല്കിയെന്നതിന്റെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

### ഉത്തരം

(എ) 19-3-2007-ലെ എസ്.ആർ.ഒ.നമ്പർ247/2007 നമ്പർ ഗസറ്റ് വിജ്ഞാപന പ്രകാരം കേരള കർഷക കടാശ്വാസ കമ്മീഷൻ രൂപീകരിച്ചു. കമ്മീഷന്റെ പ്രവർത്തനങ്ങൾക്ക് ചെലവാക്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | വർഷം | ചെലവാക്കിയ തുക |
|---|---|---|
| 1 | 2007-08 | 47,56,586 |
| 2 | 2008-09 | 56,97,278 |
| 3 | 2009-10 | 71,97,351 |
| 4 | 2010-11 | 74,90,415 |
| 5 | 2011-12 | 88,47,212 |
| 6 | 2012-13 | 1,06,78,872 |
| 7 | 2013-14 | 1,45,92,680 |
| 8 | 2014-15 | 1,46,86,333 |
| 9 | 2015-16 | 1,61,54,957 |
| 10 | 2016-17 | 1,90,53,042 |

(ബി) കമ്മീഷനിൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതിയായ 31-5-2009 വരെ ലഭിച്ച അപേക്ഷകളുടെ എണ്ണം 411782 ആയിരുന്നു. വയനാട് ജില്ലയിൽ 31-10-2011-നുമുമ്പ് എടുത്ത വായ്പകൾ കടാശ്വാസത്തിന് പരിഗണിക്കാൻ തീരുമാനിച്ചതിനെതുടർന്ന് 21750 അപേക്ഷകൾ ലഭിക്കുകയുണ്ടായി. തുടർന്ന് 31-10-2015 വരെ കടാശ്വാസത്തിനുള്ള വ്യക്തിഗത അപേക്ഷ സ്വീകരിക്കുന്നതിന് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച 43666 അപേക്ഷകൾ ഉൾപ്പെടെ ആകെ 477198 അപേക്ഷകൾ കമ്മീഷനിൽ ലഭിക്കുകയുണ്ടായി. വർഷം തിരിച്ച് അല്ല കമ്മീഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. ബാങ്ക് സ്റ്റേറ്റ്മെന്റ് വരുത്തി പരിശോധിച്ച് വിചാരണയ്ക്ക് വയ്ക്കുകയാണ് ചെയ്യുന്നത്. ആയതിനാൽ അതാത് വർഷം ലഭിക്കുന്ന അപേക്ഷകൾ അതാതു വർഷം തന്നെ തീർപ്പാക്കുന്നത് പ്രായോഗികമല്ലാത്തതിനാൽ അപ്രകാരം ഒരു കണക്ക് ലഭ്യമല്ല.

(സി) അപേക്ഷകൾ സ്വീകരിക്കുവാനുള്ള അവസാന തീയതി 31-10-2015 ആയിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അപേക്ഷകൾ സ്വീകരിക്കാൻ അധികാരപ്പെടുത്തിയിട്ടില്ല. മുൻ സർക്കാരിന്റെ കാലയളവിൽ 65476 അപേക്ഷകൾ കമ്മീഷനിൽ ലഭിച്ചിരുന്നു. ഇതിൽ 30431 അപേക്ഷകൾ തീർപ്പാക്കാനായി കമ്മീഷനിൽ ബാക്കിയുണ്ട്.

(ഡി) ഓരോ വർഷവും കടാശ്വാസത്തിനായി നൽകിയ തുകയുടെ വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| വർഷം | തുക |
|---|---|
| 2007-08 | - |
| 2008-09 | 22,17,22,598 |
| 2009-10 | 16,00,21,997 |
| 2010-11 | 24,28,07,780 |
| 2011-12 | 22,17,10,414 |
| 2012-13 | 21,74,00,000 |
| 2013-14 | 15,00,00,000 |
| 2014-15 | 20,00,00,000 |
| 2015-16 | 20,00,00,000 |
| 2016-17 | 20,00,00,000 |
| ആകെ | 181,36,62,789 |

## കാർഷിക മൂല്യവർദ്ധിത വ്യവസായങ്ങൾ

47 (1386) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. എൻ. എ.നെല്ലിക്കുന്ന്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കാർഷിക മൂല്യവർദ്ധിത വ്യവസായങ്ങൾ കർഷകരുടെ നേതൃത്വത്തിൽ സ്ഥാപിച്ച് ലാഭകരമായി നടത്തുന്ന കാര്യത്തിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കാനായി; വിശദമാക്കുമോ;

(ബി) ഇവയ്ക്ക് സപ്പോർട്ടീവ് ആകേണ്ട അഗ്രോപാർക്കുകൾ സ്ഥാപിക്കുന്ന നടപടി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനായി എത്ര തുക നാളിതുവരെ ചെലവഴിച്ചുവെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാർഷിക മൂല്യവർദ്ധിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള മുന്നൊരുക്കമെന്ന നിലയിൽ "വൈഗ 2016" എന്ന പേരിൽ പ്രദർശനവും അന്താരാഷ്ട്ര ശിൽപ്പശാലയും തിരുവനന്തപുരത്ത് സംഘടിപ്പിച്ചു. മൂല്യവർദ്ധിത വൈവിദ്ധ്യവൽക്കരണത്തിനുള്ള അനന്ത സാദ്ധ്യതകൾ മുന്നിൽ കണ്ടുകൊണ്ടാണ് പ്രസ്തുത ശിൽപ്പശാല സംഘടിപ്പിച്ചത്. ഈ ശിൽപ്പശാലയിൽനിന്നും പ്രചോദനം ഉൾക്കൊണ്ട് ധാരാളം കർഷകർ ഈ മേഖലയിലേക്ക് വരുവാൻ താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്.

(ബി &സി) ഇതിന് പിൻബലമായി 17 അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നെല്ല്, തെങ്ങ്, റബ്ബർ, ചക്ക, വാഴ, പച്ചക്കറി, സുഗന്ധദ്രവ്യങ്ങൾ, മാങ്ങ, തേൻ എന്നിവയ്ക്കായി ആകെ 17 പാർക്കുകൾ സ്ഥാപിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇതിന് വേണ്ടിയുള്ള സാദ്ധ്യതാ പഠനം നടത്തി DPR തയ്യാറാക്കുന്നതിനായി NABARD-ന്റെ കൺസൾട്ടൻസി ആയ NABCONS-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ആദ്യഗഡുവായ 6,98,500 രൂപ NABCONS-ന് അനുവദിച്ചിട്ടുണ്ട്.

## നെൽകൃഷി വ്യാപനം

48 (1387) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി എത്ര ഹെക്ടർ പ്രദേശത്ത് നെൽകൃഷി വ്യാപിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട് ;

(ബി) ഓരോ ജില്ലയിലും ഏതേത് സ്ഥലങ്ങളിൽ എത്ര ഹെക്ടർ വീതം സ്ഥലത്താണ് നെൽകൃഷി വ്യാപനം സാധ്യമായത്;

(സി) സംസ്ഥാനത്തെ ആകെ നെൽവയൽ വിസ്തൃതി എത്ര ഹെക്ടറാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തരിശുഭൂമി കൃഷിയോഗ്യമാക്കിയതും (4290.812 ഹെക്ടർ) കരനെൽകൃഷി (2743.2237) ചെയ്യിപ്പിച്ചതുമായി പുതുതായി 7034.0357 ഹെക്ടർ സ്ഥലത്ത് നെൽകൃഷി വ്യാപിപ്പിച്ചിട്ടുണ്ട്.

(ബി) എല്ലാ ജില്ലയിലും നെൽകൃഷി സാദ്ധ്യമായ എല്ലാ പ്രദേശങ്ങളിലും കൃഷി ചെയ്യിപ്പിക്കുന്നുണ്ട്. കരനെൽകൃഷി വ്യാപിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. നെൽകൃഷി വ്യാപനം സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി* ചേർത്തിരിക്കുന്നു.

(സി) ഇക്കാണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പ്രസിദ്ധീകരിച്ച കണക്ക് പ്രകാരം 2015-16 സാമ്പത്തിക വർഷം 1.9687 ലക്ഷം ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്തിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിലെ കണക്ക് ഇക്കാണോമിക്ക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടില്ല. 2016-17 വർഷം സുസ്ഥിര കൃഷി വികസന പദ്ധതി 169535.8 ഹെക്ടർ സ്ഥലത്ത് നടപ്പാക്കി. തരിശുനില കൃഷിയിലൂടെ 2782.3857 ഹെക്ടർ സ്ഥലം നെൽകൃഷിയിലേക്ക് കൊണ്ടുവന്നിട്ടുണ്ട്.

## തരിശുരഹിത നിയോജകമണ്ഡലം

49 (1388) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലം തരിശുരഹിത മണ്ഡലമാക്കി മാറ്റുന്നതിന്റെ ഭാഗമായി തരിശു കിടക്കുന്ന ഭൂമിയുടെ കണക്ക് കൃഷിഭവൻ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുണ്ടോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) എങ്കിൽ അതുപ്രകാരം ഓരോ കൃഷിഭവന്റെയും കീഴിൽ എത്ര ഏക്കർ വീതം തരിശു ഭൂമിയുണ്ട്;

(സി) ഇവയിൽ കൃഷി ഇറക്കി തരിശുരഹിത മണ്ഡലമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(ഡി) കൃഷി വകുപ്പ് മുഖേന എന്തെല്ലാം സഹായങ്ങൾ കർഷകർക്ക് നൽകുവാൻ കഴിയും; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി)ചേലക്കര നിയോജക മണ്ഡലത്തിൽപ്പെടുന്ന 9 കൃഷിഭവന്റെ കീഴിലായി താഴെപ്പറയുംപ്രകാരം 967 ഏക്കർ കൃഷിയോഗ്യമായ തരിശുനിലമുണ്ട്:

| ബ്ലോക്ക് | കൃഷിഭവൻ | തരിശുനിലം വിസ്തീർണ്ണം (ഏക്കർ) |
|---|---|---|
| പഴയന്നൂർ | പഴയന്നൂർ | 175 |
| | കൊണ്ടാഴി | 67.5 |
| | ചേലക്കര | 115 |
| | പാഞ്ഞാൾ | 25 |
| | തിരുവില്വാമല | 80 |
| | വള്ളത്തോൾ നഗർ | 187.5 |
| വടക്കാഞ്ചേരി | ദേശമംഗലം | 182 |
| | വരവൂർ | 95 |
| | മുള്ളൂർക്കര | 40 |
| | ആകെ | 967 ഏക്കർ |

(സി&ഡി) കേന്ദ്ര/സംസ്ഥാന സർക്കാർ പദ്ധതികൾ പ്രകാരം നെൽകൃഷിക്ക് നൽകുന്ന എല്ലാ സഹായങ്ങളും നെല്ലുൽപ്പാദക ബോണസും ജനകീയാസൂത്രണ പദ്ധതി പ്രകാരമുള്ള സഹായങ്ങളും കർഷകർക്ക് നൽകുന്നുണ്ട്. കൃഷി ഭവൻ തലത്തിലും ബ്ലോക്ക് തലത്തിലും മീറ്റിംഗുകൾ സംഘടിപ്പിച്ച് ബോധവൽക്കരണവും അവലോകനവും നടത്തുന്നുണ്ട്.

നെൽകൃഷിയിലേക്ക് മുഴുവൻ തരിശുനിലങ്ങളെയും മടക്കിക്കൊണ്ട് വരുന്നതിനുവേണ്ടി തരിശുനില കൃഷിക്ക് കർഷകനും ഭൂവുടമകൾക്കും സഹായധനമായി ഹെക്ടറൊന്നിന് ഒന്നാം വർഷത്തെ കൃഷിക്ക് 30,000 രൂപയും രണ്ടാം വർഷം 7,000 രൂപയും നൽകുന്നു. സമഗ്ര നെൽകൃഷി വികസന പദ്ധതി (സുസ്ഥിര നെൽകൃഷി വികസനം) പ്രകാരം ഹെക്ടറൊന്നിന് ഉൽപ്പാദനോപാധികളുടെ ചെലവിനായി 1,500 രൂപ സബ്സിഡി നിരക്കിൽ നൽകുന്നു. ജനകീയാസൂത്രണ പദ്ധതിയുമായി ബന്ധപ്പെടുത്തി കൂലിച്ചെലവ് സബ്സിഡി ഹെക്ടറൊന്നിന് 17,000 രൂപ നൽകുന്നു. ഇതിനു പുറമെ തൃശ്ശൂർ ജില്ലയെ തരിശുരഹിത ജില്ലയാക്കി മാറ്റുവാൻ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ വിശദമായ കർമ്മ പരിപാടി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി തരിശുരഹിത മണ്ഡലമാക്കുവാൻ പഞ്ചായത്ത് അടിസ്ഥാനത്തിൽ കർമ്മ പരിപാടി തയ്യാറാക്കി മണ്ഡലാടിസ്ഥാനത്തിൽ ഒരു ആക്ഷൻ പ്ലാൻ രൂപീകരിക്കുന്നതിനും വിവിധ സ്രോതസ്സുകളിൽ നിന്നുള്ള സാമ്പത്തിക സഹായങ്ങൾ ക്രോഡീകരിച്ച് ഉപയോഗിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനായി കൃഷി വകുപ്പിലെ ഒരു ഉദ്യോഗസ്ഥനെ ചുമതല നൽകി ഉത്തരവായിട്ടുള്ളതാണ്.

## രാഷ്ട്രീയ കൃഷി വികാസ് യോജന

50 (1389) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പ് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് യഥാസമയം നൽകാത്തതു കാരണം രാഷ്ട്രീയ കൃഷി വികാസ് യോജനക്ക് കേന്ദ്രം ഫണ്ട് നിഷേധിച്ചതായ റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ;

(ബി) എങ്കിൽ എത്ര കോടി രൂപയുടെ കേന്ദ്ര സഹായമാണ് ഇപ്പോൾ തടയപ്പെട്ടത്;

(സി) യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റിനുപുറമെ കേന്ദ്രം ആവശ്യപ്പെട്ട പരിഷ്കരിച്ച പ്രോജക്ട് റിപ്പോർട്ടും സംസ്ഥാന സർക്കാർ നൽകിയില്ലെന്നത് ശരിയാണോ;

(ഡി) കേന്ദ്ര സഹായം ഇനിയും ലഭ്യമാക്കാനും പദ്ധതി മുടക്കം വരാതെ മുന്നോട്ടു കൊണ്ടു പോകുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കും; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ&ബി) ആർ.കെ.വി.വൈ. പദ്ധതിയിൽ അനുവദിച്ച തുകയ്ക്കുള്ള യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കേന്ദ്ര സർക്കാരിന് സമർപ്പിക്കാത്തതു കാരണം നാളിതുവരെ ഒരു ഫണ്ടും തടയപ്പെട്ടിട്ടില്ല. പദ്ധതിയിൻകീഴിൽ അനുവദിച്ച തുകയ്ക്കുള്ള യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് യഥാസമയം സമർപ്പിച്ചിട്ടുണ്ട്.

(സി) കേന്ദ്ര സർക്കാർ ആർ.കെ.വി.വൈ. പദ്ധതിയിൽ ഫണ്ട് അനുവദിക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ള പുതുക്കിയ മാനദണ്ഡങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും അനുസരിച്ചാണ് പ്രോജക്ടുകൾ സമർപ്പിച്ചിട്ടുള്ളത്.

(ഡി) ആർ.കെ.വി.വൈ.-യിൽ കേന്ദ്രസർക്കാർ മാനദണ്ഡങ്ങൾക്കനുസരിച്ച് അനുവദിക്കുന്ന തുക സംസ്ഥാനത്തെ അറിയിക്കുകയും പ്രസ്തുത തുകയ്ക്കുള്ള പ്രോജക്ടുകൾ തയ്യാറാക്കി സ്റ്റേറ്റ് ലെവൽ സാംഗ്ഷനിംഗ് കമ്മിറ്റിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഫണ്ട് നൽകുകയുമാണ് ചെയ്യുന്നത്. സമയബന്ധിതമായി ഫണ്ട് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**പച്ചക്കറി സ്വയം പര്യാപ്തത**

51 (1390) <u>ശ്രീ. പി. കെ. അബ്ദു റബ്ബ് :</u>

<u>ശ്രീ. എൻ. ഷംസുദ്ദീൻ :</u>

<u>ശ്രീ. എം. ഉമ്മർ :</u>

<u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചക്കറി സ്വയംപര്യാപ്തതയ്ക്കുവേണ്ടിയുള്ള ജനകീയ കാമ്പയിനിന്റെ ഭാഗമായി 2016-17 വർഷത്തിൽ കൈവരിക്കാനായ നേട്ടങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ;

(ബി) തരിശു ഭൂമികൾ പച്ചക്കറി കൃഷിക്ക് ഉപയുക്തമാക്കുന്നതിന്റെ ഭാഗമായി പ്രസ്തുത കാലയളവിൽ (2016-17 വർഷത്തിൽ) കൈവരിച്ച നേട്ടങ്ങൾ വിശദമാക്കുമോ ;

(സി) ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറിയുടെ വിപണനം ഉറപ്പുവരുത്തുവാൻ എന്തെല്ലാം സംവിധാനം ഒരുക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2016-17-ൽ പച്ചക്കറി വികസന പദ്ധതി ഘടകങ്ങൾ മുഖേന 31217.30 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി നടപ്പിലാക്കി ഏകദേശം 3.89 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉൽപ്പാദിപ്പിക്കുവാൻ കഴിഞ്ഞു. 2016-17-ൽ സംസ്ഥാനത്ത് ആകെ 52830 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി നടത്തുവാനും 7.25 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉൽപ്പാദിപ്പിക്കുവാനും സാധിച്ചു. 2016-17-ൽ നടപ്പിലാക്കിയ പച്ചക്കറി വികസന പദ്ധതികളിലൂടെ കൈവരിക്കാനായ നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.

1. പുരയിടങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നടത്തിയ പദ്ധതി വഴി 14998.33 ഹെക്ടർ സ്ഥലത്ത് 151047.24 മെട്രിക് ടൺ പച്ചക്കറികൾ ഉൽപ്പാദിപ്പിക്കാൻ സാധിച്ചു.
2. അർബൻ ക്ലസ്റ്ററുകൾ വഴി മട്ടുപ്പാവ് കൃഷിയിലൂടെ 781.5 ഹെക്ടർ സ്ഥലത്തു നിന്നും 7155.06 മെട്രിക് ടൺ പച്ചക്കറികൾ ഉൽപ്പാദിപ്പിക്കാൻ സാധിച്ചു.
3. വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ടും സ്ഥാപനങ്ങൾ വഴിയും പച്ചക്കറി കൃഷി തുടങ്ങി.
4. ജില്ലാ ക്ലസ്റ്ററുകൾ വഴി 4841.65 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്ത് 82775.8 മെട്രിക് ടൺ പച്ചക്കറികൾ ഇതുവരെ ഉൽപ്പാദിപ്പിക്കുവാൻ സാധിച്ചു.
5. തരിശുനില കൃഷി ചെയ്യുന്നതിന് ധനസഹായം നൽകിയതിൽ 9967.06 മെട്രിക് ടൺ പച്ചക്കറി ഉൽപ്പാദിപ്പിക്കുവാൻ സാധിച്ചു.
6. പ്രസിദ്ധീകരണങ്ങൾ/മാധ്യമങ്ങൾവഴി വിത്തുകൾ വിതരണം ചെയ്തതിലൂടെ 1000 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്തതിൽ 10000 മെട്രിക് ടൺ പച്ചക്കറികൾ ഉൽപ്പാദിപ്പിക്കുവാൻ സാധിച്ചു.
7. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ സൂക്ഷ്മമൂലകങ്ങളുടെ വളപ്രയോഗം നടത്തി 71.48 ഹെക്ടർ സ്ഥലത്തുനിന്നും 228.068 മെട്രിക് ടൺ പച്ചക്കറികൾ ഉല്പാദിപ്പിക്കാൻ സാധിച്ചു.
8. മഴ മറകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു.
9. സങ്കര വർഗ്ഗ വിളകളുടെ പരീക്ഷണത്തോട്ടങ്ങൾ വഴി 24.4 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്തതിൽനിന്നും 403.1 മെട്രിക് ടൺ പച്ചക്കറികൾ ഉൽപ്പാദിപ്പിച്ചു.

(ബി) 2016-17 വർഷത്തിൽ പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായി തരിശു ഭൂമിയിൽ 696.61 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്ത് 10516 മെട്രിക് ടൺ പച്ചക്കറി ഉൽപ്പാദിപ്പിക്കുവാൻ കഴിഞ്ഞു.

(സി)

1. പച്ചക്കറി വികസന പദ്ധതി പ്രകാരം 42 ബ്ലോക്കുതല ഫെഡറേറ്റഡ് മാർക്കറ്റുകൾ, 244 കർഷക ക്ലസ്റ്റർ മാർക്കറ്റുകൾ എന്നിവ സ്ഥിരം മാർക്കറ്റുകളായി പ്രവർത്തിക്കുന്നു. ഈ മാർക്കറ്റുകൾ വഴി കർഷകരുടെ ഉൽപ്പന്നങ്ങൾ സംഭരിച്ച വിപണനം നടത്തിവരുന്നു.

2. കാന്തല്ലൂർ, വട്ടവട എന്നിവിടങ്ങളിൽ നിന്നുള്ള ശീതകാല പച്ചക്കറികൾ മുഴുവനായും ഹോർട്ടികോർപ്പ് സംഭരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. മറ്റു പച്ചക്കറികളും ഹോർട്ടികോർപ്പ് വിപണികൾ വഴി വിറ്റഴിക്കുന്നുണ്ട്.

3. ഓണം, വിഷു സീസണുകളിൽ പ്രത്യേക മാർക്കറ്റുകൾ വഴി 10 ശതമാനം അധികവിലയ്ക്ക് സംഭരിച്ച് വിപണനം നടത്തുന്നുണ്ട്. കൃഷി വകുപ്പിന്റേതായി 2017-18 ഓണത്തിന് 1500 മാർക്കറ്റുകൾ നടത്തും.

4. വി.എഫ്.പി.സി.കെ. 277 സ്വാശ്രയ വിപണികൾ വഴി ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ സംഭരിച്ച് വിപണനം നടത്തി വരുന്നു.

5. കൃഷി വകുപ്പിന്റെ 65 ഇക്കോ ഷോപ്പുകൾ വഴിയും ജി.എ.പി. സർട്ടിഫൈഡ് കേരള ഓർഗാനിക് ബ്രാൻഡിലുള്ള പച്ചക്കറികൾ സംഭരിച്ച് വിപണനം നടത്തി വരുന്നു.

വിപണനം സുഗമമാക്കാനായി കർഷകരുടെ ഓരോ മാസത്തെയും ഉൽപ്പാദനം സംബന്ധിച്ച കണക്കുകൾ സ്റ്റേറ്റ് വെജിറ്റബിൾ സെൽ ശേഖരിച്ച് മിച്ച ഉൽപ്പാദന ബുള്ളറ്റിൻ പുറത്തിറക്കുന്നുണ്ട്. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് വെബ് സൈറ്റിൽ ആയത് ലഭ്യമാണ്.

**നെൽകൃഷി വികസന പദ്ധതികൾ**

52 (1391) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽകൃഷി വികസനത്തിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളനുസരിച്ച് എത്ര ഹെക്ടർ സ്ഥലത്താണ് പുതുതായി നെൽകൃഷി ആരംഭിച്ചതെന്ന് വിവരിക്കുമോ;

(സി) നെല്ലുല്പാദനത്തിൽ എന്തു നേട്ടമാണ് ഇതുവഴി കൈവരിച്ചതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) നെൽകൃഷി വികസനത്തിന് സമഗ്ര നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി നടപ്പാക്കുന്നു. പദ്ധതി സംബന്ധിച്ച വിശദവിവരം അനുബന്ധം * ആയി ചേർത്തിരിക്കുന്നു.

(ബി) 2016-17 സാമ്പത്തിക വർഷം സുസ്ഥിര കൃഷി വികസന പദ്ധതി 169535.8 ഹെക്ടർ സ്ഥലത്ത് നടപ്പാക്കി. തരിശുനില കൃഷിയിലൂടെ 2782.3857 ഹെക്ടർ സ്ഥലം നെൽകൃഷിയിലേക്ക് കൊണ്ടുവരാൻ സാധിച്ചു.

(സി) 2015-16 സാമ്പത്തിക വർഷം 549275 ടൺ നെല്ല് ഉൽപ്പാദിപ്പിച്ചു. 2016-17 സാമ്പത്തിക വർഷത്തിലെ കണക്ക് ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടില്ല. കൃഷി വകുപ്പിന്റെ കണക്ക് അനുസരിച്ച് 2016-17 സാമ്പത്തിക വർഷം 1500 ഏക്കർ സ്ഥലത്ത് പുതിയതായി നെൽകൃഷി ഇറക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

**ആലത്തൂർ മോഡൽ റൈസ് മിൽ**

53 (1392) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂരിലെ മോഡൽ റൈസ് മില്ലിന്റെ പ്രവർത്തനം തുടങ്ങുന്നതിന് എന്തെല്ലാം പ്രവൃത്തികളാണ് ഇനി പൂർത്തീകരിക്കാനുള്ളതെന്ന് വിശദമാക്കുമോ;

(ബി) നിലവിൽ പൂർത്തിയായ പ്രവൃത്തികൾ സംബന്ധിച്ച വിശദാംശം നൽകുമോ?

ഉത്തരം

(എ) 2010-ൽ പ്രവർത്തനം നിലച്ച പ്രസ്തുത റൈസ് മിൽ പ്രവർത്തിപ്പിക്കുന്നതിന് 23 ലക്ഷം രൂപ മുടക്കി അടിയന്തര അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. കൂടുതൽ മേന്മയുള്ള അരി ഉൽപ്പാദിപ്പിക്കുവാൻ സോർട്ടക്സ് മെഷീൻ സ്ഥാപിക്കേണ്ടതായിട്ടുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ട്രാൻസ്ഫോർമർ, ജനറേറ്റർ എന്നിവയുടെ അറ്റകുറ്റപ്പണികൾ നടത്തി. ബോയിലർ, പാർബോയിലിംഗ്/മില്ലിംഗ് യൂണിറ്റുകൾ, വൈദ്യുതീകരണ പ്രവർത്തനങ്ങൾ, എഫ്ളുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് എന്നിവയുടെ അറ്റകുറ്റപ്പണികൾ ടെണ്ടർ ക്ഷണിച്ച് നടത്തിയിട്ടുണ്ട്.

**മധുരക്കള്ള് ഉൽപ്പാദനം**

54 (1393) <u>ശ്രീ. അനിൽ അക്കര :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേര വികസന കോർപ്പറേഷൻ മുൻ എം.ഡി ശ്രീ. ബിജു പ്രഭാകർ തെങ്ങിൽ നിന്ന് മധുരക്കള്ള് ഉത്പ്പാദിപ്പിക്കുന്നത് സംബന്ധിച്ച പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. പഠനറിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി* ചേർത്തിട്ടുണ്ട്.

**മധുരക്കള്ള് ഉൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതി**

55 (1394) <u>ശ്രീ. എ. പി. അനിൽ കുമാർ:</u>
<u>ശ്രീ. സണ്ണി ജോസഫ്:</u>
<u>ശ്രീ. ഷാഫി പറമ്പിൽ:</u>
<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെങ്ങിൽ നിന്നും മധുരക്കള്ള് ഉല്പാദിപ്പിച്ച് സംസ്ഥാനത്തെ നക്ഷത്ര ഹോട്ടലുകൾ വഴി വിതരണം ചെയ്യുന്നതിന് നാളികേര വികസന കോർപ്പറേഷൻ എന്തെങ്കിലും പദ്ധതി സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) നാളികേര കർഷകർക്ക് മികച്ച വരുമാനവും ചെത്ത് തൊഴിലാളികൾക്ക് ജോലിയും ഉറപ്പാക്കുന്ന ഈ പദ്ധതി നടപ്പിലാക്കുന്നതിന് നിലവിലുള്ള ഏതെങ്കിലും നിയമത്തിൽ ഭേദഗതി വരുത്തേണ്ടതുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ-സി) ഉണ്ട്. നാളികേര വികസന കോർപ്പറേഷൻ സമർപ്പിച്ച പദ്ധതി സർക്കാർ പരിശോധിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഓണാട്ടുകര പ്രത്യേക സാമ്പത്തിക മേഖല

56 (1395) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ ബജറ്റിൽ പ്രഖ്യാപിച്ച 'ഓണാട്ടുകര പ്രത്യേക സാമ്പത്തിക മേഖല' ആക്കുന്നതുമായി ബന്ധപ്പെട്ട് കൃഷി വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇതിനാവശ്യമായ ഭൂമി മാവേലിക്കര ജില്ലാ കൃഷിത്തോട്ടത്തിൽനിന്ന് ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ഏറ്റവുമധികം പച്ചക്കറി കൃഷി ചെയ്യുന്ന പ്രദേശമെന്ന നിലയിൽ അവിടെ ഒരു പൊതുവിപണന കേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2017-18 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ പ്രത്യേക കാർഷിക വികസന മേഖല (SAZ) എന്ന പുതിയ പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രത്യേക കാർഷിക വികസന മേഖല എന്ന ആശയം സംയോജിതവും ഫലപ്രദവുമായി പദ്ധതികൾ തയ്യാറാക്കി കേന്ദ്രീകൃതവും പ്രോജക്ട് അധിഷ്ഠിതവുമായ ഇടപെടലുകളോടെ കണ്ടെത്തിയിട്ടുള്ള സാദ്ധ്യതാ മേഖലകളിൽ നടപ്പിലാക്കുന്നതിനായി ഉദ്ദേശിച്ചിട്ടുള്ളതാണ്. ഓണാട്ടുകര പ്രദേശത്തെ നെൽകൃഷിയുടെ പ്രത്യേക കാർഷിക വികസന മേഖലയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ മേഖലയിലെ വിള വികസന പരിപാടികളും മൂല്യവർദ്ധനവ് മുതലായ കാര്യങ്ങളും കൃഷിവകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികളിൻകീഴിൽത്തന്നെ ഏറ്റെടുക്കുന്നതാണ്. അടിസ്ഥാന സൗകര്യ വികസനത്തിനും മറ്റ് അടിയന്തര ഇടപെടലുകൾക്കുമായി പ്രത്യേക കാർഷിക മേഖല എന്ന പദ്ധതി ശീർഷകത്തിൽ മാറ്റിവെച്ചിട്ടുള്ള തുക വിനിയോഗിക്കാവുന്നതാണ്. വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതിക്ക് അംഗീകാരം നൽകുന്ന വിഷയം പരിഗണിക്കുന്നതാണ്.

(ബി) ഈ പദ്ധതിയിൽ വിള പരിപാലനം, മൂല്യവർദ്ധനവ്, മറ്റ് അടിസ്ഥാന സൗകര്യ വികസനം എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കർഷകരുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലാണ് പദ്ധതി പ്രാവർത്തികമാക്കുന്നത്. മാവേലിക്കര ജില്ലാ കൃഷിത്തോട്ടത്തിലെ ഭൂമി നെൽകൃഷിക്ക് അനുയോജ്യമല്ല. അവിടെ ഈ പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലില്ല.

(സി) കർഷക വിപണി ആരംഭിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

**ചാൽപ്പുറം പാടശേഖരം**

57 (1396) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി താലൂക്കിലെ ചാൽപുറം പാടശേഖരം കൃഷിയോഗ്യമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ചെല്ലാനം പാണ്ടിക്കുടി റോഡിൽ അമ്പത് വർഷങ്ങൾക്ക് മുൻപ് നിർമ്മിച്ചതും ടി കൃഷിയിടത്തിലേക്കുള്ള തകർന്നുകിടക്കുന്നതുമായ സ്ളൂയിസ്സ് പുനർ നിർമ്മിക്കുവാൻ തുക അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ തുക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഈ പാടശേഖരത്ത് കൃഷി ചെയ്യാൻ ആവശ്യമായ മോട്ടോർഷെഡ്, മോട്ടോർ , പെട്ടിപറ, എന്നിവ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കൊച്ചി താലൂക്കിലെ ചാൽപ്പുറം പാടശേഖരം കൃഷിയോഗ്യമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) ചാൽപ്പുറം പാടശേഖരത്തിലെ സ്ലൂയിസ്സ് നിർമ്മാണത്തിനായി ആർ.കെ.വി.വൈ. പദ്ധതിയിൽ ഫണ്ട് അനുവദിച്ചിരുന്നുവെങ്കിലും തുക അപര്യാപ്തമായതിനാൽ പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞില്ല. സ്ലൂയിസ്സ് നിർമ്മാണത്തിനായി എം.എൽ.എ. ഫണ്ട് അനുവദിച്ചിരുന്നു എങ്കിലും ആ പദ്ധതിയും നടപ്പിലാക്കാൻ സാധിച്ചിരുന്നില്ല.

(സി) പരിശോധിക്കാവുന്നതാണ്.

**പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തത**

58 (1397) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളം പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തത നേടാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) വീടുകളിൽ പച്ചക്കറി നടാൻ സഹായം നൽകുന്ന എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) സംസ്ഥനത്ത് കൃഷി വകുപ്പ് ഭൂമി ഏറ്റെടുത്ത്, ഉന്നത നിലവാരമുള്ള പച്ചക്കറി കൃഷി നടത്തുവാൻ പദ്ധതി തയ്യാറാക്കുമോ;

(ഡി) ഓരോ മേഖലയിലും പച്ചക്കറി കൃഷി സംഘങ്ങൾ രൂപീകരിച്ച് ഇത് നടപ്പാക്കാൻ സാധിക്കുമോ; വിവരിക്കുമോ?

<u>ഉത്തരം</u>

(എ) കേരളത്തെ പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തതയിലെത്തിക്കുന്നതിനായി കൃഷി വകുപ്പ് പച്ചക്കറി വികസന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

2017-18 സാമ്പത്തിക വർഷം പച്ചക്കറി വികസന പദ്ധതിക്കായി 85 കോടി രൂപയാണ് ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ടി പദ്ധതിയിൽ വീടുകളിൽ പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നത് ഉൾപ്പെടുത്തിയിട്ടുണ്ട്. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനത്തിനായി വിദ്യാർത്ഥികൾ, കൃഷിക്കാർ എന്നിവർക്കായി 40 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകൾ സൗജന്യമായി വിതരണം ചെയ്യും. കൂടാതെ 45.45 ലക്ഷം പച്ചക്കറി തൈകൾ വീട്ടുവളപ്പിലെ കൃഷിക്കായി വിതരണം ചെയ്യുന്നു. മട്ടുപ്പാവിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 37000 ഗ്രോബാഗ് യൂണിറ്റുകൾ നൽകുകയും ഗ്രോബാഗുകളോടൊപ്പം കമ്പോസ്റ്റ് യൂണിറ്റുകൾ, സൂക്ഷ്മ ജലസേചന/തിരിനന ജലസേചനം എന്നിവയ്ക്കും സഹായം നൽകുന്നു. മുൻ കൃഷിക്കായി നൽകിയ ഗ്രോബാഗുകൾ പുനരുജ്ജീവിപ്പിക്കുന്നതിനും ധനസഹായം നൽകുന്നു. മാധ്യമങ്ങൾ വഴി വീട്ടുവളപ്പിലെ കൃഷിക്ക് പച്ചക്കറി വിത്ത് വിതരണം ചെയ്യുന്നു. മുരിങ്ങ, കറിവേപ്പില, ശീമചക്ക, അഗത്തി എന്നീ വൃക്ഷത്തൈകളുടെ കിറ്റ് വിതരണം, നഗര പ്രദേശങ്ങളിലെ പച്ചക്കറി കൃഷിക്കായി കണികാ ജലസേചനം പ്രോത്സാഹിപ്പിക്കുന്ന പദ്ധതി, നഗരങ്ങളിലെ പച്ചക്കറി കൃഷിക്കായി മിനി പോളീ ഹൗസ് പ്രോത്സാഹനം എന്നിവ 2017-18-ൽ നടപ്പിലാക്കുന്നുണ്ട്.

കൂടാതെ പച്ചക്കറികളുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്ന കൃത്യതാ കൃഷിക്ക് ധനസഹായം നൽകൽ, ഗുണമേന്മയുള്ള 90 ലക്ഷം പച്ചക്കറിത്തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യൽ, വിള ഇൻഷ്വറൻസ് പദ്ധതി, കർഷകർക്കായുള്ള ഇൻഷ്വറൻസ് പദ്ധതി തുടങ്ങിയവ വി.എഫ്.പി.സി.കെ. വഴി നടപ്പിലാക്കിവരുന്നു.

(ബി) വീട്ടുവളപ്പിലെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഓണത്തിന് ഒരു മുറം പച്ചക്കറി എന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഈ പദ്ധതിയിൻകീഴിൽ സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും 10 രൂപ വില വരുന്ന അഞ്ചിനം പച്ചക്കറി വിത്തുകൾ അടങ്ങിയ 40 ലക്ഷം പച്ചക്കറി വിത്തു പായ്ക്കറ്റുകളും വിതരണം ചെയ്തു കഴിഞ്ഞു. 45.45 ലക്ഷം പച്ചക്കറി തൈകളുടെ വിതരണം നടന്നുവരുന്നു. പച്ചക്കറി വിത്തു പായ്ക്കറ്റുകൾ വി.എഫ്.പി.സി.കെ.യാണ് നൽകുന്നത്. ഇതിലേക്കായി 500 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. വിവിധ മാധ്യമങ്ങൾ

മുഖേനയും സന്നദ്ധ സംഘടനകൾ മുഖേനയും 17 ലക്ഷം പച്ചക്കറി വിത്തു പായ്ക്കറ്റുകളുടെ വിതരണം നടന്നുവരുന്നു. ഇതിനായി 170 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു. പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച 37000 ഗ്രോബാഗ് യൂണിറ്റുകളുടെ വിതരണം പുരോഗമിച്ചുവരുന്നു. ഇതിനുവേണ്ടി 555 ലക്ഷം രൂപ വകകൊള്ളിച്ചിരിക്കുന്നു. കൂടാതെ മുൻ വർഷങ്ങളിൽ നൽകിയ 75000 ഗ്രോബാഗ് യൂണിറ്റുകളിൽ വീണ്ടും കൃഷി ചെയ്യാനായി വിത്ത്, തൈകൾ, മറ്റ് ഉൽപ്പാദന ഉപാധികൾ എന്നിവയും നൽകുന്നു. ഇതിലേക്കായി 150 ലക്ഷം രൂപയും വകയിരുത്തിയിരിക്കുന്നു.

ഈ പദ്ധതി നടപ്പിലാക്കുന്നതുവഴി ഓണക്കാലത്തും അതു കഴിഞ്ഞും ഓരോ വീട്ടിലും സ്വന്തമായി കൃഷി ചെയ്തെടുത്ത പച്ചക്കറി ഉപയോഗിക്കുവാൻ കഴിയും. വി.എഫ്.പി.സി.കെ., ത്രിതല പഞ്ചായത്തുകൾ, ജനപ്രതിനിധികൾ, കാർഷിക കർമസേന, അഗ്രോ-സർവ്വീസ് സെന്റർ, സന്നദ്ധ സംഘടനകൾ, മാധ്യമങ്ങൾ, കുടുംബശ്രീ തുടങ്ങിയ എല്ലാവരുടെയും സംയുക്ത സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. നഗരപ്രദേശങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നഗരവാസികളിൽ കൃഷിയോടുള്ള ആഭിമുഖ്യം വർദ്ധിപ്പിക്കുന്നതിനുമായി വി.എഫ്.പി.സി.കെ. 'ഹരിതനഗരി' എന്ന പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്.

(സി) പരിഗണനയിലില്ല.

(ഡി) പച്ചക്കറി കൃഷി ചെയ്യുന്നതിനായി 14 ജില്ലകളിലായി നിലവിൽ 800 പച്ചക്കറി ക്ലസ്റ്ററുകൾ രൂപീകരിച്ചിട്ടുണ്ട്. 2017-18 വർഷം 200 ക്ലസ്റ്ററുകൾകൂടി പുതുതായി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## വിത്തുകളുടെ ഗുണനിലവാരം

59 (1398) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷി ഓഫീസുകൾ വഴി വിതരണം ചെയ്യുന്ന പച്ചക്കറി വിത്തുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് അറിയിക്കുമോ;

(ബി) മെച്ചപ്പെട്ട ഗുണനിലവാരം ഉള്ള വിത്തുകൾ വിതരണം ചെയ്യുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ ഇതിന്റെ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പച്ചക്കറി വികസന പദ്ധതി 2017-18-ൻകീഴിൽ പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ വിതരണം ചെയ്യുന്നത് വി.എഫ്.പി.സി.കെ.-യാണ്. കൃഷിഭവനുകളിലൂടെ വിതരണത്തിനായി എത്തുന്ന വിത്തുകളുടെ അങ്കുരണശേഷി കൃഷി ഓഫീസർമാർ പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. വിത്തുകളുടെ അങ്കുരണശേഷി 80 ശതമാനത്തിൽ താഴെയാണെങ്കിൽ ഈ കാര്യം വിത്ത് വിതരണം നടത്തിയ ഏജൻസികളെ അറിയിച്ച് വിത്തുകൾ മാറ്റി വാങ്ങി തുടർ നടപടി സ്വീകരിച്ചുവരുന്നു. പച്ചക്കറി വികസന പദ്ധതിയുടെ ബാഹ്യ നിരീക്ഷണത്തിനായി ചുമതലപ്പെടുത്തിയിരിക്കുന്ന സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സി.എം.ഡി.) ഓരോ ജില്ലകളിലും ലഭിക്കുന്ന വിത്തുകളുടെ അങ്കുരണശേഷി പരിശോധിക്കുകയും റിപ്പോർട്ട് നൽകുകയും ചെയ്യുന്നുണ്ട്.

(ബി) മെച്ചപ്പെട്ട ഗുണനിലവാരമുള്ള വിത്തുകളാണ് വിതരണം ചെയ്യുന്നതെന്ന് ഉറപ്പാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) മെച്ചപ്പെട്ട ഗുണനിലവാരമുള്ള വിത്തുകൾ കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി, സർക്കാർ സീഡ് ഫാമുകൾ, വി.എഫ്.പി.സി.കെ. എന്നിവ മുഖേന ഉൽപ്പാദിപ്പിച്ച് കർഷകർക്ക് നൽകുന്നതിനുള്ള നടപടികൾ കൃഷി വകുപ്പ് സ്വീകരിച്ചുവരുന്നു. കർഷകർക്ക് ലഭ്യമാകുന്ന വിത്തുകളുടെ ഗുണമേന്മ പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിനുള്ള സൗകര്യം കൃഷി വകുപ്പിന്റെ കീഴിലുള്ള ആലപ്പുഴയിലെ സ്റ്റേറ്റ് സീഡ് ടെസ്റ്റിംഗ് ലാബ്, തിരുവനന്തപുരത്തുള്ള പാറോട്ടുകോണം വിത്തു പരിശോധനാ ലാബ്, കാർഷിക സർവ്വകലാശാലയുടെ കീഴിൽ പട്ടാമ്പിയിലുള്ള വിത്തു പരിശോധനാ ലാബ് എന്നിവിടങ്ങളിൽ ഒരുക്കിയിട്ടുണ്ട്. വിത്ത് ഉൽപ്പാദന സംഭരണ വിതരണ കേന്ദ്രങ്ങളിൽ നിന്നും വിത്ത് സാമ്പിൾ ശേഖരിച്ച് ഗുണമേന്മ പരിശോധന നടത്തുന്നതിനായി ബ്ലോക്കുതല കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരെ സീഡ് ഇൻസ്പെക്ടർമാരായി സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. വിത്ത് പരിശോധന കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളും കൃഷി വകുപ്പ് കൈക്കൊണ്ടിട്ടുണ്ട്.

## പച്ചക്കറി വിലവർദ്ധന നിയന്ത്രണം

60 (1399) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഓണക്കാലത്തോടനുബന്ധിച്ച് സംസ്ഥാനത്ത് പച്ചക്കറി വിലവർദ്ധന നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

## ഉത്തരം

ഓണക്കാലത്തോടനുബന്ധിച്ച് സംസ്ഥാനത്ത് പച്ചക്കറി വിലവർദ്ധന നിയന്ത്രിക്കുന്നതിനായി ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. എന്നിവയുടെ സഹകരണത്തോടെ കൃഷിവകുപ്പ് ഓണസമൃദ്ധി 2017 എന്ന പദ്ധതി നടപ്പാക്കുന്നുണ്ട്.

ഈ പദ്ധതിയിലൂടെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന കാർഷികോൽപ്പന്നങ്ങൾക്ക് കമ്പോള വിലയേക്കാൾ 10% അധിക വില നൽകി കർഷകരിൽനിന്നും നേരിട്ട് ശേഖരിച്ച് കമ്പോളവിലയേക്കാൾ 30% കുറച്ച് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഉപഭോക്താക്കൾക്ക് ന്യായമായ വിലയ്ക്ക് പഴം-പച്ചക്കറികൾ ലഭ്യമാക്കുന്നതിനായി 1500-ഓളം സ്റ്റാളുകൾ സംസ്ഥാനത്തുടനീളം കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇത് കൂടാതെ കുടുംബശ്രീ, സഹകരണ സംഘങ്ങൾ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കൺസ്യൂമർഫെഡ് എന്നിവയുടെ ആഭിമുഖ്യത്തിലുള്ള ഓണം മാർക്കറ്റുകൾ വഴിയും പച്ചക്കറികൾ മിതമായ നിരക്കിൽ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഇതിനു പുറമേ ഈ ഓണക്കാലത്ത് 63 ലക്ഷം കുടുംബങ്ങൾവഴി 'ഓണത്തിനൊരു മുറം പച്ചക്കറി' എന്ന പദ്ധതി നടപ്പിലാക്കുന്നതിന് തുടക്കം കുറിച്ചിട്ടുണ്ട്.

### നെൽകൃഷി വികസനത്തിനായി ഫണ്ട്

61 (1400) <u>ശ്രീ. പി. ജെ. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി വികസനത്തിനായി വർഷങ്ങളായി കേന്ദ്രത്തിൽനിന്നും സംസ്ഥാനത്തിന് ലഭിച്ചുകൊണ്ടിരുന്ന ഫണ്ട് ഇക്കുറി ലഭിക്കാത്ത സാഹചര്യം വ്യക്തമാക്കാമോ;

(ബി) ഫണ്ട് ലഭിക്കാതെ പോയതിന് ഉത്തരവാദികൾ ആരെല്ലാം; ഇവർക്കെതിരെ നടപടിയെടുക്കാൻ തയ്യാറാകുമോ;

(സി) നെൽകൃഷി വികസനം സംബന്ധിച്ച പ്രോജക്റ്റ് റിപ്പോർട്ടും, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റും കേന്ദ്രത്തിന് നൽകിയിട്ടുണ്ടോ എന്നറിയിക്കുമോ?

<u>ഉത്തരം</u>

(എ) കേന്ദ്രത്തിൽനിന്നും രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ.)യിൽ നാഷണൽ ഫുഡ് സെക്യൂരിറ്റി മിഷൻ പദ്ധതിയുടെ പ്രദർശനത്തോട്ടം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി 'പ്രദർശനത്തോട്ടം ഒരുക്കുക' എന്ന പ്രോജക്ടിനാണ് മുൻ വർഷങ്ങളിൽ നെൽകൃഷിക്ക് തുക അനുവദിച്ചിരുന്നത്. എന്നാൽ 2017-18 മുതൽ (പതിമൂന്നാം പഞ്ചവത്സര കാലം) പശ്ചാത്തല വികസനത്തിന് കൂടുതൽ പ്രാധാന്യം നൽകുന്ന വികസന പദ്ധതികൾ ഏറ്റെടുക്കണമെന്നാണ് പുതുക്കിയ ആർ.കെ.വി.വൈ.-യുടെ മാർഗ്ഗനിർദ്ദേശത്തിൽ അറിയിച്ചിട്ടുള്ളത്. കേരളത്തിൽ നാഷണൽ ഫുഡ് സെക്യൂരിറ്റി മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിൽ നെൽകൃഷി വികസന പദ്ധതി നടപ്പിൽ വരുത്തുന്നതിനാലും കേരളത്തിലെ മുഴുവൻ നെൽകൃഷിയും പ്രദർശനത്തോട്ടം പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ സാധിക്കുകയില്ല എന്ന കാരണത്താലും സംസ്ഥാനം സമർപ്പിച്ച 81 കോടി രൂപയുടെ നെൽകൃഷി വികസനത്തിനുള്ള പ്രോജക്ട് 28-6-2017-ൽ ചേർന്ന സ്റ്റേറ്റ് ലെവൽ സാങ്ഷനിംഗ് കമ്മിറ്റി നിരാകരിക്കുകയാണുണ്ടായത്. എന്നാൽ കേന്ദ്ര സർക്കാരിൽനിന്നും ആർ.കെ.വി.വൈ.-യിൽ അനുവദിക്കുന്ന ഫണ്ടിൽ യാതൊരു കുറവും ഉണ്ടായിട്ടില്ല.

(ബി) ആർ.കെ.വി.വൈ. പദ്ധതിയിൽ കേന്ദ്ര സർക്കാർ അനുവദിക്കുന്ന ഫണ്ട് ലഭിക്കാത്ത സാഹചര്യം ഇതുവരെ ഉണ്ടായിട്ടില്ല. പ്രസ്തുത പദ്ധതിയിൽ നെൽകൃഷിക്ക് സഹായം അനുവദിക്കുന്നതിന് സമർപ്പിച്ച 81 കോടി രൂപയുടെ പ്രോജക്ടിന് അനുമതി ലഭിക്കാതിരിക്കുക മാത്രമേ ഉണ്ടായിട്ടുള്ളൂ.

(സി) 2017-18 വർഷത്തിൽ നെല്ലിന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കൽ എന്ന ശീർഷകത്തിൽ 1,80,000 ഹെക്ടർ നെൽകൃഷിക്ക് സഹായം അനുവദിക്കുന്നതിന് 81 കോടി രൂപയുടെ പ്രോജക്ട് തയ്യാറാക്കി യഥാസമയം സമർപ്പിക്കുകയും ആയത് കേന്ദ്രസർക്കാർ ഉദ്യോഗസ്ഥരുടെ പരിശോധനയ്ക്കുശേഷം 28-6-2017-ൽ ചേർന്ന എസ്.എൽ.എസ്.സി. മീറ്റിംഗിൽ ചർച്ച ചെയ്യപ്പെടുകയും ചെയ്തിട്ടുണ്ട്. 2015-16 വരെ അനുവദിച്ച മുഴുവൻ തുകയ്ക്കും 2016-17-ൽ അനുവദിച്ച തുകയുടെ 60 ശതമാനത്തിനും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ടി തുകയിൽ നെൽകൃഷിക്ക് അനുവദിച്ച തുകയും ഉൾപ്പെടും. ആയതിനാൽ 2017-18-ലെ ഫണ്ട് ലഭിക്കുന്നതിന് ഒരു തടസ്സവുമില്ല.

## പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത

62 (1401) ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. പുരുഷൻ കടലുണ്ടി:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും അതുവഴി ഓണക്കാലത്തും മറ്റ് ഉത്സവകാലത്തും ഉണ്ടാകുന്ന അമിതമായ വില വർദ്ധനവ് തടയുന്നതിനും ആവിഷ്കരിച്ച പദ്ധതിയുടെ പുരോഗതി അറിയിക്കുമോ;

(ബി) പച്ചക്കറി കൃഷിക്കായി പ്രത്യേക കാർഷിക സോൺ ആരംഭിക്കുമെന്ന പ്രഖ്യാപനം നടപ്പിലായിട്ടുണ്ടോ; ഇതു വഴി ലക്ഷ്യമാക്കുന്ന നേട്ടങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

(സി) സംസ്ഥാനത്ത് രാസകീടനാശിനി ഒഴിവാക്കിക്കൊണ്ടുള്ള കൃഷിരീതി പ്രോത്സാഹിപ്പിക്കുന്നതിനും അയൽ സംസ്ഥാനങ്ങളിൽനിന്ന് ഇത്തരം ഉൽപ്പന്നങ്ങൾ സംസ്ഥാനത്ത് വിറ്റഴിക്കുന്നത് തടയുന്നതിനും നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ് എന്നറിയിക്കാമോ?

### ഉത്തരം

(എ) പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് 2017-18-ൽ കൃഷിവകുപ്പ് സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ 85 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

ഓണക്കാലത്തും മറ്റ് ഉത്സവകാലത്തും ഉണ്ടാകുന്ന അമിതമായ വിലവർദ്ധനവ് തടയുന്നതിന് കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. എന്നിവയുടെ സഹകരണത്തോടെ ഓണസമൃദ്ധി 2017 എന്ന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

കർഷകന് അവരുടെ ഉൽപ്പന്നങ്ങൾക്ക് മൊത്ത വ്യാപാര വിലയെക്കാൾ 10 ശതമാനം കൂടിയ നിരക്ക് നൽകി സംഭരണം നടത്തുകയും ഉപഭോക്താക്കൾക്ക് മാർക്കറ്റ് വിലയെക്കാൾ 30 ശതമാനം കുറഞ്ഞ വിലയ്ക്ക് വിപണനം നടത്തുകയും ചെയ്യുന്നു. ആകെ 1500 പഴം-പച്ചക്കറി സ്റ്റാളുകളാണ് ആഗസ്റ്റ് 30 മുതൽ സെപ്റ്റംബർ 3 വരെ തുറക്കുവാൻ ഉദ്ദേശിക്കുന്നത്.

(ബി) പച്ചക്കറി കൃഷിക്കായി ദേവികുളം, കഞ്ഞിക്കുഴി, പഴയന്നൂർ, ചിറ്റൂർ-കൊല്ലങ്കോട് മേഖലകളിൽ പ്രത്യേക കാർഷിക സോൺ ആരംഭിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഈ പ്രദേശങ്ങളിൽ വിത്തു മുതൽ വിപണി വരെ എല്ലാ മേഖലകളിലുമുള്ള സമഗ്ര വികസനംവഴി പരമാവധി ഉൽപാദനവും കർഷകർക്ക് നല്ല വില ലഭിക്കത്തക്ക വിധത്തിലുള്ള വിപണന സൗകര്യം ഒരുക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. വിളകളുടെ മൂല്യവർദ്ധനവിനും അതോടൊപ്പം പരമാവധി വില ലഭിക്കുന്നതിനുള്ള സൗകര്യവും ഉണ്ടാക്കുക, ഇതുവഴി കാർഷികവൃത്തി ആദായകരമായി മാറ്റുക എന്നതാണ് ഈ പദ്ധതിയുടെ അന്തിമ ലക്ഷ്യം.

(സി) കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്നതും മാർക്കറ്റുകളിൽ വിൽപ്പനയ്ക്ക് എത്തുന്നതുമായ പച്ചക്കറികൾ സുരക്ഷിതമാണോ (safe to eat) എന്നു പരിശോധിക്കുന്നതിനും ആയത് പൊതുജനങ്ങളെ അറിയിക്കുന്നതിനുമായുള്ള ഒരു പദ്ധതി പച്ചക്കറി വികസന പദ്ധതി 2017-18-ൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നുണ്ട്. ഇതിനായി 75 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. കൃഷിയിടങ്ങളിൽനിന്നും മാർക്കറ്റുകളിൽ നിന്നും ശേഖരിക്കുന്ന പച്ചക്കറി സാമ്പിളുകൾ തിരുവനന്തപുരം വെള്ളായണിയിലെ കീടനാശിനി അവശിഷ്ട പരിശോധന ലാബിൽ (PRRAL) എത്തിച്ചാണ് കീടനാശിനിയുടെ അംശം കണ്ടുപിടിക്കുന്നത്. പരിശോധനഫലങ്ങൾ കേരള സർക്കാരിന്റെ വെബ്സൈറ്റിലും പത്രമാധ്യമങ്ങളിലും പൊതുജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധീകരിക്കുന്നു.

**നെൽകൃഷി വികസത്തിനായുള്ള കേന്ദ്ര ഫണ്ട്**

63 (1402) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി വികസനത്തിനായി കേന്ദ്രത്തിൽനിന്ന് സംസ്ഥാനത്തിനു ഫണ്ട് ലഭിക്കാറുണ്ടോ;

(ബി) എങ്കിൽ എത്ര വർഷങ്ങളായി ഫണ്ടു ലഭിച്ചുകൊണ്ടിരിക്കുന്നുവെന്നും ഓരോ വർഷവും ലഭിക്കുന്ന തുക എത്രയാണെന്നും വ്യക്തമാക്കാമോ;

(സി) ഏതെങ്കിലും വർഷം ഫണ്ട് മുടങ്ങിയിട്ടുണ്ടോ; എങ്കിൽ ഏത് വർഷമാണെന്നും മുടങ്ങാനുള്ള കാരണമെന്താണെന്നും വ്യക്തമാക്കാമോ;

(ഡി) ഈ വർഷം പ്രസ്തുത ഫണ്ട് ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ ലഭിച്ച തുക എത്രയാണെന്നും ഇല്ലെങ്കിൽ എപ്പോൾ ലഭിക്കുമെന്നും വ്യക്തമാക്കാമോ;

(ഇ) സംസ്ഥാന കൃഷി വകുപ്പ് ഫണ്ടു വിനിയോഗവുമായി ബന്ധപ്പെട്ട യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റും വിശദമായ പദ്ധതിയും കൃത്യമായി സമർപ്പിക്കാത്തത് കാരണം ഇക്കുറി ഫണ്ട് നിഷേധിക്കപ്പെട്ടു എന്ന ആക്ഷേപം ശരിയാണോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നെൽകൃഷി വികസനത്തിനായി ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതി പ്രകാരവും ആർ.എ.ഡി.എൻ.എം.എസ്.എ. പദ്ധതി പ്രകാരവും ആർ.കെ.വി.വൈ. പദ്ധതി പ്രകാരവും നൽകിയിട്ടുള്ള തുകയെ സംബന്ധിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| വർഷം | ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതി (എൻ.എഫ്.എസ്.എം.) (ലക്ഷം രൂപ) | ആർ.എ.ഡി.എൻ. എം.എസ്.എ. (ലക്ഷം രൂപ) | ആർ.കെ.വി.വൈ. (ലക്ഷം രൂപ) |
|---|---|---|---|
| 2007-08 | .. | .. | 50 |
| 2008-09 | 188.85 | .. | 389.03 |
| 2009-10 | 277.72 | .. | 672.5 |
| 2010-11 | 209.88 | .. | 2500 |
| 2011-12 | 228.28 | .. | 1925 |
| 2012-13 | 136.73 | .. | 3000 |
| 2013-14 | 88.83 | .. | 3375 |
| 2014-15 | 312.28 | 500 | 5400 |
| 2015-16 | 76.55 | 150 | 8100 |
| 2016-17 | ഇല്ല | ഇല്ല | 4500 |
| 2017-18 | പദ്ധതി അംഗീകാരം ലഭിച്ചിട്ടുണ്ട്. ഫണ്ട് പ്രതീക്ഷിക്കുന്നു. | .. | .. |

(സി) ആർ.കെ.വി.വൈ. പദ്ധതി പ്രകാരമുള്ള ഫണ്ട് മുടങ്ങിയിട്ടില്ല. 2016-17 വർഷം എൻ.എഫ്.എസ്.എം., ആർ.എ.ഡി. ഫണ്ട് മുടങ്ങിയിട്ടുണ്ട്. കേന്ദ്ര സർക്കാർ 60 ശതമാനവും സംസ്ഥാന സർക്കാർ 40 ശതമാനവും എന്ന രീതിയിലുള്ള ഫണ്ട് വിഭജനരീതി നിലവിൽ വന്നതും കാലാവസ്ഥയും കൃഷി സമയവും അനുസരിച്ച് മുൻ വർഷത്തെ പദ്ധതി നിർവ്വഹണം പൂർത്തിയാകുന്നതിനുണ്ടായ കാലതാമസവും കാരണമായിട്ടുണ്ട്.

(ഡി) ഈ വർഷം ആർ.കെ.വി.വൈ. പദ്ധതി പ്രകാരം ഇതുവരെ ഫണ്ട് ലഭിച്ചിട്ടില്ല. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലേക്കുള്ള ആർ.കെ.വി.വൈ.യുടെ

പുതുക്കിയ മാനദണ്ഡപ്രകാരം പശ്ചാത്തല വികസനം സാദ്ധ്യമാക്കുന്ന പ്രോജക്ടുകൾക്കാണ് ഊന്നൽ നൽകുന്നത്. നെൽകൃഷി വികസനത്തിനായി കൃഷി വകുപ്പ് സമർപ്പിച്ച 81 കോടി രൂപയുടെ പ്രോജക്ട് 28-6-2017-ന് കൂടിയ കേന്ദ്ര സർക്കാർ ഉദ്യോഗസ്ഥർ അംഗമായിട്ടുള്ള സ്റ്റേറ്റ് ലെവൽ സാങ്ഷനിംഗ് കമ്മിറ്റി പ്രസ്തുത കാരണത്താൽ നിരാകരിക്കുകയുണ്ടായി.

എൻ.എഫ്.എസ്.എം. പ്രകാരം 174.385 ലക്ഷം രൂപ, എൻ.എഫ്.എസ്.എം. റൈസ് - 29.155 ലക്ഷം രൂപ, എൻ.എഫ്.എസ്.എം. പൾസസ്-0.675 ലക്ഷം രൂപ, എൻ.എഫ്.എസ്.എം. കോഴ്സ് സെറിയൽ എന്നീ പദ്ധതികൾക്കായി 2017-18 വർഷം സർക്കാർ സമർപ്പിച്ച ആക്ഷൻ പ്ലാൻ കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. 60% തുകയായ 122.529 ലക്ഷം രൂപ നടപ്പുവർഷം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) അംഗീകരിക്കപ്പെട്ട പദ്ധതി പ്രകാരമുള്ള തുക അതാത് വർഷം ലഭിക്കുന്നതിനുണ്ടായ ബുദ്ധിമുട്ടുകൾ പദ്ധതി പ്രവർത്തനങ്ങൾ യഥാസമയം പൂർത്തിയാക്കുന്നതിനും ധന വിനിയോഗ സർട്ടിഫിക്കറ്റുകളും റിപ്പോർട്ടും സമർപ്പിക്കുന്നതിന് കാലതാമസം വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ആർ.കെ.വി.വൈ. പദ്ധതി പ്രകാരം 2015-16 വർഷം വരെ ലഭിച്ച തുകയുടെ മുഴുവൻ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റും കേന്ദ്രസർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. 2016-17-ൽ ലഭിച്ച തുകയുടെ 60% യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റും നൽകിയിട്ടുണ്ട്. മുൻവർഷത്തെ 60% യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ അടുത്ത വർഷത്തെ ഫണ്ട് അനുവദിക്കാറുണ്ട്.

## നെൽകൃഷി വ്യാപനത്തിനായി പദ്ധതികൾ

64 (1403) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി വ്യാപനം സാധ്യമാക്കുന്നതിന് നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമാണ് ;

(ബി) ഓരോ പദ്ധതികൾക്കും കഴിഞ്ഞ സാമ്പത്തിക വർഷം എത്ര തുക വീതം വകയിരുത്തിയെന്നും എത്ര ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ നടപ്പിലാക്കിയ ഓരോ പദ്ധതിയുടെയും ഭൗതിക ലക്ഷ്യം എന്തായിരുന്നുവെന്നും ഓരോ പദ്ധതിയിലും 2016-17 സാമ്പത്തിക വർഷത്തിൽ ഭൗതികലക്ഷ്യം കൈവരിക്കുകയുണ്ടായോ എന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെൽകൃഷി വികസനത്തിന് പ്രത്യേക പരിഗണന നൽകിക്കൊണ്ട് സമഗ്ര നെൽകൃഷി വികസന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. നെൽകൃഷി വ്യാപനം സാദ്ധ്യമാക്കുന്നതിന് നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. സുസ്ഥിര നെൽകൃഷി
2. വികസന ഏജൻസികൾക്കുള്ള ഫണ്ട്.
3. പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോത്സാഹനം
4. പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി.
5. കരനെൽകൃഷി വികസനം
6. തരിശുനിലകൃഷി
7. ഒരുപ്പൂ കൃഷി, ഇരുപ്പൂ കൃഷി.
8. നെൽകൃഷി ഉൽപ്പാദന ബോണസ് (നോൺ പ്ലാൻ)
9. കാർഷിക സൗജന്യ വൈദ്യുതി പദ്ധതി (നോൺ പ്ലാൻ)

(ബി & സി) ഓരോ പദ്ധതികൾക്കും കഴിഞ്ഞ സാമ്പത്തിക വർഷം ചെലവഴിച്ച തുക സംബന്ധിച്ചും ഭൗതികലക്ഷ്യം കൈവരിച്ചതു സംബന്ധിച്ചുമുള്ള വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

**കോൾ മേഖലയിൽ വിത്ത് സംഭരണ വിതരണ കേന്ദ്രങ്ങൾ**

65 (1404) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ-പൊന്നാനി കോൾ മേഖല കേന്ദ്രീകരിച്ച് വിത്ത് സംഭരണ-വിതരണ കേന്ദ്രങ്ങൾ, വിത്തിന്റെ ഗുണനിലവാര പരിശോധനയ്ക്കായി ലാബുകൾ എന്നിവ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കറുവ കൃഷി

66 (1405) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കറുവപ്പട്ട കൃഷി ചെയ്യുന്നുണ്ടോ;

(ബി) എങ്കിൽ എത്ര ഏക്കർ സ്ഥലത്താണ് കൃഷി ചെയ്യുന്നതെന്നും ആയതിന്റെ ഉൽപാദന വിവരങ്ങളും ലഭ്യമാക്കുമോ?

### ഉത്തരം

(എ&ബി) ഉണ്ട്. ഡയറക്ടറേറ്റ് ഓഫ് ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ 2015-16-ലെ സർവ്വേ റിപ്പോർട്ട് പ്രകാരം 122 ഹെക്ടർ സ്ഥലത്ത് കറുവ കൃഷി ചെയ്യുന്നുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| | |
|---|---|
| തിരുവനന്തപുരം | 1 ഹെക്ടർ |
| കൊല്ലം | ഇല്ല |
| പത്തനംതിട്ട | 1 ഹെക്ടർ |
| ആലപ്പുഴ | 7 ഹെക്ടർ |
| കോട്ടയം | 5 ഹെക്ടർ |
| ഇടുക്കി | 24 ഹെക്ടർ |
| എറണാകുളം | 8 ഹെക്ടർ |
| തൃശ്ശൂർ | 27 ഹെക്ടർ |
| പാലക്കാട് | 1 ഹെക്ടർ |
| മലപ്പുറം | 7 ഹെക്ടർ |
| കോഴിക്കോട് | 21 ഹെക്ടർ |
| വയനാട് | 9 ഹെക്ടർ |
| കണ്ണൂർ | 9 ഹെക്ടർ |
| കാസർഗോഡ് | 2 ഹെക്ടർ |

ഉൽപ്പാദനം സംബന്ധിച്ച കണക്കുകൾ ഡയറക്ടറേറ്റ് ഓഫ് ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ ലഭ്യമല്ല.

## ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി

67 (1406) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പച്ചക്കറി കൃഷി വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള 'ഓണത്തിന് ഒരു മുറം പച്ചക്കറി' എന്ന പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ?

ഉത്തരം

ഓണത്തിന് വിഷരഹിതമായ പച്ചക്കറി വീട്ടുവളപ്പിൽ നിന്നുതന്നെ ലഭ്യമാക്കാൻ ഉദ്ദേശിച്ച് 'ഓണത്തിന് ഒരു മുറം പച്ചക്കറി' എന്ന പദ്ധതി കൃഷിവകുപ്പ് നടപ്പിലാക്കുന്നു. ഇതിനായി കൃഷി വകുപ്പിന്റെ പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വീട്ടുവളപ്പിലെ പച്ചക്കറി കൃഷിക്കായി വിത്തുകൾ, തൈകൾ, തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകൾ എന്നിവ നൽകുന്നു. സംസ്ഥാനത്തെ 63 ലക്ഷം കുടുംബങ്ങൾക്ക് ഈ പദ്ധതിയുടെ ഗുണഫലം ലഭിക്കുന്നതാണ്.

വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും 10 രൂപ വില വരുന്ന അഞ്ചിനം പച്ചക്കറി വിത്തുകൾ അടങ്ങിയ 40 ലക്ഷം പച്ചക്കറി വിത്തു പായ്ക്കറ്റുകൾ, 45.45 ലക്ഷം പച്ചക്കറി തൈകൾ എന്നിവയുടെ വിതരണം പൂർത്തീകരിച്ചുകഴിഞ്ഞു. വിത്തു പായ്ക്കറ്റുകൾ വി.എഫ്.പി.സി.കെ.-യാണ് നൽകുന്നത്. ഇതിലേക്കായി 500 ലക്ഷം രൂപ വികയിരുത്തിയിരിക്കുന്നു. വിവിധ മാധ്യമങ്ങൾ മുഖേനയും സന്നദ്ധ സംഘടനകൾ മുഖേനയും 17 ലക്ഷം പച്ചക്കറി വിത്തു പായ്ക്കറ്റുകളുടെ വിതരണം നടന്നുവരുന്നു. ഇതിനായി 170 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു. പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച 37000 ഗ്രോബാഗ് യൂണിറ്റുകൾ വിതരണം പുരോഗമിച്ചുവരുന്നു. ഇതിനുവേണ്ടി 555 ലക്ഷം രൂപവകകൊള്ളിച്ചിരിക്കുന്നു. കൂടാതെ മുൻ വർഷങ്ങളിൽ നൽകിയ 75000 ഗ്രോബാഗ് യൂണിറ്റുകളിൽ വീണ്ടും കൃഷി ചെയ്യാനായി വിത്ത്, തൈകൾ, മറ്റ് ഉൽപ്പാദന ഉപാധികൾ എന്നിവയും നൽകുന്നു. ഇതിലേക്കായി 150 ലക്ഷം രൂപയും വകയിരുത്തിയിരിക്കുന്നു.

ഈ പദ്ധതി നടപ്പിലാക്കുന്നതുവഴി ഓണക്കാലത്ത് ഓരോ വീട്ടിലും സ്വന്തമായി കൃഷി ചെയ്തെടുത്ത പച്ചക്കറികൾ ഉപയോഗിക്കുവാൻ കഴിയും, വി.എഫ്.പി.സി.കെ., ത്രിതല പഞ്ചായത്തുകൾ, ജനപ്രതിനിധികൾ, കാർഷിക കർമസേന, അഗ്രോ സർവ്വീസ് സെന്റർ, സന്നദ്ധ സംഘടനകൾ, മാധ്യമങ്ങൾ, കുടുംബശ്രീ തുടങ്ങിയവരുടെ സംയുക്ത സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്.

പദ്ധതിയുടെ പ്രചരണ പരിപാടികളുടെ ചുമതല ഫാം ഇൻഫർമേഷൻ ബ്യൂറോ നിർവ്വഹിക്കുന്നു. ഈ പദ്ധതിയുടെ പ്രചരണാർത്ഥം ഒരു 'സ്ലോഗൻ' തയ്യാറാക്കിയിട്ടുണ്ട്. ഇതിനോടൊപ്പം മന്ത്രിമാർ, സെലിബ്രിറ്റീസ്, ജനപ്രതിനിധികൾ എന്നിവരുടെ പ്രസ്താവനകളോടുകൂടിയ ശബ്ദരേഖ ഉള്ളടക്കം ചെയ്ത് റേഡിയോ, എഫ്.എം. റേഡിയോ, റെയിൽവേ ജിംഗിൾസ് മുതലായ മാധ്യമങ്ങൾ വഴി സംപ്രേക്ഷണം ചെയ്ത് പദ്ധതിക്ക് പ്രചാരണം നൽകിയിട്ടുണ്ട്. കൂടാതെ പ്രമുഖ പത്രമാധ്യമങ്ങൾ വഴിയും വിപുലമായ പ്രചാരണം നൽകിയിട്ടുണ്ട്.

ഈ പദ്ധതി നടപ്പിലാക്കുകവഴി ഏകദേശം 25000-ത്തോളം ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി വ്യാപിപ്പിക്കാനും ഏകദേശം 1 ലക്ഷം ടണ്ണോളം പച്ചക്കറി അധികമായി ഉൽപ്പാദിപ്പിക്കുവാനും ലക്ഷ്യമിടുന്നു.

ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിനായി ഏറ്റവും നല്ല പച്ചക്കറിത്തോട്ടം ഒരുക്കുന്ന വീട്ടമ്മമാർക്ക് ജില്ലാതലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനക്കാർക്ക് യഥാക്രമം 15,000 രൂപ, 7,500 രൂപ, 5000 രൂപയും സംസ്ഥാനതലത്തിൽ യഥാക്രമം 1,00,000 രൂപ, 50,000 രൂപ, 25,000 രൂപയും അവാർഡായി നൽകുന്നു. ചുരുങ്ങിയത് 5 ഇനം പച്ചക്കറികളെങ്കിലും കൃഷി ചെയ്യുന്ന വീട്ടമ്മമാരെയാണ് അവാർഡിനായി പരിഗണിക്കുന്നത്. ഇതിനായി 5.6 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**പി.എം.കെ.എസ്.വൈ. പ്രവൃത്തികൾ**

68 (1407) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.കെ.എസ്.വൈ. (പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജന) പദ്ധതിയിൽ ഉൾപ്പെടുത്തി ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ നടന്നു വരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഓരോ നിർമ്മാണ പ്രവർത്തനത്തിനും അനുവദിച്ചിട്ടുള്ള തുക എത്രയെന്ന് വ്യക്തമാക്കാമോ;

(സി) ഓരോ നിർമ്മാണ പ്രവർത്തനത്തിന്റേയും നിലവിലെ സ്ഥിതി എന്തെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ-സി) പി.എം.കെ.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ നിർമ്മാണ പ്രവർത്തനങ്ങളൊന്നും ഇപ്പോൾ നടന്നുവരുന്നില്ല.

## അഗ്രോണമിക് റിസർച്ച് സ്റ്റേഷൻ

69 (1408) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിലെ അഗ്രോണമിക് റിസർച്ച് സ്റ്റേഷന്റെ നവീകരണത്തിനും വികസനത്തിനും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി)ഈ സ്ഥാപനം ഉല്പാദിപ്പിക്കുന്ന വിത്തുകൾ സൂക്ഷിക്കുന്നതിനാവശ്യമായ ഒരു "സീഡ് സ്റ്റോർ" അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. 10.34 ലക്ഷം രൂപ ചെലവിൽ ജലസംരക്ഷണ-സംഭരണ പ്രവർത്തനങ്ങൾ 2015-16, 2016-17 കാലയളവിൽ ചാലക്കുടി അഗ്രോണമിക് റിസർച്ച് സ്റ്റേഷനിൽ നടപ്പിലാക്കിയിരുന്നു. കൂടാതെ കാർഷിക സർവ്വകലാശാല ഗവേഷണ കേന്ദ്രങ്ങളുടെയും അനുബന്ധ ഫാമുകളുടെയും വികസനത്തിനായി ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതികളെല്ലാംതന്നെ ചാലക്കുടി അഗ്രോണമിക് റിസർച്ച് സ്റ്റേഷനും ബാധകമാണ്.

(ബി) ആധുനിക രീതിയിലുള്ള ഒരു " സീഡ് സ്റ്റോർ" നിർമ്മിക്കുന്നതിനായി 30 ലക്ഷം രൂപ എസ്റ്റിമേറ്റുള്ള ഒരു പ്രൊപ്പോസൽ അഗ്രോണമിക് റിസർച്ച് സ്റ്റേഷൻ മേധാവി തയ്യാറാക്കിയിട്ടുണ്ട്. കാർഷിക സർവ്വകലാശാല ഇതിനാവശ്യമായ തുക എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

## റബ്ബറിന്റെ വിലത്തകർച്ച

70 (1409) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബറിന്റെ വിലതകർച്ച നേരിടേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിലത്തകർച്ച നേരിടാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) നേരത്തേ വിലത്തകർച്ചയുണ്ടായ സാഹചര്യത്തിൽ ഏർപ്പെടുത്തിയ സർക്കാർ സബ്സിഡി സംവിധാനം ഇപ്പോഴും നിലവിലുണ്ടോ; കഴിഞ്ഞ വർഷം എത്ര കർഷകർക്ക് ഇതിന്റെ ആനുകൂല്യം നൽകി ; ഇതുവഴി എത്ര തുക ചെലവഴിച്ച് എന്നുള്ള കണക്ക് ജില്ല തിരിച്ച് നൽകാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റബ്ബറിന്റെ വിലത്തകർച്ച നേരിടുന്നതിനുവേണ്ടി റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം നടപ്പിലാക്കിവരുന്നു. ധനകാര്യ വകുപ്പും റബ്ബർ ബോർഡും സംയുക്തമായാണ് പദ്ധതി നടപ്പാക്കിവരുന്നത്.

(ബി) ഉണ്ട്. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം നിലവിൽ നടപ്പിലാക്കി വരികയാണ്. ഈ സ്കീം പ്രകാരമുള്ള സബ്സിഡി വിതരണം ചെയ്യുന്നത് ജൂലൈ മുതൽ ജൂൺ വരെയുള്ള കാലഘട്ടം അടിസ്ഥാനമാക്കിയാണ്. ഈ പദ്ധതിയുടെ രണ്ടാം ഘട്ടം 2017 ജൂൺ 30-ന് അവസാനിക്കുകയും മൂന്നാം ഘട്ടം 2017 ജൂലൈ 1 മുതൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 2015 ജൂലൈ മുതൽ 2016 ജൂൺ വരെയുള്ള ഒന്നാം ഘട്ടത്തിലെയും 2016 ജൂലൈ മുതൽ 2017 ജൂൺ വരെയുള്ള രണ്ടാം ഘട്ടത്തിലെയും കാലയളവിൽ യഥാക്രമം 301604, 277175 കർഷകർക്ക് ഇതിന്റെ ആനുകൂല്യം നൽകുകയും ഇതിനായി ആകെ 776.24 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വാർഷികാടിസ്ഥാനത്തിൽ ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി വച്ചിട്ടുണ്ട്.*

**പള്ളിയോൾ പാടശേഖരത്തിൽ കൃഷി**

71 (1410) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കവണക്കല്ല് റഗുലേറ്റർ-കം-ബ്രിഡ്ജ് വന്നതോടെ മാവൂർ ഗ്രാമപഞ്ചായത്തിലെ 200 ഹെക്ടർ വരുന്ന പള്ളിയോൾ പാടശേഖരത്തിൽ കൃഷിയിറക്കാൻ സാധിക്കാതെ വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ലിഫ്റ്റ് ഇറിഗേഷൻവഴി കെട്ടികിടക്കുന്ന വെള്ളം മാറ്റിവിട്ട് ഈ സ്ഥലത്ത് കൃഷിയിറക്കുന്നതിന് സി. ഡബ്ല്യു. ആർ. ഡി. എം. നടത്തിയ പഠനം പരിശോധിച്ചിട്ടുണ്ടോ;

(സി) ഈ പദ്ധതി ഏറ്റെടുത്ത് നടത്തുന്നതിന് സന്നദ്ധമാവുമോ?

ഉത്തരം

(എ) കവണക്കല്ല് റഗുലേറ്റർ-കം-ബ്രിഡ്ജ് വന്നതോടെ മാവൂർ ഗ്രാമപഞ്ചായത്തിലെ 200 ഹെക്ടർ വരുന്ന പള്ളിയോൾ പാടശേഖരത്തിൽ കൃഷിയിറക്കാൻ സാധിക്കാതെ വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കൃഷി വകുപ്പിന് പഠന റിപ്പോർട്ട് ലഭ്യമായിട്ടില്ല. ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ടി പദ്ധതിയുടെ ഒന്നാംഘട്ടം ചെറുകിട ജലസേചന വകുപ്പ് മുഖേനയാണ് നടപ്പിലാക്കിയിട്ടുള്ളത്.

**പച്ചത്തേങ്ങ സംഭരണം**

72 (1411) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിരവധി പഞ്ചായത്തുകളിൽ പച്ചത്തേങ്ങ സംഭരണം ശരിയായ രീതിയിൽ നടക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംഭരിച്ച തേങ്ങയുടെ വില നൽകുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനും സൗകര്യപ്രദവും കുറ്റമറ്റതും കൂടുതൽ കേന്ദ്രങ്ങളിലേക്ക് വ്യാപിപ്പിക്കുന്ന രീതിയിലും സംഭരണം നടത്തുന്നതിന്റെ പ്രായോഗികത പരിശോധിക്കുന്നതിന് നിയോഗിച്ച സബ് കമ്മിറ്റി റിപ്പോർട്ട് അവതരിപ്പിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത റിപ്പോർട്ടിലെ പ്രധാനപ്പെട്ട വിശദാംശങ്ങൾ വിശദീകരിക്കാമോ ?

ഉത്തരം

(എ) കമ്പോള വില സംഭരണ വിലയെക്കാൾ ഉയർന്നു നിൽക്കുന്ന സാഹചര്യത്തിൽ താങ്ങുവിലയിൽ പച്ചത്തേങ്ങ സംഭരിക്കുന്നതിൽ പ്രസക്തിയില്ല. എന്നിരുന്നാലും പച്ചത്തേങ്ങ സംഭരണം കൂടുതൽ കാര്യക്ഷമമാക്കി വിപുലീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(ബി) നാളികേരത്തിന് വിലയിടിയുന്ന സാഹചര്യമുണ്ടായാലുടൻ പച്ചനാളികേര സംഭരണം ആരംഭിക്കുവാനുള്ള തയ്യാറെടുപ്പ് നടത്തിയിട്ടുണ്ട്.

(സി) ബാധകമല്ല.

**വരൾച്ചയും കൃഷിനാശവും**

73 (1412) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്താകമാനവും പാലക്കാട് ജില്ലയിലും 2016 മുതൽ നാളിതുവരെയുണ്ടായ കൊടുംവേനലും വരൾച്ചയും കൊണ്ടുണ്ടായിട്ടുള്ള കൃഷിനാശം എത്ര തുകയുടേത് എന്ന് പ്രത്യേകം വ്യക്തമാക്കാമോ;

(ബി) പ്രധാന വിളകളായ നെല്ല്, വാഴ, തെങ്ങ്, കുരുമുളക്, പച്ചക്കറി , ഏലം, റബ്ബർ, കാപ്പി, അടയ്ക്ക, ഇഞ്ചി, മറ്റ് പഴവർഗ്ഗങ്ങൾ എന്നിവയെ ഇക്കാലയളവിൽ വരൾച്ച എപ്രകാരം ബാധിച്ചു എന്നുള്ളതും സംസ്ഥാനത്തും പാലക്കാട് ജില്ലയിലും ഇതുമൂലമുണ്ടായ കാർഷിക നഷ്ടവും എത്ര എന്ന് ഇനം തിരിച്ച് ലഭ്യമാക്കുമോ;

(സി) ഇതിനായി റവന്യൂ-കൃഷി വകുപ്പുമന്ത്രിമാർ 2017 മാർച്ച് 28-ന് കേന്ദ്രകൃഷി വകുപ്പുമന്ത്രിയെ കണ്ട് വരൾച്ച മെമ്മോറാണ്ടം നൽകുകയും കേന്ദ്രസംഘം ഏപ്രിൽ 19 മുതൽ 21 വരെ സംസ്ഥാനം സന്ദർശിച്ച് വിലയിരുത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ എത്ര കേന്ദ്രസഹായം ലഭ്യമായി എന്ന് വ്യക്തമാക്കാമോ;

(ഡി) ഇക്കാലയളവിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് എന്തു സഹായം നൽകി എന്നും, പാലക്കാട് ജില്ലയിലെ എത്ര കർഷകർക്ക് എന്തു സഹായം ലഭ്യമാക്കി എന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പ്രഥമ വിവര റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് കൊടുംവേനലും വരൾച്ചയുംമൂലം 45398.86 ഹെക്ടർ കൃഷി നശിച്ചതായിട്ടാണ് കണക്കാക്കിയിട്ടുള്ളത്. 179142 കർഷകരുടെ 45398.86 ഹെക്ടർ നശിച്ചതിലൂടെ 875.35 കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുള്ളതായിട്ടാണ് കണക്കാക്കിയിട്ടുള്ളത്. പാലക്കാട് ജില്ലയിൽ 19539.054 ഹെക്ടറിൽ കൃഷിനാശം സംഭവിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധം* ആയി വച്ചിട്ടുണ്ട്.

(ബി) ഇത് സംബന്ധിച്ചുള്ള കണക്കുകൾ അനുബന്ധമായി* വച്ചിട്ടുണ്ട്.

(സി) കേന്ദ്ര സഹായം സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതുവരെ ലഭിച്ചിട്ടില്ല.

(ഡി) ഇക്കാലയളവിൽ ജില്ലാ തലത്തിൽ നെൽകൃഷി നാശം സംഭവിച്ച കർഷകർക്ക് സൗജന്യമായി വിത്ത് വിതരണം ചെയ്യുകയും പാലാക്കാട് ജില്ലയിലെ കർഷകരിൽനിന്നും കൃഷി ഭവൻ മുഖേന കൃഷിനാശത്തിനുള്ള ധനസഹായത്തിന് ക്ലെയിം ശേഖരിച്ചുവരികയും ചെയ്യുന്നു. കേന്ദ്രസഹായം ലഭ്യമാകുന്ന മുറയ്ക്ക് സഹായധനം വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഓണക്കാലത്ത് ജൈവപച്ചക്കറിയും പഴവർഗ്ഗങ്ങളും

74 (1413) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വരുന്ന ഓണക്കാലത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ പങ്കാളിത്തത്തോടെ സംസ്ഥാനത്തെ ജനങ്ങൾക്ക് വിഷരഹിതമായ ജൈവപച്ചക്കറിയും, പഴവർഗ്ഗങ്ങളും ന്യായമായ വിലയ്ക്ക് ലഭ്യമാക്കുന്നതിനായി സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) അതിനായി എത്ര തുക നീക്കിവെച്ചിട്ടുണ്ടെന്ന കാര്യം വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) ഓണക്കാലത്തോടനുബന്ധിച്ച് സംസ്ഥാനത്ത് പച്ചക്കറി വിലവർദ്ധന നിയന്ത്രിക്കുന്നതിനായി തദ്ദേശഭരണ സ്ഥാപനങ്ങളുടേയും ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. എന്നിവയുടെയും സഹകരണത്തോടെ കൃഷിവകുപ്പ് ഓണസമൃദ്ധി 2017 എന്ന പദ്ധതി നടപ്പാക്കുന്നുണ്ട്.

ഈ പദ്ധതിയിലൂടെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന കാർഷികോൽപ്പന്നങ്ങൾ വിപണിവിലയേക്കാൾ 10% അധിക വില നൽകി സംഭരിക്കുകയും ഇപ്രകാരം സംഭരിക്കുന്ന ജൈവ പച്ചക്കറികൾ വിപണി വിലയേക്കാൾ 30% വിലക്കുറവിൽ ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുകയുമാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

(ബി) മേൽപ്രകാരമുള്ള 1500- ഓളം സ്റ്റാളുകൾ സംസ്ഥാനത്തുടനീളം പ്രവർത്തിപ്പിക്കുന്നതിലേക്കായി 900 ലക്ഷം രൂപയ്ക്കാണ് ടി പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

## കർഷകർക്ക് നഷ്ടപരിഹാരം

75 (1414) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിൽ മുൻവർഷങ്ങളിൽ പ്രകൃതി ക്ഷോഭത്തിൽപ്പെട്ട് വിളനാശം സംഭവിച്ച കർഷകർക്ക് ലഭിക്കാനുള്ള നഷ്ടപരിഹാരം സംബന്ധിച്ച കണക്കുകൾ കൃഷിഭവൻ തിരിച്ച് വ്യക്തമാക്കാമോ;

(ബി) നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിന് കാലതാമസം നേരിട്ടതിന്റെ കാരണം വിശദമാക്കാമോ;

(സി) നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 2013 നവംബർ മുതൽ നാളിതുവരെ തിരുവമ്പാടി നിയോജക മണ്ഡലത്തിൽ കർഷകർക്ക് നൽകാനുള്ള തുകകളുടെ കൃഷി ഭവൻ തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ക്രമനമ്പർ | തിരുവമ്പാടി നിയോജക മണ്ഡലത്തിലെ കൃഷിഭവനുകൾ | നഷ്ടപരിഹാര തുക |
|---|---|---|
| 1 | കോടഞ്ചേരി | 23,57,395 |
| 2 | തിരുവമ്പാടി | 63,99,600 |
| 3 | കൂടരഞ്ഞി | 27,79,225 |
| 4 | പുതുപ്പാടി | 21,00,695 |
| 5 | കാരശ്ശേരി | 55,14,900 |
| 6 | മുക്കം | 13,20,445 |
| 7 | കൊടിയത്തൂർ | 36,36,319 |
| | ആകെ | 2,41,08,579 |

(ബി) 2013-ൽ ക്ലെയിം സമർപ്പിക്കുന്ന സമയത്ത് ഇ-പേയ്മെന്റ് സമ്പ്രദായം നിലവിലില്ലായിരുന്നു. നിലവിൽ ഇ-പേയ്മെന്റ് മുഖേന നഷ്ടപരിഹാരം നൽകേണ്ടതിനാൽ കൃഷി ഭവനുകൾ മുഖാന്തിരം ഓരോ കർഷകരുടെയും ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ ശേഖരിച്ച് ഇ-പേയ്മെന്റ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. ഇപ്പോൾ ജില്ലാകളക്ടറിൽനിന്നും 1,46,86,780 രൂപ വെള്ളപ്പൊക്ക ഇനത്തിലും വരൾച്ചക്കായി 19,07,480 രൂപയും അനുവദിച്ചിട്ടുണ്ട്. ആയതിൽനിന്നും 2013 ജൂലൈ മുതൽ 2013 ഒക്ടോബർ വരെ 2595 കർഷകർക്ക് 80,78,442 രൂപ പൂർണ്ണമായ തോതിൽ അനുവദിച്ചിട്ടുണ്ട്. കുടിശ്ശികത്തുക നൽകാനുള്ള എസ്.ഡി.ആർ.എഫ്. വിഹിതം ജില്ലാ കളക്ടറിൽനിന്നും 2017 ജൂൺ മാസത്തിൽ ലഭിച്ചത് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുകൊണ്ടിരിക്കുന്നു. കോഴിക്കോട് ജില്ലാ കളക്ടർ അനുവദിച്ച ഫണ്ടിനാനുപാതികമായി കൃഷി ഡയറക്ടറേറ്റിൽനിന്നും 1-4-2015 മുതലുള്ള കൃഷി നാശങ്ങൾക്കുള്ള സംസ്ഥാന വിഹിതം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

## കൃഷിവകുപ്പിലെ പുതിയ പദ്ധതികൾ

76 (1415) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന എന്തൊക്കെ പദ്ധതികളാണ് കൃഷിവകുപ്പ് നാളിതുവരെ ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഏതൊക്കെ പുതിയ പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കർഷകർക്ക് പ്രയോജനപ്രദമായ ചുവടെ പറയുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു:

(i) വിളവിസ്തൃതിക്കും ഉൽപ്പാദന വർദ്ധനവിനുമായി പ്രധാനമായി നെൽകൃഷി വികസനം, പച്ചക്കറി വികസനം, കിഴങ്ങ്-പയർവർഗ്ഗങ്ങളുടെ വികസനം, നാളികേര വികസനം, സുഗന്ധവ്യഞ്ജന വിള വികസനം എന്നവയ്ക്കുള്ള പദ്ധതികൾ;

(ii) കൂടാതെ മണ്ണിന്റെയും വിളയുടെയും ആരോഗ്യ പരിപാലനവും അവയുടെ ഉൽപ്പാദനക്ഷമത ഉയർത്തുന്നതിനുമുള്ള പദ്ധതികൾ, വിള ആരോഗ്യ പരിപാലന പദ്ധതികൾ എന്നിവയും;

(iii) ഒപ്പം പ്രാദേശിക പ്രാധാന്യമുള്ള വിളകൾക്കുള്ള പദ്ധതികൾ, ഹൈ-ടെക് കൃഷിക്കുള്ള പദ്ധതികൾ, ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ, ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ എന്നിവയും;

(iv) അതോടൊപ്പം കർഷകർക്ക് ആവശ്യമായ കാർഷിക സേവനങ്ങൾക്കും ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ വിതരണം ചെയ്യുന്നതിനും വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെയും അല്ലാതെയുമുള്ള കാർഷിക വിജ്ഞാന വ്യാപന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്.

ഈ പദ്ധതികൾ കൂടാതെ, കാർഷിക ഉൽപ്പന്നങ്ങൾക്ക് കൂടുതൽ വില ലഭിക്കുന്നതിനും ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കി വിപണനം നടത്തുന്നതിനുമുള്ള പദ്ധതികളും ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവ് പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ പദ്ധതികളും നടപ്പിലാക്കിവരുന്നു.

(ബി) താഴെപ്പറയുന്ന പുതിയ പദ്ധതികളാണ് ഈ വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്:

1. പ്രാദേശിക സവിശേഷതകളുള്ള വിളകളുടെ വികസനം:

ചെറുധാന്യങ്ങൾ, എള്ള്, നിലക്കടല, കരിമ്പ് തുടങ്ങിയ വിളകളുടെ വികസനത്തിന് ഊന്നൽ നൽകുന്ന ഈ പദ്ധതിക്കായി ബജറ്റിൽ 3.30 കോടി രൂപ വകയിരുത്തുകയും ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

2. പഴവർഗ്ഗങ്ങൾ, പുഷ്പങ്ങൾ, ഔഷധ സസ്യങ്ങൾ എന്നിവയുടെ വികസനം :

തൃശ്ശൂർ ജില്ലയിൽ വാഴക്കൃഷിയുടെ ഒരു പ്രത്യേക കാർഷിക മേഖലയും ഇടുക്കി, വയനാട് ജില്ലകളിൽ പുഷ്പകൃഷിക്കുള്ള പ്രത്യേക കാർഷിക മേഖലയും നടപ്പിലാക്കുന്നതാണ്. ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട് ജില്ലകളിൽ ഔഷധ സസ്യകൃഷിക്ക് പ്രോത്സാഹനം, തിരുവനന്തപുരത്തെ ബയോ ടെക്നോളജി & മോഡൽ ഫ്ലോറികൾച്ചർ സെന്റർ ശാക്തീകരണം എന്നിവയും ഈ പദ്ധതിയുടെ ഘടകങ്ങളാണ്. പ്രസ്തുത പദ്ധതിക്കായി 6.75 കോടി രൂപ ബജറ്റിൽ വകയിരുത്തുകയും 2.75 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ബാക്കി 4 കോടി രൂപയുടെ ഭരണാനുമതിക്കുള്ള പ്രൊപ്പോസലിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

3. നാടൻ വിത്തിനങ്ങളുടെ ജൈവവൈവിദ്ധ്യ സംരക്ഷണവും പ്രോത്സാഹനവും:

പ്രാദേശികവും പരമ്പരാഗതവുമായ എല്ലാ വിളകളുടെയും വിത്തിനങ്ങളുടെയും ശേഖരണം, ഇവയുടെ സംരക്ഷണം, കൃഷി വ്യാപനം, സീഡ് ബാങ്ക് സ്ഥാപിക്കൽ എന്നിവ ട്രൈബൽ മേഖലയ്ക്ക് പ്രത്യേക പ്രാധാന്യം നൽകി ഈ പദ്ധതി നടപ്പിലാക്കുന്നു. 2.50 കോടി രൂപ ഈ പദ്ധതിക്കായി 2017-18 വർഷത്തിൽ ബജറ്റിൽ വകയിരുത്തുകയും ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്തിരിക്കുന്നു.

4. പ്രത്യേക കാർഷിക മേഖല:

സംയോജിതവും ഫലപ്രദവുമായി പദ്ധതികൾ തയ്യാറാക്കി കേന്ദ്രീകൃതവും പ്രോജക്ട് അധിഷ്ഠിതവുമായ ഇടപെടലുകളോടെ കണ്ടെത്തിയിട്ടുള്ള സാദ്ധ്യതാ മേഖലകളിൽ നടപ്പിലാക്കുന്നതിനായി ഉദ്ദേശിക്കുന്നു. ഓരോ മേഖലയിലും ഉൽപ്പാദനം, വിപണനം, സംസ്കരണം, മൂല്യവർദ്ധനവ്, ജലസേചനം എന്നിവ ഉൾപ്പെടുത്തിയുള്ള പദ്ധതികളാണ് പ്രോജക്ട് അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നത്. അടിസ്ഥാന സൗകര്യ വികസനത്തിനും അടിയന്തര ഇടപെടലുകൾക്കുമായി 10 കോടി രൂപ ഈ പദ്ധതി ശീർഷകത്തിൽ വകയിരുത്തുകയും ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

## ജൈവപച്ചക്കറി കൃഷി

77 (1416) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തരിശു ഭൂമിയിൽ ജൈവപച്ചക്കറി കൃഷി ചെയ്യുന്നതിന് പദ്ധതി നിലവിലുണ്ടോ;

(ബി)കുടുംബശ്രീ, സ്വയംസഹായ സഹകരണ സംഘങ്ങൾ എന്നിവരെക്കൂടി ഉൾപ്പെടുത്തി പദ്ധതി വിപുലമാക്കുവാൻ തയ്യാറാക്കുമോ;

(സി) സംസ്ഥാനത്തിന് ആവശ്യമായ പച്ചക്കറിയുടെ നല്ലൊരു ശതമാനം ഇവിടെത്തന്നെ ഉത്പാദിപ്പിക്കുന്നതിന് ഇത്തരം വിപുലമായൊരു പദ്ധതി തയ്യാറാക്കി സമയബന്ധിതമായി നടപ്പിലാക്കുമോ;

(ഡി) എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് തരിശു ഭൂമിയിൽ ജൈവപച്ചക്കറി കൃഷി ചെയ്യുന്നതിനായി മാത്രം പദ്ധതി നിലവിലില്ല. എന്നാൽ പച്ചക്കറി വികസന പദ്ധതി അനുസരിച്ച് 2017-18 വർഷം തരിശു ഭൂമിയിൽ സുരക്ഷിത പച്ചക്കറി കൃഷി നടപ്പാക്കാൻ പദ്ധതി നിലവിലുണ്ട്.

(ബി) നിലവിലുള്ള പദ്ധതിയിൽപ്പെടുത്തി കുടുംബശ്രീ, സ്വയം സഹായ സംഘങ്ങൾ എന്നിവയെക്കൂടി ഉൾപ്പെടുത്തി സാമ്പത്തിക സഹായം നൽകുന്നതാണ്.

(സി&ഡി) തരിശു ഭൂമിയിൽ വിപുലമായ രീതിയിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

## കൃഷിവകുപ്പിന്റെ ജൈവപച്ചക്കറി കൃഷി

78 (1417) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നേരിട്ട് ജൈവപച്ചക്കറി കൃഷി എവിടെയെല്ലാം ചെയ്യുന്നുണ്ട്; ഏതെല്ലാം പച്ചക്കറികളാണ് കൃഷിചെയ്യുന്നത്; വിശദമാക്കാമോ ;

(ബി) സർക്കാർ ഭൂമിയിലും തരിശ് ഭൂമിയിലും വകുപ്പ് നേരിട്ട് കൃഷി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## ഉത്തരം

(എ) കൃഷി വകുപ്പിന്റെ കീഴിലുള്ള വിവിധ കൃഷി ഫാമുകളിൽ ഉത്തമ കൃഷി മുറകൾ പാലിച്ചുകൊണ്ട് പച്ചക്കറി കൃഷി ചെയ്തുവരുന്നു. ഏകദേശം 100 ഹെക്ടർ സ്ഥലത്ത് വിവിധ ഇനം പച്ചക്കറികൾ വിത്തുൽപ്പാദനത്തിനും പച്ചക്കറികൾക്കുമായി കൃഷി ചെയ്യുന്നു. വെണ്ട, വെള്ളരി, പാവൽ, പടവലം, ചീര, മുളക്, പയർ, വഴുതന, കോവൽ മുതലായവയാണ് പ്രധാനമായും കൃഷി ചെയ്യുന്നത്.

(ബി) സർക്കാർ ഭൂമിയിലും തരിശു ഭൂമിയിലും കൃഷി വകുപ്പ് നേരിട്ട് കൃഷി നടത്തുന്നില്ല. എന്നിരുന്നാലും സംസ്ഥാനത്ത് തരിശുനിലം കൃഷിയോഗ്യമായി മാറ്റുന്നതിന് 2017-18-ലെ പച്ചക്കറി വികസന പദ്ധതിയിൻകീഴിൽ കർഷകർ, സ്വന്തമായി ഭൂമിയില്ലാത്ത കർഷകത്തൊഴിലാളികൾ, കർഷക കൂട്ടായ്മകൾ, യൂത്ത് ക്ലബ്ബ്, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്ക് സാമ്പത്തിക സഹായം നൽകുന്നുണ്ട്. മുൻ വർഷങ്ങളിൽ കൃഷി ചെയ്യാതെ തരിശായി കിടക്കുന്ന ഭൂമി കൃഷിയോഗ്യമാക്കി മാറ്റി അതുവഴി കൂടുതൽ തരിശുഭൂമി കൃഷിയോഗ്യമാക്കുവാനും ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുവാനും അത്തരത്തിൽ പച്ചക്കറി കൃഷിയുടെ വിസ്തീർണ്ണം വർദ്ധിപ്പിക്കുകവഴി സംസ്ഥാനത്ത് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും പഞ്ചായത്തുകളെ തരിശുരഹിത പഞ്ചായത്താക്കി മാറ്റുകയും ചെയ്യുക എന്നതാണ് ഇതിന്റെ പ്രധാന ഉദ്ദേശ്യം.

## ചെട്ടിപ്പാടം പാടശേഖരത്തിൽ കൃഷി

79 (1418) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ഇടക്കൊച്ചി വില്ലേജിൽ വർഷങ്ങളോളം കൃഷി ചെയ്തിരുന്ന 3 ഏക്കറോളം വരുന്ന ചെട്ടിപ്പാടം പാടശേഖരത്തിൽ കൃഷി ചെയ്യാനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഈ പാടശേഖരത്തിലെ ഭൂമി ആരുടെയെല്ലാം കൈവശമാണെന്ന് വ്യക്തമാക്കാമോ;

(സി) ഈ പാടശേഖരത്ത് കൃഷി ചെയ്യുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യവികസനത്തിനായുള്ള പദ്ധതിയുടെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ;

(ഡി) ഈ പ്രൊപ്പോസൽ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇതിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ; ആരാണ് അംഗീകാരം നൽകേണ്ടതെന്ന് വ്യക്തമാക്കാമോ;

(ഇ) ചെട്ടിപ്പാടം പാടശേഖരസമിതിയിലെ അംഗങ്ങൾ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ചെട്ടിപ്പാടം പാടശേഖരത്തിൽ കൃഷി ചെയ്യുവാനായി പെട്ടിയും പറയും സ്ഥാപിക്കാൻ കൊച്ചി കോർപ്പറേഷനിൽ പ്രോജക്ട് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതും അംഗീകാരം ലഭിച്ചിട്ടുള്ളതുമാണ്.

(ബി) ഭൂവുടമകളുടെ ലിസ്റ്റ് പാടശേഖര സമിതികളുടെ സഹായത്തോടെ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

(സി&ഡി) ഉണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പെട്ടിയും പറയും സ്ഥാപിക്കാൻ 3 ലക്ഷം രൂപയുടെ പ്രോജക്ട് പ്രൊപ്പോസൽ കൊച്ചി കോർപ്പറേഷനിൽ സമർപ്പിക്കുകയും ഡി.പി.സി അംഗീകാരം നമ്പർ DPC411/33/17DPC/DPO EKM ആയി അംഗീകരിക്കുകയും ചെയ്തു.

(ഇ) ചെട്ടിപ്പാടം പാടശേഖരസമിതി സജീവ പ്രവർത്തനം ഇല്ലാത്തതാണ്. രജിസ്ട്രേഷൻ പുതുക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**നാണ്യവിളകളും സുഗന്ധവ്യഞ്ജനങ്ങളും നേരിടുന്ന വിലത്തകർച്ച**

80 (1419) <u>ശ്രീ. കെ. സുരേഷ് കുറുപ്പ് :</u>
<u>ശ്രീ. ജോർജ് എം. തോമസ് :</u>
<u>ശ്രീ. ഒ. ആർ. കേളു :</u>
<u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സമ്പദ്ഘടനയുടെ മുഖ്യ വരുമാനമാർഗ്ഗമായ നാണ്യവിളകളും സുഗന്ധവ്യഞ്ജനങ്ങളും നേരിടുന്ന വിലത്തകർച്ചയുടെ മുഖ്യകാരണം ആസിയാൻ പോലുള്ള ആഗോള വിപണന കരാറുകളായതിനാൽ കേന്ദ്രസർക്കാരിനോട് സംസ്ഥാനത്തെ കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ വേണ്ട സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിന്റെ നിലപാട് അറിയിക്കാമോ;

(ബി) റബർ, ഏലം, കുരുമുളക്, വെളിച്ചെണ്ണ തുടങ്ങിയ പ്രധാന കാർഷികോൽപന്നങ്ങൾ അനിയന്ത്രിതമായ ഇറക്കുമതിമൂലം വിലത്തകർച്ച നേരിടുന്നതിനാൽ ഇവയുടെ ഇറക്കുമതിച്ചുങ്കം വർദ്ധിപ്പിക്കാനോ ഇറക്കുമതി നിയന്ത്രിക്കാനോ ഉള്ള സംസ്ഥാനത്തിന്റെ ആവശ്യത്തിനോട് കേന്ദ്രസർക്കാർ ഏതെങ്കിലും തരത്തിലുള്ള കർഷക അനുകൂല നിലപാട് സ്വീകരിച്ചിട്ടുണ്ടോ;

(സി) ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ കർഷകരെ കൂടുതൽ പാപ്പരാക്കുന്ന , ആസിയാൻ രാജ്യങ്ങൾ തമ്മിലുള്ള പ്രാദേശിക സമഗ്ര സാമ്പത്തിക പങ്കാളിത്തം (ആർ.സി.ഇ.പി.) എന്ന കൂടുതൽ അപകടകാരിയായ കരാറിൽ ഏർപ്പെടാനുള്ള നീക്കത്തിൽനിന്ന് പിന്തിരിയാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ?

<u>ഉത്തരം</u>

(എ) സ്വതന്ത്ര വ്യാപാര കരാറുകളുടെ ഫലമായി കേരളത്തിലെ നാണ്യവിളകൾ വിലത്തകർച്ച നേരിടുന്നുവെന്നും അതിനെ നേരിടുന്നതിനുവേണ്ടി ഇറക്കുമതിച്ചുങ്കം വർദ്ധിപ്പിക്കുക, ഇറക്കുമതി നിർത്തലാക്കുക എന്നിങ്ങനെയുള്ള സംരക്ഷണ മാർഗ്ഗങ്ങൾ സ്വീകരിക്കണമെന്നും കേന്ദ്ര സർക്കാരിനൊട് ആവശ്യപ്പെട്ടിട്ടുണ്ട്. ആർ.സി.ഇ.പി. ഉൾപ്പെടെയുള്ള കരാറുകളുടെ ചർച്ചാവേളയിൽ കേരളത്തിലെ കാർഷിക ഉൽപ്പന്നങ്ങളുടെ പ്രാധാന്യം കണക്കിലെടുത്ത് മാത്രമെ തീരുമാനങ്ങൾ കൈകൊള്ളുകയുള്ളൂവെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്.

(ബി) സ്വാഭാവിക റബ്ബറിന് കരാർ പ്രകാരം ചുമത്താവുന്ന ഏറ്റവും കൂടിയ ഇറക്കുമതിച്ചുങ്കമായ 25% ചുമത്തിയിട്ടുണ്ട് (25% or Rs.30 ഏതാണോ കുറവ്). സംസ്ഥാന സർക്കാരിന്റെ സമ്മർദ്ദത്തെത്തുടർന്ന് വെളിച്ചെണ്ണയുടെ വിലയെ ബാധിക്കുന്ന പാം ഓയിൽ കേരളത്തിലെ തുറമുഖങ്ങളിൽക്കൂടി ഇറക്കുമതി ചെയ്യുന്നത് നിർത്തലാക്കിക്കൊണ്ട് ഉത്തരവായിട്ടുണ്ട്.

(സി) ആർ.സി.ഇ.പി. കരാർ കേരളത്തിന്റെ കാർഷിക മേഖലയ്ക്ക് വലിയ ഭീഷണിയാണെന്നും കാർഷിക ഉൽപ്പന്നങ്ങൾക്ക് കരാറിൽ പൂർണ്ണ സംരക്ഷണം ഉറപ്പാക്കണമെന്നും സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## ജൈവകൃഷി വ്യാപിപ്പിക്കാൻ പദ്ധതി

81 (1420) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ കീടനാശിനി പ്രയോഗിക്കപ്പെട്ട കാസർഗോഡ് ജില്ലയിൽ ഏതൊക്കെ കീടനാശിനികളാണ് നിരോധിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇവ ജില്ലയിൽ ലഭ്യമാകുന്ന വിവരം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എൻഡോസൾഫാൻ പ്രയോഗംമൂലം ദുരിതത്തിലായ പഞ്ചായത്തുകളിൽ ജൈവകൃഷി വ്യാപിപ്പിക്കാൻ നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വിഷാംശം കൂടിയ ചുവപ്പും മഞ്ഞയും ലേബലുകളിൽ വിൽക്കപ്പെടുന്ന രാസകീടനാശിനികളുടെ ഉൽപ്പാദനവും വിതരണവും ഉപയോഗവും കാസർഗോഡ്

ജില്ലയിൽ പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്. ഇവ കാസർഗോഡ് ജില്ലയിൽ ലഭ്യമാകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 2011-12 മുതൽ കാസർഗോഡ് ജില്ലയിലെ 6 ബ്ലോക്ക് പരിധിയിലും കൃഷിഭവൻവഴി ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പദ്ധതികൾ നടപ്പിലാക്കിവരുന്നു. 2012-13-ൽ കാസർഗോഡ് ജില്ലയെ ജൈവജില്ലയായി പ്രഖ്യാപിച്ചിട്ടുണ്ട്.

പഞ്ചായത്ത് തലത്തിൽ കർഷകബോധവൽക്കരണം, ജൈവകൃഷി പരിശീലനം, പ്രദർശനത്തോട്ടം തയ്യാറാക്കൽ, റൂറൽ/വെർമി കമ്പോസ്റ്റ് നിർമ്മാണത്തിനുള്ള ധനസഹായം, പുതിയ ഓർഗാനിക് ക്ലസ്റ്ററിനുള്ള ധനസഹായം, പഴയ ഓർഗാനിക് ക്ലസ്റ്റർ ശക്തിപ്പെടുത്തുന്നതിനുള്ള ധനസഹായം എന്നീ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

പുതിയ ജൈവകർഷക യൂണിറ്റ് ആരംഭിക്കുന്നതിനും പഴയ യൂണിറ്റ് ശക്തിപ്പെടുത്തുന്നതിനും സാമ്പത്തിക സഹായം നൽകിവരുന്നു. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി മികച്ച രീതിയിൽ ജൈവകൃഷി നടപ്പിലാക്കിയ ഗ്രാമപഞ്ചായത്തുകൾക്ക് അവാർഡും ഏർപ്പെടുത്തിയിട്ടുണ്ട്.

## നെല്ലിയാമ്പതി ഓറഞ്ച് & വെജിറ്റബിൾ ഫാം

82 (1421) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതി ഓറഞ്ച് & വെജിറ്റബിൾ ഫാമിന്റെ നവീകരണത്തിന് എന്തെല്ലാം പദ്ധതികളാണ് ആരംഭിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) നിലവിൽ നടത്തിയിട്ടുള്ള പ്രവൃത്തികൾ സംബന്ധിച്ച വിശദാംശം നൽകുമോ?

### ഉത്തരം

(എ) നെല്ലിയാമ്പതി ഓറഞ്ച് & വെജിറ്റബിൾ ഫാമിന്റെ നവീകരണത്തിന് താഴെപ്പറയുന്ന പദ്ധതികൾ കേരള കൃഷി വകുപ്പ് ആരംഭിച്ചിട്ടുണ്ട്:

| പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) |
|---|---|
| ട്രെയിനീസ് ഹോസ്റ്റൽ നിർമ്മാണം | 103 |
| ചെക്ക് ഡാമിന്റെ പുനരുദ്ധാരണം | 29 |

നെല്ലിയാമ്പതി ഓറഞ്ച് & വെജിറ്റബിൾ ഫാമിന്റെ നവീകരണത്തിന് താഴെപ്പറയുന്ന പദ്ധതികൾക്ക് കേരള കൃഷി വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. ഇതിനു പുറമെ നെല്ലിയാമ്പതി ഫാമിനെ നവീകരിക്കുന്നതിനും മാതൃകാ ഫാമാക്കി മാറ്റുന്നതിനുമുള്ള വിശദ റിപ്പോർട്ട് തയ്യാറാക്കാൻ WAPCOS-നെ ഏൽപ്പിച്ചിരിക്കുകയാണ്. റിപ്പോർട്ട് ലഭിച്ചാൽ ഉടനെ പ്രവർത്തനങ്ങൾ ആരംഭിക്കും.

| സംസ്ഥാന ഹോർട്ടി കൾച്ചർ മിഷൻ പദ്ധതി | അടങ്കൽതുക (ലക്ഷത്തിൽ) |
|---|---|
| 1. ഹൈടെക് നഴ്സറി- സെക്കൻഡറി ഹാർഡ്ഡണിംഗ് യൂണിറ്റും മാതൃസസ്യ ശേഖരവും | 10 |
| 2. ഭക്ഷ്യസംസ്കരണ യൂണിറ്റിന്റെ പരിപൂർണ്ണ യന്ത്രവൽക്കരണം | 48 |
| 3. ഹൈ ഡെൻസിറ്റി ഓറഞ്ച് കൃഷി 20 ഹെക്ടറിൽ | 13 |

(ബി) നിലവിൽ നടത്തിയിട്ടുള്ള പ്രവൃത്തികൾ അനുബന്ധമായി* ഉൾപ്പെടുത്തിയിട്ടുണ്ട്.

## ഫലവൃക്ഷങ്ങൾ നട്ടുവളർത്തുന്ന പദ്ധതി

83 (1422) <u>ശ്രീ. എം. സ്വരാജ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിഷരഹിത പച്ചക്കറി ഉൽപ്പാദിപ്പിക്കുന്നതിനായി നടപ്പിലാക്കുന്ന പ്രോത്സാഹനപദ്ധതികളുടെ മാതൃകയിൽ ഫലവൃക്ഷങ്ങൾ നട്ടുവളർത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഒരു വീട്ടിൽ ഒരു ഫലവൃക്ഷമെങ്കിലും നട്ടുവളർത്തുന്നതിന് സഹായകരമാകുന്ന തരത്തിൽ പദ്ധതി ആവിഷ്കരിക്കുമോ;

(സി) ഇതിലേക്കായി കുറഞ്ഞ കാലയളവിൽ ഫലങ്ങൾ തരുന്ന നല്ലയിനം ഒട്ടുതൈകൾ കൃഷിവകുപ്പു മുഖേന പൊതുജനങ്ങൾക്ക് ലഭ്യമാക്കുമോ;

(ഡി) എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) സംസ്ഥാന ഹോൾട്ടിക്കൾച്ചർ മിഷൻ മുഖാന്തിരം 2017-18 സാമ്പത്തിക വർഷത്തിൽ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ പദ്ധതിയിലുൾപ്പെടുത്തി കേരള കാർഷിക സർവ്വകലാശാലയുടെ പാക്കേജ് ഓഫ് പ്രാക്ടീസിനെ അടിസ്ഥാനപ്പെടുത്തി ഫലവൃക്ഷ വിളകളായ പപ്പായയുടെ വിളവിസ്തൃതി വ്യാപനം, മാവ്, പേര, ലിച്ചി, മാതളം, ആപ്പിൾ, നാരകം എന്നിവയുടെ അതിസാന്ദ്രതാ കൃഷി, അൾട്രാ അതി സാന്ദ്രതാകൃഷി, പ്ലാവിന്റെ സൂക്ഷ്മ ജലസേചന സംവിധാനത്തോടുകൂടിയുള്ള പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുക തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി&സി) കൃഷി വകുപ്പിന്റെ കീഴിലുള്ള കൃഷിത്തോട്ടങ്ങളിലും കേരള കാർഷിക സർവ്വകലാശാലയുടെ കൃഷിത്തോട്ടങ്ങളിലും ഫലവൃക്ഷ തൈകളുടെ ഗുണമേന്മയേറിയ നടീൽ വസ്തുക്കൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നുണ്ട്. ഇവ കൃഷിഭവനുകളിലൂടെയും മറ്റ് വിൽപ്പന ശാലകളിലൂടെയും സബ്സിഡി നിരക്കിൽ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി വിതരണം ചെയ്യുന്നുണ്ട്. കൂടാതെ ഹരിത കേരളം പദ്ധതിയുടെ ഭാഗമായി ഫലവൃക്ഷ തൈകൾ സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. ഈ പദ്ധതി വിപുലമായി നടപ്പിലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. ഇതിനായി കുടുംബശ്രീവഴിയും തൊഴിലുറപ്പുപദ്ധതിവഴിയും ഗുണമേന്മയുള്ള നല്ലയിനം ഫലവൃക്ഷ തൈകൾ ഉൽപ്പാദിപ്പിക്കുവാനും വിതരണം ചെയ്യുവാനുമുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

### പച്ചക്കറികളുടെ വില വർദ്ധനവ്

84 (1423) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പച്ചക്കറികളുടെ വില വർദ്ധനവ് നിയന്ത്രിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

പച്ചക്കറികളുടെ വിലവർദ്ധന നിയന്ത്രിക്കുന്നതിനായി ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. എന്നിവയുടെ സഹകരണത്തോടെ കൃഷിവകുപ്പ് ഓണസമൃദ്ധി 2017 എന്ന പദ്ധതി ഈ ഓണക്കാലത്ത് നടപ്പാക്കുന്നുണ്ട്.

ഈ പദ്ധതിയിലൂടെ സംസ്ഥാനത്തെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറിക്ക് വിപണി വിലയെക്കാൾ 10% അധികം വില കർഷകർക്ക് നൽകി

സംഭരിക്കുകയും ഉപഭോക്താക്കൾക്ക് വിപണി വിലയെക്കാൾ 30% വരെ കുറഞ്ഞ വിലയ്ക്ക് പഴം, പച്ചക്കറികൾ ലഭ്യമാക്കുന്ന 1500-ഓളം സ്റ്റാളുകൾ 2017 ഓഗസ്റ്റ് 30 മുതൽ സെപ്റ്റംബർ 3 വരെ സംസ്ഥാനത്തുടനീളം നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. ഇതോടൊപ്പം സഹകരണ സംഘങ്ങൾ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കൺസ്യൂമർഫെഡ്, കുടുംബശ്രീ എന്നിവയുടെ ഓണമാർക്കറ്റുകൾവഴിയും കുറഞ്ഞ നിരക്കിൽ ഗുണനിലവാരമുള്ള പച്ചക്കറികൾ വിപണനം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ ഓണത്തിന് എല്ലാ വീടുകളിലും ഒരു പച്ചക്കറിത്തോട്ടം എന്ന ലക്ഷ്യത്തോടെ 63 ലക്ഷം കുടുംബങ്ങൾക്ക് പച്ചക്കറി കൃഷിക്കാവശ്യമായ വിത്ത്, ഗ്രോബാഗ്, വളം തുടങ്ങിയവ വിതരണം ചെയ്ത് 63 ലക്ഷം കുടുംബങ്ങളിലൂടെ 'ഓണത്തിനൊരു മുറം പച്ചക്കറി' എന്ന വിപുലമായ ഒരു പദ്ധതിയും ഇതിന്റെ ഭാഗമായി ആരംഭിച്ചിട്ടുണ്ട്.

### ഫംഗസ് ബാധിച്ച് കൃഷി നാശം

85 (1424) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയിലും കുലശേഖരപുരം ഗ്രാമപഞ്ചായത്തിലും ഫലവൃക്ഷങ്ങളുടെ ഇലകൾക്ക് ഫംഗസ് ബാധിച്ച് കൃഷി നശിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദീകരിക്കുമോ ;

(ബി) ഇതുമൂലം കർഷകർക്കുണ്ടായിട്ടുള്ള ആശങ്കകൾ അകറ്റുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത വിഷയത്തിൽ സംയോജിത കീടനിയന്ത്രണം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദീകരിക്കാമോ ?

#### ഉത്തരം

(എ) കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയിലും കുലശേഖരപുരം ഗ്രാമപഞ്ചായത്തിലും ഫംഗസ് ബാധമൂലമല്ല മറിച്ച് വെള്ളീച്ചയുടെ ശല്യംമൂലമാണ് കൃഷി നശിക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച പത്രവാർത്തകൾ ജില്ലാ ഓഫീസ് തലത്തിൽ നൽകുകയും പ്രസിദ്ധീകരിക്കുകയും ചെയ്തു. ഇരുന്നൂറിലധികം വിളകളെ വെള്ളീച്ചകൾ ബാധിക്കുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും തെങ്ങുകളിലാണ് ഇവയുടെ ആക്രമണം കൂടുതലായി കാണുന്നത്. വാഴ, പപ്പായ, കറിവേപ്പ്, പച്ചക്കറികൾ, കിഴങ്ങുവർഗ്ഗ വിളകൾ എന്നിവയെയും ഇവ ആക്രമിക്കുന്നു. വെള്ളീച്ചകൾ ഓലയുടെ അടിവശത്ത് വളഞ്ഞോ അർദ്ധവൃത്താകൃതിയിലോ വരികളായോ വെളുത്ത പഞ്ഞി പോലെയോ ആണ് കാണപ്പെടുന്നത്.

(ബി) കേരള കാർഷിക സർവ്വകലാശാലയുമായി ബന്ധപ്പെട്ട സാങ്കേതിക ടീം കൃഷിയിടങ്ങൾ പരിശോധിച്ച് പ്രതിവിധി നിർണ്ണയിക്കുകയും നിയന്ത്രണത്തിനായി ജൈവ കീടനാശിനി തളിക്കുകയും ചെയ്തു. അതിനാൽ ഇവിടങ്ങളിൽ ഇപ്പോൾ വെള്ളീച്ചയുടെ ആക്രമണം നിയന്ത്രണവിധേയമായിട്ടുണ്ട്. വെള്ളീച്ച ശല്യം സംബന്ധിച്ച് പഞ്ചായത്ത് തലത്തിൽ കർഷകർക്ക് അവബോധ ക്ലാസ്സുകളും നൽകിയിട്ടുണ്ട്.

(സി) വെള്ളീച്ചകളെ നിയന്ത്രിക്കുന്നതിന് രാസകീടനാശിനികൾ ആവശ്യമില്ല. ചിലന്തികൾ, ലേഡിബേഡ് വിഭാഗത്തിൽപ്പെട്ട ചെറുവണ്ടുകൾ, മിത്രകീടങ്ങൾ എന്നിവ വെള്ളീച്ചകളെ തിന്ന് നശിപ്പിക്കുന്നതാണ്. ചാരപൂപ്പലിന്റെ കറുത്തപാടുകൾ നീക്കം ചെയ്യാൻ ഒരു ശതമാനം വീര്യമുള്ള കഞ്ഞിപ്പശ തളിക്കുന്നത് ഫലപ്രദമാണ്. ജൈവനിയന്ത്രണ മാർഗ്ഗമെന്ന നിലയിൽ ഇക്കോ ഷോപ്പുകളിലും മറ്റും ലഭിക്കുന്ന ലെക്കാനി 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലർത്തി ഇലകളുടെ അടിയിൽ വീഴത്തക്കവണ്ണം തളിച്ചുകൊടുക്കാവുന്നതാണ്.

**കൃഷിഭവൻ**

86 (1425) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിൽ വിളവൂർക്കൽ പഞ്ചായത്തിൽ കൃഷിഭവൻ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഇതിനായുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) വിളവൂർക്കൽ പഞ്ചായത്തിൽ കൃഷിഭവൻ നിലവിലുണ്ട്.

**പ്രധാനമന്ത്രി ഫസൽ ബീമാ യോജന**

87 (1426) <u>ശ്രീ. അനൂപ് ജേക്കബ്:</u>
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u>
<u>ശ്രീ. സണ്ണി ജോസഫ്:</u>
<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രിയുടെ ഫസൽ ബീമാ യോജന പ്രകാരം വിളകൾക്ക് നടപ്പിലാക്കിയിട്ടുള്ള ഇൻഷ്വറൻസ് പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ; ഏതൊക്കെ സാഹചര്യങ്ങളിലാണ് കർഷകർ ഇൻഷ്വറൻസ് ആനുകൂല്യത്തിന് അർഹരാവുന്നത്;

(ബി) വിളകൾക്ക് വായ്പ എടുത്തിട്ടുള്ള കർഷകർ നിർബന്ധമായും ഈ പദ്ധതിയിൽ അംഗമാകേണ്ടതുണ്ടോ;

(സി) സംസ്ഥാന സർക്കാരിന്റെ വിള ഇൻഷ്വറൻസ് പദ്ധതിയുടെ ആനുകൂല്യം ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് പുറമേ ലഭിക്കുമോ;

(ഡി) സർക്കാർ നടപ്പിലാക്കിയ വിള ഇൻഷ്വറൻസ് പദ്ധതി കർഷകരെ വിളനാശംമൂലമുള്ള ദുരിതത്തിൽനിന്നും കരകയറ്റുന്നതിന് എത്രമാത്രം സഹായകമായിട്ടുണ്ടെന്ന് അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. 30-6-2017-ലെ ജി.ഒ.(ആർ.റ്റി.)നമ്പർ 653/2017/എഡി നമ്പർ ഉത്തരവുപ്രകാരം 2017-18 ഖാരിഫ് സീസണിൽ സംസ്ഥാനത്ത് അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കമ്പനി മുഖേന ഈ പദ്ധതി നടപ്പിലാക്കാൻ സർക്കാർ വിജ്ഞാപനമായി.

വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, കൊടുങ്കാറ്റ്, പേമാരി, ചുഴലിക്കാറ്റ്, അത്യുഷ്ണം, ഇടിമിന്നൽ, സ്വാഭാവികമായി ഉണ്ടാകുന്ന തീപിടിത്തം മുതലായ പ്രകൃതിക്ഷോഭങ്ങൾമൂലമോ രോഗകീടങ്ങളുടെ ആക്രമണംമൂലമോ പ്രഖ്യാപിത വിളകൾക്കുണ്ടാകുന്ന ഉൽപ്പാദന നഷ്ടത്തിൽനിന്നും കർഷകർക്ക് ഇൻഷ്വറൻസ് സംരക്ഷണവും സാമ്പത്തിക സഹായവും ഈ പദ്ധതി മുഖേന നൽകുന്നു.

(ബി) പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വിളകൾ കൃഷി ചെയ്യുന്നതിനുവേണ്ടി ബാങ്കുകൾ, സഹകരണ സംഘങ്ങൾ എന്നിവ മുഖേന കാർഷിക വായ്പ എടുക്കുന്ന കർഷകർ നിർബന്ധമായും മറ്റുള്ള കർഷകർ സ്വന്തം താൽപ്പര്യപ്രകാരവും പദ്ധതിയിൽ അംഗങ്ങളാകുന്നതാണ്.

(സി) സംസ്ഥാന സർക്കാരിന്റെ വിള ഇൻഷ്വറൻസ് പദ്ധതിയിലും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കി വരുന്ന പ്രധാനമന്ത്രി ഫസൽ ബീമ യോജന എന്ന വിള ഇൻഷ്വറൻസ് പദ്ധതിയിലും വെവ്വേറെ അംഗത്വം നേടിയിട്ടുള്ള കർഷകർക്ക് രണ്ട് പദ്ധതിയുടെയും ആനുകൂല്യം ലഭിക്കുന്നതാണ്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 31-6-2017 വരെ 3311 കർഷകർക്കായി 1,98,20,347 രൂപ വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്.

## കൃഷി ആഫീസർ തസ്തിക

88 (1427) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കൃഷി ആഫീസർമാരുടെ തസ്തികകളാണ് നിലവിൽ ഒഴിഞ്ഞുകിടക്കുന്നത്;

(ബി) അവ നികത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ 224 കൃഷി ഓഫീസർമാരുടെ തസ്തിക ഒഴിഞ്ഞു കിടക്കുന്നു. ഇതിൽ 196 എണ്ണം പി.എസ്.സി. വഴിയും 28 എണ്ണം പ്രൊമോഷൻ വഴിയും നികത്തപ്പെടേണ്ടതാണ്.

(ബി) കൃഷി ഓഫീസർ തസ്തികയിൽ നിയമനത്തിനുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി 2013-ൽ അവസാനിച്ചിരുന്നു. നിലവിൽ കൃഷി ആഫീസർ തസ്തികയിലെ എല്ലാ ഒഴിവുകളും പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സർക്കാരിന്റെ നിരന്തരമായ ഇടപെടലിനെ തുടർന്ന് പബ്ലിക് സർവ്വീസ് കമ്മീഷൻ റാങ്ക് ലിസ്റ്റ് 24-7-2017-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നും നിയമന ശിപാർശ ലഭിച്ചാലുടൻതന്നെ നിയമനം നടത്തുന്നതാണ്. ഇതിനാവശ്യമായ നടപടികൾ ത്വരിതഗതിയിൽ നടന്നുവരികയാണ്.

## കൃഷി ചെയ്യുന്നതിന് സബ്സിഡി

89 (1428) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തരിശായി കിടക്കുന്ന സ്ഥലങ്ങളിൽ കൃഷി ചെയ്യുന്നതിന് സബ്സിഡി നൽകുന്ന പദ്ധതി നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) തരിശായിക്കിടക്കുന്ന ഏതൊക്കെ സ്ഥലങ്ങളിലാണ് ഈ സർക്കാർ വന്നതിനുശേഷം കൃഷി ചെയ്തതെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് ആകെ എത്ര ഹെക്ടർ തരിശു നിലത്താണ് കഴിഞ്ഞ വർഷം കൃഷി ചെയ്തതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. നെൽകൃഷിയിലേക്ക് മുഴുവൻ തരിശുനിലങ്ങളെയും മടക്കിക്കൊണ്ട് വരുന്നതിനുവേണ്ടി തരിശുനില കൃഷിക്ക് കർഷകനും ഭൂവുടമകൾക്കും സഹായധനമായി ഹെക്ടറൊന്നിനു ഒന്നാം വർഷത്തെ കൃഷിക്ക് 30,000 രൂപയും രണ്ടാം വർഷം 7,000 രൂപയും നൽകുന്നു. ഒന്നാം വർഷം കർഷകന് 25,000 രൂപയും ഭൂവുടമയ്ക്ക് 5,000 രൂപയും നൽകും. രണ്ടാം വർഷം കർഷകന് 5,800 രൂപയും ഭൂവുടമയ്ക്ക് 1,200 രൂപയും നൽകിവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-17 വർഷം പുതിയതായി 2956 ഹെക്ടർ സ്ഥലത്ത് തരിശുനില കൃഷി ഇറക്കിയിട്ടുണ്ട്. 2752 ഹെക്ടർ സ്ഥലത്ത് കരനെൽ കൃഷിയും 94 ഹെക്ടർ ഒരുപ്പൂ നിലത്ത് ഇരുപ്പൂനില കൃഷിയും ചെയ്തിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 8157 ഹെക്ടർ സ്ഥലത്ത് അധികമായി നെൽകൃഷി വ്യാപിപ്പിക്കുവാനാണ് ലക്ഷ്യമിടുന്നത്.

(സി) കഴിഞ്ഞ സാമ്പത്തിക വർഷം 2752 ഹെക്ടർ തരിശുനിലത്ത് പുതിയതായി നെൽ കൃഷി ചെയ്തിരുന്നു.

**നെൽവയലുകൾക്ക് റോയൽറ്റി**

90 (1429) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയലുകൾക്ക് റോയൽറ്റി നൽകുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ;

(ബി) പദ്ധതി തയ്യാറാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഈ വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

**പച്ചക്കറിക്ഷാമവും വിലക്കയറ്റവും**

91 (1430) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചക്കറിക്ഷാമവും വിലക്കയറ്റവും തടയുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) ഓണക്കാലത്തെ പ്രസ്തുത പ്രശ്നം നേരിടുന്നതിന് ആവിഷ്കരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഓണക്കാലത്തോടനുബന്ധിച്ച് സംസ്ഥാനത്ത് പച്ചക്കറി വിലവർദ്ധന നിയന്ത്രിക്കുന്നതിനായി ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. എന്നിവയുടെ സഹകരണത്തോടെ കൃഷിവകുപ്പ് ഓണസമൃദ്ധി 2017 എന്ന പദ്ധതി നടപ്പാക്കുന്നുണ്ട്.

ഈ പദ്ധതിയിലൂടെ സംസ്ഥാനത്തെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന കാർഷികോൽപ്പന്നങ്ങൾ വിപണി വിലയേക്കാൾ 10% അധികം വില നൽകി സംഭരിക്കുകയും ഉപഭോക്താക്കൾക്ക് വിപണി വിലയേക്കാൾ 30% വരെ കുറഞ്ഞ വിലയ്ക്ക് പഴം, പച്ചക്കറികൾ ലഭ്യമാക്കുകയും ചെയ്യുന്ന 1500-ഓളം സ്റ്റാളുകൾ 2017 ആഗസ്റ്റ് 30 മുതൽ സെപ്റ്റംബർ 3 വരെ സംസ്ഥാനത്തുടനീളം നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. ഇതോടൊപ്പം സഹകരണ സംഘങ്ങൾ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കൺസ്യൂമർഫെഡ്, കുടുംബശ്രീ എന്നിവയുടെ ഓണമാർക്കറ്റുകൾവഴിയും കുറഞ്ഞ നിരക്കിൽ ഗുണനിലവാരമുള്ള പച്ചക്കറികൾ വിപണനം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 63 ലക്ഷം കുടുംബങ്ങളിലൂടെ 'ഓണത്തിനൊരു മുറം പച്ചക്കറി' എന്ന വിപുലമായ ഒരു പദ്ധതിയും ഇതിന്റെ ഭാഗമായി ആരംഭിച്ചിട്ടുണ്ട്.

**കീടനാശിനികളുടെ നിയന്ത്രണം**

92 (1431) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാർഹികാവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന കീടനാശിനികളുടെ വിൽപനയിലും വിതരണത്തിലും എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ബി) ഇത്തരത്തിൽ നിയന്ത്രണമേർപ്പെടുത്തിയതിന്റെ ഉദ്ദേശ്യമെന്താണ്; ഇത് മൂലം ഇവയുടെ വിലയിൽ ഏതെങ്കിലും തരത്തിലുള്ള വർദ്ധനവുണ്ടായിട്ടുണ്ടോയെന്നും ലഭ്യതക്കുറവ് ഉണ്ടായിട്ടുണ്ടോയെന്നും പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം മാറ്റങ്ങളാണ് ഇതിന്റെ ഫലമായി വിപണിയിൽ ഉണ്ടായിട്ടുള്ളതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഗാർഹിക ആവശ്യത്തിന് ഉപയോഗിക്കുന്ന കീടനാശിനികളുടെ വിൽപ്പനയിലും വിതരണത്തിലും അനുശാസിക്കുന്ന നിയന്ത്രണങ്ങൾ പ്രകാരം എല്ലാ ഗാർഹിക കീടനാശിനി വിതരണക്കാരും കൃഷി വകുപ്പിൽനിന്നും കീടനാശിനി വിൽപ്പന/വിതരണത്തിനുള്ള ലൈസൻസ് നേടിയിരിക്കേണ്ടതും

പകർപ്പ് റീട്ടെയിൽ ഷോപ്പുകളിൽ പ്രദർശിപ്പിക്കേണ്ടതുമാണ്. കൃഷി വകുപ്പ് ലൈസൻസ് നൽകിയിട്ടുള്ള വിതരണക്കാരിൽ നിന്നുള്ള അംഗീകൃത ഗാർഹിക കീടനാശിനി ഉൽപ്പന്നങ്ങൾ മാത്രമേ റീട്ടെയിൽ ഷോപ്പുകളിൽ സൂക്ഷിക്കുവാനും വിൽപ്പന നടത്തുവാനും പാടുള്ളൂ. റീട്ടെയിൽ ഷോപ്പുകൾ വിതരണക്കാർ നൽകിയിട്ടുള്ള കീടനാശിനികളുടെ ലിസ്റ്റ് അടങ്ങിയ ലൈസൻസിന്റെ പകർപ്പ് അതാത് കൃഷിഭവനുകളിലെ ഇൻസെക്ടിസൈഡ് ഇൻസ്പെക്ടർമാർക്ക് സമർപ്പിക്കേണ്ടതാണ്. ഷോപ്പുകളിൽ ഗാർഹിക കീടനാശിനികൾ വിൽക്കുമ്പോൾ അവ മറ്റ് നിത്യോപയോഗ വസ്തുക്കളുമായി ഇടകലർത്താതെ പ്രത്യേക റാക്കുകളിൽ മാത്രം സൂക്ഷിക്കുകയും പ്രദർശിപ്പിക്കുകയും ചെയ്യേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(ബി) കീടനാശിനികളുടെ വിൽപനയിലും വിതരണത്തിലും കർശന നിയന്ത്രണങ്ങൾ നിലവിലുണ്ട്. ഗാർഹിക കീടനാശിനികളും കാർഷികാവശ്യത്തിനുള്ള കീടനാശിനികളെപ്പോലെ കേന്ദ്ര കീടനാശിനി നിയമത്തിന്റെ പരിധിയിൽ വരുന്നതിനാൽ കീടനാശിനികളുടെ ഉൽപ്പാദനം, വിതരണം, വിൽപ്പന എന്നിവയ്ക്കുള്ള പൊതു നിയന്ത്രണങ്ങൾ ഇവയ്ക്കും ബാധകമാണ്. എന്നാൽ സുരക്ഷിത പാക്കറ്റുകളിൽ വിതരണം ചെയ്യപ്പെടുന്ന ഗാർഹിക കീടനാശിനികൾക്ക് മറ്റ് ഉപഭോഗവസ്തുക്കൾക്കൊപ്പം സ്റ്റോക്ക് ചെയ്യുന്നതിലും വിൽപന നടത്തുന്നതിലും ഇളവ് അനുവദിച്ചിട്ടുണ്ട്. ഈ പഴുത് ഉപയോഗിച്ച് എല്ലാത്തരം ഷോപ്പുകളിലും ഗാർഹിക കീടനാശിനകൾ നിർബാധം ലഭിക്കുന്ന അവസ്ഥയുണ്ടായി. ഇവയുടെ മേൽ കാര്യമായ നിയന്ത്രണം സാദ്ധ്യമായില്ല. എന്നാൽ ഗാർഹിക കീടനാശിനികളിൽ പലതും നല്ല വിഷാംശം ഉള്ളതും ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ടതുമാണ്. മാത്രമല്ല, അംഗീകൃത കീടനാശിനി ഡിപ്പോയിലൂടെയുള്ള കീടനാശിനി വിൽപ്പനയ്ക്ക് കർശനിയന്ത്രണ മേർപ്പെടുത്തിയപ്പോൾ ലൈസൻസില്ലാത്ത ഷോപ്പുകളിലൂടെയും മറ്റും കീടനാശിനകൾ ഒരു നിയന്ത്രണവുമില്ലാതെ വിറ്റഴിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നു. ഈ വസ്തുതകൾ കണക്കിലെടുത്താണ് ഗാർഹിക ആവശ്യത്തിനുള്ള കീടനാശിനി വിതരണത്തിലും വിൽപ്പനയിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. ഈ നിയന്ത്രണങ്ങൾമൂലം ഗാർഹിക കീടനാശിനികളുടെ വിലയിൽ എന്തെങ്കിലും വർദ്ധനവ് ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. റീട്ടെയിൽ ഷോപ്പുകൾക്ക് ആദ്യഘട്ടത്തിൽ ലൈസൻസ് നിർബന്ധമാക്കിയിട്ടില്ലാത്തതിനാൽ ഷോപ്പുകളിലെ ഉൽപ്പന്ന ലഭ്യതയിലും കുറവ് ഉണ്ടായിട്ടില്ല. എന്നാൽ ലൈസൻസ് ഇല്ലാത്ത വിതരണക്കാർക്ക് ഗാർഹിക കീടനാശിനികൾ വിൽക്കുന്നതിന് തടസ്സം ഉണ്ടായിട്ടുണ്ട്.

സംസ്ഥാനത്ത് എല്ലാത്തരം കീടനാശിനികളുടെയും വിൽപ്പനയിലും വിതരണത്തിലും നിയന്ത്രണം കൊണ്ടുവരുന്നതിന്റെ ഭാഗമായാണ് ഈ നടപടി കൈക്കൊണ്ടിട്ടുള്ളത്.

## നെൽകൃഷിക്കാർക്ക് ആശ്വാസധനം

93 (1432) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ പായിപ്പാട് കൃഷിഭവൻ അതിർത്തിയിലുള്ള പൂവ്വം പാടശേഖരത്തിൽ ആരംഭിച്ച രണ്ടാം കൃഷി മടവീണ് നശിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ നെൽകർഷകർക്കുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് ആശ്വാസനടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അവ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) സ്വീകരിച്ചിട്ടുണ്ട്. പൂവ്വം പാടശേഖരത്തിൽ മടവീഴ്ചമൂലം വെള്ളത്തിനടിയിലായ 275 കർഷകരുടെ നെൽകൃഷി സംരക്ഷിക്കുന്നതിനായി ഡ്രഡ്ജർ ഉപയോഗിച്ച് വെള്ളം പമ്പു ചെയ്യുന്നതിനും അതിന്റെ ചെലവിലേക്ക് എസ്റ്റിമേറ്റ് തുകയായ 1,16,786 രൂപ ജില്ലാ കളക്ടർ മുഖേന പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽനിന്നും അടിയന്തരമായി അനുവദിച്ചുനൽകിയിരുന്നു. മടവീഴ്ചമൂലം 275 കർഷകർക്കുണ്ടായ നഷ്ടം പരിഹരിച്ച് ധനസഹായത്തുക നൽകുന്നതിലേക്കായി കൃഷിഭവൻ മുഖേന അപേക്ഷകൾ സ്വീകരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

## ഓണക്കാലത്തേക്കുള്ള പച്ചക്കറി

94 (1433) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണക്കാലത്തേക്ക് ആവശ്യമായ പച്ചക്കറികളുടെ സംഭരണത്തിനും വിപണനത്തിനും വിതരണത്തിനുമായി എന്തെല്ലാം ഒരുക്കങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) എത്ര ചന്തകളാണ് ഈ ആവശ്യത്തിനായി ആരംഭിക്കുക എന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) പച്ചക്കറി സംബന്ധമായ സ്വയംപര്യാപ്തതയെന്ന പ്രഖ്യാപനം നടപ്പിലാക്കുന്നതിന് കൈക്കൊണ്ട നടപടികൾ എന്തെല്ലാം; എത്രത്തോളം പച്ചക്കറി ഈ പദ്ധതിയിലൂടെ ഉൽപാദിപ്പിക്കാനാകും ; ജില്ല തിരിച്ചുള്ള കണക്ക വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ കർഷകർ, കർഷക കൂട്ടായ്മകൾ, കാർഷിക മൊത്തവ്യാപാര വിപണികൾ, വി.എഫ്.പി.സി.കെ., സ്വാശ്രയ കർഷക വിപണികൾ എന്നിവിടങ്ങളിൽനിന്നും പൊതു വിപണി വിലയെക്കാൾ 10% കൂടുതൽ നൽകി പച്ചക്കറി സംഭരിച്ച് ഹോർട്ടികോർപ്പിന്റെ സ്വന്തം സ്റ്റാളുകൾ, ലൈസൻസി സ്റ്റാളുകൾ, സപ്ലൈകോ സ്റ്റാളുകൾ, സഞ്ചരിക്കുന്ന വിൽപ്പന യൂണിറ്റുകൾ എന്നിവയ്ക്കു പുറമെ മുന്നൂറോളം ഓണം ഫെയറുകളുംകൂടി 650 വിപണന കേന്ദ്രങ്ങളാണ് ഹോർട്ടികോർപ്പ് ഈ ഓണക്കാലത്ത് ആരംഭിക്കുന്നതിനായി ലക്ഷ്യമിടുന്നത്. സംസ്ഥാനത്ത് ലഭിക്കുന്നതും എന്നാൽ ആവശ്യാനുസരണം ലഭിക്കാത്തതും സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കാത്തതുമായ പച്ചക്കറികൾ അയൽ സംസ്ഥാനങ്ങളിലെ കർഷക കൂട്ടായ്മകളിൽ നിന്നും സംഭരിച്ച് സർക്കാർ നിർദ്ദേശ പ്രകാരം സബ്സിഡി (30% വരെ) നിരക്കിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ 277 സ്വാശ്രയ കർഷക സമിതികൾ സംസ്ഥാനമൊട്ടാകെ പ്രവർത്തിച്ചുവരുന്നു. ഈ സമിതികളിലെല്ലാം ഓണത്തിന് കർഷകരുടെ ഉൽപ്പന്നങ്ങൾ വിൽക്കുന്നതിനായി പ്രത്യേക വിപണികൾ നടത്തുന്നുണ്ട്. ഓണക്കാലത്ത് കൃഷി വകുപ്പ്, അനുബന്ധ സ്ഥാപനങ്ങളായ ഹോർട്ടികോർപ്പ്, വി. എഫ്. പി. സി. കെ. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ എന്നിവയുടെ സഹകരണത്തോടെ ഓണസമൃദ്ധി എന്ന പേരിൽ 30-08-2017 മുതൽ 03-09-2017 വരെയുള്ള ദിവസങ്ങളിൽ റീട്ടെയിൽ പച്ചക്കറി വിപണികൾ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. വി.എഫ്.പി.സി.കെ. മുഖേന മാത്രം 155 ചന്തകൾ ഓണക്കാലത്ത് ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഓണക്കാലത്ത് കൃഷി വകുപ്പിന്റെ നേരിട്ടുള്ള 1500 ചന്തകൾ ആരംഭിക്കുന്നതാണ്.

(ബി) ചന്തകളുടെ വിശദവിവരം അനുബന്ധമായി * ചേർക്കുന്നു.

(സി) പച്ചക്കറി സംബന്ധമായ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. <u>സമഗ്ര പച്ചക്കറി വികസന പദ്ധതി 2017-18</u>

- ഇടവിളകൃഷി പ്രോത്സാഹിപ്പിച്ച് പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ഹെക്ടറിന് 7,500 രൂപ നിരക്കിൽ സബ്സിഡി ലഭ്യമാക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

- പോഷകമൂല്യമേറിയ നാടൻ പച്ചക്കറികളുടെ പ്രചാരണത്തിനായി 100 ഹെക്ടറിൽ, ഹെക്ടറിന് 15,000 രൂപ ധനസഹായത്തോടെ അമര, നിത്യവഴുതന, പീച്ചിൽ എന്നിവയുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതാണ്.

- ഉൽപ്പാദനക്ഷമതയേറിയ ഹൈബ്രിഡ് പച്ചക്കറി ഇനങ്ങളുടെ കൃഷി 100 ഹെക്ടറിൽ ഹെക്ടറിന് 20,000 രൂപ എന്ന കണക്കിൽ ധനസഹായം ലഭ്യമാക്കുന്നതാണ്.

- പച്ചക്കറികളുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്ന കൃത്യതാ കൃഷി തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ 20 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കുന്നതിനായി ഹെക്ടറിന് 1 ലക്ഷം രൂപ എന്ന നിരക്കിൽ ലഭ്യമാക്കുന്നതാണ്.

- 90 ലക്ഷം പച്ചക്കറിതൈകൾ ഉൽപ്പാദിപ്പിച്ച് സംസ്ഥാനത്തുടനീളം വിതരണം ചെയ്യുന്നതാണ്. ഗുണമേന്മയുള്ള പച്ചക്കറി തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനായി വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ (VFPCK) ആലത്തൂരിലുള്ള സീഡ് പ്രോസസിംഗ് പ്ളാന്റ്, കൃഷി ബിസിനസ്സ് കേന്ദ്രങ്ങൾ (തിരുവനന്തപുരം, എറണാകുളം, കാസർഗോഡ്), സ്വാശ്രയ കർഷക സമിതികളുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന തൈ ഉൽപ്പാദന യൂണിറ്റുകൾ എന്നിവ സജ്ജമായിക്കഴിഞ്ഞു. ഇതിനായി 10.5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

- വിള ഇൻഷ്വറൻസ് പദ്ധതി, കർഷകർക്കായുള്ള ഇൻഷ്വറൻസ് പദ്ധതികൾ എന്നിവ 2017-18 സാമ്പത്തിക വർഷവും VFPCK നടപ്പിലാക്കുന്നുണ്ട്. 35 ലക്ഷം വാഴയ്ക്കും 1000 ഹെക്ടർ പച്ചക്കറിക്കും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതാണ്. വാഴ, പച്ചക്കറി ഇൻഷ്വറൻസ് പ്രീമിയം സബ്സിഡിക്കായി 90 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

- കൃഷിക്കാവശ്യമായ വായ്പ ലളിതവും സുതാര്യവുമായ വ്യവസ്ഥകളിൽ കർഷകർക്ക് കുറഞ്ഞ പലിശ നിരക്കിൽ ലഭ്യമാക്കുന്നതിനായി 9 ബാങ്കുകളുമായി VFPCK ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം 60 കോടി രൂപ കരഷകർക്ക് വായ്പയായി ബാങ്കുകൾ വഴി നൽകുന്നതാണ്. 120 ലക്ഷം രൂപ പലിശ സബ്സിഡി (2%) ഇനത്തിൽ കർഷകർക്ക് നൽകുന്നതാണ്.

- പുതിയ സാങ്കേതിക വിദ്യകൾ, പുത്തൻ കൃഷി രീതികൾ, പുതിയ ഇനങ്ങൾ എന്നിവ കർഷകരുടെ ഇടയിൽ പ്രചരിപ്പിക്കുന്നതിനായി പങ്കാളിത്ത ഗവേഷണ പദ്ധതികൾ, ഡമോൺസ്ട്രേഷനുകൾ, ഇ.എം. കമ്പോസ്റ്റിംഗ് എന്നിവയ്ക്കായി 23 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

2. <u>ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉൽപ്പാദനവും വിതരണവും</u>

ഗുണമേന്മയുള്ള 120 മെട്രിക് ടൺ പച്ചക്കറി വിത്തുകൾ ആലത്തൂർ വിത്ത് സംസ്കരണശാല വഴി VFPCK 2017-18 സാമ്പത്തിക വർഷം ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതാണ്. കൂടാതെ 90 ലക്ഷം പച്ചക്കറി തൈകൾ, 10 ലക്ഷം ടിഷ്യൂ കൾച്ചർ വാഴകൾ, 25 ലക്ഷം ഫലവൃക്ഷങ്ങളുടെ നടീൽ വസ്തുക്കൾ എന്നിവയും വിതരണത്തിനായി തയ്യാറായിവരുന്നു. ഇതിനായി 150 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

3. <u>വീട്ടുവളപ്പിലും ടെറസ്സിലും പച്ചക്കറികൃഷി</u>

നഗരപ്രദേശങ്ങളിൽ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നഗരവാസികളിൽ കൃഷിയോടുള്ള ആഭിമുഖ്യം വർദ്ധിപ്പിക്കുന്നതിനുമായി 'ഹരിതനഗരി' എന്ന പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്.

4. <u>കൃഷി ബിസിനസ്സ് കേന്ദ്ര</u>

ഗുണമേന്മയുള്ള പച്ചക്കറിത്തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനായി ഒരു നഴ്സറി 'കൃഷി ബിസിനസ്സ് കേന്ദ്ര' എന്ന പേരിൽ എറണാകുളത്ത് കാക്കനാടുള്ള കൗൺസിലിന്റെ ആസ്ഥാനത്തും തിരുവനന്തപുരത്തും കാസർഗോഡും പ്രവർത്തിച്ചുവരുന്നു. ഗുണമേന്മയുള്ള ഫലവൃക്ഷങ്ങളുടെയും പച്ചക്കറികളുടെയും തൈകളും വിത്തുകളും വിൽപ്പനയ്ക്കായി ഒരുക്കിയിട്ടുണ്ട്. ജൈവവളങ്ങൾ, ജൈവകീടനാശിനികൾ, കാർഷികോപകരണങ്ങൾ, ഗ്രോബാഗുകൾ, ചട്ടികൾ എന്നിവയും ഇവിടെ നിന്നും ലഭ്യമാണ്.

5. <u>ഹൈടെക് പച്ചക്കറിത്തൈ ഉൽപ്പാദനകേന്ദ്രം, നട്ടക്കര</u>

കേരളത്തിലെ കർഷകർക്ക് ഗുണമേന്മയുള്ള പച്ചക്കറിത്തൈകൾ ഉൽപ്പാദിപ്പിച്ച് ലഭ്യമാക്കുന്നതിനായി ആർ.കെ.വി.വൈ. പദ്ധതിയിൽ വകയിരുത്തി ആധുനിക സജ്ജീകരണങ്ങളുള്ള, പൂർണ്ണമായും യന്ത്രവൽകൃതമായ 2 കോടി ഹൈബ്രിഡ് പച്ചക്കറിത്തൈ ഉൽപ്പാദിപ്പിക്കുന്ന ഒരു യൂണിറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് 2017 ആഗസ്റ്റ് മാസത്തോടെ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികളെടുത്തിട്ടുണ്ട്.

1. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി -40 ലക്ഷം വിത്ത് പായ്ക്കറ്റുകൾ
2. മാധ്യമങ്ങൾ മുഖേന - 12 ലക്ഷം വിത്ത് പായ്ക്കറ്റുകൾ
3. NGO മുഖേന -5 ലക്ഷം വിത്ത് പായ്ക്കറ്റുകൾ

ഈ പദ്ധതികളിലൂടെ VFPCK കർഷകർ വഴി 171560 MT പച്ചക്കറി ഉൽപ്പാദനം പ്രതീക്ഷിക്കുന്നു. ജില്ല തിരിച്ചുള്ള കണക്കുകൾ താഴെ പറയുന്നു.

| നമ്പർ | ജില്ല | പച്ചക്കറി ഉൽപ്പാദനം(MT) |
|---|---|---|
| 1 | തിരുവനന്തപുരം | 12250 |
| 2 | കൊല്ലം | 10790 |
| 3 | പത്തനംതിട്ട | 15400 |
| 4 | ഇടുക്കി | 11920 |
| 5 | കോട്ടയം | 15000 |
| 6 | ആലപ്പുഴ | 8050 |
| 7 | എറണാകുളം | 14440 |
| 8 | തൃശ്ശൂർ | 14460 |
| 9 | പാലക്കാട് | 25100 |
| 10 | മലപ്പുറം | 13500 |
| 11 | കോഴിക്കോട് | 2950 |
| 12 | കണ്ണൂർ | 9000 |
| 13 | കാസർഗോഡ് | 6000 |
| 14 | വയനാട് | 12700 |
| | ആകെ | 171560 |

ഇതുകൂടാതെ ഓണത്തിന് വിഷരഹിതമായ പച്ചക്കറി ലഭ്യമാക്കുവാൻ ഉദ്ദേശിച്ച് സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന 'ഓണത്തിന് ഒരു മുറം പച്ചക്കറി' പദ്ധതിക്ക് ആവശ്യമായ 5 ഇനങ്ങളടങ്ങിയ 10 രൂപയുടെ 57 ലക്ഷം വിത്ത് പായ്ക്കറ്റുകൾ ആലത്തൂർ വിത്ത് സംസ്കരണശാലയിൽനിന്നും വി.എഫ്.പി.സി.കെ. ലഭ്യമാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം കുറഞ്ഞത് ഒരു ലക്ഷം ടൺ പച്ചക്കറികൾ ഉൽപ്പാദിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

## താൽക്കാലിക ജീവനക്കാർ

95 (1434) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോർട്ടികോർപ്പിൽ സംസ്ഥാനത്ത് മൊത്തം എത്ര താൽക്കാലിക ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്; ഇവരുടെ തസ്തിക തിരിച്ചുള്ള പട്ടിക നൽകുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര താൽക്കാലിക ജീവനക്കാരെ ഓരോ ജില്ലകളിലേയും ഹോർട്ടികോർപ്പിന്റെ വിവിധ ഓഫീസുകളിൽ നിന്നും പിരിച്ചുവിട്ടിട്ടുണ്ട്; വിശദവിവരം നൽകുമോ?

ഉത്തരം

(എ) 515 പേർ; ഇവരിൽ 491 പേർ ദിവസവേതന വ്യവസ്ഥയിലും 24 പേർ കരാറടിസ്ഥാനത്തിലും ജോലി ചെയ്യുന്നു. ദിവസവേതന വ്യവസ്ഥയിൽ എല്ലാപേരെയും വർക്കറായി ഒരേ വേതനത്തിലാണ് നിയമിച്ചിട്ടുള്ളത്. കരാർ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1. | അസിസ്റ്റന്റ് മാനേജർ | 7 |
| 2. | അക്കൗണ്ട്സ് ഓഫീസർ | 1 |
| 3. | അക്കൗണ്ട്സ് അസിസ്റ്റന്റ് | 13 |
| 4. | കമ്പ്യൂട്ടർ ഓപ്പറേറ്റർ | 3 |
| | ആകെ | 24 |

(ബി) തിരുവനന്തപുരം ജില്ലാ സംഭരണ കേന്ദ്രത്തിൽ ആവശ്യത്തിൽ കൂടുതലായിരുന്ന 39 താൽക്കാലിക ജീവനക്കാരെ ഭാവിയിൽ ആവശ്യമുള്ളപക്ഷം തിരിച്ചെടുക്കാമെന്ന വ്യവസ്ഥയിൽ പിരിച്ചുവിടുകയുണ്ടായി. കൊല്ലം, കോട്ടയം, ആലപ്പുഴ, കോഴിക്കോട് എന്നീ ജില്ലാ സംഭരണ കേന്ദ്രങ്ങളിൽനിന്നും മാനേജരുടെ ചുമതലയുണ്ടായിരുന്ന താൽക്കാലിക ജീവനക്കാരെ ക്രമക്കേടുകൾ കണ്ടെത്തിയതിന്റെ പേരിൽ മാറ്റിയിട്ടുണ്ട്.

## വരൾച്ചക്കെടുതികൾക്ക് സഹായം

96 (1435) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വരൾച്ചക്കെടുതികളെ തുടർന്ന് കൃഷിക്കാർക്കും കാർഷിക മേഖലയ്ക്കും സംസ്ഥാന സർക്കാർ അനുവദിച്ച സഹായങ്ങൾ എന്തെല്ലാം;

(ബി) രൂക്ഷമായ വരൾച്ചമൂലം ഭീമമായ കൃഷിനാശം സംഭവിച്ചിട്ടും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംസ്ഥാനത്തെ കൃഷിക്കാർക്ക് ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കിയില്ലെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) വരൾച്ചമൂലം കൃഷിനാശം സംഭവിച്ച കർഷകരിൽനിന്നും പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിനുള്ള അപേക്ഷകൾ കൃഷിഭവൻവഴി സ്വീകരിച്ചുവരുന്നു. സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡപ്രകാരം കൃഷിനാശത്തിന് ആശ്വാസ ധനസഹായമായി 15.466 കോടി രൂപ നൽകിയിട്ടുണ്ട്. കൂടാതെ അധിക തുകയായി വയനാട് ജില്ലയ്ക്ക് മാത്രമായി 27 കോടി രൂപയും മറ്റ് ജില്ലകൾക്കായി 25 കോടി രൂപയും 2016-17 സാമ്പത്തിക വർഷം കൃഷി വകുപ്പ് അനുവദിച്ചിട്ടുണ്ട്.

വരൾച്ചമൂലമുള്ള പ്രതിസന്ധി പരിഹരിക്കുന്നതിന് നെൽകർഷകർ മൂപ്പുകുറഞ്ഞ വിത്തിനങ്ങൾ ഉപയോഗിച്ച് കൃഷി ചെയ്യുവാനും എല്ലാ കർഷകരും വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകാനും നിർദ്ദേശം നൽകി. മഴയില്ലാതെ വിത്ത് മുളയ്ക്കാത്ത സാഹചര്യത്തിൽ വീണ്ടും വിതയ്ക്കുന്നതിനായി വിത്തിന്റെ ശേഖരം സംസ്ഥാന വിത്തുവികസന അതോറിറ്റിയിൽ സൂക്ഷിക്കാനുള്ള നിർദ്ദേശം നൽകുകയും അവ സൗജന്യമായി വിതരണം ചെയ്യുന്നതിനു നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്തുണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്തുകയും അതുപ്രകാരം 2017 മാർച്ച് 28-ന് സംസ്ഥാന റവന്യൂ- കൃഷി വകുപ്പുമന്ത്രിമാർ സംയുക്തമായി കേന്ദ്ര കൃഷി വകുപ്പുമന്ത്രിക്ക് വരൾച്ച സംബന്ധിച്ച മെമ്മോറാണ്ടം സമർപ്പിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സംഘം ഏപ്രിൽ 19 മുതൽ 21 വരെ കേരളം സന്ദർശിച്ച് വരൾച്ചാ സ്ഥിതി വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ കേന്ദ്ര ധനസഹായം ഇതുവരെ ലഭ്യമായിട്ടില്ല.

**റ്റി x ഡി പോളിനേഷൻ തൊഴിലാളികളുടെ വേതനം**

97 (1436) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ റ്റിx ഡി പോളിനേഷൻ തൊഴിലാളികൾക്ക് ശമ്പളപരിഷ്കരണത്തിന്റെ ഭാഗമായി ലഭിക്കാനുള്ള അരിയർ വേജസ്സ് ഇതുവരെയും നൽകാൻ കഴിയാതെ വന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ തുക എപ്പോൾ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) റ്റിx ഡി പോളിനേഷൻ തൊഴിലാളികളെ ദിവസവേതന അടിസ്ഥാനത്തിലാണ് നിയമിക്കുന്നത്. കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം എന്നീ വകുപ്പുകളിലെ കാഷ്വൽ/സ്ഥിരം തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകളാണ് 17-5-2017-ലെ സ.ഉ.(അ)നമ്പർ08/2017/കൃഷി പ്രകാരം പരിഷ്കരിച്ചിട്ടുള്ളത്. ടി ഉത്തരവിൽ റ്റി x ഡി പോളിനേഷൻ തൊഴിലാളികൾ ഉൾപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

**സോയിൽ ഹെൽത്ത് കാർഡ്**

98 (1437) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണ് പര്യവേഷണവും സംരക്ഷണവും വകുപ്പിന്റെ പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ എല്ലാ കർഷകർക്കും സോയിൽ ഹെൽത്ത് കാർഡ് വിതരണം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഉണ്ടെങ്കിൽ സോയിൽ ഹെൽത്ത് കാർഡ് ലഭിച്ച ആകെ കർഷകർ എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഇല്ലെങ്കിൽ ആയത് എല്ലാ കർഷകർക്കും ലഭ്യമാക്കാനാവശ്യമായ നടപടി ഉടൻ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മണ്ണ്, ജലം, ജൈവസമ്പത്ത് എന്നീ അമൂല്യങ്ങളായ പ്രകൃതി വിഭവങ്ങളുടെ ശാസ്ത്രീയമായ വിവരശേഖരണം നടത്തുകയും മണ്ണിന്റെ ഘടന, രാസ ഭൗതിക സ്വഭാവങ്ങൾ, കഴിവുകൾ, പരിമിതികൾ എന്നിവ കൃത്യമായി അപഗ്രഥിച്ച് അതിന്റെ അടിസ്ഥാനത്തിൽ ആ പ്രദേശത്തിന്റെ സുസ്ഥിര കാർഷിക വികസനത്തിനായുള്ള പദ്ധതികളും വിവിധ മണ്ണ്-ജല സംരക്ഷണ പദ്ധതികളും ശാസ്ത്രീയമായി നടപ്പിലാക്കുക എന്നതാണ് മണ്ണുപര്യവേക്ഷണ-മണ്ണു സംരക്ഷണ വകുപ്പിന്റെ പ്രധാന ലക്ഷ്യങ്ങൾ. വകുപ്പിന്റെ പ്രധാന പ്രവർത്തനങ്ങൾ അനുബന്ധമായി *ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കേന്ദ്ര സർക്കാരിന്റെ നാഷണൽ മിഷൻ ഫോർ സസ്റ്റയിനബിൾ അഗ്രിക്കൾച്ചർ (എൻ.എം.എസ്.എ.) എന്നതിന്റെ കീഴിൽ വരുന്ന പദ്ധതിയാണ് 'സോയിൽ ഹെൽത്ത് കാർഡ്' ഈ പദ്ധതി 2014-15-ൽ തുടക്കം കുറിച്ചു. കൃഷി വകുപ്പും മണ്ണ് പര്യവേക്ഷണ – മണ്ണ് സംരക്ഷണ വകുപ്പും സംയുക്തമായിട്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഒന്നാം ഘട്ടത്തിൽ 2015-16, 2016-17 വർഷങ്ങളിലായി 7,05,420 മണ്ണ് പരിപോഷണ കാർഡ് വിതരണം ചെയ്യുവാൻ ലക്ഷ്യമിടുകയും ഇതുവരെ 6,16,611 സോയിൽ ഹെൽത്ത് കാർഡ് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

രണ്ടാം ഘട്ടത്തിൽ (2017-18 & 2018-19) കേരളത്തിലെ എല്ലാ കൃഷിയിടങ്ങൾക്കുമുള്ള മണ്ണ് പരിപോഷണ കാർഡ് വിതരണം ചെയ്യുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ആകെ 68.3 ലക്ഷം സോയിൽ ഹെൽത്ത് കാർഡാണ് രണ്ടാം ഘട്ടത്തിൽ വിതരണം ചെയ്യുവാൻ ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) സംസ്ഥാനത്ത് ആകെ 6,16,611 സോയിൽ ഹെൽത്ത് കാർഡ് 2015-16 മുതൽ 2017 ജൂലൈ 31 വരെ വിതരണം ചെയ്തിട്ടുണ്ട്.

(ഡി) സോയിൽ ഹെൽത്ത് കാർഡ് സ്കീമിന്റെ രണ്ടാംഘട്ടത്തിൽ സംസ്ഥാനത്തെ എല്ലാ കൃഷിയിടങ്ങൾക്കുമുള്ള സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്യുവാൻ ലക്ഷ്യമിടുന്നു.

**മണ്ണ് സംരക്ഷണ പ്രവൃത്തികൾ**

99 (1438) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണ് സംരക്ഷണ വകുപ്പിന്റെ കീഴിൽ ചേലക്കര നിയോജകമണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികളാണ് നടന്നുവരുന്നത്; അതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ബി) വലിയതോതിൽ കാർഷിക പ്രാധാന്യമുള്ള പ്രദേശമായതുകൊണ്ടും, ഇവിടെ അടുത്ത കാലങ്ങളിലായി കടുത്ത വരൾച്ച നേരിട്ടതും കണക്കിലെടുത്ത് 2017-18 സാമ്പത്തികവർഷത്തിൽ മണ്ണ് സംരക്ഷണത്തിനും ജലസംരക്ഷണത്തിനുമായി കൂടുതൽ പദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ അതിന്റെ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) മണ്ണ് പര്യവേക്ഷണ - മണ്ണ് സംരക്ഷണ വകുപ്പ് മുഖേന ചേലക്കര നിയോജകമണ്ഡലത്തിലെ പഴയന്നൂർ ബ്ലോക്കിലെ പഴയന്നൂർ പഞ്ചായത്തിലുൾപ്പെട്ട പൊറ്റ നീർത്തടത്തിലെ പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. ആർ.ഐ.ഡി.എഫ്. പദ്ധതിയുടെ 19-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ 165 ലക്ഷം രൂപ അടങ്കലായുള്ള പ്രസ്തുത പദ്ധതിയിൽ വൃക്ഷത്തൈ നടീൽ, ജൈവവേലി, മൺബണ്ട്, കാർഷിക വനവൽക്കരണം, പുല്ല് വച്ചുപിടിപ്പിക്കൽ, മഴക്കുഴി നിർമ്മാണം, ജലസംഭരണികൾ, കിണർ റീചാർജ് യൂണിറ്റ്, സങ്കൺ പോണ്ട്, പാർശ്വഭിത്തി സംരക്ഷണം, വിവിധ ചെക്കുഡാമുകൾ, ക്രോസ്സ് ഓവർ സ്ലാബ്, കർഷകർക്കുള്ള പരിശീലനം എന്നീ പ്രവൃത്തികൾ 150.91 ലക്ഷം രൂപ ചെലവഴിച്ച് നാളിതുവരെ നടപ്പിലാക്കിയിട്ടുണ്ട്. ഇതു കൂടാതെ ആർ.ഐ.ഡി.എഫ്, പദ്ധതിയുടെ 22-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി പാഞ്ഞാൾ ഗ്രാമപഞ്ചായത്തിലുൾപ്പെട്ട 125 ലക്ഷം രൂപ അടങ്കലുള്ള കുന്നാംതോട് നീർത്തട പദ്ധതി, തിരുവില്വാമല ഗ്രാമപഞ്ചായത്തിലുൾപ്പെട്ട 218.50 ലക്ഷം രൂപ അടങ്കലുള്ള പകവത്ത് നീർത്തട പദ്ധതി എന്നിവയ്ക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലാണ്.

(ബി&സി) 2017-18 സാമ്പത്തികവർഷം ചേലക്കര നിയോജക മണ്ഡലത്തിൽ മണ്ണ്-ജല സംരക്ഷണത്തിനായി കൂടുതൽ പദ്ധതികൾ നടപ്പിലാക്കുന്നതിനു നടപടി സ്വീകരിച്ചുവരുന്നു.

**കോളേജ് ഓഫ് ഫുഡ് ടെക്നോളജി**

100 (1439) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവ്വകലാശാലയുടെ കീഴിൽ 2015-16 അക്കാദമിക് വർഷത്തിൽ പ്രവർത്തനം ആരംഭിച്ച കോളേജ് ഓഫ് ഫുഡ് ടെക്നോളജി, തുമ്പൂർമുഴിയിൽ അദ്ധ്യാപകരെ സ്ഥിരമായി നിയമിക്കുന്നതിനും പഠനത്തിനാവശ്യമായ മുഴുവൻ ഡിപ്പാർട്ട്മെന്റുകളും ആരംഭിക്കുന്നതിന് ആവശ്യമായ കെട്ടിടവും, ലാബ്, ലൈബ്രറി, ഹോസ്റ്റലുകൾ എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന് ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ചിന്റെ അക്രഡിറ്റേഷൻ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ?

ഉത്തരം

(എ) കോളേജിന്റെ അടിസ്ഥാനസൗകര്യം ഒരുക്കുന്നതിനും തുടർ പ്രവർത്തനത്തിനുള്ള അനുമതിക്കുമായി 9-5-2017-ന് സർവ്വകലാശാല രജിസ്ട്രാറുടെ ഒരു പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിരുന്നു. എന്നാൽ ഇക്കാര്യത്തിൽ കൂടുതൽ വ്യക്തതവരുത്തി പ്രൊപ്പോസൽ സമർപ്പിക്കുവാൻ 9-6-2017-ലെ കത്ത് പ്രകാരം രജിസ്ട്രാറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) നിലവിൽ ഇതു സംബന്ധിച്ച നടപടികൾ സ്വീകരിച്ചിട്ടില്ല. ഇതു സംബന്ധിച്ച പ്രൊപ്പോസൽ സർവ്വകലാശാലയിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**പച്ചക്കറികളുടെ വില നിലവാരം**

101 (1440) ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. മോൻസ് ജോസഫ്:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചക്കറികളുടെ വില പിടിച്ചുനിർത്താൻ ഹോർട്ടികോർപ്പ് എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) ഹോർട്ടികോർപ്പിന്റെ വില നിലവാരം പൊതുവിപണിയേക്കാൾ കൂടുതലാണെന്നുള്ള ആക്ഷേപം പരിഹരിക്കുവാൻ എന്ത് നടപടി കൈക്കൊണ്ടു എന്നറിയിക്കാമോ ;

(സി) പൊതുവിപണിയിലെ വിലയേക്കാൾ താഴ്ന്ന വിലയിൽ ഗുണനിലവാരമുള്ള പച്ചക്കറികൾ വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) കേരളത്തിലെ കർഷകർ, കർഷക കൂട്ടായ്മകൾ, കാർഷിക മൊത്തവ്യാപാര വിപണികൾ, വി.എഫ്.പി.സി.കെ., സ്വാശ്രയ കർഷക വിപണികൾ എന്നിവിടങ്ങളിൽനിന്നും കർഷകർക്ക് മാർക്കറ്റ് വിലയെക്കാൾ 10% കൂടുതൽ വില നൽകി പച്ചക്കറി സംഭരിച്ച് പൊതുവിപണി വിലയെക്കാൾ 10 മുതൽ 15% വരെ വില കുറച്ച് ഹോർട്ടികോർപ്പ് ഉപഭോക്താക്കൾക്ക് ലഭ്യമാക്കിവരുന്നു.

ഓണം, ബക്രീദ്, ക്രിസ്തുമസ്, റംസാൻ, വിഷു തുടങ്ങിയ ഉത്സവ കാലത്ത് വിപണിവിലയെക്കാൾ 30% വരെ വില കുറച്ച് ഉപഭോക്താക്കൾക്ക് ലഭ്യമാക്കി വരുന്നുണ്ട്. സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്നതും എന്നാൽ ആവശ്യത്തിന് ലഭ്യമല്ലാത്തതും സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കാത്തതുമായ പച്ചക്കറികൾ അയൽ സംസ്ഥാനങ്ങളിലെ കർഷക കൂട്ടായ്മകളിൽനിന്നും നേരിട്ട് സംഭരിച്ച് ഹോർട്ടികോർപ്പിന്റെ സ്വന്തം സ്റ്റാളുകളിലൂടെയും ലൈസൻസി സ്റ്റാളുകളിലൂടെയും മൊബൈൽ വിൽപ്പന യൂണിറ്റുകളിലൂടെയും മിതമായ വിലയ്ക്ക് ഗുണനിലവാരമുള്ള പച്ചക്കറികൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കിവരുന്നു. ഹോർട്ടികോർപ്പ് ദിനംപ്രതിയുള്ള കമ്പോളവില പരിശോധിച്ച് അതിൽനിന്നും കുറഞ്ഞ നിരക്കിലാണ് പച്ചക്കറികൾ വിപണനം നടത്തിവരുന്നത്.

## ഫ്ലഡ് വർക്ക്

102 (1441) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം നഗരസഭയുടെ ഇടവക്കോട് വാർഡിൽ ശ്രീകാര്യം ജംഗ്ഷൻ-പാട്ടത്തിൽലൈൻ കരുമ്പുക്കോണം റോഡിന് ഫ്ലഡ് വർക്കിന് അനുവദിച്ച തുക നഗരസഭ 2017 ജനുവരിയിൽ നോമിനി വർക്കായി ചെയ്യുവാൻ തീരുമാനിച്ചെങ്കിലും ഇതുവരെ നടപ്പിലാക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(ബി) ഈ വർക്കിന് ടെക്നിക്കൽ സാംഗ്ഷൻ നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ; ടെക്നിക്കൽ സാംഗ്ഷന് എത്ര സമയമെടുത്തു; ആരുടെ വീഴ്ചമൂലമാണ് ടെക്നിക്കൽ സാംഗ്ഷൻ വൈകാൻ കാരണം എന്നറിയിക്കാമോ;

(സി) ഈ കാലയളവിൽ നഗരസഭ പൂർത്തീകരിച്ച ഫ്ളഡ് വർക്കുകൾ ഏതെല്ലാം; അവർക്ക് ഇല്ലാത്ത കാലതാമസം മുകളിൽ പറഞ്ഞിരിക്കുന്ന വർക്കിന് ഉണ്ടാകാൻ കാരണം എന്തെന്ന് അറിയിക്കാമോ; ആ വർക്കുകൾ നോമിനിവർക്കായാണോ ടെണ്ടർ ആയിട്ടാണോ നടപ്പിലാക്കിയത്;

(ഡി) ഈ ഫ്ലഡ് വർക്ക് ടെണ്ടർ ചെയ്തിട്ടുണ്ടോ; നഗരസഭാ കൗൺസിൽ എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വർക്ക് നടപ്പിലാക്കാൻ എന്താണ് തടസ്സം; വർക്ക് നടപ്പിലാക്കിയതിന്റെ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ; കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ ;

(ഇ) ഇക്കാര്യം സംബന്ധിച്ച് സർക്കാരിന് നൽകിയിരുന്ന 1618835/ഡി.സി/എൽ.എസ്.ജി.ഡി/2017 തീയതി.7/7/2017 എന്ന പരാതിയിൽ സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇടവക്കോട് വാർഡിലെ ശ്രീകാര്യം ജംഗ്ഷൻ മുതൽ പാട്ടത്തിൽ ലൈൻ കരിമ്പുകോണം വരെയുള്ള റോഡ് വർക്ക് നോമിനി വർക്കായി നടപ്പിലാക്കാൻ സാധിക്കാത്തതുകാരണം ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതായി വന്നതാണ് വർക്ക് ഇതുവരെ നടപ്പിലാക്കാൻ കഴിയാത്തതിന്റെ കാരണം.

(ബി) ടി വർക്കിന് തിരുവനന്തപുരം കോർപ്പറേഷൻ മേയറുടെ നിർദ്ദേശാനുസരണം ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ കൂടിയ സാങ്കേതികാനുമതിക്കായുള്ള പ്രത്യേക വർക്ക്ഷോപ്പിൽ വച്ച് സാങ്കേതികാനുമതി നൽകിയെങ്കിലും പ്രൈസ് സോഫ്റ്റ്‌വെയർ മുഖാന്തിരം അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ മുഖേന സാങ്കേതികാനുമതി ഉത്തരവ് പ്രാബല്യത്തിൽ വരുത്തുന്നതിന് കാലതാമസം നേരിട്ടു.

(സി) തിരുവനന്തപുരം നഗരസഭാ പരിധിയിൽ 2016-17 കാലയളവിൽ ഒരു ഫ്ലഡ് വർക്ക് നടന്നിട്ടുണ്ട് (മണ്ണന്തല-ആനന്ദവല്ലീശ്വരം ഹൈസ്കൂൾ റോഡ് കോൺക്രീറ്റ്). ടി പ്രവൃത്തി ഗുണഭോക്തൃ വർക്ക് ആയിട്ടാണ് ചെയ്തിട്ടുള്ളത്. പാട്ടത്തിൽ ലൈൻ കരിമ്പുകോണം റോഡിന്റെ പ്രവൃത്തിക്കായി 18-3-2017-ൽ ഗുണഭോക്തൃ കൺവീനറെ തെരഞ്ഞെടുത്തെങ്കിലും 50,000 രൂപ മുതൽ 5,00,000 രൂപയ്ക്ക് താഴെയുള്ള പ്രവൃത്തികൾ ടെണ്ടർ മുഖേനയോ ഇ-ടെണ്ടർ മുഖേനയോ നടപ്പിലാക്കാവൂ എന്ന നിർദ്ദേശം വന്നതിനാൽ ടി പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികളിലേക്ക് കടക്കേണ്ടതായിവന്നു. നേരത്തെ പൂർത്തിയായ വർക്കുകൾ ഇതിനുമുമ്പ് എഗ്രിമെന്റ് വച്ചതിനാൽ ആ വർക്കുകൾ പൂർത്തിയാക്കാനും കഴിഞ്ഞു.

(ഡി) പ്രസ്തുത വർക്ക് ടെണ്ടർ ചെയ്തിട്ടില്ല. ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ വർക്ക് നടപ്പിലാക്കാൻ തടസ്സങ്ങൾ ഒന്നുംതന്നെ ഇല്ല. വർക്ക് നടപ്പിലാക്കിയിട്ടില്ല. 18-3-2017-ൽ ഗുണഭോക്തൃ കൺവീനറെ തെരഞ്ഞെടുത്തെങ്കിലും 50,000 രൂപ മുതൽ 5,00,000 രൂപയ്ക്ക് താഴെയുള്ള പ്രവൃത്തികൾ ടെണ്ടർ മുഖേനയോ ഇ-ടെണ്ടർ മുഖേനയോ നടപ്പിലാക്കാവൂ എന്ന നിർദ്ദേശം വന്നതിനാൽ ടി പ്രവൃത്തി ടെണ്ടർ

ചെയ്യുന്നതിനുള്ള നടപടികളിലേക്ക് കടക്കേണ്ടതായി വന്നു. സാങ്കേതികമായി പ്രൈസ് സോഫ്റ്റ്‌വെയർ ആക്കിയതിനാലും ഇംപ്ലിമെന്റിംഗ് ഓഫീസർ പദവി കോർപ്പറേഷൻ എഞ്ചിനീയറിൽനിന്നും അസിസ്റ്റന്റ് എഞ്ചിനീയറിലേക്ക് കൈമാറിയതിനാലും സോഫ്റ്റ്‌വെയർ വഴി മാറ്റാൻ കാലതാമസം വന്നു.

(ഇ) 1618835 നമ്പർ Receipt, 1261/ഡിസി3/2017/തസ്വഭവ നമ്പർ ഫയലിൽ നടപടി സ്വീകരിക്കുകയും 29-7-2017-ലെ കത്ത് മുഖേന നഗരകാര്യ ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

**ത്രിതല പഞ്ചായത്തുകളുടെ അധീനതയിലുള്ള റോഡുകൾ**

103 (1442) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജകമണ്ഡലത്തിൽ ത്രിതല പഞ്ചായത്തുകളുടെ അധീനതയിൽ ഉള്ള റോഡുകൾ അഭിവൃദ്ധിപ്പെടുത്തുന്നതിനും സമയബന്ധിതമായി അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും, ആവശ്യമായ ഫണ്ടില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിന് ത്രിതല പഞ്ചായത്തുകൾ ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരം റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിന് ത്രിതല പഞ്ചായത്തുകൾ ആവശ്യപ്പെട്ടിട്ടില്ല.

**മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

104 (1443) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മേഖലകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ നിന്നും കാർഷികമേഖലയെ ഒഴിവാക്കിയപ്പോൾ നിരവധി തൊഴിലവസരങ്ങൾ കുറഞ്ഞു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിയെ ആശ്രയിച്ചു കഴിയുന്ന നിരവധി കുടുംബങ്ങൾക്ക് തന്മൂലം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടുകയും പട്ടിണിയിലാവുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ആയത് പരിഹരിച്ച് കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് എന്ന് പറയാമോ;

(ഇ) പ്രസ്തുത പദ്ധതിയിൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനായി ക്ഷീരവികസനവുമായി ബന്ധപ്പെട്ട് പശു, ആട് വളർത്തൽ പദ്ധതികൾ ഉൾപ്പെടുത്തുമോ; ആയതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും പദ്ധതി എങ്ങനെ നടപ്പക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ പരിഷ്കരിച്ച ഒന്നാം പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള പ്രവൃത്തികളാണ് ഏറ്റെടുത്ത് നടത്തിവരുന്നത്. ഇവയെ പ്രധാനമായും നാല് വിഭാഗങ്ങളായി തരം തിരിച്ചിട്ടുണ്ട്. (എ) പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതുപ്രവൃത്തികൾ (ബി) സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ, (സി) ദേശീയ ഉപജീവന മിഷന്റെ നിബന്ധനകൾ അനുസരിക്കുന്ന സ്വയം സഹായ സംഘങ്ങൾക്ക് പൊതുഅടിസ്ഥാന സൗകര്യങ്ങൾ (ഡി) ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ.

(ബി & സി) പദ്ധതിയിൽ നിന്നും കാർഷിക മേഖലയെ ഒഴിവാക്കിയിട്ടില്ല. മറിച്ച് ഓരോ ഗ്രാമ പഞ്ചായത്തിലും ഏറ്റെടുത്തു നടത്തുന്ന പ്രവൃത്തികളുടെ 60% നിർബന്ധമായും കാർഷിക മേഖലയുടെ അഭിവൃദ്ധിക്ക് ഉതകുന്ന പ്രവൃത്തികളായിരിക്കണമെന്ന് പ്രത്യേകം നിർദ്ദേശിച്ചിട്ടുണ്ട്. നേരിട്ടുള്ള ആവർത്തന സ്വഭാവമുള്ള കാർഷിക പ്രവൃത്തികൾ പദ്ധതിയിൽ അനുവദനീയമല്ല. സംസ്ഥാനത്ത് അനുവദനീയമായ പദ്ധതികൾക്കായി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിന് തടസ്സമില്ല. കാർഷിക പ്രവൃത്തികൾ ഒഴിവാക്കിയതിനാൽ തൊഴിൽ ദിനങ്ങൾ കുറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

2013-14 മുതൽ 2016-17 വരെയുള്ള ഓരോ വർഷവും സൃഷ്ടിച്ച തൊഴിൽ ദിനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു:

| വർഷം | ലേബർ ബജറ്റ് പ്രകാരമുള്ള തൊഴിൽ ദിനങ്ങൾ | സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ (ലക്ഷത്തിൽ) | ശതമാനം |
|---|---|---|---|
| 2013-14 | 875.57 | 866.03 | 98.91 |
| 2014-15 | 761.40 | 588.72 | 77.32 |
| 2015-16 | 713.00 | 741.74 | 104.03 |
| 2016-17 | 603.11 | 684.62 | 113.51 |

(ഡി) കേരളത്തിൽ പൊതുഭൂമി കുറവായതിനാൽ പൊതുഭൂമിയിലെ ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ ബുദ്ധിമുട്ടുള്ള സാഹചര്യം പരിഗണിച്ച് സമഗ്രമായ ഒരു നീർത്തടാധിഷ്ഠിത വികസന പരിപ്രേക്ഷ്യത്തിലൂന്നിയ പ്രവർത്തന രീതിശാസ്ത്രമാണ് അവലംബിക്കാൻ ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിലും പടിപടിയായി നീർത്തട മാസ്റ്റർ പ്ലാനുകൾ പരിഷ്കരിച്ച് കൂടുതൽ പ്രവൃത്തികൾ കണ്ടെത്തി നടപ്പിലാക്കുന്നതുവഴി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാൻ ലക്ഷ്യമിടുന്നു.

(ഇ) ക്ഷീരകർഷകർക്ക് ആവശ്യമായ പശുത്തൊഴുത്തുകൾ, ആട്ടിൻകൂട് തുടങ്ങിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ ഒന്നാം പട്ടിക രണ്ടാം ഖണ്ഡികയിലെ നിബന്ധനകൾക്ക് വിധേയമായി നിർമ്മിച്ച് നൽകിവരുന്നുണ്ട്. എന്നാൽ ക്ഷീരോൽപ്പാദനവുമായി ബന്ധപ്പെട്ട മൃഗപരിപാലന പ്രവൃത്തികൾ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി നിരവധി തവണ കേന്ദ്ര സർക്കാരിനെ സമീപിച്ചിരുന്നെങ്കിലും അനുമതി ലഭ്യമാകാത്തതിനാൽ അത്തരം പ്രവൃത്തികൾ ഏറ്റെടുക്കാൻ നിലവിൽ സാധിക്കില്ല.

## പ്ലാസ്റ്റിക് റീസൈക്ലിങ്

105 (1444) <u>ശ്രീ. റോഷി അഗസ്റ്റിൻ:</u>
<u>ശ്രീ. മോൻസ് ജോസഫ്:</u>
<u>ഡോ. എൻ. ജയരാജ് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്ലാസ്റ്റിക് മാലിന്യങ്ങളും ഇ-വേസ്റ്റുകളും ഉപയോഗിച്ച് പുതിയ ഉല്പന്നങ്ങൾ നിർമ്മിക്കുന്ന ഫാക്ടറികൾ സ്ഥാപിച്ച് മാലിന്യനിർമ്മാർജ്ജനം നടത്തുന്നതിനെ സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ ;

(ബി) ഇല്ലെങ്കിൽ പഠനം നടത്തുന്നതിന് തയ്യാറാകുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

## എഞ്ചിനീയറിംഗ് വിഭാഗത്തിൽ അധിക തസ്തികകൾ

106 (1445) <u>ശ്രീ. എ. എൻ. ഷംസീർ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ആവശ്യത്തിന് തസ്തികകൾ ഇല്ലാത്തതിനാൽ പുതുതായി തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ കാറ്റഗറികളിൽ എത്ര തസ്തികകൾ വീതം സൃഷ്ടിക്കാനുള്ള നിർദ്ദേശമാണ് സമർപ്പിച്ചിട്ടുള്ളത്;

(സി) തസ്തികകളുടെ അഭാവത്തിൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ജോലി ഭാരം വർദ്ധിച്ചതുമൂലം പ്രവൃത്തികൾ കൃത്യസമയത്ത് പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ;

(ഡി) എങ്കിൽ എഞ്ചിനീയറിംഗ് വിഭാഗം ആവശ്യപ്പെട്ട അധിക തസ്തികകൾ എത്രയും വേഗം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കാറ്റഗറി തസ്തികയുടെ എണ്ണം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | കാറ്റഗറി | തസ്തികയുടെ എണ്ണം |
|---|---|---|
| 1 | സൂപ്രണ്ടിംഗ് എഞ്ചിനീയർ | 2 |
| 2 | എക്സിക്യൂട്ടീവ് എഞ്ചിനീയർ | 23 |
| 3 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 35 |
| 4 | അസിസ്റ്റന്റ് എഞ്ചിനീയർ | 223 |
| 5 | ഒന്നാംതരം ഓവർസിയർ | 115 |
| 6 | രണ്ടാംതരം ഓവർസിയർ | 109 |
| 7 | മൂന്നാംതരം ഓവർസിയർ | 92 |
| 8 | നിയമ ഓഫീസർ | 1 |
| 9 | അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | 4 |
| 10 | സീനിയർ സൂപ്രണ്ട് | 18 |
| 11 | ജൂനിയർ സൂപ്രണ്ട് | 67 |
| 12 | ഹെഡ് ക്ലാർക്ക് | 160 |
| 13 | ഫെയർകോപ്പി സൂപ്രണ്ട് | 4 |
| 14 | സീനിയർ ക്ലാർക്ക് | 860 |
| 15 | ക്ലാർക്ക് | 860 |
| 16 | യു.ഡി. ടൈപ്പിസ്റ്റ് | 35 |
| 17 | എൽ.ഡി. ടൈപ്പിസ്റ്റ് | 35 |
| 18 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്/ സീനിയർ ടൈപ്പിസ്റ്റ് ഗ്രേഡ്-2 | 7 |
| 19 | ഓഫീസ് അറ്റൻഡന്റ് | 67 |
| | ആകെ | 2717 |

(സി) ഉണ്ട്.

(ഡി) നടപടി സ്വീകരിച്ചുവരുന്നു.

## മഴക്കാലപൂർവ്വ ശുചീകരണം

107 (1446) ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ തദ്ദേശ സ്ഥാപനങ്ങൾ യഥാസമയം നടപ്പിലാക്കാത്തതാണോ പനി മരണങ്ങൾ വർദ്ധിക്കുവാൻ ഇടയാക്കിയത്;

(ബി) പരിസര ശുചീകരണവും മാലിന്യ നിർമ്മാർജ്ജനവും നിരന്തര പ്രക്രിയയാക്കി കേരളത്തെ പനിമരണങ്ങളിൽനിന്നും മുക്തമാക്കുവാനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അല്ല.

(ബി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായുള്ള നാല് വികസന മിഷനുകളിൽ ഒന്നായ ഹരിത കേരളം മിഷന്റെ ഉപദൗത്യങ്ങളിൽ ഒന്നാണ് ശുചിത്വ മാലിന്യ സംസ്കരണം. ഇതിന്റെ ഭാഗമായി ശുചിത്വ മാലിന്യ സംസ്കരണ ക്യാമ്പയിൻ നടപ്പിലാക്കുന്നതിനുള്ള നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മാലിന്യ മുക്തമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി തുടർനടപടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നുണ്ട്.

## ലൈഫ് പദ്ധതി

108 (1447) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ലൈഫ്' പദ്ധതിയിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് വേണ്ടിയുള്ള പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഗ്രാമപഞ്ചായത്ത് ഭരണ സമിതിയും ഗ്രാമസഭയും അംഗീകരിച്ച ലിസ്റ്റാണോ നിലവിലുള്ളത്; വിശദീകരിക്കുമോ;

(സി) നിലവിൽ പ്രസിദ്ധീകരിച്ച ലിസ്റ്റിൽ ഉൾപ്പെടാതെ പോയ അർഹരായവരെ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ വ്യക്തമാക്കുമോ;

(ഡി) ഗ്രാമപഞ്ചായത്ത് ഭരണ സമിതികൾക്ക് ഇത് സംബന്ധിച്ച ചുമതലകൾ നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഉണ്ട്. ഗുണഭോക്താക്കളുടെ കരട് പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയതിന്മേലുള്ള ആക്ഷേപങ്ങളും പരാതികളും പരിഹരിച്ച് സെപ്റ്റംബർ 25-ന് അന്തിമ പട്ടിക പ്രസിദ്ധീകരിക്കുന്നതാണ്.

(ബി) അല്ല. കരട് പട്ടികയാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. ആയതിന്മേലുള്ള ആക്ഷേപങ്ങളും പരാതികളും ഗ്രാമസഭ മുഖേന ചർച്ച ചെയ്ത് പരിഹരിച്ച് സെപ്റ്റംബർ 25-ന് അന്തിമ ലിസ്റ്റ് പുറപ്പെടുവിക്കുന്നതാണ്.

(സി) കരട് ഗുണഭോക്തൃ പട്ടികയിൽ അർഹർ ഒഴിവായിപ്പോയിട്ടുണ്ടെങ്കിൽ അവർക്ക് 2017 ആഗസ്റ്റ് 10 വരെയുള്ള ഒന്നാം ഘട്ടത്തിൽ തദ്ദേശഭരണ സ്ഥാപന സെക്രട്ടറിക്കും 2017 ആഗസ്റ്റ് 25 വരെ ജില്ലാ കളക്ടർക്കും ആക്ഷേപങ്ങൾ സമർപ്പിക്കാം. ആക്ഷേപം പരിശോധിച്ച് അർഹത ബോധ്യപ്പെടുന്നപക്ഷം അർഹതാ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് എല്ലാ തദ്ദേശഭരണ സ്ഥാപന സെക്രട്ടറിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) കരട് ഗുണഭോക്തൃ പട്ടിക തദ്ദേശഭരണ സ്ഥാപനതലത്തിൽ സ്ക്രൂട്ടിനി ആന്റ് അപ്പീൽ കമ്മിറ്റി പരിശോധിച്ച് ഭരണസമിതി അംഗീകരിച്ച ലിസ്റ്റ് ജൂലൈ 30-ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയതിന്മേലുള്ള ആക്ഷേപങ്ങളും പരാതികളും പരിഹരിച്ച് സെപ്റ്റംബർ 25-ന് അന്തിമ പട്ടിക പ്രസിദ്ധീകരിക്കുന്നതാണ്.

## ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി

109 (T+ 1448) ശ്രീ. കെ. മുരളീധരൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ 'ലൈഫിന് തുടക്കംകുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

+ T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ഉയർന്ന ജീവിതസാഹചര്യവും ജീവനോപാധിയും ഉറപ്പാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. സ്വന്തമായി ഭൂമിയുള്ളവരും ഇല്ലാത്തവരുമായ എല്ലാ ഭവനരഹിതർക്കും മാന്യവും വാസയോഗ്യവുമായ ഭവനം സ്വന്തമായി നൽകുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് "ലൈഫ് - സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി". സാധാരണ പാർപ്പിട പദ്ധതികളുടെ എല്ലാ കുറവുകളും നികത്തി, സാധാരണ പാർപ്പിട പദ്ധതികൾ കണ്ടെത്താൻ വിട്ടുപോകുന്ന ഏറ്റവും സാധാരണക്കാരനും അർഹനുമായ ഗുണഭോക്താവിനെ തെരഞ്ഞുകണ്ടെത്തി, ഭവനം എന്നതിനപ്പുറം ജീവിതോപാധിക്കുടി സൗകര്യം നൽകുകയും സാമ്പത്തിക സേവനങ്ങളും സാമൂഹിക ക്ഷേമ പദ്ധതികളുടെ പ്രയോജനവും ലഭ്യമാക്കുക എന്നതാണ് ലൈഫ് മിഷന്റെ ലക്ഷ്യം.

ലൈഫ് മിഷന്റെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുന്നത് നാലു വിഭാഗങ്ങളിൽപ്പെട്ടവരെയാണ്.

1. ഭൂമിയുള്ള ഭവനരഹിതർ
2. സർക്കാർ പദ്ധതികളിൽപ്പെടുത്തി ഭവന നിർമ്മാണത്തിന് സഹായധനം അനുവദിച്ചെങ്കിലും പൂർത്തിയാകാത്തതോ നിലവിലുള്ള ഭവനം വാസയോഗ്യമല്ലാത്തതോ ആയ ഗുണഭോക്താക്കൾ
3. പുറമ്പോക്കിലോ തീരദേശ മേഖലയിലോ തോട്ടം മേഖലയിലോ താൽക്കാലിക ഭവനം ഉള്ളവർ
4. ഭൂരഹിത ഭവനരഹിതർ. ഇതിൽ,

- മാനസിക വെല്ലുവിളി നേരിടുന്നവർ/അന്ധർ/ശാരീരിക തളർച്ച സംഭവിച്ചവർ
- അഗതികൾ
- 40 %-നുമേൽ അംഗവൈകല്യമുള്ളവർ
- ഭിന്നലിംഗക്കാർ
- ഗുരുതര മാരകരോഗമുള്ളവർ

- അവിവാഹിതരായ അമ്മമാർ
- രോഗം/അപകടത്തിൽപ്പെട്ട് ജോലി ചെയ്ത് ജീവനോപാധി കണ്ടെത്താൻ പ്രാപ്തിയില്ലാത്തവർ
- വിധവകൾ
- HIV ബാധിതർ .

എന്നിവരുൾപ്പെട്ട കുടുംബങ്ങൾക്ക് അവരുടെ ക്ലേശഘടകങ്ങൾ പരിശോധിച്ച് മുൻഗണന നൽകുന്നതാണ്.

വിവിധ ഭവന നിർമ്മാണ പദ്ധതികളിൽ ധനസഹായം ലഭിച്ച് പണി ആരംഭിച്ച് വിവിധ കാരണങ്ങളാൽ പൂർത്തീകരിക്കാത്ത ഭവനങ്ങളുള്ള ഗുണഭോക്താക്കൾക്ക് സാമ്പത്തികസഹായം നൽകി ഗുണഭോക്താക്കൾ നേരിട്ടോ അതിന് കഴിയാത്തവർക്ക് ഏജൻസി മുഖേനയോ നിർമ്മാണം പൂർത്തീകരിക്കുന്നതാണ്. ഭൂരഹിത-ഭവനരഹിതർക്ക് എല്ലാവിധ സാമൂഹിക പശ്ചാത്തല സൗകര്യത്തോടും ജീവനോപാധിയോടുംകൂടിയ ഭവനസമുച്ചയം/ ക്ലസ്റ്ററുകൾ നിർമ്മിച്ചു നൽകും. ഭൂമിയുള്ളവർക്ക് സാമ്പത്തിക സഹായം നൽകി വ്യക്തിഗത ഭവനനിർമ്മാണം നടത്തുന്നതാണ്. വാസയോഗ്യമല്ലാത്ത ഭവനങ്ങളുള്ള ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കൽ, അതിന്റെ നിർവ്വഹണം എന്നിവയുള്ള നിർദ്ദേശങ്ങൾ പിന്നീട് പുറപ്പെടുവിക്കുന്നതാണ്. ഇതിനായുള്ള സർവ്വേ നടപടികൾ പൂർത്തിയാക്കി കരട്/ഉപഭോക്തൃ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിന്മേലുള്ള ആക്ഷേപങ്ങളും പരാതികളും പരിഹരിച്ച് 2017 സെപ്റ്റംബർ 25-ന് അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ്.

(ബി) ഭവനം എന്നതിനപ്പുറം ജീവിതോപാധിക്കുകൂടി സൗകര്യം നൽകുകയും സാമ്പത്തിക സേവനങ്ങളും സാമൂഹിക ക്ഷേമ പദ്ധതികളുടെ പ്രയോജനവും ലഭ്യമാക്കുകയും ചെയ്യുക എന്നതാണ് ലൈഫ് മിഷന്റെ ലക്ഷ്യം. ഗുണഭോക്താക്കളുടെ ജീവിത നിലവാരം ഉയർത്തുന്നതിനായി ഓരോ കുടുംബത്തിൽ നിന്നും കുറഞ്ഞത് ഒരാൾക്കെങ്കിലും തൊഴിൽ നൈപുണ്യ പരിശീലനം നൽകി ജീവനോപാധി കണ്ടെത്തുന്നതിന് പ്രാപ്തനാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. എല്ലാവിധ സാമൂഹിക പശ്ചാത്തല സൗകര്യത്തോടും ജീവനോപാധിയോടുംകൂടിയ ഭവനസമുച്ചയം/ക്ലസ്റ്ററുകൾ നിർമ്മിച്ചു നൽകുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) ഇതിനായുള്ള സർവ്വേ നടപടികൾ പൂർത്തിയാക്കി കരട് ഉപഭോക്തൃ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിന്മേലുള്ള ആക്ഷേപങ്ങളും പരാതികളും പരിഹരിച്ച് 2017 സെപ്റ്റംബർ 25-ന് അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ്.

**ആർ.ഐ.ഡി.എഫ്. പദ്ധതി**

110 (1449) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിന്റെയും മറ്റ് പഞ്ചായത്തുകളുടേയും ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിന്മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത അപേക്ഷകൾ പരിഗണിച്ച് അനുമതി ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) നടപടി സ്വീകരിച്ചുവരുന്നു.

**പി.എം.ജി.എസ്.വൈ. പ്രവൃത്തികൾ**

111 (1450) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ. പ്രകാരം കൊട്ടാരക്കര വെട്ടിക്കവല ബ്ലോക്കുകളിൽ നിലവിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതെല്ലാമെന്നും അവയുടെ നിലവിലെ സ്ഥിതിയും വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട് ഭരണാനുമതിക്കായി പ്രസ്തുത ബ്ലോക്കുകളിൽ നിന്നും അവസാനമായി ശിപാർശ ചെയ്യപ്പെട്ട പ്രവൃത്തികളുടെ വിശദാംശങ്ങളും ആയതിൽ ഉണ്ടായ തുടർനടപടികളും വിശദമാക്കുമോ?

ഉത്തരം

(എ&ബി) വിശദവിവരങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

**പി.എം.ജി.എസ്.വൈ. റോഡുകൾ**

112 (1451) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ റോഡുകൾ ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ കാസർഗോഡ് ജില്ലയിൽ എത്ര കിലോമീറ്റർ റോഡാണ് ഏറ്റെടുക്കുന്നത്; ഏറ്റെടുക്കുന്ന റോഡുകൾ ഏതൊക്കെയാണെന്ന് ബ്ലോക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

നടപടി സ്വീകരിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ 22.863 കി.മീ. റോഡുകളുടെ പ്രോജക്ടാണ് കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്നത്. അനുമതിപത്രം ലഭിച്ചിട്ടില്ല.

റോഡുകളുടെ ബ്ലോക്ക് തിരിച്ചുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു:

| ക്രമ നമ്പർ | റോഡുകൾ | ബ്ലോക്ക് | പഞ്ചായത്ത് | നീളം |
|---|---|---|---|---|
| 1 | മുണ്ടോട്ട്-തോട്ടിനാട്-അരയങ്ങാനം റോഡ് | കാഞ്ഞങ്ങാട് | മടിക്കൈ | 4.250 |
| 2 | കനിയാംതോൾ-ചെമ്മൻചേരി-പള്ളുവക്കോട് റോഡ് | നീലേശ്വരം | കയ്യൂർ-ചീമേനി | 4.693 |
| 3 | കാറഡുക്ക-ശാന്തി നഗർ ചെന്നംകോട്-നടുവങ്ങാടി റോഡ് | കാറഡുക്ക | കാറഡുക്ക | 4.424 |
| 4 | മീഞ്ച-ബേരിക്ക-ബദരിയ-ദേറംബല റോഡ് | മഞ്ചേശ്വരം | മീഞ്ച | 4.696 |
| 5 | എത്തോട്-കോളിയാർ കത്തുണ്ടി റോഡ് | പരപ്പ | ബളാൽ, കോടോം ബേളൂർ | 4.800 |
| | ആകെ | | | 22.863 |

**ജി.എസ്.ടി. കാരണം തനത് ഫണ്ടിലുണ്ടാകുന്ന കുറവ്**

113 (1452) ശ്രീ. പി. ടി. തോമസ് :

ശ്രീ. അൻവർ സാദത്ത് :

ശ്രീ. ഹൈബി ഈഡൻ :

ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.റ്റി. നിലവിൽ വന്നതോടെ കോർപ്പറേഷനുകൾക്ക് തനത് ഫണ്ടിൽ കുറവുണ്ടാകുവാൻ സാധ്യതയുണ്ടോ; വിശദാംശം നൽകുമോ;

(ബി) വിനോദ നികുതിയിനത്തിൽ കോർപ്പറേഷനുകൾക്ക് ലഭിച്ചുകൊണ്ടിരുന്ന വരുമാനത്തിൽ എന്ത് നഷ്ടം സംഭവിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(സി) ഈ തുകയ്ക്ക് ആനുപാതികമായ നഷ്ടപരിഹാരം കോർപ്പറേഷനുകൾക്ക് നൽകുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) പരിശോധിച്ചിട്ടില്ല.

(ബി) ഇല്ല.

(സി) ബാധകമല്ല.

**ലൈഫ് മിഷൻ**

114 (1453) <u>ശ്രീ. എ. പ്രദീപ്കുമാർ:</u>
<u>ശ്രീ. പി. വി. അൻവർ:</u>
<u>ശ്രീ. കെ. ബാബു:</u>
<u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അർഹരായ എല്ലാവർക്കും പാർപ്പിടം ഉറപ്പ് വരുത്തുന്നതിനുള്ള പദ്ധതിയായ ലൈഫ് മിഷന്റെ സർവ്വേ പൂർത്തീകരിച്ചിട്ടുണ്ടോ ; ഇതിനായുള്ള പട്ടിക തയ്യാറാക്കൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം വിഭാഗത്തിൽപ്പെടുന്നവരെയാണ് പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുന്നത്;

(സി) വീടുകളുടെ സമയബന്ധിതമായ പൂർത്തീകരണവും നിർമ്മാണ സാമഗ്രികളുടെ ലഭ്യതയും ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് നിലവിൽ സ്വീകരിച്ചിട്ടുള്ളത്;

(ഡി) വിദഗ്ദ്ധ തൊഴിലാളികളുടെ അഭാവവും നിർമ്മാണവസ്തുക്കളുടെ ദൗർലഭ്യവും ഉയർന്ന നിർമ്മാണ ചെലവും പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ആയതിന്റെ കരട് പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയതിന്മേലുള്ള ആക്ഷേപ നിർദ്ദേശങ്ങൾ പരിഹരിച്ച് 2017 സെപ്റ്റംബർ 25-ന് അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്.

(ബി) ലൈഫ് മിഷന്റെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുന്നത് നാലു വിഭാഗങ്ങളിൽപ്പെട്ടവരെയാണ്.

1. ഭൂമിയുള്ള ഭവനരഹിതർ
2. സർക്കാർ പദ്ധതികളിൽപ്പെടുത്തി ഭവന നിർമ്മാണത്തിന് സഹായധനം അനുവദിച്ചെങ്കിലും പൂർത്തിയാകാത്തതോ നിലവിലുള്ള ഭവനം വാസയോഗ്യമല്ലാത്തതോ ആയ ഗുണഭോക്താക്കൾ
3. പുറമ്പോക്കിലോ തീരദേശ മേഖലയിലോ തോട്ടം മേഖലയിലോ താൽക്കാലിക ഭവനം ഉള്ളവർ
4. ഭൂരഹിത ഭവനരഹിതർ. ഇതിൽ,
    - മാനസിക വെല്ലുവിളി നേരിടുന്നവർ/അന്ധർ/ശാരീരിക തളർച്ച സംഭവിച്ചവർ
    - അഗതികൾ
    - 40%-നുമേൽ അംഗവൈകല്യമുള്ളവർ
    - ഭിന്നലിംഗക്കാർ
    - ഗുരുതര മാരകരോഗമുള്ളവർ
    - അവിവാഹിതരായ അമ്മമാർ
    - രോഗം/അപകടത്തിൽപ്പെട്ട് ജോലി ചെയ്ത് ജീവനോപാധി കണ്ടെത്താൻ പ്രാപ്തിയില്ലാത്തവർ
    - വിധവകൾ
    - HIV ബാധിതർ എന്നിവരുൾപ്പെട്ട കുടുംബങ്ങൾക്ക് മുൻഗണന നൽകുന്നതാണ്.

(സി) ആയതിനുള്ള നടപടികൾ പരിശോധിച്ചുവരുന്നു.

(ഡി) ഉണ്ട്. വിദഗ്ദ്ധരായ തൊഴിലാളികളുടെ കുറവ് പരിഹരിക്കുന്നതിനായി കുടുംബശ്രീ സംഘടനയിലെ താൽപ്പര്യമുള്ള അംഗങ്ങൾക്ക് പരിശീലനം നൽകി പ്രാപ്തരാക്കുന്നതിനും മിതമായ നിരക്കിൽ നിർമ്മാണ സാമഗ്രികൾ ലഭ്യമാക്കുന്നതിന് നിർമ്മാണ സാമഗ്രികൾ ലഭ്യമാക്കാൻ കഴിയുന്ന എല്ലാത്തരം സ്ഥാപനങ്ങളുമായി ചർച്ച നടത്തി പരിഹാരം ഉണ്ടാക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ലൈഫ് മിഷൻ പദ്ധതി**

115 (1454) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വീടില്ലാത്തവർക്കായി പ്രഖ്യാപിച്ച "ലൈഫ് മിഷൻ" പദ്ധതിയുടെ സർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ടോ;

(ബി) ലൈഫ് മിഷന്റെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർവ്വേ നടപടികൾ പൂർത്തിയാക്കി കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയതിന്മേലുള്ള ആക്ഷേപങ്ങളും പരാതികളും പരിഹരിച്ച് അന്തിമലിസ്റ്റ് 2017 സെപ്റ്റംബർ 25-ന് പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. ആലപ്പുഴ ജില്ല ഒഴികെയുള്ള ജില്ലകളിൽനിന്ന് ആദ്യഘട്ട ഭവനസമുച്ചയ നിർമ്മാണത്തിനുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ നിർമ്മാണത്തിനുള്ള സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ലൈഫ് മിഷന്റെ ഭാഗമായ പ്രവർത്തനങ്ങൾ**

116 (1455) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷന്റെ ഭാഗമായി കോഴിക്കോട് ജില്ലയിലെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ;

(ബി) ലൈഫ് മിഷന്റെ ഭാഗമായി കൊയിലാണ്ടിയിലെ വിവിധ സ്ഥാപനങ്ങളിൽ സർവ്വേ നടപടി പൂർത്തീകരിച്ചിട്ടുണ്ടോ; ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ പട്ടിക ലഭ്യമാക്കുമോ;

(സി) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് നടത്തിയ സർവ്വേകളിൽ സംഭവിച്ച അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ ;വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) സ്വന്തമായി ഭൂമിയുള്ളവരും ഇല്ലാത്തവരുമായ എല്ലാ ഭവനരഹിതർക്കും മാന്യവും വാസയോഗ്യവുമായ ഭവനം സ്വന്തമായി നൽകുക എന്ന ഉദ്ദേശ്യത്തോടെ പ്രവർത്തനം ആരംഭിച്ച 'ലൈഫ്' പദ്ധതി പ്രകാരം ഭൂരഹിത-ഭവനരഹിതരെയും ഭൂമിയുള്ള ഭവനരഹിതരെയും കണ്ടെത്തുന്നതിന് സർവ്വേ നടത്തി കരട് ഉപഭോക്തൃ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയതുപ്രകാരം കോഴിക്കോട് ജില്ലയിലുള്ള ടി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയതിന്മേലുള്ള ആക്ഷേപങ്ങളും പരാതികളും പരിഹരിച്ച് 2017 സെപ്റ്റംബർ 25-ന് അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഓരോ ജില്ലയിലും ഒന്ന് എന്ന കണക്കിൽ ഭവനസമുച്ചയങ്ങൾ നിർമ്മിക്കുന്നതിനും വിവിധ സർക്കാർ പദ്ധതികളിൽ നിർമ്മാണം ആരംഭിച്ച് പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനുമാണ് ആദ്യഘട്ടത്തിൽ ഊന്നൽ നൽകിയിട്ടുള്ളത്. ഇതിന്റെ ഭാഗമായി പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ കണക്ക് തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നും ഇതര വകുപ്പുകളിൽനിന്നും ശേഖരിച്ചുവരുന്നു. ഈ ആവശ്യത്തിനായി കോഴിക്കോട് ജില്ലയിൽ നിന്നുള്ള ആദ്യഘട്ട ഭവനസമുച്ചയ നിർമ്മാണത്തിനുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ട്.

(ബി) ഉണ്ട്. ഗുണഭോക്താക്കളുടെ അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല.

(സി) ഉണ്ട്. ആയത് സംബന്ധിച്ച ആക്ഷേപങ്ങളും പരാതികളും പരിഹരിച്ച് അന്തിമ ലിസ്റ്റ് സെപ്റ്റംബർ 25-ന് പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

### കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) നിയമം

117 (1456) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) നിയമം പ്രകാരം രൂപീകരിച്ച റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിയുടെ ചെയർമാൻ, മെമ്പർമാർ, ഉദ്യോഗസ്ഥർ എന്നിവർക്ക് നിശ്ചയിക്കപ്പെട്ട ശമ്പളവും അലവൻസുകളും എത്രവീതമാണ്; ഇതിനായി നാളിതുവരെ എത്ര തുക ചെലവഴിച്ചു; ഓഫീസ് ചെലവിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത ജീവനക്കാർക്ക് ശമ്പളം, അലവൻസ് എന്നിവയിൽ ഏതെങ്കിലും കുടിശ്ശിക നൽകാൻ ബാക്കിയുണ്ടോ; എങ്കിൽ ഏതെല്ലാം ഇനത്തിൽ എത്ര മാസത്തെ കുടിശ്ശികയാണ് നൽകാനുള്ളത് എന്നറിയിക്കാമോ;

(സി) 2017-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) റദ്ദാക്കൽ ബില്ലിന്റെ അടിസ്ഥാനത്തിൽ റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി ഓഫീസിന്റെ പ്രവർത്തനം പൂർണ്ണമായും അവസാനിപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ആസ്തികൾ ആർക്കാണ് കൈമാറിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ & ബി) കേന്ദ്ര റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) നിയമം 2016 നിലവിൽ വന്നതിനെത്തുടർന്ന് കേന്ദ്ര റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) നിയമം 2015 റദ്ദാക്കപ്പെടുകയുണ്ടായി. കേരള നിയമമനുസരിച്ച് രൂപീകരിക്കപ്പെട്ട അതോറിറ്റിയുടെ നിയമനം സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്. ശമ്പളം/അലവൻസ് ഇനത്തിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(സി) കേന്ദ്ര റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) നിയമം 2016 പ്രാബല്യത്തിൽ വരികയും കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) നിയമം 2015 റദ്ദാക്കപ്പെടുകയും ചെയതതോടെ കേരള നിയമം അനുസരിച്ച് രൂപീകരിച്ച റിയൽ എസ്റ്റേറ്റ് റഗുലേറ്ററി അതോറിറ്റിയുടെ പ്രവർത്തനം ഇല്ലാതായിരിക്കുകയാണ്. കേന്ദ്ര നിയമമനുസരിച്ചുള്ള പുതിയ അതോറിറ്റി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

### എം.ജി.എൻ.ആർ.ഇ.ജി.എസ്. പ്രകാരമുള്ള തൊഴിൽ ദിനങ്ങൾ

118 (1457) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 വർഷത്തിൽ എം.ജി.എൻ.ആർ.ഇ.ജി.എസ്. പ്രകാരം തൊഴിലാളികൾക്ക് എത്ര തൊഴിൽ ദിനങ്ങൾ ലഭിച്ചിട്ടുണ്ട് എന്ന് അറിയിക്കാമോ; ഈ തൊഴിൽ ദിനങ്ങളിലായി അവർക്ക് കേന്ദ്ര സർക്കാർ നൽകേണ്ട വേതനം പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ബി) തൊഴിലുറപ്പ് തൊഴിലാളികളുടെ കുടിശ്ശിക കൊടുത്തുതീർക്കുന്നതിനും വേതനം കൃത്യ സമയത്ത് ലഭ്യമാക്കുന്നതിനും സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഈ പ്രവൃത്തിയിന്മേൽ കേന്ദ്രസർക്കാരിന്റെ പ്രതികരണം എന്താണെന്നും അറിയിക്കാമോ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഒരു കുടുംബത്തിന് ശരാശരി 46.97 തൊഴിൽ ദിനങ്ങൾ നൽകിയിട്ടുണ്ട്. 1,58,248.9578 ലക്ഷം രൂപയാണ് 2016-17 സാമ്പത്തിക വർഷത്തിൽ പദ്ധതി നടത്തിപ്പിനായി കേന്ദ്ര സർക്കാർ അനുവദിച്ചത്. ഇതിൽ കൂലിയിനത്തിൽ എൻ.എഫ്.എം.എസ്. വഴി 1,38,670.928 ലക്ഷം രൂപയാണ് അനുവദിച്ചത്. എന്നാൽ 2,14,424 ലക്ഷം രൂപയാണ് വേതനയിനത്തിൽ ലഭിക്കേണ്ടിയിരുന്നത്. അതായത് 75,943 ലക്ഷം രൂപ വേതന കുടിശ്ശികയായി ഉണ്ടായിരുന്നു. ഈ തുക 7-7-2017-ൽ അനുവദിച്ചിട്ടുണ്ട്.

(ബി) മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിക്കുവേണ്ടി 2013-ൽ പ്രസിദ്ധീകരിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം കേന്ദ്ര വിഹിതം രണ്ടു ഗഡുക്കളായാണ് സംസ്ഥാനങ്ങൾക്ക് വിതരണം ചെയ്യുന്നത്. സംസ്ഥാനങ്ങളുടെ ഒരു സാമ്പത്തിക വർഷത്തെ ലേബർ ബജറ്റ് മുൻവർഷം മാർച്ച് മാസത്തിലാണ് കേന്ദ്ര സർക്കാർ പരിശോധനയ്ക്ക് വിധേയമാക്കി അംഗീകാരം നൽകുന്നത്. തുടർന്ന് സാമ്പത്തിക വർഷത്തിന്റെ ആദ്യരണ്ട് വർഷങ്ങൾക്കുള്ളിൽ ഒന്നാമത്തെ ഗഡു വിതരണം ചെയ്യും. ഒന്നാം ഗഡുവിന്റെ 60 ശതമാനം തുക ചെലവഴിച്ച് മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സഹിതം രണ്ടാം ഗഡുവിന് അപേക്ഷ സമർപ്പിക്കാം.

2016-17 സാമ്പത്തിക വർഷം രണ്ടാം ഗഡുവിനായി ഓഡിറ്റ് റിപ്പോർട്ട് സഹിതം 2016 ഒക്ടോബർ മാസം 18-ാം തീയതി കേന്ദ്ര ഫണ്ടിന് അപേക്ഷ നൽകി. പ്രസ്തുത അപേക്ഷ കേന്ദ്ര സർക്കാർ പരിഗണിക്കുകയും രണ്ടു തവണകളായി 31,198.41 ലക്ഷം രൂപ അനുവദിച്ചു (1-12-2016-ന് 14,995.90 ലക്ഷം രൂപയും 3-1-2017-ന് 16,202.25 ലക്ഷം രൂപയും). തുടർന്ന് അർഹതപ്പെട്ട കൂടുതൽ കേന്ദ്ര വിഹിതം ലഭ്യമാക്കുന്നതിന് 2017 ജനുവരി മാസം 19-ാം തീയതി സംസ്ഥാനം ഗ്രാമവികസന മന്ത്രാലയത്തിന് അപേക്ഷ സമർപ്പിച്ചു. പ്രസ്തുത അപേക്ഷ പ്രകാരം 96,409.73 ലക്ഷം രൂപയാണ് ആവശ്യപ്പെട്ടത്. അതിൽ അവിദഗ്ദ്ധ കായിക കൂലിയിനത്തിൽ കേന്ദ്ര സർക്കാരിനോട് സംസ്ഥാനം ആവശ്യപ്പെട്ടത് 73,171.27

ലക്ഷം രൂപയാണ്. ഫണ്ട് ലഭിക്കുന്നതിന് കാലതാമസം നേരിട്ടത് ബോദ്ധ്യപ്പെട്ട് 2017 ഫെബ്രുവരി മാസം 23-ാം തീയതി ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി തൊഴിലാളികളുടെ വേതനക്കുടിശ്ശിക തുക അടിയന്തരമായി അനുവദിക്കണമെന്ന് ചൂണ്ടിക്കാട്ടി ബഹുമാനപ്പെട്ട കേന്ദ്ര ഗ്രാമവികസന മന്ത്രിക്ക് കത്ത് സമർപ്പിച്ചിരുന്നു. ഫണ്ട് അനുവദിക്കാത്തതിനാൽ വീണ്ടും 2017 മാർച്ച് മാസം 27-ാം തീയതി, തൊഴിലാളികളുടെ വേതന കുടിശ്ശിക തുക എത്രയും പെട്ടെന്ന് അനുവദിക്കണമെന്ന് ചൂണ്ടിക്കാട്ടി ബഹുമാനപ്പെട്ട കേന്ദ്ര ഗ്രാമവികസന മന്ത്രിക്ക് കത്ത് സമർപ്പിച്ചിരുന്നു. സംസ്ഥാനത്തെ പദ്ധതി പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നതിന് കേന്ദ്ര ഫണ്ട് ഏറ്റവും അത്യാവശ്യമായിരുന്നിട്ടും 31-3-2017 വരെ കേന്ദ്ര സർക്കാരിൽനിന്നും ഫണ്ട് അനുവദിച്ചിരുന്നില്ല.

27-3-2017-ൽ കേന്ദ്ര സർക്കാർ J-11012/1/17-MGNREGA-V നമ്പർ കത്തുപ്രകാരം 2017-18-ലെ ആദ്യ ഗഡുവിന്റെ അപേക്ഷ എല്ലാ രേഖകളും അടക്കം സമർപ്പിക്കണമെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 1-4-2017-ലെ 1/എം.ജി.എൻ.ആർ.ഇ.ജി.എ.(കേരള)/ഫിൻ/17-18/സെൻട്രൽ ഷെയർ കത്തു പ്രകാരം കേന്ദ്ര സർക്കാരിൽനിന്നും 97,764.15 ലക്ഷം രൂപ കേന്ദ്ര വിഹിതമായി ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷയിൽ ആവശ്യപ്പെട്ട മൊത്തം തുകയായ 97,764.15 ലക്ഷം രൂപയിൽ അവിദഗ്ദ്ധ കായിക കൂലിയിനത്തിൽ 2016-17-ലെ കുടിശ്ശിക തീർക്കുന്നതിന് 78,459.5 ലക്ഷം രൂപയും 2017-18-ലെ ആദ്യ മൂന്ന് മാസക്കാലത്തേക്കുള്ള കൂലി തുകയായ 9,624.69 ലക്ഷം രൂപയും അടക്കം മൊത്തം 88,084.19 ലക്ഷം രൂപ ഉൾപ്പെട്ടിരുന്നു. കേന്ദ്ര ഫണ്ട് ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷയിന്മേൽ അനുകൂല തീരുമാനം ലഭ്യമാക്കുന്നതിനായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് സംസ്ഥാന മിഷനിലെ ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ആർ.ഇ) അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജെ.ആർ.വൈ) എന്നിവർ കേന്ദ്ര ഗ്രാമ വികസന മന്ത്രാലയത്തിൽ നേരിട്ട് ഹാജരായി, സംസ്ഥാനം 1-4-2017-ൽ സമർപ്പിച്ച 1/എം.ജി.എൻ.ആർ.ഇ.ജി.എ. (കേരള)/ഫിൻ/17-18/സെൻട്രൽ ഷെയർ കത്ത് കേന്ദ്ര സർക്കാർ പരിശോധിക്കുകയും ഫണ്ട് അനുവദിക്കുന്നതിന് ആവശ്യപ്പെട്ട കൂടുതൽ വിവരങ്ങൾ 5-4-2017, 6-4-2017 തീയതികളിലായി സമർപ്പിക്കുകയും ചെയ്തു.

എന്നാൽ 10-04-2017-ലെ എഫ്.നമ്പർ ജെ-12020/02/2017 എം.ജി.എൻ.ആർ.ഇ.ജി.എ.-VIII. Sl.No.10 (NeFMS) ഉത്തരവുപ്രകാരം കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അവിദഗ്ദ്ധ കായിക കൂലിയിനത്തിൽ 12,283.79 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചത്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 31-3-2017 വരെ സൃഷ്ടിച്ച തൊഴിൽ ദിനങ്ങളുടെ വിവരങ്ങൾ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തുന്നതിന് 2016-17 സാമ്പത്തിക വർഷം പൂർത്തീകരിച്ചശേഷം 30 ദിവസത്തെ അധിക കാലയളവ് കേന്ദ്ര സർക്കാർ അനുവദിച്ചിരുന്നു. ഇപ്രകാരം അധികമായി അനുവദിച്ച 30 ദിവസത്തെ കണക്കുകൾകൂടി ഉൾപ്പെടുത്തുമ്പോൾ സംസ്ഥാനത്ത് 2016-17 സാമ്പത്തിക വർഷം കൂലിയിനത്തിൽ 75,943.83 ലക്ഷം രൂപ കുടിശ്ശിക തീർക്കുന്നതിന് ആവശ്യമായിരുന്നു.

മേൽ സൂചിപ്പിച്ച വിഷയങ്ങൾ പരാമർശിച്ച് 2017 ഏപ്രിൽ മാസം 12-ാം തീയതി ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി തൊഴിലാളികളുടെ വേതനക്കുടിശ്ശിക തുക കാലതാമസംവിനാ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ബഹുമാനപ്പെട്ട കേന്ദ്ര ഗ്രാമവികസന വകുപ്പുമന്ത്രിക്ക് കത്ത് സമർപ്പിച്ചിരുന്നു. ഇതോടൊപ്പം 21-4-2017-ലെ അർദ്ധ ഔദ്യോഗിക നമ്പർ 1/ എം.ജി.എൻ.ആർ.ഇ. ജി.എ/സി.എസ്/2017-18 കത്ത് മുഖാന്തിരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിലെ ജോയിന്റ് സെക്രട്ടറിക്ക് 2016-17-ലെ കൂലി കുടിശ്ശികത്തുകയും 2017-18-ലെ പദ്ധതി തുകയും അടിയന്തരമായി അനുവദിക്കുന്നതിന് അപേക്ഷിച്ചിരുന്നു. 7-7-2017-ന് 2016-17 സാമ്പത്തിക വർഷത്തെ മുഴുവൻ വേതനക്കുടിശ്ശികയും കേന്ദ്ര സർക്കാർ അനുവദിച്ചു.

**വായ്പ എഴുതിത്തള്ളൽ**

119 (1458) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അരൂർ മണ്ഡലത്തിലെ തുറവൂർ പഞ്ചായത്തിൽ ബാങ്ക് ഓഫ് ഇന്ത്യ, തുറവൂർ ബ്രാഞ്ച് വഴി ഭവനശ്രീ വായ്പ എടുത്ത് ജപ്തി ഭീഷണി നേരിടുന്ന 18 കുടുംബങ്ങളുടെ വായ്പ തുക ഒരു മാസത്തിനുള്ളിൽ എഴുതിത്തള്ളുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി 14-ാം നിയമസഭയുടെ അഞ്ചാം സമ്മേളനത്തിൽ അരൂർ എം.എൽ.എ.-യുടെ സബ്മിഷന് നൽകിയ ഉറപ്പ് നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

അരൂർ മണ്ഡലത്തിലെ തുറവൂർ പഞ്ചായത്തിൽ ബാങ്ക് ഓഫ് ഇന്ത്യ, തുറവൂർ ബ്രാഞ്ച് വഴി ഭവനശ്രീ വായ്പ എടുത്തിരുന്ന കുടുംബങ്ങളുടെ പ്രസ്തുത വായ്പാ ബാദ്ധ്യത 12-6-2017-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ111/2017/തസ്വഭവ പ്രകാരം സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. ടി തുക ബാങ്കുകൾക്ക് നൽകി ഗുണഭോക്താക്കളുടെ ആധാരം തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ആസ്തി വികസന പദ്ധതി

120 (1459) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ എം.എൽ.എ.-യുടെ 2016-17-ലെ ആസ്തി വികസന പദ്ധതിയിലേക്ക് ശിപാർശ ചെയ്തിട്ടുള്ള പ്രവൃത്തികളിൽ തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നടപടി സ്വീകരിക്കേണ്ട എല്ലാ പ്രവൃത്തികളുടെയും ഡി.പി.ആർ. തദ്ദേശസ്വയംഭരണ വകുപ്പിന് ലഭിച്ചിട്ടുണ്ടോ;

(ബി) വാടാനപ്പിള്ളി ഗവൺമെന്റ് എച്ച്.എസ്.-ന് കെട്ടിടം പണിയുന്നത് സംബന്ധിച്ച പ്രവൃത്തിയുടെ ഡി.പി.ആർ. തൃശ്ശൂർ ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർ മേൽനടപടിക്കായി സമർപ്പിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കാൻ കാലതാമസം വരുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) മണലൂർ എം.എൽ.എ.-യുടെ 2016-17-ലെ ആസ്തി വികസന പദ്ധതിയിലേക്ക് ശിപാർശ ചെയ്തിട്ടുള്ള പ്രവൃത്തികളിൽ തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന നടപടി സ്വീകരിക്കേണ്ട ഒരു പ്രവൃത്തി ഒഴികെ ബാക്കിയെല്ലാത്തിനും ഡി.പി.ആർ ലഭിച്ചിട്ടുണ്ട്.

(ബി &സി) ഇല്ല. ബഹുമാനപ്പെട്ട എം.എൽ.എ. 25 ലക്ഷം രൂപയാണ് ടി പ്രവൃത്തിക്ക് ശിപാർശ ചെയ്തിരുന്നത്. ഇതിന്റെ അടങ്കൽ ബന്ധപ്പെട്ട അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽനിന്നും ലഭ്യമായത് 40 ലക്ഷം രൂപയ്ക്കാണ്. ആയത് 25 ലക്ഷം രൂപയിലേക്ക് നിജപ്പെടുത്തി തരുന്നതിന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് തിരികെ ശിപാർശ നൽകിയിരുന്നു.

## എം.എൽ.എ.യുടെ ആസ്തി വികസന പദ്ധതി

121 (1460) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണലൂർ എം.എൽ.എ.-യുടെ 2016-17-ലെ ആസ്തി വികസന പദ്ധതി പ്രകാരം ഭരണാനുമതി ലഭിച്ചതും എൽ.എസ്.ജി.ഡി. മുഖേന നിർവ്വഹിക്കേണ്ടതുമായ എല്ലാ പ്രവൃത്തികൾക്കും സാങ്കേതികാനുമതി നൽകിയിട്ടുണ്ടോ; ഓരോ പ്രവൃത്തിയുടേയും നിലവിലെ സ്ഥിതിയെ സംബന്ധിച്ച വിവരം നൽകാമോ ?

ഉത്തരം

മണലൂർ എം.എൽ.എ.യുടെ 2016-17-ലെ ആസ്തി വികസന പദ്ധതി പ്രകാരം എല്ലാ പ്രവൃത്തികൾക്കും സാങ്കേതികാനുമതി നൽകിയിട്ടില്ല. പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു:

| പദ്ധതി | നിലവിലെ സ്ഥിതി |
|---|---|
| പാവറട്ടി ഗ്രാമപഞ്ചായത്തിലെ വെണ്മേനാട്-ചുക്കുബസാർ റോഡ് | ജി.എസ്.ടി. കൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റുകൾ പുനഃസമർപ്പിക്കുന്നതിനായി ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് തിരിച്ചയച്ചിരിക്കുകയാണ്. |
| വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തിലെ പൊണ്ണമുത ഈസ്റ്റ് ബണ്ട് റോഡ് | |
| എളവള്ളി ഗ്രാമപഞ്ചായത്തിലെ കാട്ടേരി (കാഞ്ഞിരക്കുറ്റി)റോഡ് | |
| എളവള്ളി ഗ്രാമപഞ്ചായത്തിലെ കാർഷക റോഡ് | |
| വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തിലെ ചീരോത്തുപടി കണ്ണോത്ത് റോഡ് | |
| മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിലെ ഓഫീസ് എക്സ്റ്റൻഷൻ | |
| അരിമ്പൂർ ഗ്രാമപഞ്ചായത്തിലെ പരമൻപാഠം റോഡ് | |
| മണലൂർ ഗ്രാമപഞ്ചായത്തിലെ തീരദേശ റോഡ് സൈഡ് പ്രൊട്ടക്ഷൻ | |
| എരനെല്ലൂർ ഫാത്തിമമാതാ ചർച്ച് റോഡ് | |
| ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് (ലി) 4-8-2017-ന് കരാർ ഉടമ്പടി ഹാജരാക്കിയിട്ടുണ്ട്. |

**ലൈഫ് പദ്ധതി**

122 (T+1461) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതി നടപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ;

+T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) എറണാകുളം ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള ഭൂമി ഈ പദ്ധതിക്കായി ഉപയോഗിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ഡി) ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് ഇതിനായി തയ്യാറായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) അങ്കമാലി നിയോജകമണ്ഡലത്തിലെ അങ്കമാലി മുനിസിപ്പാലിറ്റി, അയ്യമ്പുഴ ഗ്രാമപഞ്ചായത്ത് തുടങ്ങിയവയുടെ കൈവശമുള്ള ഭൂമിയിൽ പട്ടികജാതി കുടുംബങ്ങൾക്കായി വീട് നിർമ്മിക്കാനുള്ള നിർദ്ദേശത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) സ്വന്തമായി ഭൂമിയുള്ളവരും ഇല്ലാത്തവരുമായ എല്ലാ ഭവനരഹിതർക്കും മാന്യവും വാസയോഗ്യവുമായ ഭവനം സ്വന്തമായി നൽകുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് "ലൈഫ്- സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി". സാധാരണ പാർപ്പിട പദ്ധതികളുടെ എല്ലാ കുറവുകളും നികത്തി, സാധാരണ പാർപ്പിട പദ്ധതികൾ കണ്ടെത്താൻ വിട്ടുപോകുന്ന ഏറ്റവും സാധാരണക്കാരനും അർഹനുമായ ഗുണഭോക്താവിനെ തെരഞ്ഞു കണ്ടെത്തി ഭവനം എന്നതിനപ്പുറം ജീവിതോപാധിക്കുകൂടി സൗകര്യം നൽകുകയും സാമ്പത്തിക സേവനങ്ങളും സാമൂഹിക ക്ഷേമ പദ്ധതികളുടെ പ്രയോജനവും ലഭ്യമാക്കുകയും ചെയ്യുക എന്നതാണ് ലൈഫ് മിഷന്റെ ലക്ഷ്യം.

സംസ്ഥാനത്തുള്ള ഭൂരഹിത-ഭവനരഹിതരെയും ഭൂമിയുള്ള ഭവനരഹിതരെയും കണ്ടെത്തുന്നതിന് സർവ്വേ നടത്തി കരട് ഉപഭോക്തൃ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയതിന്മേലുള്ള ആക്ഷേപങ്ങളും പരാതികളും പരിഹരിച്ച് 2017 സെപ്റ്റംബർ 25-ന് അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഓരോ ജില്ലയിലും ഒന്ന് എന്ന കണക്കിൽ ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനും വിവിധ സർക്കാർ പദ്ധതികളിൽ നിർമ്മാണം ആരംഭിച്ച് പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനുമാണ് ആദ്യഘട്ടത്തിൽ ഊന്നൽ നൽകിയിട്ടുള്ളത്. ഇതിന്റെ ഭാഗമായി പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ

കണക്ക് തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നും ഇതര വകുപ്പുകളിൽനിന്നും ശേഖരിച്ചുവരുന്നു. ആലപ്പുഴ ഒഴികെയുള്ള ജില്ലകളിൽനിന്ന് ആദ്യഘട്ട ഭവനസമുച്ചയ നിർമ്മാണത്തിനുള്ള സ്ഥലം കണ്ടെത്തിക്കഴിഞ്ഞു. ആലപ്പുഴ ജില്ലയിലെ ടി നടപടി പുരോഗമിച്ചുവരുന്നു. ഭവനസമുച്ചയ നിർമ്മാണത്തിനുള്ള നടപടികൾ അന്തിമ ഉപഭോക്തൃ ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനുശേഷം തുടങ്ങുന്നതാണ്.

(ബി) ഉണ്ട്.

(സി) തദ്ദേശഭരണ സ്ഥാപനങ്ങളുടെയും ഇതര വകുപ്പുകളുടെയും ഉടമസ്ഥതയിലുള്ള ഭൂമികളുടെ വിവരങ്ങൾ എല്ലാ ജില്ലാ കളക്ടർമാർ മുഖേനയും വകുപ്പ് മേധാവികൾ മുഖേനയും ശേഖരിച്ചുവരുന്നു. എറണാകുളം ജില്ലയിലെ കൂത്താട്ടുകുളം നഗരസഭയിൽ ഈ ആവശ്യത്തിനായി 183 സെന്റ് സ്ഥലം കണ്ടെത്തിയിട്ടുണ്ട്.

(ഡി) ആദ്യഘട്ട ഭവനനിർമ്മാണത്തിനായി ചുവടെ ചേർത്തിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭൂമിയാണ് കണ്ടെത്തിയിട്ടുള്ളത്.

| | |
|---|---|
| തിരുവനന്തപുരം | - തിരുവനന്തപുരം കോർപ്പറേഷൻ |
| കൊല്ലം | - പുനലൂർ നഗരസഭ |
| പത്തനംതിട്ട | -ഏഴംകുളം ഗ്രാമപഞ്ചായത്ത് |
| കോട്ടയം | -വിജയപുരം ഗ്രാമപഞ്ചായത്ത് |
| ഇടുക്കി | - അടിമാലി ഗ്രാമപഞ്ചായത്ത് |
| എറണാകുളം | - കൂത്താട്ടുകുളം നഗരസഭ |
| പാലക്കാട് | -ചിറ്റൂർ തത്തമംഗലം നഗരസഭ |
| മലപ്പുറം | -എടപ്പാൾ ഗ്രാമപഞ്ചായത്ത് |
| കോഴിക്കോട് | - പുതുപ്പാടി ഗ്രാമപഞ്ചായത്ത് |
| കണ്ണൂർ | - കടമ്പൂർ ഗ്രാമപഞ്ചായത്ത് |
| കാസർഗോഡ് | - ചെമ്മനാട് ഗ്രാമപഞ്ചായത്ത് |

(ഇ) അത്തരത്തിലുള്ള ശിപാർശ നിലവിലില്ല.

## ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

123 (1462) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ 2016-17, 2017-18 (30-6-2017 വരെ) കാലയളവിൽ എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് തദ്ദേശ ഭരണ സ്ഥാപനങ്ങൾ തിരിച്ച് വിശദാംശം നൽകാമോ;

(ബി) ആയതിന്റെ പ്രതിഫലം തൊഴിലാളികൾക്ക് കുടിശ്ശികയുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ഗ്രാമപഞ്ചായത്തിന്റെ പേര് | സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ | |
|---|---|---|
| | 2016-17 | 2017-18 |
| അമ്പലപ്പാറ | 92566 | 299 |
| ലെക്കിടി-പേരൂർ | 59200 | 543 |
| കടമ്പഴിപ്പുറം | 134241 | 57 |
| കരിമ്പുഴ | 93863 | 1283 |
| പൂക്കോട്ടുകാവ് | 59075 | 4733 |
| ശ്രീകൃഷ്ണപുരം | 45988 | 885 |
| തച്ചനാട്ടുകര | 46950 | 348 |
| ആകെ | 531883 | 8148 |

(ബി) കുടിശ്ശിക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ഗ്രാമപഞ്ചായത്തിന്റെ പേര് | കുടിശ്ശിക സംബന്ധിച്ച വിവരം (ലക്ഷത്തിൽ) | |
|---|---|---|
| | 2016-17 | 2017-18 |
| അമ്പലപ്പാറ | 0.18 | 0.1 |
| ലെക്കിടി-പേരൂർ | 0.08 | 0.03 |
| കടമ്പഴിപ്പുറം | 0.14 | 0 |
| കരിമ്പുഴ | 0.19 | 1.4 |
| പൂക്കോട്ടുകാവ് | 0 | 0.01 |
| ശ്രീകൃഷ്ണപുരം | 0.03 | 0.15 |
| തച്ചനാട്ടുകര | 0.02 | 0 |
| ആകെ | 0.64 | 1.69 |

## ബഡ്സ് സ്കൂളുകൾ

124 (1463) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ മുഖേന നടപ്പിലാക്കിവരുന്ന ബഡ്സ് സ്കൂളുകളുടെ നിലവിലെ അവസ്ഥ വിശദീകരിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ബഡ്സ് സ്കൂളുകളെ ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം; ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഇതിനായി മുഴുവൻ സമയ കൺസൾട്ടന്റുമാരുടെ സേവനം നിലവിൽ ലഭ്യമാണോ; ഇല്ലെങ്കിൽ പ്രസ്തുത തസ്തിക നികത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) നിലവിൽ കുടുംബശ്രീ മുഖേന 63 ബഡ്സ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. അതിൽ മൂവായിരത്തിലധികം കുട്ടികൾ പഠിക്കുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബഡ്സ് സ്കൂളുകൾക്ക് വിദ്യാർത്ഥി അനുപാതം അനുസരിച്ച് രണ്ടാമത്തെ വാഹനം വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടി സ്ഥാപനങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ ജീവനക്കാര്യ മാർഗ്ഗരേഖയും തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ പുതിയ 200 ബഡ്സ് സ്ഥാപനങ്ങൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്.

(സി) ലഭ്യമാണ്.

**ക്ഷേമ പെൻഷൻ**

125 (1464) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന വിവിധ ക്ഷേമ പെൻഷനുകൾ പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ എത്ര മാസത്തെ കുടിശ്ശികയുണ്ടെന്നും അവ എന്നത്തേക്ക് വിതരണം ചെയ്യാനാകുമെന്നും വ്യക്തമാക്കുമോ;

(സി) വിവിധ ക്ഷേമ പെൻഷനുകൾക്കായി കഴിഞ്ഞ സാമ്പത്തിക വർഷം എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖാന്തിരം വിതരണം ചെയ്തുവരുന്ന കർഷക തൊഴിലാളി പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ, 50 വയസ്സു കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ എന്നിവ 2017 ഏപ്രിൽ മാസം വരെ വിതരണം ചെയ്തിട്ടുണ്ട്. 2017 മേയ്, ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ പെൻഷൻ പൂർണ്ണമായി വിതരണം ചെയ്യുന്നതിനുള്ള തുകയും അനുവദിച്ചിട്ടുണ്ട്.

(ബി) 2017 മേയ്, ജൂൺ, ജൂലൈ, ആഗസ്റ്റ് (ആകെ 4 മാസം) മാസങ്ങളിൽ കുടിശ്ശികയായിട്ടുള്ള പെൻഷൻ വിതരണം ചെയ്യുന്നതിന് തുക അനുവദിച്ചിട്ടുണ്ട്. ആയത് വിതരണം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(സി) 1. ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ - 3,32,98,55,618

2. ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ - 18,40,70,48,234

3. ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ -11,87,62,83,761

4. കർഷക തൊഴിലാളി പെൻഷൻ -5,06,89,44,197

5. 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ - 74,14,02,191

ആകെ -39,42,35,34,001

2016-17 സാമ്പത്തിക വർഷം ആകെ 39,42,35,34,001 രൂപ വിവിധ ക്ഷേമ പെൻഷനുകളുടെ വിതരണത്തിനായി ചെലവഴിച്ചിട്ടുണ്ട്.

**ജനകീയാസൂത്രണത്തിന്റെ തുടർച്ചയും വികാസവും**

126 (1465) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണത്തിന്റെ തുടർച്ചയും വികാസവും പാലിച്ച് പോരുന്നതിന് എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത് ;

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടിയ ഘടക സ്ഥാപനങ്ങളുടെ പ്രവർത്തനം ഏകോപിപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ആയതിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി ജനകീയ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ആയത് ഏത് രീതിയിൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

ഉത്തരം

(എ) ജനകീയാസൂത്രണം 1996-97 മുതലുള്ള തുടർ പ്രക്രിയയാണ്. ഇതിന്റെ തുടർച്ചയും വികാസവും ലക്ഷ്യംവച്ചുള്ള പ്രവർത്തനങ്ങളാണ് ഓരോ പദ്ധതിക്കാലയളവിലും നടത്തിവരുന്നത്. അതിന്റെ ഭാഗമായി സമയബന്ധിത ആസൂത്രണവും നിർവ്വഹണവും യാഥാർത്ഥ്യമാകുന്നതിനും നഷ്ടപ്പെട്ടുപോയ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും ലക്ഷ്യംവച്ചുകൊണ്ടുള്ള മാർഗ്ഗ

നിർദ്ദേശങ്ങളാണ് 13-ാം പഞ്ചവത്സര പദ്ധതിയിലും പുറപ്പെടുവിച്ചിട്ടുള്ളത്. ഓരോ വികസന മേഖലയിലെയും നിലവിലുള്ള പ്രശ്നങ്ങൾ വിശകലനം ചെയ്ത് വികസന കാഴ്ചപ്പാട്, നയസമീപനം, തന്ത്രം എന്നിവ രൂപപ്പെടുത്തി പ്രോജക്ടുകൾ രൂപപ്പെടുത്തുന്ന രീതിയാണ് അവലംബിക്കുന്നത്. അതോടൊപ്പം സംയോജന സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുകയും വേണം. ഇത്തരത്തിൽ പ്രോജക്ടുകൾ ആവിഷ്കരിച്ച് സുസ്ഥിര വികസനം ഉറപ്പാക്കുകയാണ് ലക്ഷ്യം. കൂടാതെ മിഷൻ പ്രവർത്തനങ്ങൾ പ്രാദേശിക പദ്ധതികളുമായി സംയോജിപ്പിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഭക്ഷ്യവിളകളുടെ വിളവിസ്തൃതിയും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് പ്രാധാന്യം നൽകി ഒരു നിശ്ചിത കാലാവധിക്കുള്ളിൽ കാർഷികോൽപ്പന്നങ്ങളുടെ കാര്യത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ കഴിയുമെന്ന ഉദ്ദേശ്യത്തോടെ പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിനും ലക്ഷ്യമിടുന്നുണ്ട്.

(ബി) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്ത് കിട്ടിയ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനും പദ്ധതിയുടെ ഭാഗമായി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. താഴെ തലത്തിൽ പദ്ധതികൾ ആവിഷ്കരിക്കുന്നത് ഏകോപിച്ചുള്ള പ്രവർത്തനങ്ങളിലൂടെയാണ്. ഈ വിഷയത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾവഴി നൽകിയിട്ടുണ്ട്.

(സി) പ്രാദേശികമായി മോണിറ്ററിംഗ് സംവിധാനം ഇപ്പോൾ നിലവിലുണ്ട്. ബ്ലോക്ക്തലത്തിലും ജില്ലാതലത്തിലും വിവിധ വകുപ്പുകളുടെ ചുമതലയുള്ള ഉദ്യോഗസ്ഥർ പദ്ധതി പുരോഗതി അവലോകനം ചെയ്യുകയും ഏകോപിപ്പിക്കുകയും ചെയ്യാറുണ്ട്. ജില്ലാ ആസൂത്രണ സമിതികൾ ഇക്കാര്യം മോണിറ്റർ ചെയ്യുന്നുണ്ട്.

## ടൂറിസം പ്രവേശന ഫീസ്

127 (1466) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയിൽ ഉൾപ്പെട്ട അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിന് വനംവകുപ്പ് പിരിച്ചെടുക്കുന്ന ടൂറിസം പ്രവേശന ഫീസിൽനിന്നും ഒരു നിശ്ചിത ശതമാനം തുക ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനായി പഞ്ചായത്ത് സമർപ്പിച്ചിട്ടുള്ള അപേക്ഷ പരിഗണിച്ച് അനുമതി നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) വരുമാനം തീരെ കുറഞ്ഞതും പട്ടികവർഗ്ഗ കോളനികളും തോട്ടം തൊഴിലാളി മേഖലയും ഉൾപ്പെടുന്ന അതിരപ്പിള്ളി പഞ്ചായത്തിനെ സഹായിക്കുവാൻ പ്രത്യേക സഹായം നൽകുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) അതിരപ്പിള്ളി വനമേഖലയിൽ വാഴച്ചാൽ വന വികസന ഏജൻസി മുഖേന പങ്കാളിത്ത ഇക്കോ ടൂറിസം പദ്ധതിയാണ് വനംവകുപ്പ് നടപ്പാക്കുന്നത്. തദ്ദേശീയരായ വനാശ്രിതരുടെ കൂട്ടായ്മയായ അതിപ്പിള്ളി വന സംരക്ഷണ സമിതിയാണ് അതിരപ്പിള്ളി പങ്കാളിത്ത ഇക്കോ ടൂറിസം നടപ്പാക്കുന്നത്. സർക്കാർ ഉത്തരവിലൂടെ രൂപീകരിച്ചിട്ടുള്ള 'പുഴ-വനം' സംരക്ഷണ നിധിയിലേക്കാണ് ടി തുക വകയിരുത്തുന്നത്. സർക്കാർ അംഗീകരിച്ച പുഴ-വനം സംരക്ഷണ നിധി മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി ടി തുക വന സംരക്ഷണത്തിനും വനത്തിന്റെ സുസ്ഥിര പരിപാലനത്തിനും ഇക്കോ ടൂറിസം മേഖലയിലെ സുരക്ഷാ ക്രമീകരണങ്ങൾ ഒരുക്കുന്നതിനും മാലിന്യ നിർമ്മാർജ്ജനത്തിനും ഗൈഡുമാരുടെയും ഇക്കോ ടൂറിസവുമായി ബന്ധപ്പെട്ട് മറ്റ് പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന വന സംരക്ഷണ സമിതി അംഗങ്ങളുടെയും വേതനം നൽകുന്നതിനായും വിനിയോഗിക്കുന്നു. ഇക്കോ ടൂറിസം പ്രദേശത്തെ വനാശ്രിതരുടെ സാമൂഹ്യ ഉന്നമനത്തിനായും ടി തുക വിനിയോഗിച്ചുവരുന്നു.

അതിനാൽ അതിരപ്പിള്ളി പഞ്ചായത്തിന്റെ അപേക്ഷ പരിഗണിക്കുന്നതിന് നിർവ്വാഹമില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**വീട്ടുനമ്പർ**

128 (1467) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീട്ടുനമ്പർ ലഭിക്കാതെ നിരവധിപേർ ബുദ്ധിമുട്ട് അനുഭവിക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇങ്ങനെയുള്ളവർക്ക് വീട്ടുനമ്പർ അടിയന്തരമായി ലഭ്യമാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) നിലം/നഞ്ച വിഭാഗത്തിൽപ്പെട്ട സ്ഥലങ്ങളിൽ നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ ലഭിക്കാതെ ബുദ്ധിമുട്ട് അനുഭവിക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിയമാനുസൃതമായ രീതിയിൽ കെട്ടിടനിർമ്മാണം പൂർത്തിയാക്കി രേഖകൾ സഹിതം അപേക്ഷിക്കുന്നവർക്ക് നിശ്ചിത സമയ പരിധിക്കുള്ളിൽ കെട്ടിട നമ്പർ നൽകുന്നുണ്ട്. സർക്കാരിന്റെ 16-11-2016-ലെ സ.ഉ.(എം.എസ്.)നമ്പർ 170/2016/തസ്വഭവ. ഉത്തരവ് പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിച്ചിട്ടുള്ള 1500 ചതുരശ്ര അടിവരെയുള്ള വാസഗൃഹങ്ങൾക്ക് താൽക്കാലിക നമ്പർ അനുവദിക്കുന്നുണ്ട്.

**ജനപ്രതിനിധികൾക്ക് സഹായം**

129 (1468) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഴവിലത്ത് തെരുവ് നായ്ക്കളുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട മാമം കാട്ടുംപുറം ചരുവിള വീട്ടിൽ, കുഞ്ഞുകൃഷ്ണന്റെ കുടുംബത്തിന് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ;

(ബി) ഈ സംഭവത്തെ തുടർന്ന് തെരുവ് നായ പീഢിത സംഘത്തിന്റെ നേതൃത്വത്തിൽ മേഖലയിലെ അക്രമകാരികളായ തെരുവ് നായ്ക്കളെ പിടികൂടി കൊന്നതുമായി ബന്ധപ്പെട്ട് ജനപ്രതിനിധികൾ സുപ്രീം കോടതിയിൽ ഹാജരാകേണ്ടിവന്നിട്ടുണ്ടോ;

(സി) ഇപ്രകാരം സുപ്രീംകോടതിയിൽ ഹാജരായ ജനപ്രതിനിധികൾക്ക് സർക്കാർ സഹായം അനുവദിക്കണമെന്ന ആവശ്യത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) തെരുവുനായ്ക്കളെ കൊന്നതുമായി ബന്ധപ്പെട്ട് കോടതിയലക്ഷ്യത്തിന് സുപ്രീംകോടതിയിൽ നിലനിൽക്കുന്ന കേസിൽ ചട്ടപ്രകാരം സർക്കാരിനോ പഞ്ചായത്തിനോ ധനസഹായമോ നിയമസഹായമോ നൽകാൻ നിർവ്വാഹമില്ലാത്തതിനാൽ സുപ്രീംകോടതിയിൽ ഹാജരായ ജനപ്രതിനിധികൾക്ക് സർക്കാർ സഹായം നൽകിയിട്ടില്ല.

## എഞ്ചിനീയറിംഗ് വിഭാഗം നടപ്പിലാക്കുന്ന പദ്ധതികൾ

130 (1469) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മണ്ഡലത്തിലെ ചെല്ലാനം, കുമ്പളങ്ങി പഞ്ചായത്തുകളിലും കൊച്ചി കോർപ്പറേഷൻ മേഖലയിലും തദ്ദേശഭരണ എൻജിനീയറിംഗ് വിഭാഗം മുഖേന നടപ്പിലാക്കാൻ ഭരണാനുവാദം നൽകിയിട്ടുള്ള പദ്ധതികളുടെ ഇപ്പോഴത്തെ സ്ഥിതിയെന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഭാഗത്തിൽ മതിയായ ജീവനക്കാർ ഇല്ലാത്തതിനാൽ പ്രവൃത്തികളിൽ കാലതാമസം വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;?

(സി) എങ്കിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചും ഒഴിവുകൾ നികത്തിയും കാലതാമസം കൂടാതെ പ്രവൃത്തികൾ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) കൊച്ചി മണ്ഡലത്തിലെ ചെല്ലാനം, കുമ്പളങ്ങി പഞ്ചായത്തുകളിൽ 2016-17 വർഷത്തിൽ 11 എം.എൽ.എ. ആസ്തിവികസന ഫണ്ട് പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. അതിൽ 6 എണ്ണം ടെണ്ടർ ചെയ്ത് എഗ്രിമെന്റ് വച്ച് പണി ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. കൊച്ചി കോർപ്പറേഷനിലെ ഭരണാനുമതി ലഭിച്ച എല്ലാ പ്രവൃത്തികളും ടെണ്ടർ ഓപ്പൺ ചെയ്ത് കൗൺസിലിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

## പി.എം.ജി.എസ്.വൈ. പ്രവൃത്തികൾ

131 (1470) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ. ഫേസ് 5, 6, 7, 8 പ്രകാരം അരൂർ മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയത്;

(ബി) ഇവയിൽ ടെണ്ടർ ചെയ്ത് കരാറുകാർ ഏറ്റെടുത്തിട്ട് മുടങ്ങിക്കിടക്കുന്ന പ്രവൃത്തികൾ ഏതെല്ലാം; അവ പൂർത്തീകരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) എസ്റ്റിമേറ്റ് പുനഃക്രമീകരിക്കുന്നതിനായി റീ ടെണ്ടർ ചെയ്യുന്നതിനോ അല്ലാത്തപക്ഷം ഫണ്ട് നഷ്ടപ്പെടാതിരിക്കാൻവേണ്ടി സാധ്യമാകുന്ന ഏതെങ്കിലും നടപടി സ്വീകരിക്കാനോ നിലവിൽ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഇക്കാര്യത്തിൽ എം.എൽ.എ.-യെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു ഉന്നതതല യോഗം ചേരുന്നതിന് മുൻകൈ എടുക്കുമോ?

ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) കരാറുകാർ ഏറ്റെടുത്തിട്ട് മുടങ്ങിക്കിടക്കുന്ന പ്രവൃത്തിയായ പള്ളിത്തോട് ചേറുങ്കൽ റോഡ് കോൺട്രാക്റ്ററുടെ മരണംമൂലം നിലവിലുള്ള കരാർ 07-05-2014-ൽ റദ്ദ് ചെയ്തിട്ടുണ്ട്. ബാക്കി പ്രവൃത്തി 2015-ൽ രണ്ട് തവണ ടെണ്ടർ ചെയ്തിരുന്നുവെങ്കിലും കരാറുകാർ ആരുംതന്നെ ടെണ്ടർ സമർപ്പിച്ചിരുന്നില്ല.

(സി) റീ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.

(ഡി) നടപടി കൈക്കൊള്ളുന്നതാണ്.

**തെരുവുനായ്ക്കളുടെ നിയന്ത്രണം**

132 (1471) ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവ് നായ്ക്കളുടെ ആക്രമണംമൂലം സംസ്ഥാനത്ത് കഴിഞ്ഞ രണ്ട് വർഷം എത്രപേർ മരണപ്പെടുകയുണ്ടായി;

(ബി) തെരുവ് നായ്ക്കളുടെ നിയന്ത്രണത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ പരാജയപ്പെടുന്നതും തെരുവ് നായ്ക്കളുടെ ശല്യം കൂടി വരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തെരുവ് നായ്ക്കളെ വന്ധ്യംകരിക്കുന്നതിന് കുടുംബശ്രീ അംഗങ്ങൾക്ക് പരിശീലനം നൽകുന്ന പദ്ധതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ എത്രപേർക്ക് ഇതിനകം പരിശീലനം നൽകി;

(ഡി) ഇതിനകം എത്ര തെരുവ് നായ്ക്കളെ കുടുംബശ്രീ മുഖേന വന്ധ്യംകരിച്ചുവെന്നും എന്ത് തുക ഇക്കാര്യത്തിനായി ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) 10 പേർ മരണപ്പെടുകയുണ്ടായി.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഉണ്ട്. 245 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്,

(ഡി) ആകെ 856 തെരുവുനായ്ക്കളെ വന്ധ്യംകരിച്ചിട്ടുണ്ട്. ഇതിലേക്കായി 12,82,176 രൂപ ചെലവഴിച്ചിട്ടുണ്ട്.

**തെരുവുനായ്ക്കളുടെ പുനരധിവാസം**

133 (1472) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവ് നായ്ക്കളുടെ പുനരധിവാസ പ്രവർത്തനം ഊർജ്ജിതമാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇതിനായി നിലവിൽ നടപ്പിലാക്കിവരുന്ന നടപടികൾ കൂടാതെ കൂടുതൽ ശാസ്ത്രീയമായ നടപടികൾ സ്വീകരിക്കുമോ;

(സി) ഇതിനായി കഴിഞ്ഞ സാമ്പത്തിക വർഷം എത്ര തുക വീതം എന്തെല്ലാം പ്രവർത്തനങ്ങൾക്ക് നൽകിയിട്ടുണ്ട്; വിശദവിവരം നൽകുമോ;

(ഡി) തെരുവ് നായ്ക്കളുടെ വന്ധ്യംകരണ പ്രക്രിയയ്ക്ക് കൂടുതൽ പണം അനുവദിക്കുന്നതിനും ഈ ഇനത്തിൽ ഇപ്പോൾ നൽകിവരുന്ന പ്രതിഫലം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ശാസ്ത്രീയമായ നടപടികളാണ് നിലവിൽ സ്വീകരിച്ചുവരുന്നത്.

(സി) തെരുവുനായ്ക്കളുടെ വന്ധ്യംകരണം, വാക്സിനേഷൻ തുടങ്ങിയവയ്ക്കായി ഗ്രാമപഞ്ചായത്തുകൾ 11,88,06,264 രൂപയും നഗരസഭകൾ 9,52,31,544 രൂപയും വകയിരുത്തിയിരുന്നു.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

## നഷ്ടപരിഹാരം

134 (1473) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവ് നായ്ക്കളുടെ ആക്രമണത്തിൽ 2016,2017 ജൂൺ 30 വരെയും എത്രപേർ മരണപ്പെട്ടുവെന്നും, എത്രപേർക്ക് പരിക്കേറ്റുവെന്നും വെളിപ്പെടുത്തുമോ;

(ബി) തെരുവ് നായശല്യം തടയുന്നതിൽ പ്രാഥമിക ഉത്തരവാദിത്വം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായതിനാൽ കടിയേൽക്കുന്നവർക്കുള്ള നഷ്ട പരിഹാരവും അവർ നൽകണമെന്ന് ചീഫ് സെക്രട്ടറി സുപ്രീംകോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലത്തിൽ വ്യക്തമാക്കിയിട്ടുണ്ടോ;

(സി) തെരുവ് നായ്ക്കളുടെ ആക്രമണത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്കും പരിക്കേറ്റവർക്കും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) ഏറ്റവും കൂടുതൽ തുക നഷ്ടപരിഹാരം ആർക്കാണ് നൽകിയത്?

### ഉത്തരം

(എ) 10 പേർ മരണപ്പെടുകയും 7201 പേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്. ജസ്റ്റീസ് (റിട്ട) സിരിജഗൻ കമ്മിറ്റിയുടെ റിപ്പോർട്ട് അംഗീകരിച്ചുകൊണ്ട് എസ്.എൽ.പി. 691/2009 കേസിൽ സുപ്രീംകോടതിയുടെ 3-3-2017-ലെ ഉത്തരവുപ്രകാരം 19 പേർക്ക് ആകെ 33,37,743 രൂപ നഷ്ടപരിഹാരം നൽകാൻ 11-5-2017-ലെ സ.ഉ. (ആർ.റ്റി.) 1546/2017/തസ്വഭവ പ്രകാരം ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി* ചേർത്തിരിക്കുന്നു. കൂടാതെ 21-3-2017-ലെ സ.ഉ. (കൈ) നമ്പർ 84/17/റവ. പ്രകാരം തെരുവുനായ ആക്രമണത്തിൽ മരണപ്പെട്ട കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിലെ പന്മന മാവേലി ആയിഷ മൻസിലിൽ സജീവിന്റെ ഭാര്യയായ അമീനയുടെ കുടുംബത്തിന് 5 ലക്ഷം രൂപയും 17-5-2017-ലെ സ.ഉ. (സാധാ) നമ്പർ 2294/2017/റവ. പ്രകാരം തിരുവനന്തപുരം കാട്ടുപുറം ചരുവിള വീട്ടിൽ കുഞ്ഞുകൃഷ്ണന്റെ കുടുംബത്തിന് 1 ലക്ഷം രൂപയും 26-5-2017-ലെ സ.ഉ. (സാധാ) നമ്പർ 168/2017/റവ. പ്രകാരം തിരുവനന്തപുരം കരുംകുളം പുല്ലുവിള പള്ളികെട്ടിയ പുരയിടത്തിൽ ജോസ് ക്ലീനിന്റെ കുടുംബത്തിന് 5 ലക്ഷം രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) മാള ഗ്രാമപഞ്ചായത്തിലെ ശ്രീ. പി. എസ്. ബിജു എന്ന അപേക്ഷകനാണ് ഏറ്റവും കൂടുതൽ തുക നഷ്ടപരിഹാരമായി നൽകാൻ ഉത്തരവ് നൽകിയിട്ടുള്ളത്. എന്നാൽ ഈ തുക നൽകുന്നതിനുള്ള ബാദ്ധ്യതയിൽ നിന്നും ഗ്രാമപഞ്ചായത്തിനെ ഒഴിവാക്കണമെന്നാവശ്യപ്പെട്ട് മാള ഗ്രാമപഞ്ചായത്ത് ഹൈക്കോടതിയിൽ WP(C) 18013/2017 നമ്പർ പ്രകാരം കേസ് ഫയൽ ചെയ്തിരിക്കുകയാണ്.

## കിണർ റീച്ചാർജ്

135 (1474) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ വാമനപുരം ബ്ലോക്ക് പഞ്ചായത്തിൽ കഴിഞ്ഞ ഭരണ സമിതിയുടെ കാലത്ത് കിണർ റീച്ചാർജിനുവേണ്ടി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ പ്രകാരം റീച്ചാർജ്ജ് ചെയ്ത എത്ര യൂണിറ്റുകൾ ഇപ്പോൾ ഫലപ്രദമായി പ്രവർത്തിക്കുന്നുവെന്നും പ്രവർത്തനരഹിതമായവ എത്രയെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) വാമനപുരം ബ്ലോക്ക് പഞ്ചായത്തിൽ പി.എം.കെ.എസ്.വൈ. പദ്ധതി പ്രകാരം 350 വീടുകളിലും 6 സ്കൂളുകളിലുമായി 33.6 ലക്ഷം രൂപ ചെലവഴിച്ച് കിണർ റീച്ചാർജിംഗ് പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

(ബി) എല്ലാ യൂണിറ്റുകളും നിലവിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

## കേന്ദ്ര റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) നിയമം

136 (1475) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) നിയമം റദ്ദാകുന്ന സാഹചര്യത്തിൽ കേന്ദ്ര റിയൽ എസ്റ്റേറ്റ് നിയമം ബാധകമായിട്ടുള്ള പ്ലാനിംഗ് ഏരിയ നിശ്ചയിച്ചിട്ടുള്ളത്, നഗര ഗ്രാമാസൂത്രണ നിയമത്തിൽ പ്രഖ്യാപിച്ചിട്ടുള്ള പ്ലാനിംഗ് ഏരിയകൾക്ക് മാത്രമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്ലാനിംഗ് ഏരിയയിൽ ഉൾപ്പെടാത്തതിനാൽ സംസ്ഥാനത്തെ ധാരാളം നഗരസഭകളും എല്ലാ ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളും കേന്ദ്ര റിയൽ എസ്റ്റേറ്റ് നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടാത്ത സ്ഥിതിവിശേഷമുണ്ടാകാൻ ഇടയുണ്ടോ; എങ്കിൽ ഇത് മറികടക്കുന്നതിന് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) കേന്ദ്ര നിയമപ്രകാരം പാട്ടത്തിന് നൽകിയ സ്ഥലത്തും ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിന് വ്യവസ്ഥയുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സംസ്ഥാനത്തെ ഭൂമി നിയമങ്ങൾ കണക്കിലെടുക്കുമ്പോൾ ഇത് പ്രായോഗികമാണെന്ന് കരുതുന്നുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ-സി) കേന്ദ്ര റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) നിയമം 2016-ൽ നിലവിൽ വന്നതിനെത്തുടർന്ന് 2017-ലെ 15-ാം ഓർഡിനൻസായി (15-7-2017-ലെ വിജ്ഞാപനം നമ്പർ 5378/ലെഗ്.സി1/2017/നിയമം) കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) നിയമം 2015 റദ്ദാക്കിയിട്ടുള്ളതാണ്. എന്നാൽ റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) സംബന്ധിച്ച കേന്ദ്ര നിയമത്തിന് അനുസൃതമായ ചട്ടങ്ങൾ രൂപീകരിക്കുന്ന പ്രവൃത്തികൾ ദ്രുതഗതിയിൽ പൂർത്തീകരിച്ചുവരികയാണ്. ടി ചട്ടങ്ങൾ രൂപീകരിച്ചാൽ മാത്രമേ പ്ലാനിംഗ് ഏരിയ സംബന്ധിച്ചും പാട്ട സ്ഥലത്ത് ഫ്ലാറ്റ് നിർമ്മാണം സംബന്ധിച്ചുമുള്ള വിഷയങ്ങളിൽ വ്യക്തത സാദ്ധ്യമാകുകയുള്ളൂ.

## മാലിന്യ സംസ്കരണ സംവിധാനം

137 (1476) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹോട്ടൽ, കല്ല്യാണമണ്ഡപങ്ങൾ തുടങ്ങിയ സ്ഥാപനങ്ങൾ മതിയായ മാലിന്യ സംസ്കരണ സംവിധാനം ഇല്ലാതെയാണ് പ്രവർത്തിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ മാലിന്യസംസ്കരണ സംവിധാനം ഒരുക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 2012-ലെ കേരള മുനിസിപ്പാലിറ്റി ഭേദഗതി ആക്ട് പ്രകാരം വ്യാപാര കേന്ദ്രങ്ങൾ, ആശുപത്രികൾ, ചന്തകൾ, അറവുശാലകൾ, ചിക്കൻ സ്റ്റാളുകൾ, മത്സ്യ സ്റ്റാളുകൾ, കല്യാണ മണ്ഡപങ്ങൾ, ഫ്ലാറ്റുകൾ, ഹോട്ടലുകൾ, കാറ്ററിംഗ് സർവ്വീസ് സ്ഥാപനങ്ങൾ, 400 ചതുരശ്ര മീറ്ററിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള വീടുകൾ, മുനിസിപ്പാലിറ്റികൾ വിജ്ഞാപനം ചെയ്തേക്കാവുന്ന അങ്ങനെയുള്ള മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിൽ ഉറവിടത്തിൽ മാലിന്യം തരംതിരിച്ച് സംസ്കരിക്കണമെന്നുള്ളത് വ്യക്തമാക്കിയിട്ടുള്ളതാണ്. കേന്ദ്ര പരിസ്ഥിതി-വനവും കാലാവസ്ഥാ വ്യതിയാനവും വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ചട്ടം 2016 പ്രകാരം മാലിന്യമുൽപ്പാദിപ്പിക്കുന്നവരുടെ ഉത്തരവാദിത്വങ്ങളും അധികാരം സ്ഥാനങ്ങളുടെ ചുമതലകളും വ്യക്തമാക്കപ്പെട്ടിട്ടുണ്ട്.

തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഡി & ഒ ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന ഹോട്ടലുകൾ, ക്ലബ്ബുകൾ, കല്ല്യാണ മണ്ഡപങ്ങൾ/വിവാഹ ഹാളുകൾ, ഭക്ഷണശാലകൾ പ്രവർത്തിക്കുന്ന മാളുകൾ, റീടെയിൽ കേന്ദ്രങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഭക്ഷ്യവസ്തുക്കൾ വിൽക്കുന്ന സിനിമാ തിയേറ്ററുകൾ, വസ്ത്രശാലകൾ, പാർട്ടികളുമായി ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ് യൂണിറ്റുകൾ, പച്ചക്കറി പഴവിപണന കടകൾ, മത്സ്യം, മാംസം എന്നിവ വിൽക്കുന്ന കടകൾ, വിവിധ ക്യാന്റീനുകൾ എന്നിവിടങ്ങളിലെല്ലാം മാലിന്യങ്ങൾ തരംതിരിച്ച് ജൈവമാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഉറവിടത്തിൽ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പോലുള്ള അനുയോജ്യമായ സംവിധാനങ്ങൾ 2017 സെപ്റ്റംബർ 15-ന് മുമ്പായി സജ്ജീകരിക്കുന്നതിന് അതാത് തദ്ദേശഭരണ സ്ഥാപനങ്ങൾ കർശനമായ നിർദ്ദേശം നൽകേണ്ടതാണെന്ന് 22-7-2017-ലെ സ.ഉ. (സാധാ) നമ്പർ 2511/2017/തസ്വഭവ. പ്രകാരം ഉത്തരവായിട്ടുണ്ട്.

ഉറവിട മാലിന്യ സംസ്കരണ മാർഗ്ഗങ്ങൾ 2017 സെപ്റ്റംബർ 15-ന് മുമ്പായി സജ്ജീകരിച്ച് പ്രവർത്തനക്ഷമമാക്കാത്ത സ്ഥാപനങ്ങളുടെ ഡി & ഒ ലൈസൻസ് വേറൊരു അറിയിപ്പ് കൂടാതെ റദ്ദാക്കുന്നതിന് കേരള മുനിസിപ്പാലിറ്റി/പഞ്ചായത്ത് രാജ് ആക്ട് 1994 അനുസരിച്ചുള്ള നടപടികൾ അതാത് തദ്ദേശഭരണ സ്ഥാപന

സെക്രട്ടറിമാർ സ്വീകരിക്കേണ്ടതാണെന്നും പുതുതായി ഡി & ഒ ലൈസൻസിന് അപേക്ഷിക്കുന്ന മേൽ പറഞ്ഞ രീതിയിലുള്ള സ്ഥാപനങ്ങൾ മേൽ വിവരിച്ച രീതിയിൽ ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിന് അനുയോജ്യമായ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കി മാത്രമേ അവർക്ക് ഡി & ഒ ലൈസൻസ് ഇനി മേലിൽ നൽകാവൂ എന്നും ടി ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്.

ഹോട്ടൽ, കല്ല്യാണ മണ്ഡപങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളിൽ സ്ഥാപിക്കുവാൻ കഴിയുന്ന അനുയോജ്യമായ ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ശുചിത്വ മിഷൻ മുഖേന നിശ്ചയിച്ചിട്ടുകയും അത് സ്ഥാപിക്കുവാൻ യോഗ്യരായ സർവ്വീസ് പ്രൊവൈഡർമാരെയും എംപാനൽ ചെയ്തിട്ടുണ്ട്.

## സാമൂഹ്യ സുരക്ഷാ പെൻഷൻ

138 (1477) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നതിന് 2017 ജനുവരി മുതൽ അപേക്ഷ നൽകിയവർക്ക് പെൻഷൻ അനുവദിക്കാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ ;

(ബി) നിലവിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നത് എത്ര പേർക്കാണ്; പെൻഷൻ വീടുകളിലെത്തിക്കുന്ന പദ്ധതി പ്രകാരം എന്നുവരെയുള്ള പെൻഷൻ വിതരണം ചെയ്തു;

(സി) പഞ്ചായത്തിൽ പെൻഷന് അപേക്ഷ നൽകിയാൽ ഒരുമാസത്തിനകം തീരുമാനമെടുക്കണമെന്ന നിബന്ധനയുണ്ടോ; എങ്കിൽ ജനുവരി മാസം മുതൽ അപേക്ഷ നൽകിയവരുടെ അപേക്ഷയിൽ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നതിനുള്ള അപേക്ഷ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ അംഗീകരിച്ച് വൈബ്സൈറ്റിലേക്ക് അപ്‌ലോഡ് ചെയ്യുന്നതനുസരിച്ചാണ് പെൻഷൻ തുക വിതരണം ചെയ്യുന്നത്. ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭിക്കുന്ന മുറയ്ക്ക് തുക അനുവദിക്കുന്നപ്രകാരം പെൻഷൻ വിതരണം നടത്തിയിട്ടുണ്ട്.

(ബി) നിലവിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നവരുടെ എണ്ണം ചുവടെ ചേർക്കുന്നു:

1. ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ - 359314
2. ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ - 2093652
3. ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ - 1240520
4. കർഷക തൊഴിലാളി പെൻഷൻ - 491363
5. 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ-78014

ആകെ - 4262863

പെൻഷൻ വീടുകളിൽ എത്തിക്കുന്ന പദ്ധതിപ്രകാരം 2017 ഏപ്രിൽ മാസം വരെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. 2017 മെയ്, ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ പെൻഷൻ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) സാമൂഹ്യക്ഷേമ പദ്ധതികളായ അഗതി-വിധവ/വിവാഹമോചിതർ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, വികലാംഗർ/അംഗവൈകല്യം സംഭവിച്ചവർ/ഭിന്നശേഷിയുള്ളവർ എന്നിവർക്കുള്ള പെൻഷൻ എന്നിവ ലഭിക്കുന്നതിനായി ഗ്രാമപഞ്ചായത്തിലെ വാർഡ് അംഗത്തിന്റെയും സെക്രട്ടറിയുടെയും അഭിപ്രായത്തോടും അന്വേഷണ റിപ്പോർട്ടോടുംകൂടി ലഭിക്കുന്ന നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷകൾ പഞ്ചായത്ത് കമ്മിറ്റിയിൽ സമർപ്പിക്കേണ്ടതും അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു മാസത്തിനകം തീരുമാനമെടുക്കേണ്ടതുമാണെന്ന നിബന്ധനയുണ്ട്. 7-4-1997-ലെ ജി.ഒ. (പി) 11/97/സ.ക്ഷേ.വ പ്രകാരം കർഷക തൊഴിലാളി പെൻഷനായി നിർദ്ദിഷ്ട ഫോറത്തിൽ ലഭിക്കുന്ന അപേക്ഷകളിൽ തദ്ദേശഭരണ സ്ഥാപനത്തിന്റെ അധികാരി വിശദമായ അന്വേഷണം നടത്തേണ്ടതും അപേക്ഷയിൽ കാണിച്ചിട്ടുള്ള വിവരങ്ങളുടെ നിജസ്ഥിതിയെപ്പറ്റി ബോദ്ധ്യപ്പെടേണ്ടതും അർഹതയുള്ള കേസുകളിൽ 45 ദിവസത്തിനകം പെൻഷൻ അനുവദിക്കേണ്ടതുമാണ്. 16-04-1998-ലെ ജി. ഒ. (പി) നമ്പർ 18/98/തൊഴിൽ പ്രകാരം ജനുവരി മാസം മുതൽ ലഭിച്ച അപേക്ഷകളിൽ അടിയന്തരമായ നടപടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ സ്വീകരിച്ചുവരുന്നുണ്ട്.

## മാലിന്യ സംസ്കരണം

139 (1478) ശ്രീ. ബി. സത്യൻ:

ശ്രീ. വി. കെ. സി. മമ്മത് കോയ:

ശ്രീ. കെ. ജെ. മാക്സി:

ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവ അജൈവ മാലിന്യ സംസ്കരണത്തിന്റെ മുഖ്യചുമതലക്കാരായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇക്കാര്യത്തിൽ വേണ്ടത്ര പുരോഗതി നേടാനാകാതെ പോയതിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) മാലിന്യപ്രശ്ന പരിഹാരത്തിനായി സർക്കാരിന്റെ എന്തൊക്കെ ഇടപെടലുകൾ ഉണ്ടാകുമെന്ന് അറിയിക്കുമോ;

(സി) മാലിന്യ നിർമ്മാർജ്ജനം ജനകീയ പ്രസ്ഥാനമെന്ന രീതിയിൽ പരിണമിപ്പിക്കാൻ നേരിട്ട് ഇടപെടുമോയെന്ന് വ്യക്തമാക്കാമോ;

(ഡി) ജൈവമാലിന്യങ്ങൾ കഴിവതും ഉറവിടത്തിൽത്തന്നെ സംസ്കരിക്കുവാൻ ഓരോ കുടുംബങ്ങളെയും നിർബന്ധിതരാക്കുന്നതിനും പ്ലാസ്റ്റിക്, ഇലക്ട്രോണിക്സ് മാലിന്യങ്ങൾ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ശേഖരിച്ച് കേന്ദ്രീകൃതമായി സംസ്കരിക്കുന്നതിനും ആവശ്യമായ ഇടപെടൽ നടത്തുമോ?

ഉത്തരം

(എ) വിലയിരുത്തിയിട്ടുണ്ട്.

(ബി) 2016-17 സാമ്പത്തിക വർഷത്തിൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും പ്ലാൻ ഫണ്ടിന്റെ 10% തുക മാലിന്യ സംസ്കരണ പ്രോജക്ടുകൾക്കായി വകയിരുത്തണമെന്ന് നിർദ്ദേശിച്ചിരുന്നു. 2017-18 വർഷത്തിൽ 3-4-2017-ലെ ജി.ഒ. (എം.എസ്)നമ്പർ 79/2017/തസ്വഭവ, 29-03-2017-ലെ ജി.ഒ. (എം.എസ്)നമ്പർ 72/2017/തസ്വഭവ എന്നിവ പ്രകാരവും യഥാക്രമം നഗരസഭകൾക്കും ത്രിതല പഞ്ചായത്തുകൾക്കുമുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവുകളിൽ പൊതുവിഭാഗം പ്ലാൻ ഫണ്ടിൽ നിന്നും നഗരസഭകൾ 15 ശതമാനവും പഞ്ചായത്തുകൾ 10 ശതമാനവും തുക മാലിന്യ സംസ്കരണത്തിന് ഊന്നൽ നൽകി മാറ്റി വയ്ക്കുന്നതിനായും ഉത്തരവായിട്ടുണ്ട്. അതുപോലെ ഹരിതകേരളം മിഷന്റെ ഭാഗമായ ശുചിത്വ-മാലിന്യ സംസ്കരണ ഉപമിഷൻ നിർവ്വഹണ മാർഗ്ഗരേഖ 15-07-2017-ലെ സ.ഉ. (സാധാ)നമ്പർ 2420/2017/തസ്വഭവ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

22-07-2017-ലെ സ.ഉ. (സാധാ)നമ്പർ 2511/2017/തസ്വഭവ പ്രകാരം ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലക്കുന്നതിന് നടപടി സ്വീകരിക്കുന്നതിലേക്ക് വേണ്ട നിർദ്ദേശം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്.

(സി) ഹരിത കേരളം മിഷനിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിൽ ജനകീയ പങ്കാളിത്തത്തോടെ മാലിന്യ നിർമ്മാർജ്ജനം നടപ്പാക്കുകയെന്ന പൊതു സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ഓരോ തലത്തിലും ഏകോപന സംവിധാനങ്ങളും ഉണ്ടാകും.

(ഡി) ആവശ്യമായ ഇടപെടലുകൾ നടത്തിവരുന്നുണ്ട്.

**മുക്കാട് തോട് പാലം**

140 (1479) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ നൂറനാട് -മുക്കാട് തോട് പാലം നിർമ്മാണം എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് എസ്റ്റിമേറ്റ്, ഭരണാനുമതി എന്നിവ സമർപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ഈ പ്രവൃത്തിക്ക് അടിയന്തരമായി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിക്കായി 70 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ സ്ട്രക്ചറൽ ഡിസൈൻ പ്രകാരം 175 ലക്ഷം രൂപ ആവശ്യമാണെന്ന് കണ്ടെത്തുകയും ആയതുപ്രകാരം ആലപ്പുഴ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കിവരികയുമാണ്.

(സി) എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## മഴക്കാലപൂർവ്വ ശുചീകരണം

141 (1480) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പകർച്ചവ്യാധികൾ പടർന്നുപിടിക്കാതിരിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന മഴക്കാലപൂർവ്വ ശുചീകരണം നടപ്പിലാക്കിയോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി എന്ത് തുക ചെലവാക്കിയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) പദ്ധതി നടപ്പിലാക്കുന്നതിൽ ഏതെല്ലാം തദ്ദേശഭരണ സ്ഥാപനങ്ങളാണ് വീഴ്ചവരുത്തിയിട്ടുള്ളതെന്നും ഇതിനെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) 16-3-2017-ലെ സർക്കാർ സർക്കുലർ നമ്പർ127/2016/തസ്വഭവ. പ്രകാരം മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുവാൻ നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. ആയത് പ്രകാരമുള്ള മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപനതലത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പഞ്ചായത്ത് വകുപ്പിലും നഗരകാര്യ വകുപ്പിലും ചെലവഴിച്ച തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി* ചേർക്കുന്നു.

(സി) വീഴ്ചവരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## മാലിന്യ സംസ്കരണ നടപടികൾ

142 (1481) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യ സംസ്കരണം സംബന്ധിച്ച സർക്കാർ നയം വിശദമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മാലിന്യ സംസ്കരണത്തിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) തെരുവോരങ്ങളിൽ മാലിന്യങ്ങൾ കെട്ടിക്കിടക്കുന്ന അവസ്ഥ ഇല്ലാതാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ബഹുജന പങ്കാളിത്തം ഉറപ്പുവരുത്തി ജൈവ മാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണവും അജൈവ മാലിന്യം ശേഖരിച്ച് സംഭരിച്ച് റീസൈക്ലിംഗ് മേഖലയ്ക്ക് കൈമാറ്റം ചെയ്യലും അതിനൊക്കെ സഹായകമായ പൊതുജന സൗഹൃദ ആസ്തികളുടെ നിർമ്മാണവും സംവിധാനങ്ങളുടെ സൃഷ്ടിക്കലും സ്വന്തമായി ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങളൊന്നും സ്ഥാപിക്കാൻ കഴിയാത്ത ഇടങ്ങളിൽ നിന്നുമുള്ള ജൈവമാലിന്യം പൊതുസംവിധാനങ്ങളിൽ എത്തിച്ച് സംസ്കരിക്കുകവഴി കേരളം രാജ്യത്തിന് മാതൃകയാകത്തക്കവിധത്തിൽ മാലിന്യമുക്തമാക്കുകയെന്നതാണ് പൊതുനയം.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നവകേരള കർമ്മ പദ്ധതിയുടെ ഭാഗമായുള്ള നാല് വികസന മിഷനുകൾ 28-9-2016-ലെ സ.ഉ. (പി) നമ്പർ 41/2016/ആ.സാ.വ. പ്രകാരം നിലവിൽ വന്നു. ഇതിൽ ശുചിത്വം-മാലിന്യ സംസ്കരണം, കൃഷി വികസനം, ജലവിഭവ സംരക്ഷണം എന്നീ മൂന്ന് മേഖലകൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ളതാണ് ഹരിത കേരളം മിഷൻ. ഹരിത കേരളം മിഷൻ ഉപദൗത്യമായ ശുചിത്വ മാലിന്യ സംസ്കരണ മാർഗ്ഗനിർദ്ദേശങ്ങൾ 19-4-2017-ലെ സ.ഉ. (സാധാ)നമ്പർ 2420/2017/തസ്വഭവ. പ്രകാരം പുറപ്പെടുവിച്ചുകഴിഞ്ഞു.

2016-17 സാമ്പത്തിക വർഷത്തിൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും പ്ലാൻ ഫണ്ടിന്റെ 10% തുക മാലിന്യ സംസ്കരണ പ്രോജക്ടുകൾക്കായി വകയിരുത്തണമെന്ന് നിർദ്ദേശിച്ചിരുന്നു. 2017-18 വർഷത്തിൽ 3-4-2017-ലെ ജി.ഒ. (എം.എസ്.) നമ്പർ 79/2017/തസ്വഭവ, 29-3-2017-ലെ ജി.ഒ. (എം.എസ്.) നമ്പർ72/2017/തസ്വഭവ. പ്രകാരവും യഥാക്രമം നഗരസഭകൾക്കും ത്രിതല പഞ്ചായത്തുകൾക്കുമുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവുകളിൽ പൊതുവിഭാഗം പ്ലാൻ ഫണ്ടിൽനിന്നും നഗരസഭകൾ 15 ശതമാനവും പഞ്ചായത്തുകൾ 10 ശതമാനവും തുക മാലിന്യ സംസ്കരണത്തിന് ഊന്നൽ നൽകി മാറ്റിവയ്ക്കുന്നതിനായും ഉത്തരവായിട്ടുണ്ട്.

മാലിന്യ സംസ്കരണം സംബന്ധിച്ച് നിലവിലുള്ള നിയമങ്ങൾ കർശനമായി നടപ്പിലാക്കുന്നതോടൊപ്പം മാലിന്യങ്ങൾ തെരുവോരങ്ങളിലും പൊതു സ്ഥലങ്ങളിലേക്കും വലിച്ചെറിയുന്നത് ഒഴിവാക്കുന്നതിനും ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിനുവേണ്ട അടിയന്തര നടപടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ സ്വീകരിക്കാൻ നിർദ്ദേശം നൽകി 22-7-2017-ലെ സ.ഉ. (സാധാ)നമ്പർ 2511/2017/തസ്വഭവ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 24-9-2016-ലെ സർക്കാർ സർക്കുലർ നമ്പർ576/ഡി.സി.1/16/തസ്വഭവ പ്രകാരം പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016-ന്റെ അടിസ്ഥാനത്തിൽ പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം നിയന്ത്രിക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശഭരണ പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായി പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടം നടപ്പിലാക്കുന്നതിനും പ്രവർത്തനങ്ങളുടെ മോണിട്ടറിംഗിനുമായി സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(സി) വീടുകളിലും സ്ഥാപനങ്ങളിലും പൊതുഇടങ്ങളിലും ഉൽപ്പാദിപ്പിക്കുന്ന ജൈവ-അജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ഗാർഹിക, കമ്മ്യൂണിറ്റിതല സൗകര്യങ്ങൾ സൃഷ്ടിച്ചുകൊണ്ടും നിലവിലുള്ള കേന്ദ്രീകൃത പ്ലാന്റുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തിയും സുരക്ഷിത മാലിന്യ സംസ്കരണം ഉറപ്പാക്കിക്കൊണ്ട് തെരുവോരങ്ങളിൽ മാലിന്യമെത്തുന്ന സ്ഥിതി ഒഴിവാക്കപ്പെടുത്തുന്നതിന് അനുസൃതമായ നടപടികളാണ് സ്വീകരിച്ചുവരുന്നത്.

**കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ്**

143 (1482) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി ഗ്രാമപഞ്ചായത്തിലെ എസ്.എൻ.ഡി.പി. യൂണിയൻ കെട്ടിടത്തിന് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ് നൽകണമെന്ന ആവശ്യം സംബന്ധിച്ച് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് (കോട്ടയം) നൽകിയ 21/6/2017 -ലെ RDI/C12017/LSGD നമ്പർ കത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ (കോട്ടയം) സ്ഥലപരിശോധന നടത്തി വിശദമായ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഈ വിഷയത്തിൽ എത്രയും വേഗം തീരുമാനമെടുക്കുമോയെന്ന് വ്യക്തമാക്കുമോ; ഇനിയും കാലതാമസം ഉണ്ടാകാതെ ഈ വിഷയത്തിൽ അടിയന്തരമായി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രസ്തുത വിഷയം സംബന്ധിച്ച് കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ 07-08-2017-ലെ ബി2-11153/16 നമ്പർ കത്ത് പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. ഉള്ളടക്കം*ചെയ്തിട്ടുണ്ട്.

(സി) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ട് പരിശോധിച്ചശേഷം താമസംവിനാ നടപടി സ്വീകരിക്കുന്നതാണ്.

**വെളിയിട വിസർജ്ജനമുക്ത സംസ്ഥാനം**

144 (1483) ശ്രീ. റോജി എം. ജോൺ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൂർണ്ണമായും വെളിയിട വിസർജ്ജനമുക്തമാക്കുന്നതിന് കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് എത്ര തദ്ദേശഭരണ സ്ഥാപനങ്ങളെ വെളിയിട വിസർജ്ജനമുക്തമായി പ്രഖ്യാപിച്ചിട്ടുണ്ട്; വിവരിക്കുമോ;

(സി) വെളിയിട വിസർജ്ജനമുക്ത സംസ്ഥാനം എന്ന ലക്ഷ്യം എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഗ്രാമങ്ങളെ വെളിയിട വിസർജ്ജന വിമുക്ത പ്രദേശമായി പ്രഖ്യാപിച്ചതിന്റെ മുന്നോടിയായി 941 ഗ്രാമപഞ്ചായത്തുകളിൽ പുതിയതായി 1,74,720 കുടുംബങ്ങൾക്ക് വ്യക്തിഗത ഗാർഹിക ശൗചാലയങ്ങൾ നിർമ്മിച്ച് നൽകി. ത്രിതല പഞ്ചായത്തുകളുടെ പിന്തുണ ഉറപ്പാക്കി കേന്ദ്ര സർക്കാരിൽനിന്നും ഫണ്ട് ലഭ്യമാകുവാൻ കാലതാമസം ഉണ്ടാകുമെന്ന് കണ്ടറിഞ്ഞ് തങ്ങളുടെ പദ്ധതി ഫണ്ടിൽനിന്ന് ഗ്രാമപഞ്ചായത്തുകൾ മുൻകൂർ പണം ചെലവഴിച്ചിരുന്നു. സമുദ്രനിരപ്പിൽനിന്നും താഴ്ന്ന പ്രദേശങ്ങളിലും വെള്ളക്കെട്ടുള്ള

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പ്രദേശങ്ങളിലും ഭൂമിശാസ്ത്രപരമായ സവിശേഷതകൾകൂടി പരിഗണിച്ചുകൊണ്ട് സാധാരണനിരക്കിൽ കൂടുതൽ ചെലവു വരുന്നതും അനുയോജ്യ സാങ്കേതിക വിദ്യയോടുംകൂടിയ ഗാർഹിക ശൗചാലയങ്ങളാണ് നിർമ്മിച്ചുനൽകിയത്. ഇതിലേക്ക് വിവിധ സർക്കാർ/സർക്കാരിതര ഏജൻസികളിൽനിന്നും ലഭിച്ച സി.എസ്.ആർ. ഫണ്ടും ഉപയോഗിച്ചു. കൂടാതെ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായും ശൗചാലയങ്ങൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്. ജില്ലാ ഭരണ കൂടത്തിന്റെ മേൽനോട്ടം, കുടുംബശ്രീ സംഘങ്ങളുടെ പിന്തുണ, സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥികൾ, എൻ.സി.സി. തുടങ്ങിയ സംഘടനകളുടെ പിന്തുണ, ജനപ്രതിനിധികളുടെ വിശിഷ്യാ നിയമസഭാ സാമാജികർ മണ്ഡലങ്ങളിൽ നടത്തിയ ഫലപ്രദമായ ഏകോപനം, യഥാസമയങ്ങളിൽ സംസ്ഥാന സർക്കാർ നൽകിയ നിർദ്ദേശങ്ങൾ എന്നിവമൂലം കേന്ദ്ര സർക്കാർ ലക്ഷ്യമിട്ട സമയത്തിന് വളരെ മുമ്പേതന്നെ ഈ നേട്ടം കൈവരിക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞു.

നഗരപ്രദേശങ്ങളിൽ അതാത് നഗരസഭകളുടെ ഉത്തരവാദിത്വത്തിൽ ഫീൽഡുതല സർവ്വേ, വെരിഫിക്കേഷൻ എന്നിവ സംഘടിപ്പിച്ചു. സർക്കാർ പണം സമയബന്ധിതമായി നൽകി. നഗരപ്രദേശങ്ങളിൽ ആകെ 29597 വ്യക്തിഗത ഗാർഹിക ശൗചാലയങ്ങളാണ് പണിയുവാൻ ഉണ്ടായിരുന്നത്. അതിൽ 29055 ശൗചാലയങ്ങളുടെ പണി പൂർത്തിയാക്കിക്കഴിഞ്ഞിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് 941 ഗ്രാമപഞ്ചായത്തുകളെ സമ്പൂർണ്ണ വെളിയിട വിസർജ്ജന വിമുക്ത പ്രദേശമായി പ്രഖ്യാപിച്ചിട്ടുണ്ട്.

93 നഗരസഭകളിൽ 92 നഗരസഭകളും വെളിയിട വിസർജ്ജന വിമുക്ത നഗരങ്ങളായി സ്വയം പ്രഖ്യാപിച്ചിട്ടുണ്ട്. കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ മാത്രമാണ് നിലവിൽ ഒ.ഡി.എഫ്. പ്രദേശമായി പ്രഖ്യാപിക്കപ്പെടാനുള്ളത്. കേന്ദ്ര നഗരകാര്യ മന്ത്രാലയത്തിന്റെ മേൽനോട്ടത്തിൽ ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യ 51 നഗരസഭകളിൽ പരിശോധന നടത്തിയിട്ടുണ്ട്. അതിൽ 19 നഗരസഭകൾക്ക് ഒ.ഡി.എഫ് സർട്ടിഫിക്കറ്റും ലഭിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് 941 ഗ്രാമപഞ്ചായത്തുകളെ സമ്പൂർണ്ണ വെളിയിട വിസർജ്ജന വിമുക്ത പ്രദേശമായി 2016 നവംബർ 1-ന് പ്രഖ്യാപിച്ചിട്ടുണ്ട്. സമീപ ഭാവിയിൽതന്നെ സംസ്ഥാനത്തെ നഗര പ്രദേശങ്ങളെയും പൂർണ്ണമായി ഒ.ഡി.എഫ്. ആയി പ്രഖ്യാപിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

## തൃശ്ശൂർ കോർപ്പറേഷനിലെ ഒഴിവുകൾ

145 (1484) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ കോർപ്പറേഷനിൽ 2014 ഏപ്രിൽ മുതൽ 2017 ജൂൺ 30 വരെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും നിയമനം ലഭിച്ചവരുടെ എണ്ണവും പ്രസ്തുത കാലയളവിൽ വിരമിച്ച/പിരിഞ്ഞുപോയ ജീവനക്കാരുടെ എണ്ണവും തസ്തിക തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കോർപ്പറേഷനിൽ ഈ സർക്കാർ അധികാരമേറ്റശേഷം നടത്തിയ നിയമനത്തിന്റെ കണക്ക് തസ്തിക തിരിച്ച് ലഭ്യമാക്കുമോ;

(സി) താൽക്കാലിക/കരാർ അടിസ്ഥാനത്തിൽ എത്രപേർ ജോലി ചെയ്യുന്നുണ്ടെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കുമോ;

(ഡി) 2014 ഏപ്രിൽ ഒന്ന് മുതൽ ആശ്രിത നിയമന വ്യവസ്ഥയിൽ നിയമനം നേടിയവരുടെ കണക്ക് തസ്തിക തിരിച്ച് ലഭ്യമാക്കുമോ ; എത്ര ശതമാനം ഒഴിവുകളാണ് ഇത്തരത്തിൽ നികത്തപ്പെടുന്നതിന് വ്യവസ്ഥയുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(ഇ) കോർപ്പറേഷനിലെ ഇലക്ട്രിക്കൽ വിഭാഗത്തിൽ ഏതെല്ലാം തസ്തികകളിൽ എത്ര വീതം ഒഴിവുകളുണ്ടെന്ന് വിശദമാക്കുമോ ; അവ നിലവിൽ വന്ന തീയതി വ്യക്തമാക്കുമോ?

ഉത്തരം

(എ) 10 പേർക്ക് നിയമനം ലഭിച്ചിട്ടുണ്ട്.

| | |
|---|---|
| ഓഫീസ് അറ്റൻഡന്റ് | -3 |
| ഡ്രൈവർ | -2 |
| എൽ.ഡി ക്ലാർക്ക്/ ബിൽ കളക്ടർ | -4 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | -1 |

പ്രസ്തുത കാലയളവിൽ വിരമിച്ചവർ -38 പേർ

| | |
|---|---|
| പി.എ. ടു സെക്രട്ടറി | -2 |
| ഡെപ്യൂട്ടി സെക്രട്ടറി | -1 |
| അക്കൗണ്ട്സ് ഓഫീസർ | -2 |
| അസിസ്റ്റന്റ് റവന്യൂ ഓഫീസർ ഗ്രേഡ് II | -1 |

| | |
|---|---|
| റവന്യൂ ഓഫീസർ | -1 |
| കൗൺസിൽ സെക്രട്ടറി | -3 |
| ഹെൽത്ത് സൂപ്പർവൈസർ | -1 |
| ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I | -4 |
| ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II | -1 |
| സൂപ്രണ്ട് | -12 |
| സീനിയർ ക്ലാർക്ക് | -5 |
| ഡ്രൈവർ | -1 |
| പ്യൂൺ | -1 |
| ഫെയർ കോപ്പി സൂപ്രണ്ട് | -2 |
| സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് | -1 |

(ബി) 7 പേരെ നിയമിച്ചിട്ടുണ്ട്.

| | |
|---|---|
| എൽ.ഡി. ക്ലാർക്ക്/ബിൽ കളക്ടർ | -3 |
| ഓഫീസ് അറ്റൻഡന്റ് | -1 |
| സാനിട്ടേഷൻ വർക്കേഴ്സ് | -3 |

(സി) താൽക്കാലിക/കരാർ അടിസ്ഥാനത്തിൽ 405 പേർ ജോലി ചെയ്യുന്നു.

| | |
|---|---|
| വെറ്ററിനറി സർജൻ | -1 |
| ക്ലീനർ | -3 |
| ഡ്രൈവർ | -3 |
| കൗൺസിൽ വാങ്ങുന്ന വാഹനങ്ങൾക്ക് | -6 |
| ദിവസ വേതന ശുചീകരണ തൊഴിലാളികൾ | -390 പേർ |
| ഓഫീസ് അറ്റൻഡന്റ് | -2 പേർ |

(ഡി) 8 പേർ നിയമനം നേടിയിട്ടുണ്ട്.

| | |
|---|---|
| എൽ.ഡി. ക്ലാർക്ക് | -4 |
| ഓഫീസ് അറ്റൻഡന്റ് | -1 |
| സാനിട്ടേഷൻ വർക്കർ | -3 |

മുനിസിപ്പൽ കോമൺ സർവ്വീസിൽ ആശ്രിത നിയമനത്തിന് ക്വാട്ട നിശ്ചയിച്ചിട്ടില്ല.

(ഇ) ഇലക്ട്രിക്കൽ വിഭാഗത്തിലെ ഒഴിവുകൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

## മാലിന്യ നിർമ്മാർജ്ജന ഏജൻസികൾ

146 (1485) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യ നിർമ്മാർജ്ജനം, ശുചിത്വം എന്നിവയുമായി ബന്ധപ്പെട്ട് സർക്കാരിനു കീഴിൽ പ്രവർത്തിക്കുന്ന ഏജൻസികളെക്കുറിച്ച് വിശദമാക്കുമോ;

(ബി) പ്ലാസ്റ്റിക് തുടങ്ങിയ കത്തിക്കാൻ പാടില്ലാത്ത മാലിന്യങ്ങൾ രാത്രി കാലങ്ങളിൽ കത്തിച്ചുകളയുന്നതു തടയാൻ എന്തെല്ലാം സംവിധാനമാണുള്ളത്;

(സി) ഇത് തടയുന്നതിന് പ്രത്യേക സംവിധാനം ഉണ്ടാക്കാൻ ആലോചിക്കുമോ?

### ഉത്തരം

(എ) മാലിന്യ നിർമ്മാർജ്ജനം, ശുചിത്വം എന്നിവയുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിൽ 2 ഏജൻസികൾ നിലവിലുണ്ട്.

1. ശുചിത്വ മിഷൻ

2. ക്ലീൻ കേരള കമ്പനി.

(ബി) പ്ലാസ്റ്റിക് മാലിന്യം കൂട്ടിയിട്ട് കത്തിക്കുന്ന പ്രവണത ഒഴിവാക്കാൻ വേണ്ട പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾ സ്വീകരിച്ചുവരുന്നുണ്ട്. ശുചിത്വ മിഷന്റെ നേതൃത്വത്തിൽ ശാസ്ത്രീയ മാലിന്യ പരിപാലനം ഉറപ്പാക്കുന്നതിനായി നടത്തിവരുന്ന വിവര വിജ്ഞാന വ്യാപന പ്രവർത്തനത്തിന്റെ ഭാഗമായി പ്ലാസ്റ്റിക് മാലിന്യങ്ങൾ കൂട്ടിയിട്ട് കത്തിക്കുന്നതിന്റെ ദൂഷ്യഫലങ്ങളും പ്ലാസ്റ്റിക് മാലിന്യങ്ങൾ കത്തിക്കരുതെന്ന സന്ദേശവും വിവിധ മാധ്യമങ്ങളിലൂടെ നൽകിവരുന്നുണ്ട്. കൂടാതെ പൊതുസ്ഥലങ്ങളിൽ സി.സി.ടി.വി. ക്യാമറ സ്ഥാപിച്ച് പിഴചുമത്തിയും തദ്ദേശഭരണ സ്ഥാപനങ്ങൾ ഇത്തരം പ്രവണത നിരുത്സാഹപ്പെടുത്തുന്നുണ്ട്. രാത്രികാലങ്ങളിൽ പ്ലാസ്റ്റിക് തുടങ്ങിയ കത്തിക്കാൻ പാടില്ലാത്ത മാലിന്യങ്ങൾ കത്തിക്കുന്നത് തടയാൻ നഗരസഭകളിലെ ആരോഗ്യവിഭാഗം ജീവനക്കാരുടെ നൈറ്റ് സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്.

(സി) ഇതിനായി ഒരു പ്രത്യേക സംവിധാനം ഇപ്പോൾ പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**കരിപ്പുഴ കനാൽ**

147 (1486) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം പട്ടണത്തിന്റെ ഹൃദയഭാഗത്തുകൂടി കടന്നുപോകുന്ന കരിപ്പുഴ കനാൽ മാലിന്യങ്ങൾ നിറഞ്ഞ് ഗുരുതരമായ പൊതുജനാരോഗ്യ ഭീഷണി ഉയർത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കനാൽ മാലിന്യമുക്തമാക്കി സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തോട്ടിൽ മാലിന്യങ്ങൾ തള്ളുന്നത് ഒഴിവാക്കുന്നതിനായി നഗരസഭാ പ്രദേശത്ത് എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും തോടുകൾ ശുചിയാക്കുന്നതിനും പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

**മാലിന്യരഹിതമാക്കുന്നതിനായുള്ള പദ്ധതികൾ**

148 (1487) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മാലിന്യ രഹിതമാക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) ഇതിലേക്കായി സമഗ്രമായ ഒരു പദ്ധതി നടപ്പിലാക്കുമോ;

(സി) പ്രസ്തുത പദ്ധതികളിൽ പൊതുജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ നഗര/ഗ്രാമങ്ങൾ മാലിന്യമുക്തമാക്കുന്നതിനായി 2017-18 വാർഷിക പദ്ധതി രൂപീകരണ നടപടികളുടെ ഭാഗമായി ത്രിതല പഞ്ചായത്തുകളിൽ 29-3-2017-ലെ സ.ഉ. (എം.എസ്) നമ്പർ 72/2017/തസ്വഭവ മുഖേനയും നഗരസഭകളിൽ 3-4-2017-ലെ സ.ഉ. (എം.എസ്) നം 79/2017/തസ്വഭവ ഉത്തരവ് മുഖേനയും അതുപോലെ ഹരിതകേരളം മിഷന്റെ ഭാഗമായി ശുചിത്വ-മാലിന്യ സംസ്കരണ ഉപമിഷൻ നിർവ്വഹണ മാർഗ്ഗരേഖ 15-7-2017-ലെ സ.ഉ. (സാധാ) നമ്പർ 2420/2017/തസ്വഭവ. പ്രകാരവും

നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ആയതുപ്രകാരം ചുവടെ പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് അതാത് തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടപടികൾ സ്വീകരിച്ചുവരുന്നു:

(1) എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ആവശ്യമെങ്കിൽ കമ്മ്യൂണിറ്റി തലത്തിലും പരമാവധി സ്വന്തം നിലയിൽ കമ്പോസ്റ്റിംഗ്, ബയോമെതനേഷൻ (ബയോഗ്യാസ് പ്ലാന്റ്) രീതികളിലൂടെ ജൈവമാലിന്യം സംസ്കരിക്കപ്പെടുകയും അതിനായി ശുചിത്വ മിഷൻ അംഗീകരിച്ചിട്ടുള്ള ഉപാധികൾ പ്രയോജനപ്പെടുത്തുകയും ചെയ്യുക.

(2) സ്ഥലപരിമിതിയുള്ള വീടുകളിലെ ജൈവമാലിന്യം കമ്മ്യൂണിറ്റിതല കമ്പോസ്റ്റിംഗ് നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഏറ്റെടുക്കുക.

(3) സ്ഥാപനങ്ങൾ, മാർക്കറ്റ്, കമ്മ്യൂണിറ്റി എന്നീ തലങ്ങളിൽ തുമ്പൂർമൂഴി കമ്പോസ്റ്റിംഗ്, ബയോഗ്യാസ് പ്ലാന്റ് എന്നീ പ്രോജക്ടുകൾ പ്രോത്സാഹിപ്പിക്കുക.

(4) നിലവിലുള്ള പൊതുമാലിന്യ സംസ്കരണ പ്ലാന്റുകളുടെ അറ്റകുറ്റപ്പണികളും നവീകരണ പ്രവർത്തനങ്ങളും ഏറ്റെടുക്കുക.

(5) വീടുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും വൃത്തിയാക്കി തരംതിരിക്കപ്പെട്ട അജൈവമാലിന്യം ശേഖരിച്ച് പുനഃചംക്രമണം ചെയ്യുന്നതിനായി പൊതുവായ അജൈവ മാലിന്യ പരിപാലന സൗകര്യങ്ങളായ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെൻസർ സ്ഥാപിക്കുക, അജൈവ മാലിന്യ പുനഃചംക്രമണ പാർക്കുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ ഭൂമി വാങ്ങുക.

(6) മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കുന്നതിന്റെ അനുബന്ധ സൗകര്യങ്ങളായ ബെയ്‌ലിംഗ് മെഷീൻ, ഷ്രെഡ്ഡിംഗ് മെഷീൻ, ഡി-ഡസ്റ്റിംഗ് മെഷീൻ, വാഷിംഗ് സൗകര്യം, മലിനജലം ട്രീറ്റ് ചെയ്യുന്നതിനുള്ള സൗകര്യം എന്നിവ ആവശ്യാനുസരണം ഏർപ്പെടുത്തുക.

(7) മാലിന്യ പരിപാലനത്തിന് സഹായിക്കുന്ന സംരംഭക ഗ്രൂപ്പുകൾ, ഹരിത കർമ്മസേന തുടങ്ങിയവയെ അംഗീകരിച്ച് ചുമതലപ്പെടുത്തുക. സാമ്പത്തികമായി പ്രായോഗികക്ഷമതയോടെ പ്രവർത്തിക്കുന്നതിന് 6 മാസക്കാലത്തേക്ക് വ്യക്തമായ ഫിനാൻഷ്യൽ സ്റ്റേറ്റുമെന്റിന്റെ അടിസ്ഥാനത്തിൽ വയബിലിറ്റി ഗ്യാപ് ഫണ്ട് ലഭ്യമാക്കുക,

(8) ഗ്യാസ് ക്രിമറ്റോറിയം, അറവുശാല, പാക്കേജ്ഡ് സീവേജ്/ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ എന്നിവ സ്ഥാപിക്കുന്നതിന് പ്രോജക്ടുകൾ ഏറ്റെടുക്കുക.

(9) സ്ഥിരമായി നിലനിൽക്കുന്ന സ്വാപ്ഷോപ്പുകൾ സ്ഥാപിക്കുക.

(10) ജൈവമാലിന്യ സംസ്കരണം ഊർജ്ജിതപ്പെടുത്തുന്നതിനായി ഉപയോഗിക്കുന്ന അംഗീകൃത ഇനോക്കുലങ്ങൾക്ക് സബ്സിഡി ലഭ്യമാക്കുക.

(11) റീജിയണൽ സാനിട്ടറി ലാൻഡ്ഫിൽ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം വാങ്ങലും സ്ഥാപിക്കലും

(12) റീസൈക്ലിംഗ് വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന് റീസൈക്ലിംഗ് വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുള്ള പശ്ചാത്തല സൗകര്യം വ്യവസായ എസ്റ്റേറ്റുകളിൽ ഒരുക്കുക.

(ബി) സമഗ്ര മാലിന്യ പരിപാലന പദ്ധതി രൂപീകരിക്കുന്നതിനുവേണ്ടി ഹരിത കേരളം മിഷന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച പ്രത്യേക ക്യാമ്പയിനാണ് മാലിന്യത്തിൽനിന്നും സ്വതന്ത്ര്യം. ആഗസ്റ്റ് 15-ന്റെ സ്വാതന്ത്ര്യദിനാഘോഷ ചടങ്ങുകൾക്കുശേഷം ബഹുമാനപ്പെട്ട മന്ത്രിമാർ നടത്തുന്ന മാലിന്യത്തിൽനിന്നും സ്വാതന്ത്ര്യം എന്ന പ്രഖ്യാപനവും തുടർന്ന് എല്ലാ തദ്ദേശഭരണ വാർഡുകളിലും ജനങ്ങൾ സ്വയംസമർപ്പണത്തോടെ നടത്തുന്ന പ്രഖ്യാപനങ്ങളുമുണ്ടാകും. ഇതിനുമുന്നോടിയായി 2017 ആഗസ്റ്റ് 6 മുതൽ 13 വരെ സന്നദ്ധ പ്രവർത്തകരെ പങ്കെടുപ്പിച്ച് ഗൃഹസന്ദർശനവും നിലവിലെ മാലിന്യ സംസ്കരണത്തിന്റെ അവസ്ഥാനിർണ്ണയ പഠനവും നടത്തുന്നതാണ്. ഓരോ വീട്ടിലും സ്ഥാപനത്തിലും ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങൾ എങ്ങനെ സംസ്കരിക്കപ്പെടുമെന്നതും അനുയോജ്യമായ സേവന സംവിധാനങ്ങൾ എന്തൊക്കെയാണെന്നതും സംബന്ധിച്ച് പരിചയപ്പെടുത്തുന്നു. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും 'മാലിന്യത്തിൽ നിന്ന് സ്വാതന്ത്ര്യം' ക്യാമ്പയിൻ നടത്താനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കിയാണ് മാലിന്യ നിർമ്മാർജ്ജനം ഉപമിഷനായിട്ടുള്ള ഹരിതകേരളം പദ്ധതി നടപ്പിലാക്കുന്നത്.

## പഞ്ചായത്തുകളിലെ ഒഴിവുകൾ

149 (1488) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ പഞ്ചായത്തുകളിൽ സെക്രട്ടറിമാരുടെയും അസിസ്റ്റന്റ് എഞ്ചിനീയർമാരുടെയും നിലവിലുള്ള ഒഴിവുകൾ എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഒഴിവുകൾമൂലം പദ്ധതി നിർവ്വഹണത്തിന് തടസ്സങ്ങൾ അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ &ബി) സെക്രട്ടറിമാരുടെ ഒഴിവുകൾ നിലവിലില്ല.

അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ 13 ഒഴിവുകൾ നിലവിലുണ്ട്. അതിൽ 11 ഒഴിവുകളിലേക്ക് പി.എസ്.സി.വഴി നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.

(സി) അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾമൂലം പദ്ധതി നിർവ്വഹണത്തിന് തടസ്സം അനുഭവപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## ഹൈമാസ്റ്റ് ലൈറ്റുകൾ

150 (1489) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം പട്ടണത്തിലെ വിവിധ പ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ഹൈമാ സ്റ്റ് ലൈറ്റുകൾ, സോഡിയം വേപ്പർ ലാമ്പുകൾ എന്നിവയിൽ പലതും നിലവിൽ പ്രവർത്തിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ന്യൂനതകൾ പരിഹരിച്ച് പ്രസ്തുത ലൈറ്റുകൾ പ്രവർത്തനക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) നടപടികൾ സ്വീകരിച്ചുവരുന്നു.

**തൊഴിലുറപ്പ് പദ്ധതി വേതനം**

151 (1490) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള വേതനം വിതരണം ചെയ്യാനുള്ള പഞ്ചായത്തുകൾഏതെല്ലാം; വ്യക്തമാക്കുമോ;

(ബി) തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള വേതനം വിതരണം ചെയ്യാത്ത പഞ്ചായത്തുകളിൽ സർക്കാർ ഇടപെട്ട് വേതനം ഉടൻ വിതരണം ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) ദേവികുളം നിയോജകമണ്ഡലത്തിന് കീഴിലുള്ള എല്ലാ ഗ്രാമപഞ്ചായത്തുകളിലും കുടിശ്ശികയുണ്ടായിരുന്ന വേതനം വിതരണം ചെയ്തിട്ടുണ്ട്. 07-07-2017-ൽ കുടിശ്ശികയുണ്ടായിരുന്ന മുഴുവൻ വേതനവും തൊഴിലാളികൾക്ക് നാഷണൽ ഇ.എഫ്.എം.എസ് മുഖേന നൽകിയിട്ടുണ്ട്.

**തെരുവുനായ ശല്യം**

152 (1491) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വർദ്ധിച്ചുവരുന്ന തെരുവുനായ ശല്യം ഇല്ലാതാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) തെരുവുനായ്ക്കളുടെ ആക്രമണങ്ങൾക്ക് വിധേയരാകുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) തദ്ദേശഭരണ സ്ഥാപനങ്ങൾ, ജില്ലാപഞ്ചായത്തുകളുടെ നേതൃത്വത്തിൽ കുടുംബശ്രീ മിഷൻ, മൃഗസംരക്ഷണ വകുപ്പ് എന്നിവയുടെ സഹായത്തോടെ എ.ബി.സി. പ്രോഗ്രാം നടപ്പിലാക്കി വരുന്നുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ എ.ബി.സി. റൂൾ ചട്ടം 4 പ്രകാരം മോണിറ്ററിംഗ് സമിതി രൂപീകരിച്ച് എ.ബി.സി.

പ്രോഗ്രാമിന്റെ പുരോഗതി വിലയിരുത്തിവരുന്നു. പൊതുസ്ഥലങ്ങളിലെ മാലിന്യ നിക്ഷേപത്തിനെതിരെ കർശനമായി നടപടികൾ സ്വീകരിക്കുന്നുണ്ട്. വളർത്തു നായകൾക്ക് ലൈസൻസും വാക്സിനേഷനും നിർബന്ധമാക്കിയിട്ടുണ്ട്. കുടുംബശ്രീ മൈക്രോ യൂണിറ്റുകൾക്ക് തെരുവുനായകളെ വന്ധ്യംകരിക്കുന്നതിനുള്ള പരിശീലനം നൽകിവരുന്നുണ്ട്.

(ബി) തെരുവുനായ്ക്കളുടെ ആക്രമണങ്ങൾക്ക് വിധേയരാകുന്നവർക്ക് നഷ്ടപരിഹാരം അനുവദിച്ച് നൽകിവരുന്നുണ്ട്.

## തെരുവുനായ ശല്യം നിയന്ത്രിക്കൽ

153 (1492) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവുനായശല്യം നിയന്ത്രിക്കാൻവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) തെരുവുനായ്ക്കളുടെ കൃത്യമായ കണക്ക് ലഭ്യമാണോ എന്ന് വിശദമാക്കുമോ;

(സി) എങ്കിൽ മുൻ വർഷത്തെ അപേക്ഷിച്ച് തെരുവ് നായ്ക്കളുടെ എണ്ണത്തിൽ എത്ര വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) തദ്ദേശഭരണ സ്ഥാപനങ്ങൾ, ജില്ലാപഞ്ചായത്തുകളുടെ നേതൃത്വത്തിൽ കുടുംബശ്രീ മിഷൻ, മൃഗസംരക്ഷണ വകുപ്പ് എന്നിവയുടെ സഹായത്തോടെ എ.ബി.സി. പ്രോഗ്രാം നടപ്പിലാക്കിവരുന്നുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ എ.ബി.സി. റൂൾ ചട്ടം 4 പ്രകാരം മോണിറ്ററിംഗ് സമിതി രൂപീകരിച്ച് എ.ബി.സി. പ്രോഗ്രാമിന്റെ പുരോഗതി വിലയിരുത്തിവരുന്നു. പൊതുസ്ഥലങ്ങളിലെ മാലിന്യ നിക്ഷേപത്തിനെതിരെ കർശനമായി നടപടികൾ സ്വീകരിക്കുന്നുണ്ട്. വളർത്തു നായകൾക്ക് ലൈസൻസും വാക്സിനേഷനും നിർബന്ധമാക്കിയിട്ടുണ്ട്. കുടുംബശ്രീ മൈക്രോ യൂണിറ്റുകൾക്ക് തെരുവുനായകളെ വന്ധ്യംകരിക്കുന്നതിനുള്ള പരിശീലനം നൽകിവരുന്നുണ്ട്.

(ബി) 2012-ലെ കന്നുകാലി സെൻസസ് പ്രകാരം സംസ്ഥാനത്താകെയുള്ള തെരുവുനായ്ക്കളുടെ എണ്ണം 2,93,358 ആണ്.

(സി) കൃത്യമായ കണക്ക് ലഭ്യമല്ല.

## പബ്ലിക് മാർക്കറ്റ്

154 (1493) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ വെള്ളറട ഗ്രാമപഞ്ചായത്തിൽ കേരള-തമിഴ്നാട് അതിർത്തിയിലുള്ള പനച്ചമൂട് പബ്ലിക്ക് മാർക്കറ്റ് ആദിവാസി വിഭാഗത്തിൽ ഉൾപ്പെട്ടവർപോലും ഉൽപ്പന്നങ്ങളുമായി എത്തിച്ചേരുന്ന ഒന്നാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവിടുത്തെ അടിസ്ഥാന സൗകര്യ വികസനത്തിനും ഇതിനെ ഒരു മാതൃക മാർക്കറ്റായി മാറ്റുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുമോ;

(ബി) പബ്ലിക്ക് മാർക്കറ്റ് നവീകരണത്തിനായി സർക്കാർ തലത്തിൽ എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളത് എന്നും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഈ പദ്ധതി പ്രകാരം ഏതൊക്കെ മാർക്കറ്റുകൾ നവീകരിച്ചിട്ടുണ്ടെന്നും ആയതിലേയ്ക്ക് ചെലവഴിച്ച തുക എത്രയാണെന്നും അറിയിക്കാമോ?

### ഉത്തരം

(എ) ഉണ്ട്. വെള്ളറട ഗ്രാമപഞ്ചായത്തിലെ പനച്ചമൂട് പബ്ലിക് മാർക്കറ്റ് കേരള-തമിഴ്നാട് അതിർത്തിയിൽ സ്ഥിതിചെയ്യുന്നതും ആദിവാസി വിഭാഗത്തിൽപ്പെട്ടവർ ഉൾപ്പെടെ നിരവധിപേർ ഉൽപ്പന്നങ്ങളുമായി എത്തിച്ചേരുന്ന സ്ഥലവുമാണ്.

പനച്ചമൂട് പബ്ലിക് മാർക്കറ്റിന്റെ അടിസ്ഥാന സൗകര്യവികസനത്തിനായി 2017-18-ൽ വെള്ളറട ഗ്രാമപഞ്ചായത്ത് പദ്ധതികൾ തയ്യാറാക്കിയിട്ടില്ല.

(ബി) ആധുനിക പൊതുമാർക്കറ്റുകൾ നിർമ്മിക്കുന്നതിന്/നവീകരിക്കുന്നതിന് കിഫ്ബിയുടെ സഹായത്തോടെ 100 കോടി രൂപ അനുവദിക്കുന്നതാണെന്ന് നടപ്പുസാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ചിരുന്നു. നഗരസഭകളിൽ ഇത്തരം പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് പൊതുമാർക്കറ്റുകളുടെ നവീകരണത്തിനായി ഈ വകുപ്പുമുഖേന പ്രത്യേക പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

## മുനിസിപ്പാലിറ്റി ആക്കുവാൻ നടപടി

155 (1494) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിലെ മൂന്നാർ ഗ്രാമപഞ്ചായത്തിനെ മുനിസിപ്പാലിറ്റി ആക്കുന്നതിനു സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ എന്തു നടപടിയാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ - സി) കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് (4) പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഭജനവും കൂട്ടിച്ചേർക്കലും നിലവിലുള്ള ഭരണസമിതിയുടെ കാലാവധിതീരുന്ന മുറയ്ക്കല്ലാതെ പ്രാബല്യത്തിൽ വരുത്താൻ പാടുള്ളതല്ല എന്ന് നിഷ്കർഷിച്ചിട്ടുള്ളതിനാൽ മൂന്നാർ ഗ്രാമപഞ്ചായത്തിനെ മുനിസിപ്പാലിറ്റിയാക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## ഭരണാനുമതി ലഭിക്കുന്നതിനുള്ള കാലതാമസം

156 (1495) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷത്തെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി തലശ്ശേരി നിയോജകമണ്ഡലത്തിൽ തദ്ദേശ സ്വയം ഭരണ വകുപ്പ് നടപ്പിലാക്കുന്ന ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭിക്കാനുള്ളതതെന്ന് വ്യക്തമാക്കാമോ;

(ബി) ഭരണാനുമതി ലഭിക്കുന്നതിന് നിലവിൽ കാലതാമസംനേരിടുന്നുണ്ടോ വിശദമാക്കുമോ;

(സി) ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 2016-17 വർഷത്തെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി തലശ്ശേരി നിയോജകമണ്ഡലത്തിലെ മാടപീടിക-കുറ്റിവയൽ റോഡ് നവീകരണത്തിനാണ് ഭരണാനുമതി നൽകാനുള്ളത്.

(ബി&സി) ഇല്ല. മേൽപ്പറഞ്ഞ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ലഭ്യമല്ലാത്തതിനാൽ ആയത് ലഭ്യമാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിച്ചിട്ടുണ്ട്.

**കുടുംബശ്രീ കോഴി ഫാമുകൾ**

157 (T*1496) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയുടെ കീഴിൽ കോഴിഫാമുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ പദ്ധതിയുടെ വിശദാംശം നൽകുമോ;

(സി) ഇത്തരത്തിൽ മറ്റ് ഉൽപ്പന്നങ്ങളും ഉത്പാദിപ്പിക്കാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) മൃഗസംരക്ഷണ വകുപ്പും കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷനും കുടുംബശ്രീയും സംയുക്തമായാണ് പ്രസ്തുത പദ്ധതി ആസൂത്രണം ചെയ്യുന്നത്. 1000 ഇറച്ചി കോഴികളെ വളർത്തുന്ന വ്യക്തിഗത സംരംഭങ്ങളായിട്ടാണ് പദ്ധതി ആസൂത്രണം ചെയ്യുന്നത്. കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷനിൽനിന്ന് ലഭ്യമാകുന്ന കോഴിക്കുഞ്ഞുങ്ങളെ 42 ദിവസം വരെ വളർത്തി തിരികെ നൽകുന്ന തരത്തിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഗുണഭോക്താക്കളെ കുടുംബശ്രീയിലൂടെ തെരഞ്ഞെടുക്കുകയും അവർക്കാവശ്യമായ പരിശീലനങ്ങൾ നൽകുകയും ചെയ്യും. കൂട് നിർമ്മാണത്തിന് സഹായകമായി ക്യാപിറ്റൽ സബ്സിഡി നൽകുവാനാണ് ഉദ്ദേശിക്കുന്നത്.

(സി) നിലവിൽ സംഘകൃഷി ഗ്രൂപ്പുകളിലൂടെ പച്ചക്കറി കൃഷി ചെയ്തുവരുന്നു. സംശുദ്ധമായ പാൽ, മുട്ട, ഇറച്ചി എന്നിവ ലഭ്യമാക്കുന്നതിനായി ആട്ടുഗ്രാമം, ക്ഷീരസാഗരം, അടുക്കളത്തോട്ടം-മുട്ടക്കോഴി പദ്ധതികളും നടപ്പിലാക്കിവരുന്നു.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

### കുടുംബശ്രീ സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ

158 (1497) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ വിവിധ തസ്തികകളിലെ നിയമനത്തിന് നടത്തിയ പരീക്ഷയിൽ ക്രമക്കേട് ഉണ്ടായി എന്ന പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) പരീക്ഷയുടെ ചോദ്യപേപ്പറിൽ അവ്യക്തതകളും അപാകതകളും ഉണ്ടായിരുന്നു എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ - സി) ഉണ്ട് ; പരിശോധിച്ചുവരുന്നു.

### കുളങ്ങളുടെ സംരക്ഷണം

159 (1498) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ മഴവെള്ള-കുടിവെള്ള സംരക്ഷണത്തിന്റെ ഭാഗമായി എത്ര കുളങ്ങൾ പുതുതായി നിർമ്മിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) നിലവിലുണ്ടായിരുന്നതും ഉപേക്ഷിക്കപ്പെട്ടതും നാശോന്മുഖമായിരുന്നതുമായ എത്ര കുളങ്ങൾ വൃത്തിയാക്കി സംരക്ഷിച്ചു; വിശദാംശം നൽകാമോ?

ഉത്തരം

(എ) പഞ്ചായത്ത് പ്രദേശത്ത് 3890 കുളങ്ങൾ പുതുതായി നിർമ്മിച്ചിട്ടുണ്ട്. നഗരസഭാ പ്രദേശത്ത് നിന്നുള്ള വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) പഞ്ചായത്ത് പ്രദേശത്തെ 8040 കുളങ്ങൾ വൃത്തിയാക്കി സംരക്ഷിച്ചിട്ടുണ്ട്. നഗരസഭാ പ്രദേശത്ത് നിന്നുള്ള വിവരം ശേഖരിച്ച് നൽകുന്നതാണ്.

## നീന്തൽ പരിശീലനം

160 (T*1499) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് കുളങ്ങൾ നവീകരിച്ച് നീന്തൽ പരിശീലനത്തിനായി ഉപയോഗിക്കുന്ന പദ്ധതി നിലവിലുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ ;

(ബി) പാറശ്ശാല നിയോജകമണ്ഡലത്തിലെ ഒൻപത് ഗ്രാമപഞ്ചായത്തുകളിലും ഓരോ നീന്തൽക്കുളം വീതം അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) പഞ്ചായത്ത് കുളങ്ങൾ നവീകരിച്ച് നീന്തൽ പരിശീലനത്തിനായി ഉപയോഗിക്കുന്ന പദ്ധതി ചില പഞ്ചായത്തുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. പൊതുമരാമത്ത് പണികളുടെ നടപടിക്രമം പാലിച്ചാണ് നടപ്പിലാക്കിയിട്ടുള്ളത്.

(ബി) ഈ വിഷയം ഇപ്പോൾ പരിഗണനയിലില്ല.

## കുടുംബശ്രീ സ്കൂളുകൾ

161 (1500) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. കെ. മുരളീധരൻ:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അയൽക്കൂട്ട വനിതകളുടെ വ്യക്തിത്വവികസനം ലക്ഷ്യമിട്ട് കുടുംബശ്രീ സ്കൂളുകൾ ആരംഭിക്കുവാൻ പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഏതൊക്കെ വിഷയങ്ങളിലാണ് ഈ സ്കൂളുകളിൽ പരിശീലനം നൽകുകയെന്നും അതിനായുള്ള റിസോഴ്സ് പേഴ്സൺമാരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്നും വ്യക്തമാക്കുമോ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

(എ) സംസ്ഥാനത്തെ അയൽക്കൂട്ട വനിതകളുടെ വ്യക്തിത്വ വികസനം ലക്ഷ്യമിട്ട് കുടുംബശ്രീ സ്കൂൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കുടുംബശ്രീ പ്രസ്ഥാനം ഇന്ന് നേരിടുന്ന വെല്ലുവിളികളെയും പരിമിതികളെയും മറികടക്കുന്നതിനും പ്രവർത്തനങ്ങൾ പുനർനിർണ്ണയം നടത്തുന്നതിനുംവേണ്ടി വിപുലമായ സമൂഹാധിഷ്ഠിത സ്വയംപഠന പ്രക്രിയയ്ക്ക് തുടക്കം കുറിക്കുന്നതിന് ആലോചിക്കുന്നു. 'കുടുംബശ്രീ സ്കൂൾ' എന്ന പേരിൽ അറിയപ്പെടുന്ന ഈ അനൗപചാരിക വിദ്യാഭ്യാസ പരിപാടി 2,77,175 അയൽക്കൂട്ടങ്ങളിലെ 43,06,976 അംഗങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ടാണ് സംഘടിപ്പിക്കുന്നത്. ഇത്രയധികം ആളുകളെ ഒരൊറ്റ സമൂഹാധിഷ്ഠിത പഠന സംവിധാനത്തിന്റെ ഭാഗമാക്കുന്നത് ലോകത്തുതന്നെ അപൂർവ്വമായ അനുഭവമായിരിക്കും. ഒരു വാർഡിൽ ആറ് കമ്മ്യൂണിറ്റി അദ്ധ്യാപകരെ വീതം തെരഞ്ഞെടുത്ത് സംസ്ഥാനത്താകെ 19,854 എ.ഡി.എസ്.-കളിലായി 1,19,124 അദ്ധ്യാപകർ ഈ പ്രവർത്തനത്തിന് നേതൃത്വം നൽകും. രണ്ടു മണിക്കൂർ വീതമുള്ള ആറ് ക്ലാസ്സുകളാണ് ക്രമീകരിച്ചിരിക്കുന്നത്. ഇപ്രകാരം ആകെ പന്ത്രണ്ട് മണിക്കൂർ ക്ലാസ്സാണ് ഓരോ അയൽക്കൂട്ടത്തിനും ലഭിക്കുന്നത്.

(ബി) കുടുംബശ്രീ സംഘടനാ സംവിധാനം, വിവിധ പദ്ധതികൾ എന്നിവ കൂടാതെ വിവിധ സാമൂഹ്യ വിപത്തുകളായ മദ്യം, മയക്കുമരുന്ന് എന്നിവയും സ്ത്രീശാക്തീകരണം, ആരോഗ്യ ശുചിത്വം, സേവന അവകാശങ്ങൾ എന്നിവയും പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തും.

റിട്ടയർ ചെയ്ത അദ്ധ്യാപകർ, ഉദ്യോഗസ്ഥർ, സന്നദ്ധ സേവനത്തിന് താൽപ്പര്യമുള്ള വ്യക്തികൾ, സന്നദ്ധ പ്രവർത്തനത്തിന് തയ്യാറുള്ള കോളേജ് വിദ്യാർത്ഥികൾ, മുൻ കുടുംബശ്രീ ഭാരവാഹികൾ, കുടുംബശ്രീ പരിശീലകർ എന്നിവരെയാണ് കുടുംബശ്രീ സ്കൂളിന്റെ റിസോഴ്സ് പേഴ്സൺമാരായി തെരഞ്ഞെടുക്കുന്നത്.

**തദ്ദേശ സ്വയംഭരണ വകുപ്പിനുകീഴിലെ ഒഴിവുകൾ**

162 (1501) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോഡ് ജില്ലയിൽ തദ്ദേശ സ്വയംഭരണ വകുപ്പിനു കീഴിലെ സ്ഥാപനങ്ങളിൽ ഏതെല്ലാം തസ്തികകളിൽ എത്ര ഒഴിവുകൾ ഉണ്ടെന്നുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) ഒഴിവുകൾ നികത്താത്തത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ ബാധിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ തദ്ദേശ സ്വയംഭരണ വകുപ്പിനുകീഴിലെ സ്ഥാപനങ്ങളിൽ 113 ഒഴിവുകൾ നിലവിലുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ പി.എസ്.സി. നിയമനം/പ്രൊമോഷൻ എന്നിവവഴി നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**എഞ്ചിനീയറിംഗ് വിംഗിലെ ഒഴിവുകൾ**

163 (1502) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എൽ.എസ്.ജി.ഡി. എൻജിനീയറിങ് വിംഗുകളിൽ ഒഴിവുള്ള ഓവർസിയർ, എൻജിനീയർ തസ്തികകൾ നികത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഒഴിവുകൾ നികത്താത്തതുമൂലം നിർമ്മാണപ്രവൃത്തികൾ ഉൾപ്പെടെ തടസ്സപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഒഴിവുകൾ എപ്പോൾ നികത്താൻ കഴിയും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. പി.എസ്.സി.-യിൽനിന്നും അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് ഒഴിവുകൾ നികത്താൻ കഴിയുന്നതാണ്.

**കുടിവെള്ള പദ്ധതികൾ**

164 (1503) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) മൈനോറിറ്റി വെൽഫെയർ സ്കീം പദ്ധതിയിലുൾപ്പെടുത്തി, കുടിവെള്ള പദ്ധതികൾ നടപ്പാക്കുന്നതിനായി തിരുവമ്പാടി മണ്ഡലത്തിൽനിന്നും നിർദ്ദേശിക്കപ്പെട്ട പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ന്യൂനപക്ഷക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളെല്ലാംതന്നെ ജില്ലാടിസ്ഥാനത്തിലാണ് നടപ്പിലാക്കിവരുന്നത്. മണ്ഡലാടിസ്ഥാനത്തിൽ പദ്ധതികളൊന്നും നാളിതുവരെ നടപ്പിലാക്കിയിട്ടില്ല. നടപ്പ് സാമ്പത്തിക വർഷം തിരുവമ്പാടി പഞ്ചായത്തിൽനിന്നും പദ്ധതി നിർദ്ദേശം ലഭിച്ചിട്ടില്ല.

(ബി) പദ്ധതി നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

## പുത്തൻതോട് ശുദ്ധീകരിക്കൽ

165 (T*1504) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യ കൂമ്പാരമായിരിക്കുന്ന ചന്തിരൂർ പുത്തൻതോട് ശുദ്ധീകരിക്കുന്നതിന് 2016-17-ലെ പുതുക്കിയ ബജറ്റിൽ വകയിരുത്തിയ തുകയെത്ര ; ആയത് പ്രകാരമുള്ള വിശദമായ എസ്റ്റിമേറ്റ് വകുപ്പ് അധികൃതർ സമർപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അതു പ്രകാരമുള്ള ടെൻഡർ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ നടപടികൾ എന്ന് സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) ചന്തിരൂർ പുത്തൻതോട് ശുദ്ധീകരിക്കുന്നതിന് സംസ്ഥാന സർക്കാർ 4 കോടി രൂപ വകയിരുത്തിയിട്ടുള്ളതും പ്രസ്തുത പ്രവൃത്തിയുടെ പ്രാരംഭ നടപടിയെന്ന നിലയിൽ അരൂർ ഗ്രാമപഞ്ചായത്തിൽ നിന്നും 5 ലക്ഷം രൂപ ജില്ലാ കളക്ടർ ചെയർപേഴ്സണായും എൻവയോൺമെന്റൽ എഞ്ചിനീയർ കൺവീനറായും രൂപീകരിച്ചിട്ടുള്ള ACCEPT സൊസൈറ്റിയിൽ നൽകിയിട്ടുള്ളതുമാണ്. പൊതു ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കുകയും അതിൻപ്രകാരം ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## മുനിസിപ്പൽ സ്റ്റേഡിയം

166 (1505) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആസ്തി വികസന പദ്ധതിയിൽഉൾപ്പെടുത്തി എം.എൽ.എ. നിർദ്ദേശിച്ച മാവേലിക്കര മുനിസിപ്പൽ സ്റ്റേഡിയം സ്ഥലമേറ്റെടുപ്പും നിർമ്മാണവും എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് നഗരകാര്യവകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; പ്രസ്തുത ഫയൽ നമ്പർ ലഭ്യമാക്കുമോ?

ഉത്തരം

ഇക്കാര്യത്തിൽ നഗരകാര്യ ഡയറക്ടറേറ്റിൽനിന്നും മാവേലിക്കര നഗരസഭാ സെക്രട്ടറിയോട് വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

സ്റ്റേഡിയത്തിനായി നഗരസഭാ വക സ്ഥലം ലഭ്യമല്ലാത്തതിനാൽ അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിന് മാവേലിക്കര നഗരസഭാ ഡെപ്യൂട്ടി ചെയർപേഴ്സൺ കൺവീനറായും പൊതുമരാമത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ അഡ്വക്കേറ്റ് ശ്രീ. നവീൻ മാത്യു ഡേവിഡ്, കൗൺസിലർമാരായ ശ്രീ. എസ്. രാജേഷ്, ശ്രീ. എം. രമേഷ് കുമാർ എന്നിവർ അംഗങ്ങളായും ഉപസമിതിയെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. നഗരകാര്യ വകുപ്പിലെ ഫയൽ നമ്പർ ജി3-6275/2017 ആണ്.

## തൊഴിലുറപ്പ് പദ്ധതി

167 (1506) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതിയിൽ 2015 ഏപ്രിൽ ഒന്നു മുതൽ 2016 മാർച്ച് 31 വരെയും 2016 ഏപ്രിൽ ഒന്നു മുതൽ 2017 മാർച്ച് 31 വരെയും എത്ര തൊഴിൽ ദിനങ്ങളിൽ ജോലി നൽകാൻ സാധിച്ചുവെന്ന് വെളിപ്പെടുത്താമോ;

(ബി) മേൽപ്പറഞ്ഞ ഓരോ വർഷവും കൂലിയിനത്തിൽ എത്ര കോടി രൂപ സംസ്ഥാനത്തിന് ലഭിച്ചുവെന്ന് അറിയിക്കാമോ;

(സി) സ്ഥായിയായ ആസ്തി സൃഷ്ടിക്കാൻ കഴിയുന്ന രീതിയിൽ തൊഴിലുറപ്പ് പദ്ധതിയ്ക്കായുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ എന്തെങ്കിലും മാറ്റംവരുത്തിയിട്ടുണ്ടോ എന്നറിയിക്കാമോ ?

<u>ഉത്തരം</u>

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 2015-16 സാമ്പത്തിക വർഷം സംസ്ഥാനത്ത് 741.74 ലക്ഷം തൊഴിൽ ദിനങ്ങളും 2016-17 സാമ്പത്തിക വർഷം 684.62 ലക്ഷം തൊഴിൽ ദിനങ്ങളും സൃഷ്ടിക്കാൻ സാധിച്ചു.

(ബി) അവിദഗ്ദ്ധ കായിക വേതനയിനത്തിൽ 2015-16 സാമ്പത്തിക വർഷം സംസ്ഥാനത്ത് 1,38,953.89 ലക്ഷം രൂപയും 2016-17 സാമ്പത്തിക വർഷം 1,38,670.92 ലക്ഷം രൂപയുമാണ് കേന്ദ്രത്തിൽനിന്നും ലഭിച്ചിട്ടുള്ളത്.

(സി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ പരിഷ്കരിച്ച ഒന്നാം പട്ടികപ്രകാരം അനുവദനീയമായ പ്രവൃത്തികളാണ് ഏറ്റെടുത്ത് നടത്തിവരുന്നത്. പ്രകടമല്ലാത്തതും അളന്ന് തിട്ടപ്പെടുത്താൻ കഴിയാത്തതും ആവർത്തന സ്വഭാവമുള്ളതുമായ പ്രവൃത്തികൾ ഇതുപ്രകാരം അനുവദനീയമല്ല. 2017-ൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ആന്വൽ മാസ്റ്റർ സർക്കുലറിൽ നിഷ്കർഷിച്ചിരിക്കുംപ്രകാരമാണ് ഇപ്പോൾ പ്രവൃത്തികൾ നടന്നുവരുന്നത്. ഈ നിർദ്ദേശം പാലിക്കുന്നതിലൂടെ സംസ്ഥാനത്ത് പഞ്ചായത്തുകൾ മുഖേന സ്ഥായിയായ ആസ്തികൾ സൃഷ്ടിക്കപ്പെട്ടുവരികയാണ്.

**തൊഴിലുറപ്പ് പദ്ധതി ഉദ്യോഗസ്ഥ നിയമനം**

168 (1507) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതി ഉദ്യോഗസ്ഥ നിയമനങ്ങളിൽ സംവരണം പാലിക്കാൻ നടപടികളായിട്ടുണ്ടോ;

(ബി) എങ്കിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് എത്രശതമാനം സംവരണമാണ് ഇതുമൂലം ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കരാർ ജീവനക്കാരുടെ നിയമനത്തിൽ സംവരണ തത്വം പാലിക്കുന്നത് സംബന്ധിച്ച് 20-2-2017-ൽ സ.ഉ.(കൈ)നമ്പർ41/2017/ത.സ്വ.ഭ.വ. നമ്പർ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ചുള്ള തുടർ നടപടികൾ നടന്നുവരുന്നു.

(ബി) ആകെയുള്ള തസ്തികകളുടെ 8% എസ്.സി.-ക്കും 2% എസ്.ടി.-ക്കും സംവരണം നിശ്ചയിച്ചിട്ടുണ്ട്.

## പഞ്ചായത്ത് ഓഫീസിലെ ഒഴിവുകൾ

169 (1508) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ഗ്രാമപഞ്ചായത്ത് ഓഫീസുകളിൽ വിവിധ തസ്തികകൾ ദീർഘകാലമായി ഒഴിഞ്ഞുകിടക്കുകയാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) അമ്പലപ്പാറ, തച്ചനാട്ടുകര, കരിമ്പുഴ, കടമ്പഴിപ്പുറം, പൂക്കോട്ടുകാവ്, ലെക്കിടിപേരൂർ എന്നീ ഗ്രാമപഞ്ചായത്ത് ഓഫീസുകളിൽ അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകളും, ഒഴിഞ്ഞുകിടക്കുന്ന തസ്തികകളും സംബന്ധിച്ച വിശദവിവരം നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വിവരം അനുബന്ധമായി* ചേർക്കുന്നു.

## പ്ലാസ്റ്റിക് ക്യാരി ബാഗുകൾ

170 (1509) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരോധിച്ച പ്ലാസ്റ്റിക് ക്യാരി ബാഗുകൾ കോഴിക്കോട് കോർപ്പറേഷൻ പരിധിക്കുള്ളിൽ വ്യാപകമായി വിൽപ്പന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട് എന്ത് നടപടികളാണ് കോർപ്പറേഷൻ സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കോർപ്പറേഷൻ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സ്ക്വാഡുകളുടെ നേതൃത്വത്തിൽ സ്ഥാപനങ്ങളിൽ പരിശോധന നടത്തി നിരോധിച്ച പ്ലാസ്റ്റിക് ക്യാരി ബാഗുകൾ പിടിച്ചെടുക്കുകയും പിഴ ചുമത്തുകയും ചെയ്തുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഇമ്പിച്ചിബാവ ഹൗസിംഗ് സ്കീം

171 (1510) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇമ്പിച്ചിബാവ ഹൗസിംഗ് സ്കീമിന്റെ ഭാഗമായി എത്ര പേർക്കാണ് ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്; ഈ പദ്ധതിയുടെ ഭാഗമായി ഇതിനകം നടന്നിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് കൈക്കൊണ്ട നടപടിക്രമങ്ങൾ എന്തെല്ലാം; ജില്ല തിരിച്ച് ഗുണഭോക്താക്കളുടെ എണ്ണം ലഭ്യമാക്കാമോ; കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ പട്ടിക, തദ്ദേശഭരണ സ്ഥാപനം തിരിച്ച് ലഭ്യമാക്കാമോ;

(സി) ഈ സ്കീം സംബന്ധിച്ച് പുറപ്പെടുവിച്ച മാർഗ്ഗരേഖകൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2017-18 സാമ്പത്തിക വർഷം ഇമ്പിച്ചിബാവ ഭവന നിർമ്മാണ പദ്ധതിയിൽ സംസ്ഥാനത്താകെ 1798 വീടുകൾ നൽകുന്നതിനും പുനരദ്ധാരണ പദ്ധതിയിൽ 1000 വീടുകൾ ഉൾപ്പെടുത്തുന്നതിനും വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ജില്ലകളിൽ അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. 2017 ആഗസ്റ്റ് 31-നാണ് അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി.

(ബി) 2017-18 വർഷത്തെ അപേക്ഷ സമർപ്പിക്കേണ്ട സമയപരിധി അവസാനിച്ചിട്ടില്ല. സമയപരിധി അവസാനിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ഈ പദ്ധതി ജില്ലാടിസ്ഥാനത്തിലാണ് നടപ്പിലാക്കി വരുന്നത്.

(സി) മാനദണ്ഡങ്ങൾ

1. അപേക്ഷക ന്യൂനപക്ഷവിഭാഗത്തിൽപ്പെട്ട വിധവയോ വിവാഹബന്ധം വേർപ്പെടുത്തിയ/ഉപേക്ഷിക്കപ്പെട്ടവരോ ആയിരിക്കണം.
2. അപേക്ഷകയുടെ സ്വന്തം പേരിൽ ബാദ്ധ്യതകളില്ലാത്ത ചുരുങ്ങിയത് രണ്ട് സെന്റ് സ്ഥലം ഉണ്ടായിരിക്കണം.
3. അപേക്ഷക സർക്കാരിന്റെയോ സർക്കാർ ഏജൻസികളുടേയോ ഒരു ഭവന നിർമ്മാണ പദ്ധതിയുടെയും ആനുകൂല്യം കൈപ്പറ്റുന്ന ആളാകരുത്.

4. അപേക്ഷക കുടുംബത്തിന്റെ ഏകവരുമാനദായകയായിരിക്കണം.

5. അപേക്ഷകയുടെ ആൺകുട്ടി/കുട്ടികൾ സർക്കാർ/അർദ്ധസർക്കാർ/മറ്റ് മാർഗ്ഗങ്ങളിലൂടെയോ സ്ഥിര വരുമാനമുള്ളവരാകരുത്.

6. അപേക്ഷകയുടേത് ബി.പി.എൽ. കുടുംബമാണെങ്കിൽ മുൻഗണന.

മുൻഗണനാർഹമായ വിഭാഗങ്ങൾ

1. ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർ
2. അപേക്ഷകയുടെ മക്കൾ ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവരാണെങ്കിൽ
3. പെൺകുട്ടികൾ മാത്രം മക്കളായുള്ള അപേക്ഷകർ
4. അപേക്ഷക 40-നും 55-നും മദ്ധ്യേ പ്രായമുള്ളവരാണെങ്കിൽ.

വീട് റിപ്പയറിനുള്ള പദ്ധതിക്കായി (പുതിയ പദ്ധതി) അപേക്ഷകന്റെ പേര്, വിലാസം, പഞ്ചായത്ത്, വില്ലേജ്, താലൂക്ക്, ജില്ല, വീടിന്റെ വിസ്തീർണ്ണം, ആകെ സ്ഥലം, സർവ്വേ നമ്പർ, കെട്ടിടനമ്പർ, ന്യൂനപക്ഷ വിഭാഗത്തിൽ പ്പെട്ടയാളാണെന്നുള്ള സർട്ടിഫിക്കറ്റ് തുടങ്ങിയവ രേഖപ്പെടുത്തിക്കൊണ്ടുള്ള അപേക്ഷാഫോറം ന്യൂനപക്ഷ ക്ഷേമവകുപ്പ് ഡയറക്ടർ തയ്യാറാക്കേണ്ടതും ആയത് നോട്ടിഫിക്കേഷനോടൊപ്പം പ്രസിദ്ധീകരിക്കേണ്ടതുമാണ്. വീട് റിപ്പയർ ചെയ്യാനുള്ള അപേക്ഷയോടൊപ്പം റിപ്പയർ ചെയ്യേണ്ടതുണ്ട്, വീടിന്റെ വിസ്തീർണ്ണം 1200 സ്ക്വയർഫീറ്റിൽ കുറവാണ് എന്നിവ സാക്ഷ്യപ്പെടുത്തുന്ന വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതുണ്ട്.

വീട്/സ്ഥലം എന്നിവ അപേക്ഷകന്റെയോ പങ്കാളിയുടെയോ പേരിലുള്ളവയായിരിക്കണം. വീട് 1200 സ്ക്വയർഫീറ്റിൽ അധികരിക്കാൻ പാടുള്ളതല്ല.

**വീടുകൾക്ക് നമ്പർ നൽകൽ**

172 (1511) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ച് സെന്റ് മാത്രം ഭൂമിയുള്ള വ്യക്തികൾ വയൽ പ്രദേശങ്ങളിൽ നിർമ്മിക്കുന്ന വീടുകൾക്ക് നമ്പർ നൽകുന്നതിനുദ്ദേശിക്കുന്നുണ്ടോ; ഇതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ;

(ബി) 2008-ലെ ഡാറ്റാ ബാങ്കിൽ കരഭാഗമായി തരം മാറ്റാത്ത ഭൂമിയിൽ നിർമ്മിക്കുന്ന കെട്ടിടങ്ങൾക്കും വീടുകൾക്കും നമ്പർ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ അറിയിക്കാമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ അവസാന വർഷത്തിൽ കരഭാഗമായി തരം മാറ്റുന്നതിനുവേണ്ടി പരിഗണിച്ച അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ഡി) ഇതിനുവേണ്ടി ഫീസിനത്തിൽ ലഭിച്ച തുക എത്രയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ഗ്രാമപഞ്ചായത്തുകളിൽ 10 സെന്റും മുനിസിപ്പാലിറ്റി/കോർപ്പറേഷനിൽ 5 സെന്റും നെൽവയൽ അപേക്ഷകന് വേറൊരിടത്തും വസ്തു ഇല്ലെങ്കിൽ വീട് വയ്ക്കുന്നതിനുവേണ്ടിമാത്രം നികത്തുന്നതിന് ഫോറം നമ്പർ 1-ൽ പ്രാദേശികതല നിരീക്ഷണ സമിതി മുമ്പാകെ അപേക്ഷ നൽകുകയും സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ജില്ലാതല നിരീക്ഷണസമിതി അനുമതി നൽകുകയും ചെയ്യേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) 16-11-2016-ലെ സ.ഉ. (എം.എസ്.)നമ്പർ170/2016/തസ്വഭവ ഉത്തരവുപ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിച്ചിട്ടുള്ള 1500 ചതുരശ്ര അടിവരെയുള്ള വാസഗൃഹങ്ങൾക്ക് താൽക്കാലിക നമ്പർ അനുവദിക്കുന്നുണ്ട്.

(സി) കഴിഞ്ഞ സർക്കാരിന്റെ അവസാനവർഷ കാലയളവിൽ റവന്യൂ റിക്കാർഡുകളിൽ നിലം ആയതും 2008-ലെ നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതും വളരെ മുൻപേതന്നെ നികത്തിയതുമായ ഭൂമിയുടെ അനധികൃത തരംമാറ്റം ക്രമവൽക്കരിക്കുന്നതിനായി 3 എ ഭേദഗതി പ്രകാരം 93088 അപേക്ഷകൾ ലഭിക്കുകയുണ്ടായി. വിവിധ ജില്ലകളിലായി ടി അപേക്ഷകളിൽ 56 എണ്ണം ക്രമവൽക്കരിച്ചു നൽകുകയുണ്ടായി.

(ഡി) ടി അപേക്ഷകളിൽ അപേക്ഷാഫീസായി 4,65,36,000 രൂപയും റഗുലറൈസേഷൻ ഫീസായി 2,33,05,438 രൂപയും ലഭിച്ചു.

## പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനം

173 (1512) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് ;

(ബി) പ്ലാസ്റ്റിക്ക് പരമാവധി ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുകീഴിലുള്ള റോഡുകൾ ടാറ് ചെയ്യുമ്പോൾ അതിൽ പ്ലാസ്റ്റിക് കൂടി ഉപയോഗിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ?

### ഉത്തരം

(എ) പ്ലാസ്റ്റിക് മാലിന്യത്തിന്റെ പുനഃചംക്രമണം ഉറപ്പാക്കുന്നതിനുവേണ്ടി തദ്ദേശഭരണ സ്ഥാപനതലത്തിൽ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് ഉൾപ്പെടെ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റികൾ (എം.ആർ.എഫ്.) എല്ലാ തദ്ദേശഭരണ സ്ഥാപനതലങ്ങളിലും സ്ഥാപിക്കുക, വിൽപ്പന സാധനങ്ങൾ 50 മൈക്രോണിൽ കുറയാത്ത പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ മാത്രമേ വിതരണം ചെയ്യാൻ പാടുള്ളൂവെന്ന നിർദ്ദേശം, വിൽപ്പന സാധനങ്ങൾ പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ വിതരണം ചെയ്യുന്ന വ്യാപാരികളും തെരുവ് കച്ചവടക്കാരും തദ്ദേശഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യണമെന്ന നിബന്ധന, എക്സ്റ്റന്റഡ് പ്രൊഡ്യൂസർ റെസ്പോൺസിബിലിറ്റി (ഇ.പി.ആർ.) ഉറപ്പാക്കാനുള്ള ശ്രമങ്ങൾ, ബ്രാൻഡ് ഓണർ, ഉൽപ്പാദകർ, ഡീലർമാർ എന്നിവരുടെ ശിൽപ്പശാലകൾ, പ്ലാസ്റ്റിക് തരംതിരിച്ച് സംഭരണം, ശേഖരണം, പുനചംക്രമണത്തിന് കൈമാറ്റം, പുനഃചംക്രമണ വ്യവസായം എന്നിവയ്ക്കുവേണ്ട പശ്ചാത്തല സൗകര്യങ്ങൾ സൃഷ്ടിക്കുവാനുള്ള നിർദ്ദേശങ്ങൾ, റീസൈക്ലിംഗ് സാദ്ധ്യമല്ലാത്ത പ്ലാസ്റ്റിക് ഉപയോഗിച്ച് റോഡ് പണി നടത്തുന്നതിനുള്ള നിർദ്ദശങ്ങൾ, റീസൈക്ലിംഗ് വ്യവസായങ്ങൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുവാനുള്ള നടപടികൾ, തദ്ദേശഭരണ സ്ഥാപനതലങ്ങളിൽ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം, തദ്ദേശഭരണ പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായി സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി രൂപീകരണം, സുരക്ഷിതമായ പ്ലാസ്റ്റിക് മാലിന്യ സംസ്കരണത്തിനാവശ്യമായ വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ എന്നിങ്ങനെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾക്ക് പകരം പ്രകൃതി സൗഹൃദ ബദൽ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനവും ഉപയോഗവും പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ, പൊതു ചടങ്ങുകളിൽ, സ്ഥാപനങ്ങളിൽ പ്ലാസ്റ്റിക്കടക്കമുള്ള ഡിസ്പോസിബിൾ വസ്തുക്കളുടെ ഉപയോഗം ഒഴിവാക്കി പുനരുപയോഗിക്കുവാൻ കഴിയുന്ന വസ്തുക്കൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള "ഗ്രീൻ പ്രോട്ടോക്കോൾ" പ്രവർത്തനങ്ങൾ എന്നീ നടപടികൾ സ്വീകരിക്കുന്നു.

(സി) ഉണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന 10% റോഡ് പ്രവൃത്തികളിലെങ്കിലും 10% പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിനും സൈസ് വ്യത്യാസം ഇല്ലാതെ ഷ്രഡ്ഡഡ് പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിനും അനുമതി നൽകിക്കൊണ്ട് 17-11-2016-ലെ സ.ഉ.(സാധാ) നമ്പർ 3110/2016/തസ്വഭവ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ 97 ഗ്രാമപഞ്ചായത്തുകൾ റോഡ് പ്രവൃത്തികളിൽ ഷ്രെഡ്ഡഡ് പ്ലാസ്റ്റിക് ഉപയോഗിക്കുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്കുകളുടെ വിപണനം തദ്ദേശഭരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ക്ലീൻ കേരളാ കമ്പനി ലിമിറ്റഡിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഖരമാലിന്യ സംസ്കരണത്തിന്റെ ഭാഗമായി പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് ഉപയോഗിക്കുന്നതിനുവേണ്ടി എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും വലിയ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. മെഷീനറികൾ സപ്ലൈ ചെയ്യുന്നതിനും സാങ്കേതിക സഹായം നൽകുന്നതിനും ക്ലീൻ കേരള കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**ഷീ ഷോപ്പ് കേന്ദ്രങ്ങൾ**

174 (1513) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതകൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ അത്യന്താധുനിക സൗകര്യങ്ങളുള്ള ഷീ ഷോപ്പ് കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായുള്ള പദ്ധതി പരിഗണനയിലുണ്ടോ;

(ബി) യാത്രക്കാരായ സ്ത്രീകളുടെ സൗകര്യത്തിനായി, ആവശ്യമുള്ള കേന്ദ്രങ്ങൾ തെരഞ്ഞെടുത്ത് പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിൽ ഫ്രഷപ് കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി നിലവിൽ നടപ്പിലാക്കിയിട്ടില്ല. സ്ത്രീകൾ ധാരാളമായി എത്തുന്ന തദ്ദേശസ്ഥാപന ഓഫീസുകൾ, ആശുപത്രികൾ, ബസ് സ്റ്റാൻഡുകൾ, സ്ത്രീകൾ ധാരാളമായി വന്നെത്തുകയും തൊഴിലിൽ ഏർപ്പെടുകയും ചെയ്യുന്ന മാർക്കറ്റുകൾ, ചന്തകൾ, മറ്റ് പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ സ്ത്രീകൾക്കു മാത്രമായി മൂത്രപ്പുരകളും കക്കൂസുകളും നിർമ്മിക്കുന്നതിനും സ്ത്രീകൾക്ക് സുരക്ഷിതമായ മുറികൾ സജ്ജമാക്കുന്നതിനുമുള്ള പദ്ധതി ഗ്രാമപഞ്ചായത്തുകളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് 13-ാം പഞ്ചവത്സര പദ്ധതിയുടെ മാർഗ്ഗരേഖയിൽ അനുമതി നൽകിയിട്ടുണ്ട്. ഇതു പ്രകാരമുള്ള 'ഷീ ലോഡ്ജ്' പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ കുടുംബശ്രീ ആരംഭിച്ചിട്ടുണ്ട്.

**നഗരസഭയ്ക്ക് ലഭിക്കുവാനുള്ള തുക**

175 (1514) <u>ശ്രീ. സി. എഫ്. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസിപ്പൽ ജീവനക്കാരുടെ പെൻഷൻ നൽകുന്നതിന് പ്രഖ്യാപിച്ച ആകെ എത്ര തുക ചങ്ങനാശ്ശേരി നഗരസഭയ്ക്ക് നൽകുവാനുണ്ട്;

(ബി) ഈ തുകകൾ യഥാസമയം ലഭിക്കാത്തതുമൂലം നഗരസഭ തനത് ഫണ്ടിൽനിന്നും മുൻസിപ്പൽ ജീവനക്കാരുടെ പെൻഷൻ നൽകുന്നതിന് വേണ്ട തുക ചെലവഴിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതുമൂലം നഗരസഭയുടെ ദൈനംദിന കാര്യങ്ങൾപോലും മുടങ്ങുന്നതുകൊണ്ട് ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് കുടിശ്ശിക തുക അടിയന്തരമായി നൽകുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) മുനിസിപ്പൽ ജീവനക്കാരുടെ പെൻഷൻ തുക പ്രഖ്യാപിച്ചിട്ടില്ല. 31-3-2017 വരെ പെൻഷൻ അലോട്ട്മെന്റ് ഇനത്തിൽ 3,61,98,555 രൂപ നൽകുവാനുണ്ട്.

(ബി) ഉണ്ട്.

(സി) പെൻഷൻ അലോട്ട്മെന്റ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## അരക്ഷിതാവസ്ഥാ പഠനം

176 (1515) ശ്രീ. രാജു എബ്രഹാം:

ശ്രീ. കെ. വി. വിജയദാസ്:

ശ്രീ. യു. ആർ. പ്രദീപ്:

ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന അരക്ഷിതാവസ്ഥ പഠനം (വൾണറബിലിറ്റി മാപ്പിംഗ്) നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) തെരഞ്ഞെടുക്കപ്പെട്ട തദ്ദേശസ്വയംഭരണ പ്രദേശങ്ങളിൽ കുടുംബശ്രീയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സംയുക്തമായി ജൻഡർ റിസോഴ്സ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) അഗതികളുടെയും മാനസികവെല്ലുവിളി നേരിടുന്നവരുടേയും പുനരധിവാസത്തിനായി നിലവിൽ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) കായംകുളം മുനിസിപ്പാലിറ്റി ഉൾപ്പെടെ 28 തദ്ദേശഭരണ പ്രദേശങ്ങളിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ വൾണറബിലിറ്റി മാപ്പിംഗ് (അരക്ഷിതാവസ്ഥാ പഠനം) 2016-17 സാമ്പത്തിക വർഷത്തിൽ നടത്തിയിട്ടുണ്ട്.

(ബി) ഒരു പ്രദേശത്തെ പ്രധാന ക്ലേശ ഘടകങ്ങളെയും മനുഷ്യരെയും പ്രകൃതിയെയും പ്രത്യക്ഷമായോ പരോക്ഷമായോ ബാധിക്കുന്ന പ്രശ്നങ്ങളെയും രേഖപ്പെടുത്തുന്ന ഒരു പഠന പ്രവർത്തനമാണ് വൾണറബിലിറ്റി മാപ്പിംഗ്.

തദ്ദേശഭരണ പ്രദേശത്തെ വിവിധ മേഖലകളിൽ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളുടെ കണ്ടെത്തൽ, ഓരോ വ്യക്തിയും കുടുംബവും സംഘവും നേരിടുന്ന പ്രശ്നങ്ങൾ എന്തെന്ന് കണ്ടെത്തി അതിജീവിക്കുന്നതിനുള്ള പ്രാപ്തി വർദ്ധിപ്പിക്കാനുള്ള പ്രക്രിയ, പ്രാദേശിക വികസന പ്രക്രിയയിൽ എല്ലാവരുടെയും പങ്കാളിത്തം ഉറപ്പാക്കൽ, ഒരു തദ്ദേശഭരണ പ്രദേശത്തെ പ്രധാന ആവശ്യങ്ങളും ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകളും കണ്ടെത്തി പരിഹാരത്തിലേക്ക് നയിക്കുന്നതിനുള്ള പ്രവർത്തനം, അയൽക്കൂട്ട പ്രദേശത്ത് സുരക്ഷാ സംവിധാനം ജനപങ്കാളിത്തത്തോടെ നടപ്പാക്കുക, പ്രാദേശിക സർക്കാരിന്റെയും പ്രാദേശിക സംഘടനകളുടെയും പദ്ധതികളിൽ ടി ആവശ്യങ്ങളെ ഉൾപ്പെടുത്തുക എന്നിവയാണ് വൾണറബിലിറ്റി മാപ്പിംഗ്വഴി കൈവരിക്കാനുദ്ദേശിക്കുന്ന പ്രധാന ലക്ഷ്യങ്ങൾ.

(സി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ എല്ലാ ജില്ലകളിലും 5 വീതം മോഡൽ ജെൻഡർ റിസോഴ്സ് സെന്ററുകൾ ആരംഭിക്കുന്നതിന് കുടുംബശ്രീ തീരുമാനിക്കുകയും അതിന്റെ പ്രാരംഭ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. തൃശ്ശൂർ, കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം ജില്ലകളിലായി 25 ജെൻഡർ റിസോഴ്സ് സെന്ററുകൾ ആരംഭിച്ചുകഴിഞ്ഞു.

(ഡി) നിരാശ്രയരും ആലംബഹീനരുമായ അഗതി കുടുംബങ്ങളെ കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിന് 2002-03 സാമ്പത്തിക വർഷം മുതൽ ആശ്രയ എന്ന പേരിൽ പ്രത്യേക പദ്ധതി തദ്ദേശഭരണ സ്ഥാപനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. സംസ്ഥാനത്തെ മുഴുവൻ അഗതികളെയും പദ്ധതിയുടെ ഭാഗമാക്കുന്നതിലേക്കായി 'അഗതിരഹിത കേരളം' എന്ന പ്രത്യേക ക്യാമ്പെയിൻ ഈ വർഷം സംഘടിപ്പിക്കും. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പുനരധിവാസത്തിന് ബഡ്സ് സ്കൂളുകളും റീഹാബിലിറ്റേഷൻ സെന്ററുകളും ആരംഭിക്കുന്നതിന് സർക്കാർ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. സ്വന്തമായി സ്ഥലമോ വീടോ ഇല്ലാത്തതും ആരോഗ്യപരമായി പ്രശ്നങ്ങൾ ഉള്ളവരും ഒറ്റപ്പെട്ടവരുമായവരെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പുനരധിവാസ കേന്ദ്രങ്ങളിൽ എത്തിക്കുന്നതിനും തദ്ദേശഭരണ സ്ഥാപനത്തിന് സ്വന്തമായി പുനരധിവാസ കേന്ദ്രം ഇല്ലെങ്കിൽ തദ്ദേശഭരണ സ്ഥാപനത്തിന്റെ/സി.ഡി.എസ്.-ന്റെ ഉത്തരവാദിത്വത്തിൽ ഏറ്റവും അടുത്ത സർക്കാർ അംഗീകൃത പുനരധിവാസ കേന്ദ്രത്തിൽ പ്രവേശിപ്പിക്കുന്നതിനും ഇതിനാവശ്യമായ പ്രാഥമിക ചെലവുകൾ ആശ്രയ ഫണ്ടിൽനിന്നും ഉപയോഗിക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്.

**പുനർ നാമകരണം**

177 (1516) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കോർപ്പറേഷന്റെ നിലവിലെ പേര് എന്താണ്;

(ബി) പുതുതായി നാമകരണം നടത്തിയത് എന്നാണ്; ഇത്തരത്തിൽ പുനർനാമകരണം ചെയ്ത നടപടിക്ക് നിയമപ്രാബല്യം ഉണ്ടായിരുന്നോ;

(സി) എങ്കിൽ ഇതിന്റെഅടിസ്ഥാനത്തിൽ തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ എന്ന് സാർവ്വത്രികമായി ഉപയോഗിക്കാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മുനിസിപ്പൽ കോർപ്പറേഷൻ, തിരുവനന്തപുരം.

(ബി) 1994-ലെ മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 4 പ്രകാരമാണ് പുനർനാമകരണം ചെയ്തിട്ടുള്ളത്. ആയതിന് കേരള മുനിസിപ്പാലിറ്റി ആക്ട് നിലവിൽ വന്ന 1994 മേയ് 30 മുതൽ പ്രാബല്യമുള്ളതാണ്.

(സി) ഔദ്യോഗികമായി 'മുനിസിപ്പൽ കോർപ്പറേഷൻ, തിരുവനന്തപുരം' എന്ന് തന്നെയാണ് ഉപയോഗിച്ചുവരുന്നത്. കത്തിടപാടുകളിൽ മുനിസിപ്പൽ കോർപ്പറേഷൻ എന്നതിന്റെ സമാനാർത്ഥമുള്ള മലയാള പദം 'നഗരസഭ' എന്നും ഉപയോഗിച്ചുവരുന്നു. നഗരസഭാ പ്രധാന കവാടത്തിൽ സ്ഥാപിച്ചിട്ടുള്ള ബോർഡിൽ 'തിരുവനന്തപുരം നഗരസഭ' എന്നും "Corporation of Thiruvananthapuram" എന്നുമാണ് സൂചിപ്പിച്ചിരിക്കുന്നത്.

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

178 (T*1517) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഹാത്മാഗാന്ധി തൊഴിലുറപ്പു പദ്ധതിയുടെ മൂന്ന് വർഷത്തെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിനും പദ്ധതി കേന്ദ്രത്തിന് സമർപ്പിക്കുന്നതിനും ഉണ്ടായ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സംസ്ഥാനം സമയബന്ധിതമായി കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന സമയ പരിധിക്കുള്ളിൽ നൽകിവരുന്നുണ്ട്. നാളിതുവരെയും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിനും പദ്ധതി കേന്ദ്ര സർക്കാരിൽ സമർപ്പിക്കുന്നതിനും കാലതാമസം ഉണ്ടായിട്ടില്ല.

**തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിൽ ദിനങ്ങൾ**

179 (1518) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ കഴിഞ്ഞ സാമ്പത്തിക വർഷം എത്ര തൊഴിൽ ദിനങ്ങളാണ് സൃഷ്ടിക്കപ്പെട്ടത്; എന്തെല്ലാം പ്രവൃത്തികളാണ് ചെയ്തത്; എത്ര തുക വിതരണം ചെയ്തു;

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) പ്രസ്തുത പദ്ധതിയിൻ കീഴിൽ എന്തെല്ലാം പ്രവൃത്തികൾ ചെയ്യുന്നതിനാണ് അനുമതിയുള്ളത്;

(സി) അനുമതിയുള്ള പ്രവൃത്തികളിലൂടെ പ്രസ്തുത പദ്ധതി ആരംഭിച്ചതു മുതൽ നാളിതുവരെയായി ഉണ്ടായിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ഡി) പ്രസ്തുത തൊഴിൽ ദിനങ്ങൾ പ്രത്യുല്പാദനപരമായ മേഖലകളിലേക്ക് തിരിച്ച് വിട്ട് സംസ്ഥാനത്തിന്റെ ഉന്നമനത്തിനായി വിനിയോഗിക്കുന്നതിന് പദ്ധതി തയ്യാറാക്കുമോ;

(ഇ) പ്രസ്തുത പദ്ധതിയിൽ അനധികൃതമായി ആനുകൂല്യങ്ങൾ കൈപ്പറ്റിയവരുണ്ടോ; എങ്കിൽ ആയവരുടെ പട്ടിക, ജില്ല തിരിച്ച് ലഭ്യമാക്കാമോ; ഇവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 2016-17 സാമ്പത്തിക വർഷം 684.62 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു. മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ പരിഷ്കരിച്ച ഒന്നാം പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള പ്രവൃത്തികളാണ് ഏറ്റെടുത്തു നടത്തിവരുന്നത്. ഇവയെ പ്രധാനമായും നാല് വിഭാഗങ്ങളായി തരം തിരിച്ചിട്ടുണ്ട്. വിഭാഗം (എ) പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു പ്രവൃത്തികൾ, വിഭാഗം (ബി) സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ, വിഭാഗം (സി) ദേശീയ ഉപജീവന മിഷന്റെ നിബന്ധനകൾ അനുസരിക്കുന്ന സ്വയം സഹായ സംഘങ്ങൾക്ക് പൊതു അടിസ്ഥാന സൗകര്യങ്ങൾ, വിഭാഗം (ഡി) ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ.

2016-17 സാമ്പത്തിക വർഷത്തിൽ 2426.34 കോടി രൂപയാണ് ആകെ ചെലവഴിച്ചിട്ടുള്ളത്. 2016-17 സാമ്പത്തിക വർഷത്തിൽ 1386.70 കോടി രൂപയാണ് അവിദഗ്ദ്ധ വേതനയിനത്തിൽ വിതരണം ചെയ്തിട്ടുള്ളത്. ശേഷിച്ച 759.43 കോടി രൂപ നടപ്പ് സാമ്പത്തിക വർഷത്തിൽ വിതരണം ചെയ്തു.

(സി)

- 2006 സാമ്പത്തിക വർഷം മുതൽ നാളിതുവരെ തൊഴിലുറപ്പ് പദ്ധതിയിലൂടെ 13.89 ലക്ഷം കുടുംബങ്ങൾക്ക് 100 ദിവസം തൊഴിൽ നൽകുവാൻ സാധിച്ചിട്ടുണ്ട്.
- 5477.94 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. പദ്ധതിയിൽ നാളിതുവരെ ആകെ ചെലവ് 11076.51 കോടി രൂപയാണ്.
- പദ്ധതിയിൽ നാളിതുവരെ അവിദഗ്ധ വേതനയിനത്തിൽ ആകെ ചെലവായത് 11040.59 കോടി രൂപയാണ്. ഇതിൽ അവിദഗ്ധ വേതനയിനത്തിൽ തൊഴിലാളികൾക്ക് 10040.59 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.
- തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഗ്രാമ-ബ്ലോക്ക്-ജില്ലാ തലത്തിൽ 3658 പേർ കരാർ അടിസ്ഥാനത്തിൽ തൊഴിൽ ചെയ്തുവരുന്നു.
- തൊഴിലുറപ്പ് പദ്ധതിയിലൂടെ സ്ത്രീകളുടെ പങ്കാളിത്തം ദേശീയ ശരാശരിയെക്കാൾ കൂടുതലും ഇതിന്റെ അനുപാതം 87.78 ശതമാനവുമാണ്. ഇതിലൂടെ സ്ത്രീകൾക്ക് സാമൂഹികവും സാമ്പത്തികവുമായ ഉന്നമനം നേടുവാൻ സാധിച്ചിട്ടുണ്ട്.
- തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത് തൊഴിൽ കാർഡ് എടുത്തിട്ടുള്ള എല്ലാ തൊഴിലാളികൾക്കും സ്വന്തമായി ബാങ്ക്/ പോസ്റ്റാഫീസ് അക്കൗണ്ട് ആരംഭിക്കുവാനും വേതനയിനത്തിൽ ലഭിക്കുന്ന തുക അവരുടെ അക്കൗണ്ടിൽ ഇ-എഫ്.എം.എസ്. സംവിധാനത്തിലൂടെ എത്തിക്കുന്നതിലൂടെ കൂടുതൽ സുതാര്യത ഉറപ്പാക്കുവാനും സാധിച്ചിട്ടുമുണ്ട്. കൂടാതെ ഈ മേഖലയിൽ പണിയെടുക്കുന്ന 87.8% സ്ത്രീ തൊഴിലാളികൾ സാമ്പത്തിക സാക്ഷരതയും നേടിയിട്ടുണ്ട്. കൂടാതെ സാധാരണ ജനങ്ങളുടെ വാങ്ങൽശേഷി ഗണ്യമായി വർദ്ധിപ്പിച്ചിട്ടുള്ളതായി മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്.

(ഡി) നിലവിൽ തൊഴിലുറപ്പ് പദ്ധതിപ്രകാരം ഏറ്റെടുത്ത് നടപ്പിലാക്കുന്ന എല്ലാ പ്രവൃത്തികളും പ്രത്യുൽപ്പാദനപരമായതിനാൽ പ്രത്യേക പദ്ധതി തയ്യാറാക്കേണ്ട ആവശ്യമില്ല.

(ഇ) ഇതുസംബന്ധിച്ച് ഗ്രാമ-ബ്ലോക്ക്-ജില്ലാ-സംസ്ഥാന തലങ്ങളിൽ പരാതികൾ ലഭിക്കുന്നുണ്ട്. വിശദവിവരം ശേഖരിച്ച് നൽകുന്നതാണ്.

### ശ്രീനാരായണ ട്രോഫി ജലോൽസവം

180 (1519) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി ശ്രീനാരായണ ട്രോഫി ജലോൽസവത്തിന്റെ നടത്തിപ്പിലേക്ക് 2016-ൽ അനുവദിച്ച 50,000 രൂപ ജലോൽസവ കമ്മിറ്റിക്ക് കൈമാറിയിട്ടുണ്ടോ; ഈ തുക അനുവദിക്കുന്നതിന് തടസ്സങ്ങൾ നിലവിലുണ്ടോ; 2016 -ൽ അനുവദിച്ച തുക കൈമാറുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) 2017-ലെ നടത്തിപ്പിന് കരുനാഗപ്പള്ളി നഗരസഭയുടെ ധനവിനിയോഗ അനുമതി കത്ത് ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇതിനായി പരമാവധി 50,000 രൂപ വരെ ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

(ബി) ലഭിച്ചിട്ടില്ല.

### സേവന നികുതി

181 (1520) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കോർപ്പറേഷൻ ശുചിത്വ പരിപാലനം, തെരുവുവിളക്കുകൾ, ഡ്രെയിനേജ്, കുടിവെള്ളം എന്നിവയ്ക്ക് സേവന നികുതി ചുമത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ശുചിത്വ പരിപാലനത്തിലും തെരുവ് വിളക്ക് കത്തിക്കുന്നതിലും പരാജയപ്പെട്ടതായി ആക്ഷേപമുള്ള തിരുവനന്തപുരം കോർപ്പറേഷൻ സേവന നികുതി എന്ന പേരിൽ ജനങ്ങളിൽ കൂടുതൽ നികുതി ഭാരം അടിച്ചേല്പിക്കുന്നത് നീതികരിക്കാവുന്നതാണോയെന്ന് പരിശോധിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇപ്രകാരം ആക്ഷേപമുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## പോളിടെക്നിക്ക് കോളേജിന് സ്ഥലം

182 (1521) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് ഗവൺമെന്റ് പോളിടെക്നിക്ക് കോളേജിന് വിട്ടുനൽകിയ ഭൂമിയിൽനിന്നും അധികമുള്ള സ്ഥലം വിവിധ ആവശ്യങ്ങൾക്കായി അനുവദിക്കുന്നതു സംബന്ധിച്ച് എം. എൽ. എ. നൽകിയ 2-5-2017-ലെ കത്തിന്മേൽ ഫയൽ നമ്പർ ആർ സി 4/137/2017 പ്രകാരം സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ഇതു സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ?

### ഉത്തരം

(എ) ബഹു. എം.എൽ.എ.-യുടെ കത്തിന്റെ അടിസ്ഥാനത്തിൽ വിശദമായ റിപ്പോർട്ട് സഹിതം പ്രൊപ്പോസൽ ലഭ്യമാക്കുവാൻ 15-5-2017-ലെ കത്തുപ്രകാരം പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

## ഭവനരഹിതർക്ക് വീട്

183 (1522) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭവനരഹിതർക്ക് വീട് നൽകുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട സർവ്വെ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) എങ്കിൽ ഓരോ ജില്ലയിലും എത്ര വീടുകൾ നിർമ്മിച്ച് നൽകേണ്ടിവരുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. നവകേരള മിഷന്റെ ഭാഗമായി "ലൈഫ്" എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭൂരഹിതരായ ഭവനരഹിതർക്കും, ഭൂമിയുള്ള ഭവനരഹിതർക്കും സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നിർവ്വഹിക്കുന്നതിനും സമൂഹത്തിന്റെ നടത്തിപ്പിലും നിലനിൽപ്പിലും ഭാഗമാക്കുവാനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹിക ക്ഷേമ പദ്ധതികളുടെയും പ്രയോജനം ലഭ്യമാക്കുന്നതിനും ഉതകുന്ന തരത്തിലുള്ള സുരക്ഷിതവും മാന്യവുമായ വീടുകൾ ലഭ്യമാക്കുക എന്നുള്ളതാണ് ലൈഫ് പദ്ധതിയുടെ ലക്ഷ്യം.

(ബി) ഉണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കരട് ഗുണഭോക്തൃപട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയതിന്മേലുള്ള ആക്ഷേപങ്ങളും പരാതികളും പരിഹരിച്ച് അന്തിമപട്ടിക 2017 സെപ്റ്റംബർ 25-ന് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനുശേഷമേ കൃത്യമായ എണ്ണം കണക്കാക്കാൻ കഴിയുകയുള്ളൂ.

**നായ്ക്കൾക്ക് മൈക്രോ ചിപ്പ്**

184 (1523) ശ്രീ. കെ. മുരളീധരൻ:

ശ്രീ. വി. എസ്. ശിവകുമാർ:

ശ്രീ. കെ. എസ്. ശബരീനാഥൻ:

ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വളർത്തുനായ്ക്കളെയും, തെരുവ് നായ്ക്കളെയും വന്ധ്യംകരിച്ച് മൈക്രോ ചിപ്പ് ഘടിപ്പിക്കുന്ന പദ്ധതി തലസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ; ഇതിനകം എത്ര നായ്ക്കൾക്ക് മൈക്രോചിപ്പ് ഘടിപ്പിച്ചു;

(ബി) ഈ പദ്ധതിയ്ക്ക് എന്ത് തുകയാണ് വകയിരുത്തിയിരിക്കുന്നത്;

(സി) വാക്സിനേഷൻ എടുക്കാതെയും, ലൈസൻസ് പുതുക്കാതെയും നായ്ക്കളെ വളർത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനകം എത്രപേർക്കെതിരെ നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 229 തെരുവുനായ്ക്കൾക്ക് ഇതിനകം മൈക്രോ ചിപ്പ് ഘടിപ്പിച്ചിട്ടുണ്ട്.

(ബി) 3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) ഉണ്ട്. വളർത്തുനായ്ക്കൾക്ക് വാക്സിനേഷൻ നടത്തുന്നതിനും കോർപ്പറേഷനിൽനിന്നും ലൈസൻസ് എടുക്കുന്നതിനുമുള്ള നടപടി സ്വീകരിക്കാൻ ഉടമസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുവരെ ആർക്കെതിരെയും നടപടി എടുത്തിട്ടില്ല.

## മാലിന്യത്തിൽനിന്ന് സ്വാതന്ത്ര്യം എന്ന പദ്ധതി

185(1524) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യത്തിൽ നിന്ന് സ്വാതന്ത്ര്യം എന്ന പദ്ധതി വിശദമാക്കുമോ; ഏതെല്ലാം ജില്ലകളിലാണ് നടപ്പാക്കുന്നത്;

(ബി) പദ്ധതിയുടെ ഭാഗമായുള്ള വിവര ശേഖരണം പൂർത്തിയായിട്ടുണ്ടോ; ഏതെല്ലാം വിവരങ്ങളാണ് ഇതുമായി ബന്ധപ്പെട്ട് ശേഖരിക്കുന്നത്; പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്ന കാര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സമഗ്ര മാലിന്യ പരിപാലന പദ്ധതി രൂപീകരിക്കുന്നതിനുവേണ്ടി ഹരിത കേരളം മിഷന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച പ്രത്യേക ക്യാമ്പയിനാണ് മാലിന്യത്തിൽനിന്നും സ്വാതന്ത്ര്യം. ആഗസ്റ്റ് 15-ന്റെ സ്വാതന്ത്ര്യദിനാഘോഷ ചടങ്ങുകൾക്കുശേഷം ബഹു. മന്ത്രിമാർ നടത്തുന്ന മാലിന്യത്തിൽനിന്നും സ്വാതന്ത്ര്യം എന്ന പ്രഖ്യാപനവും തുടർന്ന് എല്ലാ തദ്ദേശഭരണ വാർഡുകളിലും ജനങ്ങൾ സ്വയംസമർപ്പണത്തോടെ നടത്തുന്ന പ്രഖ്യാപനങ്ങളുമുണ്ടാകും. ഇതിനു മുന്നോടിയായി 2017 ആഗസ്റ്റ് 6 മുതൽ 13 വരെ സന്നദ്ധ പ്രവർത്തകരെ പങ്കെടുപ്പിച്ച് ഗൃഹസന്ദർശനവും നിലവിലെ

മാലിന്യ സംസ്കരണത്തിന്റെ അവസ്ഥാനിർണ്ണയ പഠനവും നടത്തുന്നതാണ്. ഓരോ വീട്ടിലും സ്ഥാപനത്തിലും ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങൾ എങ്ങനെ സംസ്കരിക്കപ്പെടുമെന്നതു സംബന്ധിച്ചും അനുയോജ്യമായ സേവന സംവിധാനങ്ങൾ എന്തൊക്കെയാണെന്നത് സംബന്ധിച്ചും പരിചയപ്പെടുത്തുകയും ചെയ്യുന്നു. തുടർ നടപടികളും ആസൂത്രണം ചെയ്തുവരുന്നു. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും മാലിന്യത്തിൽ നിന്ന് സ്വാതന്ത്ര്യം ക്യാമ്പയിൻ നടപ്പാക്കും.

(ബി) ഇല്ല. അവസ്ഥാനിർണ്ണയ പഠന ഫോറം അനുബന്ധമായി* ചേർക്കുന്നു. ആഗസ്റ്റ് 13-ാം തീയതി വിവരശേഖരണം പൂർത്തിയാകും. 2018 മാർച്ച് വരെയുള്ള തുടർ പ്രവർത്തനങ്ങളാണ് ഈ ഘട്ടത്തിൽ നിശ്ചയിച്ചിട്ടുള്ളത്.

(സി) ഗൃഹസന്ദർശനവും അവസ്ഥാനിർണ്ണയ പഠനവും ശുചിത്വ സംഗമ പരിപാടി സംഘാടനം, ശുചിത്വ മാലിന്യ പരിപാലന പ്ലാൻ തയ്യാറാക്കൽ, പ്ലാനിനനുസൃതമായ പ്രോജക്ട് രൂപീകരണ നടപടികൾ, പ്രോജക്ട് നിർവ്വഹണം എന്നിവയാണ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രധാന പങ്ക്.

**അഴിമതി തടയൽ**

186 (1525) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തദ്ദേശസ്വയംഭരണ വകുപ്പിലെ അഴിമതി തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) അഴിമതിക്കാരായ എത്ര ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള വിവിധ വകുപ്പുകളെ സംബന്ധിച്ച പരാതികളും നിർദ്ദേശങ്ങളും നൽകുന്നതിനായി 'ഫോർ ദി പീപ്പിൾ' എന്ന ഓൺലൈൻ സംവിധാനം ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ ലഭിക്കുന്ന പരാതികൾ വകുപ്പുകൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) നഗര-ഗ്രാമാസൂത്രണ വകുപ്പിൽ വകുപ്പുതല നടപടികൾ/അച്ചടക്ക നടപടികൾ എന്നിവ നിലവിലില്ല.

ഗ്രാമവികസന വകുപ്പിൽ 9(ഒൻപത്) ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

നഗരകാര്യ വകുപ്പിൽ 2(രണ്ട്) ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

പഞ്ചായത്ത് വകുപ്പിൽ അഴിമതി/ധനാപഹരണം എന്നീ കുറ്റങ്ങൾക്ക് 49 ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ 189 ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

വകുപ്പുതിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

**തദ്ദേശസ്വയംഭരണ വകുപ്പിലെ വാഹനങ്ങൾ**

187 (1526) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ നിലവിൽ എത്ര വാഹനങ്ങളാണ് ഉള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത വാഹനങ്ങളിൽ ഉപയോഗിക്കാൻ കഴിയാത്തതും ഉപയോഗത്തിൽ ഇല്ലാത്തതുമായ വാഹനങ്ങളുടെ വിവരം ലഭ്യമാക്കാമോ;

(സി) പ്രസ്തുത വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി നിലവിൽ സ്വീകരിച്ചിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) വിവരങ്ങൾ അനുബന്ധമായി*ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഉപയോഗിക്കാൻ കഴിയാത്തതും ഉപയോഗത്തിൽ ഇല്ലാത്തതുമായ വാഹനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| സ്ഥാപനം | എണ്ണം |
|---|---|
| പഞ്ചായത്ത് വകുപ്പ് | 69 |
| നഗരകാര്യ വകുപ്പ് | വിവരം ശേഖരിച്ചു വരുന്നു. |
| ഗ്രാമവികസന വകുപ്പ് | 24 |
| മുഖ്യനഗരാസൂത്രകന്റെ കാര്യാലയം | 4 |
| കോട്ടയം ജില്ലാ പഞ്ചായത്ത് | 1 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 1 |
| നഗരകാര്യ വകുപ്പ് ഒഴികെ ആകെ | 99 |

(സി) നിലവിൽ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി അംഗീകൃത വർക്ഷോപ്പിൽനിന്നും അറ്റകുറ്റപ്പണിയുടെ ലേബർ ചാർജിനുള്ള ക്വട്ടേഷനും ആവശ്യമായ സ്പെയർ പാർട്സുകളുടെ ക്വട്ടേഷനും ലഭ്യമാക്കുകയും ആയത് പൊതുമരാമത്ത് വകുപ്പ് മെക്കാനിക്കൽ വിംഗിന്റെ അംഗീകാരത്തിന് നൽകുകയും ചെയ്യുന്നു.

മെക്കാനിക്കൽ വിംഗിൽനിന്നും ലഭ്യമാകുന്ന lowest labour charge-നും spare parts-നും Work Order-ഉം Supply Order-ഉം നൽകിയാണ് പ്രവൃത്തി നടപ്പാക്കുന്നതും ബിൽ ലഭ്യമാക്കുന്നതും.

**അപകടകരമായി നിൽക്കുന്ന മരങ്ങൾ**

188 (1527) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാതയോരങ്ങളിൽ അപകടകരമായി നിൽക്കുന്ന മരങ്ങൾ മുറിച്ച് മാറ്റുന്നതിനായി പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പൊതു നിരത്തുകളിലും പൊതു സ്ഥലങ്ങളിലും നിൽക്കുന്ന വൃക്ഷങ്ങൾ സംരക്ഷിക്കുന്നതിനും വൃക്ഷങ്ങളും അവയുടെ ശിഖരങ്ങളും വീണുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് 14-7-2017-ൽ 248/ആർ.സി.3/2016/ത.സ്വ.ഭ.വ. പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി* ചേർത്തിട്ടുണ്ട്.

**കൃഷിഭവൻ**

189 (1528) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട മണ്ഡലത്തിലെ വിളവൂർക്കൽ പഞ്ചായത്തിൽ കൃഷിഭവൻ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ തുടർനടപടി എന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

ഇല്ല.

**സ്കൂൾ റോഡ് പ്രവൃത്തിയുടെ ഭരണാനുമതി**

190 (1529) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലം മുൻ എം.എൽ.എ. അബ്ദുസമദ് സമദാനിയുടെ ആസ്തി വികസനപദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തി നടപ്പിലാക്കുവാൻ 20 ലക്ഷം രൂപ സർഹിന്ദ്നഗർ - ഫാറൂഖ് നഗർ- തൗക്കത്ത് സ്കൂൾ റോഡിന് അനുവദിച്ചതിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) 10-2-2016 ൽ മുൻ എം.എൽ.എ. ഇത് സംബന്ധിച്ച് എക്സിക്യൂട്ടീവ് എഞ്ചിനീയർ (തദ്ദേശസ്വയംഭരണം)-ക്ക് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളെന്തെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത റോഡ് പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ-സി) സാമ്പത്തിക വർഷം അവസാനം സർക്കാരിൽ ലഭിച്ച എസ്റ്റിമേറ്റായതിനാൽ ഭരണാനുമതി നൽകിയിട്ടില്ല.

## എൽ.എസ്.ജി.ഡി. പ്രവൃത്തികൾ

191 (1530) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് എൽ.എസ്.ജി.ഡി. മുഖാന്തിരം നടപ്പിലാക്കുന്ന എത്ര പ്രവൃത്തികൾ ഉണ്ടെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കാമോ;

(ബി) നിലവിൽ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ട്;

(സി) ഭരണാനുമതി ലഭ്യമായ പ്രവൃത്തികളിൽ എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ വേഗത്തിൽ പൂർത്തിയാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കോതമംഗലം മണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് എൽ.എസ്.ജി.ഡി. മുഖാന്തരം നടപ്പിലാക്കുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു:

1. Construction of Bridge across Nagaramudy thodu in Kavalangad Panchayath
2. 46 Acre-4 Cent road in Kavalangad Panchayath
3. Medanparakkudy-Kuttampuzha-Mamalakkandam road in Kuttampuzha
4. Valachira-Macka Masjid-Manikkinar road in Pallarimangalam Panchayath
5. Building for Govt. LPS Kozhippilly in Varappetty
6. Construction of Community Hall padi-Chullykkatt Kavumpadi road in Varappetty

7. Venduvazhi-Chundatt Colony road in Ward No. 28 of Kothamangalam
8. Valiyakavu-Vengoli road in Ward No. 15 of Kothamangalam Municipality
9. Construction of School Building in Nellikkuzhy Grama Panchayath
10. Valachira Karimaruthumchal road in Kavalangad Grama Panchayath

(ബി) 8 പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ട്.

(സി) ഭരണാനുമതി ലഭ്യമായവയിൽ 3 പ്രവൃത്തികൾ സാങ്കേതികാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

(ഡി) സ്വീകരിച്ചുവരുന്നു.

**എൽ.ഡി. ടൈപ്പിസ്റ്റ് തസ്തിക**

192 (1531) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പഞ്ചായത്തുകളിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തിക സൃഷ്ടിക്കുന്നതു സംബന്ധിച്ച് ഇഡിഎ 120/15 എന്ന ഫയലിന്മേൽ പ്രസ്തുത തസ്തിക ആവശ്യമുള്ള പഞ്ചായത്തുകളുടെ ലിസ്റ്റ് ലഭ്യമായോ; ആയതിന്മേൽ എന്തു തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളത് വിശദീകരിക്കാമോ?

ഉത്തരം

ഇല്ല; ലിസ്റ്റ് അടിയന്തരമായി ലഭ്യമാക്കാൻ പഞ്ചായത്ത് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**തദ്ദേശസ്വയംഭരണ വകുപ്പ് ഏകീകൃത കേഡർ**

193 (1532) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണവകുപ്പിന്റെ കീഴിലുള്ള വിവിധ സർവ്വീസുകളെ ഏകോപിപ്പിച്ചു കൊണ്ട് രൂപീകരിക്കുന്ന പൊതു സർവ്വീസിന്റെ കരട് സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഏകീകൃത കേഡർ എന്നു മുതൽ പ്രാബല്യത്തിൽ കൊണ്ടുവരുന്നതിനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) തദ്ദേശസ്വയംഭരണ വകുപ്പിൽ പൊതുസർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. ഇതിനായി കരട് സ്പെഷ്യൽ റൂൾ തയ്യാറാക്കി വരികയാണ്. ഇതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ഏകീകൃത കേഡർ പ്രാബല്യത്തിൽ വരുന്നതാണ്.

**വ്യവസായശാലകൾക്കുള്ള അനുമതി**

194 (T*1533) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് മാലിന്യ പ്ലാന്റ് ഇല്ലാത്ത വ്യവസായശാലകൾക്ക് അനുമതി നൽകുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ഇല്ല. മതിയായ മലിനീകരണ നിയന്ത്രണ സംവിധാനങ്ങളോടുകൂടിയ വ്യവസായ സ്ഥാപനങ്ങൾക്ക് മാത്രമാണ് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് അനുമതി നൽകുന്നത്.

**സ്റ്റാഫ് പാറ്റേൺ**

195 (1534) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിൽ ജനസംഖ്യാനുപാതികമായി സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിലെ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് പൊതു സർവ്വീസ് രൂപീകരിക്കുവാൻ സർക്കാർ

---

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉദ്ദേശിക്കുന്നുണ്ട്. ഇതിനായുള്ള സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിനായി 27-12-2016-ലെ സ.ഉ.(കൈ) നമ്പർ198/2016/ത.സ്വ.ഭ.വ. പ്രകാരം ലോക്കൽ ഗവൺമെന്റ് കമ്മീഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് പ്രത്യേക ഫണ്ട്

196 (1535) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗര, ഗ്രാമ വ്യത്യാസമില്ലാതെ മാലിന്യ മുക്തമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ ശുചീകരണ വിഭാഗം ജീവനക്കാരെ നിയമിക്കാത്തതിനാൽ ശുചീകരണ പ്രവർത്തനം കാര്യക്ഷമമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മാലിന്യനിർമാർജ്ജനത്തിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എന്തെല്ലാം നിർദ്ദേശങ്ങൾ നൽകുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിനായി പ്രാദേശിക സർക്കാരുകൾക്ക് പ്രത്യേക ഫണ്ട് അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ നഗര/ഗ്രാമങ്ങൾ മാലിന്യമുക്തമാക്കുന്നതിനായി ചുവടെ പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് അതാത് തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടപടികൾ സ്വീകരിച്ചുവരുന്നു:

1. എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ആവശ്യമെങ്കിൽ കമ്മ്യൂണിറ്റി തലത്തിലും പരമാവധി സ്വന്തം നിലയിൽ കമ്പോസ്റ്റിംഗ് ബയോമെതനേഷൻ (ബയോഗ്യാസ് പ്ലാന്റ്) രീതികളിലൂടെ ജൈവമാലിന്യം സംസ്കരിക്കപ്പെടുക. അതിനായി ശുചിത്വ മിഷൻ അംഗീകരിച്ചിട്ടുള്ള ഉപാധികൾ പ്രയോജനപ്പെടുത്തുക.

2. സ്ഥല പരിമിതിയുള്ള വീടുകളിലെ ജൈവമാലിന്യം കമ്മ്യൂണിറ്റിതല കമ്പോസ്റ്റിംഗ് നടത്തുന്നതിന് സൗകര്യങ്ങൾ ഏറ്റെടുക്കുക.

3. സ്ഥാപനങ്ങൾ, മാർക്കറ്റ്, കമ്മ്യൂണിറ്റി എന്നീ തലങ്ങളിൽ തുമ്പൂർമൂഴി കമ്പോസ്റ്റിംഗ്, ബയോഗ്യാസ് പ്ലാന്റ് എന്നീ പ്രോജക്ടുകൾ പ്രോത്സാഹിപ്പിക്കുക.

4. നിലവിലുള്ള പൊതുമാലിന്യ സംസ്കരണ പ്ലാന്റുകളുടെ അറ്റകുറ്റപ്പണികളും നവീകരണ പ്രവർത്തനങ്ങളും ഏറ്റെടുക്കുക.

5. വീടുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും വൃത്തിയാക്കി തരം തിരിക്കപ്പെട്ട അജൈവമാലിന്യം ശേഖരിച്ച് പുനഃചംക്രമണം ചെയ്യുന്നതിനായി പൊതുവായ അജൈവ മാലിന്യ പരിപാലന സൗകര്യങ്ങളായ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ, അജൈവ മാലിന്യ പുനഃചംക്രമണ പാർക്കുകൾ എന്നിവ സ്ഥാപിക്കുന്നതിന് അനുയോജ്യമായ ഭൂമി വാങ്ങുക.

6. മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കുന്നതിന്റെ അനുബന്ധ സൗകര്യങ്ങളായ ബെയ്‌ലിംഗ് മെഷീൻ, ഷ്രഡ്ഡിംഗ്, മെഷീൻ, ഡി-ഡസ്റ്റിംഗ് മെഷീൻ, വാഷിംഗ് സൗകര്യം, മലിനജലം ട്രീറ്റ് ചെയ്യുന്നതിനുള്ള സൗകര്യം എന്നിവ ആവശ്യാനുസരണം ഏർപ്പെടുത്തുക.

7. മാലിന്യ പരിപാലനത്തിന് സഹായിക്കുന്ന സംരംഭക ഗ്രൂപ്പുകൾ, സപ്പോർട്ട് ഓർഗനൈസേഷനുകൾ എന്നിവ സാമ്പത്തികമായി പ്രായോഗികക്ഷമതയോടെ പ്രവർത്തിക്കുന്നതിന് 6 മാസക്കാലത്തേക്ക് വ്യക്തമായ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ ശുചിത്വ മിഷന്റെ മാനദണ്ഡങ്ങൾ പ്രകാരം വയബിലിറ്റി ഗ്യാപ് ഫണ്ട് ലഭ്യമാക്കുക.

8. ഗ്യാസ് ക്രിമറ്റോറിയം, അറവുശാല, പാക്കേജ്ഡ് സീവേജ്/സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ എന്നിവ സ്ഥാപിക്കുന്നതിന് പ്രോജക്ടുകൾ ഏറ്റെടുക്കുക.

9. സ്ഥിരമായി നിലനിൽക്കുന്ന സ്വാപ്ഷോപ്പുകൾ സ്ഥാപിക്കുക.

10. ജൈവമാലിന്യ സംസ്കരണം ഊർജ്ജിതപ്പെടുത്തുന്നതിനായി ഉപയോഗിക്കുന്ന അംഗീകൃത ഇനോകുലങ്ങൾക്ക് സബ്സിഡി ലഭ്യമാക്കുക.

11. റീജിയണൽ സാനിട്ടറി ലാൻഡ്ഫിൽ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം വാങ്ങലും അവ സ്ഥാപിക്കലും.

12. റീസൈക്ലിംഗ് വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന് റീസൈക്ലിംഗ് വ്യവസായപാർക്ക് സ്ഥാപിക്കുന്നതിനുള്ള പശ്ചാത്തല സൗകര്യം വ്യവസായ എസ്റ്റേറ്റുകളിൽ ഒരുക്കുക.

13. കേരളത്തെ സമ്പൂർണ്ണ വെളിയിട വിസർജ്ജനമുക്ത സംസ്ഥാമാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി ഗ്രാമപ്രദേശത്തെ എല്ലാ കുടുംബങ്ങൾക്കും കക്കൂസുകൾ നിർമ്മിച്ചു നൽകുക.

(ബി) മതിയായ ശുചീകരണത്തൊഴിലാളികളുടെ അഭാവം ഗ്രാമപഞ്ചായത്തുകളുടെ ശുചീകരണ പ്രവർത്തനങ്ങളുടെ കാര്യക്ഷമതയെ ബാധിക്കുന്നുണ്ട്.

(സി) 2017-18 വാർഷിക പദ്ധതി രൂപീകരണ നടപടികളുടെ ഭാഗമായി ത്രിതല പഞ്ചായത്തുകളിൽ 29-3-2017-ലെ സ.ഉ.(എം.എസ്.) നമ്പർ72/ 2017/തസ്വഭവ മുഖേനയും നഗരസഭകളിൽ 3-4-2017-ലെ സ.ഉ.(എം.എസ്) നമ്പർ79/2017/തസ്വഭവ ഉത്തരവ് മുഖേനയും അതുപോലെ ഹരിതകേരളം മിഷന്റെ ഭാഗമായ ശുചിത്വ-മാലിന്യ സംസ്കരണ ഉപമിഷൻ നിർവ്വഹണ മാർഗ്ഗരേഖ 15-7-2017-ലെ സ.ഉ.(സാധാ) നമ്പർ2420/2017/തസ്വഭവ പ്രകാരവും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ഡി) പ്രത്യേക ഫണ്ടനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ 2016-17-ലെ വാർഷിക പദ്ധതിയിൽ ഹരിത കേരളം മിഷനുവേണ്ടി പഞ്ചായത്തുകളുടെയും നഗരസഭകളുടെയും പ്ലാൻ ഫണ്ടിൽനിന്നും 10% തുക ശുചിത്വ മാലിന്യ സംസ്കരണത്തിനായും 2017-18 വർഷത്തിൽ പഞ്ചായത്തുകളുടെ പ്ലാൻ ഫണ്ടിൽ (പൊതു വിഹിതം) നിന്നും 10 ശതമാനവും നഗരങ്ങളിൽ 15 % തുകയും മാലിന്യ സംസ്കരണത്തിന് ഊന്നൽ നൽകിയും നീക്കിവയ്ക്കുന്നതിന് പദ്ധതി ആസൂത്രണ മാർഗ്ഗരേഖ വ്യവസ്ഥ ചെയ്യുന്നുണ്ട്. കൂടാതെ ശുചിത്വ മിഷൻ മുഖേനയുള്ള സംസ്ഥാനാവിഷ്കൃത ഫണ്ടും കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്വച്ഛ് ഭരത് മിഷന്റെ മാലിന്യ പരിപാലന ഘടകം ഫണ്ടും ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകൾക്കും ലഭ്യമാകും.

## പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016

197 (1536) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മാർച്ച് 18-ന് കേന്ദ്ര വനം പരിസ്ഥിതി-കാലാവസ്ഥ വ്യതിയാന വകുപ്പ് പുറത്തിറക്കിയ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്-2016 വഴി കേന്ദ്രസർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുനല്കിയ നിർദ്ദേശങ്ങൾ എന്തെല്ലാം; ഇവ നടപ്പാക്കുന്നുണ്ടോ; ഇത് പരിശോധിക്കേണ്ട അധികാര സ്ഥാപനങ്ങൾ ഏതെല്ലാം; വ്യക്തമാക്കുമോ;

(ബി) ഇതുപ്രകാരം സംസ്ഥാന സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു നൽകിയ പ്രധാന നിർദ്ദേശങ്ങളും അവയുടെ മാർഗ്ഗനിർദ്ദേശങ്ങളും എന്തെല്ലാമെന്നും ഇവ പരിശോധിക്കേണ്ട അധികാര സ്ഥാപനങ്ങൾ ഏതെല്ലാമെന്നും വ്യക്തമാക്കുമോ;

(സി) ഇതിൻമേൽ സർക്കാർ നല്കിയ നിർദ്ദേശങ്ങൾക്കു ശേഷം അധികാര സ്ഥാപനങ്ങൾ നടത്തിയ പ്രവർത്തനങ്ങളും കണ്ടെത്തിയ നിയമവിരുദ്ധ പ്രവൃത്തികളും എന്തെല്ലാമെന്നും കുറ്റക്കാരായി കണ്ടെത്തിയവർ എത്രപേർ എന്നും വ്യക്തമാക്കുമോ;

(ഡി) കേരളം പൂർണ്ണമായും പ്ലാസ്റ്റിക് വിമുക്തമാക്കാൻ കഴിയുമോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ഇ) ഇല്ലായെങ്കിൽ ഉപയോഗപ്രദമായ പ്ലാസ്റ്റിക്ക് ഏതെല്ലാമെന്നും അവ മാത്രം ഉപയോഗിക്കുന്നത് സംബന്ധിച്ച് നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോയെന്നും വ്യക്തമാക്കുമോ;

(എഫ്) ഇതു സംബന്ധിച്ച കേന്ദ്ര നിർദ്ദേശങ്ങളുടെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഉത്തരവുകളുടേയും പകർപ്പുകൾ ലഭ്യമാക്കുമോ?

### ഉത്തരം

(എ) കേന്ദ്ര പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് പുറപ്പെടുവിച്ച പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ 2016 പ്രകാരം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും സ്വന്തം ഉത്തരവാദിത്വത്തിലോ ഏജൻസികൾ/ഉൽപ്പാദകരെ ചുമതലപ്പെടുത്തിയോ പ്ലാസ്റ്റിക് മാലിന്യങ്ങളുടെ തരംതിരിവ്, ശേഖരണം, സംഭരണം, ട്രാൻസ്പോർട്ടേഷൻ, സംസ്കരണം, നീക്കംചെയ്യൽ എന്നിവയ്ക്കുവേണ്ട

പശ്ചാത്തല സൗകര്യം സജ്ജമാക്കേണ്ടതുണ്ട്. ഈ പ്രവർത്തനങ്ങളുടെ ഏകോപനവും ചുവടെപറയുന്ന അനുബന്ധ പ്രവർത്തനങ്ങൾ നിർവ്വഹിക്കേണ്ട ഉത്തരവാദിത്വവുമുണ്ടായിരിക്കും:

- പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കൽ, സംഭരിക്കൽ, വേർതിരിക്കൽ, ട്രാൻസ്പോർട്ടേഷൻ, സംസ്കരിക്കൽ, നീക്കം ചെയ്യൽ എന്നിവ ഉറപ്പാക്കൽ
- മേൽ പ്രവർത്തനത്തിലൂടെ പരിസ്ഥിതിക്ക് യാതൊരു കോട്ടവും തട്ടില്ലായെന്ന് ഉറപ്പാക്കൽ
- പുനരുപയോഗ സാദ്ധ്യതയുള്ള പ്ലാസ്റ്റിക്കുകൾ റീസൈക്ലേഴ്സിന് കൈമാറുന്നതിനുള്ള നടപടികൾ ഉറപ്പുവരുത്തൽ
- പുനരുപയോഗ സാദ്ധ്യമല്ലാത്ത പ്ലാസ്റ്റിക് മാലിന്യ ഘടകങ്ങൾ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശപ്രകാരം നീക്കംചെയ്യുമെന്നുറപ്പാക്കൽ
- പങ്കാളികളിൽ അവരവരുടെ ഉത്തരവാദിത്വത്തെപ്പറ്റി അവബോധം സൃഷ്ടിക്കുക.
- പൊതുസമൂഹത്തെയോ വേസ്റ്റ് പിക്കേഴ്സിനെയോ ഏർപ്പെടുത്തി പൊതു സ്ഥലങ്ങളിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ കത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

മേൽ പറഞ്ഞ നിർദ്ദേശങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾവഴി നടപ്പിലാക്കിവരുന്നു. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സെക്രട്ടറി നഗരവികസനം, ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനം എന്നിവർക്കാണ് പ്രസ്തുത ചട്ടം നടപ്പിലാക്കുന്നുവെന്നുറപ്പാക്കാൻ അധികാരമുള്ളത്. സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി നിർവ്വഹണ മേൽനോട്ടം വഹിക്കേണ്ടതുണ്ട്.

(ബി) പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം നിയന്ത്രിക്കുന്നതിനായി 24-09-2016-ലെ സർക്കുലർ നമ്പർ 576/ഡിസി1/16/ത.സ്വ.ഭ.വ പ്രകാരം താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്:

- വിൽപ്പന സാധനങ്ങൾ 50 മൈക്രോണിൽ കുറയാത്ത പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ മാത്രമേ വിതരണം ചെയ്യാവൂവെന്നും വിൽപ്പന സാധനങ്ങൾ പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ വിതരണം ചെയ്യുന്ന വ്യാപാരികളും തെരുവ് കച്ചവടക്കാരും അതത് സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യണമെന്നും വാർഷിക രജിസ്ട്രേഷൻ ഉറപ്പാക്കണമെന്നും വ്യക്തമാക്കി ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷനുകൾ മുഖേന നടപ്പിലാക്കുന്നതിന്.

- ഷ്രെഡ്ഡഡ് പ്ലാസ്റ്റിക് ഉപയോഗിച്ച് റോഡ് ടാർ ചെയ്യുന്നതിനുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേനയുള്ള നടപടികൾ. (17-11-2016-ലെ സ.ഉ. (സാധാ)നമ്പർ 3119/2016/ത.സ്വ.ഭ.വ.)
- റീസൈക്ലിംഗ് വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ
- ജനങ്ങളിൽ അനുകൂല മനോഭാവം രൂപീകരിക്കുന്നതിന് ശുചിത്വ മിഷൻ മുഖേനയുള്ള വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ
- പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾക്ക് പ്രകൃതി സൗഹൃദ ബദൽ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനവും ഉപയോഗവും പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ
- ഇവയുടെ പരിശോധന അധികാര സ്ഥാപനങ്ങൾ (എ) പിരിവിൽ പറയുന്ന സ്ഥാപനങ്ങളാണ്.

(സി) തദ്ദേശഭരണ സ്ഥാപനങ്ങൾവഴി വിവരം ശേഖരിച്ചുവരുന്നു.

(ഡി & ഇ) കേരളം പൂർണ്ണമായും പ്ലാസ്റ്റിക് വിമുക്തമാക്കുന്നത് ഇപ്പോൾ പ്രായോഗികമല്ല. ഉപയോഗപ്രദമായ പ്ലാസ്റ്റിക് സംബന്ധിച്ച് പഠനമോ ഗവേഷണമോ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തിയിട്ടില്ല.

(എഫ്) പകർപ്പുകൾ അനുബന്ധമായി* ചേർക്കുന്നു.

**ലൈഫ് മിഷൻ പദ്ധതി**

198 (1537) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവനരഹിതർക്കായി നടപ്പാക്കുന്ന ലൈഫ് മിഷൻ പദ്ധതിയുടെ ലക്ഷ്യങ്ങൾ, പദ്ധതി നടപ്പാക്കുന്ന രീതി, പദ്ധതിയുടെ വിവിധ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സമയക്രമം എന്നിവ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ലൈഫ് മിഷൻ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് കുടുംബശ്രീ മുഖേന നടത്തിയ സർവ്വേയുടെ വിവരങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇത് പൊതുജനങ്ങൾക്ക് പരിശോധിക്കാനും ആക്ഷേപമുണ്ടെങ്കിൽ അത് സമർപ്പിക്കാനും എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് എന്തെങ്കിലും മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ മാനദണ്ഡങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; ഈ മാനദണ്ഡപ്രകാരമാണോ പട്ടിക തയ്യാറാക്കി യിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) അനർഹർ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവരെ ഒഴിവാക്കാനും അർഹരെ ഉൾപ്പെടുത്താനുമുള്ള അധികാരം ആർക്കെങ്കിലും നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ ആർക്കാണ് ഈ അധികാരം നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഇ) ഈ പട്ടികയ്ക്ക് ഗ്രാമസഭകളുടെ അംഗീകാരം ലഭ്യമാക്കേണ്ടതല്ലേ; ഇതിനായി എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(എഫ്) ലൈഫ് മിഷൻ സർവ്വേയുടെ വിവരങ്ങൾ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് പൊതു പരസ്യങ്ങളോ മറ്റോ സ്ഥാപിക്കാൻ വാർഡുകൾ തോറും എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ജി) പദ്ധതിയുടെ അന്തിമ ഗുണഭോക്തൃപട്ടിക എന്നത്തേക്ക് പ്രസിദ്ധീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) സ്വന്തമായി ഭൂമിയുള്ളവരും ഇല്ലാത്തവരുമായ എല്ലാ ഭവനരഹിതർക്കും മാന്യവും വാസയോഗ്യവുമായ ഭവനം സ്വന്തമായി നൽകുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് "ലൈഫ്-സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി" . സാധാരണ പാർപ്പിട പദ്ധതികളുടെ എല്ലാ കുറവുകളും നികത്തി, സാധാരണ പാർപ്പിട പദ്ധതികൾ കണ്ടെത്താൻ വിട്ടുപോകുന്ന ഏറ്റവും സാധാരണക്കാരനും അർഹനുമായ ഗുണഭോക്താവിനെ തെരഞ്ഞുകണ്ടെത്തി ഭവനം എന്നതിനപ്പുറം ജീവിതോപാധിക്കുകൂടി സൗകര്യം നൽകുകയും സാമ്പത്തിക സേവനങ്ങളും സാമൂഹിക ക്ഷേമ പദ്ധതികളുടെ പ്രയോജനവും ലഭ്യമാക്കുക എന്നതാണ് ലൈഫ് മിഷന്റെ ലക്ഷ്യം.

ലൈഫ് മിഷന്റെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുന്നത് നാലു വിഭാഗങ്ങളിൽപ്പെട്ടവരെയാണ്.

1. ഭൂമിയുള്ള ഭവനരഹിതർ.

2. സർക്കാർ പദ്ധതികളിൽപ്പെടുത്തി ഭവന നിർമ്മാണത്തിന് സഹായധനം

അനുവദിച്ചെങ്കിലും പൂർത്തിയാകാത്തതോ നിലവിലുള്ള ഭവനം വാസയോഗ്യമല്ലാത്തതോ ആയ ഗുണഭോക്താക്കൾ.

3. പുറമ്പോക്കിലോ തീരദേശ മേഖലയിലോ തോട്ടം മേഖലയിലോ താൽക്കാലിക ഭവനം ഉള്ളവർ.

4. ഭൂരഹിത ഭവനരഹിതർ.

ഇതിൽ,

- മാനസിക വെല്ലുവിളി നേരിടുന്നവർ/അന്ധർ/ശാരീരികതളർച്ച സംഭവിച്ചവർ
- അഗതികൾ
- 40%-ത്തിന് മേൽ അംഗവൈകല്യമുള്ളവർ
- ഭിന്നലിംഗക്കാർ
- ഗുരുതര മാരകരോഗങ്ങളുള്ളവർ
- അവിവാഹിതരായ അമ്മമാർ
- രോഗം/അപകടത്തിൽപ്പെട്ട് ജോലി ചെയ്ത് ജീവനോപാധി കണ്ടെത്താൻ പ്രാപ്തിയില്ലാത്തവർ
- വിധവകൾ
- HIV ബാധിതർ എന്നിവർ ഉൾപ്പെട്ട കുടുംബങ്ങൾക്ക് അവരുടെ ക്ലേശഘടകങ്ങൾ പരിശോധിച്ച് മുൻഗണന നൽകുന്നതാണ്.

വിവിധ ഭവനനിർമ്മാണ പദ്ധതികളിൽ ധനസഹായം ലഭിച്ച് പണി ആരംഭിച്ച് വിവിധ കാരണങ്ങളാൽ പൂർത്തീകരിക്കാത്ത ഭവനങ്ങളുള്ള ഗുണഭോക്താക്കൾക്ക് സാമ്പത്തിക സഹായം നൽകി ഗുണഭോക്താക്കൾ നേരിട്ടോ അതിന് കഴിയാത്തവർക്ക് ഏജൻസി മുഖേനയോ നിർമ്മാണം പൂർത്തീകരിക്കുന്നതാണ്. ഭൂരഹിത-ഭവനരഹിതർക്ക് എല്ലാവിധ സാമൂഹിക പശ്ചാത്തല സൗകര്യത്തോടും ജീവനോപാധിയോടും കൂടിയ ഭവനസമുച്ചയം/ക്ലസ്റ്ററുകൾ നിർമ്മിച്ചു നൽകുന്നതാണ്. ഭൂമിയുള്ളവർക്ക് സാമ്പത്തിക സഹായം നൽകി വ്യക്തിഗത ഭവനനിർമ്മാണം നടത്തുന്നതാണ്. വാസയോഗ്യമല്ലാത്ത ഭവനങ്ങളുള്ള ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കൽ, അതിന്റെ നിർവ്വഹണം എന്നിവയ്ക്കുള്ള നിർദ്ദേശങ്ങൾ പിന്നീട് പുറപ്പെടുവിക്കുന്നതാണ്.

(ബി) സംസ്ഥാനത്തുള്ള ഭൂരഹിത-ഭവനരഹിതരെയും ഭൂമിയുള്ള ഭവനരഹിതരെയും കണ്ടെത്തുന്നതിന് കുടുംബശ്രീ സംഘടനാ സംവിധാനം ഉപയോഗിച്ച് തദ്ദേശഭരണ സ്ഥാപന അടിസ്ഥാനത്തിൽ നടത്തിയ സർവ്വേ പൂർത്തിയാക്കിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ കരട് ലിസ്റ്റ് ജൂലൈ 30-ന് പ്രസിദ്ധീകരിക്കുകയുണ്ടായി. തദ്ദേശഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ സിഡിഎസ് ഓഫീസ്, ആരോഗ്യകേന്ദ്രങ്ങൾ, അങ്കണവാടികൾ, വില്ലേജ് ഓഫീസ്, ഇതര സർക്കാർ ഓഫീസുകൾ തദ്ദേശഭരണ സ്ഥാപന വെബ്സൈറ്റ് എന്നിവിടങ്ങളിലാണ് കരട് പട്ടിക പ്രസിദ്ധീകരിച്ചിട്ടുള്ളത്. കരട് പട്ടികയിന്മേൽ ആക്ഷേപം ഉന്നയിക്കുന്നതിനും അപ്പീൽ നൽകുന്നതിനും ജനങ്ങൾക്ക് അവസരമുണ്ട്. 2017 ആഗസ്റ്റ് 10 വരെയുള്ള ഒന്നാം ഘട്ടത്തിൽ തദ്ദേശഭരണ സ്ഥാപന സെക്രട്ടറിക്കും 2017 ആഗസ്റ്റ് 25 വരെ ജില്ലാ കളക്ടർക്കും അപ്പീൽ നൽകാം. ആക്ഷേപങ്ങൾ പരിശോധിച്ച് ഗ്രാമസഭ/വാർഡു സഭ, ഭരണ സമിതി എന്നിവയുടെ അംഗീകാരത്തോടെ 2017 സെപ്റ്റംബർ 25-ന് അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ്.

(സി) ലൈഫ് മിഷന്റെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുന്നത് നാലു വിഭാഗങ്ങളിൽപ്പെട്ടവരെയാണ്.

1. ഭൂമിയുള്ള ഭവനരഹിതർ.
2. സർക്കാർ പദ്ധതികളിൽപ്പെടുത്തി ഭവന നിർമ്മാണത്തിന് സഹായധനം അനുവദിച്ചെങ്കിലും പൂർത്തിയാകാത്തതോ നിലവിലുള്ള ഭവനം വാസയോഗ്യമല്ലാത്തതോ ആയ ഗുണഭോക്താക്കൾ.
3. പുറമ്പോക്കിലോ, തീരദേശ മേഖലയിലോ തോട്ടം മേഖലയിലോ താൽക്കാലിക ഭവനം ഉള്ളവർ.
4. ഭൂരഹിത ഭവനരഹിതർ.

ഇതിൽ,

- മാനസിക വെല്ലുവിളി നേരിടുന്നവർ/അന്ധർ/ശാരീരികതളർച്ച സംഭവിച്ചവർ
- അഗതികൾ
- 40%-ത്തിന് മേൽ അംഗവൈകല്യമുള്ളവർ
- ഭിന്നലിംഗക്കാർ
- ഗുരുതരമായരോഗങ്ങളുള്ളവർ

- അവിവാഹിതരായ അമ്മമാർ
- രോഗം/അപകടത്തിൽപ്പെട്ട് ജോലി ചെയ്ത് ജീവനോപാധി കണ്ടെത്താൻ പ്രാപ്തിയില്ലാത്തവർ
- വിധവകൾ
- HIV ബാധിതർ എന്നിവർ ഉൾപ്പെട്ട കുടുംബങ്ങൾക്ക് മുൻഗണന നൽകുന്നതാണ്.

(ഡി) ഗുണഭോക്താക്കളുടെ കരട് പട്ടികയിൽ അനർഹർ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവരെ ഒഴിവാക്കുന്നതിനും അർഹർ ഒഴിവായിപ്പോയിട്ടുണ്ടെങ്കിൽ അവരെ കൂട്ടിച്ചേർക്കുന്നതിനും അതത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അധികാരം നൽകിയിട്ടുണ്ട്.

(ഇ) ഒന്നാം ഘട്ടത്തിൽ തദ്ദേശഭരണ സ്ഥാപനതലത്തിലും രണ്ടാം ഘട്ടത്തിൽ ജില്ലാ കളക്ടർക്കും ലഭിക്കുന്ന ആക്ഷേപങ്ങൾ പരിശോധിച്ച് തീർപ്പാക്കിയ ശേഷം ഗ്രാമസഭ/വാർഡു സഭ, ഭരണസമിതി എന്നിവയുടെ അംഗീകാരത്തോടെ 2017 സെപ്റ്റംബർ 25-ന് അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ്.

(എഫ്) ലൈഫ് മിഷൻ സർവ്വേയുടെ കരട് ഗുണഭോക്തൃപട്ടിക പൊതു ജനങ്ങളുടെ അറിവിലേക്കായി തദ്ദേശഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ സി.ഡി.എസ്. ഓഫീസ്, ആരോഗ്യകേന്ദ്രങ്ങൾ അങ്കണവാടികൾ, വില്ലേജ് ഓഫീസ്, ഇതര സർക്കാർ ഓഫീസുകൾ തദ്ദേശഭരണ സ്ഥാപന വെബ്സൈറ്റ് എന്നിവിടങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ലിസ്റ്റ് പ്രസിദ്ധീകരിച്ച വിവരം പത്രപ്പരസ്യം വഴിയും ജനങ്ങളെ അറിയിച്ചിട്ടുണ്ട്. കൂടാതെ കുടുംബശ്രീ പ്രവർത്തകർ വഴി അയൽക്കൂട്ടങ്ങളിലും ലിസ്റ്റ് എത്തിക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്.

(ജി) 2017 സെപ്റ്റംബർ 25.

**മുൻഗണനാ മാനദണ്ഡം**

199 (1538) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എവിടെയൊക്കെയാണ് ലൈഫ് പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രദേശങ്ങളെ നിർണ്ണയിക്കുന്നതിനും, പദ്ധതിയിൽ ഉൾപ്പെടുത്തി വീടുകൾ നൽകുന്നതിനും നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതി നിർവ്വഹണത്തിനാവശ്യമായ തുകയിൽ സർക്കാർ വിഹിതം എത്ര, പഞ്ചായത്ത് വിഹിതം എത്ര എന്ന ക്രമത്തിൽ വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ഡി) ഏറെ വർഷങ്ങളായി ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ട്, പെൺമക്കളോടൊപ്പം ജീവിക്കുന്ന നിരാലംബരായ സ്ത്രീകൾ, രോഗബാധിതരായി കൂലിപ്പണി പോലും ചെയ്യാൻ കഴിയാതെ കിടപ്പിലാകുന്ന ഭർത്താവിനെയും കുടുംബത്തെയും സംരക്ഷിക്കുവാൻ ബാധ്യസ്ഥരാകുന്ന സ്ത്രീകൾ, വിധവകൾ തുടങ്ങി ഏറ്റവും കൂടുതൽ ദുരിതം അനുഭവിക്കുന്ന ഭവനരഹിതരായ സ്ത്രീകൾ ഈ പദ്ധതിയിലേക്ക് തെരഞ്ഞെടുക്കപ്പെടുവാൻ സാധ്യമാകുന്ന തരത്തിൽ മുൻഗണനാ മാനദണ്ഡം നിർണ്ണയിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) ഉണ്ടെങ്കിൽ, പ്രസ്തുത മുൻഗണന, ജാതി/മത പരിഗണനകൾക്ക് ഉപരിയായി അർഹരായ എല്ലാവർക്കും നൽകുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുമോ?

## ഉത്തരം

(എ) സംസ്ഥാന വ്യാപകമായി നടപ്പിലാക്കാനാണ് LIFE പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

(ബി) സംസ്ഥാനത്ത് സ്വന്തമായി ഭൂമിയുള്ളവരും ഇല്ലാത്തവരുമായ എല്ലാ ഭവനരഹിതർക്കും മാന്യവും വാസയോഗ്യവുമായ ഭവനം സ്വന്തമായി നൽകുക എന്ന ലക്ഷ്യത്തോടെയാണ് "ലൈഫ്-സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി" നടപ്പിലാക്കുന്നത്.

ലൈഫ് മിഷന്റെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുന്നത് നാലു വിഭാഗങ്ങളിൽപ്പെട്ടവരെയാണ്.

1. ഭൂമിയുള്ള ഭവനരഹിതർ.
2. സർക്കാർ പദ്ധതികളിൽപ്പെടുത്തി ഭവന നിർമ്മാണത്തിന് സഹായധനം അനുവദിച്ചെങ്കിലും പൂർത്തിയാകാത്തതോ നിലവിലുള്ള ഭവനം വാസയോഗ്യമല്ലാത്തതോ ആയ ഗുണഭോക്താക്കൾ.

3. പുറമ്പോക്കിലോ തീരദേശ മേഖലയിലോ തോട്ടം മേഖലയിലോ താൽക്കാലിക ഭവനം ഉള്ളവർ.

4. ഭൂരഹിത ഭവനരഹിതർ.

ഇതിൽ,

- മാനസിക വെല്ലുവിളി നേരിടുന്നവർ/അന്ധർ/ശാരീരികതളർച്ച സംഭവിച്ചവർ
- അഗതികൾ
- 40%-ത്തിന് മേൽ അംഗവൈകല്യമുള്ളവർ
- ഭിന്നലിംഗക്കാർ
- ഗുരുതരമാരകരോഗങ്ങളുള്ളവർ
- അവിവാഹിതരായ അമ്മമാർ
- രോഗം/അപകടത്തിൽപ്പെട്ട് ജോലി ചെയ്ത് ജീവനോപാധി കണ്ടെത്താൻ പ്രാപ്തിയില്ലാത്തവർ
- വിധവകൾ
- HIV ബാധിതർ എന്നിവർ ഉൾപ്പെട്ട കുടുംബങ്ങൾക്ക് മുൻഗണന നൽകുന്നതാണ്.

(സി) ലൈഫ് മിഷന്റെ ധനസമാഹരണത്തിന് സംസ്ഥാന സർക്കാർ ഒന്നാകെ വായ്പ എടുക്കുന്നതിനും പ്രസ്തുത വായ്പയുടെ മുതൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി വിഹിതത്തിന്റെ 25 ശതമാനത്തിൽ അധികരിക്കാതെ ഓരോ വർഷവും തിരിച്ച് പിടിക്കുവാനും പലിശ പൂർണ്ണമായും സംസ്ഥാന സർക്കാർ വഹിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് തലത്തിലെ വായ്പാ തിരിച്ചടവ് 40:35:25 എന്ന അനുപാതത്തിൽ യഥാക്രമം ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവരുടെ വികസന ഫണ്ട്/ധനകാര്യ കമ്മീഷൻ വിഹിതം എന്നിവയിൽ നിന്ന് വകയിരുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

5-4-2017-ൽ കൂടിയ ലൈഫ് മിഷൻ യോഗത്തിൽ ലൈഫ് മിഷൻ ധനസമാഹരണം സംബന്ധിച്ച തീരുമാനം ചുവടെ ചേർത്ത പ്രകാരമാണ്:

" ലൈഫ്" മിഷന്റെ ധനസമാഹരണത്തിന് സംസ്ഥാന സർക്കാർ ഒന്നാകെ വായ്പ എടുക്കുന്നതിന് തീരുമാനിച്ചു. ആയതിനുള്ള തുടർ നടപടി സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

പ്രസ്തുത വായ്പയുടെ മുതൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി വിഹിതത്തിന്റെ 25 ശതമാനത്തിൽ അധികരിക്കാതെ ഓരോ വർഷവും തിരിച്ച് പിടിക്കുവാനും പലിശ പൂർണ്ണമായും സംസ്ഥാന സർക്കാർ വഹിക്കുന്നതിനും തീരുമാനിച്ചു.

ഗ്രാമപഞ്ചായത്ത് തലത്തിലെ വായ്പാതിരിച്ചടവ് 40:35:25 എന്ന അനുപാതത്തിൽ യഥാക്രമം ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവരുടെ വികസന ഫണ്ട്/ധനകാര്യ കമ്മീഷൻ വിഹിതം എന്നിവയിൽ നിന്ന് വകയിരുത്തുന്നതിനും തീരുമാനിച്ചു."

തദ്ദേശസ്വയംഭരണ (ഡി.ബി.) വകുപ്പ് 31-7-2017-ൽ പുറപ്പെടുവിച്ച 151/2017/ത.സ്വ.ഭ.വ. ഉത്തരവിൽ ലൈഫ് മിഷൻ ധനസമാഹരണവുമായി ബന്ധപ്പെട്ട് ചുവടെ ചേർത്തിട്ടുള്ള ഭാഗമാണ് വിശദീകരിച്ചിട്ടുള്ളത്.

" PMAY പോലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളിൽനിന്നും വിവിധ വകുപ്പുതല ഭവനപദ്ധതികളിൽനിന്നും തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിവിഹിതത്തിൽ നിന്നും സമാഹരിക്കാനാകുന്ന തുകയും ലഭ്യമാക്കാനാകുന്ന കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ടും കിഫ്ബി വഴി ലഭ്യമാക്കാനാകുന്ന വായ്പയുമാണ് LIFE ഭവനസമുച്ചയങ്ങളുടെ നിർമ്മാണച്ചെലവിനുള്ള ധനസ്രോതസ്സുകൾ. ഓരോ തദ്ദേശഭരണ സ്ഥാപനത്തിനും ആവശ്യമായി വരുന്ന വായ്പ സംസ്ഥാന ലൈഫ് മിഷൻ കിഫ്ബിപോലുള്ള സ്ഥാപനങ്ങളിൽനിന്നും എടുക്കുന്നതും എൽ.എസ്.ജി.-കൾക്ക് കൈമറുന്നതുമാണ്.

നിർമ്മാണച്ചെലവിന്റെ ഒരു നിശ്ചിത ശതമാനം ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിത്തിൽനിന്നും നീക്കി വയ്ക്കേണ്ടതാണ്. ഇതു സംബന്ധിച്ച വിശദമായ ഉത്തരവ് പിന്നാലെ പുറപ്പെടുവിക്കുന്നതാണ്. ഒന്നിലേറെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഗുണഭോക്താക്കൾ ഉൾപ്പെടുന്ന LIFE ഭവനസമുച്ചയങ്ങളുടെ കാര്യത്തിൽ ഈ തുക ഗുണഭോക്താക്കളുടെ എണ്ണമനുസരിച്ച് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ ആനുപാതികമായി പങ്കു വയ്ക്കേണ്ടതാണ്.

വായ്പയായി ലഭ്യമാക്കേണ്ടിവരുന്ന തുകയുടെ പലിശ വരുംവർഷങ്ങളിൽ സംസ്ഥാന സർക്കാർ വഹിക്കുന്നതാണ്. എന്നാൽ മുതൽ അതതു തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി വിഹിതത്തിൽനിന്നും ഓരോ വർഷവും തിരിച്ചു പിടിക്കുന്നതാണ്. തുക അടച്ചു തീർക്കേണ്ട കാലയളവ്, ഗുണഭോക്താക്കളുടെ പട്ടിക അന്തിമമാക്കുന്നതിന് മുമ്പുതന്നെ വ്യക്തമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. "

ഇതിനുപരിയായി ലൈഫ് മിഷൻ പദ്ധതി നിർവ്വഹണത്തിനായി സർക്കാർ വിഹിതം എത്ര, പഞ്ചായത്ത് വിഹിതം എത്ര എന്ന ക്രമത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ല. പുതിയ ഭവനങ്ങളുടെ നിർമ്മാണം അടുത്ത സാമ്പത്തിക വർഷം മാത്രമേ ഏറ്റെടുക്കുന്നുള്ളു. പൂർത്തിയാക്കാത്ത ഭവനങ്ങൾ പൂർത്തിയാക്കുന്ന പ്രവൃത്തിയാണ് ഈ സാമ്പത്തിക വർഷം നടത്തുന്നത്. ആയതിനാൽത്തന്നെ സാമ്പത്തിക കാര്യത്തിൽ ചർച്ചയും അതിന്റെ പരിശോധനയും ചീഫ് സെക്രട്ടറി തലത്തിൽ നടത്തിക്കൊണ്ടിരിക്കുകയുമാണ്.

(ഡി&ഇ) ലൈഫ് മിഷൻ ഗുണഭോക്താക്കളുടെ മുൻഗണനാക്രമം ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ താഴെപ്പറയും പ്രകാരം നിശ്ചയിച്ചിട്ടുണ്ട്.

- മാനസിക വെല്ലുവിളി നേരിടുന്നവർ/അന്ധർ/ശാരീരികതളർച്ച സംഭവിച്ചവർ
- അഗതികൾ
- 40%-ത്തിന് മേൽ അംഗവൈകല്യമുള്ളവർ
- ഭിന്നലിംഗക്കാർ
- ഗുരുതര മാരകരോഗങ്ങളുള്ളവർ
- അവിവാഹിതരായ അമ്മമാർ
- രോഗം/അപകടത്തിൽപ്പെട്ട് ജോലി ചെയ്ത് ജീവനോപാധി കണ്ടെത്താൻ പ്രാപ്തിയില്ലാത്തവർ
- വിധവകൾ
- HIV ബാധിതർ.

ആയതിനാൽ ജാതി/മത പരിഗണനകൾക്ക് ഉപരിയായി എല്ലാ വിഭാഗങ്ങൾക്കും അർഹമായ സഹായം ഈ പദ്ധതിയിൽ ഉണ്ടാകുന്നതാണ്.

## ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

200 (1539) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലാളികൾക്കുള്ള വേതന കുടിശ്ശിക ലഭ്യമാക്കുന്നതിന് വേണ്ടി സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) എത്ര തുകയാണ് കുടിശ്ശിക ഇനത്തിൽ ലഭ്യമാക്കിയത്;

(സി) വേതന കുടിശ്ശിക പൂർണ്ണമായും വിതരണം ചെയ്തിരുന്നോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷം രണ്ടാം ഗഡുവിനായി ഓഡിറ്റ് റിപ്പോർട്ട് സഹിതം 2016 ഒക്ടോബർ മാസം 18-ാം തീയതി കേന്ദ്ര ഫണ്ടിന് അപേക്ഷ നൽകി. പ്രസ്തുത അപേക്ഷ കേന്ദ്ര സർക്കാർ പരിഗണിക്കുകയും രണ്ട് തവണകളായി 31,198.41 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു (1-12-2016-ന് 14,995.90 ലക്ഷം രൂപയും 3-1-2017-ന് 16,202.25 ലക്ഷം രൂപയും). തുടർന്ന് അർഹതപ്പെട്ട കൂടുതൽ കേന്ദ്ര വിഹിതം ലഭ്യമാകുന്നതിന് 2017 ജനുവരി മാസം 19-ാം തീയതി സംസ്ഥാനം ഗ്രാമവികസന മന്ത്രാലയത്തിന് അപേക്ഷ സമർപ്പിച്ചു. പ്രസ്തുത അപേക്ഷ പ്രകാരം 96,409.73 ലക്ഷം രൂപയാണ് ആവശ്യപ്പെട്ടത്. അതിൽ അവിദഗ്ദ്ധ കായിക കൂലിയിനത്തിൽ കേന്ദ്ര സർക്കാരിനോട് സംസ്ഥാനം ആവശ്യപ്പെട്ടത് 73,171.27 ലക്ഷം രൂപയാണ്. ഫണ്ട് ലഭിക്കുന്നതിന് കാലതാമസം നേരിട്ടത് ബോദ്ധ്യപ്പെട്ട് 2017 ഫെബ്രുവരി മാസം 23-ാം തീയതി ബഹു. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി തൊഴിലാളികളുടെ വേതന കുടിശ്ശിക തുക അടിയന്തരമായി അനുവദിക്കണമെന്ന് ചൂണ്ടിക്കാട്ടി ബഹു. കേന്ദ്ര ഗ്രാമവികസന മന്ത്രിക്ക് കത്ത് സമർപ്പിച്ചിരുന്നു. ഫണ്ട് അനുവദിക്കാത്തതിനാൽ വീണ്ടും 2017 മാർച്ച് മാസം 27-ാം തീയതി ബഹു. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി തൊഴിലാളികളുടെ വേതന കുടിശ്ശിക തുക എത്രയും പെട്ടെന്ന് അനുവദിക്കണമെന്ന് ചൂണ്ടിക്കാട്ടി ബഹു. കേന്ദ്ര വികസന മന്ത്രിക്ക് കത്ത് സമർപ്പിച്ചിരുന്നു. സംസ്ഥാനത്തെ പദ്ധതി പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നതിന് കേന്ദ്ര ഫണ്ട് ഏറ്റവും അത്യാവശ്യമായിരുന്നിട്ടും 31-3-2017 വരെ കേന്ദ്ര സർക്കാരിൽനിന്നും അപേക്ഷിച്ച ഫണ്ട് അനുവദിച്ചിരുന്നില്ല.

27-3-2017-ൽ കേന്ദ്ര സർക്കാർ J11012/1/17-MGNREGA-V നമ്പർ കത്തുപ്രകാരം 2017-18-ലെ ആദ്യ ഗഡുവിന്റെ അപേക്ഷ എല്ലാ രേഖകളും അടക്കം സമർപ്പിക്കണമെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 1-4-2017-ലെ 1/എം.ജി.എൻ.ആർ.ഇ.ജി.എ. (കേരള)/ഫിൻ/17-18/സെൻട്രൽ ഷെയർ കത്തുപ്രകാരം കേന്ദ്ര സർക്കാരിൽനിന്നും 97,764.15 ലക്ഷം രൂപ കേന്ദ്ര വിഹിതമായി ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷയിൽ ആവശ്യപ്പെട്ട മൊത്തം തുകയായ 97,764.15 ലക്ഷം രൂപയിൽ അവിദഗ്ദ്ധ കായിക കൂലിയിനത്തിൽ 2016-17-ലെ കുടിശ്ശിക തീർക്കുന്നതിന് 75,943 ലക്ഷം രൂപയും 2017-18-ലെ ആദ്യ മൂന്ന് മാസക്കാലത്തേക്കുള്ള കൂലിത്തുകയുമായ 9624.69 ലക്ഷം രൂപയും അടക്കം മൊത്തം 88,084.19 ലക്ഷം രൂപ ഉൾപ്പെട്ടിരുന്നു. സംസ്ഥാനം 1-4-2017-ൽ സമർപ്പിച്ച 1/എം.ജി.എൻ.ആർ.ഇ.ജി.എ. (കേരള)/ഫിൻ/17-18 സെൻട്രൽ ഷെയർ കത്ത് കേന്ദ്ര സർക്കാർ പരിശോധിക്കുകയും ഫണ്ട് അനുവദിക്കുന്നതിന് ആവശ്യപ്പെട്ട കൂടുതൽ വിവരങ്ങൾ 5-4-2017, 6-4-2017 തീയതികളിലായി സമർപ്പിക്കുകയും ചെയ്തു.

എന്നാൽ 10-4-2017-ലെ എഫ്.എം.ജെ-12020/02/2017- എം.ജി.എൻ.ആർ. ഇ.ജി.എ.-VIII, Sl.No. 10(NeFMS) ഉത്തരവുപ്രകാരം സംസ്ഥാനത്തിന് അവിദഗ്ദ്ധ കായിക കൂലിയിനത്തിൽ 12,283.79 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചത്.

മേൽ വിഷയങ്ങൾ പരാമർശിച്ച് 2017 ഏപ്രിൽ മാസം 12-ാം തീയതി ബഹു. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി തൊഴിലാളികളുടെ വേതന കുടിശ്ശിക തുക താമസംവിനാ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ബഹു. കേന്ദ്ര ഗ്രാമവികസന മന്ത്രിക്ക് കത്ത് സമർപ്പിച്ചിരുന്നു. ഇതോടൊപ്പം 21-4-2017-ലെ അർദ്ധ ഔദ്യോഗിക നമ്പർ 1/എം.ജി.എൻ.ആർ.ഇ.ജി.എ/സി.എസ്/2017-18 കത്തു മുഖാന്തിരം തദ്ദേശസ്വയംഭരണ വകുപ്പുപ്രിൻസിപ്പൽ സെക്രട്ടറി കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിലെ ജോയിന്റ് സെക്രട്ടറിക്ക് അടിയന്തരമായി 2016-17-ലെ കൂലി കുടിശ്ശിക തുകയും 2017-18-ലെ പദ്ധതി തുകയും അടിയന്തരമായി അനുവദിക്കുന്നതിന് അപേക്ഷിച്ചിരുന്നു. 7-7-2017-ന് 2016-17 സാമ്പത്തിക വർഷത്തെ മുഴുവൻ വേതന കുടിശ്ശികയും കേന്ദ്ര സർക്കാർ അനുവദിച്ചു.

(ബി) 2016-17 സാമ്പത്തിക വർഷത്തെ വേതന കുടിശ്ശികയായ 75,943 ലക്ഷം രൂപ 10-4-2017-ലും 7-7-2017-ലുമായി കേന്ദ്ര സർക്കാർ അനുവദിച്ചു.

(സി) 1-1-2016 മുതൽ അവിദഗ്ദ്ധ തൊഴിൽ ചെയ്യുന്ന തൊഴിലാളികളുടെ കൂലി തൊഴിലാളികളുടെ അക്കൗണ്ടിലേക്ക് നേരിട്ട് കേന്ദ്ര സർക്കാരിന്റെ അക്കൗണ്ടിൽനിന്നും ക്രെഡിറ്റ് ചെയ്യുന്ന പുത്തൻ രീതി നടപ്പാക്കിത്തുടങ്ങി. ഈ സമ്പ്രദായത്തെ നാഷണൽ ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സിസ്റ്റം (എൻ.ഇ.എഫ്.എം.എസ്) എന്നാണ് നാമകരണം ചെയ്തിട്ടുള്ളത്. 2016-17 സാമ്പത്തിക വർഷം എൻ.ഇ.എഫ്.എം.എസ്.-ലൂടെ 1,38,670 ലക്ഷം രൂപ കേന്ദ്ര സർക്കാർ തൊഴിലാളികളുടെ അക്കൗണ്ടിലേക്ക് അനുവദിച്ച് ക്രഡിറ്റ് ചെയ്തു. പ്രസ്തുത തുക ചുവടെപ്പറയുംവിധം ആറ് തവണകളായിട്ടാണ് നാഷണൽ ഇ-എഫ്.എം.എസ്. അക്കൗണ്ടിലേക്ക് ഗ്രാമ വികസന മന്ത്രാലയം ഫണ്ട് ലഭ്യമാക്കിയത്:

| ക്രമ നമ്പർ | തീയതി | ലഭിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | 07-04-2016 | 38984.09 |
| 2 | 21-04-2016 | 16777.4628 |
| 3 | 24-06-2016 | 37471.8678 |
| 4 | 15-09-2016 | 14239.0741 |
| 5 | 01-12-2016 | 14995.9026 |
| 6 | 03-01-2017 | 16202.5115 |
| | ആകെ | 138670.90 |

2016-17 സാമ്പത്തിക വർഷത്തെ മുഴുവൻ വേതന കുടിശ്ശികയായ 75943 ലക്ഷം രൂപ 10-4-2017, 7-7-2017 തീയതികളിലായി കേന്ദ്ര സർക്കാർ അനുവദിച്ചു.

**ഗ്രാമ സഡക് യോജന**

201 (1540) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15, 2015-16, 2016-17 എന്നി വർഷങ്ങളിൽ പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജന പദ്ധതിപ്രകാരം സംസ്ഥാനത്തിന് എത്ര കിലോ മീറ്റർ റോഡ് അനുവദിച്ചുവെന്നും ഇതിലേയ്ക്കായി എത്ര കോടി രൂപയാണ് അനുവദിച്ചതെന്നും വ്യക്തമാക്കുമോ;

(ബി) ഇവയിൽ ഓരോ വർഷവും സംസ്ഥാന സർക്കാർ അനുവദിച്ച ടെൻഡർ എക്സസ് എത്ര കോടി രൂപയാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പ്രധാനമന്ത്രി ഗ്രാമസഡക് യോജന പദ്ധതി പ്രകാരം 2014-15 സാമ്പത്തിക വർഷം റോഡുകളൊന്നും അനുവദിച്ചിട്ടില്ല.

2015-16 സാമ്പത്തിക വർഷം 18.75 മീ. നീളവും 304 ലക്ഷം രൂപ അടങ്കൽ തുകയും വരുന്ന ഒരു പാലത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ട്.

2016-17 സാമ്പത്തിക വർഷം 320 കി.മീ. ദൈർഘ്യവും 274.19 കോടി രൂപ അടങ്കൽ തുകയും വരുന്ന 84 റോഡുകൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്.

(ബി) ടി റോഡുകൾ എസ്റ്റിമേറ്റ് റേറ്റിനേക്കാൾ കുറഞ്ഞ നിരക്കിൽ കരാർ ഉറപ്പിച്ചതിനാൽ ടെണ്ടർ എക്സസ് അനുവദിക്കേണ്ട സാഹചര്യം ഉണ്ടായിട്ടില്ല.

**കുടുംബശ്രീ സംരംഭകത്വ വികസന പരിപാടി**

202 (1541) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി:</u>
<u>ശ്രീ. എ. കെ. ശശീന്ദ്രൻ:</u>
<u>ശ്രീ. കോവൂർ കുഞ്ഞുമോൻ:</u>
<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയുടെ സംരംഭകത്വ വികസന പരിപാടിയിൽ ഉൾപ്പെടുത്തിയ, സ്റ്റാർട്ട് അപ് വില്ലേജ് സംരംഭകത്വ വികസന പരിപാടി നടപ്പാക്കുന്നതിലേക്ക് എത്ര പദ്ധതികൾക്കാണ് പുതിയതായി അംഗീകാരം ലഭിച്ചിട്ടുള്ളത്; ഏതൊക്കെ ജില്ലകളിലാണ് ഈ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ തരത്തിലുള്ള സംരംഭങ്ങൾക്ക് ഈ പദ്ധതി മുഖേന സഹായം നല്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ; ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സ്റ്റാർട്ട് അപ് വില്ലേജ് സംരംഭകത്വ വികസന പരിപാടി നടപ്പാക്കുന്നതിന് 12 പദ്ധതികൾക്കാണ് പുതുതായി അംഗീകാരം ലഭിച്ചിട്ടുള്ളത്. ഒരു ജില്ലയിൽ ഒരു ബ്ലോക്കിൽ വീതം 12 ജില്ലകളിലാണ് പദ്ധതി നടപ്പിലാവുക. നിലവിൽ പത്തനംതിട്ട, എറണാകുളം ജില്ലകളിലെ ഓരോ ബ്ലോക്കിൽ വീതം പദ്ധതി നടന്നുവരികയാണ്. പുതിയതായി 12 പദ്ധതികൾക്കുകൂടി അംഗീകാരം ലഭിച്ചതോടെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഓരോ ബ്ലോക്കിൽ വീതം പദ്ധതി നടപ്പിൽവരും.

(ബി) കാർഷികേതരവും കാർഷികാധിഷ്ഠിതവുമായ സംരംഭങ്ങൾ തുടങ്ങുന്നതിന് ദരിദ്രഗ്രാമീണ ജനവിഭാഗങ്ങൾക്ക് സഹായം നൽകുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഒരു ബ്ലോക്കിൽ എതാണ്ട് രണ്ടായിരം സൂക്ഷ്മ സംരംഭങ്ങൾക്കുവരെ സഹായം നൽകാൻ പദ്ധതി വിഭാവന ചെയ്യുന്നു. പ്രധാനമായും രണ്ടുതരത്തിലുള്ള സഹായമാണ് ലഭ്യമാവുക. സംരംഭം തുടങ്ങാൻ താൽപ്പര്യമുള്ള വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും പരിശീലനം നൽകലും സംരംഭത്തിനുള്ള വിശദമായ പദ്ധതികൾ തയ്യാറാക്കലുമാണ് ആദ്യ സഹായം. സംരംഭകരെ ഈ ഘട്ടത്തിൽ തെരഞ്ഞെടുക്കേണ്ടത് കുടുംബശ്രീയുടെ സംഘടനാ സംവിധാനത്തിലൂടെയാണ്.

പരിശീലനം പൂർത്തിയാവുകയും പദ്ധതിയുടെ സാദ്ധ്യത ഉറപ്പാക്കപ്പെടുകയും ചെയ്തുകഴിഞ്ഞാൽ സംരംഭകർക്ക് വായ്പാ സഹായത്തിന് അർഹതയുണ്ടായിരിക്കും. പദ്ധതിയുടെ ഭാഗമായുള്ള കമ്മ്യൂണിറ്റി സംരംഭക നിധിയിൽനിന്ന് ചെറിയ തുകയ്ക്കുള്ള വായ്പയും തുടർന്ന് ബാങ്ക് വായ്പയും ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ ഈ ഘട്ടത്തിൽ നടക്കും. സംരംഭം തുടങ്ങിക്കഴിഞ്ഞാൽ 6 മാസം വരെ സംരംഭകർക്ക് സാങ്കേതിക സഹായം നൽകിയിരിക്കണമെന്ന് പദ്ധതി നിഷ്കർഷിക്കുന്നുണ്ട്. കുടുംബശ്രീ ജില്ലാ മിഷനുകളുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന പദ്ധതിയുടെ നിർവ്വഹണ ഏജൻസി കുടുംബശ്രീ നാഷണൽ റിസോഴ്സ് ഓർഗനൈസേഷനാണ്.

**പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജന**

203 (1542) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജനയിൽ 2016 മാർച്ച് 31 വരെ അനുമതി ലഭിച്ച എത്ര കിലോമീറ്റർ റോഡിന്റെ പ്രവൃത്തി പൂർത്തിയാക്കാനുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഇവയിൽ എത്ര റോഡുകൾ ടെൻഡർ ചെയ്തുവെന്നും എത്ര റോഡുകളുടെ വർക്ക് അവാർഡ് ചെയ്തുവെന്നും വെളിപ്പെടുത്താമോ;

(സി) 2016 ഏപ്രിൽ ഒന്നിന് ശേഷം പി.എം.ജി.എസ്.വൈ.-ൽ കേരളത്തിന് എത്ര കിലോമീറ്റർ റോഡിന് അനുമതി ലഭിച്ചിട്ടുണ്ടെന്നും ഇവയിൽ എത്ര കിലോമീറ്റർ ടെൻഡർ ചെയ്തുവെന്നും വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) 322.499 കി.മീ. ദൈർഘ്യം വരുന്ന 95 റോഡുകൾ പൂർത്തിയാക്കാനുണ്ട്. 15.588 കി.മി. ദൈർഘ്യം വരുന്ന 4 റോഡുകൾ വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതിനാൽ ഉപേക്ഷിക്കേണ്ടതായിട്ടുണ്ട്.

(ബി) ഭരണാനുമതി ലഭിച്ച മുഴുവൻ റോഡുകളും ടെണ്ടർ ചെയ്യുകയും അവാർഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

(സി) 319.948 കി.മീ. ദൈർഘ്യവും 274.20 കോടി രൂപ അടങ്കൽ തുകയും വരുന്ന 84 റോഡുകൾ ടെണ്ടർ ചെയ്തിട്ടുണ്ട്.

**റോഡ് നിർമ്മാണം**

204 (1543) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര പദ്ധതിയായ പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജന പ്രകാരം നടപ്പുസാമ്പത്തിക വർഷം സംസ്ഥാനത്ത് എത്ര റോഡുകളുടെ നിർമ്മാണത്തിനാണ് അനുമതി ലഭിച്ചിരിക്കുന്നത്;

(ബി) ഓരോ റോഡിന്റെയും അനുവദിച്ച തുകയുടെ ജില്ലതിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ വർഷത്തെ റോഡുകളുടെ നിർമ്മാണത്തിന് പി.എം.ജി.എസ്.വൈ. അനുമതി ലഭിച്ചില്ലെങ്കിൽ എന്താണ് കാരണമെന്ന് വ്യക്തമാക്കുമോ;

(ഡി) ഭരണാനുമതി അടിയന്തരമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ& ബി) നടപ്പ് സാമ്പത്തിക വർഷം റോഡുകളുടെ നിർമ്മാണത്തിന് അനുമതി ലഭിച്ചിട്ടില്ല.

(സി) പി.എം.ജി.എസ്.വൈ-II ബാച്ച് രണ്ടിൽ ഉൾപ്പെട്ട റോഡുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സ്റ്റേറ്റ് ടെക്നിക്കൽ ഏജൻസി (ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്)-കളുടെ അംഗീകാരത്തോടെ കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. സാങ്കേതികമായ ചില പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

(ഡി) കേന്ദ്ര സർക്കാരിൽ സമർപ്പിച്ച 70 റോഡുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടുകളുടെ പരിശോധന അന്തിമ ഘട്ടത്തിലാണ്. 2017 ആഗസ്റ്റ് മാസം 13, 14 തീയതികളിൽ കേന്ദ്ര സർക്കാരിന്റെ പ്രത്യേക സംഘത്തിന്റെ പരിശോധന കഴിഞ്ഞയുടൻതന്നെ പ്രസ്തുത പദ്ധതികൾക്ക് അനുമതി ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

## ചില്ലുകൾകൊണ്ട് പുറംഭിത്തി നിർമ്മിക്കുന്ന കെട്ടിടങ്ങൾ

205 (1544) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പാതയ്ക്ക് സമീപത്തായി പൂർണ്ണമായി ചില്ലുകൾകൊണ്ട് പുറം ഭിത്തി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് പാതയോരത്ത്നിന്നും ദൂരപരിധി നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരം കെട്ടിടങ്ങൾക്ക് വേണ്ട സുരക്ഷാ മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാന പാതയ്ക്ക് സമീപത്തായി പൂർണ്ണമായി ചില്ലുകൊണ്ട് പുറംഭിത്തി നിർമ്മിച്ചിരിക്കുന്ന കെട്ടിടങ്ങൾക്ക് പ്രത്യേകമായി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ നിബന്ധനകൾ ഏർപ്പെടുത്തിയിട്ടില്ല. കെട്ടിടത്തിന്റെ തരം, ഉയരം, നിലകളുടെ എണ്ണം, ഉപയോഗം മുതലായവ സംബന്ധിച്ച ചട്ടങ്ങൾ ഇത്തരം കെട്ടിടങ്ങൾക്കും ബാധകമാണ്.

(ബി) മറ്റ് കെട്ടിടങ്ങൾക്ക് ബാധകമായ സുരക്ഷാ സംവിധാനങ്ങൾക്കുപുറമേ ഇത്തരം കെട്ടിടങ്ങൾക്കായി പ്രത്യേക സുരക്ഷാ മാനദണ്ഡങ്ങൾ നിഷ്കർഷിച്ചിട്ടില്ല.

## പൈങ്കുളം-തൊഴുപാടം കനാൽ ബണ്ട് റോഡ്

206 (T*1545) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-13 ൽ നിയോജകമണ്ഡലം ആസ്തി വികസന സ്കീം പ്രകാരം ഒരു കോടി രൂപയുടെ ഭരണാനുമതി ലഭിച്ച പൈങ്കുളം - തൊഴുപാടം കനാൽ ബണ്ട് റോഡിന്റെ ടാറിങ് പ്രവൃത്തി പുനരാരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ്;

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ;

(സി) ഇല്ലെങ്കിൽ എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയും എന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ & ബി) പൈങ്കുളം - തൊഴുപാടം കനാൽ ബണ്ട് റോഡിന്റെ ടാറിംഗ് പ്രവൃത്തി പൊതുമരാമത്ത് വകുപ്പ് മുഖേനയാണ് നടത്തിവരുന്നത്. പ്രസ്തുത പ്രവൃത്തിക്ക് പൊതുമരാമത്ത് വകുപ്പിൽനിന്നും 29.35 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ളതും ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്.

(സി) ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കാൻ കഴിയുന്നതാണ്.

**ദുർബല ഗോത്ര വിഭാഗങ്ങൾക്കുള്ള പദ്ധതി**

207 (1546) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ച മാതൃ-ശിശുമരണ നിരക്കും പോഷകാഹാരക്കുറവും കണ്ടെത്തിയിട്ടുള്ള ദുർബല ഗോത്ര വിഭാഗങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് ഏതെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകാമോ;

(ബി) സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ സമിതി 51 പഞ്ചായത്തുകളെ മാത്രം ഉൾപ്പെടുത്തി ദുർബല ഗോത്ര വിഭാഗങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് പദ്ധതികൾ നടപ്പാക്കുന്നു എന്ന വാർത്ത ശരിയാണോ;

(സി) എങ്കിൽ ഇത്തരത്തിലുള്ള ജനവിഭാഗങ്ങൾ അധിവസിക്കുന്ന നിരവധി പഞ്ചായത്തുകൾ അവഗണിക്കപ്പെടുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ അവഗണന ഇല്ലാതാക്കാൻ ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ& ബി) കേരളത്തിലെ പട്ടികവർഗ്ഗക്കാരിൽ പ്രത്യേക ദുർബല ഗോത്രവിഭാഗങ്ങൾ, മാതൃശിശുനിരക്ക് കൂടുതലായി കാണപ്പെടുന്ന വിഭാഗങ്ങൾ, പോഷകാഹരക്കുറവ് കണ്ടെത്തിയിട്ടുള്ള വിഭാഗങ്ങൾ, ആരോഗ്യകേന്ദ്രങ്ങൾ അപ്രാപ്യമായതും വനത്തിലുള്ളതുമായ സങ്കേതങ്ങളിൽ താമസിക്കുന്നവർ

തുടങ്ങിയവരുടെ ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആരോഗ്യമേഖലയ്ക്ക് ഊന്നൽ നൽകി ഈ വിഭാഗങ്ങൾക്കായി പ്രത്യേക പദ്ധതി ആവിഷ്കരിക്കുന്നതിനായി അടിയന്തര ഇടപെടലുകൾ ആവശ്യമുള്ള 51 പഞ്ചായത്തുകളിൽ പട്ടികവർഗ്ഗ വികസന വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും ബന്ധപ്പെട്ട മറ്റ് വകുപ്പുകൾ/സർക്കാർ ഏജൻസികൾ എന്നിവയുടെ പദ്ധതി വിഹിതം സംയുക്തമായി വിനിയോഗിച്ച് പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് ഇത്തരത്തിലുള്ള പഞ്ചായത്തുകൾ ഏതൊക്കെയാണെന്ന് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളെ അറിയിക്കേണ്ടതാണെന്നും ഈ പഞ്ചായത്തുകൾ പട്ടികവർഗ്ഗ വികസന വകുപ്പുമായി ചേർന്ന് പദ്ധതി നടപ്പിലാക്കേണ്ടതുമാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ബാധകമല്ല.

## ഉസ്താദ് പദ്ധതി

208 (1547) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട ആളുകൾക്ക് ഉപയോഗപ്രദമാകുന്ന രീതിയിൽ അവരുടെ കുട്ടികൾക്ക് ഉപരിപഠനത്തിനും നൈപുണ്യ വികസനത്തിനും തൊഴിൽ നേടുന്നതിനുമായി കേന്ദ്ര സർക്കാർ രൂപീകരിച്ച 'ഉസ്താദ്' പദ്ധതി കേരളത്തിൽ നടപ്പിലാക്കുന്നതിന്എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇത്തരം പദ്ധതികൾക്കായി കേന്ദ്ര സർക്കാരിൽനിന്നും സംസ്ഥാന സർക്കാരിന് 2014 മുതൽ ലഭ്യമായിട്ടുള്ള തുക എത്രയാണ്; അതിൽ നാളിതുവരെ എന്ത് തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) 100 ശതമാനം കേന്ദ്രഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതിയായ ഉസ്താദ് സംസ്ഥാന സർക്കാർ വഴിയല്ല, കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം നേരിട്ടാണ് നടപ്പിലാക്കുന്നത്.

(ബി) ഈ പദ്ധതിക്ക് കേന്ദ്ര സർക്കാരിൽനിന്നും സംസ്ഥാന സർക്കാരിന് തുകയൊന്നും ലഭിച്ചിട്ടില്ല.

## ന്യൂനപക്ഷ കോച്ചിംഗ് സെന്ററുകൾ

209 (1548) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ന്യൂനപക്ഷ കോച്ചിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇവയിൽ ഏതെല്ലാം സെന്ററുകളാണ് സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) വാടക കെട്ടിടത്തിലാണെങ്കിൽ ഇപ്പോൾ നൽകുന്ന വാടകയും കെട്ടിടത്തിന്റെ വിസ്തീർണ്ണവും മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ഡി) ടി സെന്ററുകളിൽ പഠിക്കുന്ന കുട്ടികളുടെയും സ്റ്റാഫിന്റെയും എണ്ണം മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ; ഈ കോച്ചിംഗ് സെന്ററുകളിൽ ഏതെല്ലാം കോഴ്സുകളിലാണ് പരിശീലനം നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) സെന്ററിൽ പ്രവേശനം ലഭിക്കാൻ വേണ്ട യോഗ്യതകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; സംസ്ഥാനത്ത് ന്യൂനപക്ഷ കോച്ചിംഗ് സെന്ററുകളുടെ പ്രവർത്തനം തുടങ്ങിയത് ഏത് വർഷമാണെന്നും വ്യക്തമാക്കാമോ;

(എഫ്) ഈ സെന്ററുകളിൽ പരിശീലനം നേടിയവർ ഇപ്പോൾ ഏതെല്ലാം മേഖലകളിൽ സേവനം ചെയ്തുവരുന്നുണ്ടെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ വിശദാംശം നൽകാമോ;

(ജി) ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഏതെങ്കിലും സെന്റർ നിലവിലുള്ള സ്ഥലത്ത് നിന്ന് മറ്റേതെങ്കിലും സ്ഥലത്തേക്കുമാറ്റാൻ തീരുമാനമുണ്ടോ; എങ്കിൽ ഏതെല്ലാം കേന്ദ്രങ്ങളാണ് സ്ഥലംമാറ്റി സ്ഥാപിക്കുന്നതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ-ഡി) 14 ജില്ലകളിലായി സംസ്ഥാനത്ത് 16 പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ മലപ്പുറം ജില്ലയിൽ ആലത്തിയൂരിൽ പുതുതായി ഒരു പരിശീലന കേന്ദ്രം ആരംഭിക്കുവാൻ അനുമതി നൽകി ഉത്തരവായിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ എസ്.എസ്.എൽ.സി. യോഗ്യത അടിസ്ഥാനമാക്കിയുള്ള പരീക്ഷകൾക്ക് എസ്.എസ്.എൽ.സി. യോഗ്യതയും ബിരുദം അടിസ്ഥാനയോഗ്യതയായുള്ള പരീക്ഷകൾക്ക് ബിരുദ യോഗ്യതയുമാണ് വേണ്ടത്. ന്യൂനപക്ഷ പരിശീലന കേന്ദ്രം ആരംഭിച്ചത് 2010 മുതലാണ്

(എഫ്) സെക്രട്ടേറിയറ്റ് അസിസ്റ്റന്റ്, യൂണിവേഴ്സിറ്റി അസിസ്റ്റന്റ്, ബീറ്റ് ഫോറസ്റ്റ് ഓഫീസർ, വനിതാ പോലീസ് കോൺസ്റ്റബിൾ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ഫയർമാൻ, എൽ.ഡി. ക്ലാർക്ക്, ലാസ്റ്റ് ഗ്രേഡ് സെർവന്റ്, പോലീസ് കോൺസ്റ്റബിൾ എന്നീ തസ്തികകളിൽ കഴിഞ്ഞ വർഷം വിവിധ സെന്ററുകളിലായി പഠിച്ചവർ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. ഓരോ സെന്ററിൽനിന്നും 2016-17 വർഷം ജോലിയിൽ പ്രവേശിച്ചവരുടെ എണ്ണം ചുവടെ ചേർക്കുന്നു:

| | | | |
|---|---|---|---|
| തിരുവനന്തപുരം | 12 | പാലക്കാട് | 9 |
| കരുനാഗപ്പള്ളി | 8 | വേങ്ങര | 15 |
| പത്തനംതിട്ട | 7 | പൊന്നാനി | 18 |
| ആലപ്പുഴ | 27 | പെരിന്തൽമണ്ണ | 22 |
| കോട്ടയം | 18 | കോഴിക്കോട് | 42 |
| തൊടുപുഴ | 18 | വയനാട് | 11 |
| ആലുവ | 43 | പയ്യന്നൂർ | 10 |
| തൃശ്ശൂർ | 25 | കാസർഗോഡ് | 5 |

(ജി) ഉണ്ട്. കാസർഗോഡ് ചെങ്കളയിൽ പ്രവർത്തിച്ചുവരുന്ന പരിശീലന കേന്ദ്രം കിനാനരിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ന്യൂനപക്ഷവിഭാഗങ്ങൾക്കായുള്ള പദ്ധതികൾ

210 (1549) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷവിഭാഗങ്ങൾക്കായുള്ള വിവിധ പദ്ധതികളുടെ വ്യക്തമായ വിവരം ലഭ്യമാക്കുമോ;

(ബി) ന്യൂനപക്ഷക്ഷേമത്തിനായി 2017-2018 ബജറ്റിൽ ഉൾക്കൊള്ളിച്ചിരുന്ന പദ്ധതികളിൽ ഓരോന്നിലും ചെലവാക്കിയ തുക സംബന്ധിച്ച് വ്യക്തമായ വിവരം ലഭ്യമാക്കുമോ;

(സി) ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്ന പദ്ധതിയിൽ ബജറ്റ് വിഹിതത്തിൽനിന്നും എത്ര തുക ചെലവാക്കിയിട്ടുണ്ട്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ)1. സി.എ./ഐ.സി.ഡബ്ല്യൂ.എ./സി.എസ്. എന്നീ കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ്

2. വിധവ/വിവാഹ ബന്ധം വേർപെടുത്തിയ/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഇമ്പിച്ചിബാവ ഭവന നിർമ്മാണ പദ്ധതി/ഭവന പുനരുദ്ധാരണ പദ്ധതി

3. ഹൈസ്കൂൾ, ഹയർ സെക്കണ്ടറി ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായുള്ള രണ്ടുദിവസത്തെ സൗജന്യ കരിയർ ഗൈഡൻസ് പരിശീലനം

4. സ്വകാര്യ ഐ.ടി.ഐ./ഐ.ടി.സി. കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ ബി.പി.എൽ. വിദ്യാർത്ഥികൾക്ക് ഫീ - റീ ഇംബേഴ്സ്മെന്റ് സ്കീം

5. എസ്.എസ്.എൽ.സി./പ്ലസ്ടു/വി.എച്ച്.എസ്.ഇ./ബിരുദ/ബിരുദാനന്തര തലങ്ങളിൽ ഉന്നതവിജയം നേടിയ ന്യൂനപക്ഷ മതവിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്

6. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കുടിവെള്ള വിതരണ പദ്ധതി

7. സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം നടത്തുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ്, ഹോസ്റ്റൽ ഫീസ് എന്നിവ റീ-ഇംബേഴ്സ് ചെയ്തു നൽകുന്ന പദ്ധതി

8. ഉറുദു ഒന്നാം ഭാഷയായി പഠിച്ച് എല്ലാ വിഷയങ്ങൾക്കും എ+ നേടുന്ന വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ്

9. സി.എച്ച്. മുഹമ്മദ് കോയ ഗേൾസ് സ്കോളർഷിപ്പ്/ഹോസ്റ്റൽ സ്റ്റൈപ്പന്റ് പദ്ധതി

10. മദ്രസ അദ്ധ്യാപക ക്ഷേമനിധി പെൻഷൻ പദ്ധതി

11. മദ്രസ അദ്ധ്യാപക ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് സ്വന്തം വിവാഹത്തിനും പെൺമക്കളുടെ വിവാഹത്തിനും വിവാഹ ധനസഹായ പദ്ധതി

12. മദ്രസ ക്ഷേമനിധി അംഗങ്ങൾക്ക് കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ വഴി നടപ്പിലാക്കുന്ന ഭവന പദ്ധതി

13. എസ്.എസ്.എൽ.സി./പ്ലസ്ടു പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ+ നേടുന്ന മദ്രസ അദ്ധ്യാപകരുടെ മക്കൾക്ക് ക്യാഷ് അവാർഡ് നൽകുന്ന പദ്ധതി

14. വയനാട് ജില്ലയിലെ നാല് ബ്ലോക്കുകൾ, മലപ്പുറം ജില്ലയിലെ പൊന്നാനി ടൗൺ എന്നിവിടങ്ങളിൽ കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പിലാക്കുന്ന ബഹുമുഖ വികസന പദ്ധതി (MSDP).

(ബി&സി) 2017-18 സാമ്പത്തിക വർഷത്തെ പദ്ധതികളുടെ നിർവ്വഹണം ആരംഭിച്ചുവരികയാണ്. തുക വിതരണം നടത്തിയിട്ടില്ല.

**കേന്ദ്ര ഹജ്ജ് കമ്മിറ്റി**

211 (1550) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ വർഷവും കേന്ദ്ര ഹജ്ജ് കമ്മിറ്റി, ഹജ്ജ് ഒരുക്കങ്ങൾ ചർച്ച ചെയ്യുന്നതിനായി, കേന്ദ്ര മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ കമ്മിറ്റി പ്രതിനിധികളുടെ യോഗം വിളിച്ചുകൂട്ടാറുണ്ടോ;

(ബി) എങ്കിൽ ഈ വർഷം ഇതിനായി കേന്ദ്ര ഹജ്ജ് കമ്മിറ്റി വിളിച്ചുകൂട്ടിയ യോഗത്തിൽ കേരളത്തെ പ്രതിനിധീകരിച്ചത് ആരെല്ലാമാണ്;

(സി) കോഴിക്കോട് എംബാർകേഷൻ പോയന്റ് പുനസ്ഥാപിക്കണമെന്നതു സംബന്ധിച്ച് പ്രസ്തുത കമ്മിറ്റിയിൽ ഏതെങ്കിലും ചർച്ചകൾ നടന്നിരുന്നുവോ എന്നും അതിന്മേൽ ഏതെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഓരോ ഹജ്ജ് കഴിഞ്ഞശേഷവും ആന്വൽ ഹജ്ജ് മീറ്റിംഗ് നടക്കാറുണ്ട്. പ്രസ്തുത മീറ്റിംഗിൽ കഴിഞ്ഞ ഹജ്ജിന്റെ റിവ്യൂവും വരാനുള്ള ഹജ്ജിന്റെ ഒരുക്കങ്ങളും ചർച്ച ചെയ്യാറുണ്ട്. 2017 മേയ് മാസത്തിലാണ് മീറ്റിംഗ് നടന്നത്.

(ബി) കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി ചെയർമാനും എക്സിക്യൂട്ടീവ് ഓഫീസറെ പ്രതിനിധീകരിച്ച് അസിസ്റ്റന്റ് സെക്രട്ടറിയുമാണ് ഇത്തവണത്തെ ആന്വൽ ഹജ്ജ് കോൺഫറൻസിൽ പങ്കെടുത്തത്. പ്രസ്തുത യോഗത്തിൽ 2016-ലെ ഹജ്ജിന്റെ റിവ്യൂവും 2017-ൽ വരാനിരിക്കുന്ന ഹജ്ജിന്റെ ഒരുക്കങ്ങളും ചർച്ച ചെയ്തു.

(സി) കോഴിക്കോട് എംബാർക്കേഷൻ പോയിന്റ് പുനസ്ഥാപിക്കണമെന്ന് പ്രസ്തുത മീറ്റിംഗിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര ന്യൂനപക്ഷകാര്യ വകുപ്പുമന്ത്രി, വകുപ്പ് ജോയിന്റ് സെക്രട്ടറി എന്നിവർക്ക് നേരിട്ട് മെമ്മോറാണ്ടം നൽകിയിട്ടുണ്ട്. അടുത്ത വർഷം എംബാർക്കേഷൻ പോയിന്റ് കരിപ്പൂരിലേക്ക് മാറ്റുന്നതാണെന്ന് മറുപടി പ്രസംഗത്തിൽ മന്ത്രി സൂചിപ്പിച്ചിരുന്നു.

## കൊല്ലം തുറമുഖ വികസനം

212 (1551) <u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ സാഗർമാല പദ്ധതിയിൽ കൊല്ലം തുറമുഖത്തിന്റെ മൂന്നാം ഘട്ട വികസന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. കൊല്ലം തുറമുഖത്തെ പാസ്സഞ്ചർ ടെർമിനലിന്റെ നിർമ്മാണം, കൊല്ലം തുറമുഖത്തെ ദേശീയ പാതയുമായി ബന്ധിപ്പിക്കുന്ന റോഡിന്റെ വികസനം എന്നീ പദ്ധതികൾക്ക് സഹായം ലഭിക്കുന്നതിനായാണ് കേന്ദ്ര സർക്കാരിന്റെ സാഗർമാല പദ്ധതിയിൽ പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുള്ളത്. കേന്ദ്ര സർക്കാരിന്റെ നിർദ്ദേശത്തെത്തുടർന്ന് കിറ്റ്കോ തയ്യാറാക്കിയ സോയിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട്, വിശദമായ ഡ്രോയിംഗ്സ് എന്നിവ കേന്ദ്രസർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. തുറമുഖത്തെ ദേശീയപാതയുമായി ബന്ധിപ്പിക്കുന്ന റോഡിന്റെ വികസനത്തിനായി വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## വിഴിഞ്ഞം തുറമുഖ നിർമ്മാണം

213 (1552) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത തുറമുഖ നിർമ്മാണത്തിനും അനുബന്ധ ആവശ്യങ്ങൾക്കുമായി എത്ര ഏക്കർ ഭൂമി ഏറ്റെടുത്ത് നൽകിയിട്ടുണ്ടെന്നും ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ ;

(സി) തുറമുഖ നിർമ്മാണം എപ്പോൾ പൂർത്തിയാക്കാൻ കഴിയും എന്ന് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) മണ്ണ് പരിശോധന, സർവ്വേ, ബ്രേക്ക് വാട്ടറിനെ ബന്ധിപ്പിക്കുന്ന റോഡിന്റെ നിർമ്മാണം എന്നിവ പൂർത്തിയായി. കൺസഷൻ കരാർ പ്രകാരം കൺസഷണയർ 53 ഹെക്ടർ ഭൂമി കടൽ നികത്തിയെടുക്കേണ്ടതുണ്ട്. ഇതിൽ 40 ശതമാനം പണി പൂർത്തിയാക്കിക്കഴിഞ്ഞു. 3100 മീറ്റർ നീളമുള്ള ബ്രേക്ക് വാട്ടറിന്റെ നിർമ്മാണം പുരോഗമിക്കുന്നു. ഇതിൽ ബ്രേക്ക് വാട്ടറിന്റെ 565 മീറ്റർ നീളത്തിൽ കോർ നിർമ്മാണം പൂർത്തിയായി കഴിഞ്ഞു. ബർത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി 1-6-2017-ന് പൈലിംഗ് പ്രവർത്തനങ്ങൾ ആരംഭിച്ചു.

(ബി) തുറമുഖ നിർമ്മാണത്തിനും അനുബന്ധ ആവശ്യങ്ങൾക്കുമായി 84.6101 ഹെക്ടർ (208.99 ഏക്കർ) ഭൂമി ഏറ്റെടുത്ത് നൽകിയിട്ടുണ്ട്. 12.06 ഹെക്ടർ ഭൂമി കൂടി ഇനി ഏറ്റെടുത്ത് കൈമാറേണ്ടതുണ്ട്. ഈ നടപടി പുരോഗമിച്ചുവരുന്നു. ഭൂമി ഏറ്റെടുക്കുന്നതിനായി 31-7-2017 വരെ 609 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) കരാർ പ്രകാരം തുറമുഖത്തിന്റെ വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ തുടങ്ങാൻ അനുവദിച്ചിട്ടുള്ള കാലയളവ് നാല് വർഷമാണ് (1460 ദിവസം). അതനുസരിച്ച് 2019 ഡിസംബർ 5-ാം തീയതി പദ്ധതിയുടെ വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനം തുടങ്ങാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. നിർമ്മാണ പ്രവർത്തനങ്ങൾ നാളിതുവരെ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ കരാറിൽ നിഷ്കർഷിച്ചിട്ടുള്ള കാലയളവിൽത്തന്നെ തുറമുഖ നിർമ്മാണം പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി

214 (1553) ശ്രീ. വി. എസ്. ശിവകുമാർ:

ശ്രീ. കെ. മുരളീധരൻ:

ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി യാഥാർത്ഥ്യമാക്കുവാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതിയനുസരിച്ച് എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്; വിശദമാക്കുമോ;

(സി) പുലിമുട്ടുകളുടെയും ബർത്തുകളുടെയും നിർമ്മാണം തുടങ്ങിയിട്ടുണ്ടോ; വിശദമാക്കുമോ?

### ഉത്തരം

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ സമയബന്ധിതമായ നടത്തിപ്പിനായി നിർവ്വഹണ ഏജൻസി (Special Purpose Vehicle) ആയി വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് രൂപീകരിച്ച് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നുണ്ട്.

നാല് കൊല്ലംകൊണ്ട് അദാനി വഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് (കൺസഷണയർ) തുറമുഖം പൂർത്തിയാക്കണമെന്ന് സർക്കാർ അവരുമായി വച്ചിട്ടുള്ള കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൺസഷണയറുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ഒരു ഇൻഡിപെൻഡന്റ് എഞ്ചിനീയറെ (STUP Consultants Private Limited) നിയമിച്ചിട്ടുണ്ട്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുവേണ്ടിയുള്ള തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനായി ചീഫ് സെക്രട്ടറി അധ്യക്ഷനായ ഒരു പ്രോജക്ട് ഇംപ്ലിമെന്റേഷൻ കമ്മിറ്റിയും കരാറിനെ സംബന്ധിക്കുന്ന വിഷയങ്ങൾ നിരീക്ഷിക്കുന്നതിന് ഒരു എംപവേർഡ് കമ്മിറ്റിയും രൂപീകരിച്ച് പ്രവർത്തിക്കുന്നു. തുറമുഖ പദ്ധതിക്കാവശ്യമായ ബാക്കി ഭൂമി ഏറ്റെടുക്കൽ നടപടികളും അതുപോലെ തുറമുഖ പ്രവർത്തനങ്ങൾക്ക് ആവശ്യമായ വൈദ്യുതി, വെള്ളം എന്നിവ എത്തിക്കുന്നതിനായുള്ള പണികളും സമയബന്ധിതമായി നടത്തിവരുന്നു. പദ്ധതിക്കായുള്ള റെയിൽ നിർമ്മാണത്തിന് കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള Rail Vikas Nigam Limited (RVNL)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി&സി) മണ്ണ് പരിശോധന, സർവ്വേ, ബ്രേക്ക് വാട്ടറിനെ ബന്ധിപ്പിക്കുന്ന റോഡിന്റെ നിർമ്മാണം എന്നിവ പൂർത്തിയായി. കൺസഷൻ കരാർ പ്രകാരം കൺസഷണയർ 53 ഹെക്ടർ ഭൂമി കടൽ നികത്തിയെടുക്കേണ്ടതുണ്ട്. ഇതിൽ 40 ശതമാനം പണി പൂർത്തിയായിക്കഴിഞ്ഞു. 3100 മീറ്റർ നീളമുള്ള ബ്രേക്ക് വാട്ടറിന്റെ നിർമ്മാണം പുരോഗമിക്കുന്നു. ഇതിൽ ബ്രേക്ക് വാട്ടറിന്റെ 565 മീറ്റർ നീളത്തിൽ കോർ നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞു. ബർത്തിന്റെ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് 1-6-2017-ന് പൈലിംഗ് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

## സി&എ.ജി. റിപ്പോർട്ട്

215 (1554) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട് വന്നിട്ടുള്ള സി &എ.ജി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം;

(ബി) എം.ഒ.യു.-വിൻെറ പരിധിക്കുള്ളിൽ നിന്നുകൊണ്ട് സംസ്ഥാനത്തിന് കൂടുതൽ ലാഭം നേടിയെടുക്കുന്നതിന് കഴിയുമോ; ഇല്ലെങ്കിൽ മറ്റെന്ത് നടപടിയാണ് സ്വീകരിക്കുവാൻ കഴിയുക; വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. സി. എൻ. രാമചന്ദ്രൻ നായർ (റിട്ട. ഹൈക്കോടതി ജഡ്ജി) ചെയർമാനായും ശ്രീ. കെ. മോഹൻദാസ്, ഐ.എ.എസ്.(റിട്ട.), ശ്രീ. പി. ജെ. മാത്യു, ഐ.എ. & എ. എസ്. (റിട്ട.) എന്നിവർ അംഗങ്ങളുമായുള്ള ഒരു ജുഡീഷ്യൽ അന്വേഷണ കമ്മീഷനെ നിയമിച്ചിരിക്കുകയാണ്. 6 മാസമാണ് ഈ കമ്മീഷന്റെ കാലാവധി. കമ്മീഷന്റെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഈ വിഷയത്തിൽ ആവശ്യമായ തുടർനടപടികൾ കൈക്കൊള്ളുന്നതാണ്. കമ്മീഷന്റെ പ്രവർത്തനം തുറമുഖ നിർമ്മാണ പ്രവർത്തനത്തെ തടസ്സപ്പെടുത്താതെ പദ്ധതി സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിനായി കേരള സർക്കാരും അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡും (കൺസഷണയർ) തമ്മിൽ ഉണ്ടാക്കിയിട്ടുള്ളത് ഒരു കൺസഷൻ കരാറാണ്. അല്ലാതെ എം.ഒ.യു. വ്യവസ്ഥ പ്രകാരമല്ല വിഴിഞ്ഞം തുറമുഖ പദ്ധതി നടപ്പിലാക്കുന്നത്. കൺസഷൻ കരാറിലെ വ്യവസ്ഥകൾ ഒരു കൺസഷണയറെ കണ്ടെത്തുന്ന ടെണ്ടറിംഗ് ഘട്ടത്തിൽ ബിഡ്ഡർമാർക്ക് Draft Concession Agreement നൽകിക്കൊണ്ട് സർക്കാർ മുന്നോട്ടുവച്ചവയാണ്. ഇതിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡുമായി വിഴിഞ്ഞം തുറമുഖ കരാർ 17-8-2015-ന് സർക്കാർ ഒപ്പുവച്ചിട്ടുള്ളത്. തുറമുഖ നിർമ്മാണ പ്രവർത്തനങ്ങൾ മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്ന ഈ ഘട്ടത്തിൽ കരാറിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരമേ ഈ പ്രോജക്ട് നടപ്പിലാക്കുവാൻ നിർവ്വാഹമുള്ളൂ.

## ജില്ലാ പൈതൃക മ്യൂസിയം

216 (1555) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ ജില്ലകളിലും ജില്ലാ പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) കൊല്ലം ജില്ലയിൽ പൈതൃക മ്യൂസിയം സ്ഥാപിക്കുന്നതിനായി സ്ഥലം ലഭ്യമായിട്ടുണ്ടോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ) എല്ലാ ജില്ലകളിലും പുരാവസ്തു വകുപ്പിന്റെ ആഭിമുഖ്യത്തിൽ ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി തിരുവനന്തപുരം, എറണാകുളം, പത്തനംതിട്ട, തൃശ്ശൂർ, പാലക്കാട്, വയനാട്, ഇടുക്കി, മലപ്പുറം എന്നിവിടങ്ങളിൽ ജില്ലാ പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ഒഴികെയുള്ള ജില്ലകളിൽ മ്യൂസിയം സജ്ജീകരണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. മലപ്പുറം ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിക്കാൻ ഉദ്ദേശിക്കുന്ന തിരൂരങ്ങാടി ഹജ്ജൂർ കച്ചേരി നിലവിൽ താലൂക്ക് ഓഫീസ് ആയി പ്രവർത്തിച്ചുവരുന്നതിനാൽ ഇതു മാറ്റിസ്ഥാപിക്കുന്ന മുറയ്ക്ക് സജ്ജീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

(ബി) ഇല്ല. ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിക്കുവാൻ കൊല്ലം ഉൾപ്പെടെയുള്ള മറ്റ് ജില്ലകളിൽ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## മൂന്നാറിൽ മ്യൂസിയം

217 (1556) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേവികുളം നിയോജകമണ്ഡലത്തിലെ മൂന്നാറിൽ മ്യൂസിയം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തെങ്കിലും നടപടി സ്വീകരിച്ചുവോയെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ആവശ്യമായ നടപടികൾ ഉടൻ സ്വീകരിക്കുമോ?

ഉത്തരം

ഇടുക്കി ജില്ലയിലെ പൈനാവിൽ പുരാവസ്തു വകുപ്പിന്റെ ആഭിമുഖ്യത്തിൽ ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിച്ചുവരുന്നു. കൂടാതെ 2012 വർഷത്തിൽ മൂന്നാറിൽ മ്യൂസിയം വകുപ്പിന്റെ ആഭിമുഖ്യത്തിൽ മെഴുക് മ്യൂസിയവും സാംസ്കാരിക സെന്ററും സ്ഥാപിക്കുന്നതിന് ഒരു പദ്ധതി ആവിഷ്കരിച്ചിരുന്നു. എന്നാൽ വയനാട് കുങ്കിച്ചിറ മ്യൂസിയം സ്ഥാപിക്കുന്ന പദ്ധതിയുമായി മുന്നോട്ടുപോയതിന്റെ ഭാഗമായി മൂന്നാറിലെ മെഴുക് മ്യൂസിയം സജ്ജീകരണ പദ്ധതി നടപ്പിലാക്കുവാൻ സാധിച്ചില്ല. 2017-18 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിയുമായി മുന്നോട്ടുപോകുന്ന വിഷയം പരിഗണിക്കാവുന്നതാണ്.

## കുഞ്ഞാലി മരയ്ക്കാർ സ്മാരക മ്യൂസിയം

218 (1557) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ കുഞ്ഞാലിമരയ്ക്കാർ സ്മാരക മ്യൂസിയത്തിന്റെ വികസനത്തിനായി സമർപ്പിച്ചിട്ടുള്ള നിവേദനത്തിന്മേൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

കുഞ്ഞാലി മരയ്ക്കാർ സ്മാരക വികസനം സംബന്ധിച്ച് പയ്യോളി നഗരസഭാ ചെയർപേഴ്സണുമായി പുരാവസ്തു വകുപ്പ് ഡയറക്ടർ പ്രാരംഭ ചർച്ചകൾ നടത്തുകയുണ്ടായി. കൂടാതെ പ്രസ്തുത വികസന പദ്ധതിക്കായി പുരാവസ്തു, വിനോദസഞ്ചാരം, റവന്യൂ, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളിലെ പ്രതിനിധികളെയും ജനപ്രതിനിധികളെയും ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു യോഗം വിളിച്ചുചേർത്ത് ഭാവി പരിപാടികൾ ആസൂത്രണം ചെയ്യണമെന്ന് പുരാവസ്തു വകുപ്പ് ഡയറക്ടർ സമർപ്പിച്ച ശിപാർശ പരിശോധിച്ചുവരുന്നു.

## നാഗഞ്ചേരി മന

219 (1558) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ ഇരിങ്ങോലിയിലെ 150 വർഷത്തിലധികം പഴക്കമുള്ള നാഗഞ്ചേരിമന ചരിത്ര സ്മാരകമായി നിലനിർത്തുന്നതിനും മ്യൂസിയം, പാർക്ക്, അക്വാറിയം എന്നിവ ആരംഭിക്കുന്നതിനുമായുള്ള പ്രൊപ്പോസലിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ&ബി) നാഗഞ്ചേരി മനയെ സംരക്ഷിക്കുന്നതിനും സാമ്പത്തിക സാങ്കേതിക സഹായം അഭ്യർത്ഥിച്ചുകൊണ്ടും പെരുമ്പാവൂർ നഗരസഭ സമർപ്പിച്ചിട്ടുള്ള അപേക്ഷ പുരാവസ്തു വകുപ്പ് പരിശോധിച്ചുവരുന്നുണ്ട്.

## കായംകുളം കൃഷ്ണപുരം കൊട്ടാരം

220 (1559) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം കൃഷ്ണപുരം കൊട്ടാരം തികച്ചും ജീർണ്ണാവസ്ഥയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവിടുത്തെ കെട്ടിടങ്ങളുടെയും തകർന്ന ചുറ്റമതിലുകളുടെയും പുനരുദ്ധാരണം, അമൂല്യമായ പുരാവസ്തുശേഖരങ്ങളുടെ സംരക്ഷണം, ആവശ്യമായ വെളിച്ച സംവിധാനം, പുരാവസ്തുശേഖരണങ്ങളെക്കുറിച്ച് വിശദമാക്കുന്ന ആധുനിക രീതിയിലുള്ള ഫലകങ്ങൾ, പുതിയ പരവതാനികൾ, കൊട്ടാരത്തിന്റെ കുളം വൃത്തിയാക്കൽ, കൊട്ടാരത്തിലേക്കുള്ള ദൂരം, സ്ഥാനം എന്നിവ വെളിവാക്കുന്ന തരത്തിൽ ദേശീയ പാതയിൽ ദിശാസൂചകഫലകങ്ങൾ സ്ഥാപിക്കൽ എന്നീ പ്രവർത്തികൾ ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കായംകുളം കൃഷ്ണപുരം കൊട്ടാരത്തിന്റെ ഘടനാ സംരക്ഷണത്തിന് സമഗ്രമായ പദ്ധതി വിഭാവനം ചെയ്യുകയും ഇതിലേക്കായി 2-6-2017-ലെ സ.ഉ. (സാധ)366/2017/സാം.ക.വ. നമ്പർ ഉത്തരവുപ്രകാരം 42 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്. പ്രസ്തുത പ്രവൃത്തിയിൽ കെട്ടിടങ്ങളുടെയും തകർന്ന ചുറ്റുമതിലിന്റെയും പുനരുദ്ധാരണവും മറ്റു പ്രവൃത്തികളും ഉൾപ്പെട്ടിട്ടുണ്ട്.

**ഡിജിറ്റൈസേഷൻ പദ്ധതി**

221 (1560) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. അടൂർ പ്രകാശ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരാവസ്തു വകുപ്പിൽ രേഖകളുടെ ഡിജിറ്റൈസേഷൻ പദ്ധതി നടപ്പാക്കി വരുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിവരിക്കുമോ;

(സി) പദ്ധതിയനുസരിച്ച് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ-സി) പുരാവസ്തു വകുപ്പിൽ രേഖകളുടെ ഡിജിറ്റൈസേഷൻ പദ്ധതി നടപ്പിലാക്കി വരുന്നില്ല. എന്നാൽ പുരാരേഖാ വകുപ്പിൽ പ്രസ്തുത പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

**പുരാവസ്തു വകുപ്പിന്റെ ടൂറിസം പദ്ധതികൾ**

222 (1561) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ ഫിഷറീസ് സെക്ടറുമായി യോജിച്ച് പുരാവസ്തു വകുപ്പിലൂടെ നടപ്പിലാക്കാനാവുന്ന ടൂറിസം പദ്ധതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് പുരാവസ്തു വകുപ്പിൽ സമർപ്പിച്ച പദ്ധതിയിന്മേൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഫിഷറീസ് സെക്ടറുമായി യോജിച്ച് പുരാവസ്തു വകുപ്പിന്റെ ആഭിമുഖ്യത്തിൽ ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലില്ല.

**പുരാവസ്തു വകുപ്പിന്റെ പ്രവർത്തനങ്ങൾ**

223 (1562) ശ്രീ. എസ്. ശർമ്മ:
ശ്രീമതി പി. അയിഷാ പോറ്റി:
പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരാവസ്തു വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും അവയെ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) വകുപ്പിന്റെ ഘടനയും പ്രവർത്തനങ്ങളും ശാസ്ത്രീയമായ രീതിയിൽ പുനഃസംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) ആയത് സംബന്ധിച്ച് സമഗ്രമായ പഠനം നടത്തുന്നതിനായി ചരിത്രകാരന്മാരെയും പുരാവസ്തു വിദഗ്ദ്ധന്മാരെയും ഉൾപ്പെടുത്തി ഒരു വിദഗ്ദ്ധ സമിതി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ-സി) പുരാവസ്തു വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും അവയെ ജനങ്ങളിലേക്കെത്തിക്കുന്നതിനുമായി വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സാംസ്കാരിക സംഘടനകൾ എന്നിവയുമായി സഹകരിച്ചുകൊണ്ട് പുരാവസ്തു പ്രദർശനങ്ങൾ, സെമിനാറുകൾ, വർക്ഷോപ്പുകൾ എന്നിവ സംഘടിപ്പിച്ചുവരുന്നുണ്ട്. പുരാവസ്തു വകുപ്പിന്റെ ആഭിമുഖ്യത്തിൽ 'കേരള പൈതൃകോത്സവം' ഇക്കൊല്ലം ഡൽഹി, മുംബൈ, കൊൽക്കത്ത, ബംഗളൂരു എന്നിവിടങ്ങളിൽ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ശാസ്ത്രീയമായ രീതിയിൽ പുനഃസംഘടിപ്പിക്കുന്നതിന്റെയും പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെയും

ഭാഗമായി ജീവനക്കാർക്ക് അവരുടെ അക്കാദമിക് യോഗ്യതകൾക്കനുസരിച്ചുള്ള പ്രായോഗിക പരിശീലനം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ, നാഷണൽ റിസർച്ച് ലബോറട്ടറി ഫോർ കൾച്ചറൽ പ്രോപ്പർട്ടീസ്, ലക്നൗ, നാഷണൽ മ്യൂസിയം, ഡൽഹി, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ന്യൂമിസ്മാറ്റിക് സ്റ്റഡീസ്, നാസിക്, ഐ.ഐ.ടി. ചെന്നൈ എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് പ്രസ്തുത പരിശീലന പരിപാടി സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്.

കൂടാതെ പുരാവസ്തു വകുപ്പിന്റെ സമഗ്രമായ പുരോഗതിക്കായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി പുരാവസ്തു വകുപ്പ് ഡയറക്ടർ കൺവീനറായി വിവിധ മേഖലകളിൽ പ്രാവീണ്യം നേടിയ വ്യക്തികളെ അംഗങ്ങളായും നിശ്ചയിച്ചുകൊണ്ട് ഒരു വിദഗ്ദ്ധ സമിതി രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

**പാലം സംരക്ഷണം**

224 (1563) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ കുണ്ടമൺകടവ് പാലം പൈതൃക സ്മാരകമായി സംരക്ഷിക്കുന്നതിനു എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) അത് സംബന്ധിച്ച് പുരാവസ്തു വകുപ്പ് ഡയറക്ടർക്ക് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇതിന്മേലുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ)കാട്ടാക്കട മണ്ഡലത്തിലെ കുണ്ടമൺകടവ് പാലം പുരാവസ്തു സംരക്ഷണ നിയമ പ്രകാരം സംരക്ഷണ യോഗ്യമാണെന്ന് ബോദ്ധ്യമായ സാഹചര്യത്തിൽ ആയത് സംരക്ഷിത സ്മാരകമാക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നു.

(ബി) കുണ്ടമൺകടവ് പാലം സംരക്ഷിത സ്മാരകമാക്കുന്നത് സംബന്ധിച്ച വിഷയത്തിൽ നിയോജകമണ്ഡലം എം.എൽ.എ. ശ്രീ. ഐ. ബി സതീഷ് നൽകിയ കത്ത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിന് പുരാവസ്തു വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**മ്യൂസിയങ്ങളുടെ സംരക്ഷണവും പുനരുദ്ധാരണവും**

225 (1564) ശ്രീ.കെ.സുരേഷ് കുറുപ്പ് :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ മ്യൂസിയങ്ങളുടെ സംരക്ഷണത്തിനും പുനരുദ്ധാരണത്തിനുമായി നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ ജില്ലയിലും പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ നിലവിൽ ഏതെല്ലാം ജില്ലകളിലാണ് ജില്ലാ പൈതൃക മ്യൂസിയങ്ങൾ സ്ഥാപിച്ചിട്ടുള്ളത്;

(ഡി) വയനാട് കുങ്കിച്ചിറയിൽ പുതിയ ട്രൈബൽ ഹെറിറ്റേജ് മ്യൂസിയത്തിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത മ്യൂസിയം പൂർത്തീകരിച്ചതിന് ശേഷം ഗോത്ര സമൂഹത്തിന്റെ കലാവസ്തുക്കളും പുരാവസ്തുക്കളും ശേഖരിച്ച് പ്രദർശിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം നേപ്പിയർ മ്യൂസിയം സംരക്ഷിക്കുന്നതിന്റെ ഭാഗമായി ടി മ്യൂസിയത്തിന്റെ കെട്ടിടം നവീകരിക്കുന്നതിനും രാജ്യാന്തര നിലവാരത്തിൽ പ്രദർശനങ്ങൾ ഒരുക്കുന്നതിനും പ്രാധാന്യം നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നിയോഗിച്ചിട്ടുള്ള വിദഗ്ദ്ധ സമിതിയുടെ നേതൃത്വത്തിൽ നടന്നുവരുന്നത്. ഇതിന്റെ ഭാഗമായി ബാംഗ്ലൂർ ആസ്ഥാനമായുള്ള M/s. സെന്റർ ഫോർ ഹെറിറ്റേജ് ഇനിഷ്യേറ്റീവ്സ് എന്ന കമ്പനിയുമായി ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള കരാറിൽ ഏർപ്പെടുകയും അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

തിരുവനന്തപുരം നാച്ചുറൽ ഹിസ്റ്ററി മ്യൂസിയം സംരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനുമായി രാജ്യാന്തര നിലവാരത്തിൽ മ്യൂസിയത്തിന്റെ പ്രശസ്തി ഉയർത്തുന്നതിന്റെ ഭാഗമായി പ്രദർശന വസ്തുക്കൾ 3ഡി ഇഫക്ടിൽ പ്രദർശനം ഒരുക്കുന്നതിനുള്ള ഡയമോറ സംവിധാനം, കെട്ടിടത്തിന്റെ സിവിൽ വർക്കുകൾ, ശീതികരണ സംവിധാനം, ഉന്നത നിലവാരത്തിലുള്ള അഗ്നിശമന ഉപകരണങ്ങൾ സ്ഥാപിക്കൽ എന്നിവ നടപ്പിലാക്കിവരുന്നു.

കോഴിക്കോട് ആർട്ട് ഗാലറി & കൃഷ്ണ മേനോൻ കെട്ടിടം വളരെ പഴക്കം ചെന്ന ഒന്നായതിനാൽ ടി മ്യൂസിയം സംരക്ഷിക്കുന്നതിന്റെ ഭാഗമായി പുരാവസ്തു വകുപ്പിന്റെ നേതൃത്വത്തിൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

ഈ സർക്കാർ അധികാരമേറ്റ ശേഷം പുരാവസ്തു വകുപ്പിന് പുനരുദ്ധാരണ പ്രവൃത്തികൾക്കായി തക്കല പത്മനാഭപുരം കൊട്ടാരത്തിൽ 52 ലക്ഷം രൂപയുടെയും കായംകുളം കൃഷ്ണപുരം കൊട്ടാരത്തിൽ 42 ലക്ഷം രൂപയുടെയും തൃപ്പൂണിത്തുറ പുരാവസ്തു മ്യൂസിയത്തിൽ 117 ലക്ഷം രൂപയുടെയും തൃശ്ശൂർ ശക്തൻ തമ്പുരാൻ കൊട്ടാരത്തിൽ 60 ലക്ഷം രൂപയുടെയും കോഴിക്കോട് പഴശ്ശിരാജാ മ്യൂസിയത്തിൽ 25 ലക്ഷം രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. മ്യൂസിയങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി&സി) പുരാവസ്തു വകുപ്പിനുകീഴിൽ 14 ജില്ലകളിലും ജില്ലാ പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കാൻ സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. നിലവിൽ തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, ഇടുക്കി, വയനാട്, പാലക്കാട്, തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകളിൽ മ്യൂസിയം സജ്ജീകരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി&ഇ) വയനാട് ജില്ലയിലെ കുങ്കിച്ചിറയിൽ മ്യൂസിയവും മൃഗശാലയും വകുപ്പിനുകീഴിൽ നിർമ്മാണം പൂർത്തിയായിവരുന്ന മൊബൈൽ ഹെറിറ്റേജ് മ്യൂസിയത്തിന്റെ 80 ശതമാനം ജോലികളും പൂർത്തികരിച്ചുകഴിഞ്ഞു. ടി മ്യൂസിയത്തിൽ ഇനി അടുത്ത ഘട്ടമായി പ്രദർശന സംവിധാനം ഒരുക്കുന്നതുമായി ബന്ധപ്പെട്ട് ഡി.പി.ആർ. തയ്യാറാക്കുന്നതിന് സർക്കാർ നോഡൽ ഏജൻസിയായ തിരുവനന്തപുരത്തുള്ള M/s. കേരളം ഹെറിറ്റേജ് മ്യൂസിയത്തിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

വയനാട് കുങ്കിച്ചിറ മ്യൂസിയം

പൂർത്തിയായിവരുന്ന മുറയ്ക്ക് പ്രദർശനം സജ്ജമാക്കുന്നതിന് ആവശ്യമായ കലാവസ്തുക്കളും പുരാവസ്തുക്കളും ഗോത്രസമൂഹത്തിൽനിന്നും ശേഖരിച്ച് പ്രദർശിപ്പിക്കുന്നതിന് മലയാളം സർവ്വകലാശാലയിൽനിന്നും സംസ്കാര പൈതൃക പഠന കോഴ്സ് പൂർത്തിയാക്കിയ മൂന്ന് പി.ജി. വിദ്യാർത്ഥികളുടെ സേവനം സർക്കാർ അനുമതിയോടുകൂടി ലഭ്യമാക്കി പ്രദർശന വസ്തുക്കൾ ശേഖരിച്ചുവരുന്നുണ്ട്.

**പെൻഷൻ വിതരണം**

226 (1565) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. പെൻഷൻകാർക്ക് എല്ലാ മാസവും അഞ്ചാം തീയതിക്ക് മുമ്പ് പെൻഷൻ വിതരണം ചെയ്യണമെന്ന് സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ ഉത്തരവായിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി. പെൻഷൻകാർക്ക് ഏതെങ്കിലും മാസം കൃത്യമായി പെൻഷൻ നൽകുവാൻ സാധിച്ചിട്ടുണ്ടോ ; നിലവിൽ എത്ര മാസത്തെ പെൻഷൻകുടിശ്ശിക നല്കാനുണ്ടെന്ന് അറിയിക്കുമോ ;

(സി) കെ.എസ്.ആർ.ടി.സി. പെൻഷൻകാരുടെ ദുരിതത്തിന് പരിഹാരം കാണുന്നതിനായി എന്തെങ്കിലും ക്രിയാത്മകമായ നിർദ്ദേശം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) രണ്ടുമാസത്തെ മുഴുവൻ പെൻഷനും ഒരു മാസത്തെ പകുതി തുകയും ഒരു മാസത്തെ പതിനായിരം രൂപയ്ക്കുമുകളിൽ പെൻഷൻ വാങ്ങുന്നവരുടെ പതിനായിരം രൂപയ്ക്കുമേലുള്ള തുകയും നൽകാനുണ്ട്.

(സി) കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണം ലക്ഷ്യമിട്ട് കെ.എസ്.ആർ.ടി.സി നിലവിൽ എടുത്തിട്ടുള്ള കുറഞ്ഞകാല തിരിച്ചടവ് ദൈർഘ്യമുള്ളതും പലിശ കൂടിയതുമായ വായ്പകൾ ബാങ്കുകളുടെ കൺസോർഷ്യത്തിലേക്ക് മാറ്റുന്നതിനായുള്ള ജോലികൾ പുരോഗമിച്ചുവരികയാണ്. ഇത് യാഥാർത്ഥ്യമാക്കുന്നതോടെ വായ്പ തിരിച്ചടവിനത്തിൽ 45 കോടി രൂപയോളം പ്രതിമാസം ലാഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ധനകാര്യ പുനഃസംഘടന യാഥാർത്ഥ്യമാകുന്നതോടെ പെൻഷൻ മുടങ്ങാതെ നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## സുശീൽഖന്ന റിപ്പോർട്ട്

227 (1566) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ നവീകരണത്തിനായുള്ള സുശീൽഖന്ന റിപ്പോർട്ടിന്റെ പ്രധാന വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) സുശീൽഖന്ന റിപ്പോർട്ടിന്റെ ശിപാർശകൾ നടപ്പിലാക്കി തുടങ്ങിയിട്ടുണ്ടോ; എങ്കിൽ ശിപാർശകളിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്?

### ഉത്തരം

(എ) സുശീൽ ഖന്ന കമ്മിറ്റിയുടെ അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

എന്നാൽ കോർപ്പറേഷന്റെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് പ്രാഥമികമായ ചില ശിപാർശകൾ സമർപ്പിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യെ മൂന്ന് മേഖലകളായി തിരിക്കുക, പ്രൊഫഷണലുകളെ നിയമിക്കുക, വർക്ഷോപ്പുകൾ ആധുനികവൽക്കരിക്കുക, വർക്ഷോപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക, ബസ് ബോഡി നിർമ്മാണം, ടയർ റീട്രേഡിംഗ്, എഞ്ചിൻ റീ കണ്ടീഷനിംഗ്, വാഹന ഉപയോഗ നിരക്ക്, ഇന്ധന ഉപയോഗ ക്ഷമത (KM/L) എന്നിവ ദേശീയ ശരാശരിയിലേക്ക് എത്തിക്കുക, സർവ്വീസുകൾ കാര്യക്ഷമമായി നടത്തുക, ഷെഡ്യൂൾ പുനഃക്രമീകരണം, ഫ്ലക്സി ഫെയർ റേറ്റ് തുടങ്ങിയവ നടപ്പിലാക്കുക, പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനായി പെൻഷൻ ഫണ്ട് രൂപീകരിക്കുക, ജീവനക്കാരെ ശാസ്ത്രീയമായി വിന്യസിക്കുകയും ഡ്യൂട്ടി പാറ്റേൺ പരിഷ്കരിക്കുകയും ചെയ്യുക, ബസ്-സ്റ്റാഫ് അനുപാതം നിലവിലുള്ള 8.7-ൽ നിന്നും ദേശീയ ശരാശരിയായ 5.5 നെക്കാൾ മെച്ചപ്പെടുത്തി 5 എന്ന ലക്ഷ്യത്തിലെത്തിക്കുക, പുതിയ ഡ്യൂട്ടി പരിഷ്കരണം നടത്തുക തുടങ്ങിയ കാര്യങ്ങൾ പ്രൊഫ. സുശീൽ ഖന്നയുടെ പ്രാഥമിക നിർദ്ദേശങ്ങളിൽപ്പെടുന്നു.

(ബി) വർക്ഷോപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ടയർ റീ-ട്രെയിഡിംഗ്, എഞ്ചിൻ റീകണ്ടിഷനിംഗ്, വാഹന ഉപയോഗ നിരക്ക്, ഇന്ധന ഉപയോഗക്ഷമത എന്നിവ ദേശീയ ശരാശരിയിലേക്ക് ഉയർത്തുന്നതിനുള്ള

പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇന്ധന ഉപയോഗക്ഷമത ദേശീയ ശരാശരിയിലേക്ക് ഉയർത്തുന്നതിന് ജീവനക്കാർക്ക് പ്രചോദനം എന്ന നിലയിൽ ഇൻസെന്റീവ് നടപ്പിലാക്കുകയും ചെയ്തു. കൂടാതെ ശിപാർശകളുടെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ ശാസ്ത്രീയമായ വിന്യാസവും ബസ് സ്റ്റാഫ് അനുപാതം ദേശീയ ശരാശരിയായ 5.5 ലേക്ക് എത്തിക്കുന്നതിന് ഉതകുന്ന രീതിയിൽ ക്രമീകരണങ്ങൾ നടത്തുകയും ഡ്യൂട്ടി പാറ്റേൺ പരിഷ്കരണം നടപ്പിൽ വരുത്തുകയും ചെയ്യുകയുണ്ടായി. സർവ്വീസ് ഓപ്പറേഷൻ കാര്യക്ഷമ മാക്കുന്നതിനായി വരുമാന വർദ്ധനവിനുതകുന്ന രീതിയിൽ ഷെഡ്യൂൾ ക്രമീകരണവും നടത്തിയിട്ടുണ്ട്. കൂടാതെ കെ.എസ്. ആർ.ടി.സി.യുടെ മാനേജ്മെന്റ് പ്രൊഫഷണലൈസ് ചെയ്യുന്നതിനായി IIM/ദേശീയതലത്തിൽ പ്രശസ്തിയുള്ള സ്ഥാപനങ്ങളിൽ പഠിച്ചതും സ്വകാര്യ മേഖലയിലെ വലിയ സ്ഥാപനങ്ങളിൽ പ്രവൃത്തി പരിചയമുള്ളവരുമായ 2 ജനറൽ മാനേജർ, 3 ഡെപ്യൂട്ടി ജനറൽ മാനേജർ, 5 ചാർട്ടേഡ്/കോസ്റ്റ് അക്കൗണ്ടന്റ് എന്നിവരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുവാനുള്ള നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു.

**കണ്ടക്ടർ തസ്തികയിലേക്ക് നിയമനം**

228 (1567) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞവർഷം ഡിസംബറിൽ കണ്ടക്ടർ തസ്തികയിലേക്ക് അഡ്വൈസ് മെമ്മോ കിട്ടിയ 4051 പേർക്ക് കെ. എസ്. ആർ. ടി. സി. ഇതുവരെ നിയമനം നൽകാത്ത സാഹചര്യമുണ്ടോ;

(ബി) അഡ്വൈസ് മെമ്മോ നല്കി മൂന്നുമാസം കഴിഞ്ഞിട്ടും നിയമനം നൽകാത്ത കെ.എസ്.ആർ.ടി.സി.-യുടെ നടപടി ചട്ടത്തിന് വിരുദ്ധമാണോയെന്ന് വ്യക്തമാക്കുമോ;

(സി) നിയന്ത്രണം നിലനിൽക്കുന്ന ഇപ്പോഴത്തെ സാഹചര്യത്തിൽ കെ. എസ്. ആർ. ടി. സി. 2800 ഒഴിവുകൾ കൂടി പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയുകയുണ്ടായോ; ഇതു സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ;

(ഡി) പി.എസ്.സി. നിയമന ശിപാർശ അയച്ചശേഷവും വിവിധഘട്ടങ്ങളിലായി നിരവധി താൽക്കാലിക ജീവനക്കാരെ കെ.എസ്. ആർ. ടി. സി. യിൽ സ്ഥിരപ്പെടുത്തുകയുണ്ടായോ; ഇതിന്റെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിൽ കോർപ്പറേഷൻ അങ്ങേയറ്റം കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽപ്പെട്ട് ഉഴലുകയാണ്. വരവും ചെലവും തമ്മിൽ 140 കോടിയോളം രൂപയുടെ അന്തരമുണ്ട്. ജീവനക്കാർക്ക് ശമ്പളവും വിരമിച്ച ജീവനക്കാർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും കൃത്യമായി നൽകാൻ സാധിക്കുന്നില്ല. ഈ പ്രതിസന്ധി ഘട്ടത്തിലാണ് കേരള സർക്കാർ കെ.എസ്.ആർ.ടി.സി.യുടെ സമഗ്ര പുനരുദ്ധാരണത്തിനായി പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് റിട്ടയേർഡ് പ്രൊഫസർ സുശീൽ ഖന്നയെ നിയോഗിച്ചിട്ടുള്ളത്. സൂക്ഷ്മമായ വിശകലനത്തിൽ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലെ RTC-കളെ അപേക്ഷിച്ച് കെ.എസ്.ആർ.ടി.സി.യിലെ ബസ് ജീവനക്കാരുടെ അനുപാതം വളരെ കൂടുതലാണ്. ഇത് ദേശീയ ശരാശരിയിലേക്ക് എത്തിച്ചാൽ മാത്രമേ കെ.എസ്.ആർ.ടി.സി.-യുടെ സാന്നിദ്ധ്യവും നിലനിൽപ്പും ഉറപ്പുവരുത്താൻ സാധിക്കുകയുള്ളൂ. ദേശീയ ശരാശരി 5.5 ആണ്. ടി ദേശീയ ശരാശരിക്ക് ഒപ്പമായി കോർപ്പറേഷനിലെ ബസ് ജീവനക്കാരുടെ അനുപാതം ക്രമീകരിക്കുമ്പോൾ നിലവിലുള്ള ജീവനക്കാർതന്നെ അധികമാണ്. ഈ സാഹചര്യത്തിൽ നിലവിലുള്ള ജീവനക്കാരെ പിരിച്ചുവിടാതെ സർവ്വീസിന്റെ എണ്ണം വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ആയതിനാൽ പ്രൊഫ. സുശീൽ ഖന്നയുടെ അന്തിമ റിപ്പോർട്ടിന് വിധേയമായി പുതിയ ജീവനക്കാരെ നിയമിക്കുന്നത് പരിഗണിക്കുന്നതാണ്.

(സി) ബഹു. കേരള ഹൈക്കോടതിയുടെ 30-1-2016-ലെ W.P(c) No. 38994/2016 നമ്പർ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെ.എസ്. ആർ.ടി.സി. കണ്ടക്ടർ ഗ്രേഡ്-II തസ്തികയിലെ 2500 ഒഴിവുകൾ താൽക്കാലികമായി (Provisional) കേരള പി.എസ്.സി.-ക്ക് 14-7-2017-ൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി. W.P(C) യുടെ അന്തിമ വിധിക്ക് അനുസൃതമായി മാത്രമേ ഒഴിവുകളിലേക്ക് നിയമനം നടത്താൻ പാടുള്ളൂ എന്ന നിബന്ധനയോടെയാണ് ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

(ഡി) 31-12-2016-ൽ 4051 പേർക്ക് പി.എസ്.സി. കണ്ടക്ടർ തസ്തികയിൽ നിയമന ശിപാർശ നൽകിയിട്ടുണ്ട്. 31-12-2016-നുശേഷം കണ്ടക്ടർ തസ്തികയിൽപ്പെട്ട 2 താൽക്കാലിക ജീവനക്കാരെ കെ. എസ്.ആർ.ടി.സി.യിൽ കോടതി വിധിയുടെ അടിസ്ഥാനത്തിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. ഇവരെ സ്ഥിരപ്പെടുത്തിയത് 10 വർഷം സർവ്വീസുള്ള താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള 22-12-2011-ലെ സർക്കാർ ഉത്തരവ് GO(MS)No.78/2011/TRAN അടിസ്ഥാനത്തിൽ നേടിയ ബഹു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിലാണ്.

## പെൻഷൻ കുടിശ്ശിക

229 (1568) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി., എത്ര മാസത്തെ പെൻഷൻ കുടിശ്ശിക നല്കുവാനുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പെൻഷൻ കുടിശ്ശിക പൂർണമായും എന്ന കൊടുത്തുതീർക്കാനാകുമെന്ന് വ്യക്തമാക്കാമോ ;

(സി) പെൻഷൻ കൃത്യമായി നൽകുന്നതിനുവേണ്ട എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) രണ്ട് മാസത്തെ മുഴുവൻ പെൻഷനും ഒരു മാസത്തെ പകുതിയും ഒരു മാസത്തെ പതിനായിരം രൂപയ്ക്ക് മുകളിൽ പെൻഷൻ വാങ്ങുന്നവരുടെ പതിനായിരം രൂപയ്ക്ക് മേലുള്ള തുകയും നൽകുവാനുണ്ട്.

(ബി&സി) കെ.എസ്.ആർ.ടി.സി.യുടെ ശരാശരി പ്രതിമാസ വരുമാനം 170 കോടി രൂപയും ശരാശരി ചെലവ് 310 കോടി രൂപയുമാണ്. പ്രതിമാസ ശമ്പളവും വേതനവും വിതരണം ചെയ്യുന്നതിനായി 86 കോടി രൂപയും ഡീസൽ ചെലവ് ഇനത്തിൽ 90 കോടി രൂപയും വായ്പാ തിരിച്ചടവിന് 87 കോടി രൂപയും ആവശ്യമാണ്. പ്രതിമാസം വരുമാനത്തിൽനിന്നും ടി ചെലവുകൾക്കുപോലുമുള്ള തുക കണ്ടെത്താൻ കഴിയാത്ത സ്ഥിതിയാണ് കെ.എസ്.ആർടി.സി-ക്കുള്ളത്. മൂന്നുമാസത്തെ പെൻഷൻ കുടിശ്ശികയുള്ള സാഹചര്യവും അതുമൂലം അവർ അനുഭവിക്കുന്ന ബുദ്ധിമുട്ടും പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ യുദ്ധകാല അടിസ്ഥാനത്തിൽ നടത്തിവരികയാണ്. വരവും ചെലവും തമ്മിൽ പൊരുത്തപ്പെടാനാവാത്ത ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിമൂലമാണ് പെൻഷൻ മുടങ്ങിയിട്ടുള്ളത്. പെൻഷൻ കുടിശ്ശിക പൂർണ്ണമായും വിതരണം ചെയ്യുവാൻ ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് കുറഞ്ഞ പലിശയും ദൈർഘ്യവും കൂടിയ തിരിച്ചടവ് കാലാവധിയുമുള്ള വായ്പ തരപ്പെടുത്തുവാൻ കെ.എസ്.ആർ.ടി.സി. ശ്രമിച്ചുവരുന്നു. ധനകാര്യ പുനഃസംഘടന യാഥാർത്ഥ്യമാകുന്നതോടെ പെൻഷൻ കുടിശ്ശിക പൂർണ്ണമായും വിതരണം ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## ആസ്തി ബാദ്ധ്യതകൾ

230 (1569) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി .-യുടെ ആസ്തി ബാദ്ധ്യതകൾ വ്യക്തമാക്കാമോ?

ഉത്തരം

31-03-2017-ൽ അവസാനിച്ച വർഷത്തിലെ താൽക്കാലിക കണക്ക് അനുസരിച്ചുള്ള ആസ്തി ബാദ്ധ്യതകൾ താഴെപ്പറയുന്നു:

ആസ്തികൾ

| | | |
|---|---|---|
| വസ്തുക്കൾ | - | 22.78 കോടി രൂപ |
| കെട്ടിടങ്ങൾ | - | 183.19 കോടി രൂപ |
| വാഹനങ്ങൾ | - | 830.80 കോടി രൂപ |
| മറ്റ് ആസ്തികൾ | - | 247.85 കോടി രൂപ |
| ആകെ ആസ്തി | - | 1284.62 കോടി രൂപ |

ബാദ്ധ്യതകൾ

| | |
|---|---|
| സർക്കാരിൽനിന്നുള്ള വായ്പ | - 1876.32 കോടി രൂപ |
| മറ്റ് ധനകാര്യസ്ഥാപനങ്ങളിൽനിന്നും ലഭിച്ച വായ്പ | - 2844.03 കോടി രൂപ |
| ഇന്ധനം, സ്പെയർ പാർട്സ് എന്നീ ഇനങ്ങളിലുള്ള ബാദ്ധ്യതകളും മറ്റ് ബാദ്ധ്യതകളും | - 2998.04 കോടി രൂപ |
| ആകെ ബാദ്ധ്യത | - 7718.39 കോടി രൂപ |

## കെ. എസ്.ആർ.ടി.സി.-യിലെ തസ്തികകൾ

231 (1570) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.- യിൽ പുതുതായി സൃഷ്ടിച്ച ഉയർന്ന തസ്തികകളുടെ വിശദ വിവരം ലഭ്യമാക്കുമോ;

(ബി) ആയതിലേക്കുള്ള നിയമന രീതി വിശദമാക്കുമോ;

(സി) കെ.എസ്.ആർ.ടി.സി.-യിൽ നിലവിലുള്ള ജീവനക്കാരുടെ ഡ്യൂട്ടിസമയം വെട്ടിക്കുറച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതുമൂലം കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ടാകുന്ന നഷ്ടം എത്രയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) കെ.എസ്.ആർ.ടി.സി.-യിൽ നിയമനത്തിനുള്ള ഉയർന്ന തസ്തികകൾ ഒന്നുംതന്നെ പുതുതായി സൃഷ്ടിച്ചിട്ടില്ല.

എന്നാൽ 7-7-2017-ലെ G.O.(Rt)No. 329/2017/Tran. നമ്പർ സർക്കാർ ഉത്തരവുപ്രകാരം മാനേജർ (ഫിനാൻസ് &അഡ്മിനിസ്ട്രേഷൻ), ജനറൽ മാനേജർ (ടെക്നിക്കൽ), ഡെപ്യൂട്ടി ജനറൽ മാനേജർ (ഫിനാൻസ് &അഡ്മിനിസ്ട്രേഷൻ) ഡെപ്യൂട്ടി ജനറൽ മാനേജർ (ഓപ്പറേഷൻസ്), ഡെപ്യൂട്ടി ജനറൽ മാനേജർ (ടെക്നിക്കൽ) എന്നീ തസ്തികകളിലേക്ക് ഓരോന്നുവീതവും ചാർട്ടേഡ് അക്കൗണ്ടന്റ്/ കോസ്റ്റ് അക്കൗണ്ടന്റ് തസ്തികയിലേക്ക് അഞ്ച് എണ്ണവും കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്.ടി നിയമനങ്ങൾ നടത്തുന്നതിനായി സർക്കാർ ഒരു തെരഞ്ഞെടുപ്പ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. യോഗ്യരായ ഉദ്യോഗാർത്ഥികളിൽനിന്നും അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് പത്രമാധ്യമങ്ങളിലും സർക്കാരിന്റെയും കെ.എസ്.ആർ.ടി.സി.-യുടെയും ഔദ്യോഗിക വെബ്സൈറ്റുകളിലും പരസ്യം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇപ്രകാരം ലഭ്യമായ അപേക്ഷകളിൽനിന്നും യോഗ്യരായ ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുപ്പ് കമ്മിറ്റി അഭിമുഖം നടത്തി നിയമിക്കുന്നതായിരിക്കും.

(സി) കെ.എസ്.ആർ.ടി.സി.-യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനുംവേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് പരാതിക്കിടയാക്കാത്ത വിധത്തിൽ തുല്യനിതി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുള്ളത്.

(ഡി) ഡ്യൂട്ടി ഏകീകരണം സംബന്ധിച്ച നടപടികൾ പൂർത്തീകരിച്ചിട്ടില്ല. ആയതിനാൽ ലാഭനഷ്ടങ്ങൾ സംബന്ധിച്ച കണക്കുകൾ ക്രോഡീകരിച്ചിട്ടില്ല.

## കമ്പ്യൂട്ടർവൽക്കരണ പദ്ധതി

232 (1571) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. വി. ഡി.സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ കമ്പ്യൂട്ടർവൽക്കരണ പദ്ധതി ഏത് ഘട്ടത്തിലാണ്;

(ബി) കേന്ദ്ര ഏജൻസിയായ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റോഡ് ട്രാൻസ്പോർട്ടിനെ കമ്പ്യൂട്ടർവൽക്കരണപദ്ധതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിനുള്ള കാരണമെന്താണ്;

(സി) കെ.എസ്.ആർ.ടി.സി.-ലെ ഏത് വിഭാഗത്തിനാണ് കമ്പ്യൂട്ടർവൽക്കരണത്തിന്റെ ചുമതല;നിലവിൽ ഈ വിഭാഗത്തിൽ പ്രവർത്തിക്കുന്നവരുടെ അടിസ്ഥാനയോഗ്യതയെന്താണ്;

(ഡി) എത്ര തുകയാണ് കമ്പ്യൂട്ടർവൽക്കരണത്തിന് വകയിരുത്തിയിട്ടുള്ളത്; വിശദമാക്കാമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിൽ കമ്പ്യൂട്ടർവൽക്കരണ പദ്ധതിയുമായി ബന്ധപ്പെട്ട് ITS (Intelligent Transport System) ഏർപ്പെടുത്തുന്നതിനായി സർക്കാർ ചർച്ചകൾ നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ സർക്കാർ അംഗീകൃത TSP-കളിൽനിന്നും പദ്ധതികൾ അംഗീകരിക്കുകയും ചെയ്തിരുന്നു. നിലവിൽ മൂന്നു TSP-കളിൽനിന്നും ലഭ്യമായ പദ്ധതികൾ വിലയിരുത്തിവരുന്നു.

(ബി) ഇല്ല. CIRT കമ്പ്യൂട്ടർവൽക്കരണ പദ്ധതികൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കെ.എസ്.ആർ.ടി.സി.-യിലെ മിനിസ്റ്റീരിയൽ വിഭാഗത്തിനാണ് കമ്പ്യൂട്ടർവൽക്കരണത്തിന്റെ ചുമതല. PGDCA അടിസ്ഥാന യോഗ്യത

യുള്ളവരെയും മിനിസ്റ്റീരിയൽ വിഭാഗത്തിലുള്ള ജീവനക്കാരിൽ കമ്പ്യൂട്ടറിൽ പ്രായോഗിക പരിജ്ഞാനമുള്ളവരെയുമാണ് ഈ വിഭാഗത്തിലേക്ക് പരിഗണിച്ചിട്ടുള്ളത്.

(ഡി) 2016-17 സാമ്പത്തിക വർഷത്തിൽ പ്ലാൻ ഫണ്ടിൽനിന്നും 11 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2017-18-ൽ 4.50 കോടി രൂപ കമ്പ്യൂട്ടർവൽക്കരണത്തിനായി വകയിരുത്തിയിട്ടുണ്ട്.

## സിംഗിൾ ഡ്യൂട്ടി സംവിധാനം

233 (1572) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. ടി.ബൽറാം :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. കണ്ടക്ടർമാർക്കും, ഡ്രൈവർമാർക്കും 2017 ജൂൺ 15 മുതൽ സിംഗിൾ ഡ്യൂട്ടി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഈ ക്രമീകരണം ഏർപ്പെടുത്തിയതുമൂലം കെ.എസ്.ആർ.ടി.സി.-യുടെ ദിവസവരുമാനത്തിൽ വർദ്ധനവ് വന്നിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) സുശീൽ ഖന്ന റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിലാണോ പ്രസ്തുത ഡ്യൂട്ടി പരിഷ്കരണം നടപ്പിലാക്കിയത്;

(ഡി) ഇതു സംബന്ധിച്ച് തൊഴിലാളികളുമായി ചർച്ച നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തു കൊണ്ടാണെന്നറിയിക്കാമോ ?

### ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനുംവേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് പരാതിക്കിടയാക്കാത്ത വിധത്തിൽ തുല്യനീതി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുള്ളത്.

(ബി) ഡ്യൂട്ടി പുനഃക്രമീകരണം സംബന്ധിച്ച നടപടികൾ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ വരുമാന വർദ്ധനവ് സംബന്ധിച്ച കണക്കുകൾ ക്രോഡീകരിച്ചിട്ടില്ല.

(സി) കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ പ്രവർത്തിക്കുന്ന കെ.എസ്.ആർ.ടി.സി.യെ പുനരുദ്ധരിക്കുന്നതിനായി പ്രൊഫ. സുശീൽ ഖന്ന നിർദ്ദേശിച്ച പ്രാഥമിക നിർദ്ദേശങ്ങളിൽ ഒന്നാണ് ജീവനക്കാരെ ശാസ്ത്രീയമായി വിന്യസിക്കുകയും ഡ്യൂട്ടി പാറ്റേൺ പരിഷ്കരിക്കുകയും ചെയ്യുക എന്നത്. കൂടാതെ ബസ്, സ്റ്റാഫ് അനുപാതം ദേശീയ ശരാശരിയായ 5.5-നെക്കാൾ മെച്ചപ്പെടുത്തുന്നതിനും 16 മണിക്കൂറിന് 2 ഡ്യൂട്ടി നിർണ്ണയിക്കുന്ന തരത്തിലുള്ള ഡബിൾ ഡ്യൂട്ടി സമ്പ്രദായം നിർത്തലാക്കുന്നതിനും ശിപാർശ ചെയ്തിട്ടുണ്ട്.

(ഡി) കെ.എസ്.ആർ.ടി.സി.-യിലെ അംഗീകൃത രജിസ്റ്റേഡ് തൊഴിലാളി സംഘടനാ നേതാക്കളും മാനേജ്മെന്റ് പ്രതിനിധികളുമായി 1-4-2017-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും റിട്ടയേർഡ് പ്രൊഫ. സുശീൽ ഖന്ന സർക്കാരിലേക്ക് സമർപ്പിച്ച ശിപാർശകളിന്മേൽ ചർച്ച നടത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ, ഡ്യൂട്ടി പാറ്റേൺ ഏകീകരണം സംബന്ധിച്ച് 28-4-2017-ന് ചെയർമാൻ & മാനേജിംഗ് ഡയറക്ടർ അംഗീകൃത തൊഴിലാളി സംഘടനകളുടെ പ്രതിനിധികളുമായി ചർച്ച നടത്തിയിട്ടുണ്ട്. മോട്ടോർ വാഹന തൊഴിലാളി നിയമത്തിലെ വ്യവസ്ഥകൾക്കനുസരിച്ചാണ് ഡ്യൂട്ടി പാറ്റേൺ ഏകീകരണം സംബന്ധിച്ച നടപടികൾ നടപ്പിലാക്കിവരുന്നത്. എല്ലാ തൊഴിലാളികളുമായും നേരിട്ട് ചർച്ച ചെയ്യണമെന്നത് പ്രായോഗികമല്ല. എന്നാൽ ഇതുസംബന്ധിച്ച് ചെയർമാൻ & മാനേജിംഗ് ഡയറക്ടർ എല്ലാ തൊഴിലാളികളോടും നേരിട്ട് അഭ്യർത്ഥന നൽകിയിട്ടുണ്ട്. ഡ്യൂട്ടി പാറ്റേണിൽ നടത്തിയ മാറ്റങ്ങളുമായി ബന്ധപ്പെട്ട് 2-5-2017-ൽ ഗതാഗത വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ അംഗീകൃത തൊഴിലാളി സംഘടനാ നേതാക്കളുമായും മാനേജ്മെന്റ് പ്രതിനിധികളുമായും ചർച്ച നടത്തുകയുണ്ടായി.

**പുതിയ ബസുകൾ**

234 (1573) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി.- യ്ക്ക് എത്ര പുതിയ ബസുകൾ വാങ്ങിയിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പുതിയ ബസുകൾ ചെയിസ് വാങ്ങി ബോഡി ചെയ്ത് ഇറക്കുകയായിരുന്നോ; എങ്കിൽ ഇതിന് ഓരോന്നിനും (ചെയിസിനും ബോഡിക്കും ) ചെലവായ തുക എത്രയെന്ന് പ്രത്യേകം വിശദമാക്കുമോ;

(സി) ബോഡി ഉൾപ്പെടെയാണോ ബസുകൾ വാങ്ങിയിട്ടുള്ളത്; എങ്കിൽ ഇതിന്റെ വിലയും വിശദാംശങ്ങളും വെളിപ്പെടുത്തുമോ;

(ഡി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന കെ.എസ്.ആർ.ടി.സി. ഓരോ വർഷവും കടം എടുത്ത് പുതിയ ബസ് വാങ്ങുന്നതിന്റെ മാനദണ്ഡം വിശദമാക്കുമോ;

(ഇ) കെ.എസ്.ആർ.ടി.സി.- യ്ക്ക് ഓരോ ഡിപ്പോയിലും എത്ര ബസുകൾ വീതമുണ്ടെന്ന് ജില്ലതിരിച്ച് വെളിപ്പെടുത്തുമോ; ഇതിൽ ഓടുന്ന ബസുകൾ എത്ര; കട്ടപ്പുറത്ത് ഡിപ്പോയിൽ കിടക്കുന്ന ബസുകൾ എത്ര എന്നിവ ഇനം തിരിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(എഫ്) സ്പെയർ പാർട്സ് ഇല്ലാതെ കട്ടപ്പുറത്ത് ഇരിയ്ക്കുന്ന ബസുകൾ നിരത്തിലിറക്കാൻ തയ്യാറാകാത്തതിന്റെ കാരണം വെളിപ്പെടുത്തുമോ;

(ജി) കേരളത്തിലാകമാനം സ്പെയർ പാർട്സും ടയറുകളും ഇല്ലാതെ കിടക്കുന്ന ബസുകൾ നന്നാക്കി നിരത്തിൽ ഇറക്കാൻ എത്ര കോടി രൂപയുടെ ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി. ഒരു സി.എൻ.ജി. ബസ് M/s. Ashok Leyland Ltd.-ൽനിന്നും വാങ്ങിയിട്ടുണ്ട്.

(ബി) അല്ല. പുതിയതായി ബോഡി ഉൾപ്പെടെയുള്ള ബസാണ് വാങ്ങിയത്.

(സി) ബോഡി ഉൾപ്പെടെയാണ് പുതിയ ബസ് വാങ്ങിയിട്ടുള്ളത്.

നികുതി അടക്കം ₹24,51,327 (ഇരുപത്തിനാല് ലക്ഷത്തി അൻപത്തിയൊന്നായിരത്തി മൂന്നൂറ്റി ഇരുപത്തി ഏഴ് രൂപ മാത്രം) രൂപയ്ക്കാണ് വിതരണ ഉത്തരവ് നൽകി വാങ്ങിയിട്ടുള്ളത്.

(ഡി) കേരളാ മോട്ടോർ വാഹന നിയമപ്രകാരം ഫാസ്റ്റ് പാസ്സഞ്ചർ, സൂപ്പർ ഫാസ്റ്റ്, എക്സ്പ്രസ്സ്, സൂപ്പർ ഡീലക്സ്, എ.സി. എന്നീ അപ്പർ ക്ലാസ്സ് ബസുകൾ അഞ്ചുവരഷംവരെ മാത്രവും ഒരു വാഹനം സ്റ്റേജ് കാരിയേജായി 15 വർഷംവരെയും മാത്രമേ ഓടിക്കുവാൻ കഴിയൂ. ഇപ്രകാരം അഞ്ചുവർഷം പൂർത്തിയാക്കുന്ന അപ്പർ ക്ലാസ്സ് ബസുകളും 15 വർഷം പൂർത്തിയാക്കുന്ന ഓർഡിനറി ബസുകളും പുതിയ ബസുകൾ വാങ്ങിയാണ് മാറ്റുന്നത്. കൂടാതെ പുതിയ സർവ്വീസുകൾ തുടങ്ങുന്നതിനും വാഹനങ്ങൾ വാങ്ങിയാൽ മാത്രമേ കഴിയൂ.

(ഇ) കെ.എസ്.ആർ.ടി.സി.-ക്ക് ഓരോ ഡിപ്പോയിലുമുള്ള ബസുകൾ, ഓഫ്-റോഡ് ബസുകൾ എന്നിവയുടെ ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(എഫ്) സി.എഫ്. വർക്കുകൾ, ആക്സിഡന്റ് റിപ്പയർ, പ്രിവന്റീവ് മെയിന്റനൻസ് തുടങ്ങിയ റിപ്പയർ പ്രവർത്തനങ്ങൾക്കാണ് ബസുകൾ നിരത്തിൽനിന്ന് പിൻവലിക്കുന്നത്. മുൻഗണനാക്രമത്തിൽ സ്പെയർ പാർട്സുകൾ ലഭ്യമാക്കി പണി പൂർത്തിയാക്കി ബസുകൾ നിരത്തിലിറക്കുന്നുണ്ട്.

(ജി) 8.56 കോടി രൂപയുടെ സ്പെയർ പാർട്സുകൾ വേണ്ടിവരുന്നതാണ്.

## റിസർവ് കണ്ടക്ടർ തസ്തികയിലെ നിയമനം

235 (1574) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. റിസർവ് കണ്ടക്ടർ തസ്തികയിലേക്ക് എത്ര ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. അഡ്വൈസ് മെമ്മൊ നൽകിയിട്ടുണ്ടെന്നും എത്ര പേർക്ക് നിയമനം നല്കിയിട്ടുണ്ട് എന്നും വെളിപ്പെടുത്താമോ ;

(ബി) അഡ്വൈസ് മെമ്മൊ ലഭിച്ച എല്ലാവർക്കും നിയമനം നല്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 31-12-2016-ലെ KLRV(2)/2240/2010 പ്രകാരം കണ്ടക്ടർ തസ്തികയിൽ ഉൾപ്പെട്ട 4051 ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്. പ്രസ്തുത നിയമന ശിപാർശയിൽ ഉൾപ്പെട്ടിട്ടുള്ള ആർക്ക് കെ.എസ്.ആർ.ടി.സി. നിയമന ഉത്തരവ് നൽകിയിട്ടില്ല.

(ബി) പ്രൊഫ. സുശീൽ ഖന്നയുടെ പുനരുദ്ധാരണ പാക്കേജുമായി ബന്ധപ്പെട്ട് നിലവിൽ കോർപ്പറേഷനിലെ ഡ്യൂട്ടികൾ പുനഃക്രമീകരിച്ചതിനുശേഷം ഒഴിവുകൾക്ക് സാദ്ധ്യതയുണ്ടെങ്കിൽ നിയമനം നൽകുന്നത് പരിഗണിക്കുന്നതാണ്.

## ബസ്സുകളിലെ പരസ്യം

236 (1575) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ ഒന്നാം വാർഷികാഘോഷങ്ങളുടെ ഭാഗമായി കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ നമുക്ക് ഒന്നിച്ച് മുന്നേറാം, സർക്കാർ ഒപ്പമുണ്ട് എന്ന പരസ്യം നൽകിയിട്ടുണ്ടോ;

(ബി) എത്ര കാലത്തേക്കാണ് പ്രസ്തുത പരസ്യം നൽകിയിരിക്കുന്നതെന്നും ഈ പരസ്യത്തിലൂടെ കെ.എസ്.ആർ.ടി.സി.-ക്ക് എന്ത് വരുമാനം ലഭിച്ചുവെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഒരു മാസത്തേക്കാണ് പരസ്യം നൽകിയിരുന്നത്. ബസുകളിൽ പരസ്യം പ്രദർശിപ്പിക്കുന്നത് ലേലം/ടെണ്ടർ നടപടികളിലൂടെ കണ്ടെത്തുന്ന ലൈസൻസികൾ മുഖേനയായതിനാൽ ഒരു മാസത്തേക്ക് പരസ്യത്തിന്റെ നിരക്ക് നിശ്ചയിക്കുന്നതും ഈടാക്കുന്നതും ടി ലൈസൻസിയാണ്. ആയതിനാൽ പ്രസ്തുത പരസ്യത്തിന് മാത്രമായി കെ.എസ്.ആർടി.സി-ക്ക് എത്ര വരുമാനം ലഭിച്ചെന്ന് കണക്കാക്കാൻ സാധിക്കുകയില്ല.

**പുതിയ ബസുകൾ**

237 (1576) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനു ശേഷം കെ.എസ്.ആർ.ടി.സി. എത്ര പുതിയ ബസുകൾ പുറത്തിറക്കി ; അവ ഏതെല്ലാം ഡിപ്പോകൾക്കാണ് നൽകിയതെന്ന് വ്യക്തമാക്കാമോ ;

(ബി) കെ.എസ്.ആർ.ടി.സി.-യുടെ അധീനതയിൽ നിലവിലുള്ള എ.സി ലോഫ്ലോർ, സ്കാനിയ എന്നീ വിഭാഗം ബസുകളുടെ എണ്ണം എത്രയാണെന്നും അവയിൽ സർവ്വീസ് നടത്താൻ കാര്യക്ഷമമായവ എത്രയെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 112 ജൻറം ബസുകൾ ഉൾപ്പെടെ 695 ബസുകൾ പുറത്തിറക്കിയിട്ടുണ്ട്. ബസുകൾ അനുവദിച്ച ഡിപ്പോകൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) കെ.എസ്.ആർ.ടി.സി.യുടെ അധീനതയിൽ 18 സ്കാനിയ ബസുകളും 10 വോൾവോ എ.സി. മൾട്ടി ആക്സിൽ ബസുകളും രണ്ട് വോൾവോ എ.സി. സിംഗിൾ ആക്സിൽ ബസുകളുമാണുള്ളത്. 07-08-2017-ലെ കണക്കനുസരിച്ച് 18 സ്കാനിയ ബസുകളിൽ 17 ബസുകളും 12 വോൾവോ എ.സി. ബസുകളിൽ 9 ബസുകളും സർവ്വീസിന് യോഗ്യമായിരുന്നു. ബാക്കിയുള്ള 4 ബസുകൾ ആക്സിഡന്റ് റിപ്പെയർ ഉൾപ്പെടെയുള്ള വിവിധ അറ്റകുറ്റപ്പണികൾമൂലം സർവ്വീസ് നടത്തുന്നില്ല.

കെ.എസ്.ആർ.ടി.സി.-യുടെ സബ്സിഡിയറി കോർപ്പറേഷനായ കെ.യു.ആർ.ടി.സി.-യുടെ കീഴിൽ 190 എ.സി. ലോഫ്ലോർ വോൾവോ ബസുകളുണ്ട്. 7-8-2017-ലെ കണക്കനുസരിച്ച് 190 ബസുകളിൽ 139 എണ്ണം സർവ്വീസിന് യോഗ്യമായിരുന്നു. ബാക്കിയുള്ള 51 ബസുകൾ വിവിധ അറ്റകുറ്റപ്പണികൾമൂലം സർവ്വീസ് നടത്തുന്നില്ല.

---

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**പിരിച്ചുവിട്ട എം-പാനൽ കണ്ടക്ടർമാർ**

238 (1577) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി. യിൽ നിന്നും പിരിച്ചുവിട്ട എംപാനൽ കണ്ടക്ടർമാർ എത്ര എന്നറിയിക്കാമോ;

(ബി) ഇവർക്ക് ഏതെങ്കിലും രീതിയിലുള്ള ധനസഹായമോ സഹായ വാഗ്ദാനമോ നൽകിയിരുന്നോ; എങ്കിൽ വിശദ വിവരം വ്യക്തമാക്കുമോ;

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി.-യിൽനിന്നും എട്ട് എം-പാനൽ കണ്ടക്ടർമാരെ പിരിച്ചുവിട്ടു.

(ബി) നൽകിയിരുന്നില്ല.

**രക്ഷാ പാക്കേജ്**

239 (1578) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 വർഷം കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണ വർഷമായി ഈ സർക്കാർ പ്രഖ്യാപിക്കുകയും അതിനായി 3000 കോടി രൂപയുടെ രക്ഷാ പാക്കേജ് പ്രഖ്യാപിച്ചതിന്റെയും ഭാഗമായി എന്തെല്ലാം പ്രവൃത്തികൾ നാളിതുവരെ നടത്തി എന്നും തുടർപ്രവൃത്തികൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി.-യ്ക്ക് 1000 സി.എൻ.ജി. ബസുകൾ 300 കോടി രൂപ മുതൽമുടക്കി വാങ്ങാനുള്ള 20-02-2017 സർക്കാർ ഉത്തരവ് സ.ഉ.(സാധാ) നമ്പർ 72/2017/ഗതാഗതത്തിന്റെ തുടർപ്രവർത്തനങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഇതിന്റെ ഭാഗമായി ദീർഘദൂര സർവ്വീസുകളിലെ ഡ്യൂട്ടി സമ്പ്രദായം പരിഷ്കരിക്കുന്നത് സംബന്ധിച്ച് നാളിതുവരെ കെ.എസ്.ആർ.ടി.സി.യിൽ നടപ്പാക്കിയ തുടർപ്രവൃത്തികൾ എന്തെല്ലാം;

(ഡി) നഷ്ടത്തിലോടുന്ന സർവ്വീസുകൾ നിർത്തലാക്കാതെ ഫലപ്രദമായി റൂട്ടുകൾ ക്രമീകരിക്കുന്ന പദ്ധതിയുടെ പ്രവർത്തന പുരോഗതി എന്തെന്ന് വ്യക്തമാക്കുമോ;

(ഇ) കെ.എസ്.ആർ.ടി.സി. ബസുകളുടെ മെയിന്റനൻസ് പകൽ സമയം നടത്തുന്നതൊഴിവാക്കി രാത്രികാലങ്ങളിലാക്കുക, ഓഫ്-റോഡ് നിരക്കിൽ കുറവുണ്ടാക്കുക, ഡ്യൂട്ടി സമയം പാഴാക്കാതെ ജീവനക്കാർക്ക് ബസുകൾ ലഭ്യമാക്കുക, ഇന്ധനക്ഷമത വർദ്ധിപ്പിക്കുക, സി.എൻ.ജി.യിലേക്കു മാറുക എന്നീ പ്രവർത്തനങ്ങളുടെ 20-2-2017-നു ശേഷമുള്ള പുരോഗതി എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.-ക്ക് 900 ബസുകൾ വാങ്ങുന്നതിനുള്ള ഫണ്ട് കിഫ്ബിയിൽനിന്നും അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) കെ.എസ്.ആർ.ടി.സി. പരിസ്ഥിതി സൗഹൃദ ഇന്ധനമായ കംപ്രസ്ഡ് നാച്ചുറൽ ഗ്യാസ് (CNG)-ലേക്ക് മാറുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ റോഡുകളിൽ ഇത്തരം ബസുകളുടെ ഉപയോഗക്ഷമത നിരീക്ഷിക്കുന്നതിനായി ഒരു സി.എൻ.ജി. ബസ് വാങ്ങിയിട്ടുണ്ട്. നിലവിൽ സി.എൻ.ജി. ഇന്ധനം കൊച്ചിയിൽ ലഭ്യമാണ്. എന്നാൽ ഇവ വാഹനങ്ങളിൽ നിറയ്ക്കുന്നതിന് ആവശ്യമായ ഡിസ്പെൻസിംഗ് യൂണിറ്റുകൾ നിലവിൽ കേരളത്തിൽ സ്ഥാപിതമായിട്ടില്ല. കൊച്ചി നഗരത്തിൽ സി.എൻ.ജി. ഇന്ധനം വിതരണം നടത്തുന്നതിന് വിതരണാവകാശം ലഭിച്ച ഐ.ഒ.സി.-യുമായി നിരവധി തവണ ചർച്ചകൾ നടത്തുകയും കെ.എസ്.ആർ.ടി.സി.-യുടെ ആനയറയിലും ആലുവ റീജിയണൽ വർക്ക്ഷോപ്പിലും തേവരയിലും സി.എൻ.ജി. ഡിസ്പെൻസിംഗ് യൂണിറ്റുകൾ സ്ഥാപിച്ച് ഇന്ധനം വിതരണം നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ നടന്നുവരികയാണ്. സി.എൻ.ജി. ഇന്ധനവും ബസും ലഭ്യമാകാൻ കാലതാമസം ഉണ്ടാകാനിടയുള്ളതിനാൽ 900 ഡീസൽ ബസുകൾ വാങ്ങുന്നതിനുള്ള തുക കിഫ്ബിയിൽ നിന്നും അനുവദിക്കുന്നത് സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) ആറര മണിക്കൂർ സ്റ്റിയറിംഗ് അവേഴ്സിന് ഒരു ഡ്യൂട്ടി എന്ന ക്രമത്തിൽ നിബന്ധനകൾക്ക് വിധേയമായിട്ടാണ് ഏകീകരിച്ചിട്ടുള്ളത്. ദീർഘദൂര ബസുകളിൽ ഡ്രൈവർ -കം-കണ്ടക്ടർ ക്രൂ ചേഞ്ച് നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) നഷ്ടത്തിലോടുന്ന സർവ്വീസുകൾ പുനഃക്രമീകരിച്ച് ലാഭകരമാക്കുന്ന പ്രവർത്തനം നടന്നുവരുന്നതിനാൽ പുരോഗതിയെ സംബന്ധിച്ചുള്ള സ്ഥിതി വ്യക്തമാക്കുവാൻ സാധിക്കുകയില്ല.

(ഇ) പകൽ സമയങ്ങളിൽ ബസുകൾ റിപ്പെയറിംഗിനും മെയിന്റനൻസിനുമായി നിരത്തിൽനിന്നും പിൻവലിക്കുന്നതുമൂലം കോർപ്പറേഷന് നഷ്ടം സംഭവിച്ചുവരുന്നതായി മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ എല്ലാത്തരം റിപ്പെയറുകളും മെയിന്റനൻസും ബസുകൾ ഗ്യാരേജിൽ സർവ്വീസ് കഴിഞ്ഞുവരുന്ന സമയത്ത് നടത്തുവാൻ തീരുമാനിക്കുകയും ആയത് നടപ്പിലാക്കുകയും ചെയ്തു. കൂടാതെ മെക്കാനിക്കൽ ജീവനക്കാരുടെ സമയക്രമം പുനഃക്രമീകരിച്ചതിലൂടെ ഓഫ്-റോഡ് നിരക്ക്, ബ്രേക്ക് ഡൗൺ നിരക്ക് എന്നിവയിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. ഇതുമൂലം സർവ്വീസ് ഓപ്പറേഷൻ കാര്യക്ഷമമാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. മെക്കാനിക്കൽ വിഭാഗത്തിൽ വർക് നോംസ് പരിഷ്കരിച്ച് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മ ഉറപ്പാക്കുന്നതിനും മനുഷ്യപ്രയത്നം കുറയ്ക്കുന്നതിനുമുള്ള നടപടികളുടെ ഭാഗമായി ഇതുസംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരള പ്രൊഡക്ടിവിറ്റി കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മൊക്കാനിക്കൽ ജീവനക്കാരുടെ അദ്ധ്വാനഭാരം കുറയ്ക്കുന്നതിനും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ആധുനിക ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനുള്ള ദർഘാസ് നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അഞ്ചോ അതിലധികമോ കെ.എം.പി.എൽ. ലഭിക്കുന്ന ബസുകളിലെ ഡ്രൈവർമാർക്ക് 100 രൂപ പ്രതിദിന ഇൻസെന്റീവ് നൽകുന്നുണ്ട്. ഡ്രൈവർമാർക്ക് വാഹന നിർമ്മാതാക്കളുടെ പരിശീലന കേന്ദ്രങ്ങളിലും Petroleum Conservation & Research Association (PCRA)-ന്റെ സഹകരണത്താലും തുടർ പരിശീലനവും ബോധവൽക്കരണ ക്ലാസ്സുകളും നൽകിക്കൊണ്ടിരിക്കുകയാണ്. സി.എൻ.ജി. ഇന്ധനവും ബസും ലഭ്യമാകാൻ കാലതാമസം ഉണ്ടാകാനിടയുള്ളതിനാൽ 900 ഡീസൽ ബസുകൾ വാങ്ങുന്നതിനുള്ള തുക കിഫ്ബിയിൽനിന്നും അനുവദിക്കുന്നത് സർക്കാർ പരിശോധിച്ചുവരികയാണ്.

**യാത്രാ കാർഡ്**

240 (1579) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്ഥിരം യാത്രക്കാർക്കായി ഏർപ്പെടുത്തിയ യാത്രാ കാർഡ് മുഖേന കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർദ്ധിച്ചിട്ടുണ്ടോ; യാത്രാ കാർഡ് കൂടുതൽ വിപുലീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;വ്യക്തമാക്കാമോ?

ഉത്തരം

കെ.എസ്.ആർ.ടി.സി.-യുടെ സ്ഥിരം യാത്രക്കാർക്കായി ഏർപ്പെടുത്തിയ യാത്രാ കാർഡ് മുഖേന ടിക്കറ്റിന് ആനുപാതികമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ജൂലൈ 31 വരെയുള്ള കണക്കനുസരിച്ച് ട്രാവൽ കാർഡ് ഇനത്തിൽ 3,68,91,000 രൂപ (മൂന്നുകോടി അൻപത്തിയെട്ടുലക്ഷത്തി തൊണ്ണൂറ്റി ഒരായിരം രൂപ മാത്രം) കോർപ്പറേഷന് വരുമാനമായി ലഭിച്ചിട്ടുണ്ട്. യാത്രാ കാർഡ് കൂടുതൽ വിപുലീകരിക്കുന്നതിന് നിലവിൽ സർക്കാർ തലത്തിൽ തീരുമാനമെടുത്തിട്ടില്ല.

**കെ.എസ്. ആർ.ടി.സി. പെൻഷൻ കുടിശ്ശിക**

241 (1580) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യിലെ പെൻഷൻകാർക്ക് എത്ര മാസത്തെ പെൻഷൻ കുടിശിക ഉണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) കെ.എസ്.ആർ.ടി.സി. പെൻഷൻകാരുടെ പെൻഷൻ യഥാസമയം നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പെൻഷൻ തുക ലഭിക്കാത്തതുമൂലം ചികിത്സ മുടങ്ങി കെ.എസ്.ആർ.ടി.സി. പെൻഷൻകാരനായ നന്നാട്ടുകാവ് കൃഷ്ണകൃപയിൽ സുകുമാരൻ നായർ ആത്മഹത്യ ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പെൻഷൻ തുക അകാരണമായി വൈകുന്നതിന് ശാശ്വതപരിഹാരം കണ്ടെത്തുമോ?

ഉത്തരം

(എ) രണ്ട് മാസത്തെ മുഴുവൻ പെൻഷനും ഒരു മാസത്തെ പകുതി തുകയും ഒരു മാസത്തെ പതിനായിരത്തിന് മുകളിലുള്ള തുകയും നൽകാനുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.യിലെ നിലവിലെ സാമ്പത്തിക പ്രതിസന്ധിമൂലമാണ് യഥാസമയം പെൻഷൻ നൽകാൻ കഴിയാത്തത്.

(സി) ഇല്ല.

(ഡി) പെൻഷൻ കുടിശ്ശിക പൂർണ്ണമായും വിതരണം ചെയ്യുവാൻ ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് കുറഞ്ഞ പലിശയും ദൈർഘ്യം കൂടിയ തിരിച്ചടവ് കാലാവധിയുമുള്ള വായ്പ തരപ്പെടുത്തുവാൻ കെ.എസ്.ആർ.ടി.സി. ശ്രമിച്ചുവരുന്നു. ഇത് യാഥാർത്ഥ്യമാകുന്നതോടെ പെൻഷൻ കുടിശ്ശിക പൂർണ്ണമായും വിതരണം ചെയ്യാൻ കഴിയുമെന്നാണ് വിശ്വസിക്കുന്നത്.

## കൺസഷൻ ടിക്കറ്റ്

242 (1581) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ വർഷങ്ങളിൽ കെ.എസ്.ആർ.ടി.സി. കൺസഷൻ ലഭിച്ചുകൊണ്ടിരുന്ന വിദ്യാർത്ഥികൾക്ക് ആയത് ഇക്കൊല്ലം പലയിടത്തും ഇതുവരേയും ലഭ്യമാക്കിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി. പിറവം ഡിപ്പോയിൽ നിന്നും വിദ്യാർത്ഥികൾക്ക് കൺസഷൻ നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലായെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനായി പിറവം ഡിപ്പോയിൽ ഓഫീസ് സൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) ആവശ്യമായ രേഖകൾ സമർപ്പിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും കൺസഷൻ ടിക്കറ്റ് നൽകുന്നുണ്ട്.

(ബി) ടി പ്രദേശങ്ങളിലെ വിദ്യാർത്ഥികൾക്ക് അടുത്തുള്ള കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ കൺസഷൻ ടിക്കറ്റ് നൽകുന്നതിന് സൗകര്യമൊരുക്കിയിട്ടുണ്ട്.

(സി) സാമ്പത്തിക പ്രതിസന്ധി അനുഭവപ്പെടുന്നതിനാൽ പിറവം സബ് ഡിപ്പോയിൽ പുതുതായി കൺസഷൻ ടിക്കറ്റ് വിതരണം നടത്തുന്നതിനുള്ള ഓഫീസ് സൗകര്യം ഒരുക്കുന്നതിന് നിർവ്വാഹമില്ലാത്തതാണ്.

## ട്രിപ്പുകൾ റദ്ദാക്കൽ

243 (1582) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എണ്ണായിരം രൂപയിൽ കുറഞ്ഞ പ്രതിദിനവരുമാനമുള്ള റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. ട്രിപ്പുകൾ റദ്ദാക്കുകയും സർവ്വീസ് തന്നെ ഫലത്തിൽ നിർത്തലാക്കുകയും ചെയ്തുവരുന്നത് നിമിത്തം ജനങ്ങൾ അനുഭവിച്ചുവരുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒരേയൊരു വണ്ടിമാത്രം സർവ്വീസ് നടത്തുന്ന മലയോര പ്രദേശങ്ങളിലെ റൂട്ടുകളിൽപ്പോലും ഇപ്രകാരം ട്രിപ്പ് പുനഃക്രമീകരണം എന്ന പേരിൽ സർവീസ് റദ്ദാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കെ.എസ്.ആർ.ടി.സി.-യ്ക്കുമാത്രം സർവ്വീസ് നടത്തുവാൻ അധികാരമുള്ള ദേശസാൽകൃത റൂട്ടുകളിൽപ്പോലും ഇത്തരത്തിൽ ട്രിപ്പുകൾ റദ്ദാക്കുകയും സർവ്വീസ് തന്നെ ഫലത്തിൽ നിർത്തലാക്കുകയും ചെയ്യുന്നതുകാരണം പൊതുഗതാഗത സംവിധാനത്തെ ആശ്രയിക്കുന്ന സാധാരണക്കാരൻ അനുഭവിച്ചുവരുന്ന ദുരിതം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ എന്തു പരിഹാരമാണ് വിഭാവന ചെയ്യുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കെ.എസ്.ആർ.ടി.സി. എണ്ണായിരം രൂപയിൽ കുറഞ്ഞ പ്രതിദിനവരുമാനമുള്ള റൂട്ടുകളിൽ ട്രിപ്പുകൾ റദ്ദാക്കുവാനോ സർവ്വീസ് നിർത്തലാക്കുവാനോ നിർദ്ദേശം നൽകിയിട്ടില്ല. ബസിന്റെയോ ജീവനക്കാരുടെയോ ലഭ്യതയ്ക്കനുസരിച്ച് ചില ദിവസങ്ങളിൽ വിവിധ ഷെഡ്യൂളുകളിൽ ക്രമീകരണം നടത്തുന്നതിനാലാണ് ചില ദിവസങ്ങളിൽ സർവ്വീസ് ലഭ്യമല്ലാതെ വരുന്നത്. അപ്രകാരമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെടുമ്പോൾ സാദ്ധ്യമായ പരിഹാര നടപടി എടുക്കാറുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഒരേയൊരു ബസ് മാത്രം സർവ്വീസ് നടത്തുന്ന മലയോര പ്രദേശങ്ങളിൽ സർവ്വീസ് റദ്ദാക്കാനുള്ള നടപടി സ്വീകരിച്ചിട്ടില്ല.

(സി) ദേശസാൽകൃത റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. ഏറ്റെടുത്തിട്ടുള്ള സർവ്വീസുകൾ കൃത്യമായി ഓടിച്ചുവരുന്നു. ഇതിൽ ട്രിപ്പ് റദ്ദാക്കുകയോ സർവ്വീസുകൾ നിർത്തലാക്കുകയോ ചെയ്തിട്ടില്ല. കെ.എസ്.ആർ.ടി.സി. ദേശസാൽകൃത റൂട്ടുകളിൽ ജനങ്ങൾക്ക് പ്രയോജനകരമാംവിധം ഓടിക്കൊണ്ടിരിക്കുന്ന സർവ്വീസുകൾ തുടരുകയും മിന്നൽ സർവ്വീസുകളും സ്ത്രീകൾക്കായുള്ള പിങ്ക് ബസ്, ചെയിൻ സർവ്വീസുകൾ എന്നിവയും ശക്തിപ്പെടുത്തുകയും പുതിയ അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ബാധകമല്ല.

**ബസുകളിൽനിന്നുള്ള അന്തരീക്ഷ മലിനീകരണം**

244 (1583) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-ക്ക് നിലവിൽ എത്ര ബസുകൾ ഉണ്ട്; ഇവയിൽ എത്രയെണ്ണത്തിന് കൃത്യമായ പൊല്യൂഷൻ സർട്ടിഫിക്കറ്റുണ്ട് ;

(ബി) ചില കെ.എസ്.ആർ.ടി.സി. ബസുകളിൽ നിന്ന് പുറത്തേക്ക് വമിക്കുന്ന പുക വൻതോതിൽ അന്തരീക്ഷ മലിനീകരണം ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് പൊതുജനങ്ങളുടെ ആരോഗ്യത്തിന് ഹാനികരമായതിനാൽ ശാശ്വത പരിഹാരത്തിന് സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർടി.സി-ക്ക് നിലവിൽ 5781 ബസുകളുണ്ട്. 07-08-2017-ലെ കണക്കനുസരിച്ച് ഇതിൽ 5445 ബസുകൾക്ക് നിയമാനുസൃതമുള്ള മലിനീകരണ നിയന്ത്രണ സർട്ടിഫിക്കറ്റുകൾ (PUCC) ഉണ്ട്. ശേഷിച്ച 336 ബസുകളിൽ 121 എണ്ണം ഫിറ്റ്നസ് സർട്ടിഫിക്കറ്റിനായും 158 എണ്ണം എഞ്ചിൻ മാറ്റുന്നതിനായും 57 എണ്ണം മേജർ റിപ്പെയറിംഗിനായും മാറ്റിയിട്ടിരിക്കുകയാണ്. ഇവ സർവ്വീസിന് യോഗ്യമാക്കുന്ന മുറയ്ക്ക് PUCC സർട്ടിഫിക്കറ്റ് എടുക്കുന്നതാണ്.

(ബി&സി) ഉണ്ട്. ഇത്തരം ബസുകൾ ഉടൻതന്നെ നിരത്തിൽനിന്നും പിൻവലിച്ച് അറ്റകുറ്റപ്പണികൾ നടത്തി പുകമലിനീകരണം നിയന്ത്രണ വിധേയമാക്കിയതിനുശേഷം മാത്രമേ തുടർന്നു സർവ്വീസിനു നൽകാറുള്ളു. കൂടാതെ എല്ലാ വാഹനങ്ങളും കേരളാ മോട്ടോർ വാഹന നിയമം അനുസരിച്ച് ആറുമാസത്തിലൊരിക്കൽ പുകമലിനീകരണ നിയന്ത്രണ പരിശോധനയ്ക്ക് (PUCC) വിധേയമാക്കിയാണ് സർവ്വീസ് നടത്തിവരുന്നത്.

**കെ.എസ്. ആർ.ടി.സി.-യെ കരകയറ്റാനായി പദ്ധതി**

245 (1584) ശ്രീ. രാജു എബ്രഹാം :

ശ്രീ. കെ. കുഞ്ഞിരാമൻ :

ശ്രീ. കാരാട്ട് റസാഖ് :

ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഗ്രാന്റ് ആയി നൽകുന്ന പെൻഷൻ തുകയുടെ 50 ശതമാനം കൂടാതെ ബാക്കി പെൻഷനും ശമ്പളത്തിനുമായി എല്ലാ മാസവും സർക്കാർ സഹായത്തോടെ കടമെടുത്ത് കടക്കെണിയിലാകുന്ന ദുരവസ്ഥയിൽ നിന്ന് കെ.എസ്.ആർ.ടി.സി.-യെ കരകയറ്റാനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) മൂന്ന് വർഷം കൊണ്ട് സ്ഥാപനത്തെ ലാഭത്തിലാക്കുക എന്ന ലക്ഷ്യത്തോടെ ബജറ്റിൽ പ്രഖ്യാപിച്ച 3000 കോടി രൂപയുടെ രക്ഷാ പാക്കേജ് സമയബന്ധിതമായി ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടി അറിയിക്കാമോ;

(സി) 2013-14 മുതൽ റവന്യൂവിൽ കാര്യമായ വർദ്ധനവുണ്ടാകാതെ പോയതിന്റെയും റവന്യൂ വിടവ് ഭീമമായ തോതിൽ വർദ്ധിച്ച് വരുന്നതിന്റെയും കാരണങ്ങൾ വിശകലനം നടത്തിയിരുന്നോ; ഇത് പരിഹരിക്കാനായി എന്ത് ഇടപെടലുകളാണ് നടത്താനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; ഈ പ്രക്രിയയിൽ തൊഴിലാളികളെ കൂടി വിശ്വാസത്തിലെടുത്തുകൊണ്ടുള്ള നടപടി ഉണ്ടാകുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണം ലക്ഷ്യമിട്ട് കെ.എസ്.ആർ.ടി.സി. നിലവിൽ എടുത്തിട്ടുള്ള കുറഞ്ഞകാല തിരിച്ചടവ് ദൈർഘ്യമുള്ളതും പലിശ കൂടിയതുമായ വായ്പകൾ ദീർഘകാല തിരിച്ചടവും പലിശ കുറഞ്ഞതുമായ കൺസോർഷ്യം വായ്പാ പദ്ധതിയിലേക്ക് മാറ്റാനുള്ള ജോലികൾ പുരോഗമിച്ചുവരികയാണ്. ഇത് യാഥാർത്ഥ്യമാകുന്നതോടെ വായ്പാ തിരിച്ചടവിനത്തിൽ 45 കോടി രൂപയോളം രൂപ പ്രതിമാസം കുറയ്ക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ പ്രൊഫ. സുശീൽ ഖന്നയുടെ പഠന റിപ്പോർട്ട് പൂർണ്ണമായും നടപ്പാക്കാൻ കഴിയുന്നതോടെ കടക്കെണിയിൽ ആയിരിക്കുന്ന ദുരവസ്ഥയിൽനിന്നും കെ.എസ്.ആർ.ടി.സി.യെ കരകയറ്റാൻ ആകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) കെ.എസ്.ആർടി.സി-ക്ക് 900 ബസുകൾ വാങ്ങുന്നതിനുള്ള തുക കിഫ്ബിയിൽനിന്നും അനുവദിക്കുന്നത് സർക്കാർ പരിശോധിച്ചുവരുന്നു.

(സി) 2013-14 മുതൽ വരവുചെലവ് അന്തരം ഭീമമായ തോതിൽ കൂടുകയുണ്ടായി. റവന്യൂ കളക്ഷനിലെ വർദ്ധനവ് പല കാരണങ്ങളാലും ഉയർന്നിട്ടില്ലാത്തതായിരുന്നു പ്രധാന കാരണം. അതേസമയം 01-01-2013 മുതൽ ജീവനക്കാരുടെ ശമ്പളത്തിലും പെൻഷനിലുമുള്ള വർദ്ധനവ് നടപ്പിലാക്കിയപ്പോൾ വരവുചെലവ് അന്തരം കൂടിത്തുടങ്ങി. കൂടാതെ ഡീസൽ, സ്പെയർ പാർട്സ് എന്നിവയ്ക്കുണ്ടായ ക്രമാതീതമായ വിലവർദ്ധനവും വരവുചെലവ് അന്തരം കൂടുന്നതിന് കാരണമായി. 2012-ലെ ശമ്പള പരിഷ്കരണത്തിനുശേഷം 92 ശതമാനം വരെ ക്ഷാമബത്തയും ക്ഷാമാശ്വാസവും കൊടുത്ത വകയിലും വൻ വർദ്ധനവ് വന്നതോടുകൂടി ശമ്പളവും പെൻഷനും മുടങ്ങുന്ന സ്ഥിതിയിലേക്കായിരുന്നു കാര്യങ്ങൾ പോയിക്കൊണ്ടിരുന്നത്. വരവുചെലവ് അന്തരം

പരിഹരിക്കുന്നതിനായി പലപരിഹാരങ്ങളും കെ.എസ്.ആർ.ടി.സി. നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.യുടെ പുനരുദ്ധാരണം ലക്ഷ്യമിട്ട് കെ.എസ്.ആർ.ടി.സി. നിലവിൽ എടുത്തിട്ടുള്ള കുറഞ്ഞകാല തിരിച്ചടവുള്ളതും പലിശ കൂടിയതുമായ വായ്പകൾ ദീർഘകാല തിരിച്ചടവും പലിശ കുറഞ്ഞതുമായ കൺസോർഷ്യം വായ്പാ പദ്ധതിയിലേക്ക് മാറ്റാനുള്ള ജോലികൾ പുരോഗമിച്ചുവരികയാണ്. ഇത് യാഥാർത്ഥ്യമാകുന്നതോടെ വായ്പാ തിരിച്ചടവിനത്തിൽ 45 കോടി രൂപയോളം രൂപ പ്രതിമാസം കുറയ്ക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. നഷ്ടത്തിലോടുന്ന കെ.എസ്.ആർ.ടി.സി.യെ പുനരുദ്ധരിക്കുന്നതിനായി നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച് 10,000 രൂപയിൽ താഴെ വരുമാനമുള്ള സർവ്വീസുകളെ പുനഃക്രമീകരിക്കുന്ന പദ്ധതി ഇതിനോടകംതന്നെ ആരംഭിച്ചിട്ടുണ്ട്. 1255 ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനുംവേണ്ടിയുള്ള നടപടികൾ നടന്നുവരുന്നു. കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിന്റെയും പൊതുജനങ്ങൾക്ക് പണരഹിത ഇടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെയും ഭാഗമായി ട്രാവൽ കാർഡ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ സർക്കാരിന്റെ സ്ത്രീ സുരക്ഷാ നയത്തിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ രണ്ട് പിങ്ക് ബസുകൾ ഇതിനോടകംതന്നെ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പൊലീസും കെ.എസ്.ആർ.ടി.സി.-യും ചേർന്ന് സ്ക്വാഡ് രൂപീകരിക്കുകയും ആയത് ഫലപ്രദമായി പ്രവർത്തിച്ചതുമൂലം കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർദ്ധിച്ചിട്ടുമുണ്ട്. ഇത്തരം സ്ക്വാഡുകളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ദീർഘദൂര യാത്രക്കാരെ കൂടുതലായി കെ.എസ്.ആർ.ടി.സി. ബസുകളിലേക്ക് ആകർഷിക്കുന്നതിലേക്കും യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിലേക്കുമായി പുതിയതരം പുഷ്ബാക്ക് സീറ്റോടുകൂടിയ എയർ എക്സ്പ്രസ്സ് ബസുകളും നിരത്തിലിറക്കിയിട്ടുണ്ട്. സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് കുറഞ്ഞ സമയംകൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ മിന്നൽ സർവ്വീസുകളെന്ന പേരിൽ പുതിയ തരം സർവ്വീസുകൾ ഇതിനോടകംതന്നെ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർ സംസ്ഥാന റൂട്ടുകളിലേക്ക് പുതിയ സർവ്വീസുകളും കൂടുതൽ യാത്രക്കാർക്ക് സൗകര്യമൊരുക്കുന്നതിന് പ്രത്യേക വാരാന്ത്യ അന്തർ സംസ്ഥാന സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്. വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് കൂടുതൽ ചെയിൻ സർവ്വീസുകൾ വിവിധ മേഖലകളിൽ ആരംഭിച്ചിട്ടുണ്ട്. ടി നടപടികൾ എല്ലാംതന്നെ തൊഴിലാളികളെ വിശ്വാസത്തിലെടുത്തുകൊണ്ടാണ് നടപ്പിലാക്കി വരുന്നത്.

## കെ.എസ്.ആർ.ടി.സി.-യെ രക്ഷിക്കൽ

246 (1585) ശ്രീ. സി. എഫ്. തോമസ്:

ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യെ ഇന്നത്തെ അവസ്ഥയിൽനിന്നും കരകയറ്റുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കെ.എസ്.ആർ.ടി.സി.-യിൽ ജീവനക്കാരുടെ എണ്ണം കുറയ്ക്കുന്നതിന് നിർദ്ദേശമുണ്ടോ; വിശദമാക്കാമോ;

(സി) കെ.എസ്.ആർ.ടി.സി.-യിൽ നിയമന നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദ വിവരം നൽകുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് താഴെ ചേർത്തിരിക്കുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്:

സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച് 10,000 രൂപയിൽ താഴെ വരുമാനമുള്ള സർവ്വീസുകളെ പുനഃക്രമീകരിക്കുന്ന പദ്ധതി ഇതിനോടകംതന്നെ ആരംഭിച്ചിട്ടുണ്ട്.

1255 ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിച്ചിട്ടുണ്ട്. ഇത്തരം പുനരുദ്ധാരണ പദ്ധതിക്ക് ജീവനക്കാരുടെ ഭാഗത്തുനിന്നും മികച്ച പിന്തുണ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് പരാതിക്കിടയാക്കാത്ത വിധത്തിൽ തുല്യനീതി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുള്ളത്.

യാത്രക്കാരെ ആകർഷിക്കുന്നതിന്റെയും പൊതുജനങ്ങൾക്ക് പണരഹിത ഇടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെയും ഭാഗമായി ട്രാവൽ കാർഡ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

സർക്കാരിന്റെ സ്ത്രീ സുരക്ഷാ നയത്തിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ രണ്ട് പിങ്ക് ബസുകൾ ഇതിനോടകംതന്നെ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്.

സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും കെ.എസ്.ആർ.ടി.സി.-യും ചേർന്ന് സ്ക്വാഡ് രൂപീകരിക്കുകയും ആയത് ഫലപ്രദമായി പ്രവർത്തിച്ചതുമൂലം കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർദ്ധിച്ചിട്ടുമുണ്ട്.

ദീർഘദൂര യാത്രക്കാരെ കൂടുതലായി കെ.എസ്.ആർ.ടി.സി. ബസുകളിലേക്ക് ആകർഷിക്കുന്നതിലേക്കും യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിലേക്കുമായി പുതിയതരം പുഷ്ബാക്ക് സീറ്റോടുകൂടിയ എയർ എക്സ്പ്രസ്സ് ബസുകളും സൂപ്പർ ഡീലക്സ് എയർ ബസുകളും നിരത്തിലിറക്കിയിട്ടുണ്ട്.

സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് കുറഞ്ഞ സമയംകൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ മിന്നൽ സർവ്വീസുകളെന്ന പേരിൽ പുതിയ തരം സർവ്വീസുകൾ ഇതിനോടകംതന്നെ ആരംഭിച്ചിട്ടുണ്ട്.

കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരമുള്ള വിവിധ അന്തർ സംസ്ഥാന റൂട്ടുകളിലേക്കും പുതിയ സർവ്വീസുകളും പ്രത്യേക വാരാന്ത്യ അന്തർ സംസ്ഥാന സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്.

വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് കൂടുതൽ ചെയിൻ സർവ്വീസുകൾ വിവിധ മേഖലകളിൽ ആരംഭിച്ചിട്ടുണ്ട്.

പഴക്കം ചെന്ന സൂപ്പർ ക്ലാസ്സ് ബസുകൾ മാറ്റുന്നതിലേക്കും പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതിലേക്കുമായി 900 ബസുകൾ വാങ്ങുന്നതിനായി KIIFB ഫണ്ടിംഗ് ലഭ്യമാക്കുന്ന വിഷയം പരിശോധിച്ചുവരുകയാണ്.

മെക്കാനിക്കൽ ജീവനക്കാരുടെ സമയക്രമം, ബസുകൾ സർവ്വീസ് കഴിഞ്ഞു വരുന്ന സമയത്തിനനുസൃതമായി പുനഃക്രമീകരിച്ചതിലൂടെ ജോലി ചെയ്യുന്നതിന് വാഹനം ലഭിക്കാതെ ജീവനക്കാർ idle ചെയ്യുന്നത് ഒഴിവാക്കുന്നതിന് സാധിച്ചിട്ടുണ്ട്.

മെക്കാനിക്കൽ ജീവനക്കാരുടെ അദ്ധ്വാന ഭാരം കുറയ്ക്കുന്നതിനും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും Pneumatic impact wrench, Torque multiplier, Automatic Tyre changer, Heavy duty portable cutting machine, Hydraulic trolley jack, Hydraulic floor jack മുതലായ ആധുനിക ഉപകരണങ്ങൾ കൂടി വാങ്ങി നൽകുന്നതിനുള്ള ദർഘാസ് നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.

മെക്കാനിക്കൽ വിഭാഗത്തിൽ work norms പരിഷ്കരിച്ച് ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മ ഉറപ്പാക്കുന്നതിനും മനുഷ്യപ്രയത്നം കുറയ്ക്കുന്നതിനുമുള്ള നടപടികളുടെ ഭാഗമായി ഇതുസംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരള പ്രൊഡക്ടിവിറ്റി കൗൺസലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഫ്ലീറ്റ് യൂട്ടിലൈസേഷൻ നിലവിലുള്ളതിൽനിന്നും ദേശീയ ശരാശരിയിലേക്ക് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് മുന്നോടിയായി ജീവനക്കാരുടെ പൂർണ്ണമായ സഹകരണം ഉറപ്പുവരുത്തുന്നതിനുള്ള ശ്രമങ്ങൾ കൈക്കൊണ്ടിട്ടുണ്ട്.

സാമ്പത്തിക പുനഃക്രമീകരണത്തിന്റെ ഭാഗമായി ഇപ്പോൾ കൂടിയ പലിശനിരക്കിലും കുറഞ്ഞകാല തിരിച്ചടവിലും കെ.എസ്.ആർ.ടി.സി. എടുത്തിട്ടുള്ള വായ്പകൾ പൊതുമേഖലാ ബാങ്കുകളുടെ കൺസോർഷ്യത്തിലേക്ക് മാറ്റുവാനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതുപ്രകാരം കെ.എസ്.ആർടി.സി-ക്ക് വായ്പ തിരിച്ചടവിനത്തിൽ പ്രതിമാസം 45 കോടി രൂപ ലാഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) കെ.എസ്.ആർ.ടി.സി.-യിലെ ബസ് ജീവനക്കാരുടെ അനുപാതം ദേശീയ ശരാശരിയേക്കാൾ വളരെ കൂടുതലാണ്. ആയതിനാൽ ടി അനുപാതം ദേശീയ ശരാശരിക്കൊപ്പം എത്തിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. നിലവിലുള്ള ആരെയും പിരിച്ചുവിടാതെ ബസുകളുടെ എണ്ണം വർദ്ധിപ്പിച്ച് ഇത് തരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്.

(സി) ഇല്ല. എന്നാൽ കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ അനുപാതം ദേശീയ നിലവാരവുമായി താരതമ്യം ചെയ്ത് ക്രമവൽക്കരിച്ചുവരികയാണ്. ആയത് പൂർത്തിയാകുമ്പോൾ മാത്രമേ ഒഴിവുകൾ കൃത്യമായി കണക്കാക്കാനാകൂ.

## എ.സി., നോൺ എ.സി. ലോ ഫ്ലോർ ബസുകൾ

247 (1586) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ കീഴിൽ സർവ്വീസ് നടത്തുന്ന എ.സി., നോൺ എ.സി. ലോ ഫ്ലോർ ബസുകൾ ഏത് സ്കീം പ്രകാരമാണ് സർവ്വീസ് നടത്തുന്നത്; വ്യക്തമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി.-യുടെ തനത് ഫണ്ട് ഉപയോഗിച്ചാണോ ഈ സർവ്വീസുകൾ നടത്തുന്നത്; വിശദമാക്കുമോ ?

ഉത്തരം

(എ &ബി) കെ.യു.ആർ.ടി.സി.-യുടെ കീഴിലാണ് എ.സി, നോൺ എ.സി., ലോ ഫ്ലോർ ബസുകൾ സർവ്വീസ് നടത്തുന്നത്. ജൻറം സ്കീം പ്രകാരമാണ് സർവ്വീസ് നടത്തുന്നത്.

## പുതിയ ബസുകൾ

248 (1587) ശ്രീ. ഹൈബി ഈഡൻ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.സി. ബസുകൾ കടമായി വാങ്ങുന്നതിന് കെ.എസ്.ആർ.ടി.സി.യ്ക്ക് പദ്ധതിയുണ്ടോ; എങ്കിൽ എത്ര ബസുകളാണ് വാങ്ങുന്നതെന്നും അതിന്റെ തിരിച്ചടവ് എപ്രകാരമായിരിക്കുമെന്നും വ്യക്തമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി. എത്ര പുതിയ ബസുകൾ വാങ്ങി; ഇതിനായി എത്ര രൂപ ചെലവഴിച്ചു;

(സി) മുൻസർക്കാരിന്റെ ഭരണകാലത്ത് എത്ര ബസ് ഷാസികൾ വാങ്ങി; ഇതിനായി എന്ത് തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) എ.സി. ബസുകളുൾപ്പെടെ 900 ബസുകൾ വാങ്ങുന്നതിനുള്ള പദ്ധതി തയ്യാറാക്കി KIIFB ഫണ്ടിംഗ് ലഭ്യമാക്കുന്ന വിഷയം പരിശോധിച്ചുവരികയാണ്.

(ബി) ഈ സർക്കാരിന്റെ ഭരണകാലത്ത് കെ.എസ്.ആർ.ടി.സി. ഒരു സി.എൻ.ജി. ബസ് വാങ്ങിയിട്ടുണ്ട്. നികുതി അടക്കം 24,51,327 (ഇരുപത്തിനാല് ലക്ഷത്തി അമ്പത്തിയൊന്നായിരത്തി മുന്നൂറ്റി ഇരുപത്തിയേഴ്) രൂപയ്ക്കാണ് വിതരണ ഉത്തരവ് നൽകി വാങ്ങിയിട്ടുള്ളത്.

(സി) മുൻ സർക്കാരിന്റെ ഭരണ കാലത്ത് കെ.എസ്.ആർ.ടി.സി. 2500 ഷാസികൾ വാങ്ങിയിട്ടുണ്ട്. ഇതിനായി 269.9 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

## കെ.എസ്. ആർ.ടി.സി.-യുടെ നവീകരണം

249 (1588) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ നവീകരണത്തിന് ഏതൊക്കെ പുതിയ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) കെ.എസ്.ആർ.ടി.സി.-യുടെ 'മിന്നൽ' പോലുള്ള സർവ്വീസുകളിൽ നിന്നും പ്രതീക്ഷിച്ച വരുമാനം ലഭിക്കുന്നുണ്ടോ; കൂടുതൽ 'മിന്നൽ' സർവ്വീസുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

### ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് താഴെ ചേർത്തിരിക്കുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്:

സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച് 10,000 രൂപയിൽ താഴെ വരുമാനമുള്ള സർവ്വീസുകളെ പുനഃക്രമീകരിക്കുന്ന പദ്ധതി ഇതിനോടകംതന്നെ ആരംഭിച്ചിട്ടുണ്ട്.

1255 ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിച്ചിട്ടുണ്ട്. ഇത്തരം പുനരുദ്ധാരണ പദ്ധതിക്ക് ജീവനക്കാരുടെ ഭാഗത്തുനിന്നും മികച്ച പിന്തുണ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് പരാതിക്കിടയാക്കാത്ത വിധത്തിൽ തുല്യനീതി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുള്ളത്.

യാത്രക്കാരെ ആകർഷിക്കുന്നതിനും പൊതുജനങ്ങൾക്ക് പണരഹിത ഇടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെയും ഭാഗമായി ട്രാവൽ കാർഡ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

സർക്കാരിന്റെ സ്ത്രീ സുരക്ഷാ നയത്തിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ രണ്ട് പിങ്ക് ബസുകൾ ഇതിനോടകം തന്നെ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്.

സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും കെ.എസ്.ആർ.ടി.സി.-യും ചേർന്ന് സ്ക്വാഡ് രൂപീകരിക്കുകയും ആയത് ഫലപ്രദമായി പ്രവർത്തിച്ചതുമൂലം കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിച്ചിട്ടുമുണ്ട്.

ദീർഘദൂര യാത്രക്കാരെ കൂടുതലായി കെ.എസ്.ആർ.ടി.സി. ബസുകളിലേക്ക് ആകർഷിക്കുന്നതിലേക്കും യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിലേക്കുമായി പുതിയതരം പുഷ്ബാക്ക് സീറ്റോടുകൂടിയ എയർ എക്സ്പ്രസ്സ് ബസുകളും സൂപ്പർ ഡീലക്സ് എയർ ബസുകളും നിരത്തിലിറക്കിയിട്ടുണ്ട്.

സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് കുറഞ്ഞ സമയംകൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ മിന്നൽ സർവ്വീസുകളെന്ന പേരിൽ പുതിയ തരം സർവ്വീസുകൾ ഇതിനോടകംതന്നെ ആരംഭിച്ചിട്ടുണ്ട്.

കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരമുള്ള വിവിധ അന്തർ സംസ്ഥാന റൂട്ടുകളിലേക്കും പുതിയ സർവ്വീസുകളും പ്രത്യേക വാരാന്ത്യ അന്തർ സംസ്ഥാന സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്.

വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് കൂടുതൽ ചെയിൻ സർവ്വീസുകൾ വിവിധ മേഖലകളിൽ ആരംഭിച്ചിട്ടുണ്ട്.

പഴക്കം ചെന്ന സൂപ്പർ ക്ലാസ്സ് ബസുകൾ മാറ്റുന്നതിലേക്കും പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതിലേക്കുമായി 900 ബസുകൾ വാങ്ങുന്നതിനായി KIIFB ഫണ്ടിംഗ് ലഭ്യമാക്കുന്ന വിഷയം പരിശോധിച്ചുവരുകയാണ്.

മെക്കാനിക്കൽ ജീവനക്കാരുടെ സമയക്രമം, ബസുകൾ സർവ്വീസ് കഴിഞ്ഞു വരുന്ന സമയത്തിനനുസൃതമായി പുനഃക്രമീകരിച്ചതിലൂടെ ജോലി ചെയ്യുന്നതിന് വാഹനം ലഭിക്കാതെ ജീവനക്കാർ idle ചെയ്യുന്നത് ഒഴിവാക്കുന്നതിന് സാധിച്ചിട്ടുണ്ട്.

മെക്കാനിക്കൽ ജീവനക്കാരുടെ അദ്ധ്വാന ഭാരം കുറയ്ക്കുന്നതിനും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും Pneumatic impact wrench, Torque

multiplier, Automatic Tyre changer, Heavy duty portable cutting machine, Hydraulic trolley jack, Hydraulic floor jack മുതലായ ആധുനിക ഉപകരണങ്ങൾ കൂടി വാങ്ങി നൽകുന്നതിനുള്ള ദർഘാസ് നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.

മെക്കാനിക്കൽ വിഭാഗത്തിൽ work norms പരിഷ്കരിച്ച് ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മ ഉറപ്പാക്കുന്നതിനും മനുഷ്യപ്രയത്നം കുറയ്ക്കുന്നതിനുമുള്ള നടപടികളുടെ ഭാഗമായി ഇത് സംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരള പ്രൊഡക്റ്റിവിറ്റി കൗൺസലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഫ്ലീറ്റ് യൂട്ടിലൈസേഷൻ നിലവിലുള്ളതിൽനിന്നും ദേശീയ ശരാശരിയിലേക്ക് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് മുന്നോടിയായി ജീവനക്കാരുടെ പൂർണ്ണമായ സഹകരണം ഉറപ്പുവരുത്തുന്നതിനുള്ള ശ്രമങ്ങൾ കൈക്കൊണ്ടിട്ടുണ്ട്.

സാമ്പത്തിക പുനഃക്രമീകരണത്തിന്റെ ഭാഗമായി ഇപ്പോൾ കൂടിയ പലിശനിരക്കിലും കുറഞ്ഞകാല തിരിച്ചടവിലും കെ.എസ്.ആർ.ടി.സി. എടുത്തിട്ടുള്ള വായ്പകൾ പൊതുമേഖലാ ബാങ്കുകളുടെ കൺസോർഷ്യത്തിലേക്ക് മാറ്റുവാനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതുപ്രകാരം കെ.എസ്.ആർടി.സി-ക്ക് വായ്പ തിരിച്ചടവിനത്തിൽ പ്രതിമാസം 45 കോടി രൂപ ലാഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) കെ.എസ്.ആർ.ടി.സി.യുടെ മിന്നൽ സർവ്വീസുകളിൽ പ്രതീക്ഷിച്ച വരുമാനം ലഭിക്കുന്നുണ്ട്. കൂടുതൽ മിന്നൽ സർവ്വീസുകൾ ആരംഭിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

## മിന്നൽ സർവ്വീസ്

250 (1589) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. പുതുതായി ആരംഭിച്ച മിന്നൽ സർവ്വീസിന് കോട്ടയ്ക്കൽ കേന്ദ്രമാക്കി ഫെയർ സ്റ്റേജും സ്റ്റോപ്പും അനുവദിക്കുവാൻ വേണ്ട നിർദ്ദേശം നൽകുമോ;

(ബി) മലപ്പുറം ജില്ലയിലെ പ്രധാനകേന്ദ്രവും പാലക്കാട് ജില്ലയിലെ യാത്രക്കാർപോലും ആശ്രയിക്കുന്നതുമായ കോട്ടയ്ക്കലിൽ സ്റ്റോപ്പ് അനുവദിക്കുന്നകാര്യം അനുകൂലമായി പരിഗണിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) സ്റ്റോപ്പുകൾ പരിമിതപ്പെടുത്തി സമയ ക്ലിപ്തത പാലിച്ച് നടത്തേണ്ട സർവ്വീസുകളാണ് മിന്നൽ സർവ്വീസുകൾ എന്നതിനാൽ മലപ്പുറം ജില്ലയിലെ കോട്ടയ്ക്കലിൽ മിന്നൽ സർവ്വീസിന് സ്റ്റോപ്പ് അനുവദിക്കുന്ന കാര്യം അനുകൂലമായി പരിഗണിക്കുവാൻ സാധിക്കില്ല.

**കെ.എസ്. ആർ.ടി.സി.യുടെ പുനരുദ്ധാരണം**

251 (1590) ശ്രീമതി ഇ.എസ്.ബിജിമോൾ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീമതി സി.കെ. ആശ:
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണം സംബന്ധിച്ച പഠനത്തിനായി നിയോഗിച്ച സുശീൽഖന്ന കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്നറിയിക്കുമോ ?

ഉത്തരം

(എ&ബി) സുശീൽ ഖന്ന കമ്മിറ്റിയുടെ അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

എന്നാൽ കോർപ്പറേഷന്റെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് പ്രാഥമികമായ ചില ശിപാർശകൾ സമർപ്പിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക, മൂന്ന് മേഖലകളായി തിരിക്കുക. ഓരോ മേഖലകളുടെയും ചുമതല എം.ബി.എ. ഡിഗ്രി, പത്തുവർഷ പ്രവൃത്തി പരിചയം എന്നീ യോഗ്യതകളുള്ള ഓരോ എക്സിക്യൂട്ടീവ് ഡയറക്ടർമാരെ ഏൽപ്പിക്കുക. 15 വർഷത്തെ നേതൃത്വപാടവവും 10 വർഷം പ്രവൃത്തി പരിചയവുമുള്ള മൂന്ന് ജനറൽ മാനേജർമാരെ യഥാക്രമം ഐ.ടി., ഫിനാൻസ് ആന്റ് അഡ്മിനിസ്ട്രേഷൻ, ടെക്നിക്കൽ എന്നിവയുടെ ചുമതലയോടെ നിയമിക്കുന്നതിനും ഓഡിറ്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിനുമായി ഹെഡ് ഓഫീസിൽ രണ്ട് ചാർട്ടേഡ് അക്കൗണ്ടന്റുമാരെയും മേഖലാ ഓഫീസുകളിൽ ഓരോ അക്കൗണ്ട്സ് ഓഫീസർമാരെയും നിയമിക്കുക. വർക്ക്ഷോപ്പുകൾ ആധുനികവൽക്കരിക്കുക, വർക്ക്ഷോപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക, ബസ് ബോഡി നിർമ്മാണം,

ടയർ റീട്രെഡിംഗ്, എഞ്ചിൻ റീ-കണ്ടിഷനിംഗ്, വാഹന ഉപയോഗ നിരക്ക്, ഇന്ധന ഉപയോഗ ക്ഷമത (KM/L) എന്നിവ ദേശീയ ശരാശരിയിലേക്ക് എത്തിക്കുക, സർവ്വീസുകൾ കാര്യക്ഷമമായി നടത്തുക, ഷെഡ്യൂൾ പുനഃക്രമീകരണം, ഫ്ലക്സി ഫെയർ റേറ്റ് തുടങ്ങിയവ നടപ്പിലാക്കുക, പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനായി പെൻഷൻ ഫണ്ട് രൂപീകരിക്കുക, ജീവനക്കാരെ ശാസ്ത്രീയമായി വിന്യസിക്കുകയും ഡ്യൂട്ടി പാറ്റേൺ പരിഷ്കരിക്കുകയും ചെയ്യുക, ബസ്-സ്റ്റാഫ് അനുപാതം നിലവിലുള്ള 8.7-ൽ നിന്നും ദേശീയ ശരാശരിയായ 5.5 നേക്കാൾ മെച്ചപ്പെടുത്തി 5 എന്ന ലക്ഷ്യത്തിലെത്തിക്കുക, പുതിയ ഡ്യൂട്ടി പരിഷ്കരണം നടത്തുക തുടങ്ങിയ കാര്യങ്ങൾ പ്രൊഫ. സുശീൽ ഖന്നയുടെ കമ്മിറ്റിയുടെ പ്രാഥമിക നിർദ്ദേശങ്ങളിൽപ്പെടുന്നു.

(സി) വർക്ഷോപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ടയർ റീ-ട്രേഡിംഗ്, എഞ്ചിൻ റീകണ്ടിഷനിംഗ്, വാഹന ഉപയോഗ നിരക്ക്, ഇന്ധന ഉപയോഗക്ഷമത എന്നിവ ദേശീയ ശരാശരിയിലേക്ക് ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇന്ധന ഉപയോഗക്ഷമത ദേശീയ ശരാശരിയിലേക്ക് ഉയർത്തുന്നതിന് ജീവനക്കാർക്ക് പ്രചോദനം എന്ന നിലയിൽ ഇൻസെന്റീവ് നടപ്പിലാക്കുകയും ചെയ്തു. കൂടാതെ ശിപാർശകളുടെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ ശാസ്ത്രീയമായ വിന്യാസവും ബസ്-സ്റ്റാഫ് അനുപാതം ദേശീയ ശരാശരിയായ 5.5 ലേക്ക് എത്തിക്കുന്നതിന് ഉതകുന്ന രീതിയിൽ ക്രമീകരണങ്ങൾ നടത്തുകയും ഡ്യൂട്ടി പാറ്റേൺ പരിഷ്കരണം നടപ്പിൽ വരുത്തുകയും ചെയ്യുകയുണ്ടായി. സർവ്വീസ് ഓപ്പറേഷൻ കാര്യക്ഷമ മാക്കുന്നതിനായി വരുമാന വർദ്ധനവിനുതകുന്ന രീതിയിൽ ഷെഡ്യൂൾ ക്രമീകരണവും നടത്തിയിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ മാനേജ്മെന്റ് പ്രൊഫഷണലൈസ് ചെയ്യുന്നതിനായി IIM/ദേശീയതലത്തിൽ പ്രശസ്തിയുള്ള സ്ഥാപനങ്ങളിൽ പഠിച്ചതും സ്വകാര്യ മേഖലയിലെ വലിയ സ്ഥാപനങ്ങളിൽ പ്രവൃത്തി പരിചയമുള്ളവരുമായ 2 ജനറൽ മാനേജർ, 3 ഡെപ്യൂട്ടി ജനറൽ മാനേജർ, 5 ചാർട്ടേഡ്/കോസ്റ്റ് അക്കൗണ്ടന്റ് എന്നിവരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുവാനുള്ള നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു.

## കടബാദ്ധ്യതയില്ലാതാക്കുന്നതിന് കർമ്മ പരിപാടി

252 (1591) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ കടബാധ്യതയില്ലാതാക്കി ലാഭത്തിലാക്കുന്നതിന് വ്യക്തമായ കർമ്മ പരിപാടി രൂപപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) നൂതന മാനേജ്മെന്റ് സംവിധാനങ്ങൾ പ്രയോഗിച്ചുകൊണ്ട് കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കുന്നതിനും തൽസ്ഥിതി നിലനിർത്തികൊണ്ടുപോകുന്നതിനും സത്വര നടപടി സ്വീകരിയ്ക്കുമോ;

(സി) പെൻഷനും ശമ്പളവും മുടങ്ങാതെ കെ.എസ്.ആർ.ടി.സി.യെ ലാഭവിഹിതം നൽകാൻ കഴിയും വിധമുള്ള പൊതുമേഖലാ സ്ഥാപനമാക്കി മാറ്റുന്നതിന് സമയബന്ധിത കർമ്മപദ്ധതി രൂപീകരിക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണം ലക്ഷ്യമിട്ട് നിലവിൽ എടുത്തിട്ടുള്ള കുറഞ്ഞകാല തിരിച്ചടവ് ദൈർഘ്യമുള്ളതും പലിശ കൂടിയതുമായ വായ്പകൾ ബാങ്കുകളുടെ കൺസോർഷ്യത്തിലേക്ക് മാറ്റുന്നതിനായുള്ള ജോലികൾ പുരോഗമിച്ചുവരികയാണ്. ഇത് യാഥാർത്ഥ്യമാക്കുന്നതോടെ വായ്പ തിരിച്ചടവിനത്തിൽ 45 കോടി രൂപയോളം പ്രതിമാസം ലാഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ പ്രൊഫ. സുശീൽ ഖന്നയുടെ പഠന റിപ്പോർട്ട് പൂർണ്ണമായും നടപ്പിലാക്കാൻ കഴിയുന്നതോടെ വീണ്ടും കടമെടുത്ത് കടക്കെണിയിലായിരിക്കുന്ന ദുരവസ്ഥയിൽനിന്നും കെ.എസ്.ആർ.ടി.സി.യെ കരകയറ്റാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) നൂതന മാനേജ്മെന്റ് സംവിധാനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) ധനകാര്യ പുനഃസംഘടന യാഥാർത്ഥ്യമാകുന്നതോടെ ഇത്തരത്തിലുള്ള ഒരു സ്ഥാപനമാകുമെന്ന് പ്രതീക്ഷിക്കുന്നു.

**ജീവനക്കാരുടെ എണ്ണം കുറയ്ക്കണമെന്ന ശിപാർശ**

253 (1592) ശ്രീ. വി. ഡി. സതീശൻ:

ശ്രീ. അടൂർ പ്രകാശ്:

ശ്രീ. എ. പി. അനിൽ കുമാർ:

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ എണ്ണം കുറച്ച് ദേശീയ ശരാശരിയിലെത്തിച്ചാലേ നഷ്ടത്തിന്റെ തോത് കുറയ്ക്കാനാകൂ എന്ന് സുശീൽ ഖന്ന റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ശിപാർശയുടെ അടിസ്ഥാനത്തിൽ അഞ്ഞൂറോളം എംപാനൽ ജീവനക്കാരെ രണ്ട് ഘട്ടമായി പിരിച്ചുവിട്ടിട്ടുണ്ടോ;

(സി) നിലവിൽ കെ.എസ്.ആർ.ടി.സി.യിൽ ബസ്സൊന്നിന് എത്ര ജീവനക്കാരാണുള്ളത്; അത് എത്രയായി താഴ്ത്തണമെന്നാണ് സുശീൽ ഖന്ന റിപ്പോർട്ടിൽ ശിപാർശ നൽകിയിട്ടുള്ളത്;

(ഡി) ഈ ശിപാർശ പൂർണ്ണ തോതിൽ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതുമൂലം എത്ര ജീവനക്കാരെ ഒഴിവാക്കേണ്ടിവരുമെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ പ്രവർത്തിക്കുന്ന കെ.എസ്.ആർ.ടി.സി.-യെ പുനരുദ്ധരിക്കുന്നതിനായി റിട്ടയേർഡ് പ്രൊഫ. സുശീൽ ഖന്ന നിർദ്ദേശിച്ച ശിപാർശകളിൽ ഒന്നാണ് ജീവനക്കാരെ ശാസ്ത്രീയമായി വിന്യസിപ്പിക്കുകയും ഡ്യൂട്ടി പാറ്റേൺ പരിഷ്കരിക്കുകയും ചെയ്യുക എന്നത്. കൂടാതെ ബസ്-സ്റ്റാഫ് അനുപാതം ദേശീയ ശരാശരിയായ 5.5 നെക്കാൾ മെച്ചപ്പെടുത്തി 5 എന്ന ലക്ഷ്യത്തിൽ എത്തിക്കുന്നതിനും 16 മണിക്കൂറിന് 2 ഡ്യൂട്ടി നിർണ്ണയിക്കുന്ന തരത്തിലുള്ള ഡബിൾ ഡ്യൂട്ടി സമ്പ്രദായം നിർത്തലാക്കുന്നതിനും ശിപാർശ ചെയ്തിട്ടുണ്ട്.

(ബി) രണ്ട് ഘട്ടമായി ബസ് ബോഡി നിർമ്മാണത്തിനായി നിയോഗിച്ചിരുന്ന 400 എംപാനൽ ജീവനക്കാരെ ബസ് ബോഡി നിർമ്മാണം പൂർത്തിയായതിനെ തുടർന്ന് ജോലിയിൽനിന്നും മാറ്റിനിർത്തിയിട്ടുണ്ട്. ജോലിയുണ്ടെങ്കിൽ ഇപ്രകാരമുള്ളവരെ തുടർന്നും ജോലിക്ക് നിയോഗിക്കുന്നത് പരിഗണിക്കുന്നതാണ്.

(സി)ബസ്-സ്റ്റാഫ് അനുപാതം നിലവിലുള്ള 8.7-ൽ നിന്നും ദേശീയ ശരാശരിയായ 5.5-നെക്കാൾ മെച്ചപ്പെടുത്തി 5 എന്ന ലക്ഷ്യത്തിലെത്തിക്കണം എന്നാണ് പ്രൊഫ. സുശീൽ ഖന്ന ശിപാർശ ചെയ്തിട്ടുള്ളത്.

(ഡി) 1-4-2017-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കെ.എസ്.ആർ.ടി.സി.-യിലെ അംഗീകൃത രജിസ്റ്റേഡ് തൊഴിലാളികളും മാനേജുമെന്റ് പ്രതിനിധികളുമായി ചേർന്ന യോഗത്തിൽ പ്രൊഫ. സുശീൽ ഖന്ന സർക്കാരിലേക്ക് സമർപ്പിച്ച ശിപാർശകളിന്മേൽ ചർച്ച നടത്തുകയും കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽപ്പെട്ടുഴലുന്ന കെ.എസ്.ആർ.ടി.സി.യുടെ താൽക്കാലിക രക്ഷപ്പെടലെന്നതിലുപരി അന്തസ്സുറ്റ ഒരു സ്ഥാപനം എന്ന നിലയിലേക്ക് ഉയർത്തുന്നതിനായി ജീവനക്കാരുടെ പൂർണ്ണ പിന്തുണയോടുകൂടി ശിപാർശകളിന്മേൽ ആവശ്യമെങ്കിൽ തുടർ ചർച്ചകൾ നടത്തി നടപ്പിൽവരുത്തുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

## പെൻഷൻ വിതരണം

254 (1593) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ മൂന്ന് മാസമായി പെൻഷൻ വിതരണം മുടങ്ങിയിരിക്കുകയാണെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പെൻഷൻ കുടിശ്ശിക എന്ന് വിതരണം ചെയ്യാനാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും, ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധിമൂലമാണ് പെൻഷൻ മുടങ്ങിയിട്ടുള്ളത്.

(ബി) ധനകാര്യസ്ഥാപനങ്ങളിൽനിന്നും കുറഞ്ഞ പലിശയ്ക്കും ദൈർഘ്യം കൂടിയ കാലാവധിക്കുമുള്ള വായ്പ തരപ്പെടുത്തുവാൻ കെ.എസ്.ആർ.ടി.സി. ശ്രമിച്ചുവരുന്നു. ഇത് യാഥാർത്ഥ്യമാകുന്നതോടെ പെൻഷൻ കുടിശ്ശിക വിതരണം ചെയ്യുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## നഷ്ടം നികത്താൻ പദ്ധതികൾ

255 (1594) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി-യുടെ നഷ്ടം നികത്താൻ പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര കോടി രൂപയാണ് നാളിതുവരെ കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടമെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) 2012 മുതലുള്ള കഴിഞ്ഞ 5 വർഷത്തെ നഷ്ടത്തിന്റെ കണക്ക് സാമ്പത്തിക വർഷം തിരിച്ച് വിശദമാക്കുമോ;

(ഡി) കെ.എസ്.ആർ.ടി.സി.-യിൽ ആകെ എത്ര സ്ഥിരം ജീവനക്കാരുണ്ട്; ഇവരുടെ തസ്തിക , എണ്ണം എന്നിവ ജില്ല തിരിച്ച് വെളിപ്പെടുത്തുമോ;

(ഇ) ഇവർക്ക് ശമ്പളം, റ്റി.എ, ഡി.എ ,മറ്റ് ഇനങ്ങളിലായി വർഷം എത്ര കോടി രൂപാ ചെലവാകുന്നുണ്ടെന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(എഫ്) കെ.എസ്.ആർ.ടി.സി.-യിലെ താൽക്കാലിക ജീവനക്കാരുടെ എണ്ണം എത്രയാണ്; ജില്ല, തസ്തിക ,എണ്ണം എന്നിവ തിരിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) സാമ്പത്തിക പുനഃക്രമീകരണത്തിന്റെ ഭാഗമായി ഇപ്പോൾ കൂടിയ പലിശനിരക്കിലും കുറഞ്ഞകാല തിരിച്ചടവിലും കെ.എസ്.ആർ.ടി.സി. എടുത്തിട്ടുള്ള വായ്പകൾ പൊതുമേഖല ബാങ്കുകളുടെ കൺസോർഷ്യത്തിലേക്ക് മാറ്റുവാനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതു പ്രകാരം കെ.എസ്.ആർടി.സി-ക്ക് വായ്പാ തിരിച്ചടവിനത്തിൽ പ്രതിമാസം 45 കോടി രൂപ ലാഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി)ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 31-3-2017-ൽ അവസാനിച്ച വർഷത്തിലെ കെ.എസ്.ആർ.ടി.സി.യുടെ താൽക്കാലിക കണക്കനുസരിച്ച് നഷ്ടം 1770.61 കോടി രൂപയാകുന്നു.

<u>വരുമാനം</u>

| | | |
|---|---|---|
| ടിക്കറ്റ് വരുമാനം | - | 1827.45 കോടി രൂപ |
| ടിക്കറ്റിതര വരുമാനം | - | 33.66 കോടി രൂപ |
| ആകെ വരുമാനം | - | 1861.11 കോടി രൂപ |

<u>ചെലവുകൾ</u>

| | | |
|---|---|---|
| ശമ്പളവും അലവൻസുകളും | - | 1036.69 കോടി രൂപ |
| ഇന്ധനം | - | 895.45 കോടി രൂപ |
| മോട്ടോർ വാഹന നികുതി | - | 100.21 കോടി രൂപ |
| തേയ്മാന ചെലവുകൾ | - | 74.46 കോടി രൂപ |
| പെൻഷൻ | - | 658.22 കോടി രൂപ |
| പലിശ | - | 605.89 കോടി രൂപ |
| മറ്റു ചെലവുകൾ | - | 260.80 കോടി രൂപ |
| ആകെ ചെലവ് | - | 3631.72 കോടി രൂപ |

(സി) കെ.എസ്.ആർ.ടി.സി.-യുടെ ആഡിറ്റ് ചെയ്ത വാർഷിക കണക്കനുസരിച്ച്

| | | |
|---|---|---|
| 2012-13 ലെ നഷ്ടം | - | 508.22 കോടി രൂപ |
| സഞ്ചിത നഷ്ടം | - | 3025.90 കോടി രൂപ |
| 2013-14 ലെ നഷ്ടം | - | 583.90 കോടി രൂപ |
| സഞ്ചിത നഷ്ടം | - | 3609.79 കോടി രൂപ |
| 2014-15 ലെ ആഡിറ്റിന് വിധേയമാക്കിയിരിക്കുന്ന | | |
| കണക്ക പ്രകാരം നഷ്ടം | - | 1431.29 കോടി രൂപ |
| സഞ്ചിത നഷ്ടം | - | 5041.08 കോടി രൂപ |
| 2015-16 ലെ താൽക്കാലിക കണക്കനുസരിച്ച് | | |
| നഷ്ടം | - | 1219.87 കോടി രൂപ |
| സഞ്ചിത നഷ്ടം | - | 6260.95 കോടി രൂപ |
| 2016-17-ലെ താൽക്കാലിക കണക്കനുസരിച്ച് | | |
| നഷ്ടം | - | 1770.61 കോടി രൂപ |
| സഞ്ചിത നഷ്ടം | - | 8031.56 കോടി രൂപ |

(ഡി) കെ.എസ്.ആർ.ടി.സി.-യിൽ 34028 സ്ഥിരം ജീവനക്കാരുണ്ട്. ഇവരുടെ തസ്തിക, എണ്ണം എന്നിവ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം+ ആയി ചേർക്കുന്നു.

(ഇ) 31-3-2017-ൽ അവസാനിച്ച വർഷത്തിലെ കെ.എസ്.ആർ.ടി.സി.-യുടെ താൽക്കാലിക കണക്കനുസരിച്ച് ശമ്പളവും അലവൻസുകളും 1036.69 കോടി രൂപ ആകുന്നു.

(എഫ്) കെ.എസ്.ആർ.ടി.സി.യിൽ 8023 താൽക്കാലിക ജീവനക്കാരുണ്ട്. ഇവരുടെ തസ്തിക, എണ്ണം എന്നിവയുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം*ആയി ചേർക്കുന്നു.

---

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**സുരക്ഷിത യാത്ര**

256 (1595) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എതെങ്കിലും കെ.എസ്.ആർ.റ്റി.സി. ബസുകളിൽ അഗ്നിശമന ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് സ്ഥാപിച്ചിട്ടില്ലാത്തത് മൂലമുള്ള അപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അപകടങ്ങൾ ഒഴിവാക്കുന്നതിന് പ്രസ്തുത ബസുകളിൽ അഗ്നിശമന ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ ഏകദേശം എത്ര തുകയാണ് ഈയിനത്തിൽ ചെലവ് പ്രതീക്ഷിക്കുന്നത്;

(സി) സുരക്ഷിതമായ യാത്ര യാത്രക്കാർക്ക് പ്രദാനം ചെയ്യുന്നതിന് കെ.എസ്.ആർ.റ്റി.സി. മറ്റെന്തെങ്കിലും പരിഷ്കരണം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏന്തെല്ലാം?

ഉത്തരം

(എ) എല്ലാ കെ.എസ്.ആർ.ടി.സി. ബസുകളിലും മോട്ടോർ വാഹന നിയമം അനുശാസിക്കുന്ന തരത്തിലുള്ള അഗ്നിശമന ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഇത് സ്ഥാപിച്ചിട്ടില്ലാത്തതുമൂലമുള്ള അപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) എല്ലാ കെ.എസ്.ആർ.ടി.സി. ബസുകളിലും മോട്ടോർ വാഹന നിയമം അനുശാസിക്കുന്ന പ്രകാരം അഗ്നിശമന ഉപകരണങ്ങൾ നിർബന്ധമാണ്. ആയത് സ്ഥാപിച്ചിട്ടുണ്ട്. ഒരു ബസിൽ അഗ്നിശമന ഉപകരണങ്ങൾ ഘടിപ്പിക്കുന്നതിന് ശരാശരി 2,584 രൂപ പ്രാരംഭ ചെലവ് വരുന്നുണ്ട്.

(സി) കേന്ദ്ര-സംസ്ഥാന മോട്ടോർ വാഹന നിയമങ്ങൾ അനുശാസിക്കുന്ന പ്രകാരമാണ് കെ.എസ്.ആർ.ടി.സി. ബസുകളുടെ ബോഡി നിർമ്മിച്ചിരിക്കുന്നത്. കെ.എസ്.ആർ.ടി.സി. നിർമ്മിക്കുന്ന ബസുകൾക്ക് AIS 052 ബസ് ബോഡി കോഡു പ്രകാരമുള്ള അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതുപ്രകാരം അഗ്നി സുരക്ഷ (Fire retardant) നൽകുന്ന ഘടകങ്ങളും BIS അംഗീകരിച്ച സാധനങ്ങളും മാത്രമാണ് ബസ് നിർമ്മിക്കുവാൻ ഉപയോഗിക്കുന്നത്. കൂടാതെ, യാത്രക്കാർക്ക് സുരക്ഷിതയാത്ര പ്രദാനം ചെയ്യാൻ ഡ്രൈവർ നിയന്ത്രിത വാതിലുകളാണ് പുതിയ ബസുകളിൽ ഉപയോഗിച്ചിരിക്കുന്നത്. ബസുകളെ GPS സംവിധാനത്തിലൂടെ കേന്ദ്രീകൃതമായി ഏകോപിപ്പിക്കുന്ന സംവിധാനം അന്തിമഘട്ടത്തിലാണ്.

**ഒരു നിയോജകമണ്ഡലത്തിൽ ഒരു സ്മാർട്ട് ക്ലാസ്സ് റൂം പദ്ധതി**

257 (1596) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് സേഫ്റ്റി പദ്ധതിയുടെ ഭാഗമായുള്ള 'ഒരു നിയോജകമണ്ഡലത്തിൽ ഒരു സ്മാർട്ട് ക്ലാസ് റൂം' എന്ന പദ്ധതി നടപ്പിലാക്കുന്നുണ്ടോ; ഈ പദ്ധതി പ്രകാരം അരൂർ മണ്ഡലത്തിൽനിന്നും പോലീസ് വകുപ്പ് മുഖേന തയ്യാറാക്കിയ ലിസ്റ്റിൽ മണ്ഡലത്തിലെ ഏത് സ്കൂളിനെയാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് പ്രകാരമുള്ള നടപടികൾ എന്നു തുടങ്ങി എന്നത്തേക്ക് പൂർത്തീകരിക്കും എന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതി നടത്തിപ്പിനായി എന്ത് സംവിധാനമാണ് ഒരുക്കിയിട്ടുള്ളതെന്നും ഇതിനായി ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 18-1-2017-ൽ നടന്ന 32-ാമത് കേരള റോഡ് സുരക്ഷാ അതോറിറ്റി യോഗം സർക്കാർ സ്കൂളുകളിൽ ഇരുപത് പുതിയ സ്മാർട്ട് ട്രാഫിക്ക് ക്ലാസ്സ് റൂം നിർമ്മിക്കുന്നതിനായി 88 ലക്ഷം രൂപ പോലീസ് വകുപ്പിന് അനുവദിച്ചിട്ടുണ്ട്. പ്രോജക്റ്റ് നടപ്പിലാക്കുന്ന സ്കൂളുകൾ എം.എൽ.എ.-മാരുടെയും ജില്ലാ പഞ്ചായത്തിന്റെയും സഹായത്തോടെ തെരഞ്ഞെടുക്കുന്നതിന് പോലീസ് വകുപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്തു. എന്നാൽ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് റൂമുകൾ നടപ്പിലാക്കിവരുന്നുവെന്നും ഇവയെ സ്മാർട്ട് ട്രാഫിക് ക്ലാസ്സ് റൂം ആക്കുന്നതിന് അധികമായി തുക വേണ്ടിവരില്ലെന്നും വിദ്യാഭ്യാസ വകുപ്പ് അറിയിച്ചതിനെ തുടർന്ന് വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ വിദ്യാഭ്യാസ വകുപ്പുസെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി&സി) പുതുക്കിയ പ്രോജക്റ്റ് റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് അതോറിറ്റി അംഗീകാരത്തിനു വിധേയമായി പദ്ധതി തുടങ്ങുന്നതിനാവശ്യമായ അനുമതി നൽകാവുന്നതാണ്.

**റോഡ് സുരക്ഷാ ഫണ്ടിൽനിന്നുള്ള തുക**

258 (1597) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് അടിയന്തര ഘട്ടത്തിൽ റോഡ് സുരക്ഷാഫണ്ടിൽനിന്നും തുക അനുവദിക്കുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചെങ്ങന്നൂർ - പന്തളം കെ.എസ്.ടി.പി. റോഡിൽ തുടർച്ചയായി ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിന് റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് റോഡ് സുരക്ഷാ ഫണ്ടിൽ തുക അനുവദിക്കുന്നതിനായി ആലപ്പുഴ ആർ.ടി.ഒ. യിൽ നിന്നും 27-5-2017 ലെ G/1824/2017/A നമ്പർ ഫയലിൽ ട്രാൻസ്പോർട്ട് കമ്മീഷണറുടെ അംഗീകാരം വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഫണ്ട് അനുവദിക്കുന്നതിന് ട്രാൻസ്പോർട്ട് കമ്മീഷണർ എന്ന് അംഗീകാരം നൽകുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട പദ്ധതികളുടെ ശിപാർശകൾ ബന്ധപ്പെട്ട ജില്ലാ റോഡ് സുരക്ഷാ കൗൺസിൽവഴി റോഡ് സുരക്ഷാ അതോറിറ്റിയിലേക്ക് അയയ്ക്കുകയാണ് ചെയ്യാറുള്ളത്. ഇവ പരിശോധിക്കുന്നതിനായി ഒരു ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. ടെക്നിക്കൽ കമ്മിറ്റി ശിപാർശ ചെയ്യുന്ന പദ്ധതികൾക്ക് റോഡ് സുരക്ഷാ അതോറിറ്റി യോഗത്തിന്റെ അംഗീകാരത്തിന് വിധേയമായാണ് ഫണ്ട് അനുവദിക്കുന്നത്. 17-10-2014-ൽ നടന്ന 22-ാമത് അതോറിറ്റി യോഗം മുൻവർഷങ്ങളിൽ വകുപ്പുകൾക്കനുവദിച്ച തുകകളുടെ ധനവിനിയോഗപത്രം സമർപ്പിക്കുന്ന മുറയ്ക്കുമാത്രം പുതുതായി ഫണ്ട് അനുവദിച്ചാൽ മതിയെന്ന് തീരുമാനമെടുത്തിരുന്നു. എന്നിരുന്നാലും പദ്ധതികളുടെ സ്വഭാവം കണക്കിലെടുത്തു തുടർ ഫണ്ട് അനുവദിച്ചു നൽകാറുണ്ട്.

(ബി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ ആഞ്ഞിലിമൂട് ജംഗ്ഷനിൽ റോഡ് സുരക്ഷാ മാനദണ്ഡങ്ങൾ ഒരുക്കുന്നതിന് സമർപ്പിച്ച പ്രൊപ്പോസൽ ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ അംഗീകരിച്ച് റോഡ് സുരക്ഷാ അതോറിറ്റിക്ക് സമർപ്പിക്കാൻ തീരുമാനിച്ചതായുള്ള 16-3-2017-ലെ കൗൺസിൽ യോഗത്തിന്റെ മിനിട്സ് ആലപ്പുഴ ആർ.ടി.ഒ. നൽകിയിരുന്നുവെങ്കിലും ഇതിന്റെ എസ്റ്റിമേറ്റ് ഉള്ളടക്കം ചെയ്തിരുന്നില്ല. ആയതിനാൽ ടി പ്രവർത്തിക്കുള്ള എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർവഴി സമർപ്പിക്കാൻ ആവശ്യപ്പെട്ടതിനെ തുടർന്ന് 5-8-2017-ൽ ഇത് ലഭ്യമാക്കിയിട്ടുണ്ട്.

(സി) 2007-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്ടിന്റെ സെക്ഷൻ 13(ജി) അനുസരിച്ച് റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് ഫണ്ട് വിനിയോഗിക്കുന്നതിന് അതോറിറ്റിയുടെ അംഗീകാരം ആവശ്യമാണ്.

## കോന്നി ഡിപ്പോയുടെ നിർമ്മാണപ്രവർത്തനം

259 (1598) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ നിർമ്മാണപ്രവർത്തനം മുടങ്ങി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിലേയ്ക്ക് നാളിതുവരെ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദീകരിക്കുമോ;

(സി) എന്തുകൊണ്ടാണ് നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങികിടക്കുന്നത്; ആരുടെ ഭാഗത്തു നിന്നുള്ള വീഴ്ചമൂലമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ഡി) എം.എൽ.എ. ഫണ്ടിൽനിന്നും എത്ര രൂപയാണ് നാളിതുവരെ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? കൂടാതെ മറ്റ് ഏതെങ്കിലും ഫണ്ടിൽനിന്നും തുക അനുവദിച്ചിട്ടുണ്ടോ;

(ഇ) നാളിതുവരെ അനുവദിച്ചിട്ടുള്ള തുകയിൽ നിന്നും കരാറുകാർക്ക് എന്തു തുക നൽകിയെന്ന് വ്യക്തമാക്കുമോ ;

(എഫ്) എന്നത്തേക്ക് പണികൾ പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി &സി) 30-6-2017-ൽ പ്രവൃത്തി നിർത്തിവച്ചതിനെ സംബന്ധിച്ച് കരാറുകാരന് കത്ത് നൽകിയിട്ടുണ്ട്. അതിന് മറുപടിയായി 13-7-2017-ൽ കരാറുകാരൻ pending bill കിട്ടിയാൽ മാത്രമേ പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ എന്ന് അറിയിച്ചിട്ടുണ്ട്.

കരാറുകാരന് നൽകാനുള്ള മൂന്നാമത്തെ പാർട്ട് ബിൽ തുകയായ 51,10,178 രൂപ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) എം.എൽ.എ. ഫണ്ടിൽ നിന്നും 3 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതിൽ 1,15,58,494 രൂപ ബിൽ തുകയായി കരാറുകാരന് അനുവദിച്ചു നൽകിയിട്ടുണ്ട്. മറ്റ് ഫണ്ടിൽനിന്നും തുക അനുവദിച്ചിട്ടില്ല.

(ഇ)1st പാർട്ട് ബിൽ തുകയായി 73,19,120 രൂപയും 2nd ബിൽ തുകയായി 42,39,374 രൂപയും ഉൾപ്പെടെ ആകെ 1,15,58,494 രൂപ കരാറുകാരന് നൽകിയിട്ടുണ്ട്.

(എഫ്) കരാറുകാരന് മൂന്നാമത്തെ പാർട്ട് ബിൽ തുക ഉടനെ നൽകുമെന്നതിനാൽ നിർമ്മാണ പ്രവർത്തനം എത്രയുംവേഗം പൂർത്തിയാക്കാൻ കരാറുകാരനോട് ആവശ്യപ്പെടുന്നതാണ്.

**ബസ് സർവ്വീസുകൾ**

260 (1599) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇതുവരെ വാമനപുരം നിയോജക മണ്ഡലത്തിലെ വെഞ്ഞാറമൂട് , പാലോട് കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ പുതുതായി തുടങ്ങിയ ബസ്സ് സർവ്വീസുകൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) ഏതെങ്കിലും സർവ്വീസുകൾ നിർത്തലാക്കിയിട്ടുണ്ടോ ; എങ്കിൽ അവ ഏതൊക്കെയാണെന്നും എന്ത് കാരണത്താലാണെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇതുവരെ വാമനപുരം നിയോജകമണ്ഡലത്തിലെ വെഞ്ഞാറമൂട്, പാലോട് കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ നിന്നും പുതുതായി സർവ്വീസുകളൊന്നും ആരംഭിച്ചിട്ടില്ല.

(ബി) ഉണ്ട്. വെഞ്ഞാറമൂട് ഡിപ്പോയിലെ ഡ്യൂട്ടി നമ്പർ 25, 26, 29, 34 എന്നിവയും പാലോട് ഡിപ്പോയിലെ ഡ്യൂട്ടി നമ്പർ 31, 11, 29 എന്നിവയും ഒരു ജൻറം സർവ്വീസും ഉൾപ്പെടെ എട്ട് സർവ്വീസുകൾ താൽക്കാലികമായി നിർത്തലാക്കിയിട്ടുണ്ട്. ബസിന്റെ കുറവുകാരണം വളരെക്കാലമായി സർവ്വീസ് നടത്താതിരുന്ന ഷെഡ്യൂളുകളാണ് നിർത്തലാക്കിയത്.

## ഹൈടെക് പാർക്കിംഗ് സൗകര്യങ്ങൾ

261 (1600) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ഥല പരിമിതി കാരണം റോഡുകളിൽ അനുഭവപ്പെടുന്ന തടസ്സങ്ങൾ നീക്കുവാൻ ഹൈടെക് പാർക്കിംഗ് സൗകര്യങ്ങൾ നിർമ്മിക്കുന്നതിന് നടപടികൾ കൈക്കൊള്ളുമോ ;

(ബി) നേമം നിയോജകമണ്ഡലത്തിലെ പൂജപ്പുര, തിരുമല എന്നീ സ്ഥലങ്ങളിൽ അനുഭവപ്പെടുന്ന ഗതാഗതക്കുരുക്കിന് പരിഹാരം കാണുന്നതിനായി ഹൈടെക് പാർക്കിംഗ് സ്ഥലങ്ങൾ നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോ ; ഇതിനുവേണ്ട പഠനങ്ങൾ നടത്തുവാൻ തയ്യാറാകുമോ ?

ഉത്തരം

(എ&ബി) ഇക്കാര്യത്തിൽ പൊതുമരാമത്ത് വകുപ്പാണ് തിരുമാന മെടുക്കേണ്ടത്.

## ഗതാഗതക്കുരുക്ക്

262 (1601) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിലെ തിരുമല ജംഗ്ഷനിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി എന്തെങ്കിലും റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ;

(ബി) പ്രസ്തുത ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് ഫ്ലൈ ഓവർ നിർമ്മിക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) തിരുമല ജംഗ്ഷനിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നത് സംബന്ധിച്ച് റിപ്പോർട്ട് ഒന്നുംതന്നെ ഗതാഗത വകുപ്പിൽ ലഭ്യമായിട്ടില്ല.

(ബി) ഈ ഭാഗത്തെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിലേക്കായി ഫ്ലൈ ഓവർ നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പാണ് തീരുമാനമെടുക്കേണ്ടത്.

## റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്

263 (1602) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കോട്ടയ്ക്കലിൽ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് ആരംഭിക്കണമെന്ന നിവേദനത്തിൽ വകുപ്പ് നടത്തിയ പഠനം വിശദമാക്കുമോ;

(ബി) ഈ പഠനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) ആർ.ടി.ഒ. ഓഫീസ് ഉടൻ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) മലപ്പുറം ജില്ലയിലെ കോട്ടയ്ക്കലിൽ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് അനുവദിക്കുന്നതിനുള്ള ആലോചനകൾ വകുപ്പുതലത്തിൽ എടുത്തിട്ടില്ല.

## മൂന്നാർ സബ് ഡിപ്പോ

264 (1603) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിലെ പ്രധാന വിനോദ സഞ്ചാര കേന്ദ്രമായ മൂന്നാറിലെ കെ.എസ്.ആർ.ടി.സി. സബ്ഡിപ്പോ ആധുനികവത്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ)നിലവിൽ ഒരു പദ്ധതിയും വിഭാവനം ചെയ്തിട്ടില്ല.

(ബി) ആവശ്യമായ ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുവാൻ കഴിയുന്നതാണ്.

## വെള്ളറട ബസ് ഗ്യാരേജ് നവീകരണം

265 (1604) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ വെള്ളറട കെ.എസ്.ആർ.ടി.സി. ബസ് ഗ്യാരേജും അനുബന്ധ വർക്ക്ഷോപ്പും നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ;

(ബി) സ്പെയർപാർട്ട്സുകൾ യഥാസമയം ലഭിക്കാത്തതുമൂലം നിരവധി ബസുകൾ സഞ്ചാരയോഗ്യമല്ലാതിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ പ്രശ്നം അടിയന്തരമായി പരിഹരിച്ച് സ്പെയർ പാർട്സുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) വാഹനങ്ങൾ പരിശോധിക്കുന്നതിനുള്ള ഒരു ഇൻസ്പെക്ഷൻ പിറ്റ് നിർമ്മിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) ഉണ്ട്.

(സി) നടപടി സ്വീകരിക്കുന്നതാണ്.

**സുശീൽ ഖന്ന റിപ്പോർട്ട്**

266 (1605) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. ഹൈബി ഈഡൻ:
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച സുശീൽ ഖന്ന കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിന്മേൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിവരിക്കാമോ;

(ബി) റിപ്പോർട്ടിലെ ഏതെല്ലാം ശിപാർശകളാണ് അംഗീകരിച്ച് നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) റിപ്പോർട്ട് നടപ്പാക്കുന്നത് സംബന്ധിച്ച് കെ.എസ്.ആർ.ടി.സി.യിലെ വിവിധ യൂണിയനുകളുമായി ചർച്ച നടത്തിയിട്ടുണ്ടോ; യൂണിയനുകളുടെ പ്രതികരണം എന്തായിരുന്നുവെന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) സുശീൽ ഖന്ന കമ്മിറ്റിയുടെ അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല. പ്രൊഫ. സുശീൽ ഖന്നയുടെ പ്രാഥമിക ശിപാർശകളുമായി ബന്ധപ്പെട്ട് വർക്ക്ഷോപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് വർക്ക്ഷോപ്പുകൾ ആധുനികവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ടയർ റീ-ത്രെഡിംഗ്, എഞ്ചിൻ റീ കണ്ടീഷണിംഗ്, വാഹന ഉപയോഗ നിരക്ക്, ഇന്ധന ഉപയോഗക്ഷമത എന്നിവ ദേശീയ ശരാശരിയിലേക്ക് ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇന്ധന ഉപയോഗക്ഷമത, ദേശീയ ശരാശരിയിലേക്ക് ഉയർത്തുന്നതിന് ജീവനക്കാർക്ക് പ്രചോദനം എന്ന നിലയിൽ ഇൻസെന്റീവ് നടപ്പിലാക്കുകയും ചെയ്തു. കൂടാതെ ശിപാർശകളുടെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ ശാസ്ത്രീയമായ വിന്യാസവും ബസ്-സ്റ്റാഫ്

അനുപാതം ദേശീയ ശരാശരിയായ 5.5 ലേക്ക് എത്തിക്കുന്നതിന് ഉതകുന്ന രീതിയിലുള്ള ക്രമീകരണങ്ങളും നടത്തുകയും ഡ്യൂട്ടി പാറ്റേൺ പരിഷ്കരണം നടപ്പിൽ വരുത്തുകയും ചെയ്യുകയുണ്ടായി. സർവ്വീസ് ഓപ്പറേഷൻ കാര്യക്ഷമമാക്കുന്നതിനായി വരുമാന വർദ്ധനവിനുതകുന്ന രീതിയിൽ ഷെഡ്യൂൾ ക്രമീകരണവും നടത്തിയിട്ടുണ്ട്. പ്രൊഫ. സുശീൽ ഖന്നയുടെ ശിപാർശകളെ സംബന്ധിച്ച് ബഹു. മുഖ്യമന്ത്രി അംഗീകൃത/രജിസ്റ്റേർഡ് ട്രേഡ് യൂണിയനുകളുമായി ചർച്ച നടത്തുകയുണ്ടായി. ആയതിനെ തുടർന്ന് മെക്കാനിക്കൽ ജീവനക്കാരുടെ സമയക്രമം, ബസുകൾ സർവ്വീസ് കഴിഞ്ഞു വരുന്ന സമയത്തിനനുസൃതമായി പുനഃക്രമീകരിച്ചതിലൂടെ ജോലി ചെയ്യുന്നതിന് വാഹനം ലഭിക്കാതെ ജീവനക്കാർ idle ചെയ്യുന്നത് ഒഴിവാക്കുന്നതിന് സാധിച്ചിട്ടുണ്ട്. മെക്കാനിക്കൽ ജീവനക്കാരുടെ അദ്ധ്വാനഭാരം കുറയ്ക്കുന്നതിനും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും Pneumatic impact wrench, Torque multiplier, Automatic tyre changer, Heavy duty portable cutting machine, Hydraulic trolley jack, Hydraulic floor jack മുതലായ ആധുനിക ഉപകരണങ്ങൾ കൂടി വാങ്ങി നൽകുന്നതിനുള്ള ദർഘാസ് നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.

മെക്കാനിക്കൽ വിഭാഗത്തിൽ വർക്ക് നോംസ് പരിഷ്കരിച്ച് ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മ ഉറപ്പാക്കുന്നതിനും മനുഷ്യപ്രയത്നം കുറയ്ക്കുന്നതിനുമുള്ള നടപടികളുടെ ഭാഗമായി ഇതു സംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരള പ്രൊഡക്ടിവിറ്റി കൗൺസലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഫ്ളീറ്റ് യൂട്ടിലൈസേഷൻ നിലവിലുള്ളതിൽനിന്നും ദേശീയ ശരാശരിയിലേക്ക് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ മാനേജ്മെന്റ് പ്രൊഫഷണലൈസ് ചെയ്യുന്നതിനായി IIM/ദേശീയ തലത്തിൽ പ്രശസ്തിയുള്ള സ്ഥാപനങ്ങളിൽ പഠിച്ചതും സ്വകാര്യ മേഖലയിലെ വലിയ സ്ഥാപനങ്ങളിൽ പ്രവൃത്തി പരിചയമുള്ളവരുമായ 2 ജനറൽ മാനേജർ, 3 ഡെപ്യൂട്ടി ജനറൽ മാനേജർ, 5 ചാർട്ടേഡ്/കോസ്റ്റ് അക്കൗണ്ടന്റ് എന്നിവരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുവാനുള്ള നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു.

(സി) കെ.എസ്.ആർ.ടി.സി.-യിലെ അംഗീകൃത/രജിസ്റ്റേഡ് തൊഴിലാളി സംഘടനാ നേതാക്കളും മാനേജ്മെന്റ് പ്രതിനിധികളുമായി 1-4-2017-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും, പ്രൊഫ. സുശീൽ ഖന്ന സർക്കാരിലേക്ക് സമർപ്പിച്ച ശിപാർശകളിന്മേൽ ചർച്ച നടത്തുകയും ചെയ്തിട്ടുണ്ട്. യൂണിയൻ നേതാക്കൾ ശിപാർശകളോട് പൊതുവായി അനുകൂലമായി

പ്രതികരിച്ചു. സ്റ്റാഫ് പാറ്റേൺ പരിഷ്കരണം, ബോഡി ബിൽഡിംഗ് യൂണിറ്റുകളുടെ പ്രവർത്തനം, ജോലി ഭാരത്തിലുണ്ടാകുന്ന വർദ്ധനവ് എന്നിവയിൽ ജീവനക്കാരുടെ ആശങ്കകൾ പരിഹരിച്ചുകൊണ്ട് ശിപാർശകൾ പരിശോധിക്കണമെന്നും റിപ്പോർട്ടിലെ ശിപാർശകൾ പൂർണ്ണമായും ലഭ്യമാക്കി തുടർ ചർച്ചകൾക്കുശേഷം നടപ്പിലാക്കണമെന്നും കെ.എസ്.ആർ.ടി.സി.-യെ രക്ഷിക്കുന്നതിനുള്ള നടപടികളിൽ സംതൃപ്തമായ സേവന വേതന കരാറിനു വിധേയമായി സഹകരിക്കുമെന്നും തൊഴിലാളി സംഘടനാ നേതാക്കൾ യോഗത്തിൽ അറിയിച്ചു.

**വോൾവോ ബസുകൾ**

267 (1606) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-ക്ക് എത്ര വോൾവോ ബസുകളാണുള്ളത്; ഇവയുടെ ഡിപ്പോ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) വോൾവോ ബസുകളുടെ അറ്റകുറ്റപ്പണിക്ക് ഇപ്പോൾ എന്തു സംവിധാനമാണ് ഉള്ളത്; കേന്ദ്രീകൃതമായി ഇതിന്റെ അറ്റകുറ്റപ്പണി ഏതെങ്കിലും കമ്പനിക്ക് നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതു കമ്പനിക്ക് ;

(സി) ഈ കമ്പനിയെ തെരഞ്ഞെടുത്തത് ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ്; ഇതു സംബന്ധിച്ച് കമ്പനിയുമായി ഏതെങ്കിലും കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കരാറിന്റെ പകർപ്പ് ലഭ്യമാക്കാമോ; കെ.എസ്.ആർ.ടി.സി.-യുടെ ഡയറക്ടർ ബോർഡ് ഇതിന് അംഗീകാരം നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) എന്നു മുതലാണ് കരാർ പ്രാബല്യത്തിലായിട്ടുള്ളത്; ഇതിനോടകം എത്ര ബസുകളുടെ അറ്റകുറ്റപ്പണിയാണ് കമ്പനി നടത്തിയിട്ടുള്ളത്; എത്ര രൂപ ഈ ഇനത്തിൽ കമ്പനിക്ക് ഇതിനോടകം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഏതൊക്കെ ഡിപ്പോകളിലെ ബസുകൾക്ക് എത്ര രൂപവീതമാണ് ഈ ഇനത്തിൽ ചെലവാക്കിയിട്ടുള്ളത് എന്ന് ഇനംതിരിച്ച് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർടി.സി.-ക്ക് നിലവിൽ 12 ബസുകളും കെ.യു.ആർ.ടി.സി.-യുടെ കീഴിൽ 190 ബസുകളുമാണുള്ളത്.

കെ.എസ്.ആർ.ടി.സി.-യുടെ വോൾവോ എ.സി.ബസുകൾ അനുവദിച്ചിട്ടുള്ള ഡിപ്പോകൾ

| | | |
|---|---|---|
| ആലപ്പുഴ | - | 1 |
| എറണാകുളം | - | 2 |
| കോട്ടയം | - | 2 |
| കോഴിക്കോട് | - | 1 |
| തിരുവനന്തപുരം സെൻട്രൽ | - | 6 |

കെ.യു.ആർ.ടി.സിയുടെ വോൾവോ എ.സി.ബസുകൾ അനുവദിച്ചിട്ടുള്ള ഡിപ്പോകൾ

| | | |
|---|---|---|
| മലപ്പുറം | - | 8 |
| കോഴിക്കോട് | - | 13 |
| കൽപ്പറ്റ | - | 6 |
| പത്തനംതിട്ട | - | 7 |
| കോട്ടയം | - | 10 |
| തൊടുപുഴ | - | 8 |
| തൃശ്ശൂർ | - | 12 |
| പാലക്കാട് | - | 10 |
| കൊല്ലം | - | 13 |
| ആലപ്പുഴ | - | 13 |
| തിരുവനന്തപുരം (ഈഞ്ചക്കൽ) | - | 39 |
| എറണാകുളം (തേവര) | - | 51 |

(ബി) എ.സി. വോൾവോ ലോ ഫ്ലോർ ബസുകളുടെ പരിപാലനം വോൾവോ കമ്പനിയുടെ അംഗീകൃത ഡീലറായ M/s. Vista Driveline Motors - ൽനിന്നും നിയോഗിക്കപ്പെട്ട വിദഗ്ധരായ സൂപ്പർവൈസർമാരുടെ മേൽനോട്ടത്തിൽ കെ.എസ്.ആർ.ടി.സിയുടെ മെക്കാനിക്കുകളാണ് നിർവ്വഹിച്ചുവരുന്നത്. കൂടുതൽ സങ്കീർണ്ണമായ റിപ്പയറുകൾ പ്രസ്തുത സ്ഥാപനത്തിന്റെ ആലപ്പുഴ ജില്ലയിലുള്ള വർക് ഷോപ്പിലാണ് നിർവ്വഹിക്കുന്നത്. അറ്റകുറ്റപ്പണികൾക്കായുള്ള സ്പെയർ പാർട്സുകളും ഈ കമ്പനിയിൽ നിന്നുതന്നെയാണ് വാങ്ങുന്നത്.

(സി) വോൾവോ ബസുകളുടെ നിർമ്മാതാവായ M/s. Volvo Buses India Pvt. Ltd. എന്ന കമ്പനിയുടെ കേരളത്തിലെ ഏക അംഗീകൃത ഡീലർ എന്ന നിലയിലാണ് ഈ കമ്പനിയെ തെരഞ്ഞെടുത്ത്. കെ.യു.ആർ.ടി.സി.യുടെ ഡയറക്ടർ ബോർഡ് ഇതിന് അംഗീകാരം നൽകിയിട്ടുണ്ട്.

(ഡി) ഒന്നാംഘട്ട ജൻറം പദ്ധതി വോൾവോ ബസുകളെ സംബന്ധമായ കരാർ 2009 മുതൽ പ്രാബല്യത്തിൽ വരികയും രണ്ടാംഘട്ട ജൻറം പദ്ധതി വോൾവോ ബസുകൾ ലഭിച്ചപ്പോൾ 1-10-2015 മുതൽ പുതിയ കരാർ പ്രാബല്യത്തിൽ വരികയും ചെയ്തു. ഇതിന് 24 മാസം കാലാവധി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ഒന്നാംഘട്ട ജൻറം പദ്ധതിയിൽ ലഭിച്ച 80 വോൾവോ ബസുകളും രണ്ടാംഘട്ട ജൻറം പദ്ധതിയിൽ ലഭിച്ച 110 വോൾവോ ബസുകളുമാണ് കമ്പനി ഇതിനോടകം അറ്റകുറ്റപ്പണികൾ നടത്തിയിട്ടുള്ളത്. (ഈ രണ്ടു ഘട്ടങ്ങളിലായി ലഭിച്ച 190 ബസുകൾ വിവിധ സമയങ്ങളിലായി 2068 തവണ കമ്പനിയിൽ അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ട്.) 11,40,48,206 രൂപ (രൂപ പതിനൊന്നു കോടി നാൽപ്പതു ലക്ഷത്തി നാൽപ്പത്തിയെണ്ണായിരത്തി ഇരുന്നൂറ്റി ആറ് രൂപ മാത്രം)അറ്റകുറ്റപ്പണികൾക്കായി കെ.എസ്.ആർ.ടി.സി കമ്പനിക്ക് നൽകിയിട്ടുണ്ട്.

| | | |
|---|---|---|
| എറണാകുളം | - | 49043138 |
| തിരുവനന്തപുരം സിറ്റി | - | 25398436 |
| തിരുവനന്തപുരം സെൻട്രൽ | - | 19699775 |
| തൊടുപുഴ | - | 1702332 |
| പാലക്കാട് | - | 987871 |
| കോട്ടയം | - | 1811968 |
| കൊല്ലം | - | 2165341 |
| തൃശ്ശൂർ | - | 1417981 |
| പത്തനംതിട്ട | - | 2202163 |
| മലപ്പുറം | - | 511761 |
| കൽപ്പറ്റ | - | 1147744 |
| കോഴിക്കോട് | - | 1583910 |
| ആലപ്പുഴ | - | 6375786 |

## അന്തർ സംസ്ഥാന സർവ്വീസുകൾ

268 (1607) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർ സംസ്ഥാന സർവ്വീസുകൾക്ക് യോജിച്ച 750 ഹൈടെക് ബസുകൾ കെ .എസ്.ആർ.ടി.സി. ഉടനെ വാങ്ങുന്നുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) ഈ ബസുകൾക്ക് ഓരോന്നിനും ചെലവാകുന്ന തുക എത്ര;ആദ്യ ഘട്ടം എത്ര ബസുകൾ വാങ്ങുവാനാണ് ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത ബസുകൾ നിരത്തിൽ ഇറങ്ങുമ്പോൾ എല്ലാ എം.എൽ.എ മാർക്കും, നിയോജക മണ്ഡലത്തിന്റെയും ബസ് സർവ്വീസുകളുടെയും പ്രധാന്യം മനസ്സിലാക്കി ബസുകൾ അലോട്ട് ചെയ്യുവാൻ നടപടി സ്വീകരിയ്ക്കുമോ ?

### ഉത്തരം

(എ) അന്തർ സംസ്ഥാന സർവ്വീസുകൾക്ക് ഉൾപ്പെടെ 900 ബസുകൾ വാങ്ങുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) പരിശോധന പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ വിവരം ലഭ്യമാകുകയുള്ളൂ.

(സി) പ്രസ്തുത ബസുകൾ കെ.എസ്.ആർടി.സി-ക്ക് നഷ്ടമുണ്ടാകാത്ത വിധത്തിലും ഫീസിബിലിറ്റി റിപ്പോർട്ടിനെ ആശ്രയിച്ചും മാത്രമാണ് അലോട്ട് ചെയ്യുന്നത്.

## സ്വകാര്യ ലക്ഷ്വറി ബസുകൾ

269 (1608) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിന്നും ദിവസേന അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തുന്ന സ്വകാര്യ ലക്ഷ്വറി ബസ്സുകളുടെ കണക്ക് മോട്ടോർ വാഹന വകുപ്പ് സൂക്ഷിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത ബസുകൾ യഥാസമയം സർക്കാരിലേക്ക് നികുതിയും മറ്റും നൽകിയാണോ സർവ്വീസുകൾ നടത്തുന്നത്;

(സി) നികുതി നൽകുന്നതിൽ വീഴ്ചവരുത്തുന്ന പ്രസ്തുത ബസുകൾക്കെതിരെ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഇത്തരം വാഹനങ്ങളുടെ കൃത്യമായ കണക്കുകൾ സൂക്ഷിച്ചിട്ടില്ല. എങ്കിലും ഏകദേശം 161 സ്വകാര്യ ലക്ഷ്വറി ബസുകളാണ് അന്തർസംസ്ഥാന സർവ്വീസ് നടത്തുന്നത്.

(ബി) അതെ.

(സി) നികുതി ഒടുക്കാത്ത വാഹനങ്ങളൊന്നുംതന്നെ മോട്ടോർ വാഹന ചെക്ക് പോസ്റ്റുവഴി സർവ്വീസ് നടത്തുവാൻ അനുവദിക്കാറില്ല. ആയതിനാൽ ഇത്തരത്തിലുള്ള നിയമലംഘനം നടത്തുന്നതിന് ഈ വാഹനങ്ങൾക്ക് കഴിയുകയില്ല.

**സ്കൂൾ ബസുകളുടെ സുരക്ഷ**

270 (1609) <u>ശ്രീ. സി. ദിവാകരൻ:</u>
<u>ശ്രീമതി ഇ.എസ്.ബിജിമോൾ:</u>
<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:</u>
<u>ശ്രീമതി സി. കെ. ആശ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ ബസ് സർവ്വീസുകൾ അപകടരഹിതമായി നടത്തുന്നതിന് എന്തൊക്കെ മാർഗ്ഗനിർദ്ദേശങ്ങളാണ് പുറപ്പെടുവിച്ചിട്ടുള്ളത്;

(ബി) കുട്ടികളുടെ സുരക്ഷിത യാത്ര മുൻനിർത്തി പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടോയെന്ന് പരിശോധന നടത്താറുണ്ടോ;

(സി) സ്കൂൾ വാഹനങ്ങളുടെ ട്രിപ്പ്ഷീറ്റ് ഗതാഗത വകുപ്പിന് നല്കാറുണ്ടോ; വ്യക്തമാക്കുമോ;

(ഡി) സ്കൂളിലേക്ക് കുട്ടികളെ എത്തിക്കുന്ന സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വിദ്യാർത്ഥികളെ കൊണ്ടുപോകുന്ന വാഹനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള കർശന നിർദ്ദേശങ്ങൾ എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും നൽകിയിട്ടുള്ളതാണ്. സ്കൂൾ ബസുകൾ അല്ലാത്ത വാഹനങ്ങളിൽ കുട്ടികളെ കയറ്റിക്കൊണ്ടു പോകുകയാണെങ്കിൽ "ഓൺ സ്കൂൾ ഡ്യൂട്ടി" ബോർഡ്

പ്രദർശിപ്പിച്ചിട്ടുണ്ടോയെന്നും അമിതമായി കുട്ടികളെ കുത്തിനിറയ്ക്കുന്നുണ്ടോയെന്നും പ്രത്യേകം പരിശോധിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. മുച്ചക്ര വാഹനങ്ങളിൽ അമിതമായി കുട്ടികളെ കയറ്റുന്നത് തടയാനും നിലവിലുള്ള ചട്ടങ്ങൾക്ക് വിരുദ്ധമായി സുരക്ഷാ മാനദണ്ഡങ്ങളില്ലാതെ കുട്ടികളെ കയറ്റിക്കൊണ്ടു പോകുന്ന വാഹനങ്ങളുടെ പെർമിറ്റ് റദ്ദാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. മാത്രമല്ല, അധ്യയന വർഷത്തോടനുബന്ധിച്ച് വിദ്യാർത്ഥികളെ കൊണ്ടുപോകുന്ന വാഹനങ്ങളുടെ സുരക്ഷ ഉറപ്പാക്കുവാൻ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ വകുപ്പ് എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും നൽകിയിട്ടുണ്ട്:

1. എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും/ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും തങ്ങളുടെ അധികാര പരിധിയിൽ വരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടെ സുരക്ഷിത യാത്രയ്ക്കായി ഒരു അദ്ധ്യാപകനെ നോഡൽ ഓഫീസറായി നിയമിക്കുവാൻവേണ്ട നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്കൂൾ അധികാരികൾക്ക് നൽകേണ്ടതാണ്.

2. ടി വാഹനങ്ങളിൽ സഞ്ചരിക്കുന്ന എല്ലാ വിദ്യാർത്ഥികളുടെയും പേര്, വിലാസം, രക്ഷാകർത്താവിനെ സംബന്ധിച്ച വിവരങ്ങൾ, സമ്പർക്ക നമ്പർ ഉൾപ്പെടെ ക്രോഡീകരിച്ച് പട്ടിക രൂപത്തിൽ ലാമിനേറ്റ് ചെയ്ത് വാഹനത്തിലും സ്കൂളിലും സൂക്ഷിക്കുവാൻ നിർദ്ദേശിക്കേണ്ടതാണ്.

3. സ്കൂൾ വാഹനങ്ങളുടെ സുരക്ഷ സംബന്ധിച്ച അവബോധന ക്ലാസ്സുകൾ പരമാവധി സ്കൂളുകളിൽ സംഘടിപ്പിക്കുക.

4. അനുവദനീയമായതിലും അധികമായി കുട്ടികളെ കുത്തിനിറച്ച് കൊണ്ടുപോകുന്ന സ്കൂൾ വാഹനങ്ങൾക്കെതിരെയും ഓട്ടോറിക്ഷ തുടങ്ങിയ ഇതര വാഹനങ്ങൾക്കെതിരെയും തുടക്കത്തിൽതന്നെ കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്.

5. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വാഹനങ്ങൾ ഓടിക്കുന്ന ഡ്രൈവർമാർക്ക് നിർദ്ദിഷ്ട യോഗ്യതയും പരിചയവും ഉണ്ടെന്നത് സംബന്ധിച്ച പരിശോധനകൾ നടത്തുക. മറ്റ് അയോഗ്യതകൾ ഇല്ല എന്നും ഉറപ്പു വരുത്തേണ്ടതാണ്.

6. സ്വകാര്യ വാഹനങ്ങൾ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ വാഹനമായി ഉപയോഗിക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്. ആയതിലേക്കായി സ്കൂൾ പരിസരത്തുതന്നെ ആവശ്യമായ പരിശോധനകൾ നടത്തേണ്ടതാണ്.

7. വിദ്യാർത്ഥികളെ കൊണ്ടുപോകുന്ന സ്കൂൾ വാഹനങ്ങളിൽ സ്പീഡ് ഗവേർണർ, എമർജൻസി എക്സിറ്റ്, അഗ്നി ശമന ഉപകരണങ്ങൾ എന്നിവ പ്രവർത്തനക്ഷമമാണ് എന്ന് ഉറപ്പുവരുത്തുക.

8. സ്കൂൾ ബസുകളിൽ നിർബന്ധമായും ഡോർ അറ്റന്റഡന്റ് ഉണ്ട് എന്ന് ഉറപ്പാക്കേണ്ടതാണ്.

(ബി) ഉണ്ട്.

(സി) ഇത്തരത്തിലുള്ള ഒരു നടപടിയും ഇതുവരെ സ്വീകരിച്ചിട്ടില്ല.

(ഡി) സ്കൂൾ വാഹനങ്ങളല്ലാത്ത മറ്റ് വാഹനങ്ങളിൽ സ്കൂൾ കുട്ടികളെ കൊണ്ടുപോകുന്നതിന് താഴെപ്പറയുന്ന നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്:

സ്കൂൾ ബസുകളല്ലാത്ത വാഹനങ്ങളിൽ കുട്ടികളെ കയറ്റിക്കൊണ്ട് പോകുകയാണെങ്കിൽ "On School Duty" എന്ന ബോർഡ് പ്രദർശിപ്പിച്ചിരിക്കണം. ചട്ടങ്ങൾക്ക് വിരുദ്ധമായി സുരക്ഷാ മാനദണ്ഡങ്ങളില്ലാതെ കുട്ടികളെ കയറ്റിക്കൊണ്ടു പോകുന്ന വാഹനങ്ങളുടെ പെർമിറ്റ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

### ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സ്

271 (1610) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം ഏതു ഘട്ടത്തിലാണ്; വിശദീകരിക്കാമോ;

(ബി) നിർമ്മാണം എന്നത്തേക്ക് പൂർത്തികരിക്കുവാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ;

(സി) കോംപ്ലക്സിലെ എത്ര റൂമുകൾ ലേലം ചെയ്തുവെന്നും അഡ്വാൻസായി എത്ര തുക ലഭിച്ചെന്നും വിശദമാക്കാമോ;

(ഡി) അടുത്ത ഘട്ടത്തിൽ ടെർമിനലിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) സിവിൽ സ്ട്രക്ച്ചറൽ ജോലികൾ പൂർത്തീകരിച്ചുവരുന്നു.

(ബി) സിവിൽ ജോലികൾ പൂർത്തീകരിക്കുന്നതിനോടൊപ്പംതന്നെ Electrical, Fire Fighting, Sewage Treatment Plant എന്നിവയുടെ ജോലികൾ നടത്തേണ്ടതുണ്ട്. ആയതിനുള്ള എസ്റ്റിമേറ്റ് സമർപ്പിക്കാൻ ആർക്കിടെക്റ്റിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ലഭ്യമാകുന്ന മുറയ്ക്ക് ഇ-ടണ്ടർ വിളിച്ച് ഏകദേശം ഒരു വർഷത്തിനുള്ളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) മലപ്പുറം കെ.എസ്.ആർ.ടി.സി. വാണിജ്യ സമുച്ചയത്തിന്റെ ലേലം/ടെണ്ടർ നടപടികൾ 11-7-2017-ൽ നടത്തപ്പെട്ടു.

4 മുറികൾക്കായി 10 അപേക്ഷകൾ ലഭിച്ചുവെങ്കിലും കെ.എസ്.ആർ.ടി.സി. നിശ്ചയിച്ച പലിശരഹിത നിക്ഷേപ തുക നൽകി കടമുറി സ്വന്തമാക്കാൻ ആരുംതന്നെ തയ്യാറായില്ല.

(ഡി) പ്രസ്തുത ടെർമിനലിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ച് അതിന്റെ commercial viability കണക്കാക്കിയതിനുശേഷം മാത്രമേ അടുത്ത ഘട്ടത്തെക്കുറിച്ച് ആലോചിക്കാൻ കഴിയൂ.

**ബസ് സ്റ്റേഷൻ നവീകരണം**

272(1611) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ കെട്ടിടങ്ങൾ കാലപ്പഴക്കത്താൽ ജീർണ്ണാവസ്ഥയിലാണെന്നും ചുറ്റുമതിലുകൾ തകർന്ന നിലയിലാണന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഡിപ്പോയിലെ കെട്ടിടങ്ങൾ പൊളിച്ചുമാറ്റി അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ഒരു ബസ് ടെർമിനൽ നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കാലപ്പഴക്കം ഉണ്ടായിട്ടുള്ള ചില കെട്ടിടങ്ങൾ മെയിന്റനൻസ് നടത്തിയിട്ടുണ്ട്. മറ്റുള്ളവ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പൂർത്തിയാക്കാൻ ശ്രമിക്കുന്നതാണ്.

(ബി) കെ.എസ്.ആർ.ടി.സി. കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽക്കൂടി കടന്നുപോകുന്നതുകൊണ്ട് അത്യാധുനിക രീതിയിലുള്ള ഒരു ഷോപ്പിംഗ് കോംപ്ലക്സ് തനതു ഫണ്ടിനാൽ നിർമ്മിക്കുക അസാദ്ധ്യമാണ്. കെ.എസ്.ആർ.ടി.സി. പിൻതുടരുന്ന തരത്തിൽ വാണിജ്യാവശ്യങ്ങൾക്കുള്ള സ്ഥലത്തിന്മേൽ പലിശരഹിത നിക്ഷേപം സ്വീകരിച്ചുകൊണ്ട് ഒരു പദ്ധതി കായംകുളത്ത് നടപ്പിലാക്കുന്ന കാര്യം പരിഗണിക്കണമെങ്കിൽ കെ.എസ്.ആർടി.സി-ക്ക് പലിശ രഹിത നിക്ഷേപം ലഭിക്കുന്ന ഘട്ടം വരെയുള്ള ജോലികൾ പൂർത്തീകരിക്കുന്നതിനായി മുടക്കുവാനുള്ള സാമ്പത്തികം കോർപ്പറേഷന്റെ പക്കലില്ല. ആയതിലേക്ക് എം.പി./എം.എൽ.എ. യുടെ വികസന ഫണ്ടിൽനിന്നും ആവശ്യമായ തുക ലഭിക്കുമെങ്കിലോ അല്ലാത്തപക്ഷം കെ.എസ്.ആർ.ടി.സിയുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്കോ സാദ്ധ്യതാപഠനം നടത്തിയശേഷം പരിഗണിക്കുന്നതാണ്.

## കോതമംഗലം ഡിപ്പോ

273 (1612) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം ഡിപ്പോയിൽ നിന്നും നിലവിൽ എത്ര കെ.എസ്.ആർ.ടി.സി. ബസുകൾ സർവ്വീസ് നടത്തുന്നുണ്ട്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രസ്തുത ഡിപ്പോയിലേക്ക് എത്ര ബസുകൾ പുതുതായി അനുവദിച്ചിട്ടുണ്ട്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കോതമംഗലം മണ്ഡലത്തിൽ എത്ര ബസ് റൂട്ടുകൾ നിർത്തലാക്കിയെന്നും എത്ര പുതിയ ബസ് റൂട്ടുകൾ ആരംഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഡിപ്പോയിലേക്ക് പുതിയ ബസുകൾ അനുവദിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) കോതമംഗലം ഡിപ്പോക്ക് 13 ജൻറം ബസുകൾ ഉൾപ്പെടെ 60 ബസുകൾ നിലവിലുണ്ട്. കൂടാതെ 4 ബസുകൾ കട്ടപ്പന ഡിപ്പോയിൽനിന്നും താൽക്കാലിക മായെടുത്ത് സർവ്വീസ് നടത്തുന്നുണ്ട്.

2 ജൻറം ബസുകൾ സ്പെയർ ആയും 10 ബസുകൾ വിവിധ അറ്റകുറ്റപ്പണികൾക്കായും നീക്കിവച്ചിരിക്കുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത ഡിപ്പോയിലേക്ക് 5 ബസുകൾ പുതുതായി അനുവദിച്ചിട്ടുണ്ട്. കൂടാതെ 9 പഴയ ബസുകളും അനുവദിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോതമംഗലം മണ്ഡലത്തിൽ നിലവിലുണ്ടായിരുന്ന ബസ് റൂട്ടുകൾ നിർത്തലാക്കിയിട്ടില്ല.

(ഡി) കോതമംഗലം കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ ഷെഡ്യൂളുകളുടെയും ബസുകളുടെയും എണ്ണം താഴെപ്പറയും പ്രകാരമാണ്:

| ഇനം | ഷെഡ്യൂൾ | ബസുകൾ |
|---|---|---|
| എക്സ്പ്രസ്സ് | 1 | 1 |
| സൂപ്പർ ഫാസ്റ്റ് | 4 | 4 |
| ഫാസ്റ്റ് | 2 | 11 |
| ഓർഡിനറി | 35 | 31 |
| ജൻറം | 11 | 13 |
| ആകെ | 53 | 60 |

കോതമംഗലം ഡിപ്പോയിൽ ഒരു ടേക്ക് ഓവർ സർവ്വീസ് (ഫാസ്റ്റ് പാസ്സഞ്ചർ) ഉൾപ്പെടെ 42 ഷെഡ്യൂളുകൾക്ക് 47 ബസുകളും 11 ജൻറം ഷെഡ്യൂളുകൾക്ക് 13 ബസുകളും നിലവിലുണ്ട്. നിലവിൽ ബസുകളുടെ കുറവ് ഇല്ല.

## റിസർവ് കണ്ടക്ടർ നിയമനം

274 (1613) ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.- യിൽ റിസർവ് കണ്ടക്ടർ നിയമനത്തിനായി 31-12-2016-ൽ കാലാവധി അവസാനിച്ച പി.എസ്.സി.റാങ്ക് ലിസ്റ്റിൽനിന്നും നാലായിരം 31-12-2016-ൽ എൻ.ജെ.ഡി ഒഴിവുകളിലേക്ക് KCRV (2) 2240/2010 നമ്പർ കത്ത് പ്രകാരം പി.എസ്.സി. നിയമന ശിപാർശ ചെയ്ത് ഏഴ് മാസം കഴിഞ്ഞിട്ടും നിയമന ഉത്തരവ് നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എൻ.ജെ.ഡി. ഒഴിവുകളായിട്ടും നിയമനം നൽകാൻ കാലതാമസം നേരിടുന്നതിന് കാരണം വിശദമാക്കാമോ; എത്രനാൾക്കകം ഇവർക്ക് നിയമനം നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(സി) റിസർവ് കണ്ടക്ടർ തസ്തികയിൽ ഇപ്പോൾ താൽക്കാലിക ജീവനക്കാർ (എംപാനൽ) ജോലി ചെയ്യുന്നുണ്ടോ; എങ്കിൽ ഇവരെ ഒഴിവാക്കി പി.എസ്.സി. നിയമന ശിപാർശ ചെയ്തവരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കോർപ്പറേഷനിൽ യഥാർത്ഥത്തിൽ നിലവിലുണ്ടായിരുന്ന 3808 ഒഴിവുകൾക്കു പകരം 8140 ഒഴിവുകൾ റിപ്പോർട്ട് ചെയ്തപ്പോൾ പി.എസ്.സി. 9300 പേർക്ക് നിയമന ശിപാർശ നൽകുകയും യഥാർത്ഥ ഒഴിവുകളായ 3808 പേർക്ക് മാത്രം കെ.എസ്.ആർ.ടി.സി. നിയമന ഉത്തരവ് നൽകുകയും ചെയ്ത സാഹചര്യത്തിൽ നിലവിലെ NJD ഒഴിവുകളിലും ഭാവിയിൽ ഉണ്ടാകുന്ന NJD ഒഴിവുകളിലും ടി 9300 പേരിൽനിന്നും നിയമനം നടത്താൻ പി.എസ്.സി. അനുവദിച്ച സാഹചര്യത്തിലാണ് ടി 9300 പേർക്കും നിയമനം അനുവദിച്ചത്. മാത്രമല്ല ഓരോ നിയമന ഘട്ടത്തിലെയും NJD ഒഴിവുകൾ പ്രസ്തുത എണ്ണത്തിന് പകരമായി നിയമന ശിപാർശ നൽകേണ്ടതില്ല എന്ന വ്യവസ്ഥകൂടി ഉൾപ്പെടുത്തി പി.എസ്.സി.യിൽ യഥാസമയം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഓരോ നിയമന ഘട്ടത്തിലും സൃഷ്ടിക്കപ്പെടുന്ന NJD ഒഴിവുകൾ അടുത്ത നിയമന ഘട്ടത്തിൽ നികത്തിയതിനാലാണ് പകരം നിയമന ശിപാർശ അനുവദിക്കരുതെന്ന വ്യവസ്ഥ കോർപ്പറേഷൻ ഉൾപ്പെടുത്തിയത്. എന്നാൽ പി.എസ്.സി. 4051 ഉദ്യോഗാർത്ഥികൾക്ക് 31-12-2016-ന് വീണ്ടും നിയമനോപദേശം നൽകുകയും പ്രസ്തുത നിയമന പട്ടിക നിയമനം അനുവദിക്കുന്നതിനായി കെ.എസ്.ആർടി.സി-ക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. ഇതുമൂലം കോർപ്പറേഷൻ ഒരിക്കൽ നിയമനം അനുവദിച്ച NJD ഒഴിവുകളിൽ വീണ്ടും നിയമനം നൽകേണ്ട സാഹചര്യമാണ് സംജാതമായിരിക്കുന്നത്. നിലവിൽ കോർപ്പറേഷൻ അങ്ങേയറ്റം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണ്. കെ.എസ്.ആർ.ടി.സി.യുടെ പുനരുദ്ധാരണത്തിനുവേണ്ടി പ്രൊഫ. സുശീൽ ഖന്നയെ നിയോഗിച്ചിരിക്കുകയാണ്. ഈ പുനരുദ്ധാരണ പാക്കേജുമായി ബന്ധപ്പെട്ട് ഡ്യൂട്ടി പാറ്റേണുകളിൽ മാറ്റം വരുത്തിയപ്പോൾ (ഡബിൾ ഡ്യൂട്ടി സിംഗിൾ ഡ്യൂട്ടിയായി) നിലവിൽ കോർപ്പറേഷനിൽ ജീവനക്കാർ അധികമായി വരും. ആയതിനാൽ പ്രൊഫ. സുശീൽ ഖന്നയുടെ അന്തിമ റിപ്പോർട്ടിന് വിധേയമായി ഡ്യൂട്ടികൾ പുനഃക്രമീകരിച്ചതിനുശേഷം ഒഴിവുകൾക്ക് സാധ്യതയുണ്ടെങ്കിൽ നിയമന നടപടിയുമായി കോർപ്പറേഷൻ മുന്നോട്ടു പോകും.

(സി) ഉണ്ട്. അടിയന്തര ഘട്ടങ്ങളിലും സ്ഥിരം ജീവനക്കാരുടെ അവധി കാലയളവിലും സുഗമമായി സർവ്വീസ് നടത്തുവാൻവേണ്ടി മാത്രമാണ് താൽക്കാലിക ജീവനക്കാരെ നിയോഗിച്ചിട്ടുള്ളത്. മാത്രമല്ല ടി ജീവനക്കാരുടെ നിയമനം, ജോലിയിൽനിന്നും മാറ്റിനിർത്തൽ എന്നിവയുമായി ബന്ധപ്പെട്ട്

നിരവധി ഹർജികൾ ബഹു. ഹൈക്കോടതിയിൽ നിലനിൽക്കുന്ന സാഹചര്യത്തിൽ ടി ഹർജികളിന്മേലുള്ള അന്തിമവിധിക്ക് അനുസരിച്ച് മാത്രമേ കോർപ്പറേഷന് ഇക്കാര്യത്തിൽ ഒരു തീരുമാനം എടുക്കുവാൻ സാധിക്കുകയുള്ളൂ.

**റിസർവ് കണ്ടക്ടർ നിയമന ശിപാർശ**

275 (1614) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്.ആർ.ടി.സി. റിസർവ് കണ്ടക്ടർ തസ്തികയിലേക്കുള്ള പി.എസ്.സി.-യുടെ നിയമന ശിപാർശ നൽകി 6 മാസം കഴിഞ്ഞിട്ടും നിയമന ഉത്തരവ് നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ നിയമന ഉത്തരവ് നൽകാത്തതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിയമന ശിപാർശ ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് എന്നത്തേക്ക് നിയമന ഉത്തരവ് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ കോർപ്പറേഷൻ അങ്ങേയറ്റം കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽപ്പെട്ട് ഉഴലുകയാണ്. വരവും ചെലവും തമ്മിൽ 140 കോടിയോളം രൂപയുടെ അന്തരമുണ്ട്. ജീവനക്കാർക്ക് ശമ്പളവും വിരമിച്ച ജീവനക്കാർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകാൻ കഴിയാത്ത അതീവ ഗുരുതര പ്രതിസന്ധിയിലാണ്. ഈ പ്രതിസന്ധി ഘട്ടത്തിലാണ് കേരള സർക്കാർ കെ.എസ്.ആർ.ടി.സി.യുടെ സമഗ്ര പുനരുദ്ധാരണത്തിനായി പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് പ്രൊഫ. സുശീൽ ഖന്നയെ നിയോഗിച്ചിട്ടുള്ളത്. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലെ RTC-കളെ അപേക്ഷിച്ച് കെ.എസ്.ആർ.ടി.സി.യിലെ ബസ് ജീവനക്കാരുടെ അനുപാതം വളരെ കൂടുതലാണ്. ഇത് ദേശീയ ശരാശരിയിലേക്ക് എത്തിച്ചാൽ മാത്രമേ കെ.എസ്.ആർ.ടി.സി.-യുടെ സാന്നിദ്ധ്യവും നിലനിൽപ്പും ഉറപ്പുവരുത്താൻ സാധിക്കുകയുള്ളൂ. ദേശീയ ശരാശരി 5.5 ആണ്. ടി ദേശീയ ശരാശരിക്ക് ഒപ്പമായി കോർപ്പറേഷനിലെ ബസ് ജീവനക്കാരുടെ അനുപാതം ക്രമീകരിക്കുമ്പോൾ നിലവിലുള്ള ജീവനക്കാർതന്നെ അധികമാണ്. ഈ സാഹചര്യത്തിൽ നിലവിലുള്ള ജീവനക്കാരെ പിരിച്ചു വിടാതെ സർവ്വീസിന്റെ എണ്ണം വർദ്ധിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ആയതിനാൽ പ്രൊഫ. സുശീൽ ഖന്നയുടെ അന്തിമ റിപ്പോർട്ടിന് വിധേയമായി പുതിയ ജീവനക്കാരെ നിയമിക്കുന്നത് പരിഗണിക്കുന്നതാണ്.

(ബി) പ്രൊഫ. സുശീൽ ഖന്നയുടെ പുനരുദ്ധാരണ പാക്കേജിന്റെ അടിസ്ഥാനത്തിൽ ഒഴിവുകൾക്ക് സാദ്ധ്യതയുണ്ടെങ്കിൽ നിയമന നടപടികളുമായി കോർപ്പറേഷൻ മുന്നോട്ട് പോകും.

## ടാങ്കർ ലോറികളുടെ നിയന്ത്രണം

276 (1615) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.പി.ജി., പെട്രോളിയം, ഡീസൽ തുടങ്ങിയവ വഹിച്ചുകൊണ്ട് പോകുന്ന ടാങ്കർ ലോറികളുടെ സഞ്ചാരം പകൽ സമയത്ത് നിയന്ത്രിച്ചുകൊണ്ടുള്ള ഏതെങ്കിലും സർക്കാർ ഉത്തരവ് നിലവിലുണ്ടോ;

(ബി) എങ്കിൽ ഇത്തരത്തിലുള്ള നിയന്ത്രണം ലംഘിച്ച വാഹനങ്ങളുടെ മേൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ കഴിഞ്ഞ രണ്ട് മാസത്തിനിടയിൽ ഇത്തരം എത്ര വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്;

(ഡി) തിരക്കുള്ള സമയങ്ങളിൽ ഇത്തരം വാഹനങ്ങൾ അപകടകരമായ രീതിയിൽ സഞ്ചരിക്കുന്നത് തടയുന്നതിന് കർശന നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അപകട സാദ്ധ്യത കൂടിയ എൽ.പി.ജി. വഹിച്ചുകൊണ്ടുപോകുന്ന ബുള്ളറ്റ് ടാങ്കർ ലോറികളുടെ സഞ്ചാരം കോർപ്പറേഷൻ, മുനിസിപ്പൽ ഏരിയകളിൽ രാവിലെ 8 മണി മുതൽ 11 മണി വരെയും വൈകുന്നേരം 4 മുതൽ 6 മണി വരെയും നിരോധിച്ചുകൊണ്ട് 30-4-2013-ലെ G.O.(P)No.38/2013/Tran. പ്രകാരം സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അതിൻപ്രകാരം പ്രാദേശികമായ ആവശ്യം കണക്കിലെടുത്ത് റോഡ് സുരക്ഷ, സുഗമമായ ഗതാഗതം എന്നിവ ഉറപ്പാക്കുന്നതിനായി അപകടസാദ്ധ്യതയേറിയ ചരക്കുകൾ കടത്തുന്ന വാഹനങ്ങൾക്ക് ഉചിതമായ സമയനിയന്ത്രണം പ്രാദേശികതലത്തിൽ ഏർപ്പെടുത്തുന്നതിന് അതാതിടത്തെ RTA-കൾക്കും അധികാരമുണ്ട്.

(ബി) ഉണ്ട്.

(സി) കഴിഞ്ഞ രണ്ട് മാസത്തിനുള്ളിൽ ഇത്തരത്തിൽ നിയമലംഘനം നടത്തിയ 22 വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) തിരക്കുള്ള സമയങ്ങളിൽ ഇത്തരം വാഹനങ്ങൾ അപകടകരമായ രീതിയിൽ സഞ്ചരിക്കുന്നത് തടയുന്നതിന് വാഹന പരിശോധന ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

**മോട്ടോർ വാഹന വകുപ്പ് ഈടാക്കുന്ന പിഴ**

277 (1616) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗതനിയമം തെറ്റിക്കുന്നവരിൽനിന്നും മോട്ടോർ വാഹന വകുപ്പ് ഈടാക്കുന്ന പിഴയുടെ നിരക്ക് അറിയിക്കാമോ;

(ബി) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ഈ വകയിൽ ലഭിച്ചിട്ടുള്ള തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഗതാഗത നിയമം തെറ്റിക്കുന്നവരിൽനിന്നും മോട്ടോർ വാഹന വകുപ്പ് ഈടാക്കുന്ന പിഴയുടെ നിരക്ക് അനുബന്ധമായി+ ചേർക്കുന്നു.

(ബി) 01-04-2016 മുതൽ 31-03-2017 വരെ കോമ്പൗണ്ടിംഗ് ഫീ ഇനത്തിൽ 84,79,99,087 രൂപ പിരിച്ചെടുത്തിട്ടുണ്ട്.

**സ്ഥലം മാറ്റങ്ങൾ**

278 (1617) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.ടി. ഓഫീസുകളിലെ ഉദ്യോഗസ്ഥന്മാരെ സ്ഥലം മാറ്റുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഒരു ഉദ്യോഗസ്ഥൻ ഒരേ ഓഫീസിൽ എത്ര വർഷം തുടർച്ചയായി ജോലി ചെയ്താലാണ് അയാളുടെ സ്ഥലം മാറ്റത്തിനുള്ള അപേക്ഷ പരിഗണിക്കുക എന്ന് വ്യക്തമാക്കാമോ;

(സി) മോട്ടോർ വാഹന വകുപ്പിൽ ഉദ്യോഗസ്ഥരെ ഒരു മാനദണ്ഡവുമില്ലാതെ സ്ഥലം മാറ്റുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ അത്തരത്തിലുള്ള സ്ഥലം മാറ്റങ്ങൾക്കുള്ള കാരണങ്ങൾ വ്യക്തമാക്കുമോ ;

(ഡി) വിജിലൻസ് പരാമർശമുള്ള ഉദ്യോഗസ്ഥരെ ചെക്ക് പോസ്റ്റിൽ നിയമിക്കാൻ പാടില്ലെന്ന സർക്കാർ ഉത്തരവ് നിലവിലുണ്ടോ;എങ്കിൽ ഈ ഉത്തരവ് എപ്പോഴാണ് പുറപ്പെടുവിച്ചതെന്നും അതിനുള്ള കാരണം എന്താണെന്നും വ്യക്തമാക്കാമോ;

---

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) പ്രസ്തുത ഉത്തരവിന്റെ മറവിലാണ് ഇത്തരത്തിൽ സ്ഥലം മാറ്റങ്ങൾ നടക്കുന്നതെന്നത് എന്ന ആക്ഷേപം ശ്രദ്ധിക്കപ്പെട്ടിട്ടുണ്ടോ ; എങ്കിൽ, ഈ ഉത്തരവ് പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം 11-5-2011-ലെ ജി.ഒ.(എം.എസ്)നമ്പർ26/11/ട്രാൻസ്, 5-6-2012-ലെ ജി.ഒ.(എം.എസ്)നമ്പർ32/2012/ട്രാൻസ് എന്നീ ഉത്തരവുകൾ പ്രകാരമാണ് നടന്നു വരുന്നത്. ഇതുപ്രകാരം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ, ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ തസ്തികകളിൽ ഒരേ ഓഫീസിൽ ഒരു വർഷവും മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ, അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ തസ്തികകളിൽ ഒരേ ഓഫീസിൽ രണ്ട് വർഷവുമാണ് സേവനകാലാവധി നിജപ്പെടുത്തിയിരിക്കുന്നത്. സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റവും നിയമനവും സംബന്ധിച്ച പരിഷ്കരിച്ച മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അംഗീകരിച്ച് സർക്കാർ പുറപ്പെടുവിച്ച 25-2-2017-ലെ ജി.ഒ.(പി)നമ്പർ3/2017/ഉഭപവ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മോട്ടോർ വാഹന വകുപ്പിലെ പ്രത്യേക സാഹചര്യം പരിഗണിച്ച് ഈ വകുപ്പിന് മാത്രമായി പൊതുസ്ഥലംമാറ്റം സംബന്ധിച്ച പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുന്ന കാര്യം പരിഗണിച്ചുവരുന്നു.

(സി) മോട്ടോർ വാഹന വകുപ്പിൽ ഒരു മാനദണ്ഡവുമില്ലാതെ സ്ഥലംമാറ്റങ്ങൾ നടത്തുന്നില്ല.

(ഡി&ഇ) വിജിലൻസ് പരാമർശമുള്ള ഉദ്യോഗസ്ഥരെ ചെക്ക് പോസ്റ്റിൽ നിയമിക്കാൻ പാടില്ലെന്ന പൊതുവായ സർക്കാർ ഉത്തരവ് നിലവിലില്ല. എന്നാൽ വിജിലൻസ് കേസുകളിൽ ഉൾപ്പെടുന്ന ഉദ്യോഗസ്ഥരെ ചെക്ക്പോസ്റ്റ് ഡ്യൂട്ടിക്കായി നിയമിക്കരുതെന്ന് വിജിലൻസ് ശിപാർശ ചെയ്യുകയാണെങ്കിൽ അത്തരം കേസുകളിൽ അതിനനുസരിച്ചുള്ള നടപടികൾ സ്വീകരിക്കാറുണ്ട്.

**മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോ**

279 (1618) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും കണ്ണൂർ, പഴനി, നാഗർകോവിൽ എന്നിവിടങ്ങളിലേക്ക് സർവ്വീസ് ആരംഭിക്കുന്നതിന് വേണ്ട നടപടികൾസ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) മാവേലിക്കര ഡിപ്പോയിൽ നിർത്തലാക്കിയ സർവ്വീസുകൾ പുനരാരംഭിക്കുന്നതിനു വേണ്ട നടപടികൾ എന്തെല്ലാം; വ്യക്തമാക്കുമോ;

(സി) പന്തളം ഡിപ്പോയിൽനിന്നും താമരക്കുളം, കണ്ണനാകുഴി വഴിയുള്ള സർവ്വീസ് നിർത്തലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ സർവ്വീസ് പുനരാരംഭിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) തമിഴ്നാടുമായുള്ള അന്തർ സംസ്ഥാന കരാറിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ പഴനി, നാഗർകോവിൽ എന്നിവിടങ്ങളിലേക്ക് അന്തർ സംസ്ഥാന സർവ്വീസുകൾ പുതുതായി ആരംഭിക്കുവാൻ കഴിയുകയില്ല. മാവേലിക്കരയിൽ നിന്ന് കണ്ണൂരിലേക്ക് പുതിയ സർവ്വീസ് ആരംഭിക്കുന്ന കാര്യം സാദ്ധ്യതാപഠനം നടത്തിയശേഷം യാത്രക്കാർക്കും കെ.എസ്.ആർ.ടി.സി.ക്കും ഗുണകരമാകുമെങ്കിൽ ബസിന്റെയും ജീവനക്കാരുടെയും ലഭ്യതയ്ക്കനുസരിച്ച് ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ബി) മാവേലിക്കര ഡിപ്പോയിൽ വരുമാനക്കുറവും ഡ്രൈവർമാരുടെ അഭാവവും കാരണമാണ് സർവ്വീസുകൾ നിർത്തലാക്കിയത്. യാത്രക്കാർക്കും കെ.എസ്.ആർ.ടി.സി.ക്കും ഗുണകരമായ രീതിയിൽ പുനഃക്രമീകരിച്ച് സാദ്ധ്യതാപഠനം നടത്തിയശേഷം പുനരാരംഭിക്കുവാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കുന്നതാണ്.

(സി) ഉണ്ട്. പന്തളം ഡിപ്പോയിൽ നിന്നുള്ള താമരക്കുളം കണ്ണനാകുഴി വഴി 6.00 മണിക്കുള്ള കരുനാഗപ്പള്ളി സർവ്വീസിന് 4000 രൂപയ്ക്കും 6000 രൂപയ്ക്കുമിടയിലാണ് പ്രതിദിന വരുമാനം ലഭിക്കുന്നത്. ആയതിനാൽ വരുമാനക്കുറവും ഡ്രൈവർമാരുടെ അഭാവവും കാരണം ടി സർവ്വീസ് താൽക്കാലികമായി നിർത്തലാക്കിയിട്ടുണ്ട്. ഈ സർവ്വീസ് പുനരാരംഭിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല.

**മൂവാറ്റുപുഴ ഡിപ്പോയിലെ നിർമ്മാണ പ്രവർത്തനങ്ങൾ**

280 (1619) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങളും അവയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മൂവാറ്റുപുഴ ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സിന്റെ സിവിൽ ജോലികൾ 80% പൂർത്തീകരിച്ചിട്ടുണ്ട്. Firefighting ജോലിക്കായി ഒരു തവണ ഇ-ടെണ്ടർ ചെയ്തപ്പോൾ സിംഗിൾ ടെണ്ടർ ആണ് ലഭിച്ചത്. അതിനാൽ വീണ്ടും ഇ-ടെണ്ടർ ചെയ്യുന്ന നടപടി സ്വീകരിച്ചുവരുന്നു. ഇലക്ട്രിക്കൽ വർക്കിന്റെ എസ്റ്റിമേറ്റ് ആർക്കിടെക്ട് തയ്യാറാക്കുകയാണ്. ആയത് ലഭ്യമായാലുടൻതന്നെ ഇ-ടെണ്ടർ വിളിക്കുന്നതാണ്. Sewage Treatment plant-ന്റെ പണികൾ പുരോഗമിക്കുന്നു.

(ബി) ഉദ്ദേശം ആറുമാസത്തിനകം നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**ബസ് സ്റ്റേഷൻ**

281 (1620) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ കോടംതുരുത്ത് പഞ്ചായത്ത് ഓഫീസിന് എതിർവശം പ്രവർത്തിച്ചുവന്നിരുന്ന കുത്തിയതോട് ബസ് സ്റ്റേഷൻ ഓഫീസിന്റെ പ്രവർത്തനം നിർത്തിവച്ചിട്ടുണ്ടോ;

(ബി) ഏറെ പ്രയോജനകരമായ ടി ബസ് സ്റ്റേഷന് പുതിയ കെട്ടിടം എം.എൽ.എ.- യുടെ എ.ഡി .എഫ് / എസ്.ഡി .എഫ്.- ൽ നിർമ്മിച്ച് നൽകിയാൽ മുൻപ് ഉണ്ടായിരുന്നത് പോലെ സ്റ്റേഷൻ ഓഫീസിന്റെ പ്രവർത്തനം പുനരാരംഭിക്കുമോ;

(സി) നിർമ്മാണം ആരംഭിക്കുന്നതുവരെ സ്റ്റേഷൻ പ്രവർത്തനം തുടർന്ന് നടത്തുന്നതിന് നിർദ്ദേശം നൽകുമോ; വിശദമാക്കാമോ ?

ഉത്തരം

(എ-സി) കുത്തിയതോട് ബസ് സ്റ്റേഷൻ ഓഫീസ് താൽക്കാലികമായി നിർത്തിവച്ചിരുന്നത് ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്.

**ഇരുചക്ര വാഹനാപകട നിരക്ക്**

282 (1621) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരുചക്ര വാഹനാപകട നിരക്കിൽ കേരളം ഒന്നാമതാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇരുചക്ര വാഹനാപകടങ്ങളുടെ ദേശീയശരാശരി 25 ശതമാനമാണങ്കിൽ കേരളത്തിൽ അത് 52 ശതമാനമാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) ഓരോ വർഷവും സംസ്ഥാനത്ത് ഇരുചക്രവാഹനങ്ങളുണ്ടാക്കുന്ന അപകടനിരക്കും അതു വഴി ഉണ്ടാകുന്ന മരണ നിരക്കും ഗണ്യമായി വർദ്ധിക്കുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇരുചക്രവാഹനങ്ങളെ നിയന്ത്രിക്കുന്നതിനും അപകട നിരക്ക് കുറയ്ക്കുന്നതിനും സർക്കാർ എന്തൊക്കെ നടപടികൾ കൈക്കൊള്ളും; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ഒന്നാമതാണെന്ന രീതിയിലുള്ള ഔദ്യോഗിക റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കേരളത്തിൽ അത്തരമുള്ള വാഹനാപകടങ്ങൾ വളരെയധികം ഉണ്ടാകുന്നതായി കാണുന്നുണ്ട്.

(ബി) 2016-ൽ ആകെ വാഹനാപകടങ്ങളുടെ 60% ഇരുചക്ര വാഹനങ്ങൾ ഉൾപ്പെട്ടവയായിരുന്നെങ്കിൽ 2017-ലെ ആദ്യ 6 മാസക്കാലയളവിൽ ഇത് 57 ശതമാനമായി കുറഞ്ഞിട്ടുണ്ട്.

(സി) 2017 ആദ്യ ആറുമാസങ്ങളിൽതന്നെ പോയ വർഷം ഈ കാലയളവിനെ അപേക്ഷിച്ച് ടൂ വീലർ മുഖേനയുള്ള അപകടങ്ങൾ കുറഞ്ഞിട്ടുണ്ട്.

2016 ജനുവരി മുതൽ 2016 ജൂൺ വരെ - 11843

2017 ജനുവരി മുതൽ 2017 ജൂൺ വരെ - 11028

(ഡി) ടൂ വീലർ മുഖേനയുണ്ടാകുന്ന അപകടങ്ങളുടെ തീവ്രത കുറയ്ക്കുന്നതിനായി വകുപ്പ് ഹെൽമറ്റ് പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്. മദ്യപിച്ച് അശ്രദ്ധമായി വാഹനമോടിക്കുന്നവരുടെ ലൈസൻസ് കണ്ടുകെട്ടുക, സസ്പെൻഷൻ, പിഴ ഈടാക്കുക തുടങ്ങിയ നടപടികൾ സ്വീകരിച്ചു വരുന്നു.

## വർദ്ധിച്ചുവരുന്ന വാഹനാപകടം

283 (1622) ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. പി. വി. അൻവർ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങളുടെ മുഖ്യ കാരണം വാഹനപ്പെരുപ്പവും കൂടാതെ അശ്രദ്ധമായ ഡ്രൈവിംഗ്, ഗതാഗത നിയമങ്ങൾ പാലിക്കാതിരിക്കുക എന്നിവയും ആയതിനാൽ ഇവ കർശനമായി തടയുന്നതിനു സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ;

(ബി) നഗരങ്ങളിൽ പൊതു ഗതാഗത സംവിധാനം കാര്യക്ഷമമാക്കി സ്വകാര്യവാഹന ഉപയോഗം കുറയ്ക്കാൻ എന്തെങ്കിലും പദ്ധതികളുണ്ടെങ്കിൽ ആയത് വ്യക്തമാക്കാമോ ;

(സി) അശാസ്ത്രീയമായ പാർക്കിംഗും അപകടങ്ങൾക്ക് കാരണമാകുന്നതിനാൽ പാർക്കിംഗ് നയം രൂപീകരിക്കുമെന്ന വാഗ്ദാനം പ്രാവർത്തികമാക്കാൻ നടപടിയുണ്ടാകുമോ;

(ഡി) റോഡ് സുരക്ഷാ കൗൺസിൽ, റോഡ് സുരക്ഷാ അതോറിറ്റി എന്നിവയുടെ പ്രവർത്തനം വിശദമാക്കുമോ; വാഹനാപകടം കുറയ്ക്കുന്നതിൽ ഈ ഏജൻസികൾക്ക് ഫലപ്രദമായി ഇടപെടാൻ സാധിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) അമിത വേഗത റോഡപകടങ്ങൾ സൃഷ്ടിക്കുന്നതിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നുവെന്ന് മനസ്സിലാക്കി വാഹനങ്ങളുടെ അമിതവേഗത നിയന്ത്രിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി സ്റ്റേജ് ക്യാര്യേജുകളിലും ഹെവി വാഹനങ്ങളിലും സ്കൂൾ വാഹനങ്ങളിലും സ്പീഡ് ഗവേർണർ നിർബന്ധമാക്കിയിട്ടുണ്ട്. സ്പീഡ് ട്രേസറുകൾ, മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് എന്നിവ ഉപയോഗിച്ചുള്ള വാഹന പരിശോധനകളിലും ഓഫീസ് തലങ്ങളിൽ നടത്തപ്പെടുന്ന ചെക്കിംഗുകളിലും അമിതവേഗതയിലോടുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതോടൊപ്പം ഡ്രൈവർമാർക്ക് നൽകുന്ന പരിശീലനങ്ങളിൽ അമിതവേഗതക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്.

റോഡ് സുരക്ഷക്കായി ഒരു ദശകം എന്ന ലോകാരോഗ്യ സംഘടന തുടക്കമിട്ട പരിപാടി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽനിന്നും മോട്ടോർ വാഹന വകുപ്പിനനുവദിച്ച ഫണ്ടുപയോഗിച്ച് പ്രീ-ഡ്രൈവേഴ്സ് ടെസ്റ്റ് പരിശീലനം, ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടർമാർക്കുള്ള പരിശീലനം, വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കുമുള്ള പരിശീലനം, ട്രാൻസ്പോർട്ട്, നോൺ ട്രാൻസ്പോർട്ട് ഡ്രൈവർമാരിൽ അവബോധം വളർത്തുന്നതിനായി നടത്തുന്ന പരിശീലന പരിപാടികൾ മുതലായവ നടപ്പിലാക്കി വരുന്നു. ഇതിനുപുറമെ ടിപ്പർ ലോറി, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വാഹനങ്ങൾ എന്നിവിടങ്ങളിലെ ഡ്രൈവർമാർക്കും പരിശീലനം നൽകിവരുന്നു. മദ്യപിച്ചും അശ്രദ്ധമായും വാഹനം ഉപയോഗിക്കുന്നവർക്കെതിരെ ലൈസൻസ് കണ്ടുകെട്ടൽ, സസ്പെൻഷൻ, പിഴ ഈടാക്കൽ തുടങ്ങിയ നടപടികൾ നടപ്പിലാക്കി വരുന്നു.

ജില്ലാതലത്തിൽ സ്പീഡ് ട്രേസറുകൾ ഉപയോഗിച്ചും മേഖലാ തലത്തിൽ അത്യാധുനിക റഡാർ സംവിധാനമുള്ള ഇന്റർസെപ്റ്ററുകൾ ഉപയോഗിച്ചും വാഹനങ്ങളുടെ അമിതവേഗത കണ്ടുപിടിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനുപുറമെ വാഹനാപകടങ്ങളുടെ സാന്ദ്രത കൂടിയ ബ്ലാക്ക് സ്പോട്ടുകൾ കണ്ടുപിടിച്ച് പൊതുമരാമത്ത് വകുപ്പ് തുടങ്ങി മറ്റ് വകുപ്പുകളുടെ സഹായത്തോടുകൂടി തിരുത്തൽ നടപടികൾ സ്വീകരിച്ചുവരുന്നു.

റോഡപകടങ്ങൾ നിയന്ത്രിക്കുന്നതിനും റോഡ് സുരക്ഷാ നടപടികൾ ഫലവത്തായി നടത്തുന്നതിനും മോട്ടോർ വാഹന വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിംഗിന്റെയും ആഭ്യന്തര വകുപ്പിന്റെയും സംയുക്ത പ്രവർത്തനത്തിന്റെ ഫലമായി 2016 ജനുവരി മുതൽ ജൂൺ വരെയുള്ള കാലയളവിനെ അപേക്ഷിച്ച് 2017 ജനുവരി മുതൽ ജൂൺ വരെയുള്ള കാലയളവിൽ വാഹനാപകടങ്ങളും തന്മൂലമുള്ള മരണങ്ങളും ഗണ്യമായി കുറഞ്ഞിട്ടുണ്ട്.

2016 ജനുവരി മുതൽ ജൂൺ വരെ 20163 വാഹനാപകടങ്ങൾ സംഭവിച്ചെങ്കിൽ 2017 ജനുവരി മുതൽ ജൂൺ വരെ 19826 വാഹനാപകടങ്ങൾ മാത്രമാണ് സംഭവിച്ചിട്ടുള്ളത്. ഇത് മുൻ വർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് 4% കുറവാണ്.

(ബി) പൊതുഗതാഗതം കാര്യക്ഷമമായി നടപ്പിലാക്കിവരുന്നു.

(സി) പ്രസ്തുത വിഷയം തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്ന് പരിശോധിക്കാവുന്നതാണ്.

(ഡി) 2007-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്ട്, വകുപ്പ് 4 പ്രകാരമുള്ള ചുമതലകൾക്ക് വിധേയമായിട്ടാണ് കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ നടത്തുന്നത്.

(a) റോഡ് സുരക്ഷാ നയങ്ങളിന്മേൽ സർക്കാരിനെ ഉപദേശിക്കുക;

(b) റോഡ് സുരക്ഷാ നിലവാരവും നടപടിക്രമങ്ങളും നിർണ്ണയിക്കുകയും നടപ്പിലാക്കുകയും ചെയ്യുക.

(c) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട പദ്ധതികളും പ്രോജക്ടുകളും പരിപാടികളും ആവിഷ്കരിച്ച് നടപ്പിലാക്കുക;

(d) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് കർത്തവ്യ നിർവ്വഹണം നടത്തുന്ന എല്ലാ ഏജൻസികളുടെയും സർക്കാർ വകുപ്പുകളുടെയും പ്രവർത്തനം ഏകോപിപ്പിക്കുക;

(e) റോഡ് സുരക്ഷാ ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുക;

(f) ഫണ്ടിന്റെ നടത്തിപ്പ്;

(g) റോഡ് സുരക്ഷാ പദ്ധതികളും പരിപാടികളും നടപ്പിൽ വരുത്തുന്നതിനുള്ള ചെലവ് അനുവദിക്കുക;

(h) റോഡ് സുരക്ഷാ പ്രോജക്ടുകൾക്കു വേണ്ടിയും റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട സാമഗ്രികളും ഉപകരണങ്ങളും വാങ്ങുന്നതിനും സ്ഥാപിക്കുന്നതിനും വേണ്ടിയും ചെലവ് അനുവദിക്കുക;

(i) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട സംഗതികളിൽ പഠനങ്ങളും പ്രോജക്ടുകളും ഗവേഷണവും നടത്തുന്നതിന് ചെലവ് അനുവദിക്കുക;

(j) ട്രോമ-കെയർ പരിപാടികൾക്കോ പ്രവർത്തനങ്ങൾക്കോ ഉള്ള ചെലവ് അനുവദിക്കുക;

(k) അതോറിറ്റിയുടെ ഭരണപരമായ ചെലവുകൾ അനുവദിക്കുക;

(l) റോഡ് സുരക്ഷാ നടപടികളുമായി ബന്ധപ്പെട്ട സംഗതികൾക്കുള്ള ചെലവ് അനുവദിക്കുക;

(m) അതോറിറ്റിയുടെ നേതൃത്വത്തിൽ അപകട സ്ഥലത്തെ രക്ഷാപ്രവർത്തനങ്ങൾക്കായി സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കുക;

(n) ഈ ആക്ടിന്റെ ഉദ്ദേശ്യങ്ങൾ പരിഗണിച്ചുകൊണ്ട് നിർണ്ണയിച്ചേക്കാവുന്ന പ്രകാരമുള്ള സ്വയം ചുമതലകൾ നിർവ്വഹിക്കുക.

അതോറിറ്റി നിലവിൽ വന്ന നാളിതുവരെ വിവിധ വകുപ്പുകൾ വഴി അതോറിറ്റി നടപ്പിലാക്കിയതും നടപ്പിലാക്കിവരുന്നതുമായ പദ്ധതികൾ സംബന്ധിച്ചിട്ടുള്ള വിവരം ചുവടെ ചേർക്കുന്നു:

ദൃശ്യ-ശ്രാവ്യ അച്ചടി മാധ്യമങ്ങളുടെ സാദ്ധ്യത ഉപയോഗിച്ച് റോഡ് സുരക്ഷ സംബന്ധിച്ച് പൊതുജനങ്ങളിൽ ബോധവൽക്കരണം നടത്തി അച്ചടക്കമുള്ള ഒരു ട്രാഫിക് സംസ്കാരം രൂപപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. റോഡ് സുരക്ഷാ ബോധവൽക്കരണം വ്യാപകമാക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ സാദ്ധ്യമാകുന്ന എല്ലാ സിനിമ തീയേറ്ററുകളിലൂടെയും റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട ഹ്രസ്വ ചിത്രങ്ങൾ സംപ്രേക്ഷണം ചെയ്യുന്നതിനായി പോലീസ് (ട്രാഫിക്) വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

രാത്രികാല എയർപോർട്ട് യാത്രാപകടങ്ങൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി രാത്രികാല സവാരി നടത്തുന്ന ഡ്രൈവർമാരെയും യാത്രക്കാരെയും ബോധവൽക്കരിക്കുന്നതിനായി കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ നേതൃത്വത്തിൽ അച്ചടിച്ച ലീഫ്‌ലെറ്റുകൾ കേരളത്തിലെ മൂന്ന് അന്താരാഷ്ട്ര വിമാനത്താവളങ്ങളുടെ പരിധിയിൽ വരുന്ന റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ രാത്രികാലങ്ങളിൽ വിതരണം ചെയ്തിട്ടുണ്ട്.

നാറ്റ്പാക്ക് തയ്യാറാക്കിയ 'സുരക്ഷിത പാത' എന്ന പുസ്തകത്തിന്റെയും 'അദ്ധ്യാപക പഠന സഹായി' എന്ന പുസ്തകത്തിന്റെയും ഇംഗ്ലീഷ്, മലയാളം വാല്യങ്ങളുടെ കോപ്പികൾ അച്ചടിച്ച് സ്കൂൾ വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി പ്രസ്തുത പുസ്തകങ്ങൾ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ മുഖേന കേരളത്തിലെ സ്കൂളുകളിൽ വിതരണം ചെയ്തിട്ടുണ്ട്.

ബോധവൽക്കരണ പരിപാടികൾ കൂടാതെ പോലീസ്, മോട്ടോർ വാഹന വകുപ്പുകൾ നിരന്തരമായി വാഹന പരിശോധന നടത്തുന്നുണ്ട്. ട്രാഫിക് നിയമം തെറ്റിക്കൽ, മദ്യപിച്ച് വാഹനം ഓടിക്കൽ, അമിത വേഗത മുതലായവ കണ്ടെത്തി കുറ്റക്കാരെ ശിക്ഷിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിനായി പോലീസ് - മോട്ടോർ വാഹന വകുപ്പുകൾക്ക് റോഡ് സുരക്ഷാ ഫണ്ടുപയോഗിച്ച് നിരീക്ഷണ ക്യാമറകൾ, ആൽക്കോമീറ്ററുകൾ, ഇന്റെർസെപ്റ്റർ വാഹനങ്ങൾ മുതലായവ വാങ്ങിയിട്ടുണ്ട്. അമിത വേഗതയടക്കമുള്ള മോട്ടോർ വാഹന നിയമലംഘനങ്ങൾക്കെതിരെ കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ അനുബന്ധ വകുപ്പുകളായ മോട്ടോർ വാഹനം, പോലീസ് എന്നിവ കർശന നടപടികൾ സ്വീകരിച്ചുവരുന്നു.

ജില്ലാതലത്തിൽ റോഡ് സുരക്ഷ കാര്യക്ഷമമാക്കുന്നതിനുവേണ്ടി എല്ലാ ജില്ലകളിലേയും ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾക്ക് തുക നൽകിവരുന്നു. അപകടകാരണങ്ങൾ പരിശോധിച്ച് ആയവ ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ആക്സിഡന്റ് റിവ്യൂ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. സ്കൂളുകൾക്ക് സമീപം ഉണ്ടാകുന്ന അപകടങ്ങൾ ലഘൂകരിക്കുവാൻ പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം സേഫ് സോൺ നിർമ്മിക്കുവാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. പോലീസ് വകുപ്പുവഴി പോലീസ് ഉദ്യോഗസ്ഥർക്ക് ട്രാഫിക് ട്രെയിനിംഗ് നൽകുവാനും രണ്ട് ഡിജിറ്റലൈസ്ഡ് ട്രാഫിക് എഡ്യൂക്കേഷൻ വാഹനങ്ങൾ തയ്യാറാക്കുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ജില്ലകളിലും ട്രാഫിക് ട്രെയിനിംഗ് പാർക്ക് നിർമ്മിക്കുവാനും ഹൈവേയിലേക്ക് ചെറിയ വഴികൾ പ്രവേശിക്കുന്ന സ്ഥലത്ത് "നിൽക്കൂ, നോക്കൂ, നീങ്ങൂ" എന്ന സൈൻ ബോർഡ് സ്ഥാപിക്കുവാനും ആരോഗ്യവകുപ്പുവഴി ട്രോമോ കെയർ യൂണിറ്റുകൾ ശക്തിപ്പെടുത്തുവാനും പൊതുമരാമത്ത് വകുപ്പുവഴി ക്രാഷ് ബാരിയറുകൾ നിർമ്മിക്കുവാനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2007-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്ടിലെ വകുപ്പ് 19 അനുസരിച്ചാണ് ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾ രൂപീകരിച്ചിരിക്കുന്നത്. ജില്ലാ കളക്ടർ ചെയർമാനായി 14 ജില്ലകളിലും ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾ രൂപീകരിച്ചിട്ടുണ്ട്.

## വാഹനങ്ങളിൽ വേഗപ്പൂട്ട്

284 (1623) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എന്നുമുതലാണ് വേഗപ്പൂട്ട് നിർബന്ധമാക്കി ഉത്തരവിറങ്ങിയത്; വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം വാഹനങ്ങളിലാണ് വേഗപ്പൂട്ട് ഘടിപ്പിക്കണമെന്ന് നിർദ്ദേശം നൽകിയിരുന്നത്;

(സി) വേഗപ്പൂട്ട് പരിശോധന കൃത്യമായ ഇടവേളകളിൽ അല്ലെങ്കിൽ പ്രത്യേകമായി നടത്താറുണ്ടോ; വിശദാംശം നൽകുമോ;

(ഡി) എങ്കിൽ 2016 ജൂലൈ മുതൽ 2017 ജൂലൈ 31 വരെയായി വേഗപ്പൂട്ട് ഘടിപ്പിക്കാതെ പോയതിന്റെ പേരിൽ/വേഗപ്പൂട്ട് അഴിച്ച് വെച്ച് സർവ്വീസ് നടത്തിയതിന്റെ പേരിൽ എത്ര വാഹന ഉടമകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; എന്ത് നടപടിയാണ് സ്വീകരിച്ചത്; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കാമോ;

(ഇ) വേഗപ്പൂട്ട് സംസ്ഥാനത്ത് നടപ്പിലാക്കിയതിന്റെ കാരണം എന്തായിരുന്നു; ഇത് നടപ്പിലാക്കിയത് മൂലം ഉണ്ടായിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ 30-6-2005 മുതൽ ഘട്ടംഘട്ടമായി സംസ്ഥാനത്ത് വേഗപ്പൂട്ട് നിർബന്ധമാക്കി ഉത്തരവ് നൽകിയിട്ടുണ്ട്.

(ബി) ഇരുചക്ര വാഹനങ്ങൾ, മുച്ചക്ര വാഹനങ്ങൾ, ക്വാഡ്രി സൈക്കിൾ, സ്വകാര്യ കാറുകൾ, ആംബുലൻസ്, ഫയർ ടെൻഡേഴ്സ്, പോലീസ് വാഹനങ്ങൾ എന്നിവയും മോട്ടോർ വാഹന ചട്ടം 126 പ്രകാരമുള്ള ടെസ്റ്റിംഗ് ഏജൻസികൾ വാഹനത്തിന്റെ വേഗം മണിക്കൂറിൽ 80 കിലോമീറ്ററിൽ അധികം കൈവരിക്കാൻ സാധിക്കില്ല എന്ന് സർട്ടിഫൈ ചെയ്തിട്ടുള്ളവ ഒഴികെ മറ്റ് വാഹനങ്ങൾക്കെല്ലാം വേഗപ്പൂട്ട് നിർബന്ധമാക്കിയിട്ടുണ്ട്.

(സി) വേഗപ്പൂട്ട് പരിശോധന വാഹനത്തിന്റെ ഫിറ്റ്നസ് പരിശോധനാ വേളയിലും അല്ലെങ്കിൽ പ്രത്യേകമായും നടത്താറുണ്ട്. വാഹന പരിശോധനാ സമയങ്ങളിലും വാഹനം സി.എഫ്. ടെസ്റ്റിന് ഹാജരാക്കുമ്പോഴും വേഗപ്പൂട്ട് ശരിയായ രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താറുണ്ട്.

(ഡി) 2016 ജൂലൈ മുതൽ 2017 ജൂലൈ 31 വരെ വേഗപ്പൂട്ട് ഘടിപ്പിക്കാത്തതിന്റെ പേരിൽ/അഴിച്ച് വെച്ച് സർവ്വീസ് നടത്തിയതിന്റെ പേരിൽ 4704 വാഹന ഉടമകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത വാഹനങ്ങൾക്കെതിരെ പിഴ ഈടാക്കുന്നതുൾപ്പടെയുള്ള നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 677 |
| 2 | കൊല്ലം | 164 |
| 3 | പത്തനംതിട്ട | 89 |
| 4 | ആലപ്പുഴ | 295 |
| 5 | കോട്ടയം | 509 |
| 6 | ഇടുക്കി | 161 |
| 7 | എറണാകുളം | 167 |
| 8 | തൃശ്ശൂർ | 539 |
| 9 | പാലക്കാട് | 492 |
| 10 | മലപ്പുറം | 678 |
| 11 | വയനാട് | 120 |
| 12 | കോഴിക്കോട് | 346 |
| 13 | കണ്ണൂർ | 284 |
| 14 | കാസർഗോഡ് | 183 |
| | ആകെ | 4704 |

(ഇ) അമിതവേഗത അപകടത്തിന് പ്രധാന കാരണമാണെന്ന് കണ്ടെത്തിയതിനെത്തുടർന്ന് ബഹു. സുപ്രീം കോടതിയുടെയും ബഹു. ഹൈക്കോടതിയുടേയും വിധിയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും കാലാകാലങ്ങളിലുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് വാഹനങ്ങളിൽ വേഗപ്പൂട്ട് നിർബന്ധമാക്കിയത്. ഇതുമൂലം വാഹനങ്ങളുടെ അമിത വേഗതയും അതുമൂലമുണ്ടാകുന്ന അപകടങ്ങളും ഒരു പരിധി വരെ കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്.

**കരുനാഗപ്പള്ളി കെ.എസ്.ആർ.ടി.സി. ഡിപ്പോ**

285 (1624) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോയിലെ ബസുകളുടെ എണ്ണം, കാലപ്പഴക്കം, നിലവിലുള്ള ഷെഡ്യൂളുകളുടെ എണ്ണം എന്നവ ലഭ്യമാക്കുമോ; 2017 ജനുവരിക്കുശേഷം വെട്ടിക്കുറച്ച ഷെഡ്യൂളുകളുടെ എണ്ണം ലഭ്യമാക്കുമോ; ഷെഡ്യൂളുകൾ കുറക്കുവാനുള്ള കാരണം വിശദീകരിക്കുമോ;

(ബി) ഇവിടെ ഫാസ്റ്റ് പാസഞ്ചർ സർവ്വീസ് നടത്തുന്നതിന് യോഗ്യമായ എത്ര ബസുകളുണ്ടെന്നും അവയുടെ നമ്പറും വ്യക്തമാക്കുമോ; ഫാസ്റ്റ് പാസഞ്ചർ സർവ്വീസിനു യോഗ്യമല്ലാത്ത ബസുകൾ പ്രസ്തുത സർവ്വീസ് നടത്തുന്നുണ്ടോ എന്നും അവ എത്രയെണ്ണമെന്നും വ്യക്തമാക്കുമോ;

(സി) ഇവിടേക്ക് കൂടുതൽ ബസുകൾ അനുവദിച്ച് ഡിപ്പോയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കരുനാഗപ്പള്ളി കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോയിൽ 86 ബസുകളുണ്ട്. അഞ്ച് വർഷത്തിൽ താഴെ പഴക്കമുള്ള 17 ബസുകളും അഞ്ച് വർഷത്തിനും പത്ത് വർഷത്തിനുമിടയിൽ പഴക്കമുള്ള 45 ബസുകളും പത്ത് വർഷത്തിന് മുകളിൽ പഴക്കമുള്ള 24 ബസുകളുമുണ്ട്. നിലവിലുള്ള ഷെഡ്യൂളുകളുടെ എണ്ണം 88 ആണ്. 2017 ജനുവരിക്കുശേഷം ഷെഡ്യൂളുകളൊന്നും വെട്ടിക്കുറച്ചിട്ടില്ല.

(ബി) ഇവിടെ ഫാസ്റ്റ് പാസ്സഞ്ചർ സർവ്വീസ് നടത്തുന്നതിന് യോഗ്യമായ 13 ബസുകളുണ്ട്. അവയുടെ നമ്പർ യഥാക്രമം RSC 338, RSM 372, RSM 565, RSM 726, RPA 09, RPA 458, RSC 340, RPC 626, RPC 796, ATA 66, ATA 267, ATA 266, RSA 972 എന്നിങ്ങനെയാണ്. ഫാസ്റ്റ് പാസ്സഞ്ചർ സർവ്വീസിന് യോഗ്യമല്ലാത്ത ബസുകൾ പ്രസ്തുത സർവ്വീസുകൾ നടത്തുന്നില്ല.

(സി) പുതിയ ബസുകൾ നിരത്തിലിറക്കുന്ന മുറയ്ക്ക് അനുവദിക്കുന്നതാണ്.

**പുതിയ കെ.എസ്ആർ.ടി.സി. ഡിപ്പോ**

286 (1625) <u>ശ്രീ. പി. ജെ. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴയിൽ പുതിയ കെ.എസ്.ആർ.ടി.സി. ഡിപ്പോ എന്നത്തേക്ക് പ്രവർത്തനക്ഷമമാകും എന്നറിയിക്കുമോ; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഈ ഡിപ്പോയ്ക്ക് ആവശ്യമായ ഫയർ & സേഫ്റ്റി വർക്കുകൾ പൂർത്തിയാക്കുന്നതിന് നടപടി കൈക്കൊണ്ടിട്ടുണ്ടോ; വിശദമാക്കുമോ ?

ഉത്തരം

(എ&ബി) തൊടുപുഴ ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സിന്റെ ഇലക്ട്രിക്കൽ ജോലികളുടെ ടെണ്ടർ ക്ഷണിച്ച് പ്രവൃത്തി നടന്നുവരുന്നു. Firefighting-ന് 5 തവണ ഇ-ടെണ്ടർ വിളിച്ചുകഴിഞ്ഞ് ലഭിച്ച ടെണ്ടർ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്നു. കൂടാതെ Sewage Treatment plant-ന്റെ എസ്റ്റിമേറ്റ് verification നടക്കുന്നു. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഇ-ടെണ്ടർ വിളിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. ഇത്രയും ജോലികൾ പൂർത്തീകരിച്ചാൽ മാത്രമേ ബിൽഡിംഗ് പെർമിറ്റ് ലഭിക്കുകയുള്ളൂ. പെർമിറ്റ് ലഭ്യമാകുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കുവാൻ കഴിയും.

**തിരുവനന്തപുരം-ബത്തേരി മിന്നൽ സർവ്വീസ്**

287 (1626) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദീർഘദൂര യാത്രക്കാരെ ആകർഷിക്കുന്നതിനായി ആരംഭിച്ച തിരുവനന്തപുരം-സുൽത്താൻബത്തേരി 'മിന്നൽ' സർവ്വീസിന്റെ പ്രത്യേകതകൾ എന്തെല്ലാം ;

(ബി) പ്രസ്തുത സർവ്വീസിന് എവിടെയെല്ലാം സ്റ്റോപ്പുകൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) സർവ്വീസിന് മുക്കത്ത് സ്റ്റോപ്പ് അനുവദിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സ്റ്റോപ്പുകൾ പരിമിതപ്പെടുത്തി ചാർജ് വർദ്ധനവ് ഇല്ലാതെ സമയക്ലിപ്തത പാലിച്ച് യാത്രക്കാരെ സുരക്ഷിതമായി ലക്ഷ്യസ്ഥാനത്തേക്ക് എത്തിക്കുന്നതിലേക്കായി മെച്ചപ്പെട്ട സൗകര്യങ്ങളോടുകൂടിയ (Passenger Friendly) ബസുകൾ ഉപയോഗിച്ച് ബൈപ്പാസ് നൈറ്റ് റൈഡറുകളായി മിന്നൽ സർവ്വീസുകൾ എന്ന പേരിൽ പുതിയതരം സർവ്വീസുകൾ കെ.എസ്.ആർ.ടി.സി. ആരംഭിച്ചിട്ടുണ്ട്. മിന്നൽ എന്നാൽ അമിത വേഗത എന്നല്ല, മറിച്ച് സാഹചര്യങ്ങൾ പരമാവധി പ്രയോജനപ്പടുത്തിയും സ്റ്റോപ്പുകൾ പരിമിതപ്പെടുത്തിയും ഡിപ്പോകൾ കയറിയിറങ്ങുന്നതിനുള്ള കാലതാമസം ഒഴിവാക്കിയും ബൈപ്പാസുകൾ പ്രയോജനപ്പെടുത്തിയും പരമാവധി നേരത്തെ ലക്ഷ്യസ്ഥാനത്ത് എത്തുക എന്നാണ് ഉദ്ദേശിക്കുന്നത്. കേവലം 6 മണിക്കൂർ കൊണ്ട് ഓടിയെത്താവുന്നതാണ്

കേരളത്തിലെ തെക്ക്-വടക്ക് ദൂരം. ഗതാഗതക്കുരുക്കും ദേശീയ പാതയുടെ അപര്യാപ്തതയും വിലങ്ങാകുമ്പോൾ ലഭ്യമായ ബൈപ്പാസുകൾ പരമാവധി പ്രയോജനപ്പെടുത്തുകയെന്ന പുത്തൻ തന്ത്രമാണ് ഇത്തരം സർവ്വീസുകളിലൂടെ പ്രായോഗികമാക്കുന്നത്. മെച്ചപ്പെട്ട യാത്രാസൗകര്യത്തിനപ്പുറം ആധുനിക GPS സമ്പ്രദായത്തിലൂടെ നടത്തുന്ന ട്രാക്കിംഗും മൊബൈൽ ആപ്പും ഉപയുക്തമാക്കി "സുഖയാത്ര, സുരക്ഷിത യാത്ര" എന്ന ലക്ഷ്യ സാക്ഷാൽക്കാരത്തിലേക്ക് എത്തുക എന്നതാണ് മിന്നൽ സർവ്വീസുകളുടെ ലക്ഷ്യം.

(ബി) കഴക്കൂട്ടം, കൊല്ലം, ആലപ്പുഴ, എറണാകുളം, അങ്കമാലി (റിക്വസ്റ്റ്), തൃശ്ശൂർ, പെരിന്തൽമണ്ണ, മഞ്ചേരി, അരീക്കോട്, കൽപ്പറ്റ എന്നിവിടങ്ങളിൽ സ്റ്റോപ്പുകൾ അനുവദിച്ചിട്ടുണ്ട്.

(സി) മുക്കത്ത് സ്റ്റോപ്പ് അനുവദിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല.

**അന്തർ സംസ്ഥാന സർവ്വീസുകൾ**

288 (1627) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഏതെല്ലാം ഡിപ്പോകളിൽ നിന്നും കെ.എസ്.ആർ.ടി.സി. അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത സർവ്വീസുകളുടെ ശരാശരി പ്രതിദിന കളക്ഷൻ എത്ര; വിശദമാക്കുമോ;പ്രസ്തുത സർവ്വീസുകളുടെ വിശദാംശങ്ങൾ എന്തെല്ലാം ;

(സി) കൊട്ടാരക്കര ഡിപ്പോയിൽ നിന്നും ഏതെല്ലാംഭാഗത്തേക്ക് അന്തർസംസ്ഥാന സർവ്വീസുകൾ ആരംഭിക്കണമെന്ന ആവശ്യം ഉന്നയിച്ചിരുന്നു; അതിന്മേൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കുമോ?

**ഉത്തരം**

(എ&ബി) അനുബന്ധമായി *ചേർത്തിട്ടുണ്ട്.

(സി) കൊട്ടാരക്കര ഡിപ്പോയിൽനിന്നും കൊട്ടാരക്കര ഗണപതിക്ഷേത്രം - മധുര മീനാക്ഷി അമ്മൻ ക്ഷേത്രം, കൊട്ടാരക്കര-ഊട്ടി, കൊട്ടാരക്കര-മൈസൂർ, കൊട്ടാരക്കര-കന്യാകുമാരി എന്നിവിടങ്ങളിലേക്ക് അന്തർസംസ്ഥാന സർവ്വീസുകൾ ആരംഭിക്കുവാൻ ബഹു. എം.എൽ.എ. 14-3-2017-ൽ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ അന്തർ സംസ്ഥാന കരാർ പ്രകാരമാണ് കെ.എസ്.ആർ.ടി.സി. അന്തർ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സംസ്ഥാന സർവ്വീസുകൾ നടത്തി വരുന്നത്. റൂട്ട് സംബന്ധിച്ച് കരാറുകൾ കർണ്ണാടകയിലെയും തമിഴ്നാടിലെയും സ്റ്റേറ്റ് ട്രാൻസ്പോർട്ട് അണ്ടർടേക്കിംഗുകളുമായി 2014-15 വർഷത്തിൽ തന്നെ കെ.എസ്.ആർ.ടി.സി പൂർത്തീകരിച്ചിട്ടുള്ളതിനാൽ ടി റൂട്ടുകൾ അന്തർ സംസ്ഥാന കരാറുകളിൽ ഉൾപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല.

**വാഹനാപകടങ്ങൾ കുറയ്ക്കൽ**

289 (1628) ശ്രീ. ജെയിംസ് മാത്യു:
ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ച് വരുന്ന വാഹനാപകടങ്ങൾ കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) അമിത വേഗതയിൽ വാഹനം ഓടിക്കുന്നവരെ കണ്ടു പിടിക്കുന്നതിനായി ഹൈവേകളിലും മറ്റ് തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിലും നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രായപൂർത്തിയാകാത്ത കുട്ടികൾ വാഹനങ്ങൾ ഓടിക്കുന്നത് കർശനമായി നിരീക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നുവ്യക്തമാക്കാമോ;

(ഡി) ഇതിലേയ്ക്കായി രക്ഷകർത്താക്കൾ, സ്കൂൾ അധികൃതർ, അദ്ധ്യാപകർ എന്നിവരെ ഉൾപ്പെടുത്തി സ്കൂളുകളിൽ പ്രവർത്തിക്കുന്ന റോഡ് സുരക്ഷാ ക്ലബ്ബുകൾ മുഖേന വിദ്യാർത്ഥികൾക്ക് ബോധവൽക്കരണം നടത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) അമിത വേഗത റോഡപകടങ്ങൾ സൃഷ്ടിക്കുന്നതിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നുവെന്ന് മനസ്സിലാക്കി വാഹനങ്ങളുടെ അമിതവേഗത നിയന്ത്രിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി സ്റ്റേജ് ക്യാരേജുകളിലും ഹെവി വാഹനങ്ങളിലും സ്കൂൾ വാഹനങ്ങളിലും സ്പീഡ് ഗവേർണർ

നിർബന്ധമാക്കിയിട്ടുണ്ട്. സ്പീഡ് ട്രേസറുകൾ, മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് എന്നിവ ഉപയോഗിച്ചുള്ള വാഹന പരിശോധനകളിലും ഓഫീസ് തലങ്ങളിൽ നടത്തപ്പെടുന്ന ചെക്കിംഗുകളിലും അമിതവേഗതയിലോടുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇത് കൂടാതെ മോട്ടോർ വാഹന വകുപ്പന്റെ കീഴിൽ ഡ്രൈവർമാർക്ക് നൽകുന്ന പരിശീലനങ്ങളിൽ അമിതവേഗതക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്.

'റോഡ് സുരക്ഷയ്ക്കായി ഒരു ദശകം' എന്ന ലോകാരോഗ്യ സംഘടന തുടക്കമിട്ട പരിപാടി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽ നിന്നും മോട്ടോർ വാഹന വകുപ്പിനനുവദിച്ച ഫണ്ടുപയോഗിച്ച് പ്രീ ഡ്രൈവേഴ്സ് ടെസ്റ്റ് പരിശീലനം, ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടർമാർക്കുള്ള പരിശീലനം, ട്രാൻസ്പോർട്ട്/ നോൺ ട്രാൻസ്പോർട്ട് ഡ്രൈവർമാരിൽ അവബോധം വളർത്തുന്നതിനായി നടത്തുന്ന പരിശീലന പരിപാടികൾ മുതലായവ നടപ്പിലാക്കി വരുന്നു. ഇതിനു പുറമെ ടിപ്പർ ലോറി, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വാഹനങ്ങൾ എന്നിവയിലെ ഡ്രൈവർമാർക്കും പരിശീലനം കൊടുത്തുവരുന്നു. മദ്യപിച്ചും അശ്രദ്ധമായും വാഹനം ഉപയോഗിക്കുന്നവർക്കെതിരെ ലൈസൻസ് കണ്ടുകെട്ടുകയും സസ്പെൻഷൻ, പിഴ ഈടാക്കൽ തുടങ്ങിയ നടപടികളും നടപ്പിലാക്കിവരുന്നു.

റോഡ് സുരക്ഷയ്ക്കായി ഒരു ദശകം എന്ന ലോകാരോഗ്യ സംഘടന ആഹ്വാനം ചെയ്ത പരിപാടിയുടെ ഭാഗമായി കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ ധനസഹായത്തോടെ ബോധവൽക്കരണ പരിപാടി നടന്നുവരുന്നു. ഈ പരിപാടി ഇപ്പോഴും തുടരുന്നു.

മേഖലാ തലത്തിൽ അത്യാധുനിക റഡാർ സംവിധാനമുള്ള ഇന്റർസെപ്റ്ററുകൾ ഉപയോഗിച്ചും വാഹനങ്ങളുടെ അമിതവേഗത കണ്ടുപിടിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറകെ വാഹനാപകടങ്ങളുടെ സാന്ദ്രത കൂടിയ ബ്ലാക്ക് സ്പോട്ടുകൾ കണ്ടുപിടിച്ച് പൊതുമരാമത്ത് വകുപ്പ് തുടങ്ങി മറ്റ് വകുപ്പുകളുടെ സഹായത്തോടുകൂടി തിരുത്തൽ നടപടികൾ സ്വീകരിച്ചുവരുന്നു.

റോഡപകടങ്ങൾ നിയന്ത്രിക്കുന്നതിനും റോഡ് സുരക്ഷാ നടപടികൾ കൂടുതൽ ഫലവത്തായി നടത്തുന്നതിനും വകുപ്പിന് ഒരു എൻഫോഴ്സ്മെന്റ് വിംഗ് സർക്കാർ അനുവദിക്കുകയും പ്രവർത്തനം തുടങ്ങുകയും ചെയ്തിട്ടുണ്ട്.

ദൃശ്യ-ശ്രാവ്യ-അച്ചടി മാധ്യമങ്ങളുടെ സാദ്ധ്യത ഉപയോഗിച്ച് റോഡ് സുരക്ഷ സംബന്ധിച്ച് പൊതുജനങ്ങളിൽ ബോധവൽക്കരണം നടത്തി അച്ചടക്കമുള്ള ഒരു ട്രാഫിക് സംസ്കാരം രൂപപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. റോഡ് സുരക്ഷാ ബോധവൽക്കരണം വ്യാപകമാക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ സാദ്ധ്യമാകുന്ന എല്ലാ സിനിമാ തീയേറ്ററുകളിലൂടെയും റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട ഹ്രസ്വ ചിത്രങ്ങൾ സംപ്രേക്ഷണം ചെയ്യുന്നതിനായി പോലീസ് ട്രാഫിക് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. രാത്രികാല എയർപോർട്ട് യാത്രാപകടങ്ങൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി രാത്രികാല സവാരി നടത്തുന്ന ഡ്രൈവർമാരെയും യാത്രക്കാരെയും ബോധവൽക്കരിക്കുന്നതിനായി കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ നേതൃത്വത്തിൽ അച്ചടിച്ച ലീഫ്ലെറ്റുകൾ കേരളത്തിലെ മൂന്ന് അന്താരാഷ്ട്ര വിമാനത്താവളങ്ങളുടെ പരിധിയിൽ വരുന്ന റീജിയണൽ ട്രൻസ്പോർട്ട് ഓഫീസർമാരുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ രാത്രികാലങ്ങളിൽ വിതരണം ചെയ്തിട്ടുണ്ട്. വാഹന ഡ്രൈവർമാരെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി അതോറിറ്റിയുടെ നേതൃത്വത്തിൽ അച്ചടിച്ച റോഡ് റെഗുലേഷൻസ് എന്ന ലീഫ്ലെറ്റുകൾ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ മുഖേന എല്ലാ ജില്ലകളിലും വിതരണം ചെയ്തിട്ടുണ്ട്. ബോധവൽക്കരണ പരിപാടികൾ കൂടാതെ പോലീസ് മോട്ടോർവാഹന വകുപ്പുകൾ നിരന്തരമായി വാഹനപരിശോധന നടത്തുന്നുണ്ട്.

(ബി) അമിതവേഗതയിൽ പോകുന്ന വാഹനങ്ങളെ പിടികൂടുവാൻ ചേർത്തല മുതൽ മഞ്ചേശ്വരം വരെ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. റോഡ് സുരക്ഷാ അതോറിറ്റിയുടെ സാമ്പത്തിക സഹായത്തോടെയാണ് ഇവ സ്ഥാപിച്ചത്. ഇതു കൂടാതെ സംസ്ഥാന വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കൊല്ലം, കോട്ടയം, എറണാകുളം, കണ്ണൂർ എന്നീ ജില്ലകളിലും ക്യാമറകൾ സ്ഥാപിച്ചു. നിലവിൽ വാളയാർ-വടക്കാഞ്ചേരി പാതയിൽ ക്യാമറകൾ സ്ഥാപിക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

(സി&ഡി) പ്രായപൂർത്തിയാവാത്ത കുട്ടികൾ സ്കൂളിൽ പോകുന്നതിനും മറ്റ് ആവശ്യങ്ങൾക്കുമായി ഇരുചക്ര വാഹനങ്ങൾ സംസ്ഥാനവ്യാപകമായി ഉപയോഗിക്കുന്നതായും ഇതുമൂലം ഗുരുതരമായ അപകടങ്ങൾക്ക് കാരണമാകുന്നതും ശ്രദ്ധയിൽപ്പെട്ടതിനാൽ മോട്ടോർ വാഹന വകുപ്പ് കർശനമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പ്രായപൂർത്തിയാവാത്ത വിദ്യാർത്ഥികൾ വാഹനങ്ങൾ ഓടിക്കാതിരിക്കാനും ഉപയോഗിക്കുന്നവരുടെ ഡ്രൈവിംഗ് ലൈസൻസ് പരിശോധിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിലേക്കായി രക്ഷകർത്താക്കൾ, സ്കൂൾ അധികൃതർ, അദ്ധ്യാപക രക്ഷാകർതൃസമിതി എന്നിവരെ ഉൾക്കൊള്ളിച്ചുകൊണ്ട് സ്കൂളുകളിൽ പ്രവർത്തിക്കുന്ന റോഡ് സുരക്ഷാ ക്ലബുകൾ മുഖേന ആവശ്യമായ ബോധവൽക്കരണം നടത്താൻ നടപടികൾ

സ്വീകരിച്ചുവരുന്നുണ്ട്. ലൈസൻസ് ഇല്ലാതെ വാഹനമോടിച്ച് സ്കൂളുകളിൽ എത്തുന്നത് തടയുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റോഡ് സുരക്ഷാ ബോധവൽക്കരണ ക്ലാസ്സുകളിൽ ഇതു സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശം നൽകുന്നുണ്ട്. സ്കൂൾ അധികൃതർക്ക് ഇതു സംബന്ധിച്ച നിർദ്ദേശം നൽകിയിട്ടുണ്ട്. വാഹന പരിശോധനാസമയത്ത് ഇക്കാര്യത്തിൽ ശ്രദ്ധ പതിപ്പിക്കാറുണ്ട്. ഹെൽമറ്റ് പരിശോധനയും കർശനമാക്കിയിട്ടുണ്ട്.

## സർവ്വീസുകൾ മുടങ്ങൽ

290 (1629) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ ഈരാറ്റുപേട്ട ഡിപ്പോയിൽ ഡ്രൈവർമാരുടെ കുറവു മൂലം ബസ് സർവ്വീസുകൾ മുടങ്ങുന്നതു കൊണ്ട് ജനങ്ങൾ ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് എം.എൽ.എ. 17-7-2017 ൽ ബഹു. മന്ത്രിയ്ക്കും മാനേജിംഗ് ഡയറക്ടർക്കും കത്തുകൾ നൽകിയ പ്രകാരം എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ( 17-7-2017 Letter No. MLA-PNJR/208/17-18/ Dated)

(സി) ഇല്ലെങ്കിൽ അടിയന്തര നടപടികൾ സ്വീകരിയ്ക്കുമോ?

### ഉത്തരം

(എ) ഡ്രൈവർമാരുടെ കുറവുകൊണ്ട് സർവ്വീസുകൾ റദ്ദ് ചെയ്യപ്പെടുന്നില്ല. എന്നാൽ ഡ്രൈവർ വിഭാഗം ജീവനക്കാരുടെ കുറവുണ്ട്.

(ബി&സി) ഡ്രൈവർ തസ്തികയിലെ പൊതുസ്ഥലം മാറ്റവുമായി ബന്ധപ്പെട്ട് ഡ്രൈവർമാരെ പുനർവിന്യസിച്ചുകൊണ്ട് ഉത്തരവ് നൽകിയിട്ടുണ്ട്.

## നിർത്തലാക്കിയ സർവ്വീസുകൾ

291 (1630) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ്, പയ്യന്നൂർ, കാഞ്ഞങ്ങാട് കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽനിന്നും എത്ര സർവ്വീസുകൾ നിർത്തലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ലാഭത്തിൽ പ്രവർത്തിച്ചിരുന്ന എത്ര സർവ്വീസുകളാണ് നിർത്തലാക്കിയത് ; നിർത്തലാക്കിയ സർവ്വീസുകളുടെ ശരാശരി പ്രതിദിന വരുമാനം എത്രയായിരുന്നു ; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ്, പയ്യന്നൂർ, കാഞ്ഞങ്ങാട് കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ നിന്നുള്ള സർവ്വീസുകളൊന്നും നിർത്തലാക്കിയിട്ടില്ല.

**വിദ്യാർത്ഥികൾക്ക് കൺസഷൻ ടിക്കറ്റ്**

292 (1631) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ പറമ്പിക്കുളം നെല്ലിയാമ്പതി മലനിരകളിലുള്ള വിദ്യാർത്ഥികൾക്ക്, കെ. എസ്. ആർ.ടി.സി. കൺസഷൻ സൗകര്യം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ബി) നിലവിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) നെല്ലിയാമ്പതി മേഖലയിലുള്ള വിദ്യാർത്ഥികൾക്ക് കൺസഷൻ ടിക്കറ്റ് സൗകര്യം കെ.എസ്.ആർ.ടി.സി നൽകുന്നുണ്ട്. ഈ അദ്ധ്യായന വർഷം ഈ മേഖലയിൽ 125 കൺസഷൻ കാർഡുകൾ ഇതുവരെ അനുവദിച്ചിട്ടുണ്ട്. പറമ്പിക്കുളത്തേക്ക് നിലവിൽ ഒരു അന്തർസംസ്ഥാന സർവ്വീസ് മാത്രമാണുള്ളത്. ആയതിനാൽ ടി ബസിൽ വിദ്യർത്ഥി കൺസഷൻ അനുവദിക്കുവാൻ കഴിയില്ല.

**വിദ്യാർത്ഥികൾക്ക് കൺസഷൻ**

293 (1632 ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. സർവ്വീസ് മാത്രമുള്ള പ്രദേശങ്ങളിൽ സ്വകാര്യ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ.ടി.സി. കൺസഷൻ അനുവദിക്കുന്നതിന് തടസ്സമുണ്ടോ;

(ബി) എങ്കിൽ അതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കെ.എസ്.ആർ.ടി.സി. സർവ്വീസ് മാത്രമുള്ള പ്രദേശങ്ങളിലും കെ.എസ്.ആർ.ടി.സി.-യുടെ ഒന്നിൽ കൂടുതൽ ഓർഡിനറി സർവ്വീസുകൾ നടത്തുന്ന പ്രദേശങ്ങളിലും സർക്കാർ/സ്വകാര്യ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് കൺസഷൻ അനുവദിക്കുന്നതിൽ തടസ്സമില്ല.

## മോട്ടോർ വാഹന വകുപ്പിലെ ഓൺലൈൻ സേവനങ്ങൾ

294 (1633) ശ്രീ. എം. സ്വരാജ്:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിൽ നിലവിൽ എന്തെല്ലാം സേവനങ്ങളാണ് ഓൺലൈനിൽ ലഭ്യമാകുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പൊതുജനങ്ങൾക്ക് സൗകര്യപ്രദമായ രീതിയിൽ ഡ്രൈവിംഗ് ലൈസൻസ്, വാഹന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ തുടങ്ങിയവ ഓൺലൈൻ വഴി ലഭ്യമാകുന്നുണ്ടോ;

(സി) ലൈസൻസ് സ്മാർട്ട് കാർഡ് രീതിയിലാക്കുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളിൽ മോട്ടോർ വാഹന വകുപ്പിന്റെ സേവനങ്ങൾ നിർത്തിവെച്ചത് പുനരാരംഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ?

### ഉത്തരം

(എ) മോട്ടോർ വാഹന വകുപ്പിൽ ചുവടെപ്പറയുന്ന ഓൺലൈൻ സേവനങ്ങൾ നൽകുന്നു:

1. പുതിയ ലേണേഴ്സ് ലൈസൻസ്.
2. ലൈസൻസ് പർട്ടിക്കുലേഴ്സ്.
3. ഡ്രൈവിംഗ് ലൈസൻസിൽ അഡ്രസ്സ് മാറ്റൽ.
4. പുതിയ ബാഡ്ജ്.
5. അഡീഷണൽ ഓഫ് ക്ലാസ്സ് ഡ്രൈവിംഗ് ലൈസൻസ്.
6. ഡ്യൂപ്ലിക്കേറ്റ് ഡ്രൈവിംഗ് ലൈസൻസ്.
7. ലൈസൻസ് പുതുക്കൽ.
8. ഡ്രൈവിംഗ് ലൈസൻസ് മാറ്റുന്നതിന് (മറ്റു സംസ്ഥാനങ്ങൾ).
9. ഇന്റർ നാഷണൽ ഡ്രൈവിംഗ് പെർമിറ്റിനുള്ള അപേക്ഷ.

10. ആർ.സി.പർട്ടിക്കുലേഴ്സ്.

11. ഡ്യൂപ്ലിക്കേറ്റ് ആർ.സി.

12. ആർ.സി.യിൽ അഡ്രസ്സ് മാറ്റൽ.

13. രജിസ്ട്രേഷൻ പുതുക്കൽ.

14. എൻഡോഴ്സ് ഓഫ് ഹൈപ്പോത്തിക്കേഷൻ.

15. ക്യാൻസൽ ഓഫ് ഹൈപ്പോത്തിക്കേഷൻ.

16. ട്രാൻസ്ഫർ ഓഫ് ഓണർഷിപ്പ്.

17. നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്.

18. റീ അസൈൻമെന്റ്.

19. ബുക്കിംഗ് ഓഫ് സി.എഫ്.ടെസ്റ്റ് തീയതി.

(ബി) പൊതുജനങ്ങൾക്ക് മോട്ടോർ വാഹന വകുപ്പിന്റെ വെബ്സൈറ്റിലൂടെ ഡ്രൈവിംഗ് ലൈസൻസ്, വാഹന രജിസ്ട്രേഷൻ തുടങ്ങിയ സേവനങ്ങൾക്ക് ഓൺലൈനായി അപേക്ഷ നൽകുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) ഡ്രൈവിംഗ് ലൈസൻസ് സ്മാർട്ട് കാർഡ് ആയിട്ട് നൽകുന്നതുമായി ബന്ധപ്പെട്ടുള്ള 8-2-2017-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ8/2017/ഗതാ പ്രകാരം മോട്ടോർ വാഹന വകുപ്പ് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. എന്നാൽ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ ഒരു കേസ് നിലവിലുണ്ട്.

(ഡി) ജനബാഹുല്യം കൂടിയ ജില്ലകളായ തിരുവനന്തപുരം, എറണാകുളം, മലപ്പുറം, കോഴിക്കോട് എന്നിവിടങ്ങളിൽ ഫ്രണ്ട്സ് ജനസേവന കേന്ദ്രം മുഖേനയുള്ള മോട്ടോർ വാഹന വകുപ്പിന്റെ സേവനങ്ങൾ പുനരാരംഭിച്ചിട്ടുണ്ട്.

## മോട്ടോർ വാഹനനിയമ ഭേദഗതി ബിൽ

295 (1634) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. വി. ടി. ബൽറാം :

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ 2016-ലെ മോട്ടോർ വാഹനനിയമ ഭേദഗതി ബിൽ സംസ്ഥാനങ്ങളുടെ അവകാശങ്ങളിന്മേലുള്ള കടന്നുകയറ്റമാണെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ബില്ലിലെ ഏതെല്ലാം വകുപ്പുകളാണ് സംസ്ഥാന താൽപ്പര്യങ്ങൾക്ക് എതിരായിട്ടുള്ളതെന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത നിയമഭേദഗതി കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനത്തെ എപ്രകാരമാണ് ദോഷകരമായി ബാധിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) എങ്കിൽ ഈ നിയമഭേദഗതിക്കെതിരെ സംസ്ഥാനത്തിന്റെ നിലപാട് കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ കേന്ദ്ര പ്രതികരണം വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾക്ക് ദ്രോഹകരമായ വകുപ്പുകൾ കേന്ദ്ര നിയമത്തിൽ ഉൾപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേന്ദ്ര സർക്കാർ പുതുതായി പാർലമെന്റിൽ അവതരിപ്പിച്ചിട്ടുള്ള വാഹന നിയമം കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളെ എങ്ങനെ ബാധിക്കുമെന്ന് പഠിച്ചിട്ടുണ്ട്. പ്രധാനമായും ബാധിക്കുന്നവ ചുവടെ ചേർക്കുന്നു:

(1) 1998-ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 9(4) ഭേദഗതി ചെയ്യുന്നതിനായി നിർദ്ദിഷ്ട മോട്ടോർ വാഹന നിയമ ഭേദഗതിയിലെ ഉപവാക്യം 5 (iii) പ്രകാരം അവതരിപ്പിച്ചിട്ടുള്ള പുതിയ ഭേദഗതി പ്രകാരം ട്രാൻസ്പോർട്ട് വാഹനം ഓടിക്കുന്നതിന് കേന്ദ്രസർക്കാർ നിഷ്കർഷിക്കുന്ന നിശ്ചിത വിദ്യാഭ്യാസ യോഗ്യത ഉണ്ടായിരിക്കണമെന്നുള്ള വ്യവസ്ഥ ഒഴിവാക്കിയിട്ടുണ്ട്.

റോഡ് സേഫ്റ്റിയുമായി ബന്ധപ്പെട്ട അടയാളങ്ങളും നിയന്ത്രണങ്ങളും മനസ്സിലാക്കുവാൻ കുറഞ്ഞൊരു വിദ്യാഭ്യാസ യോഗ്യതയെങ്കിലും ആവശ്യമായതിനാൽ വിദ്യാഭ്യാസ യോഗ്യത നിഷ്കർഷിക്കുന്നതിനുള്ള അധികാരം നിലനിർത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

(2) 1988-ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 14(2)(ബി) ഭേദഗതി ചെയ്യുന്നതിനായി നിർദ്ദിഷ്ട മോട്ടോർ വാഹന നിയമ ഭേദഗതിയിലെ ഉപവാക്യം 9(ii) പ്രകാരം അവതരിപ്പിച്ചിട്ടുള്ള പുതിയ ഭേദഗതി പ്രകാരം നോൺ ട്രാൻസ്പോർട്ട് വാഹനം ഓടിക്കുന്നതിനുള്ള ഡ്രൈവിംഗ് ലൈസൻസിന്റെ കാലാവധി നിർണ്ണയിക്കുന്നത് ലൈസൻസ് ഹോൾഡറുടെ വയസ്സിന്റെ അടിസ്ഥാനത്തിലായിരിക്കും.

ഈ സമ്പ്രദായം സങ്കീർണ്ണമായതിനാലും വളരെയധികം ആശയക്കുഴപ്പം സൃഷ്ടിക്കുമെന്നതിനാലും പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നതിനുള്ള സാദ്ധ്യതയുണ്ട്. ആയതിനാൽ നിലവിലുള്ള സ്ഥിതിതന്നെ തുടരണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

(3) നിലവിലെ മോട്ടോർ വാഹന നിയമം അനുസരിച്ച് ലൈസൻസ് കാലാവധി തീർന്ന തീയതി മുതൽ 5 വർഷത്തിനുള്ളിൽ പുതുക്കി എടുക്കാമായിരുന്നു. എന്നാൽ 1988-ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 15(4) ഭേദഗതി ചെയ്യുന്നതിനായി നിർദ്ദിഷ്ട മോട്ടോർ വാഹന നിയമ ഭേദഗതിയിലെ ഉപവാക്യം 10 (iii)(ബി) പ്രകാരം അവതരിപ്പിച്ചിട്ടുള്ള പുതിയ ഭേദഗതി പ്രകാരം 5 വർഷ കാലാവധി 6 മാസമായി കുറച്ചിരിക്കുകയാണ്.

മറ്റ് സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമാണ് കേരളത്തിന്റെ സ്ഥിതി. നമ്മുടെ സംസ്ഥാനത്ത് വലിയൊരു വിഭാഗം ആളുകൾ അന്യരാജ്യങ്ങളിൽ ജോലി ചെയ്യുന്നവരാണ്. രണ്ടോ മൂന്നോ വർഷത്തിലൊരിക്കലായിരിക്കും അവർ മാതൃരാജ്യത്തേക്ക് വരിക. ഇത്തരം സന്ദർഭങ്ങളിൽ തങ്ങളുടെ ലൈസൻസ് പുതുക്കി എടുക്കുക എന്നുള്ളത് വളരെ ബുദ്ധിമുട്ടുള്ള കാര്യമായിരിക്കും. ആയതിനാൽ 6 മാസം എന്നുള്ളത് മാറ്റി ഏറ്റവും കുറഞ്ഞത് 2 വർഷമെങ്കിലും നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

(4) 1988-ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 44(1) ഭേദഗതി ചെയ്യുന്നതിനായി നിർദ്ദിഷ്ട മോട്ടോർ വാഹന നിയമ ഭേദഗതിയിലെ ഉപവാക്യം 18-ന് അവതരിപ്പിച്ചിട്ടുള്ള പുതിയ ഭേദഗതി പ്രകാരം പുതുതായി രജിസ്റ്റർ ചെയ്യുന്നതിനായി വാഹനം പരിശോധനയ്ക്കായി ഹാജരാക്കേണ്ടതില്ല.

വാഹന പരിശോധന ഒഴിവാക്കുകയാണെങ്കിൽ സാങ്കേതികമായും സുരക്ഷാപരമായും നിലവാരമില്ലാത്ത വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള സാദ്ധ്യത വളരെ കൂടുതലാണ്. ഇത് ആത്യന്തികമായി വാഹന ഉടമയ്ക്ക് ബുദ്ധിമുട്ടുകൾ സൃഷ്ടിക്കും. വാഹന പരിശോധനയുടെ അഭാവം ഫോറം 21-ൽ രേഖപ്പെടുത്തിയിരിക്കുന്നതിൽനിന്നും വ്യത്യസ്തമായ ചേസിസ് നമ്പർ/എഞ്ചിൻ നമ്പർ ഉള്ള വാഹനങ്ങളുടെ രജിസ്ട്രേഷനിലേക്ക് വഴി തെളിയിക്കുന്നതിനുള്ള സാദ്ധ്യത കൂടുതലാണ്.

വാഹനം അപകടത്തിൽപെടുകയാണെങ്കിൽ ചേസിസ് നമ്പർ/എഞ്ചിൻ നമ്പർ വ്യത്യസ്തമായതിനാൽ വാഹന ഉടമയ്ക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള സാദ്ധ്യത ഇല്ലാതാവും. ആയതിനാൽ വാഹനം രജിസ്റ്റർ ചെയ്യുമ്പോഴുള്ള വാഹന പരിശോധന നിലനിർത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

(5) 1988-ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 56(1) ഭേദഗതി ചെയ്യുന്നതിനായി നിർദ്ദിഷ്ട മോട്ടോർ വാഹന നിയമ ഭേദഗതിയിലെ ഉപവാക്യം 22(i) പ്രകാരം അവതരിപ്പിച്ചിട്ടുള്ള പുതിയ ഭേദഗതി പ്രകാരം 1-10-2018 മുതൽ വാഹനം ഓട്ടോമേറ്റഡ് ടെസ്റ്റിംഗ് സ്റ്റേഷനിൽ ടെസ്റ്റ് ചെയ്തിട്ടില്ലെങ്കിൽ അത്തരം വാഹനങ്ങൾക്ക് ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നൽകേണ്ടതില്ല.

ഇത് അപ്രായോഗികമായതിനാൽ കൂടുതൽ സമയം അനുവദിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഇന്ത്യയിലെ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അണ്ടർടേക്കിംഗുകൾക്ക് 1988-ലെ മോട്ടോർ വെഹിക്കിൾ ആക്ടിലെ ചാപ്റ്റർ VI-ൽ അനുവദിച്ചിട്ടുള്ള പ്രത്യേക അവകാശങ്ങൾ എടുത്തുകളഞ്ഞ് സ്വകാര്യ മേഖലയെ കൂടുതൽ പ്രോത്സാഹിപ്പിക്കുക എന്നതാണ് ഇപ്പോഴത്തെ പ്രധാന ഭേദഗതി നിർദ്ദേശം. അതോടൊപ്പം പട്ടണങ്ങളിലും പട്ടണങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ടും എല്ലാവിധ ഗതാഗത സൗകര്യങ്ങളും ഉപയോഗിച്ച് ഒരു സമാന്തര നവീന ഗതാഗത സംവിധാനം ഒരുക്കുന്നതിനും നിർദ്ദേശമുണ്ട്. ഈ രണ്ട് നിർദ്ദേശങ്ങളും നടപ്പിൽ വന്നാൽ ഇന്ത്യയിലെ മുഴുവൻ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അണ്ടർടേക്കിംഗുകളും അടച്ചുപൂട്ടുന്നതിന് വഴിയൊരുക്കുകയും ആർക്കും പെർമിറ്റ് കരസ്ഥമാക്കി എവിടെ വേണമെങ്കിലും അവരുടെ സൗകര്യാർത്ഥം ബസ് സർവ്വീസ് നടത്തുവാൻ കഴിയുകയും ചെയ്യുന്ന അവസ്ഥ വന്നുചേരുന്നതാണ്. അതോടൊപ്പം ഇപ്പോൾ യാത്രാനിരക്ക് നിശ്ചയിക്കുന്നതിന് സർക്കാരിനും ആർ.റ്റി.സി.കൾക്കുമുള്ള അവകാശങ്ങൾ പൂർണ്ണമായി ഇല്ലാതാക്കാനും ജനങ്ങൾ സ്വകാര്യ/സമാന്തര ലോബികളുടെ ചൂഷണത്തിന് വിധേയമാകുവാനും സാദ്ധ്യതയുണ്ട്.

(ഡി) അറിയിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ പ്രതികരണം കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിൽനിന്നും ലഭ്യമായിട്ടുണ്ട്. സ്റ്റേറ്റ് ട്രാൻസ്പോർട്ട് കോർപ്പറേഷനെ സംബന്ധിച്ച് പുതിയ കേന്ദ്ര നിയമത്തിലുള്ള വ്യവസ്ഥകൾ സംസ്ഥാനങ്ങളുമായി കൂടിയാലോചിക്കുമെന്ന് കത്തിൽ പറഞ്ഞിട്ടുണ്ട്.

## അഴിമതിമുക്ത ചെക്ക് പോസ്റ്റുകൾ

296 (1635) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെക്ക് പോസ്റ്റുകൾ അഴിമതിമുക്തമാക്കുന്നതിന് മോട്ടോർ വാഹനവകുപ്പ് എന്തെങ്കിലും പുതിയ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) 2017 ജനുവരി 1ന് ശേഷം ചെക്ക് പോസ്റ്റുകളിൽ കൈക്കൂലി വാങ്ങി എന്ന പരാതിയിന്മേൽ മോട്ടോർ വാഹനവകുപ്പിലെ എത്ര ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ആർ.ടി.ഒ. ചെക്ക് പോസ്റ്റുകളിൽ പ്രവർത്തനം സുഗമമാക്കുന്നതിനായി ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടിക്കായി ഫാസ്റ്റ് (FAST-Fully Automated Services of Transport Department) പ്രോജക്ട് മോണിറ്ററിംഗ് കമ്മിറ്റി അനുമതി തരികയും അത് നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ വകുപ്പ് സ്വീകരിച്ചുവരികയും ചെയ്യുന്നു. ആധുനിക പരിശോധനാ സംവിധാനങ്ങൾ നടപ്പിലാക്കുവാനുള്ള നടപടികളും വകുപ്പുതലത്തിൽ കൈക്കൊണ്ടിട്ടുണ്ട്. ഇതിനായി ഇലക്ട്രോണിക്സ് വേയിംഗ് മെഷീൻ മുതലായ ഉപകരണങ്ങൾ ഘട്ടംഘട്ടമായി വകുപ്പ് വാങ്ങുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ ചെക്ക്പോസ്റ്റുകളിലെ ക്രമരഹിത പ്രവർത്തനങ്ങൾ തടയുന്നതിനുവേണ്ട പരിശോധനകൾ കർശനമാക്കുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ ട്രാൻസ്പോർട്ട് കമ്മീഷണറുടെ സർക്കുലർ 12/2017 പ്രകാരം നൽകിയിട്ടുണ്ട്.

(ബി) 8 ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

## അപകടങ്ങളിൽ മുഖ്യപങ്കുവഹിക്കുന്ന വാഹനങ്ങൾ

297 (1636) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 5 വർഷം അപകടങ്ങളിൽ മുഖ്യപങ്കുവഹിച്ച വാഹനങ്ങൾ ഏതെല്ലാം മേഖലകളിലുള്ളവ എന്ന് വർഷം തിരിച്ച് വിവരം നൽകുമോ;

(ബി) കെ.എസ്.ആർ.ടി.സി./സ്വകാര്യ ബസുകൾ സ്റ്റോപ്പുകളിൽ ഒതുക്കി നിർത്താത്തതു മൂലമുണ്ടാകുന്ന ബ്ലോക്കുകൾ, അപകടങ്ങൾ എന്നിവ പരിശോധിച്ച് അതൊഴിവാക്കാനായി നടത്തിയ നടപടികൾ വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ 5 വർഷങ്ങളിൽ KSRTC/സ്വകാര്യബസുകൾ, കരിങ്കല്ലും കരിങ്കൽ ഉൽപ്പന്നങ്ങളുമായി ബന്ധപ്പെട്ട വാഹനങ്ങൾ, ഇരുചക്രവാഹനങ്ങൾ, ഓട്ടോകൾ, ജീപ്പുകൾ, കാറുകൾ, ലോറികൾ എന്നിവയുടെ അമിത വേഗമുൾപ്പെടെയുള്ള ട്രാഫിക് ലംഘനങ്ങളുമായി ബന്ധപ്പെട്ട അപകടങ്ങൾ, അപകടമരണങ്ങൾ എന്നിവ എത്ര എന്നുള്ള കണക്ക് വർഷം തിരിച്ച് ലഭ്യമാക്കുമോ;

(ഡി) ഇത്തരം വാഹനങ്ങളുടെ മത്സരയോട്ടവും അപകടമുണ്ടാക്കലും ട്രാഫിക് നിയമ ലംഘനങ്ങളും തടയുവാൻ വേണ്ടി ഗതാഗത വകുപ്പ് സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കഴിഞ്ഞ 5 വർഷക്കാലയളവിൽ 99789 ഇരുചക്ര വാഹനങ്ങളും 26655 ഓട്ടോറിക്ഷകളും 4455 ജീപ്പുകളും 49010 കാറുകളും 14140 ലോറികളും 15912 പ്രൈവറ്റ് ബസുകളും 5898 കെ.എസ്.ആർ.ടി.സി. ബസുകളും അപകടത്തിൽപ്പെട്ടിട്ടുണ്ട്.

(ബി) മോട്ടാർ വാഹന വകുപ്പ് നടത്തിവരുന്ന ദൈനംദിന വാഹന പരിശോധനകളിൽ ഇത്തരത്തിൽ നിയമലംഘനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കഴിഞ്ഞ 5 വർഷക്കാലയളവിൽ 99,789 ഇരുചക്രവാഹനങ്ങളും 26,655 ഓട്ടോറിക്ഷകളും 4,455 ജീപ്പുകളും 49,010 കാറുകളും 14,140 ലോറികളും 15,912 പ്രൈവറ്റ് ബസുകളും 5898 കെ.എസ്.ആർ.ടി.സി. ബസുകളും അപകടത്തിൽപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ 5 വർഷങ്ങളിൽ കെ.എസ്.ആർ.ടി.സി./ സ്വകാര്യ ബസുകൾ, ഇരുചക്രവാഹനങ്ങൾ, ഓട്ടോറിക്ഷകൾ, ജീപ്പുകൾ, കാറുകൾ, ലോറികൾ എന്നിവയുടെ അമിത വേഗതയുൾപ്പെടെയുള്ള ട്രാഫിക് ലംഘനങ്ങളുമായി ബന്ധപ്പെട്ട് ആകെ നടന്നിട്ടുള്ള അപകടമരണങ്ങൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

| വർഷം | അപകടങ്ങൾ | മരണപ്പെട്ടവരുടെ എണ്ണം |
|---|---|---|
| 2012 | 36174 | 4286 |
| 2013 | 35215 | 4258 |
| 2014 | 36282 | 4049 |
| 2015 | 39014 | 4196 |
| 2016 | 39420 | 4287 |

(ഡി) മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് നടത്തുന്ന വാഹന പരിശോധനകളിലും ഓഫീസ് തലങ്ങളിൽ നടത്തുന്ന ചെക്കിംഗുകളിലും അമിത വേഗതയിലോടുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നു. അശ്രദ്ധമായും അമിത വേഗതയിലും വാഹനം ഓടിക്കുന്നവരുടെ ലൈസൻസ് കണ്ടുകെട്ടുകയും സസ്പെൻഷൻ, പിഴ ഈടാക്കൽ തുടങ്ങിയ നടപടികളും സ്വീകരിച്ചുവരുന്നു. അമിതവേഗത ഒഴിവാക്കുന്നതിനായി സ്റ്റേജ് ക്യാര്യേജുകളിലും ഹെവി വാഹനങ്ങളിലും സ്കൂൾ വാഹനങ്ങളിലും ടിപ്പർ വാഹനങ്ങളിലും സ്പീഡ് ഗവേർണർ നിർബന്ധമാക്കിയിട്ടുണ്ട്. മേഖലാ തലങ്ങളിൽ അത്യാധുനിക റഡാർ സംവിധാനമുള്ള ഇന്റർസെപ്റ്ററുകൾ ഉപയോഗിച്ച് വാഹനങ്ങളുടെ അമിത വേഗത കണ്ടുപിടിക്കുന്നുണ്ട്. ഇതു കൂടാതെ മോട്ടോർ വാഹന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഡ്രൈവർമാർക്ക് നൽകിവരുന്ന പരിശീലന പരിപാടികളിൽ അമിത വേഗതയ്ക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിന് പ്രത്യേകം ശ്രദ്ധ പതിപ്പിക്കുന്നുണ്ട്.

**സമയക്രമം പാലിച്ച് ബോട്ടുകൾ ഓടിക്കൽ**

298 (1637) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യാത്രക്കാരുടെ തിരക്ക് ഏറ്റവുമധികമുള്ള രാവിലെ സമയത്ത് എറണാകുളത്തുനിന്നും ഫോർട്ട് കൊച്ചി, മട്ടാഞ്ചേരി എന്നിവിടങ്ങളിലേക്കുള്ള ജലഗതാഗതവകുപ്പിന്റെ ബോട്ടു സർവ്വീസുകൾ പതിവായി മുടങ്ങുന്നുണ്ടെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് 4-3-2017-ൽ ഫോർട്ട്കൊച്ചി സബ് കളക്ടറുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നിട്ടുണ്ടോ ;

(സി) പ്രസ്തുത യോഗത്തിൽ 13-8-2013 മുതൽ നടപ്പിലാക്കിയ സമയക്രമമനുസരിച്ച് ബോട്ടുകൾ പശ്ചിമ കൊച്ചിയിലേക്ക് സർവ്വീസ് നടത്തണമെന്ന് തീരുമാനിച്ചിരുന്നോ;

(ഡി) എങ്കിൽ 13-8-2013 മുതൽ നടപ്പിലാക്കിയ സർവീസ് സമയക്രമം പാലിച്ചു ബോട്ടുകൾ ഓടിക്കുന്നതിനു നടപടി സ്വീകരിക്കുമോ ;

ഉത്തരം

(എ) യാത്രക്കാരുടെ തിരക്ക് കൂടുതലുള്ള സമയങ്ങളിൽ തിരക്ക് നിയന്ത്രിക്കുന്നതിനായി പരമാവധി സർവ്വീസുകൾ വകുപ്പ് നടത്തുന്നുണ്ട്. പെട്ടെന്നുണ്ടാകുന്ന സാങ്കേതിക തകരാറുമൂലം ചില സമയങ്ങളിൽ ട്രിപ്പുകൾ മുടങ്ങാറുണ്ട്. ആയത് അപ്പോൾതന്നെ പരിഹരിച്ചിട്ടുള്ളതുമാണ്. തകരാറുകൾ തക്കസമയത്തുതന്നെ പരിഹരിക്കുന്നതിനായി ഏറ്റവും സീനിയറായ ഫോർമാനെ ഉൾപ്പെടുത്തി എറണാകുളം മെക്കാനിക്കൽ വിഭാഗത്തെ വിപുലീകരിച്ചിട്ടുണ്ട്. കൂടാതെ കാലപ്പഴക്കം ചെന്ന 14 ബോട്ടുകൾക്ക് പകരം പുതിയ ബോട്ടുകൾ വാങ്ങുന്നതിന് അനുമതി ലഭിച്ചതിനെ തുടർന്ന് അതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(ബി)യോഗം ചേർന്നിട്ടുണ്ട്.

(സി) വകുപ്പിന്റെ ട്രിപ്പുകൾ മുടക്കം കൂടാതെ നടത്തുന്നതിന് തീരുമാനിച്ചു.

(ഡി) വകുപ്പിന്റെ അംഗീകൃത ഷെഡ്യൂൾ സമയക്രമം പാലിച്ചാണ് ബോട്ടുകൾ എറണാകുളം മേഖലയിൽ സർവ്വീസ് നടത്തിവരുന്നത്.

**ജലഗതാഗത രംഗത്തെ യാത്രാക്ലേശം**

299 (1638) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം, ഫോർട്ട് കൊച്ചി, മട്ടാഞ്ചേരി, വൈപ്പിൻ എന്നീ മേഖലകളിലെ ജലഗതാഗത രംഗത്തെ ന്യൂനതകൾ, യാത്രാക്ലേശവും പൊതുജനങ്ങളുടെ ജീവന് ഭീഷണിയും സൃഷ്ടിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പരാതികളും നിവേദനങ്ങളും സമർപ്പിച്ചിട്ടും ഇത് പരിഹരിക്കുന്നതിനായി നടപടികൾ സ്വീകരിക്കാത്തതിന് കാരണം വിശദമാക്കുമോ;

(സി) 3-12-2016-ൽ എറണാകുളം ഗസ്റ്റ് ഹൗസിൽ ചേർന്ന അവലോകന യോഗ തീരുമാനപ്രകാരം മട്ടാഞ്ചേരി ബോട്ട് ജെട്ടിയിൽ എക്കൽ നീക്കം ചെയ്യാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ഡി) അപകടം നിറഞ്ഞ ഈ റൂട്ടിൽ ജീവന് ഭീഷണിയാകുന്ന രീതിയിൽ ബോട്ടുകൾ നിശ്ചലമായി പോകുന്നതും, കടലിലേക്ക് ഒഴുകുന്നതും നിത്യസംഭവമായി മാറിയിട്ടുള്ളത് ഒഴിവാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ജലഗതാഗത രംഗത്തെ ന്യൂനതകളും യാത്രാക്ലേശവും പരിഹരിക്കുന്നതിനായി ഡ്രൈ ഡോക്ക് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുകയും കാലപ്പഴക്കം ചെന്ന 14 ബോട്ടുകൾ മാറ്റി ആധുനിക രീതിയിലുള്ള ബോട്ടുകൾ സർവ്വീസിൽ ഉൾപ്പെടുത്തുന്നതിനായി 29-11-2016-ലെ ജി.ഒ.(ആർ.റ്റി)450/2016 ഗതാ. പ്രകാരം അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ബോട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് അവയെ സർവ്വീസിൽ ഉൾപ്പെടുത്തിക്കൊണ്ട് എറണാകുളം മേഖല ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(ബി) പരാതികളും നിവേദനങ്ങളും ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പഴക്കംചെന്ന ബോട്ടുകൾ മാറ്റി പുതിയവ വാങ്ങുന്നതിന് 29-11-2016-ലെ ജി.ഒ.(ആർ.റ്റി)നമ്പർ 450/2016/ഗതാ. പ്രകാരം സർക്കാരിൽനിന്നും അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ആധുനിക രീതിയിലുള്ള 14 ബോട്ടുകളുടെ നിർമ്മാണം പുരോഗമിച്ചുവരികയാണ്.

(സി) ജെട്ടികളിൽ ഡ്രഡ്ജിംഗ് നടത്തി ആഴം കൂട്ടുന്ന ജോലികൾ ചെയ്യുന്നതിന് ഇറിഗേഷൻ വകുപ്പിന് പലതവണ കത്തുകൾ നൽകിയിട്ടുള്ളതാണ്. എന്നാൽ ഇറിഗേഷൻ വകുപ്പ് ടി ജോലികൾ ചെയ്യുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി തുക അനുവദിക്കുന്നതിനായി വകുപ്പിന് നൽകുകയാണുണ്ടായത്. ടി പ്രവൃത്തി ചെയ്യുന്നതിലേക്ക് സംസ്ഥാന ജലഗതാഗത വകുപ്പിൽ തുക അനുവദിച്ചിട്ടില്ലെന്നും ഇറിഗേഷൻ വകുപ്പിൽ ടി പ്രവൃത്തികൾക്കായി അനുവദിച്ചിട്ടുള്ള തുക ഉപയോഗിച്ച് അടിയന്തരമായി ടി പ്രവർത്തികൾ പൂർത്തീകരിച്ച് നൽകണമെന്നും കാണിച്ച് ഇറിഗേഷൻ വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്. 3-12-2016-ന് ചേർന്ന യോഗ തീരുമാനപ്രകാരം ഡ്രഡ്ജിംഗ് നടത്തുന്നതിനുവേണ്ട സ്ഥിരം സംവിധാനം ഒരുക്കുന്നതിനായി ഇറിഗേഷൻ, ട്രാൻസ്പോർട്ട് എന്നീ വകുപ്പുകളുടെ ബഹുമാനപ്പെട്ട മന്ത്രിമാരുമായി യോഗം ചേരുന്നതിനു തീരുമാനിച്ചു. കൂടാതെ എം.എൽ.എ. മാരുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിക്കുന്നതിന് എറണാകുളം ട്രാഫിക് സൂപ്രണ്ടിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) പെട്ടെന്നുണ്ടാകുന്ന സാങ്കേതിക തകരാറുകൾമൂലം ചില സന്ദർഭങ്ങളിൽ ഇത്തരം സംഭവങ്ങളുണ്ടാകുന്നുണ്ട്. ആയത് പരിഹരിക്കുന്നതിന് വകുപ്പിലെ ഏറ്റവും സീനിയറായ ഫോർമാനെ എറണാകുളം മെക്കാനിക്കൽ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

9.30 AM]

## II അടിയന്തരപ്രമേയം

### റേഷൻ കാർഡുകളിലെ അപാകത

മി. സ്പീക്കർ: ദേശീയ ഭക്ഷ്യഭദ്രതാ നിയമത്തിന്റെ ഭാഗമായി തയ്യാറാക്കി വിതരണം ചെയ്ത റേഷൻ കാർഡുകളിൽ വ്യാപകമായ തെറ്റുകൾ കടന്നുകൂടിയതിനാലും മുൻഗണനാ പട്ടികയിൽ വലിയ ക്രമക്കേടുകൾ ഉണ്ടായിരുന്നതിനാലും റേഷൻ കാർഡുകൾ കൃത്യസമയത്ത് വിതരണം ചെയ്യാൻ കഴിയാത്തതിനാലും സംസ്ഥാനത്തെ ജനങ്ങൾക്കുണ്ടായിട്ടുള്ള ആശങ്കകളും ബുദ്ധിമുട്ടുകളുംമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതി വിശേഷം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ അനൂപ് ജേക്കബ്, എ. പി. അനിൽ കുമാർ, എം. ഉമ്മർ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, ദേശീയ ഭക്ഷ്യഭദ്രതാ നിയമം 2013-ലാണ് പാർലമെന്റ് പാസ്സാക്കിയത്. എന്നാൽ ആ നിയമം ഏറെ വൈകിയാണ് നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കിയത്. 2016 മെയ് 25-നാണ് ഈ സർക്കാർ അധികാരത്തിൽ വന്നത്. ഓഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ ഈ നിയമം നടപ്പിലാക്കാത്തതിന്റെ പേരിൽ കേന്ദ്ര ഗവൺമെന്റ് കർശനമായ നടപടിയാണ് സംസ്ഥാന സർക്കാരിനോട് സ്വീകരിച്ചത്. സംസ്ഥാനത്തിന്റെ അഡ്ഹോക്ക് അലോട്ട്മെന്റ് വെട്ടിക്കുറയ്ക്കുകയും എ.പി.എൽ. വിഭാഗത്തിനുള്ള റേഷൻ വിഹിതത്തിന്റെ വില കൂട്ടുകയും ചെയ്തപ്പോൾ സംസ്ഥാനത്ത് റേഷൻ വിതരണം താറുമാറാകുന്ന അവസ്ഥയുണ്ടായി. നിയമം കേരളത്തിൽ ഫലപ്രദമായി നടപ്പിലാക്കാൻ നാം പ്രതിജ്ഞാബദ്ധരാണെന്നും അതിനുള്ള ഒരുക്കങ്ങൾ നടത്താൻ 6 മാസത്തെ സാവകാശം വേണമെന്നും കേന്ദ്രത്തിനോട് സംസ്ഥാനം ആവശ്യപ്പെട്ടിരുന്നു. നിയമമനുസരിച്ച് മുൻഗണനാ പട്ടിക തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ ധാന്യവിതരണം നടത്തേണ്ടത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. അതുകൊണ്ടാണ് പഴയ സിസ്റ്റം 6 മാസം കൂടി തുടരണമെന്നും ആ സമയംകൊണ്ട് മുൻഗണനാ പട്ടിക കുറ്റമറ്റ രീതിയിൽ തയ്യാറാക്കി പദ്ധതി നടപ്പിലാക്കാൻ കഴിയുമെന്നും കേന്ദ്ര ഗവൺമെന്റിനോട് പറഞ്ഞത്. എന്നാൽ കേന്ദ്ര സർക്കാർ അക്കാര്യത്തിൽ യാതൊരു അനുകൂല സമീപനവും സ്വീകരിച്ചില്ലെന്ന് മാത്രമല്ല, വളരെ കർക്കശമായ നടപടിയാണ്

സംസ്ഥാന സർക്കാരിനുനേരെ സ്വീകരിച്ചത്. മുമ്പ് സൂചിപ്പിച്ചതുപോലെ, അഡ്ഹോക്ക് അലോട്ട്മെന്റ് വെട്ടിക്കുറയ്ക്കുകയും നമുക്ക് കൂടുതലായി ലഭിച്ചുകൊണ്ടിരുന്ന എ.പി.എൽ. റേഷൻ വിഹിതത്തിന് 8.90 രൂപ അടയ്ക്കേണ്ടിടത്ത് 22 രൂപ അടയ്ക്കണമെന്ന വ്യവസ്ഥ കൊണ്ടുവരികയും ചെയ്തു. ആ സാഹചര്യത്തിലാണ് യാതൊരു മുന്നൊരുക്കവുമില്ലാതെ നവംബർ മാസത്തിൽത്തന്നെ ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കാൻ നിർബന്ധിതരായത്. നവംബർ മാസം മുതൽ ധാന്യം ലഭിക്കണമെങ്കിൽ നിയമം നടപ്പിലാക്കി യിരിക്കണമെന്ന് കേന്ദ്രം ആജ്ഞാപിച്ചതിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് നിയമം നടപ്പിലാക്കിയത്. നമ്മുടെ മുമ്പിൽ മറ്റൊരു വഴിയും ഉണ്ടായിരുന്നില്ല. കഴിഞ്ഞ ഗവൺമെന്റ് 2015-ൽ പ്രീ-പോപ്പുലേറ്റഡ് ഫോറം റേഷൻ കടകൾവഴി എല്ലാ കുടുംബങ്ങൾക്കും നൽകിയിരുന്നു. അത് സ്വന്തമായി പൂരിപ്പിച്ച് നൽകിയതിന്റെ അടിസ്ഥാനത്തിൽ വേണമായിരുന്നു മുൻഗണനാ പട്ടിക നിശ്ചയിക്കേണ്ടത്. അത്തരത്തിൽ മുൻഗണനാ പട്ടിക തയ്യാറാക്കി കരടുപട്ടിക പ്രസിദ്ധീകരിച്ചപ്പോൾ സംസ്ഥാനത്തിന്റെ എല്ലാ ഭാഗത്തുനിന്നുമായി 16 ലക്ഷം പരാതികളാണ് ലഭിച്ചത്. പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലങ്ങളിലെ വിവിധ ഉദ്യോഗസ്ഥ ഭാരവാഹികളുടെ സമിതികൾ രൂപീകരിച്ചു കൊണ്ട് അപേക്ഷകൾ പ്രോസസ് ചെയ്യാൻ തീരുമാനിക്കുകയും അതിന്മേൽ അപ്പീൽ കേൾക്കാൻ എല്ലാ ജില്ലാ കളക്ടർമാരും ചെയർമാൻമാരായും ഡി.എസ്.ഒ. (District Supply Officer)മാർ കൺവീനർമാരായും അപ്പീൽ കമ്മിറ്റിയെ തെരഞ്ഞെടുക്കുകയുണ്ടായി. അവർ നടത്തിയ പരിശോധനകളുടെ അടിസ്ഥാനത്തിൽ തീർപ്പുകൽപ്പിച്ച 16 ലക്ഷം പേരിൽ 12 ലക്ഷം പേരും അർഹരാണെന്ന് കണ്ടെത്തുകയുണ്ടായി. ആ 12 ലക്ഷം പേരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് വീണ്ടും റാങ്കിംഗ് നടത്തിയാണ് ഫൈനൽ പട്ടിക പ്രസിദ്ധീകരിച്ചത്. ആ ഫൈനൽ പട്ടിക കേരളത്തിലെ മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങളിലും അംഗീകാരത്തിനായി സമർപ്പിക്കുകയുണ്ടായി. ഏതാണ്ട് പകുതിയിലധികം തദ്ദേശഭരണ സ്ഥാപനങ്ങളും അതിനോട് കൂട്ടിച്ചേർക്കേണ്ടവരുടെയും ഒഴിവാക്കേണ്ടവരുടെയും ലിസ്റ്റ് ഉൾപ്പെടെ തന്നുകൊണ്ട് അംഗീകാരം നൽകി. എന്നാൽ കുറച്ച് പഞ്ചായത്തുകൾ കൂടുതൽ സമയം ആവശ്യപ്പെട്ടുവെങ്കിലും ഇതുവരെ അതുസംബന്ധിച്ച് യാതൊരു അറിയിപ്പും നൽകിയിട്ടില്ല. ആ വിഷയത്തിൽ വൈകാതെതന്നെ മുന്നോട്ടുപോകേണ്ടതുകൊണ്ട് പട്ടികയുടെ അടിസ്ഥാനത്തിൽ ധാന്യവിതരണം നടത്തിക്കൊണ്ടിരിക്കുകയാണ്. റേഷൻ കടകൾവഴിയും ഡിപ്പാർട്ടുമെന്റൽ എൻക്വയറി വഴിയും വ്യക്തികളും സംഘടനകളും നൽകിയ പരാതികളുടെ അടിസ്ഥാനത്തിലും ലഭിച്ച അപേക്ഷകളും

പരാതികളും പ്രോസസ് ചെയ്യുന്ന ഘട്ടത്തിലാണ് റേഷൻ കാർഡ് വിതരണം നടത്തേണ്ടിവന്നത്. ഇതിനുമുമ്പ് റേഷൻ കാർഡുകൾ വിതരണം നടത്തിയത് 2007-ലാണ്. ഓരോ 5 വർഷത്തിലും റേഷൻ കാർഡ് പുതുക്കി നൽകേണ്ടതാണ്. എന്നാൽ 2007-നുഷം റേഷൻ കാർഡുകൾ പുതുക്കി നൽകിയിരുന്നില്ല. പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി റേഷൻ കാർഡുകൾ പുതുക്കി നൽകേണ്ട തുണ്ടായിരുന്നു. അതുകൊണ്ട് ചെയ്തുകൊണ്ടിരുന്ന ജോലി പകുതിയിൽ നിർത്തിവച്ച് റേഷൻ കാർഡ് വിതരണം ചെയ്യേണ്ട ജോലി ഏറ്റെടുക്കേണ്ടിവന്നു. അങ്ങനെ സംസ്ഥാനത്തെമ്പാടും റേഷൻ കാർഡ് വിതരണം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ 85 ശതമാനം കുടുംബങ്ങളിലും റേഷൻ കാർഡുകൾ എത്തിച്ചുകഴിഞ്ഞു. ഇനി നൽകാനുള്ളത് രണ്ട് ഭാഷകളിൽ ചെയ്തുകൊടുക്കേണ്ട റേഷൻ കാർഡുകളാണ്. കാസർഗോഡ്, പാലക്കാട്, ചിറ്റൂർ, ഇടുക്കി എന്നിവിടങ്ങളിലെ ചില പ്രദേശങ്ങളിൽ മാത്രമാണ് റേഷൻ കാർഡ് വിതരണം ചെയ്യാനുള്ളത്. റേഷൻ കാർഡ് വിതരണം ചെയ്യുമ്പോൾ ഒരു കാര്യം ജനങ്ങളോട് പറഞ്ഞിരുന്നു. അനർഹർ മുൻഗണനാ പട്ടികയിൽ കടന്നുകൂടുകയും അർഹരായ കുറച്ചുപേർ പട്ടികയിൽനിന്നും പുറത്താവുകയും ചെയ്തിട്ടുണ്ട്. അതിന്മേലുള്ള അന്വേഷണവും നടപടിയും നടന്നു കൊണ്ടിരിക്കുകയാണെന്നും ആ മാറ്റങ്ങൾ കൂടി ഉണ്ടാകുമെന്നുമാണ് പറഞ്ഞിരുന്നത്. അർഹതപ്പെട്ടവർ മുൻഗണനാ പട്ടികയിൽ വരുമ്പോൾ അവരുടെ റേഷൻ കാർഡുകൾ മാറ്റി നൽകും. ജനങ്ങൾക്ക് അതുകൊണ്ട് യാതൊരു ആശങ്കയും വേണ്ട. റേഷൻ കാർഡ് വിതരണം ഇനിയും നീട്ടിക്കൊണ്ട് പോകാൻ കഴിയാത്ത സാഹചര്യത്തിലാണ് വിതരണം ചെയ്യുന്നതെന്ന് പറഞ്ഞുകൊണ്ടാണ് അവ വിതരണം ചെയ്തത്. എന്നാൽ റേഷൻ കാർഡ് വിതരണം ചെയ്തു തുടങ്ങി ഈ ഘട്ടമെത്തിയപ്പോൾ ധാരാളം ആക്ഷേപങ്ങളും പരാതികളും അതുമായി ബന്ധപ്പെട്ട് വന്നു. ഇതുവരെയായി അർഹരാണെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് ഏതാണ്ട് 5.5 ലക്ഷത്തോളം പരാതികൾ ലഭിച്ചിട്ടുണ്ട്. അവ പ്രോസസ് ചെയ്തു കൊണ്ടിരിക്കുകയാണ്. അനർഹരാരെങ്കിലും ഈ പട്ടികയിൽ കടന്നു കൂടിയിട്ടുണ്ടെങ്കിൽ അത് ചൂണ്ടിക്കാണിക്കണമെന്നും അവർ സ്വമേധയാ ഒഴിഞ്ഞു പോകണമെന്നും അന്നുമുതൽ ജനങ്ങളോട് അഭ്യർത്ഥിക്കുകയുണ്ടായി. എന്നാൽ, അങ്ങനെ ഒഴിഞ്ഞുപോയവർ, സംഘടനകൾ ചൂണ്ടിക്കാട്ടിയവർ എന്നിവരുടെ എണ്ണം വളരെ കുറവാണ്. അതിന്റെ അടിസ്ഥാനത്തിൽ അനർഹരെ കണ്ടെത്താനുള്ള അന്വേഷണം വകുപ്പുതലത്തിൽ നടത്തി. ഒരു ലക്ഷത്തിലധികം കുടുംബങ്ങൾ അനർഹരുടെ പട്ടികയിലുള്ളതായി കണ്ടെത്തി. ആ ലിസ്റ്റ് ഞങ്ങളിപ്പോൾ പ്രോസസ് ചെയ്തുകൊണ്ടിരിക്കുകയാണ്. എന്നാൽ റേഷൻ കാർഡ് നൽകുന്ന പ്രവർത്തനം പുരോഗമിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഈ പട്ടികയിൽ സർക്കാർ ഉദ്യോഗസ്ഥർ, വലിയ തുക കൈപ്പറ്റുന്ന പെൻഷൻകാർ

എന്നിവർ ഉൾപ്പെട്ടിട്ടുണ്ടെന്ന ആക്ഷേപത്തെത്തുടർന്ന് അങ്ങനെയുള്ളവർ ഒഴിവാകണം എന്നാവശ്യപ്പെട്ടുകൊണ്ടുള്ള സർക്കുലർ സർക്കാർ പുറപ്പെടുവിക്കുകയുണ്ടായി. സർക്കുലർ പുറപ്പെടുവിച്ചതിനുശേഷം ഇന്നലെവരെ 43,396 റേഷൻ കാർഡുകൾ സറണ്ടർ ചെയ്തിട്ടുണ്ട്. അങ്ങനെ ഇതുവരെയായി 1,43,693 കുടുംബങ്ങൾ മുൻഗണനാ പട്ടികയിൽ അനർഹരായിട്ടുണ്ട് എന്ന് കണ്ടെത്തിയിട്ടുണ്ട്. ആ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകുകയാണ്. ആഗസ്റ്റ് 20 വരെ സമയം വേണമെന്ന് എല്ലാ ഭാഗത്തുനിന്നും അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ അതുവരെ അനർഹർ കൈവശം വച്ചിരിക്കുന്ന റേഷൻ കാർഡുകൾ സറണ്ടർ ചെയ്യുന്നതിനുള്ള സമയം നൽകിയിട്ടുണ്ട്. മുൻഗണനാ പട്ടിക നിശ്ചയിക്കുന്നതിലെ മാനദണ്ഡങ്ങൾ നിശ്ചയിച്ചത് കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്താണ്. ആ മാനദണ്ഡങ്ങളിൽ ചിലത് നമുക്കെല്ലാവർക്കുമറിയാം. ഒരേക്കറിനുമേൽ ഭൂമിയുള്ളവർ, 25,000 രൂപയ്ക്കുമേൽ മാസവരുമാനമുള്ളവർ, നാലുചക്ര വാഹനങ്ങൾ സ്വന്തമായുള്ളവർ, 1000 സ്ക്വയർ ഫീറ്റിന് മുകളിൽ വിസ്തീർണ്ണമുള്ള വീടുള്ളവർ എന്നിവർ അർഹരുടെ പട്ടികയിൽ ഉൾപ്പെടാൻ പാടില്ല. 1000 സ്ക്വയർ ഫീറ്റിന് മുകളിൽ വിസ്തീർണ്ണമുള്ള വീടുള്ളവരുടെ ലിസ്റ്റ് തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്ന് ശേഖരിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ടാക്സി ഒഴികെയുള്ള നാലുചക്രവാഹനങ്ങൾ സ്വന്തമായിട്ടുള്ളവരുടെ ലിസ്റ്റ് മോട്ടോർ വാഹന വകുപ്പിൽനിന്നും ശേഖരിച്ചുകൊണ്ടിരിക്കുകയാണ്. അതോടൊപ്പം നോർക്കയിൽനിന്ന് വിദേശ രാജ്യങ്ങളിൽ ജോലിയുള്ള 25,000 രൂപയ്ക്കുമുകളിൽ മാസവരുമാനമുള്ളവരുടെ ലിസ്റ്റും ശേഖരിച്ചുകൊണ്ടിരിക്കുകയാണ്. ഒരേക്കറിന് മുകളിൽ ഭൂമിയുള്ളവരുടെ ലിസ്റ്റും ശേഖരിക്കാനുള്ള ശ്രമം നടത്തി കൊണ്ടിരിക്കുകയാണ്. ആ ജോലികൂടി പൂർണ്ണമാകുമ്പോൾ തീർച്ചയായും മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അനർഹരെ പരിപൂർണ്ണമായും കണ്ടെത്താൻ കഴിയും. അവരെ ഒഴിവാക്കിക്കൊണ്ട് അർഹതയുള്ളവരെ ഉൾപ്പെടുത്തി ഇന്നത്തെ പ്രയാസങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ സാധിക്കും. ഒരു കാര്യംകൂടി പറയേണ്ടതുണ്ട്, ഈ നടപടികളെല്ലാം ചെയ്യുമ്പോൾ വേണ്ടത്ര നേട്ടം കാണാതിരുന്ന സാഹചര്യത്തിൽ ഞങ്ങൾ വീണ്ടും വിശദമായി ഇതേക്കുറിച്ച് പഠനം നടത്തുകയുണ്ടായി. മാനദണ്ഡങ്ങൾ നിശ്ചയിച്ചതിലും മാർക്ക് നിശ്ചയിച്ചതിലും വന്ന പാകപ്പിഴകൂടി ആ സന്ദർഭത്തിൽ ബോദ്ധ്യപ്പെടുകയുണ്ടായി. ഉദാഹരണമായി പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തെ തൊഴിൽ വിഭജനത്തിന്റെ ഭാഗത്താണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അതുകൊണ്ട് പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഒരു കൂലിപ്പണിക്കാരന് 10 മാർക്കിനുപകരം 5 മാർക്ക് മാത്രമേ ലഭിക്കുകയുള്ളൂ. അതുകൊണ്ടാണ് മുൻഗണനാ പട്ടികയിൽനിന്ന് പട്ടികജാതി

വിഭാഗത്തിലെ വലിയൊരു വിഭാഗം ഒഴിവായത്. അതുപോലെ പാർശ്വവൽക്കരിക്കപ്പെട്ട ഒട്ടേറെ സമൂഹങ്ങൾ, മത്സ്യത്തൊഴിലാളികൾ, കയർ തൊഴിലാളികൾ, കശുവണ്ടി തൊഴിലാളികൾ, തോട്ടം തൊഴിലാളികളുൾപ്പെടെ പരമ്പരാഗത മേഖലയിൽ പണിയെടുക്കുന്ന വലിയൊരു വിഭാഗം ജനതയും അർഹതാ പട്ടികയിൽ ഉൾപ്പെടാൻ കഴിഞ്ഞില്ല. അവർക്കും പ്രത്യേകമായ പരിഗണന നൽകി മുൻഗണനാ പട്ടികയിൽ കൊണ്ടുവരണമെന്ന അടിസ്ഥാനത്തിലാണ് ഞങ്ങൾ കാര്യങ്ങളെല്ലാം മുന്നോട്ടുകൊണ്ടുപോകുന്നത്. അതോടൊപ്പം, തൊഴിൽരഹിതർ എന്ന അടിസ്ഥാനത്തിൽ അന്ന് സർക്കാർ മാർക്ക് നിശ്ചയിച്ചതിൽ യാതൊരു സീലിംഗും ഇല്ലാത്തതുകൊണ്ട് നാലും അഞ്ചും പേർ ഒരു കുടുംബത്തിൽ തൊഴിൽരഹിതരാണെന്ന് രേഖപ്പെടുത്തുകയും അങ്ങനെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുകയും ചെയ്ത സാഹചര്യവുമുണ്ടായിട്ടുണ്ട്. അതും മാറ്റിയെടുക്കുന്നതിനുവേണ്ടി മാനദണ്ഡങ്ങളിൽ ക്രമീകരണം വരുത്തി ആ തെറ്റുകൾ തിരുത്തി യഥാർത്ഥ അർഹരെ കണ്ടെത്തി മുൻഗണനാ പട്ടികയിൽ കൊണ്ടുവരുന്നതിനുള്ള നല്ല പരിശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ആ പരിശ്രമങ്ങളിൽ വളരെ വലിയ പുരോഗതിയുണ്ട്. കേരളത്തിലെ എല്ലാ മാധ്യമങ്ങളും ഞങ്ങൾ നടത്തുന്ന പരിശ്രമത്തെയും പ്രവർത്തനങ്ങളെയും മുക്തകണ്ഠം പ്രശംസിക്കുന്നുണ്ട്. അതുകൊണ്ട് യാതൊരു ആശങ്കയുടെയും പ്രശ്നമില്ല. അർഹതപ്പെട്ട മുഴുവൻ ആളുകളെയും 1,54,00,000 പേർ വരുന്ന മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടിയുള്ള ഭഗീരഥപ്രയത്നം ഭക്ഷ്യവകുപ്പും സർക്കാർ പൊതുവിലും ചെയ്തുകൊണ്ടിരിക്കുകയാണ്. ആ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകുകയാണ്. അതിൽ നിങ്ങളുടെ എല്ലാവരുടെയും പിന്തുണ ഉണ്ടാകേണ്ടതാണ്. അതുകൊണ്ട് ഈ വിഷയത്തിന്മേൽ സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട യാതൊരാവശ്യവുമില്ല എന്നാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ബഹുമാനപ്പെട്ട മന്ത്രിയിൽനിന്ന് ഞങ്ങൾ പ്രതീക്ഷിച്ച മറുപടിതന്നെയാണുണ്ടായത്. അദ്ദേഹം ചരിത്രത്തിലേക്കുപോയി മുൻകാലങ്ങളിലുണ്ടായ കാര്യങ്ങൾ കഴിഞ്ഞ ഗവൺമെന്റിന്റെ കുറ്റമാണെന്ന് പറയാതെ പറഞ്ഞുവയ്ക്കുന്ന ഒരു സാഹചര്യമാണ് ഇവിടെ കണ്ടത്; ഞങ്ങൾ പ്രതീക്ഷിച്ചതുതന്നെയാണ്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി ആശങ്കയില്ല എന്നുപറയുമ്പോഴും ആശങ്കയുണ്ട്. വലിയൊരു വിഭാഗം ജനങ്ങൾ ആശങ്കയോടു കൂടിത്തന്നെയാണ് ഇന്ന് കേരളത്തിൽ നിൽക്കുന്നത്. ഇത് വലിയ രീതിയിലുള്ള ഒരു സാമൂഹിക പ്രശ്നമായി നിൽക്കുകയാണ്. അർഹരായ ലക്ഷക്കണക്കിന് കുടുംബങ്ങൾ മുൻഗണനാ വിഭാഗത്തിൽനിന്ന് പുറത്തായിരിക്കുന്ന ഒരു സാഹചര്യം, ഇവിടെ അവർക്ക് ലഭിക്കേണ്ട അരി, ചികിത്സാനുകൂല്യങ്ങൾ,

വിദ്യാഭ്യാസാനുകൂല്യങ്ങൾ എന്നിവ ലഭിക്കാത്ത ഗുരുതരമായ സാമൂഹിക വിഷയം ഇന്ന് കേരളത്തിൽ ഇതുമായി ബന്ധപ്പെട്ടുണ്ട്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസംഗത്തിൽ പറഞ്ഞതുപോലെതന്നെ, ഇടതുമുന്നണി സർക്കാർ ഏറ്റവും കൂടുതൽ കുറ്റപ്പെടുത്തിയത് കഴിഞ്ഞ സർക്കാർ റേഷൻ കാർഡ് വിതരണം ചെയ്തില്ല എന്നുള്ളതാണ്. ഈ സർക്കാർ നൽകിയ റേഷൻ കാർഡുകളിൽ തെറ്റുകളുടെ കുമ്പാരമാണ്. തെറ്റുകളുടെ തുടർക്കഥയായി റേഷൻ കാർഡുകൾ മാറിയിരിക്കുന്നുവെന്ന യാഥാർത്ഥ്യം ബഹുമാനപ്പെട്ട മന്ത്രി കണ്ടില്ലെന്ന് നടിക്കരുത്. ഇവിടെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം 17 ലക്ഷത്തോളം പരാതികൾ ലഭിച്ചിരുന്നു. ഈ പരാതികൾ പരിഹരിക്കാതെയാണ് റേഷൻ കാർഡുകൾ നൽകിയത് എന്നുള്ളതാണ് ഞങ്ങൾ ചൂണ്ടിക്കാണിക്കുന്നത്. 17 ലക്ഷത്തോളം പരാതികൾ ലഭിച്ചുവെന്ന് അദ്ദേഹംതന്നെ ഇപ്പോൾ പറഞ്ഞു. അതിൽ 6 ലക്ഷത്തോളം പരാതികൾ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ടുള്ളതാണ്. ആ പരാതികൾ പരിഹരിക്കാതെയാണ് കാർഡുകൾ അച്ചടിച്ച് നൽകിയത്. പരാതികൾ പരിഹരിക്കാനുള്ള സന്ദർഭം സർക്കാരിന്റെ മുന്നിലുണ്ടായിരുന്നു. മൂന്നുപ്രാവശ്യം ഔദ്യോഗികമായി പരാതികൾ സ്വീകരിച്ചിരുന്നു. സോഷ്യൽ ഓഡിറ്റിംഗ് ഉൾപ്പെടെ ഈ സർക്കാരിന്റെ നേതൃത്വത്തിൽ നടത്തി. പക്ഷെ അതെല്ലാം ഒരു പ്രഹസനമായിരുന്നു എന്നതാണ് യാഥാർത്ഥ്യം.ആ വിഷയങ്ങൾ പരിഹരിക്കാൻ സർക്കാർ തയ്യാറായിരുന്നുവെങ്കിൽ ഈ പരാതികൾ വരില്ലായിരുന്നു. പരാതികളൊന്നുംതന്നെ പരിഹരിക്കാതെയാണ് മുന്നോട്ടുപോയത്. ബഹുമാനപ്പെട്ട മന്ത്രിതന്നെ 24-5-2017-ൽ 5713-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന് മറുപടിയായി പറഞ്ഞത് 'കരട് മുൻഗണനാ പട്ടിക തയ്യാറാക്കുകയും ഇതിൽ ആക്ഷേപമുള്ളവരുടെ പരാതി പഞ്ചായത്ത് സെക്രട്ടറി (ചെയർമാൻ), റേഷനിംഗ് ഇൻസ്പെക്ടർ (കൺവീനർ), വില്ലേജ് ഓഫീസർ, സി.ഡി.എസ്. സൂപ്പർവൈസർ എന്നിവരടങ്ങുന്ന കമ്മിറ്റി പരിശോധിക്കുകയും ഹിയറിംഗ് നടത്തി പരാതികൾ തീർപ്പുകൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ തീരുമാനത്തിൽ ആക്ഷേപമുള്ളവർ കളക്ടർ ചെയർമാനായ അപ്പീൽ കമ്മിറ്റിക്ക് പരാതി സമർപ്പിക്കുകയും പരാതിക്ക് പരിഹാരം കാണുകയും ചെയ്തിരിക്കുന്നു' എന്നാണ്. പരാതികൾക്ക് പരിഹാരം കാണുകയും തീർപ്പുകൽപ്പിക്കുകയും ചെയ്തുവെന്നാണ് അദ്ദേഹം പറഞ്ഞിരിക്കുന്നത്. അവാസ്തവമായ ഒരു മറുപടിയാണ് അദ്ദേഹം ഈ സഭയെ തെറ്റിദ്ധരിപ്പിക്കുന്ന തരത്തിൽ നൽകിയിരിക്കുന്നത്. ഇവിടെ എത്ര പരാതികളാണ് പരിഹരിക്കപ്പെട്ടിട്ടുള്ളത്? അദ്ദേഹം ഇപ്പോൾ ഇവിടെ പറഞ്ഞത്, പരാതികൾ ഇപ്പോഴും നിൽക്കുന്നുവെന്നാണ്. യാതൊരു പരാതികളും പരിഹരിക്കാതെ ലഭിച്ച

സമയം ദുർവിനിയോഗപ്പെടുത്തി എന്നതാണ്. കൃത്യമായ രീതിയിൽ ഒരു സോഷ്യൽ ഓഡിറ്റിംഗ് നടത്തിയിരുന്നുവെങ്കിൽ സ്വാഭാവികമായും അർഹരായ ആളുകളെ ഇതിൽ ഉൾപ്പെടുത്താനുള്ള സന്ദർഭം സർക്കാരിന് ലഭിക്കുമായിരുന്നു. അതുപയോഗിച്ചില്ല എന്നുള്ളതാണ് ഞങ്ങളുന്നയിക്കുന്ന ആക്ഷേപം. ഇവിടെ ഏറ്റവും അവസാനം പറഞ്ഞിരിക്കുന്നത് ശമ്പളം, പെൻഷൻ എന്നിവ ലഭിക്കണമെങ്കിൽ റേഷൻ കാർഡ് നൽകണമെന്നാണ്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ ടെലിഫോണിൽ വിളിച്ച് സംസാരിച്ചിരുന്നു. ധാരാളം ആശങ്കകളുണ്ടാകുന്നുണ്ട്. പെൻഷണേഴ്സ് അതായത് ഈ നാട്ടിലെ വയോജനങ്ങൾ റേഷൻ കാർഡുമായി അവരുടെ പെൻഷൻ വാങ്ങാൻ പോയി നിൽക്കണോ? പല വയോജനങ്ങൾക്കും റേഷൻ കാർഡുണ്ടാകും, പക്ഷെ അവരുടെ കൈവശമുണ്ടാവുകയില്ല. മക്കളുടെയോ മരുമക്കളുടെയോ ബന്ധുക്കളുടെയോ കൈവശമായിരിക്കാം. അവർക്ക് ഒരുപക്ഷെ പ്രാപ്യമായിരിക്കില്ല. അപ്പോൾ അവരെന്ത് ചെയ്യും? റേഷൻ കാർഡില്ല എന്ന സത്യവാങ്മൂലം എഴുതിക്കൊടുക്കാൻ കഴിയുമോ; അവർക്ക് റേഷൻ കാർഡുണ്ട്. അവരുടെ കൈവശമില്ല എന്നുള്ളതാണ്. ഇതുപോലുള്ള തലതിരിഞ്ഞ തീരുമാനങ്ങളെടുക്കരുത്. മുൻഗണനാ പട്ടികയിൽ അനർഹരായവരും സർക്കാർ ജീവനക്കാരും കടന്നുകൂടിയിട്ടുണ്ടെങ്കിൽ ഗവൺമെന്റ് മെഷിനറീസ് ഉപയോഗിച്ച് കണ്ടെത്താൻ ശ്രമിക്കണം. റേഷൻ കാർഡ് നൽകിയാലേ ഇനി പെൻഷൻ ലഭിക്കുകയുള്ളൂ എന്ന നിലയിൽ തീരുമാനം എടുക്കുന്നത് തികച്ചും പ്രതിഷേധാർഹമാണ്. റേഷൻ മുൻഗണനാ പട്ടികയിലെ അനർഹരെ കണ്ടെത്താൻ സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർ വീടുകൾതോറും കയറി പരിശോധന നടത്തുമെന്ന് പറയുകയുണ്ടായി. ഏതെങ്കിലുമൊരു താലൂക്കിൽ ഏതെങ്കിലുമൊരു സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥൻ പരിശോധന നടത്തിയിട്ടുണ്ടോ; ഒരിടത്തും പരിശോധന നടത്തിയിട്ടില്ല. മാനദണ്ഡങ്ങളിലുള്ള അപാകതയാണെന്നും മാനദണ്ഡങ്ങൾ മാറ്റുമെന്നും അദ്ദേഹം ഇന്നും പറഞ്ഞു. ദേശാഭിമാനി, മംഗളം ഉൾപ്പെടെയുള്ള ദിനപ്പത്രങ്ങളിൽ അങ്ങയുടേതായ പ്രസ്താവനകൾ ഞാൻ വായിച്ചു. 16/2011 ഉത്തരവുപ്രകാരമുള്ള മാനദണ്ഡങ്ങളിലാണ് പ്രശ്നങ്ങളെന്നും മാനദണ്ഡങ്ങൾ മാറ്റുമെന്നും സൂചിപ്പിക്കുകയുമുണ്ടായി. ഇവിടെ മാനദണ്ഡങ്ങളല്ല പ്രശ്നം, അവസരം ലഭിച്ചിട്ടും പരാതികൾ പരിഹരിക്കാനുള്ള സമയം യഥാവിധി വിനിയോഗിക്കാൻ കഴിഞ്ഞില്ല എന്നുള്ളതാണ് പ്രധാനപ്പെട്ട പ്രശ്നം. ഈ സഭയിൽ 317-ാം നമ്പർ ചോദ്യത്തിന് ഉത്തരമായി അദ്ദേഹം നൽകിയിരിക്കുന്ന മറുപടി 'മുൻഗണനാ ലിസ്റ്റിൽ വന്ന അപാകതകൾ തിരുത്തി 14-01-2011-ലെ 16/2011 ഉത്തരവുപ്രകാരമുള്ള മാനദണ്ഡങ്ങൾ പ്രകാരം യോഗ്യത നേടുന്ന ഗുണഭോക്താക്കളെ എല്ലാവരെയും മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു' എന്നാണ്.

മാനദണ്ഡങ്ങളിലാണ് പ്രശ്നമെങ്കിൽ പിന്നീട് ആ മാനദണ്ഡങ്ങൾക്ക് അനുസൃതമായിത്തന്നെ മുന്നോട്ടുപോകുമെന്ന് അങ്ങ് മറുപടി നൽകിയിരിക്കുന്നതെന്തിനാണ്? ഈ മാനദണ്ഡങ്ങൾ തീരുമാനിച്ചത് ഞങ്ങളല്ല. 14-01-2011-ൽ ശ്രീ. വി. എസ്. അച്യുതാനന്ദന്റെ നേതൃത്വത്തിലുള്ള മുൻ സർക്കാർ തീരുമാനിച്ച മാനദണ്ഡങ്ങളാണിത്. ഞങ്ങളുടെ സർക്കാരെടുത്ത മാനദണ്ഡങ്ങളല്ല. ആ രീതിയിലുള്ള പ്രസ്താവനകൾ ഉണ്ടാകരുത്. 14-01-2011-ന് കഴിഞ്ഞ ഇടതുപക്ഷ ഗവൺമെന്റ് സ്വീകരിച്ച മാനദണ്ഡങ്ങളാണ് ഞങ്ങളെടുത്തുവച്ചിരിക്കുന്നത്. ലഭിച്ച സന്ദർഭങ്ങൾ വിനിയോഗിച്ച് പരാതികൾ പരിഹരിക്കാൻ സർക്കാർ തയ്യാറാകണമായിരുന്നു. കേരളത്തിൽ ഇരുപത് ലക്ഷം പഴയ ബി.പി.എൽ. റേഷൻ കാർഡുകളുണ്ടായിരുന്നു. അതിനുള്ളിൽ ഏകദേശം 98 ലക്ഷം ഗുണഭോക്താക്കളുമുണ്ടായിരുന്നു. ഭക്ഷ്യഭദ്രതാ നിയമപ്രകാരം 154 ലക്ഷം പേരെ മുൻഗണനാ വിഭാഗത്തിൽ അതായത് പഴയ ബി.പി.എൽ.ൽ ഉൾപ്പെടുത്താം. നമുക്ക് ലഭിച്ചിരിക്കുന്ന 98 ലക്ഷത്തിൽനിന്ന് താഴോട്ട് പോവുകയല്ല വേണ്ടത്. 54 ലക്ഷംപേരെക്കൂടി അഡീഷണലായി ഉൾപ്പെടുത്താൻ കഴിയും. അർഹരായവരെയെല്ലാം ഉൾപ്പെടുത്താൻ ഏതെങ്കിലും തരത്തിലുള്ള തടസ്സം സർക്കാരിനുണ്ടായിരുന്നോ? അവധാനതയോടെ ഈ വിഷയത്തിൽ ഇടപെട്ടിരുന്നുവെങ്കിൽ തീർച്ചയായും അർഹരായ എല്ലാപേരെയും ഉൾപ്പെടുത്തുവാനുള്ള സാഹചര്യം ഉണ്ടാകുമായിരുന്നു. ഇപ്പോൾ ലഭിച്ച റേഷൻ കാർഡുകൾക്ക് ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങളെന്താണ്? എ.എ.വൈ.ക്കാർക്ക് 28 കിലോ അരി ലഭിക്കുന്നുണ്ട്. ഇവിടെ പൊതുവിഭാഗം ഉൾപ്പെടെയുള്ളവർക്ക് രണ്ട് കിലോ അരിയാണ് ലഭിക്കുന്നത്. റേഷൻ കടയിൽ മണ്ണെണ്ണയില്ല, പഞ്ചസാരയില്ല, ആട്ടയില്ല, ഗോതമ്പില്ല. ഇപ്പോൾ പ്രയോറിറ്റി വിഭാഗത്തിന് ആട്ട നൽകുന്നുവെന്ന് അറിയാനിടയായി. നോൺ പ്രയോറിറ്റി വിഭാഗത്തിന് ആട്ട നൽകുന്നില്ല. കഴിഞ്ഞ ദിവസം ശ്രീ. ടി. വി. ഇബ്രാഹിം വിലക്കയറ്റവുമായി ബന്ധപ്പെട്ടാണ് അടിയന്തരപ്രമേയം അവതരിപ്പിച്ചത്. വിലക്കയറ്റത്തിന്റെ പ്രധാനപ്പെട്ട വിഷയങ്ങളിലൊന്നാണിത്. പൊതുവിതരണത്തിലൂടെ ആവശ്യമായ സാധനങ്ങൾ ലഭ്യമാക്കാൻ കഴിയാതെപോകുന്നു എന്നതുതന്നെ വിലക്കയറ്റത്തിന്റെ പ്രധാന ഘടകങ്ങളിലൊന്നായി നമ്മുടെ മുന്നിൽ നിൽക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവാദങ്ങൾക്ക് എന്തെങ്കിലും കുറവുണ്ടോ? ഇഷ്ടംപോലെ വിവാദങ്ങൾ; വിവാദങ്ങളുടെ പുറത്ത് വിവാദങ്ങൾ. പക്ഷെ അതൊന്നും ചർച്ചയാകുന്നില്ല. അതിനകത്ത് ചെയ്യേണ്ട ഒറ്റ കാര്യമേയുള്ളൂ. 'ഈ സർക്കാരിന്റെ ഐശ്വര്യം ദിലീപ് എന്നൊരു ബോർഡാണ് നിങ്ങൾ എഴുതിവയ്ക്കേണ്ടത്. വിഷയങ്ങളെല്ലാം ചർച്ചയിൽനിന്ന് മാറിപ്പോയി.

കൊതുകിന്റെ കടികൊണ്ട് അഞ്ഞൂറിൽപ്പരം ആൾക്കാർ കേരളത്തിൽ മരിച്ചു. .........(ബഹളം)......... ഇവിടെ സ്വാശ്രയ മേഖല കുത്തഴിഞ്ഞു, രാഷ്ട്രീയ കൊലപാതകങ്ങൾ, അപ്രഖ്യാപിത പവർകട്ടുകൾ .......

മി. സ്പീക്കർ : റേഷൻ വിതരണവും ദിലീപും കൊതുകുമൊക്കെയായിട്ട് എന്താണ് ബന്ധം?......(ബഹളം)....... പ്ലീസ്.. പ്ലീസ്; ശ്രീ. അനൂപ് ജേക്കബ്, ഇന്ന് വെള്ളിയാഴ്ചയാണ്. ദിലീപും കൊതുകുമൊക്കെ പറഞ്ഞ് സമയം കളയല്ലെ!

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ പെട്ടന്ന് അവസാനിപ്പിക്കാം. ഇവിടെ യു.ഡി.എഫ്. സർക്കാർ അടച്ചുപൂട്ടിയ എല്ലാ ബാറുകളും നിങ്ങൾ തുറന്നു. വിലക്കയറ്റംകൊണ്ട് ജനം നട്ടംതിരിയുകയാണ്. അവിടെയാണ് ഇപ്പോൾ റേഷൻ കാർഡിന്റെ ഇഷ്യൂ കുനിൻമേൽ കുരുപോലെ വന്നിരിക്കുന്നത്. റേഷൻ കാർഡിന്റെ തുക കൂട്ടി. നിങ്ങൾ ഇരിട്ടിയിലെ ഒരു അന്നമ്മയെ ജഡ്ജിയാക്കി, ഒരു തങ്കപ്പനെ ഡോക്ടറാക്കി, വിമാനം ആകാശത്തിലൂടെ പറക്കുന്നത് മാത്രം കണ്ടിട്ടുള്ള പൊന്നപ്പനെ പൈലറ്റാക്കി. ഇവിടെ ഒരു മന്ത്രിയും മുൻഗണനാ വിഭാഗത്തിലേക്ക് കടന്നുവന്നിട്ടുണ്ട്. ഇത്തരത്തിലുള്ള പ്രധാനപ്പെട്ട പ്രശ്നങ്ങൾ ശരിയായ രീതിയിൽ പരിഹരിക്കാൻ സർക്കാരിന് കഴിഞ്ഞില്ലായെന്നുള്ളത് തന്നെയല്ലെ ഇത് കാണിക്കുന്നത്? ലഭിച്ച സമയം പാഴാക്കിക്കളയുകയാണ് ഈ സർക്കാർ ചെയ്തത്. ഇത് ജനങ്ങൾക്കുണ്ടാക്കിയിരിക്കുന്ന ആശങ്ക വളരെ വലുതാണ്. കഴിഞ്ഞ ദിവസം എന്റെ പ്രദേശത്ത് താലൂക്ക് വികസന സമിതി യോഗം ചേർന്നു. അങ്ങയുടെ പാർട്ടിയുടെ എം.എൽ.എ. ശ്രീ. എൽദോ എബ്രഹാം ആ സമിതിയിലുണ്ടായിരുന്നു. അവിടെ റേഷൻ കാർഡുകളെക്കുറിച്ചുള്ള പരാതികളാണ് കടന്നുവന്നത്. പരാതികൾ എന്തുചെയ്യുമെന്ന് ഞങ്ങൾ ഉദ്യോഗസ്ഥരോട് ചോദിച്ചപ്പോൾ അവർക്ക് അതിന് വ്യക്തമായൊരു മറുപടി പറയാൻ കഴിയുന്നില്ല. പരാതികൾ സ്വീകരിക്കാൻ നിർദ്ദേശമുണ്ടെന്ന് പറഞ്ഞു. ഇപ്പോൾ വീണ്ടും പരാതികൾ സ്വീകരിച്ച് സിവിൽ സപ്ലൈസ് ഓഫീസുകളിൽ ഭദ്രമായി അട്ടിയിട്ട് വയ്ക്കുകയാണ്. സർക്കാരിൽനിന്ന് കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയില്ലെങ്കിൽ ഈ വിഷയം വീണ്ടുമൊരു തുടർക്കഥയായി നിൽക്കുമെന്നതും ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ പ്രശ്നം വളരെ പ്രധാനപ്പെട്ട ഒന്നാണ്. ഇത് വലിയൊരു സാമൂഹിക പ്രശ്നമാണ്. ഇക്കാര്യത്തിൽ ജനങ്ങൾക്ക് വലിയ ആശങ്കയുണ്ട്. ഇതിന്റെ പ്രാധാന്യവും ഗൗരവവും കണക്കിലെടുത്ത് ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാൻ സർക്കാർ തയ്യാറാകണമെന്നാണ് എനിക്ക് പറയാനുള്ളത്.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, ബഹുമാന്യനായ അനൂപ് ജേക്കബ് പറയുന്നത് കേട്ടാൽ വളരെ രസം തോന്നും.

ഞങ്ങൾക്ക് ലഭിച്ച സമയം വേണ്ടത്ര വിനിയോഗിച്ചില്ല, അവധാനതയോടെ പ്രവർത്തിച്ചില്ല എന്നാണ് അദ്ദേഹം പറഞ്ഞത്. ഞാൻ അങ്ങോട്ട് ചോദിക്കുകയാണ്, 2013-ന് പാർലമെന്റ് പാസ്സാക്കിയ നിയമം നടപ്പാക്കാൻ 2016 വരെ നിങ്ങൾക്ക് കഴിഞ്ഞില്ലല്ലോ? .......(ബഹളം)..... ശ്രീ. പി. ടി. തോമസിന് പ്രയാസം തോന്നേണ്ട കാര്യമില്ല. അത് പറയണമല്ലോ. ഒരു വർഷത്തിനുള്ളിൽ ആ നിയമം നടപ്പാക്കണമെന്നാണ് പാർലമെന്റും അന്നത്തെ കേന്ദ്ര സർക്കാരും തീരുമാനിച്ചത്. 2013 കഴിഞ്ഞ് 2016-ലാണല്ലോ നിങ്ങൾ അധികാരം വിട്ടൊഴിയുന്നത്. നീണ്ട മൂന്നുവർഷക്കാലം ലഭിച്ചിട്ടും നിങ്ങൾക്കൊന്നും ചെയ്യാൻ കഴിഞ്ഞില്ല. ഓരോ അഞ്ച് വർഷം കൂടുമ്പോഴും റേഷൻ കാർഡ് പുതുക്കി നൽകേണ്ടതാണ്. 2007-ൽ അതായത് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്താണ് അവസാനം റേഷൻ കാർഡ് നൽകിയത്. നിങ്ങൾ അധികാരത്തിൽ വന്ന 2012 മുതൽ 2016 വരെ എന്തുകൊണ്ട് റേഷൻകാർഡ് നൽകിയില്ല? അപ്പോൾ റേഷൻ കാർഡ് നൽകാതിരുന്നിട്ട് ഞങ്ങളെ കുറ്റം പറഞ്ഞിട്ടെന്താണ് കാര്യം? താങ്കൾ പറയുന്നതൊന്നും ശരിയല്ല. കരട് പട്ടികയിന്മേൽ ലഭിച്ച 16 ലക്ഷം പരാതികളും വിവിധ തലങ്ങളിലെ കമ്മിറ്റികൾ പരിശോധിച്ച് തീർപ്പുകൽപ്പിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഞങ്ങൾ ഫൈനൽ പട്ടിക പ്രസിദ്ധീകരിച്ചത്. 16 ലക്ഷം പരാതികളും കേരളത്തിലെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ജില്ലാ കളക്ടർ ചെയർമാനായ അപ്പീൽ കമ്മിറ്റിയും പരിശോധിക്കുകയും അവിടെനിന്നും ലഭിച്ച അമ്പതിനായിരം അപ്പീലുകൾക്കും അവർ തീർപ്പ് കൽപ്പിക്കുകയും ചെയ്തു. അങ്ങനെയാണ് 12 ലക്ഷംപേരെ അർഹതയുള്ളവരെന്ന് കണ്ടെത്തിയത്. അവരെക്കൂടി ചേർത്തുകൊണ്ടാണ് റീ-റാങ്കിംഗ് നടത്തി ഫൈനൽ പട്ടിക പ്രസിദ്ധീകരിച്ചത്. അതിനുശേഷം വീണ്ടും പരാതി വന്നു. ആ പരാതിയും പ്രോസസ് ചെയ്തുകൊണ്ടിരിക്കുകയാണ്. ഞങ്ങളാരും വെറുതെയിരുന്നതല്ല. അങ്ങ് നടപ്പാക്കാതിരുന്ന റേഷൻ കാർഡിന്റെ വിതരണം മാത്രമാണോ? എൻ.എഫ്.എസ്.എ. (*National Food Security Act)* പ്രകാരമുള്ള ധാന്യ വിതരണം നവംബർ മാസം മുതൽ ഞങ്ങൾ സംസ്ഥാനത്ത് നടപ്പാക്കി. കേരളത്തിലെ ഏറ്റവും വലിയ ധനാഢ്യരായ, 333-ൽപ്പരം വരുന്ന ഹോൾസെയിൽ റേഷൻ വ്യാപാരികളായ പ്രമാണിമാരെ ഞങ്ങൾ നിഷ്കരുണം ഈ രംഗത്തുനിന്നു മാറ്റി. അത് നിങ്ങൾക്ക് പ്രയാസമുള്ള കാര്യമാണ്.

ശ്രീ. അനൂപ് ജേക്കബ്: സർ, അങ്ങ് ഒഴിവാക്കിയെന്നു പറയുന്നവർ ടെണ്ടറിലൂടെ വീണ്ടും ഇതിലേയ്ക്ക് കടന്നുകൂടിയിട്ടുണ്ടെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. തിലോത്തമൻ: സർ, ഇപ്പോൾ സംസ്ഥാനത്ത് സർക്കാരിനുവേണ്ടി സപ്ലൈകോ ആണ് എഫ്.സി.ഐ. (Food Corporation of India)-ൽനിന്ന് ധാന്യം സംഭരിക്കുന്നതും ഗോഡൗണിൽ സൂക്ഷിക്കുന്നതും വാതിൽപ്പടി വിതരണം നടത്തുന്നതും. അവിടെയെങ്ങും ഒരു സ്വകാര്യ വ്യക്തിയും കടന്നുവരുന്നില്ല. അതുകൊണ്ട് അതിലൊന്നും പ്രയാസം വേണ്ട. നിങ്ങൾക്ക് മൂന്ന് വർഷം ലഭിച്ചിട്ടും എന്തുകൊണ്ട് എൻ.എഫ്.എസ്.എ. നടപ്പാക്കിയില്ല? അന്നത്തെ കോൺഗ്രസ്സ് സർക്കാർ മാഗ്നാകാർട്ട എന്ന് വിളിച്ച് സ്വയം പുകഴ്ത്തിയ ഒന്നാംതരം ഒരു നിയമമായിരുന്നില്ലേ അത്. എന്തുകൊണ്ടാണ് നടപ്പാക്കാതിരുന്നത്? കൊടുങ്ങല്ലൂരിലും എറണാകുളത്തും നിങ്ങൾ തയ്യാറാക്കിയ മുൻഗണനാ പട്ടിക പ്രസിദ്ധീകരിച്ചപ്പോഴുണ്ടായ ആക്ഷേപം അന്നത്തെ മുഖ്യമന്ത്രി, അതിപ്പോഴൊന്നും ചെയ്യണ്ട എന്നുപറഞ്ഞു അടച്ചുവച്ചു. അന്ന് അടച്ചുവച്ചിട്ട് പിന്നെ തുറന്നോ? ഇപ്പോൾ ഞങ്ങൾ അത് മുന്നോട്ട് കൊണ്ടുപോയി. നിങ്ങൾ റേഷൻ കാർഡ് അച്ചടിക്കാനാവശ്യമായ പേപ്പർ വാങ്ങി വച്ചിരുന്നു. പക്ഷെ റേഷൻ കാർഡ് അച്ചടിക്കാൻ യാതൊരു കാര്യവും ചെയ്തിരുന്നില്ല. എല്ലാം ചെയ്തുകഴിഞ്ഞതിനു ശേഷമാണ് റേഷൻ കാർഡ് അച്ചടിക്കാനുള്ള പേപ്പർ വാങ്ങേണ്ടത്. അത് നിങ്ങൾ അഡ്വാൻസായി വാങ്ങി. റേഷൻ കാർഡ് പ്രിന്റ് ചെയ്യാനുള്ള പേപ്പർ വാങ്ങാനും മുൻഗണനാ പട്ടിക തയ്യാറാക്കാനും ഫോട്ടോ ക്യാമ്പ് ഉൾപ്പെടെ നടത്തുന്നതിനുംവേണ്ടി നിങ്ങൾ 34 കോടി രൂപയാണ് ചെലവഴിച്ചത്. ആ നടപടിയെ ഞങ്ങൾ മുന്നോട്ടുകൊണ്ടുപോയി. അതിൽ ധാരാളം ക്രമക്കേടുണ്ടെന്ന് ഞങ്ങൾക്കറിയാം; അതിന്മേൽ ആക്ഷേപം കേട്ടു, അത് പരിഹരിച്ചുകൊണ്ട് ഞങ്ങൾ മുന്നോട്ടുപോകുകയാണ്. ആ പ്രവർത്തനങ്ങൾ ഞങ്ങൾ ഇപ്പോഴും ചെയ്തുകൊണ്ടിരിക്കുകയാണ്. നിങ്ങൾ ചെയ്യാതിരുന്നൊരു കാര്യം ഞങ്ങൾ ചെയ്യുമ്പോൾ ഞങ്ങളെ കുറ്റപ്പെടുത്തരുത്. ഞങ്ങൾ ചെയ്തതിൽ പിശകുകളുണ്ട്, റേഷൻ കാർഡിൽ പ്രിന്റിംഗ് മിസ്റ്റേക്കുണ്ട്, മുൻഗണനാ പട്ടിക തയ്യാറാക്കിയതിൽ പിശകുകൾ ഉണ്ടായിട്ടുണ്ട്. തെങ്ങിൽ കയറുന്നവനെ വീഴ്, താഴെനിന്ന് ഉപദേശിക്കാം. നിങ്ങൾ ഒന്നും ചെയ്യാതെ ഞങ്ങളെ കുറ്റപ്പെടുത്തുന്നത് ശരിയല്ല. നിങ്ങൾ ഒന്നും ചെയ്യാതിരുന്നിട്ട് ഇപ്പോൾ ഉപദേശിക്കരുത്. ഈ ഉപദേശമനുസരിച്ച് അന്ന് ചെയ്തിരുന്നെങ്കിൽ നമ്മുടെ റേഷൻ വെട്ടിക്കുറയ്ക്കപ്പെടുമായിരുന്നില്ല, നമുക്ക് ലഭിക്കേണ്ടത് മുഴുവൻ ലഭിക്കുമായിരുന്നു. സംസ്ഥാനത്തിന് ഇതിനേക്കാൾ കൂടുതൽ സാമ്പത്തിക നേട്ടം ഉണ്ടാകുമായിരുന്നു. അതെല്ലാം കൊണ്ടുപോയി കളഞ്ഞുകുളിച്ചിട്ട് ഞങ്ങളെ കുറ്റം പറയരുത്.

2011-ൽ തദ്ദേശസ്വയംഭരണ വകുപ്പ് മാനദണ്ഡങ്ങൾ തയ്യാറാക്കിയെങ്കിലും

അതിന്റെ അടിസ്ഥാനത്തിൽ പ്രീ-പോപ്പുലേറ്റഡ് ഫോറം തയ്യാറാക്കി വിതരണം ചെയ്തത് 2015-ൽ യു.ഡി.എഫ്. സർക്കാരാണ്. അതിൽ അവശ്യംവേണ്ട മാറ്റങ്ങളുണ്ടോയെന്ന് ആലോചിക്കേണ്ടത് നിങ്ങളായിരുന്നു. ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ച് പ്രാവർത്തികമാക്കുമ്പോൾ അതിൽ പോരായ്മയോ തകരാറോ ഉണ്ടോ മാർക്ക് നിശ്ചയിക്കുമ്പോൾ പ്രശ്നമുണ്ടോയെന്ന് ആലോചിച്ച് കറക്ഷൻവരുത്തി ചെയ്യാതിരുന്നതിന്റെ പ്രയാസമാണ് ഇപ്പോൾ ഞങ്ങൾ അനുഭവിക്കുന്നത്, സംസ്ഥാനത്തെ ജനങ്ങൾ അനുഭവിക്കുന്നത്. അതിന് ഞങ്ങളെ കുറ്റപ്പെടുത്തരുത്. പിഴവുകൾ കണ്ടെത്തി തിരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ വളരെ നന്നായി ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് കുറ്റമറ്റ മുൻഗണനാ പട്ടിക തയ്യാറാക്കാൻ കുറച്ചുകൂടി സമയമെടുക്കുമായിരിക്കുമെങ്കിലും തയ്യാറാക്കും; അതിന്റെ അടിസ്ഥാനത്തിൽ ധാന്യവിതരണം നടത്തുമെന്നാണ് എനിക്ക് പറയാനുള്ളത്. മുൻഗണനേതരപ്പട്ടികയിലുള്ളവർക്ക് എന്തെല്ലാം നൽകണമെന്ന് നിയമമാണ് പറയുന്നത്. എൻ.എഫ്.എസ്.എ. പ്രകാരമുള്ള ധാന്യവിതരണമാണ് ഞങ്ങൾ നടത്തുന്നത്. 28 കി.ഗ്രാം അരിയും 7 കി.ഗ്രാം ഗോതമ്പും, അങ്ങനെ 35 കി.ഗ്രാം, എ.എ.വൈ. (Antyodaya Anna Yojana)-ക്ക്. മുൻഗണനാപ്പട്ടികയിലെ ബാക്കി വരുന്ന ആളുകൾക്ക് ഒരാൾക്ക് 5 കി.ഗ്രാം ധാന്യം, അതായത് 4 കി.ഗ്രാം അരിയും 1 കി. ഗ്രാം ഗോതമ്പും. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തും മുൻഗണനാപ്പട്ടിക കഴിഞ്ഞുള്ളവർക്ക് റേഷൻ വിഹിതം നൽകുന്നില്ല. എന്നാൽ ഇവിടെ ലഭിക്കുന്ന 14.25 ലക്ഷം മെട്രിക് ടൺ ധാന്യത്തിൽനിന്ന് 10.25 ലക്ഷം മുൻഗണനാ പട്ടികയിലുള്ളവർക്ക് നൽകിയശേഷം ബാക്കി വരുന്ന ട്രൈഡ് ഓവർ അലോട്ട്മെന്റ് 4 ലക്ഷം. മുൻഗണനേതര വിഭാഗത്തിൽ 2 കി.ഗ്രാം ഒരാൾക്ക് 2 രൂപ പ്രകാരവും ബാക്കിയുള്ളവർക്ക് 2 കി.ഗ്രാം വീതവും മാത്രമേ കണക്കുപ്രകാരം കൊടുക്കാനുണ്ടായിരുന്നുള്ളൂ. രണ്ട് എന്നത് നാലും ആറുമായി എട്ടുവരെ നമ്മൾ കൊടുത്തു. ഇപ്പോൾ 5 കി. ഗ്രാം ധാന്യവും 2 കി. ഗ്രാം ആട്ടയും കൊടുക്കുകയാണ്. അങ്ങ് അറിഞ്ഞിരിക്കണം മുൻഗണനാപ്പട്ടികയിലുള്ളവർക്കല്ല ആട്ട നൽകുന്നത്. മുൻഗണനേതരപ്പട്ടികയിൽ സബ്സിഡി വിഭാഗത്തിന് ഒരു കിലോയും നോൺ സബ്സിഡി വിഭാഗത്തിന് 2 കി. ഗ്രാം ആട്ടയും കേവലം 15 രൂപയ്ക്ക് കൊടുത്തുകൊണ്ടിരിക്കുകയാണ്. 45 രൂപയ്ക്ക് മാർക്കറ്റിൽ ലഭിക്കുന്ന ആട്ട 15 രൂപയ്ക്ക് മുൻഗണനേതര വിഭാഗങ്ങൾക്ക് കൊടുക്കുകയാണ്. അത് ഇനിയും വർദ്ധിപ്പിക്കാൻ ഞങ്ങൾ ആലോചിക്കുകയാണ്. ലഭിക്കുന്ന ധാന്യം ചോർന്നുപോകാതെ അത് ജനങ്ങളിലെത്തിക്കുന്നതിനുള്ള പ്രവർത്തനമാണ്

നടത്തിക്കൊണ്ടിരിക്കുന്നത്. അതിൽ ഞങ്ങൾ വിജയിക്കുകയാണ്. അതുകൊണ്ടാണ് കണക്കിലുള്ളതിനെക്കാൾ കൂടുതൽ ധാന്യം മിച്ചമുണ്ടായത് നൽകാൻ കഴിഞ്ഞത്. അർഹതയില്ലാത്തവരെ കണ്ടെത്തുന്നതിന് സ്വീകരിച്ച മാർഗ്ഗത്തെക്കുറിച്ച് ഉദ്യോഗസ്ഥർക്ക് പ്രയാസമുണ്ടാകും. മുൻഗണനാപ്പട്ടികയിൽ ഉൾപ്പെടാൻ അർഹതയില്ലാത്തവർ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവർക്ക് അൽപ്പം പ്രയാസമുണ്ടാകും. പക്ഷെ അവർ മുൻഗണനാപ്പട്ടികയിൽ വന്നിരുന്നു, ഇതിനുമുൻപും ബി.പി.എൽ. പട്ടികയിൽ വന്നിരുന്നു. അന്ന് ഒന്നും ചെയ്തില്ലല്ലോ. ഇപ്പോൾ അത് കണ്ടെത്താൻവേണ്ടി കർക്കശമായ നടപടി സർക്കാർ സ്വീകരിച്ചു. ആ വാർത്ത ദിനപ്പത്രത്തിൽ വന്നപ്പോൾത്തന്നെ 20,000-ത്തോളം പേർ സറണ്ടർ ചെയ്തു. ഇന്നലെവരെ 43,000-ൽ അധികം പേരാണ് സറണ്ടർ ചെയ്തത്. ആഗസ്റ്റ് 20-ാം തീയതി ആകുമ്പോഴേക്കും ഇതിനെക്കാൾ കൂടാനാണ് സാദ്ധ്യത. പാവങ്ങൾക്ക് ലഭിച്ച ധാന്യം അവർക്കുതന്നെ നൽകാൻ കഴിയണം. മാതൃഭൂമി ദിനപ്പത്രത്തിലെഴുതിയ എഡിറ്റോറിയൽ വായിക്കണം. മലയാള മനോര ദിനപ്പത്രം രണ്ടുതവണ പ്രകീർത്തിച്ചുകൊണ്ടെഴുതി. മാതൃഭൂമി ദിനപ്പത്രത്തിലെഴുതിയ എഡിറ്റോറിയൽ, 'കുചേലന്മാരുടെ അവിൽപ്പൊതി അപഹരിക്കരുത്' എന്നാണ്. ഞങ്ങൾ ചെയ്ത പ്രവർത്തനത്തെ ശ്ലാഘിച്ചുകൊണ്ട് കേരളത്തിലെ രണ്ട് പ്രധാനപ്പെട്ട ദേശീയ ദിനപ്പത്രങ്ങൾ, മലയാള മനോരമയും മാതൃഭൂമിയും, അനുകൂലമായി ട്ടെഴുതുകയാണ്. ഒരു നല്ല വാക്ക് പറയാൻ ശ്രീ. അനൂപ് ജേക്കബിന് തോന്നിയില്ല. നല്ല വാക്ക് പറയേണ്ടതായിരുന്നു; പേഴ്സണലായെങ്കിലും പറയേണ്ടതായിരുന്നുവെന്നാണ് എന്റെ അഭിപ്രായം. എനിക്ക് അതേക്കുറിച്ച് പറയാനുള്ളത്, ഒരു ആശങ്കയുടെയും അടിസ്ഥാനമില്ല, അർഹതപ്പെട്ട മുഴുവൻപേർക്കും ധാന്യം എൻ.എഫ്.എസ്.എ. പ്രകാരം നൽകാനുള്ളത് നൽകും. ബാക്കി മുൻഗണനേതരപ്പട്ടികയിലുള്ളവർക്കും കഴിയുന്നത്രയും കൊടുത്തു കൊണ്ടിരിക്കുകയാണ്. റേഷൻകടകളിൽ e-pos (electronic point of sale) മെഷീൻകൂടി സ്ഥാപിക്കുമ്പോൾ ഒരു മണി അരിപോലും ചോരാതെ ഞങ്ങൾക്ക് വിതരണം ചെയ്യാൻ കഴിയും, പരമാവധി ജനങ്ങൾക്ക് നേട്ടമുണ്ടാക്കിക്കൊടുക്കാൻ കഴിയുമെന്നാണ് ഇതുസംബന്ധിച്ച് പറയാനുള്ളത്. ഇതേക്കുറിച്ച് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

10.00 AM]

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇത്രയും തെറ്റുകളോടെ റേഷൻ കാർഡ് വിതരണം ചെയ്യാൻ കേരളത്തിൽ ഒരു സർക്കാരിനും ഒരു ഭക്ഷ്യ വകുപ്പുമന്ത്രിക്കും കഴിഞ്ഞിട്ടില്ല. അദ്ദേഹത്തെ ഇക്കാര്യത്തിൽ അഭിനന്ദിക്കുകയാണ് വേണ്ടത്. ഇത്രയും തെറ്റുള്ള ഒരു അബദ്ധപഞ്ചാംഗം കേരളത്തിലെ ഒരു ഭക്ഷ്യ വകുപ്പുമന്ത്രിയുമിറക്കിയിട്ടില്ല. റേഷൻ കാർഡിലെ പരാതികൾ അറിയാൻ ദൂരെയെങ്ങും പോകണ്ട. തൊട്ടടുത്തിരിക്കുന്ന ശ്രീ. കെ. രാജുവിനോട് ചോദിച്ചാൽ മതി. അല്ലെങ്കിൽ ഇരവിപുരം മെമ്പറോട് ചോദിച്ചാൽ മതി. അദ്ദേഹത്തിന്റെ പ്രസംഗം കേട്ടാൽ, എല്ലാം കഴിഞ്ഞ ഗവൺമെന്റിന്റെ കുറ്റമാണ്. നിങ്ങൾ എല്ലാം ശരിയാക്കാൻ വേണ്ടി വന്നവരല്ലേ; കഴിഞ്ഞ ഗവൺമെന്റിന്റെ കുറ്റം ശരിയാക്കാൻ വന്നതല്ലേ? ബഹുമാന്യനായ അദ്ദേഹത്തിന്റെ സഹപ്രവർത്തകൻ, സി.പി.ഐ.യിലെ മന്ത്രിയായ, ശ്രീ. കെ. രാജു മുൻഗണനാപ്പട്ടികയിലാണ്.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, റേഷൻ കാർഡ് ഓരോ അഞ്ചു വർഷം കഴിയുമ്പോഴും പുതുക്കേണ്ടതാണ്. കഴിഞ്ഞ സർക്കാർ 2007-ൽ നൽകിയ റേഷൻ കാർഡാണ് ഇതുവരെ എല്ലാവരുടെയും കൈയിലുണ്ടായിരുന്നത്. 2012-ൽ പുതുക്കേണ്ടതായിരുന്നു. അങ്ങ് കഴിഞ്ഞ ഗവൺമെന്റിനെ നയിച്ച ഏറ്റവും പ്രധാനപ്പെട്ട വ്യക്തിയായിരുന്നില്ലേ; അങ്ങേയ്ക്ക് ഉപദേശിച്ചുകൂടായിരുന്നോ?

ശ്രീ. അനൂപ് ജേക്കബ്: സർ, ഈ സഭയിൽ പല ആവർത്തി ശ്രദ്ധ ക്ഷണിക്കലിലും സബ്മിഷനിലും കൂടാതെ കഴിഞ്ഞ അടിയന്തര പ്രമേയത്തിലും ഇത് പറഞ്ഞിട്ടുള്ളതാണ്. 2013-ലാണ് ഭക്ഷ്യ ഭദ്രതാ നിയമം........

മി. സ്പീക്കർ: ഇത് എത്ര തവണ സഭയിൽ പറഞ്ഞതാണ്. അങ്ങ് ദയവായി ഇരിക്കൂ. എത്ര തവണ അങ്ങോട്ടും ഇങ്ങോട്ടും പറയുന്നു. പ്രതിപക്ഷ നേതാവ് ഒരു ചോദ്യം ചോദിച്ചു. അതിന്റെ ഉത്തരം പറയണം. അതുപോരെ, ഇതൊന്നും ശരിയല്ല.

ശ്രീ. അനൂപ് ജേക്കബ്: സർ, എന്തുകൊണ്ടാണ് റേഷൻ കാർഡ് നൽകാൻ വൈകിയതെന്ന് പറഞ്ഞിട്ടുള്ളതാണ്. 2012-ൽ കാലാവധി അവസാനിച്ചതാണ്. 2013-ൽ ഭക്ഷ്യ ഭദ്രതാ നിയമം നിലവിൽ വന്നതിനാൽ അതിന്റെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് മുൻപോട്ടുപോകേണ്ടിവന്നു. അതിന്റെ സമയം മാത്രമാണ് എടുത്തത്. ബഹുമാനപ്പെട്ട മന്ത്രിക്ക് ഇക്കാര്യമെല്ലാം അറിയാം.

മി.സ്പീക്കർ: ഇതൊന്നും ശരിയല്ല. അങ്ങ് പ്രമേയത്തിനുവേണ്ടി സംസാരിച്ച കഴിഞ്ഞതാണ്.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, എന്റെ റേഷൻ കാർഡ് അധികാരികളുടെ മുന്നിൽ സറണ്ടർ ചെയ്യുകയും അതിൽ പൊതുവിഭാഗം എന്ന് നമ്പരിട്ട് സീൽ വച്ച് എനിക്ക് ലഭിച്ചിട്ടുള്ളതുമാണ്. അക്കാര്യം ശ്രദ്ധയിൽ വന്നപ്പോൾത്തന്നെ ഹാജരാക്കി ആ തെറ്റ് തിരുത്തിയിട്ടുള്ളതാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ ബഹുമാനപ്പെട്ട മന്ത്രി കെ. രാജുവിന്റെ കുറ്റമല്ല പറഞ്ഞത്. ഇത്തരമൊരു അബദ്ധ പഞ്ചാംഗമിറക്കിയ ശ്രീ. പി. തിലോത്തമന് എങ്ങനെ ഇതിനെ ന്യായീകരിക്കാൻ കഴിയും? ഒരു എം.എൽ.എ.യും മന്ത്രിയും മുൻഗണനാപ്പട്ടികയിൽ. അദ്ദേഹം ഇവിടെ രണ്ട് ദിനപ്പത്രങ്ങൾ ഉദ്ധരിച്ചു. ഞാൻ കേരള കൗമുദി ദിനപ്പത്രം ഉദ്ധരിക്കാം. ഓലക്കുടിലിൽ ജീവിക്കുന്ന നിർദ്ധന കുടുംബത്തിന് എ.പി.എൽ. കാർഡ് ലഭിച്ചപ്പോൾ ഒരു തവണപോലും റേഷൻകട കാണാത്ത ധനിക കുടുംബത്തിന് ദരിദ്ര വിഭാഗത്തിനുള്ള ബി.പി.എൽ. കാർഡ് ലഭിച്ചത് കാർഡ് തയ്യാറാക്കിയവർക്ക് സംഭവിച്ച ഒരു പിഴവായി മാത്രം കണ്ടാൽപ്പോര; അത് സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റിലുണ്ടായ കുഴപ്പമാണ്. മന്ത്രി ഡിപ്പാർട്ടുമെന്റിനെ അങ്ങനെ ന്യായീകരിക്കുന്നത് ശരിയല്ല. കേരളത്തിൽ 13 ലക്ഷം ആളുകളാണ് റേഷൻ കാർഡിലുള്ള തെറ്റ് സംബന്ധിച്ച പരാതി നൽകിയത്. അത് പരിശോധിക്കുന്നില്ല. റേഷൻ കാർഡ് എന്നത് ഇന്ന് ഒരു അടിസ്ഥാനരേഖയാണ്. അത് ഉപയോഗിക്കുന്നത് റേഷനരിയും സാധനങ്ങളും വാങ്ങാൻ മാത്രമല്ല, ചികിത്സാ സഹായത്തിനുൾപ്പെടെ പല കാര്യങ്ങൾക്കും വേണ്ടിവരും. മൂന്നാർ മേഖലയിൽ ദേവികുളം താലൂക്കിൽ ഇതുവരെയായി റേഷൻ കാർഡിനെ സംബന്ധിച്ച ഒരു നടപടിയുമായിട്ടില്ല. ചോദിച്ചപ്പോൾ അറിയാൻ കഴിഞ്ഞത് തമിഴിൽ അത് അച്ചടിക്കണമെന്നുള്ളതുകൊണ്ടാണെന്നാണ്. പരാതി ലഭിച്ചതുകൊണ്ടാണ് ഞാൻ പറയുന്നത്; പല സ്ഥലങ്ങളിലും റേഷൻ കാർഡ് കിട്ടുന്നില്ല; റേഷൻ കാർഡിലെ തെറ്റുകൾ തിരുത്തുന്നില്ല. തമിഴ് ഭാഷയിലാക്കുന്നില്ലെന്ന പരാതിയാണ് വന്നത്.

ശ്രീ. പി. തിലോത്തമൻ: സർ, ദേവികുളത്ത് ഇപ്പോൾ റേഷൻ കാർഡ് വിതരണം ചെയ്തുകൊണ്ടിരിക്കുകയാണ്; പഴയ വിവരമാണ് അങ്ങ് പറയുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ജനങ്ങളുടെ പരാതിയാണ് പറയുന്നത്. ഞങ്ങൾ പരാതികൾ പറയണ്ടേ? When injustice become slow, resistance

become our duty. ഞങ്ങളുടെ ഉത്തരവാദിത്വമാണത്. ഇൻജസ്റ്റിസ് ഉണ്ടായാൽ, അർഹരായവരെ അതിൽനിന്ന് ഒഴിവാക്കിയാൽ അതിൽ ഉൾപ്പെടുത്തണമെന്ന് പറയേണ്ടത് ഞങ്ങളുടെ ചുമതലയല്ലേ? അങ്ങ് പറഞ്ഞു വാതിൽപ്പടി വിതരണം നടത്തുമെന്ന്. അങ്ങ് ഒരു കാര്യം ശ്രദ്ധിക്കണം, കോഴിക്കോട് ജില്ലയിൽ ഗോഡൗൺ മുഴുവൻ ആരുടെ കയ്യിലാണ്? സ്വകാര്യ വ്യക്തികളെ മുഴുവൻ മാറ്റിയെന്ന് അങ്ങ് പറഞ്ഞല്ലോ. കോഴിക്കോട് ജില്ലയിൽ സ്വകാര്യ വ്യക്തികളുടെ കയ്യിലാണ് മുഴുവൻ ഗോഡൗണും. സിവിൽ സപ്ലൈസ് കോർപ്പറേഷൻ അവരെയാണ് ഏൽപ്പിച്ചിരിക്കുന്നത്. വസ്തുതകളെ വസ്തുതകളായി കണ്ടുകൊണ്ടുവേണം ബഹുമാനപ്പെട്ട മന്ത്രി പ്രവർത്തിക്കാൻ.

ശ്രീ. പി. തിലോത്തമൻ: സർ, സംസ്ഥാനത്തെ മുഴുവൻ വെയർഹൗസിംഗ് ഗോഡൗണുകളുമെടുത്തു, കിട്ടാവുന്ന സൊസൈറ്റികളുടെ മുഴുവൻ എടുത്തു, അതുകഴിഞ്ഞും ഗോഡൗൺ ലഭിക്കാത്ത സ്ഥലങ്ങളിലാണ് ചില വ്യക്തികളുടേത് എടുക്കേണ്ടിവന്നത്. അരി സംഭരിക്കാൻ സ്ഥലം വേണ്ടേ? സർക്കാരിന് വേറെ ഗോഡൗണില്ല. അതുകൊണ്ടുമാത്രം ചില സ്ഥലങ്ങളിൽ സ്വകാര്യ വ്യക്തികളുടെ ഗോഡൗൺ എടുക്കേണ്ടിവന്നിട്ടുണ്ട്. അതാണ് അങ്ങ് മനസ്സിലാക്കേണ്ടത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, അതുതന്നെയാണ് ഞങ്ങളും പറഞ്ഞത്. അങ്ങയുടെ മറുപടിയിൽ അത് പറഞ്ഞാൽ മതിയായിരുന്നു. ഞങ്ങൾ സ്വകാര്യ വ്യക്തികളെ മുഴുവൻ ഒഴിവാക്കിയെന്നാണ് അങ്ങ് പറഞ്ഞത്.

ശ്രീ. പി. തിലോത്തമൻ: സർ, അങ്ങ് മനസ്സിലാക്കേണ്ടത്, വാടകയ്ക്ക് ഗോഡൗണുകളെടുത്തെങ്കിലും അത് സർക്കാരിന്റെ കസ്റ്റഡിയിലാണ്. എന്നാൽ നിങ്ങളുടെ ഭരണകാലത്ത് അതല്ലായിരുന്നു അവസ്ഥ. നിങ്ങൾ നിയമം നടപ്പാക്കാതെ നീട്ടിക്കൊണ്ടുപോയത് പഴയ പ്രവണതതന്നെ തുടരാനായിരുന്നു. അത് ഞങ്ങൾ സമ്മതിച്ചില്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, അങ്ങ് ഇക്കാര്യം ശ്രദ്ധിക്കണം. ഇപ്പോഴും അവർ തന്നെയാണ് പല സ്ഥലങ്ങളിലും വിതരണം ചെയ്യുന്നത്. അത് ശരിയല്ല, അങ്ങ് പരിശോധിക്കേണ്ട കാര്യമാണ്. ഞങ്ങൾ നിയമസഭയിൽ വസ്തുതാവിരുദ്ധമായി പറയില്ല. ഞാൻ ഉത്തരവാദിത്വത്തോടുകൂടിയാണ് പറയുന്നത്. ഞങ്ങൾ ഉത്തരവാദിത്വത്തോടുകൂടി ഒരു കാര്യം പറഞ്ഞാൽ അത് ശരിയാണോയെന്ന് ബഹുമാനപ്പെട്ട മന്ത്രി പരിശോധിക്കട്ടെ. ഭക്ഷ്യവകുപ്പ് 1,27,000 അനർഹരെ കണ്ടെത്തി പുറത്താക്കിയിട്ടുണ്ട്. ഇനിയും മൂന്നരലക്ഷത്തോളം അർഹരായവർ ബി.പി.എൽ. ലിസ്റ്റിന് പുറത്താണ്. 80 ശതമാനത്തോളം റേഷൻ കാർഡുകൾ മാത്രമേ കൊടുത്തുതീർത്തിട്ടുള്ളൂ.

അതിൽത്തന്നെ പരാതികൾ നിലനിൽക്കുകയാണ്. ഓരോ നെന്മണിയിലും അത് കഴിക്കേണ്ടവന്റെ പേര് രേഖപ്പെടുത്തിയിട്ടുണ്ടെന്നാണ് ഖുർആനിൽ പറയുന്നത്. അങ്ങനെയുള്ളവർക്ക് ഭക്ഷ്യധാന്യങ്ങൾ നിഷേധിക്കരുത്. ഇന്ന് കേരളത്തിൽ ഭക്ഷ്യധാന്യങ്ങൾ നിഷേധിക്കുകയാണ്. ജനങ്ങൾക്ക് ഭക്ഷ്യധാന്യങ്ങൾ ലഭിക്കുന്നില്ല. പൊതുവിതരണ സംവിധാനമാകെ തകരാറിലായിരിക്കുന്നു. റേഷൻ കാർഡിനെ സംബന്ധിച്ചിടത്തോളം പരാതികൾ വ്യാപകമാണ്. എവിടെ ചെന്നാലും ഇത്തരം പരാതികളുണ്ട്. ഇതെല്ലാം കഴിഞ്ഞ ഗവൺമെന്റിന്റെ കുറ്റമാണെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്. ഇതിങ്ങനെ എത്രനാൾ പറഞ്ഞുകൊണ്ടിരിക്കും? ഇത് പരിഹരിക്കാനുള്ള ഫലപ്രദമായ നടപടിയുണ്ടാകണമെന്നുള്ളതാണ് ഇവിടത്തെ പ്രശ്നം. ഇക്കാര്യം പറയുമ്പോൾ ഇതൊന്നും കേൾക്കാതെ കഴിഞ്ഞ സർക്കാരിനെയും മന്ത്രിയെയും കുറ്റപ്പെടുത്തിക്കൊണ്ട് എത്രനാൾ ശ്രീ. പി. തിലോത്തമന് മുന്നോട്ട് പോകാൻ കഴിയും? ശ്രീ. പി. തിലോത്തമൻ അരി തേടി ആന്ധ്രാ പ്രദേശിൽ പോയതുപോലെയെന്ന ശൈലി തന്നെ വന്നിട്ടുണ്ട്. അങ്ങനെയാണ് പലരും പറഞ്ഞുകൊണ്ടിരിക്കുന്നത്. ഒന്നരമാസം മുമ്പ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവിടത്തെ ഡെപ്യൂട്ടി മുഖ്യമന്ത്രിയുമായി അരിയുടെ കാര്യം ചർച്ച ചെയ്തതാണ്. മുഖ്യമന്ത്രിയോട് അരി നൽകാമെന്ന് പറയുകയും ചെയ്തു. എന്തിനാണ് ഇതിനൊക്കെ ഒന്നര രണ്ട് മാസംവരെ എടുക്കുന്നത്. നമ്മുടെ നാട്ടിൽ വേഗതയിൽ കാര്യങ്ങൾ ചെയ്യുക എന്നതാണ് ആവശ്യമായിട്ടുള്ളത്. ഭക്ഷ്യവിതരണ രംഗത്തും പൊതുവിതരണ രംഗത്തും ഗുരുതരമായ പ്രശ്നങ്ങളാണ് സംജാതമായിരിക്കുന്നത്. റേഷൻ കാർഡിനെ സംബന്ധിച്ചുള്ള പരാതികൾ ജനങ്ങളുടെയിടയിൽ വ്യാപകമാണ്. ഓരോ എം.എൽ.എ.യും നേരിടുന്ന ഏറ്റവും വലിയ പ്രശ്നം എന്താണ്? നിയോജകമണ്ഡലത്തിൽ ചെന്നാൽ റേഷൻ കാർഡുകൾ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തണമെന്നുള്ളതാണ് ഏറ്റവും കൂടുതലായി ലഭിക്കുന്ന പരാതി. ഇതൊന്നും പരാതിയല്ലെന്നും എല്ലാം ശരിയാണെന്നും പറയുന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ നിലപാട് തെറ്റാണ്. ബഹുമാന്യനായ മന്ത്രി പരിശോധിച്ച് തെറ്റുകൾ തിരുത്തുകയാണ് വേണ്ടത്. കുറ്റമറ്റ റേഷൻ കാർഡ് സംവിധാനം ഏർപ്പെടുത്താൻ നടപടികൾ സ്വീകരിക്കുന്നതിനുപകരം എല്ലാം ശരിയാണെന്നുള്ള നിലപാട് ഒരിക്കലും അംഗീകരിക്കാൻ കഴിയില്ല. ജനങ്ങളെ ബാധിക്കുന്ന, പാവപ്പെട്ടവരെ ബാധിക്കുന്ന, സാധാരണക്കാരെ ബാധിക്കുന്ന കാര്യമാണ്. മന്ത്രിയുടെ മറുപടി ഒട്ടും ശരിയായിരുന്നില്ല. ഈ വിഷയം ചർച്ച ചെയ്യാത്ത നടപടിയിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് ചെയ്യുകയാണ്.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്ന് പുറത്തുപോയി.)

<u>ഡോ. എം. കെ. മുനീർ</u>: സർ, കേന്ദ്ര ഭക്ഷ്യഭദ്രതാ നിയമപ്രകാരം 1,54,00,000 പേർക്കാണ് സൗജന്യ റേഷന് അർഹതയുള്ളത്. ഇപ്പോൾത്തന്നെ 5,00,000-ലധികം പരാതികളാണ് നിലനിൽക്കുന്നത്. മാത്രമല്ല, ഈ പരാതികൾ പരിഹരിക്കുന്നതിനുവേണ്ടി മോട്ടോർ വാഹനം, നോർക്ക, തദ്ദേശസ്വയംഭരണം, റവന്യൂ തുടങ്ങിയ വകുപ്പുകളെയും ഉപയോഗിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. ഈ വകുപ്പുകളെല്ലാം പരിശോധിച്ച് ഏത് കാലത്താണ് 5,00,000 ആളുകളുടെ പരാതികൾക്ക് പരിഹാരമുണ്ടാക്കാൻ സാധിക്കുന്നത്? നോർക്ക വിദേശത്തുള്ളവരുടെ കണക്കെടുക്കണം; മോട്ടോർ വാഹന വകുപ്പ് നാല് ചക്രവാഹനമുള്ളവരുടെ കണക്കെടുക്കണം; റവന്യൂ വകുപ്പ് വേറെ കാര്യങ്ങൾ നോക്കണം. ഇവിടെ സൂചിപ്പിച്ചതുപോലെ അരിയുടെ വിഷയം മാത്രമല്ല, ക്യാൻസർ രോഗികൾ, കിടപ്പുരോഗികൾ തുടങ്ങിയവർക്ക് സൗജന്യ ചികിത്സ ലഭിക്കണമെങ്കിൽ റേഷൻ കാർഡ് ആവശ്യമാണ്. ഇതിന്റെ പേരിൽ ആരെങ്കിലും രോഗം അധികരിച്ച് മരിച്ച് പോകുന്നുണ്ടെങ്കിൽ അതിന്റെ ഉത്തരവാദിത്വം ഭക്ഷ്യ വകുപ്പിനാണെന്നുള്ളത് മനസ്സിലാക്കണം. 43,000 ആളുകൾ സ്വയം കാർഡുകൾ സമർപ്പിക്കാൻവേണ്ടി മുന്നോട്ടുവന്നുവെന്ന് പറഞ്ഞു. ഉദ്യോഗസ്ഥർ മുഴുവൻ താലൂക്ക് സപ്ലൈ ഓഫീസിന് മുന്നിൽ ക്യൂ നിൽക്കുകയാണ്, അവർ ചെയ്ത തെറ്റല്ല. മുൻഗണനാക്രമം തീരുമാനിച്ചത് ആരാണ്? അവർ ചെയ്യാത്ത തെറ്റിന് സപ്ലൈ ഓഫീസിന് മുന്നിൽ ക്യൂ നിന്ന് റേഷൻ കാർഡ് സറണ്ടർ ചെയ്യേണ്ട അവസ്ഥയുണ്ടാക്കിയത് ആരാണെന്നുള്ളത് പരിശോധിക്കണം. മന്ത്രി ശ്രീ. കെ. രാജുവും ശ്രീ. എം. നൗഷാദ് എം.എൽ.എ.യും ആവശ്യപ്പെട്ടിട്ടല്ല മുൻഗണനാപട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. നിങ്ങൾ സാധുക്കളാണെന്ന് വകുപ്പ് തീരുമാനിച്ചതുകൊണ്ടാണ് സൗജന്യമായി ഭക്ഷണം കഴിച്ചുകൊള്ളാനുള്ള തീരുമാനം എടുത്തത്. ഇതുപോലെ പാവപ്പെട്ട ലക്ഷപ്രഭുക്കൾ, സാധുക്കളായ കോടീശ്വരന്മാർ തുടങ്ങി ആരൊക്കെ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെന്നുള്ളതിനെക്കുറിച്ച് യാതൊരു ധാരണയും ആർക്കുമില്ല. .....(ബഹളം).... കാസർഗോഡ് ജില്ലയിൽ റേഷൻ കാർഡ് വിതരണം ആരംഭിച്ചിട്ടില്ല. കാരണം, കന്നഡ ഭാഷയിൽ അച്ചടിക്കുന്ന വിഷയവുമായി ബന്ധപ്പെട്ടാണ്.

<u>ശ്രീ. പി. തിലോത്തമൻ</u> : സർ, കാസർഗോഡ് ജില്ലയിൽ രണ്ട് താലൂക്കുകളൊഴിച്ച് ബാക്കിയെല്ലാ സ്ഥലങ്ങളിലും വിതരണം ചെയ്തിട്ടുണ്ട്.

<u>ഡോ. എം. കെ. മുനീർ</u>: സർ, കാസർഗോഡ് എം.എൽ.എ. ഇക്കാര്യം എന്നോട് സൂചിപ്പിക്കാൻ പറഞ്ഞതുകൊണ്ട് പറഞ്ഞതാണ്. ഈ പരാതി വന്നത് എന്തുകൊണ്ടാണെന്നുള്ളത് അങ്ങ് പരിശോധിക്കണം. അതുകൊണ്ട് ഇത്തരം

കാര്യങ്ങൾ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യുകയാണെങ്കിൽ ഞങ്ങൾക്ക് നിർദ്ദേശം നൽകാനുണ്ട്. രണ്ടാഴ്ചകൊണ്ടോ ഒരു മാസത്തിനുള്ളിലോ തീർക്കുന്നതിനുള്ള നിർദ്ദേശം ഞങ്ങളുടെ കയ്യിലുണ്ട്.

ശ്രീ. പി. തിലോത്തമൻ : സർ, സർക്കാർ ഉദ്യോഗസ്ഥർ ശമ്പളം വാങ്ങിക്കാൻ ബുദ്ധിമുട്ടുന്നുണ്ടെന്ന് പറഞ്ഞല്ലോ. അവർ സ്വയം പൂരിപ്പിച്ച് നൽകിയ ഫോറത്തിലെ നിർദ്ദേശങ്ങൾ അനുസരിച്ചാണ് മുൻഗണനാ പട്ടികയിൽ വന്നത്. സർക്കാർ ഉദ്യോഗസ്ഥർ തങ്ങളുടെ വരുമാനം ഇത്രയുണ്ടെന്നുള്ള വസ്തുത മറച്ചുവച്ചുകൊണ്ട് ഫോറം പൂരിപ്പിച്ചുകൊടുത്തതുകൊണ്ടാണ് മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടത്. അതാണ് അവർ തിരുത്തേണ്ടത്.

ഡോ. എം. കെ. മുനീർ: സർ, ഇത് പരിശോധിക്കുന്ന സമയത്ത് വരുമാനവുമായി താരതമ്യം ചെയ്തുകഴിഞ്ഞാൽ കൃത്യമായി ഇവരെ ആദ്യമേ പുറത്താക്കാമായിരുന്നു. പല കാര്യങ്ങളും ചർച്ച ചെയ്യുകയാണെങ്കിൽ ഇത് വേഗത്തിലാക്കാനുള്ള നിർദ്ദേശങ്ങളുണ്ട്. അത് നിങ്ങൾക്ക് കേൾക്കേണ്ടെന്ന അവസ്ഥയിൽ, ചർച്ച വേണ്ടെന്നുപറഞ്ഞ സാഹചര്യത്തിൽ ഞാനും എന്റെ കക്ഷിയും ഇറങ്ങിപ്പോകുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും ശ്രീ. അനൂപ് ജേക്കബും സഭയിൽനിന്ന് പുറത്തുപോയി.)

ശ്രീ. മോൻസ് ജോസഫ് : സർ, നമ്മുടെ സംസ്ഥാനത്തെ ഏറ്റവും ഗുരുതരമായ പ്രശ്നത്തെ രാഷ്ട്രീയ തർക്കമായി കൊണ്ടുപോകുന്ന നിലയിലേയ്ക്കാണ് ഇവിടത്തെ ചർച്ചകളെ പൊതുവെ കാണാൻ കഴിയുന്നത്. ഇത് ഏറ്റവും നിർഭാഗ്യകരമാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ പ്രശ്നത്തെ വസ്തുതാപരമായി വിലയിരുത്താൻ സർക്കാർ തയ്യാറാകേണ്ടതുണ്ട്. പ്രതിപക്ഷ-ഭരണകക്ഷി തർക്കമായും കഴിഞ്ഞ സർക്കാർ - ഇപ്പോഴത്തെ സർക്കാരെന്ന നിലയിലും ഈ വിഷയം പോകുമ്പോൾ ജനങ്ങൾ അഭിമുഖീകരിക്കുന്ന സങ്കീർണ്ണമായ ബുദ്ധിമുട്ട് വസ്തുതാപരമായി സർക്കാരും ബഹുമാനപ്പെട്ട മന്ത്രിയും കാണേണ്ടതായുണ്ട്. എന്റെ വീടിന്റെ തൊട്ടടുത്ത് ലക്ഷംവീട്ടിൽ താമസിക്കുന്ന രണ്ട് കുടുംബങ്ങളുണ്ട്. കഴിഞ്ഞ ദിവസം വീട്ടിൽ ആളുകളെ കാണുന്ന സമയത്ത് അവർ വലിയ വിഷമത്തോടെ എന്റെയടുത്ത് വരികയുണ്ടായി. ആ രണ്ട് കുടുംബങ്ങളും എ.പി.എൽ. വിഭാഗത്തിൽ ഉൾപ്പെട്ടിരിക്കുകയാണ്. ലക്ഷംവീട്ടിൽ താമസിക്കുന്ന കുടുംബങ്ങളുടെ കാർഡിൽവരെ പിശക് വന്നിരിക്കുകയാണ്. ഇത് മന്ത്രിയുടെ കുറ്റമാണെന്നോ സർക്കാരിന്റെ വീഴ്ചയാണെന്നോ പറയുന്നതിൽ കാര്യമില്ല. ഏത്

ഗവൺമെന്റാണെങ്കിലും ഇതെല്ലാം സംഭവിക്കാമെന്നുള്ളത് വസ്തുതയാണ്. അതുകൊണ്ട് പരസ്പരം കുറ്റാരോപണങ്ങൾ നടത്തുന്നതിലുപരി പ്രശ്നത്തിന് പരിഹാരമുണ്ടാക്കുകയാണ് വേണ്ടത്. പതിനേഴ് ലക്ഷത്തോളം അപേക്ഷ ലഭിച്ചുവെന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പരാതികൾ പരിഹരിക്കാൻ നല്ലൊരു ഇടപെടൽ സർക്കാർ ആദ്യം നടത്തിയതാണ്; അതിന് ഫലമുണ്ടായില്ലെന്നാണ് ഞാൻ പറയുന്നത്. കേരളത്തിലെ വിവിധ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും ലക്ഷക്കണക്കിനാളുകൾ അപേക്ഷ നൽകിയതിന്റെ ഫലമായി ഹിയറിംഗ് നടത്തി. ഹിയറിംഗ് കഴിഞ്ഞ് കാർഡ് ലഭിക്കുമ്പോൾ തങ്ങളുടെ കാര്യത്തിൽ മാറ്റം വരുമെന്നാണ് പാവപ്പെട്ട ജനങ്ങൾ പ്രതീക്ഷിക്കുന്നത്. വരുമാനം കൂട്ടിവച്ചത് കുറയുമെന്നും എ.പി.എൽ. എന്ന് തെറ്റായി രേഖപ്പെടുത്തിയത് ബി.പി.എൽ.ആയി മാറുമെന്നും ജനങ്ങൾ പ്രതീക്ഷിച്ചുവെങ്കിലും റേഷൻ കാർഡ് ലഭിച്ചപ്പോൾ മാറ്റമൊന്നും സംഭവിച്ചിട്ടില്ല. ഭൂരിപക്ഷം പേരുടെയും റേഷൻ കാർഡുകളിൽ പഴയതുപോലെ എ.പി.എൽ. എന്നുതന്നെയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വരുമാനം കൂട്ടിവച്ചതെല്ലാം അതുപോലെ നിൽക്കുകയാണ്. ഇന്നയിന്ന കാരണങ്ങളാൽ താങ്കൾ എ.പി.എൽ. വിഭാഗത്തിൽ തന്നെയാണെന്നും താങ്കളുടെ വരുമാനം കുറയേണ്ട കാര്യമില്ലെന്നുമുള്ള മറുപടി കൊടുത്തിരിക്കുകയാണ്. ഇക്കാര്യം അങ്ങ് പരിശോധിക്കണം. ഇനി വരുന്ന അഞ്ചുവർഷക്കാലത്തേക്ക് ഇത് അനുഭവിച്ചുകൊള്ളണമെന്ന നിലയിലേക്ക് സിവിൽ സപ്ലൈസ് വകുപ്പിലെ ഉദ്യോഗസ്ഥർ അവരുടെ ജോലി തീർക്കാൻ വേണ്ടിയുള്ള നിലപാട് സ്വീകരിക്കുന്നു എന്നുള്ള വിവരം ബഹുമാനപ്പെട്ട മന്ത്രിയും സർക്കാരും മനസ്സിലാക്കേണ്ടതുണ്ട്. രാഷ്ട്രീയ തർക്കത്തിനപ്പുറത്ത് ഈ വിഷയത്തെ കാണണമെന്ന് പറഞ്ഞത് പരിഹരിക്കപ്പെടുന്നതിനുവേണ്ടിയാണ്. രാഷ്ട്രീയ തർക്കമാണെന്ന് പറഞ്ഞ് ഉപേക്ഷിക്കാനുള്ള വിഷയമല്ലായെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അഞ്ചുവർഷത്തേയ്ക്ക് വരുമാനം ഉൾപ്പെടെയുള്ള മറ്റെല്ലാ കാര്യത്തിലും റേഷൻ കാർഡ് അടിസ്ഥാന രേഖയാണെന്ന് നമുക്കെല്ലാവർക്കും അറിയാം. ഇതിങ്ങനെ ആശങ്കയോടെ കാണുന്നവർ, കളക്ടേറ്റുകളിലും സിവിൽ സപ്ലൈസ് ഓഫീസുകളിലും അപേക്ഷയുമായി ചെല്ലുമ്പോൾ ഉദ്യോഗസ്ഥർ പറയുന്നത് ഞങ്ങൾ ഈ അപേക്ഷകൾ വാങ്ങിവയ്ക്കാം, പക്ഷെ, ഇത് മാറ്റിക്കിട്ടുമെന്നുള്ള കാര്യത്തിൽ ഞങ്ങൾക്ക് ഉറപ്പില്ലായെന്നാണ്. ഇക്കാര്യത്തിൽ സർക്കാർ ഉറപ്പ് നൽകണം. സമയബന്ധിതമായി പരാതികൾ പരിഹരിക്കാനുള്ള സംവിധാനമുണ്ടാകണം. അതിനുവേണ്ടി സംവിധാനം ഏർപ്പെടുത്തണം. എല്ലാ ജില്ലകളിലും താലൂക്കുകളിലും പരാതികൾ നേരിട്ട് കേൾക്കാൻ, പരിശോധിക്കാൻ, പരിഹാരം കാണാൻ, വ്യവസ്ഥാപിതമായ മാർഗ്ഗം

കണ്ടെത്തുകയെന്നത് ജനാധിപത്യത്തിൽ സർക്കാർ ചെയ്യേണ്ട കാര്യമാണ്; അതിലേക്ക് വന്നിട്ടില്ല. അങ്ങ് അത് ചെയ്യേണ്ടതായിട്ടുണ്ട്. അതിലൂടെ പ്രശ്നം പരിഹരിക്കാൻ കഴിയുന്ന സാഹചര്യമുണ്ടാകണം. ജനങ്ങളുടെ ആശങ്കകൾ പരിഹരിച്ച് തൃപ്തികരമായ പരിഹാരമുണ്ടാക്കി റേഷൻ കാർഡുകളിൽ വന്ന അപാകതകൾ പരിഹരിക്കുകയെന്നതാണ് സർക്കാർ ചെയ്യേണ്ട കാര്യം. അക്കാര്യത്തിൽ സർക്കാർ അവധാനതയോടെ, ആത്മാർത്ഥതയോടെ പരിശോധനയ്ക്ക് തയ്യാറാകാനും നടപടികൾ സ്വീകരിക്കാനും ഇന്നത്തെ അടിയന്തര പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ മുന്നോട്ടു വരേണ്ടതായിരുന്നു. അക്കാര്യത്തിൽ സമയം വൈകാതെ നടപടിയെടുക്കണമെന്ന് അഭ്യർത്ഥിച്ചിട്ടും അതിന് തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് കേരളാ കോൺഗ്രസ്സ് അംഗങ്ങൾ ഈ വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്ന് പുറത്തുപോയി. സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)

## III ശ്രദ്ധ ക്ഷണിക്കൽ

### (1) തീരദേശ പരിപാലന വിജ്ഞാപനത്തിലെ നിയന്ത്രണങ്ങൾ

ശ്രീ. എ. എൻ. ഷംസീർ: സർ, ഏതാണ്ട് 580 കിലോമീറ്റർ ദൈർഘ്യവും 9 ജില്ലകളിൽ പരന്നുകിടക്കുന്നതുമാണ് കേരളത്തിന്റെ തീരദേശം. ഈ തീരദേശ മേഖലയിൽ അധിവസിക്കുന്ന Fishermen Community ഇന്ന് വലിയ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. ഏതാണ്ട് പതിനൊന്ന് ലക്ഷത്തോളം മത്സ്യത്തൊഴിലാളികളുണ്ട്. ഈ മത്സ്യത്തൊഴിലാളികളെ തീരദേശത്തുനിന്ന് മാറ്റി താമസിപ്പിക്കുക എന്നത് വളരെ ശ്രമകരമായ ദൗത്യമാണ്. പക്ഷേ ഇന്ന് അവരുടെ ആവാസവ്യവസ്ഥ വലിയ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. 1991-ൽ CRZ (Coastal Regulation Zone) വിജ്ഞാപനം അനുസരിച്ച് മത്സ്യത്തൊഴിലാളി സമൂഹം, ഗോത്രസമൂഹം എന്നിവരുടെ താമസത്തിനായുള്ള സൗകര്യങ്ങൾ അനുവദിക്കണമെന്ന് പറഞ്ഞിട്ടുണ്ട്. വാണിജ്യ പ്രവർത്തനങ്ങൾക്കായുള്ള ഉപയോഗത്തിനല്ലെന്നു പറഞ്ഞ് അതിന് ചില ക്ലോസുകൾ വച്ചിട്ടുമുണ്ട്. പക്ഷേ മത്സ്യത്തൊഴിലാളികൾക്ക് ഉൾപ്പെടെ അവിടെ വീട് വയ്ക്കാൻ സാധിക്കാത്ത ഒരു പശ്ചാത്തലമാണ് ഇന്നുള്ളത്. പല കാരണങ്ങൾകൊണ്ടും അവിടെ ഗൃഹനിർമ്മാണം ഉൾപ്പെടെ തടസ്സപ്പെടുന്ന കാഴ്ചയാണ് കണ്ടുകൊണ്ടിരിക്കുന്നത്. തലശ്ശേരി ഒരു തീരദേശ നിയോജകമണ്ഡലമാണ്. അവിടെ മത്സ്യത്തൊഴിലാളികൾക്ക് മാത്രമല്ല തീരദേശവുമായി ബന്ധപ്പെട്ട് കിടക്കുന്ന

പ്രദേശങ്ങളിലെ പല ആളുകൾക്കും വീട് നിർമ്മിക്കാൻ സാധിക്കാത്ത ഒരു പശ്ചാത്തലമാണ് രൂപപ്പെട്ടുകൊണ്ടിരിക്കുന്നത്. ഇത് വലിയ രീതിയിലുള്ള പ്രതിസന്ധി രൂപപ്പെടുത്തിയിരിക്കുകയാണ്. ഇതിനെക്കുറിച്ച് പഠനം നടത്തുന്നതിന് ഡോ. ശൈലേഷ് നായിക് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരുന്നു. റോഡുകളും മെമ്മോറിയലുകളും മൊണുമെന്റുകളും നിർമ്മിക്കാൻ ഇളവ് അനുവദിക്കാമെന്ന് ഡോ. ശൈലേഷ് നായിക് കമ്മിറ്റി വളരെ കൃത്യമായി പറയുന്നുണ്ട്. പക്ഷേ എന്തുകൊണ്ടോ ഇതുവരെ അത് നടപ്പിലാക്കപ്പെട്ടിട്ടില്ല.

ഇപ്പോൾ ഞങ്ങളുടെ മണ്ഡലങ്ങളിലെല്ലാം നിരവധി ആളുകൾ ഇതുമായി ബന്ധപ്പെട്ട് വലിയ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. കേവലം തലശ്ശേരിയിൽ മാത്രമല്ല തീരദേശമുള്ള എല്ലാ മണ്ഡലങ്ങളിലേയും ജനങ്ങൾ നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട വിഷയമായി ഇത് മാറുകയാണ്. ഗൃഹനിർമ്മാണം തടസ്സപ്പെടുന്നു, ഏതെങ്കിലും കച്ചവടം ചെയ്യുന്നവർ അവരുടെ പീടിക പുനർനിർമ്മിക്കാൻ ശ്രമിക്കുമ്പോൾ അത് തടയാനുള്ള ശ്രമം നടത്തുന്നു, നമ്പരുള്ള ബിൽഡിംഗുതന്നെ റീ-കൺസ്ട്രക്ട് ചെയ്യാൻ ശ്രമിച്ചാൽ അതിനുപോലും അനുമതി ലഭിക്കാത്ത സാഹചര്യമാണുള്ളത്. ഇത്തരം അപേക്ഷകളെല്ലാം CRZ-ന്റെ തിരുവനന്തപുരത്തെ ഓഫീസിലേക്കാണ് പോകുന്നത്. അവിടേക്ക് ഒരു റിക്വസ്റ്റ് പോയാൽ മാസങ്ങളോളം അതവിടെ പെൻഡിംഗിലായിരിക്കും. ഒരു പാവപ്പെട്ടവൻ 5 സെന്റ് ഭൂമിയിൽ വീട് നിർമ്മിക്കാനായി മുനിസിപ്പാലിറ്റിയേയോ പഞ്ചായത്തിനേയോ സമീപിക്കുമ്പോൾ അവനും ഈ പ്രതിസന്ധി നേരിടുകയാണ്. നമ്മൾ മനസ്സിലാക്കേണ്ടത്, mightiest ആയ ആളുകൾക്ക് പല മാർഗ്ഗങ്ങളുണ്ട്; അവർ പല രീതിയിലും നിർമ്മാണം നടത്തുന്നുണ്ട്. പക്ഷേ ഇതിൽ അരഞ്ഞുപോകുന്ന വിഭാഗം പാവപ്പെട്ടവർ തന്നെയാണ്. അവർക്ക് ഒരു തരത്തിലും മുന്നോട്ടുപോകാൻ സാധിക്കാത്തവിധത്തിൽ അവരുടെ ഫയലുകൾ തിരുവനന്തപുരത്തേയ്ക്ക് റഫർ ചെയ്യുന്നു. അവിടെ അത് കെട്ടിക്കിടക്കുന്നു. പതിനായിരക്കണക്കിന് ഫയലുകൾ തിരുവനന്തപുരത്ത് കെട്ടിക്കിടക്കുന്നു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇതിന്റെ ഭാഗമായി പലപ്പോഴും നിർമ്മാണപ്രവർത്തനം നടത്താതെ ജനങ്ങൾ വലിയ ബുദ്ധിമുട്ട് അനുഭവിച്ചു കൊണ്ടിരിക്കുകയാണ്. ഈ സഭയ്ക്ക് പരിമിതികളുണ്ടെന്ന് അറിയാം. കാരണം കോസ്റ്റൽ റെഗുലേഷൻസ് സോണുമായി ബന്ധപ്പെട്ട നിയമനിർമ്മാണങ്ങൾ നടത്തുന്നത് കേന്ദ്ര സർക്കാരാണ്. പക്ഷേ നമുക്ക് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്താം. കാരണം കേരളം ഒരു terrain ആണ്, ഒറ്റ വരയാണ്. മറ്റ്

പ്രദേശങ്ങൾപോലെ ജനങ്ങളെ മാറ്റി പാർപ്പിക്കാനാവശ്യമായ സൗകര്യമില്ലാത്ത സ്ഥലമാണ്. പക്ഷേ ഇതിനൊരു പരിഹാരമുണ്ടാക്കാൻ എം.പി.-മാരെക്കൊണ്ട് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്താൻ സാധിക്കുമോ? സംസ്ഥാന സർക്കാരിന്റെ പരിമിതമായ അധികാരം ഉപയോഗിച്ച് ഇതിനെന്ത് പരിഹാരമുണ്ടാക്കാൻ സാധിക്കും? കോസ്റ്റൽ റെഗുലേഷൻ സോണുമായി ബന്ധപ്പെട്ട കമ്മിറ്റി സ്വീകരിക്കുന്ന സമീപനത്തിന്റെ ഭാഗമായി പലപ്പോഴും ഫയലുകൾ കെട്ടിക്കിടക്കുകയാണ്. ഇന്നത്തെ ചോദ്യോത്തരവേളയിലെ ആദ്യത്തെ ചോദ്യം തന്നെ 'ലൈഫ്' എന്ന പാർപ്പിട പദ്ധതിയെക്കുറിച്ചായിരുന്നു. സർക്കാർതന്നെ ഒരാളുപോലും വീടില്ലാത്തവരായി ഉണ്ടാകാൻ പാടില്ലെന്ന ജാഗ്രതയോടെ മുന്നോട്ടുപോകുന്ന പശ്ചാത്തലത്തിൽ ഇത്തരം സാഹചര്യങ്ങളെ മറികടക്കാൻ എങ്ങനെ സാധിക്കും? തീരദേശ മേഖല നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട വിഷയമായി ഇത് മാറിക്കൊണ്ടിരിക്കുകയാണ്. ഈ പശ്ചാത്തലത്തിൽ കോസ്റ്റൽ റെഗുലേഷൻ സോണിന്റെ പരിമിതികൾക്ക് പരിഹാരമുണ്ടാക്കാൻ എന്താണ് മാർഗ്ഗം? CRZ-ന്റെ നിയമങ്ങൾ നേരത്തെതന്നെയുണ്ട്. സംസ്ഥാന സർക്കാരിന്റെ പരിധിക്കകത്ത് നിന്നുകൊണ്ടും മത്സ്യത്തൊഴിലാളികളുടെ ആവാസവ്യവസ്ഥ സംരക്ഷിച്ചുകൊണ്ടും ഇത്തരം പാവപ്പെട്ട ജനങ്ങളുടെ അപേക്ഷകൾക്ക് തീർപ്പ് കൽപ്പിക്കാൻ എങ്ങനെയാണ് സാധിക്കുക; സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് ഇതിൽ ഇടപെടൽ നടത്താൻ സാധിക്കുന്നത് എങ്ങനെയാണ് തുടങ്ങിയ കാര്യങ്ങളാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നത്. അടിയന്തര പ്രാധാന്യത്തോടുകൂടി സംസ്ഥാന സർക്കാർ ഇതിനെ പരിഗണിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കാരണം ഇത് ധാരാളം പാവപ്പെട്ട ജനങ്ങളെ ബാധിക്കുന്ന വിഷയമാണെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, 1986-ലെ പരിസ്ഥിതി സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം 19-2-1991 മുതൽ പ്രാബല്യത്തിൽ വന്ന CRZ റെഗുലേഷൻ അനുസരിച്ച് ഇന്ത്യയൊട്ടാകെയുള്ള കടൽത്തീരങ്ങൾ, അതിനോടനുബന്ധിച്ചുള്ള കായലുകൾ, തടാകങ്ങൾ, നദികൾ മുതലായവയുടെ നിശ്ചിത പരിധി തീരദേശ സംരക്ഷണ മേഖലയായി പ്രഖ്യാപിച്ച് സംരക്ഷിച്ചുവരികയാണ്. മത്സ്യത്തൊഴിലാളികളുടെ സംരക്ഷണവും അവർ ആശ്രയിക്കുന്ന മേഖലകളിലെ അന്യായമായ കടന്നുകയറ്റവും അനിയന്ത്രിതമായ വികസനവും തടഞ്ഞ് പരിസ്ഥിതി സംരക്ഷിക്കുക എന്നുള്ളത് CRZ റെഗുലേഷന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളിലൊന്നാണ്. ഈ ചട്ടങ്ങൾക്കുള്ളിൽ മത്സ്യത്തൊഴിലാളി

കുടുംബങ്ങളുടെ പാർപ്പിട പ്രശ്നങ്ങളുൾപ്പെടെയുള്ള പരാതികളുള്ളതിനാൽ അത് പരിഹരിക്കുന്നതിന് തീരമേഖലകളിലെ CRZ ചട്ടങ്ങളിൽ ഇളവ് അനുവദിക്കണമെന്ന് സർക്കാർ പലവട്ടം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കേരളത്തിന്റെ ആവശ്യങ്ങൾ പരിശോധിക്കാൻ ഡോ. ശൈലേഷ് നായിക് സമിതിയെ കേന്ദ്ര സർക്കാർ നിയോഗിക്കുകയും പ്രസ്തുത സമിതി കേരളത്തിൽ വന്ന് ബന്ധപ്പെട്ടവരുമായി ചർച്ചകൾ നടത്തി കേന്ദ്ര സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ റിപ്പോർട്ടിന്റെ തുടർ നടപടിയായി CRZ വിജ്ഞാപനത്തിന് ഭേദഗതി വരുത്താൻ കേന്ദ്ര സർക്കാർ നടപടികൾ കൈക്കൊള്ളുമെന്നാണ് പ്രതീക്ഷിക്കുന്നത്.

തീരദേശ മേഖലയിലുള്ള വീട് നിർമ്മാണവുമായി ബന്ധപ്പെട്ടും നിർമ്മിച്ച വീട്ടിൽ താമസിക്കുന്ന പ്രശ്നവുമടക്കമുള്ള കാര്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിലുള്ളതാണ്. ഇക്കാര്യത്തിൽ അനുഭാവപൂർവ്വമായ നടപടി സ്വീകരിക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. എങ്ങനെ താമസസൗകര്യം ഒരുക്കാൻ കഴിയുമെന്നുള്ള കാര്യം സർക്കാർ ആലോചിക്കുന്നതാണ്. അതോടൊപ്പം തിരുവനന്തപുരം ഓഫീസിൽ വരുന്ന ഫയലുകളുടെ കാലതാമസത്തിന്റെ പ്രശ്നം ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇത്തരം കാര്യങ്ങളിൽ സമയബന്ധിതമായി തീരുമാനം എടുക്കുന്നതിനുള്ള നടപടിക്രമം പാലിക്കാൻ ശ്രദ്ധിക്കുന്നതാണ്. മത്സ്യത്തൊഴിലാളികളുടെ ന്യായമായ അവകാശങ്ങൾ സംരക്ഷിക്കത്തക്ക രീതിയിൽ ആവശ്യമായ മാറ്റങ്ങൾ ഇക്കാര്യത്തിലെല്ലാം വരുത്തണമെന്നതാണ് സർക്കാരിന്റെ നിലപാട്.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, തലശ്ശേരിയിൽ ഞങ്ങൾ ജനകീയമായി തുടങ്ങിയ ഒരു സംരംഭമായിരുന്ന 'അമ്മയും കുഞ്ഞും ആശുപത്രി'. ഇതിനുവേണ്ടി ഏതാണ്ട് ഒരു കോടിയിൽപ്പരം രൂപ ജനങ്ങളിൽനിന്നാണ് സ്വരൂപിച്ചത്. ആ ഫണ്ട് സ്വരൂപിച്ച് കണ്ടെത്തിയ സ്ഥലം CRZ-1 (1) പരിധിയിൽ വരുന്നതാണ്. അതിനാൽ സംസ്ഥാനത്തെ CRZ റെഗുലേഷൻ കമ്മിറ്റിക്ക് അംഗീകാരം നൽകാൻ സാധിക്കുന്നതല്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പക്ഷേ MoEF (Ministry of Environment and Forests) ആണ് അംഗീകാരം നൽകേണ്ടത്. MoEF-ലേയ്ക്ക് ഇവിടെനിന്നും ശിപാർശ ചെയ്യേണ്ട സാഹചര്യമാണുള്ളത്. പക്ഷേ ആ ഫയൽപോലും ഇതുവരെയായി MoEF-ലേക്ക് അയയ്ക്കാൻ CRZ-ന്റെ തിരുവനന്തപുരത്തെ ആസ്ഥാനത്തുള്ളവർ തയ്യാറാകുന്നില്ലെന്ന കാര്യംകൂടി ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, സംസ്ഥാന സർക്കാർ തീരുമാനിക്കേണ്ട കാര്യമല്ലാത്തതുകൊണ്ട് ഇത് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താം.

## (2) ആർത്തവാവധി

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, കാലങ്ങളായി വീടിനുള്ളിൽ സ്ത്രീ ജനങ്ങൾ പരസ്പരം സംസാരിക്കുന്നതും പൊതുസമൂഹത്തിൽ അത്രമേൽ ചർച്ചയാകാത്തതുമായ ഒരു വിഷയമാണ് ഞാനിവിടെ ഉന്നയിക്കുന്നത്. ഈ ചർച്ചകൾ അടുക്കളകളിൽനിന്ന് അരങ്ങത്തേയ്ക്ക് വരേണ്ടതിന്റെ ആവശ്യകതയാണ് ആർത്തവത്തെക്കുറിച്ചുള്ള ഈ ശ്രദ്ധക്ഷണിക്കലിന്റെ ലക്ഷ്യം. അതിനുള്ള തുടക്കം കേരള നിയമസഭയിൽത്തന്നെ ആകണമെന്നുള്ള താൽപ്പര്യംകൊണ്ടാണ് ഞാനിത് അവതരിപ്പിക്കുന്നത്.

ഇന്ത്യയിൽ ഏറ്റവും കൂടുതൽ വനിതാ തൊഴിൽ പങ്കാളിത്തമുള്ള (Female work participation) സംസ്ഥാനങ്ങളിലൊന്നാണ് കേരളം. സർക്കാർ സർവീസുകളിൽ, സ്വകാര്യ മേഖലകളിൽ, ആശുപത്രികളിൽ, അസംഘടിത മേഖലകളിൽ, തൊഴിലുറപ്പ് സൈറ്റുകളിലടക്കം മുമ്പെങ്ങുമില്ലാത്ത തരത്തിൽ ഏറ്റവും കൂടുതൽ സ്ത്രീകൾ സംഘടിച്ച് ജോലിക്ക് പോകുന്ന ഒരു രീതിയാണ് ഇന്ന് കേരളത്തിൽ കണ്ടുകൊണ്ടിരിക്കുന്നത്. തൊഴിലിടങ്ങളിൽ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ അനവധിയാണ്. വേതനത്തിന്റെയും സുരക്ഷയുടെയുമൊക്കെ പ്രശ്നങ്ങളുണ്ട്. ഇതൊക്കെ പല ആവർത്തി നിയമസഭയിൽ ചർച്ച ചെയ്തിട്ടുള്ളതാണ്. പക്ഷേ ഒരിക്കലും ചർച്ച ചെയ്യപ്പെടാത്തതാണ് സ്ത്രീ ജീവനക്കാർക്കുള്ള re-productive health-ന്റെയും സ്ത്രീകളുടെ ആരോഗ്യത്തിന്റെയും ഈ വിഷയം. കഴിഞ്ഞയാഴ്ച കേരളം നമ്പർ-1 ആണെന്നുപറഞ്ഞ് ഇംഗ്ലീഷ്, ഹിന്ദി ദിനപ്പത്രങ്ങളിൽ കൊടുത്തിരുന്ന പരസ്യം ശ്രദ്ധിച്ചാൽ കാണാൻ സാധിക്കുന്ന മാനവ വികാസ സൂചികകൾ (Human Development Indicators) സ്ത്രീകളുടെ ആരോഗ്യത്തിന്റേതാണ്. Maternal Mortality Rate, Infant Mortality Rate, Fertility Rate എന്നിവയൊക്കെ കാണിക്കുന്നത് സ്ത്രീകളുടെ ആരോഗ്യം, ഫെർട്ടിലിറ്റി, റീ-പ്രൊഡക്ടീവ് ഹെൽത്ത് എന്നിവ കേരളമെന്ന സംസ്ഥാനത്തിന്റെ പുരോഗതിക്ക് എത്രമാത്രം ആവശ്യമാണെന്നുള്ളതാണ്. ആരോഗ്യത്തെക്കുറിച്ചും റീ-പ്രൊഡക്ടീവ് ഹെൽത്തിനെക്കുറിച്ചും സംസാരിക്കുമ്പോൾ നമ്മൾ ഏറ്റവും കൂടുതൽ സംസാരിക്കുന്നത് ഗർഭകാലത്തെക്കുറിച്ചാണ്. അതുമാത്രമല്ല, ആർത്തവകാലം ഉൾപ്പെടെയുള്ള സമയവുംകൂടി റീ-പ്രൊഡക്ടീവ് ഹെൽത്തിന്റെ ഭാഗമായി വരണമെന്നുള്ളതാണ് ശാസ്ത്രീയ പഠനങ്ങളും പറയുന്നത്. ആർത്തവ സമയത്തെ സ്ത്രീകളുടെ അസ്വാസ്ഥ്യങ്ങൾ നേരിടുന്നതിനുള്ള സൗകര്യങ്ങൾ ഇന്ന് ഓഫീസുകളിലില്ല. കേരളത്തിലെ ഓഫീസുകളിൽ വിമൺ ഫ്രണ്ട്‌ലി ടോയ്‌ലെറ്റുകളില്ല. സാനിറ്ററി നാപ്കിൻ കിട്ടാനില്ല. അതിനെക്കാളുപരി ഇപ്പോഴും മലയാളി സമൂഹത്തിൽ ആർത്തവത്തെക്കുറിച്ച് സംസാരിക്കുമ്പോൾ ഒരു വിലക്ക് അല്ലെങ്കിൽ ഭ്രഷ്ടുള്ളത് എല്ലാവർക്കും അറിയാം. ഇപ്പോൾ മറ്റു സംസ്ഥാനങ്ങളും

രാജ്യങ്ങളും ആർത്തവകാലത്ത് സ്ത്രീകൾ നേരിടുന്ന അസ്വാസ്ഥ്യങ്ങൾക്കുവേണ്ടി എന്തൊക്കെ പോളിസിയാണ് നടപ്പിലാക്കുന്നതെന്ന് പഠിക്കേണ്ടതുണ്ട്. രണ്ടാംലോക മഹായുദ്ധത്തിനുശേഷം ജപ്പാനിൽ തുടങ്ങിയ ഒരു പോളിസിയിൽ അവിടത്തെ ജീവനക്കാർക്ക് എല്ലാ മാസവും ഫിസിയോളജിക്കൽ ലീവ് നൽകാറുണ്ട്. തായ്‌വാനിൽ 2013-ലെ ആക്ട് ഓഫ് ജെൻഡർ ഇക്വാളിറ്റി ഇൻ എംപ്ലോയ്മെന്റിന്റെ അമെന്റ്മെന്റ് പ്രകാരം 3 ദിവസം ആർത്തവാവധി നൽകാറുണ്ട്. ചൈനയിൽ ചില പ്രവിശ്യകളിൽ ഒന്നോ രണ്ടോ ദിവസം അവധിയെടുക്കാനുള്ള പ്രൊവിഷനും നൽകുന്നുണ്ട്. ഇൻഡോനേഷ്യയിൽ ഒരു മാസം രണ്ടുദിവസം ആർത്തവാവധി എടുക്കാനുള്ള പ്രൊവിഷൻ നൽകുന്നുണ്ട്. കേരളത്തിലെ പ്രമുഖ മാധ്യമ സ്ഥാപനമായ മാതൃഭൂമി ന്യൂസിലെ ജീവനക്കാർക്ക് 2017 ജൂലൈ മുതൽ ഇപ്പോഴുള്ള പെയ്ഡ് ലീവിന് ഉപരിയായി ആർത്തവകാലത്ത് ഏതെങ്കിലും ഒരു ദിവസം അഡീഷണൽ ലീവ് എടുക്കാമെന്നുള്ള വിപ്ലവകരമായ തീരുമാനം എടുത്തിട്ടുണ്ട്. ഇതൊക്കെ കാണുമ്പോൾ നമ്മുടെ സംസ്ഥാനത്തെ വനിതാ ജീവനക്കാർക്കും മാസത്തിൽ ഏതെങ്കിലും ഒരു ദിവസം ആർത്തവാവധി എടുക്കാമെന്നത് പരിഗണിക്കണമെന്നാണ് എന്റെ അഭിപ്രായം. ഇതിലൊരു സ്ത്രീ വിരുദ്ധതയുണ്ട്, സ്ത്രീകൾക്കെതിരെയാണ് അല്ലെങ്കിൽ സ്ത്രീകളെ വീണ്ടും അബലകളാക്കുന്നതിന് ഒരു ഉദാഹരണമാണെന്നാണ് ഇതിനെക്കുറിച്ച് സംസാരിക്കുമ്പോൾ പലരും പറയുന്നത്. എനിക്ക് അങ്ങനെ തോന്നുന്നില്ല. പോസിറ്റീവായി, സ്ത്രീകൾക്ക് കൂടുതൽ പാർട്ടിസിപ്പേറ്ററി ആയിട്ടുള്ള വർക്ക് ഫോഴ്സ് ഉണ്ടാക്കുന്നതിന്റെ തുടക്കമാണിത്. സ്ത്രീകളുടെ ഇംഗിതമനുസരിച്ച് സ്വതന്ത്രമായി അഭിപ്രായം പറയാൻ കഴിയുന്ന തൊഴിലിടങ്ങൾ ഉണ്ടാകുന്നതിന്റെയൊരു തുടക്കം മാത്രമാണിത്. ഏതൊരു ഡെമോക്രസിയുടെയും നിയമസഭയുടെയും സത്ത് discuss, debate and dissent ആണ്. ആർത്തവാവധിയെക്കുറിച്ച് ഏത് രീതിയിലാകട്ടെ, അതിനെക്കുറിച്ചുള്ള ചർച്ച ഇന്ത്യയിൽ ആദ്യമായി കേരളനിയമസഭയിൽ തുടങ്ങണമെന്നാണ് എന്റെ ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ആർത്തവമെന്നത് സ്ത്രീകളുടെ ജൈവീകമായ സവിശേഷതയാണ്. സമൂഹം അതിനെ ആ നിലയിലാണ് കാണേണ്ടത്. സ്ത്രീകൾ ആർത്തവ കാലത്ത് പലതരത്തിലുള്ള ശാരീരിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ട്. സ്ത്രീകൾക്ക് ഇപ്പോൾ പ്രസവാവധിയുണ്ട്. പ്രസവാവധിയുടെ കാലാവധി മുൻപത്തെക്കാൾ ദീർഘിപ്പിച്ചിട്ടുമുണ്ട്. ചില മേഖലകളിൽ ഇത്തരം ആനുകൂല്യങ്ങൾ ലഭിക്കാത്ത സ്ഥിതിയുമുണ്ട്. അതുപോലെ ആർത്തവാവധിയെക്കുറിച്ചുള്ള ചർച്ചകളും ഉയർന്നുവന്നിട്ടുണ്ട്. എന്നാൽ ഇതിന്റെ മറ്റൊരു വശം നാം കാണാതിരുന്നുകൂടാ. തെറ്റായ വിശ്വാസത്തിന്റെ ഭാഗമായി

ആർത്തവ കാലത്ത് സ്ത്രീകളെ എല്ലാ ജോലികളിൽനിന്നും അയിത്തം കൽപ്പിച്ച് പൊതു ഇടങ്ങളിൽനിന്നും മാറ്റിനിർത്തിയിരുന്ന സ്ഥിതിയും ചില വിഭാഗങ്ങളിൽ ഉണ്ടായിരുന്നു. ഇന്നും അത് പൂർണ്ണമായി അവസാനിച്ചുവെന്ന് പറയാൻ കഴിയില്ല. കെ.പി.സി.സി.യുടെ പ്രസിഡന്റായി ശ്രീ. എം. എം. ഹസൻ ചാർജ് എടുത്തയുടനെ അദ്ദേഹം നടത്തിയ പരാമർശം വലിയ വിവാദമായി മാറിയത് ബഹുമാനപ്പെട്ട അംഗം ഓർക്കുന്നുണ്ടായിരിക്കും. ആർത്തവകാലം അശുദ്ധിയുള്ള കാലമാണ്, അകറ്റിനിർത്തേണ്ടതാണ് എന്നൊക്കെയുള്ള അദ്ദേഹത്തിന്റെ അഭിപ്രായം വലിയ തോതിലുള്ള വിവാദങ്ങൾ ഉണ്ടാക്കിയിരുന്നു. (ബഹളം)....

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ശ്രീ. എം. എം. ഹസൻതന്നെ പിന്നീട് അത് നിഷേധിക്കുകയുണ്ടായി. അത് ആ അർത്ഥത്തിൽ പറഞ്ഞതല്ല.

ശ്രീ. പിണറായി വിജയൻ: സർ, പിന്നീട് ശ്രീ. എം. എം. ഹസൻ അതിനെക്കുറിച്ച് വ്യക്തമാക്കിയ കാര്യവും നമ്മളെല്ലാം കേട്ടതാണ്. പക്ഷെ ആദ്യത്തെ ഭാഗവും നമ്മളെല്ലാവരും കേട്ടതാണ്. ഏതായാലും അതുസംബന്ധിച്ചുണ്ടായ വിവാദം നാം ഓർക്കേണ്ടതാണ്. സ്ത്രീകളുടെ ജൈവീകമായ സവിശേഷതകൾ കണക്കിലെടുത്ത് ആർത്തവാവധിയെക്കുറിച്ച് ഗൗരവമായി ചർച്ച ചെയ്യുമ്പോൾത്തന്നെ അതൊരു മാറ്റിനിർത്തലായി മാറാനും പാടില്ല. സ്ത്രീകളുടെ സ്വകാര്യതകൂടി അടങ്ങുന്ന കാര്യമായതിനാൽ എല്ലാ വശങ്ങളെയും സംബന്ധിച്ച് പരിശോധന നടത്തി പൊതുനിലപാട് സ്വീകരിക്കേണ്ടതുണ്ട്.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, അങ്ങയുടെ മറുപടിയിൽ വിശ്വാസമുണ്ട്. അങ്ങയുടെ ഫേസ്ബുക്ക് പോസ്റ്റിൽ എല്ലാ സ്കൂളുകളിലും 'She-pad' ഫ്രീയായി നൽകുമെന്ന് പറഞ്ഞിട്ടുണ്ടായിരുന്നു. ആ പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്?

ശ്രീ. പിണറായി വിജയൻ: സർ, അത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയാണ്.

## IV സബ്മിഷൻ

### (1) ദളിത് യുവതിയെ മർദ്ദിച്ച സംഭവം

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇന്ന് കേരളത്തിലെ പ്രമുഖമായ രണ്ട് ദിനപ്പത്രങ്ങളിൽ - മലയാള മനോരമ, മംഗളം - വളരെ ഞെട്ടിപ്പിക്കുന്നൊരു വാർത്ത പുറത്തുകൊണ്ടുവന്നിരിക്കുകയാണ്. ഞാൻ ആദ്യം നോക്കിയപ്പോൾ അത് യു.പി.യിലോ ബീഹാറിലോ നടന്നൊരു

സംഭവമാണെന്നാണ് വിചാരിച്ചത്. ന്യൂഡൽഹി ബൈലൈനായിട്ടാണ് വാർത്ത വന്നത്. വായിച്ച് നോക്കിയപ്പോഴാണ് ഇത് ഗുരുതരമായ പ്രശ്നമാണെന്ന് എനിക്ക് മനസ്സിലായത്. മട്ടന്നൂർ നഗരസഭാ ചെയർമാനും സി.പി.എം ഏരിയാ കമ്മിറ്റി അംഗവുമായ കെ. ഭാസ്കരൻ പാർട്ടി പ്രവർത്തകയായ ഒരു ദളിത് യുവതിയെ മർദ്ദിച്ചുവെന്ന പരാതി പാർട്ടി നേതൃത്വത്തിനുമുൻപിൽ എത്തിയതായി മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മട്ടന്നൂർ മുൻ നഗരസഭാ അംഗവും ഡി.വൈ.എഫ്.ഐ. നേതാവും ബൂത്ത് ഏജന്റുമായ യുവതി പാർട്ടി കേന്ദ്ര കമ്മിറ്റിയിൽ നേതാവിനെതിരെ പരാതി നൽകിയതായി മാധ്യമങ്ങളിൽനിന്നും അറിഞ്ഞു. മട്ടന്നൂർ നഗരസഭാ തെരഞ്ഞെടുപ്പ് നടന്ന ഇക്കഴിഞ്ഞ എട്ടിനു വൈകിട്ട് പെരിഞ്ചേരി ബൂത്തിലെ ഓപ്പൺ വോട്ടു സംബന്ധിച്ച തർക്കത്തിനിടെ പോളിംഗ് ഉദ്യോഗസ്ഥരെപ്പറ്റി യുവതി കെ. ഭാസ്കരനോട് പരാതി പറഞ്ഞെങ്കിലും ഭാസ്കരൻ യുവതിയുടെ നേരെ തിരിയുകയും ചീത്ത വിളിക്കുകയും തല്ലുകയും ചെയ്തുവെന്നുകാണിച്ച് പാർട്ടി നേതൃത്വത്തിന് പരാതി നൽകിയതായിട്ടാണ് മാധ്യമങ്ങളിൽനിന്നും മനസ്സിലാകുന്നത്. സി.പി.എം ജില്ലാ സെക്രട്ടറിക്കും സംസ്ഥാന സെക്രട്ടറിക്കും പരാതി നൽകിയെങ്കിലും അവർ അതിനെ അവഗണിച്ചതിനെത്തുടർന്ന് സി.പി.എം കേന്ദ്ര കമ്മിറ്റി മുമ്പാകെ ഈ വിഷയം വരികയും അവർ നടപടിക്കായി സംസ്ഥാന കമ്മിറ്റിയോട് ആവശ്യപ്പെടുകയും ചെയ്തുവെന്നാണ് മാധ്യമങ്ങളിൽ നിന്നും അറിയാൻ കഴിഞ്ഞത്. നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ ദളിത് പീഡനങ്ങൾ വർദ്ധിച്ചുവരികയാണ്. സമൂഹത്തിലെ ഏറ്റവും താഴേക്കിടയിലുള്ള ദളിതരെ എന്തു ചെയ്താലും ഒരു കുഴപ്പവുമില്ലെന്ന നിലയിലേക്ക് കാര്യങ്ങൾ പോകുന്നത് ആശാസ്യകരമല്ല. അത് ഉത്തരവാദപ്പെട്ട മുനിസിപ്പൽ ചെയർമാനും മുൻ നഗരസഭാ കൗൺസിലറുംകൂടിയായ ഒരാൾ ഒരു വ്യക്തിയെ ചെകിടത്ത് അടിക്കുകയും ചീത്ത പറയുകയും ചെയ്ത നടപടി ഒട്ടും ശരിയായില്ല. ദളിതരെ മർദ്ദിച്ചാൽ ഇന്ത്യൻ പീനൽ കോഡിനുപുറമേ 1989-ലെ എസ്.സി./എസ്.ടി. അട്രോസിറ്റീസ് ആക്റ്റ് പ്രകാരം കേസ് എടുക്കണം, ഇതാണ് ചട്ടം. ഇത്തരം കേസുകളിൽ പരാതി നൽകുന്നത് തടയുന്നതും കുറ്റകരമാണ്. ഇക്കാര്യത്തിൽ ബഹുമാന്യനായ മുഖ്യമന്ത്രി രാഷ്ട്രീയം മാറ്റിവച്ച് ദളിതർക്കുനേരെ നടക്കുന്ന അതിക്രമത്തിന്റെയൊരു ദൃഷ്ടാന്തമായി ഇതിനെ കണ്ടുകൊണ്ട് ശക്തമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, മട്ടന്നൂർ മുനിസിപ്പാലിറ്റിയിലെ തെരഞ്ഞെടുപ്പ് വിജയമാണ് പ്രധാന വാർത്തയായി വന്നത്. ആ വാർത്ത പ്രസിദ്ധീകരിച്ച ദിവസം മലയാള മനോരമ ദിനപ്പത്രത്തിൽ ഇത്തരമൊരു വാർത്ത

കണ്ടപ്പോൾ സ്വാഭാവികമായും അതെന്തുകൊണ്ടാണെന്ന് സംശയം തോന്നും. ഇതുമായി ബന്ധപ്പെട്ട് നടത്തിയ അന്വേഷണത്തിൽ മട്ടന്നൂർ നഗരസഭയിലെ മുൻ അംഗമായ ദളിത് യുവതിയെ മർദ്ദിച്ചെന്ന ആരോപണം വസ്തുതാവിരുദ്ധവും അടിസ്ഥാന രഹിതവുമാണെന്നാണ് വ്യക്തമാകുന്നത്. ഇങ്ങനെ ഒരു പരാതിയും പോലീസിന് ലഭിച്ചിട്ടില്ല. പാർട്ടിയുടെ ജില്ലാ കമ്മിറ്റിക്കും സി.പി.ഐ.(എം)-ന്റെ സംസ്ഥാന കമ്മിറ്റിക്കും പരാതി നൽകിയിട്ടും അതിലൊരു നടപടിയും സ്വീകരിക്കാത്തതിന്റെ ഭാഗമായി കേന്ദ്ര കമ്മിറ്റിക്ക് പരാതി കൊടുത്തുവെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞത്. സി.പി.ഐ.(എം.)ന്റെ കേന്ദ്ര കമ്മിറ്റിക്ക് കൊടുക്കുന്ന പരാതി ആദ്യമേ തന്നെ മലയാള മനോരമ ദിനപ്പത്രത്തിനല്ല ലഭിക്കുന്നതെന്ന് നമുക്കെല്ലാം വ്യക്തമായി അറിയാം. ഇതെല്ലാം തികച്ചും വസ്തുതാവിരുദ്ധമായ കാര്യമാണെന്നാണ് ഇതിലൂടെ വ്യക്തമാകുന്നത്. 08-08-2017-ൽ തികച്ചും സമാധാനപരമായിട്ടാണ് മട്ടന്നൂർ നഗരസഭാ തെരഞ്ഞെടുപ്പ് നടന്നത്. ഒരു അനിഷ്ട സംഭവവും ഇതുമായി ബന്ധപ്പെട്ട് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. ഇപ്പോൾ ദളിത് പീഡനം ആരോപിച്ച് വാർത്ത വന്നുവെന്നത് ശരിയാണ്. മട്ടന്നൂരിൽ എൽ.ഡി.എഫ്.നുണ്ടായ അഭിമാനകരമായ വിജയത്തിൽനിന്നും ജനശ്രദ്ധ തിരിച്ചുവിടുന്നതിനുവേണ്ടി മനഃപ്പൂർവ്വം കെട്ടിച്ചമച്ചതാണ് ഇത്തരമൊരു വാർത്തയെന്ന് ഏതൊരാൾക്കും മനസ്സിലാകുന്നതാണ്. അതുകൊണ്ടുതന്നെ ഇതിൽ ഏതെങ്കിലും തരത്തിലുള്ള കേസ്സെടുക്കേണ്ട പ്രശ്നം ഇപ്പോൾ ഉയർന്നുവന്നിട്ടില്ല. ............(ബഹളം)............

മി. സ്പീക്കർ: പരാതിയില്ലായെന്നുപറഞ്ഞാൽ പിന്നെയെന്തിനാണ് ബഹളം. ............(ബഹളം)............ ശ്രീ. കെ. കൃഷ്ണൻ കുട്ടി................ (ബഹളം)............പ്ലീസ്...ഇരിക്കു..... സമയം വൈകി. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സബ്മിഷൻ ആവശ്യപ്പെട്ടപ്പോൾ ലിസ്റ്റിൽപ്പെടുത്താൻപോലും കഴിഞ്ഞിരുന്നില്ല. പക്ഷേ വിഷയത്തിന്റെ ഗൗരവം അദ്ദേഹം ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ഉന്നയിക്കാൻ അവസരം നൽകിയതാണ്. അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞു. ഇനി അതിനുമുകളിൽ ഒരു ചർച്ചയില്ല. ശ്രീ. കെ. കൃഷ്ണൻ കുട്ടി..............

ശ്രീ. പി. ടി. തോമസ്: സർ, പോയിന്റ് ഓഫ് ഓർഡർ.......

മി. സ്പീക്കർ: ഞാൻ ശ്രീ. കെ. കൃഷ്ണൻകുട്ടിയെ സബ്മിഷൻ ഉന്നയിക്കാനായി വിളിച്ചു. അതുകഴിഞ്ഞ് അങ്ങേയ്ക്ക് സംസാരിക്കാം

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, വളരെ ഗൗരവമുള്ള വിഷയമാണ് സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. ......

ശ്രീ. പി. ടി. തോമസ്: സർ, പോയിന്റ് ഓഫ് ഓർഡർ.......

മി. സ്പീക്കർ: വെറുതെ മൈക്ക് തരാൻ സാധിക്കില്ല. അങ്ങ് എന്താണ് ഉദ്ദേശിക്കുന്നത്; സഭാ നടപടികൾക്ക് ചട്ടങ്ങളുണ്ട്. ആ ചട്ടങ്ങളനുസരിച്ചാണ് സഭ നടത്തിക്കൊണ്ട് പോകുന്നത്. പ്ലീസ്...ശ്രീ. പി. ടി. തോമസ് ഇരിക്കൂ..... അങ്ങ് പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്ന പല അവസരങ്ങളിലും പോയിന്റ് ഉണ്ടാകാറില്ല.

ശ്രീ. പി. ടി. തോമസ്: സർ, ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് വളരെ ഗുരുതരമായ ഒരു ആരോപണം ഉന്നയിച്ചു. അത് ഈ സർക്കാരിന്റെ ഉത്തരവാദിത്തപ്പെട്ട ഒരു മന്ത്രിയുമായി ബന്ധപ്പെട്ടതാണ്. അങ്ങനെയുള്ള ഒരു സംഭവം പാർട്ടികോടതിക്ക് തീരുമാനിക്കാൻ സാധിക്കുമോ? എസ്.ടി./എസ്.ടി. അട്രോസിറ്റീസ് ആക്ട് അനുസരിച്ച് പരാതിയില്ലെങ്കിലും കേസെടുക്കാം.

മി. സ്പീക്കർ: ഇതിൽ ഒരു ക്രമപ്രശ്നവുമില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഈ വിഷയം സഭയിൽ ഉന്നയിക്കാൻ അവസരം നൽകണമെന്ന് പറഞ്ഞപ്പോൾ ഞാൻ അവസരം നൽകി. അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടിയും പറഞ്ഞു. എല്ലാ കാര്യങ്ങളിലും ഇങ്ങനെ ഇടപെടാൻ സാധിക്കുമോ.....(ബഹളം).................സഭയ്ക്ക് ഒരു ചട്ടമുണ്ട്. അതനുസരിച്ചേ സഭ കൊണ്ടുപോകാൻ സാധിക്കൂ. നിങ്ങളുടെ ആക്രോശത്തിനനുസരിച്ച് സഭ നടത്തിക്കൊണ്ടുപോകാൻ സാധിക്കില്ല. ഈ വിഷയം ഉന്നയിച്ച ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സീറ്റിലിരിക്കുകയാണ്. ശ്രീ. കെ. കൃഷ്ണൻകുട്ടി, അങ്ങ് സബ്മിഷൻ അവതരിപ്പിക്കൂ.

## (2) ജലം ലഭ്യമാക്കൽ

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, വളരെ ഗൗരവമുള്ള ഒരു വിഷയമാണ് ഞാൻ മുഖ്യമന്ത്രിയുടെയും സഭയുടെയും ശ്രദ്ധയിൽ കൊണ്ടുവരുന്നത്. ഭാരതപ്പുഴയിൽ ...... (ബഹളം).....

മി. സ്പീക്കർ: ശ്രീ. കെ. കൃഷ്ണൻകുട്ടി സബ്മിഷൻ അവതരിപ്പിക്കുകയാണ്. നിങ്ങൾ ഇരിക്കൂ.... (ബഹളം).....എന്താണ് നിങ്ങളുടെ ആവശ്യം. അങ്ങ് സബ്മിഷൻ ഉന്നയിക്കൂ.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, വളരെ ഗൗരവമുള്ള ഒരു വിഷയമാണ് ഞാൻ ഈ സഭയിൽ ഉന്നയിക്കുന്നത്. ഭാരതപ്പുഴയിലും ചാലക്കുടിപ്പുഴയിലുമുള്ള പ്രശ്നങ്ങൾ, കുടിവെള്ളം ലഭ്യമാകാത്ത സ്ഥിതിയാണ് ........(ബഹളം).......

മി. സ്പീക്കർ: നല്ല പാർലമെന്റേറിയന്മാരാകേണ്ടത് ഇങ്ങനെയൊന്നുമല്ല. അങ്ങ് സംസാരിക്കൂ. എന്തിനാണ് അങ്ങ് നിർത്തുന്നത്.......(ബഹളം)......

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, പി.എ.പി. (Parambikulam Aliyar Project) കരാറിന്റെ അടിസ്ഥാനത്തിലുള്ള വെള്ളം നമുക്ക് assured irrigation-ആണ്. അതായത്, ഭാരതപ്പുഴയിൽനിന്നും 7.25 TMC (Thousand Million Cubic Feet) വെള്ളവും ഷോളയാറിൽനിന്നും 12 TMC വെള്ളവും നമുക്ക് തരണമെന്നത് നിർബന്ധമാണ്. കേരളത്തിലെ മൂന്നാമത്തെ വലിയ ജലാശയമാണ് പറമ്പിക്കുളം. പറമ്പിക്കുളം, തുണക്കടവ്, പെരുവാരിപ്പള്ളം എന്നീ മൂന്ന് ഡാമുകളും കേരളത്തിലാണുള്ളത്. ഇപ്പോൾ ഈ ഡാമുകളിൽനിന്നും കുടിവെള്ളംപോലും ലഭ്യമാകാത്ത സ്ഥിതിയുണ്ട്. ഇപ്പോൾ അവിടെയുള്ള വെള്ളം ഒരു മിനിട്ടിൽ 800 ക്യുസെക്സ് അളവിൽ കോണ്ടൂർ കനാലിലൂടെ തിരുമൂർത്തിയിൽ കൊണ്ടുപോയി നിറയ്ക്കുകയാണ്. അതുമൂലം നവംബർ-ഡിസംബർ മാസങ്ങളിൽ ഭാരതപ്പുഴയിലെ മുഴുവൻ ജലസ്രോതസ്സുകൾക്കും ജലം ലഭ്യമാകാത്ത അവസ്ഥ സംജാതമാകും. ഇത്തരത്തിലുള്ള നടപടികൾ തമിഴ്നാട് കുറേ കാലമായി സ്വീകരിച്ചുവരുന്നു. കഴിഞ്ഞ പ്രാവശ്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് ശിരുവാണി അടക്കമുള്ള സ്ഥലങ്ങളിൽ വളരെ ശക്തമായി തടഞ്ഞതിനാലാണ് അന്ന് കുറച്ച് വെള്ളം ലഭ്യമായത്. അതിൽനിന്നുള്ള വെള്ളം തമിഴ്നാട്ടിലെ കൃഷിക്കാരും ഉപയോഗിച്ചു. ഈ വിഷയവുമായി ബന്ധപ്പെട്ട് നമ്മൾ അയയ്ക്കുന്ന കത്തുകളും നടത്തുന്ന ചർച്ചകളും തമിഴ്നാട് അവഗണിക്കുന്ന സ്ഥിതിയാണ് കണ്ടുവരുന്നത്. 8-10-2016-ന് കേരള ജലവിഭവ വകുപ്പുമന്ത്രി കേന്ദ്ര ജലവിഭവ വകുപ്പുമന്ത്രിക്ക് കത്തയച്ചു. 26-10-2016-ന് JWR (Joint Water Regulation) യോഗം ചേർന്നു. 13-12-2010-ന് പൊള്ളാച്ചിയിൽ യോഗം ചേർന്നു. 7-10-2011-ന് കേരള ജലവിഭവ വകുപ്പുമന്ത്രിയുടെ പരാതിയെത്തുടർന്ന് വീണ്ടും തിരുവനന്തപുരത്ത് സെക്രട്ടറിതല ചർച്ച നടന്നു. ആ ചർച്ചയിൽ ശിരുവാണിയിൽ അവർക്ക് ഡെഡ് സ്റ്റോറേജ് വെള്ളം പമ്പ് ചെയ്യണം, എന്നാൽ നിങ്ങൾക്ക് കുറച്ച് വെള്ളം തരാമെന്ന് പറയുന്നു. പറമ്പിക്കുളം എഗ്രിമെന്റ് പ്രകാരം അങ്ങനെയല്ല, അഷ്വേർഡ് ഇറിഗേഷനാണ്. ആ വെള്ളം നമുക്ക് തരാൻ അവർ ബാദ്ധ്യസ്ഥരാണ്. എന്നിട്ടും അത് നമുക്ക് ലഭ്യമാക്കാത്ത സമീപനമാണ് സ്വീകരിക്കുന്നത്. ഇത് വളരെ ഗുരുതരമാണ്. കുടിക്കാനുള്ള വെള്ളം ഇനി ഭാരതപ്പുഴയിൽനിന്നും എങ്ങനെ ലഭിക്കും? ഇതിനെതിരെ ശക്തമായ നടപടി സ്വീകരിച്ചില്ലെങ്കിൽ നമുക്ക് മുന്നോട്ടുപോകാൻ സാധിക്കില്ല. പറമ്പിക്കുളം എഗ്രിമെന്റ് പ്രകാരം, ആ സ്ഥലവും കെട്ടിടവും നമ്മുടെ കൈവശം വരേണ്ടതാണ്. കാലാകാലങ്ങളായി അത് വീണ്ടെടുക്കാനുള്ള ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ഭാരതപ്പുഴയുടെ കൈവഴികളായ പാലാറിലും നല്ലാറിലും

അനധികൃതമായി തടയണകൾ നിർമ്മിച്ച് തമിഴ്നാട് വെള്ളം കൊണ്ടുപോകുകയാണ്. ഭാരതപ്പുഴയിൽ വരുന്ന കോണ്ടൂർ കനാൽ നിർമ്മിച്ചതിന്റെ പേരിൽ ചിറ്റൂർ പുഴയ്ക്ക് തരേണ്ട ജലം നമുക്ക് തരാനുണ്ട്. അതിൽനിന്നും ഒരുതുള്ളി വെള്ളംപോലും നമുക്ക് തരാതെ അതും അവർ കൊണ്ടുപോകുകയാണ്. ഇത് വളരെ ഗുരുതരമായ വിഷയമാണ്. ഇത് ചർച്ച ചെയ്യുവെന്ന് പറഞ്ഞിട്ട് കാര്യമില്ല. ശ്രീ. കെ. ബാബുവിന്റെ ഒരു ചോദ്യത്തിനുള്ള മറുപടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരിശോധിക്കണം. അതോടൊപ്പം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ഒരു കത്തയച്ചിട്ടുണ്ടായിരുന്നു. 5-1-2011-ലും 29-12-2015-ലും ചീഫ് എഞ്ചിനീയർ വളരെ വിശദമായ ഒരു റിപ്പോർട്ട് അന്നത്തെ സെക്രട്ടറിക്ക് നൽകി. സെക്രട്ടറി അത് പൂഴ്ത്തിവച്ചതിന്റെ ഫലമായി, ഈ രണ്ട് തടയണകളും നിർമ്മിച്ച് വെള്ളം തമിഴ്നാട്ടിലേക്ക് തിരിച്ചുവിട്ടു. അത് സംബന്ധിച്ച് അന്വേഷണം നടത്തണം. ആ റിപ്പോർട്ട് പൂഴ്ത്തിവച്ച ഉദ്യോഗസ്ഥന്മാരുടെ പേരിൽ കർശന നടപടി സ്വീകരിക്കണം. അങ്ങേക്ക് ഇതുസംബന്ധിച്ച വിശദമായ കത്ത് നേരത്തെ സമർപ്പിച്ചിരുന്നു. അതിന്മേൽ ശക്തമായ നടപടി സ്വീകരിക്കണം. കുറേ ഉദ്യോഗസ്ഥർ അതിന് കൂട്ടുനിൽക്കുകയാണ്. ഇപ്പോൾ ശിരുവാണിയിൽ ഡെഡ് സ്റ്റോറേജിന്റെ താഴെ ഒന്നരമീറ്റർ പൈപ്പ് സ്ഥാപിച്ച് വെള്ളം കൊണ്ടുപോകുന്നു. ഡെഡ് സ്റ്റോറേജിന് താഴെ പൈപ്പ് സ്ഥാപിക്കാൻ പാടില്ല. അങ്ങനെ കൊടുക്കാനും പാടില്ല. അതിന് കേരളത്തിന്റെ പെർമിഷൻ വേണം. തമിഴ്നാട് ഒരു വിട്ടുവീഴ്ചയ്ക്കും തയ്യാറാകുന്നില്ല. ഓരോ ചർച്ചയുടെ പേരുപറഞ്ഞത് ജലം നമുക്ക് ലഭ്യമാക്കാത്ത അവസ്ഥയാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ ശക്തമായ നടപടി സ്വീകരിക്കണം. അതുപോലെ കരാർ ലംഘനവുമായി ബന്ധപ്പെട്ട കൃത്യമായ കുറേ കാര്യങ്ങൾ സംബന്ധിച്ച് അങ്ങേക്ക് കത്തയച്ചിട്ടുണ്ട്, അവയൊന്നും ഇവിടെ പറയുന്നില്ല. ആ ലംഘനത്തിനെതിരെ ശക്തമായ നടപടി സ്വീകരിക്കണം. ഇല്ലെങ്കിൽ കുടിവെള്ളം ലഭ്യമാകാത്ത അവസ്ഥയുണ്ടാകും. അങ്ങ് അക്കാര്യത്തിൽ ഇടപെടണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 1958 നവംബർ 9 മുതൽ മുൻകാല പ്രാബല്യം നൽകി 1970 മേയ് 29-ന് നിലവിൽവന്ന കേരള-തമിഴ്നാട് സംസ്ഥാനങ്ങൾ തമ്മിൽ ഒപ്പുവച്ച പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർ പ്രകാരമാണ് പെരിയാർ, ചാലക്കുടിപ്പുഴ, ഭാരതപ്പുഴ എന്നീ മൂന്ന് നദികളിലെ ജലവിഭവ സമാഹരണവും പങ്കിടലും സംബന്ധിച്ച എല്ലാകാര്യങ്ങളും നിർവ്വഹിച്ചുപോരുന്നത്. കരാർ പ്രകാരം കേരളത്തിന് ഓരോ ജലവർഷവും, ജൂലൈ 1 മുതൽ ജൂൺ 30 വരെ, ലഭിക്കേണ്ട ജലത്തിന്റെ അളവ് നിജപ്പെടുത്തിയിട്ടുണ്ട്. മണക്കടവ് വിയറിൽ 7250 മില്യൺ ക്യുബിക് ഫീറ്റും

കേരള-ഷോളയാർ സംഭരണിയിൽ 12300 മില്യൺ ക്യൂബിക് ഫീറ്റും വെള്ളമാണ് ലഭിക്കേണ്ടത്. കഴിഞ്ഞ ഏതാനും വർഷമായി കരാർ പ്രകാരമുള്ള ജലം ലഭിക്കുന്നില്ല. പറമ്പിക്കുളം ഡാമിൽനിന്നും കോണ്ടൂർ കനാൽവഴി സെപ്റ്റംബർ മൂന്നാമത്തെ ആഴ്ചയിലാണ് വെള്ളം തമിഴ്നാട്ടിലേക്ക് കൊണ്ടുപോകാറുള്ളത്. എന്നാൽ ആഗസ്റ്റ് 8-നുതന്നെ കനാൽ തുറന്ന് വെള്ളം കൊണ്ടുപോകുകയുണ്ടായി. മാത്രമല്ല, കരാർ പ്രകാരം അർഹതപ്പെട്ട വെള്ളം ചിറ്റൂർ ഡാമിൽ ലഭിക്കുന്നുമില്ല. അതിരൂക്ഷമായ വരൾച്ച അനുഭവപ്പെടുന്ന സമയമായതിനാൽ ഇത് കാർഷിക മേഖലയിലടക്കം വലിയ പ്രയാസങ്ങൾ ചിറ്റൂർ മേഖലയിൽ സൃഷ്ടിക്കുന്നുണ്ട്. പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്ത് ഈ വിഷയത്തിൽ കേരള സർക്കാരും ജലസേചന വകുപ്പും ശക്തമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. ഇക്കാര്യം ശ്രദ്ധയിൽ വന്നയുടൻ ജലസേചന വകുപ്പുദ്യോഗസ്ഥർ തമിഴ്നാട് സർക്കാരിന്റെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് നേരിട്ട് സംസാരിക്കുകയും രേഖാമൂലം പരാതി നൽകുകയും ചെയ്തിട്ടുണ്ട്. ഈ ആവശ്യം ഉന്നയിച്ചുകൊണ്ട് ഇന്നലെത്തന്നെ മുഖ്യമന്ത്രി നേരിട്ട് തമിഴ്നാട് മുഖ്യമന്ത്രിക്ക് കത്തും അയച്ചിട്ടുണ്ട്. കേരള ചീഫ് സെക്രട്ടറി തമിഴ്നാട് ചീഫ് സെക്രട്ടറിയുമായി ടെലിഫോണിലൂടെ സംസാരിച്ചിട്ടുമുണ്ട്. പ്രശ്നത്തിൽ ഇടപെട്ട് കരാർ പ്രകാരമുള്ള ജലം കേരളത്തിന് ലഭ്യമാക്കാൻ വേണ്ട നിർദ്ദേശം തമിഴ്നാടിന് നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട കേന്ദ്ര ജലവിഭവ വകുപ്പുമന്ത്രിക്കും കത്തുകൾ നൽകുകയുണ്ടായി. പാലക്കാട് ചേർന്ന 97-ാമതും 98-ാമതും ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡ് യോഗങ്ങളിൽ കരാർ പ്രകാരം ലഭിക്കേണ്ട ജലം പൂർണ്ണമായും നൽകണമെന്ന് കേരളം തമിഴ്നാടിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കേരളത്തിന്റെ ശക്തമായ സമ്മർദ്ദത്തെത്തുടർന്ന് 28-1-2017-ന് തിരുവനന്തപുരത്തുവച്ച് സെക്രട്ടറിതല ചർച്ച നടക്കുകയുണ്ടായി. രൂക്ഷമായ വരൾച്ചയുടെ അടിസ്ഥാനത്തിൽ കീഴ്നദീതട അവകാശ പ്രകാരം ജലം വിട്ടുനൽകണമെന്ന് കേരളം ആവശ്യപ്പെട്ടു. കരാർ പ്രകാരം കേരളത്തിന് ഏപ്രിൽ മാസത്തിലും മെയ് ഒന്നാം ദ്വൈവാരത്തിലും മണക്കടവ് വിയറിൽ ജലവിഹിതമില്ല. എന്നാൽ കേരളത്തിന്റെ സമയോചിതമായ ഇടപെടലുകൾ കാരണം അത്യാവശ്യം വേണ്ട ജലം ലഭിച്ചിരുന്നു. കരാറുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും സമയബന്ധിതമായി കരാർ പുനരവലോകനം ചെയ്യുന്നതിനും തമിഴ്നാട് മുഖ്യമന്ത്രിയെ 29-4-2017-ലെ കത്ത് പ്രകാരം ചർച്ചയ്ക്കായി ക്ഷണിച്ചിരുന്നു. തമിഴ്നാട് ഇക്കാര്യത്തിൽ തീയതി നിശ്ചയിച്ച് അറിയിച്ചിട്ടില്ല. ഈ വിഷയത്തെ വൈകാരികമായല്ല നമുക്ക് സമീപിക്കേണ്ടത്. തമിഴ്നാടുമായി രമ്യമായ ഒരു ഒത്തുതീർപ്പാണ് ഉണ്ടാക്കേണ്ടത്. അതിനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇക്കാര്യത്തിൽ തമിഴ്നാട് മുഖ്യമന്ത്രിയുമായി തുടർന്നും ബന്ധപ്പെടാനാണ് ഉദ്ദേശിക്കുന്നത്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, വളരെ ഗൗരവമേറിയ വിഷയമാണ് ശ്രീ. കെ. കൃഷ്ണൻകുട്ടി അവതരിപ്പിച്ചത്. ചീഫ് സെക്രട്ടറി സംസാരിച്ച കാര്യം അങ്ങ് പറയുകയുണ്ടായി. എന്റെ അഭിപ്രായത്തിൽ ജലസേചന വകുപ്പുമന്ത്രിതന്നെ തമിഴ്നാട്ടിൽ പോയി അവിടത്തെ ജലസേചന വകുപ്പുമന്ത്രിയുമായി സംസാരിക്കണം. കാരണം അവർ ഈ എഗ്രിമെന്റൊന്നും പാലിക്കാറില്ല. ഇത് ഇപ്പോഴുള്ള സംഭവം മാത്രമല്ല. കാലാകാലങ്ങളിൽ എഗ്രിമെന്റ് പാലിക്കാറില്ല. അങ്ങ് പറഞ്ഞത് നൂറ് ശതമാനം ശരിയാണ്. വൈകാരികമായി എടുക്കേണ്ട; തമിഴ്നാടുമായി നല്ല ബന്ധമാണ്, അത് നിലനിർത്തണം. അതിനെ വൈകാരിക പ്രശ്നമായി ഉയർത്തിക്കൊണ്ടുവരികയും വേണ്ട. പക്ഷേ നമുക്ക് അർഹതപ്പെട്ട ജലം ലഭിക്കാൻ കുറച്ചുകൂടി ശക്തമായ സമ്മർദ്ദം ആവശ്യമാണ്. നമ്മുടെ ജലസേചന വകുപ്പുമന്ത്രി തമിഴ്നാട്ടിൽ പോയി അവിടത്തെ ജലസേചന വകുപ്പുമന്ത്രിയുമായി ഒരു ചർച്ച നടത്തുന്നത് അഭികാമ്യമാണ് എന്നാണ് എന്റെ അഭിപ്രായം. അത് അങ്ങ് പരിഗണിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. പിണറായി വിജയൻ: സർ, ജലസേചന വകുപ്പുമന്ത്രി ഈ പ്രശ്നത്തിൽ തുടർച്ചയായി ഇടപെട്ടുകൊണ്ടിരിക്കുന്നുണ്ട്. ഇനിയും ഇടപെടുന്നതിന് ഒരു പ്രയാസവുമില്ല. ജലസേചന വകുപ്പുമന്ത്രി തലത്തിലും ചർച്ച നടത്താം. ഞാൻ പറഞ്ഞുവന്നത്, തമിഴ്നാട് മുഖ്യമന്ത്രിയുമായിത്തന്നെ ചർച്ച നടത്തുന്നതിനുള്ള നടപടികൾ നമുക്ക് സ്വീകരിക്കേണ്ടതുണ്ട്. അതിനുള്ള മുൻകൈ എടുക്കും. ഈ വിഷയത്തിൽ തമിഴ്നാട് സർക്കാർ ക്രിയാത്മകമായി പ്രതികരിക്കുമെന്നു തന്നെയാണ് പ്രതീക്ഷിക്കുന്നത്. അതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

### (3) എൽ.ഡി.സി. പരീക്ഷ റദ്ദ് ചെയ്യൽ

ശ്രീ. അടൂർ പ്രകാശ്: സർ, പത്തനംതിട്ട, പാലക്കാട് ജില്ലകളിൽ 5-8-2017-ന് പി.എസ്.സി. നടത്തിയ പരീക്ഷയിൽ കടന്നുകൂടിയ തെറ്റുകൾ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻവേണ്ടിയാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ഇതേ വിഷയം കഴിഞ്ഞ ദിവസം നടന്ന ചർച്ചയുമായി ബന്ധപ്പെട്ടുകൊണ്ട് ശ്രീ. വി. ടി. ബൽറാം, ശ്രീ. ഷാഫി പറമ്പിൽ എന്നിവർ അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിരുന്നു. വർഷങ്ങൾ കാത്തിരുന്നതിനു ശേഷമാണ് എൽ.ഡി.സി. പരീക്ഷയെഴുതുവാൻ ചെറുപ്പക്കാർക്ക് ഒരവസരം ലഭിക്കുന്നത്. പത്തനംതിട്ട, പാലക്കാട് ജില്ലകളിലെ രണ്ടുലക്ഷത്തോളം പേരാണ് പരീക്ഷയെഴുതിയത്. ഇതിനുള്ള അപേക്ഷ പി.എസ്.സി. ക്ഷണിച്ചത് നാല് മാസം മുമ്പാണ്. അപേക്ഷ ക്ഷണിക്കുന്നയവസരത്തിൽ വരാൻ പോകുന്ന ചോദ്യങ്ങളെക്കുറിച്ച് ഒരു ഏകദേശ ധാരണ, സിലബസ് പ്രകാരം

എന്തൊക്കെയുണ്ടാകുമെന്നതിനെക്കുറിച്ച് പി.എസ്.സി. അറിയിക്കുകയും ചെയ്തു. അങ്ങനെ അറിയിച്ചതനുസരിച്ച് സിലബസ് പ്രകാരം പൊതു വിജ്ഞാനത്തിൽ നിന്നും ചോദ്യങ്ങളുണ്ടാകുമെന്ന് പറഞ്ഞിരുന്നതാണ്. ചോദ്യപേപ്പർ വന്നപ്പോൾ ഇന്ത്യയെക്കുറിച്ചോ കേരളത്തെക്കുറിച്ചോ ഒരു ചോദ്യംപോലും അതിലുണ്ടായിരുന്നില്ല. 30 മാർക്കിനുള്ള ചോദ്യങ്ങളിൽ ലോക ചരിത്രവും ലോക ഭൂമിശാസ്ത്രവും ഉൾപ്പെടുത്തിയുള്ള ചോദ്യങ്ങൾ മാത്രമാണുണ്ടായിരുന്നത്. റഷ്യ, ചൈന, ജർമ്മനി, ബൾഗേറിയ, അയർലൻഡ്, സുഡാൻ തുടങ്ങിയ രാജ്യങ്ങളെക്കുറിച്ചുള്ള ചോദ്യങ്ങളാണ് ഇതിൽ 30 മാർക്കിന്റെ അടിസ്ഥാനമെന്നുള്ള നിലയിൽ വന്നിട്ടുള്ളത്. പത്താം ക്ലാസ്സ് പാസ്സാകണമെന്നുള്ളതാണ് എൽ.ഡി.സി. പരീക്ഷയെഴുതാൻ പോകുന്നവരുടെ അടിസ്ഥാന യോഗ്യതയെന്നു പറയുന്നത്. കേരള രൂപീകരണത്തിന്റെ 60-ാം വാർഷികം ആഘോഷിക്കുന്ന ഈ വേളയിൽ പി.എസ്.സി. ചോദ്യത്തിൽ ഇന്ത്യയെക്കുറിച്ചോ കേരളത്തെക്കുറിച്ചോ ഒരു ചോദ്യം പോലുമുണ്ടായിരുന്നില്ല എന്നുള്ളത് എടുത്തുപറയേണ്ട ഒരു കാര്യമാണ്. ഈ ചോദ്യക്കടലാസിലെ ഒരു പ്രധാനപ്പെട്ട ചോദ്യം ഞാൻ വായിക്കാം, 'സുഡാനിലെ നീഗ്രോകളെ നമ്മൾ എന്തുവിളിക്കും?' ബുഷ്മെൻ, സെൽറ്റുകൾ, കാപ്പിരി, കോക്കസോയ്ഡ് എന്നിവയാണ് അതിന് നൽകിയിട്ടുള്ള ഉത്തരം. ഒരു വംശീയ പ്രശ്നമുണ്ടായി, ആ വിഷയം സംസാരിച്ചതിന്റെ പേരിൽ നമ്മുടെ ഒരു മന്ത്രി തന്നെ പുലിവാൽ പിടിച്ചിരിക്കുകയാണ്, ഞാൻ അതിലേക്ക് കടക്കുവാൻ വേണ്ടിയല്ല പറയുന്നത്. ഇത്തരം വിഷയങ്ങൾ പല അംഗങ്ങളും അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരാനിരിക്കുകയാണ്. കേരള പി.എസ്.സി ഒരു ഭരണഘടനാ സ്ഥാപനമാണ്. അക്കാര്യത്തിൽ നമുക്ക് യാതൊരു അഭിപ്രായവ്യത്യാസവുമില്ല. പക്ഷേ കേരളത്തിലെ ചെറുപ്പക്കാരോട് നമുക്ക് നീതി പുലർത്തണം. ചെറുപ്പക്കാരുടെ ഭാവിയെക്കുറിച്ച് അങ്ങയുടെ മനസ്സിലുണ്ടാകണം. പാലക്കാട് ജില്ലയിൽ ഏതാണ്ട് ഒന്നേകാൽ ലക്ഷത്തോളമാളുകൾ പരീക്ഷയെഴുതിയതായാണ് എനിക്ക് അറിയാൻ കഴിഞ്ഞത്. പത്തനംതിട്ട ജില്ലയിൽ 80,000-ലധികമാളുകൾ പരീക്ഷയെഴുതി. ഈ പരീക്ഷയെഴുതിയവർ ഇന്ന് വളരെയധികം പ്രയാസത്തിൽ കഴിയുകയാണ്. കാരണം പൊതുവിജ്ഞാനവുമായി ബന്ധപ്പെട്ടുള്ള ചോദ്യങ്ങൾ ഒന്നുംതന്നെ ചോദ്യക്കടലാസിലുണ്ടായിരുന്നില്ല. കേരളവും ഇന്ത്യയുമായി ബന്ധപ്പെട്ട് ഒരു ചോദ്യവുമുണ്ടായില്ല എന്നുള്ള ഒരു ആശങ്കയും അവരുടെ മുമ്പിലുണ്ട്. ഏതോ ഒരു ഗൈഡിൽനിന്ന് ഇത് പകർത്തിയെടുത്തു എന്ന് വാർത്തകൾ വന്നിട്ടുണ്ട്. ഇന്ത്യയെക്കുറിച്ചോ കേരളത്തെക്കുറിച്ചോ ആനുകാലിക സംഭവങ്ങളെക്കുറിച്ചോ ചോദ്യങ്ങളുണ്ടാകാത്തതാണ് ആക്ഷേപത്തിനിടയായത് എന്നാണ് പി.എസ്.സി. ഒരു മീറ്റിംഗിൽ പറഞ്ഞത്. ചോദ്യകർത്താവ് ഔചിത്യം

കാട്ടിയില്ല എന്ന് ഭൂരിഭാഗം അംഗങ്ങളും കുറ്റപ്പെടുത്തുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ഭാവിയിൽ ചോദ്യകർത്താക്കളെ നിർദ്ദേശിക്കുന്നതിൽ വകുപ്പുമേധാവിയുടെ ഉത്തരവാദിത്തം ഉറപ്പാക്കണമെന്നുകൂടി ആ യോഗത്തിൽ ഒരു ധാരണയുണ്ടായി. അതിനായി ഡി.പി.ഐ., ഹയർസെക്കണ്ടറി ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, വി.എച്ച്.എസ്.ഇ. ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ എന്നിവരുമായി പി.എസ്.സി. ചർച്ച നടത്തുമെന്നാണ് മാധ്യമങ്ങളിൽ വന്ന വാർത്ത. ഇക്കാര്യങ്ങളൊക്കെ മനസ്സിലാക്കിക്കൊണ്ടുള്ള ഒരു പരിഹാരമാണ് നമുക്കാവശ്യം. ഇപ്പോൾ നടത്തിയിട്ടുള്ള പരീക്ഷ റദ്ദ് ചെയ്തുകൊണ്ട് അവർക്കൊരവസരംകൂടി ഉണ്ടാക്കിക്കൊടുക്കുവാൻ ബഹുമാന്യനായ മുഖ്യമന്ത്രി താൽപ്പര്യമെടുക്കണം. അത്തരത്തിലുള്ള ഒരു തീരുമാനം അങ്ങയുടെ ഭാഗത്തു നിന്നുണ്ടാകണമെന്നുള്ളതാണ് എന്റെ ആവശ്യം.

11.00 AM]

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കേരളത്തിലെ സർക്കാർ സ്കൂളുകൾ, കോളേജുകൾ, എയ്ഡഡ് സ്കൂളുകൾ എന്നിവിടങ്ങളിൽനിന്നും എം.പാനൽ ചെയ്യപ്പെടുന്ന അദ്ധ്യാപകർക്ക് അതാത് വിഷയങ്ങൾ സംബന്ധിച്ച മൊഡ്യൂൾസ്, സിലബസ് എന്നിവ നൽകി അതുപ്രകാരം അതീവ രഹസ്യ സ്വഭാവത്തോടെയാണ് പി.എസ്.സി. ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നത്. പരീക്ഷ നടക്കുന്ന സമയം വരെ ചോദ്യപേപ്പർ തുറന്ന് പരിശോധിക്കുവാൻ പി.എസ്.സി. ഉദ്യോഗസ്ഥർക്കോ കമ്മീഷനോ അനുമതിയില്ല. പത്തനംതിട്ട ജില്ലയിൽ 5-8-2017-ന് നടത്തിയ എൽ.ഡി. ക്ലാർക്ക് പരീക്ഷയിൽ സിലബസിൽ ഇല്ലാത്തതും ചൈനയുമായി ബന്ധപ്പെട്ടതുമായ ചോദ്യങ്ങളുണ്ടെന്ന് പരാതി ഉയർന്നിട്ടുണ്ടെങ്കിലും അവ പൊതുവിജ്ഞാനത്തിലും ചരിത്രത്തിലുമുൾപ്പെടുന്ന ചോദ്യങ്ങളായിരുന്നു. ചോദ്യപേപ്പറിനെക്കുറിച്ചുള്ള പരാതി ഉന്നയിക്കാൻ പി.എസ്.സി. സംവിധാനം ഒരുക്കിയിട്ടുണ്ട്. ഇത്തരത്തിൽ ലഭിക്കുന്ന പരാതികൾ ഒരു വിദഗ്ദ്ധ സമിതി പരിശോധിക്കുകയാണ് ചെയ്യുന്നത്. ആ പരിശോധനയ്ക്കുശേഷം ഉചിതമായ തീരുമാനം കൈക്കൊള്ളാറുണ്ട്. ഏതാനും ചിലർ പരാതി ഉന്നിയിക്കുന്നുവെന്ന കാരണത്താൽ പരീക്ഷ റദ്ദു ചെയ്യണമെന്ന ആവശ്യം ന്യായീകരിക്കാവുന്നതല്ല.

## (4) റോഡ് വികസനം

ശ്രീ. കെ. ആൻസലൻ: സർ, ഏറ്റവും പ്രധാനപ്പെട്ട ഒരു പാതയാണ് കരമന-കളിയിക്കാവിള പാത. തമിഴ്നാട്ടുമായി ബന്ധിപ്പിക്കുന്ന ഈ പാതയുടെ പ്രവർത്തനങ്ങൾ നല്ല നിലയിൽ നടന്നുവരുന്നുണ്ട്. ഈ സർക്കാർ

അധികാരത്തിൽ വന്നതിനുശേഷം ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ തുക വിതരണം ചെയ്യും ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചും ഈ പ്രവർത്തനത്തിൽ വളരെ ഗൗരവമായും കാര്യക്ഷമമായും ഇടപെടുകയാണ്. പ്രാവച്ചമ്പലം മുതൽ ബാലരാമപുരത്തിന് സമീപമുള്ള കൊടിനട വരെയുള്ള പ്രദേശത്ത് കെട്ടിടം ഒഴിപ്പിക്കലടക്കമുള്ള നടപടികൾ പൂർത്തീകരിക്കപ്പെട്ടു. കൊടിനട മുതൽ വഴിമുക്ക് വരെയുള്ള പ്രദേശത്ത് ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും ചില പ്രദേശത്ത് ഭൂമിക്ക് മതിയായ വില ലഭിച്ചിട്ടില്ലെന്ന തർക്കവും പരാതിയും നിലനിൽക്കുകയാണ്. വഴിമുക്ക് മുതൽ കളിയിക്കാവിള വരെ വരുന്ന ഏകദേശം 16 കിലോമീറ്ററിലധികം ദൂരം ഒറ്റ റീച്ചായി എടുക്കുമെന്നാണ് അഭിപ്രായപ്പെട്ടിരുന്നത്. വളരെയേറെ തിരക്കും പ്രശ്നങ്ങളും സൃഷ്ടിക്കുന്ന ഭാഗമാണിത്. കരമനയിൽനിന്നും പ്രാവച്ചമ്പലം വരെ എത്തുവാൻ 10 മിനിട്ട് സമയമെടുക്കുമ്പോൾ പ്രാവച്ചമ്പലത്തുനിന്നും നെയ്യാറ്റിൻകര-കളിയിക്കാവിള ഭാഗത്ത് എത്തിച്ചേരുന്നതിന് മണിക്കൂറുകൾ എടുക്കുന്ന ദുഃസ്ഥിതി നിലനിൽക്കുകയാണ്. വളരെ വേഗത്തിൽ ഈ പണി പൂർത്തീകരിക്കപ്പെടേണ്ടതുണ്ട്. അക്കാര്യത്തിൽ സർക്കാർ ശക്തമായ ഇടപെടൽ ഉദ്യോഗസ്ഥതലത്തിൽ സ്വീകരിക്കേണ്ടതായിട്ടുണ്ട്. പലപ്പോഴും ഈ കാര്യത്തിൽ ഉദ്യോഗസ്ഥതലത്തിൽ നിലനിൽക്കുന്ന പരസ്പര യോജിപ്പില്ലായ്മ ഇത്തരം പ്രവർത്തനങ്ങളുടെ വേഗത കൂട്ടുന്നതിന് തടസ്സം നിൽക്കുന്നു. എനിക്കുതന്നെ ഒരു അനുഭവമുണ്ടായിട്ടുണ്ട്. നെയ്യാറ്റിൻകര മണ്ഡലത്തിലെ വളരെ പ്രധാനപ്പെട്ട പാഞ്ചിക്കടവ് പാലത്തിന്റെ പണി 2013-ൽ ആരംഭിച്ചതാണ്. 2014-ൽ അപ്രോച്ച് റോഡിന് വസ്തു ഏറ്റെടുക്കുന്ന പട്ടികയിൽ 2-4 വസ്തു ഉടമകളുടെ പേര് വിട്ടുപോയിരുന്നു. 2014-ൽത്തന്നെ വസ്തു ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിരുന്നുവെങ്കിലും റവന്യൂ വകുപ്പായാലും പൊതുമരാമത്ത് വകുപ്പായാലും വ്യത്യസ്തങ്ങളായ ഉത്തരങ്ങളാണ് നൽകിയിരുന്നത്. ഈ കാര്യങ്ങളിൽ അവർ കാണിച്ചിട്ടുള്ള ഉദാസീനത കഴിഞ്ഞ 2-3 വർഷമായി ആ പ്രവർത്തനം പൂർത്തീകരിക്കുന്നതിന് തടസ്സം നിൽക്കുകയാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ആർ.ഡി.ഒ.യുടെയും വകുപ്പ് മേധാവികളുടെയും സാന്നിദ്ധ്യത്തിൽ വിളിച്ച് പരിശോധിക്കുമ്പോഴാണ് അക്ഷന്തവ്യമായ വീഴ്ച ബന്ധപ്പെട്ട വകുപ്പ് മേധാവികളുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളതായി കണ്ടത്. ഉദ്യോഗസ്ഥതലത്തിൽ നിൽക്കുന്ന കിടമത്സരങ്ങളും പരസ്പരമുള്ള ഈഗോകളും വികസന പ്രവർത്തനങ്ങളിൽ സർക്കാർ സ്വീകരിക്കുന്ന കാഴ്ചപ്പാടിനനുസരിച്ച് വേഗത്തിൽ പൂർത്തീകരിക്കേണ്ട പല പ്രവർത്തനങ്ങളെയും കുഴപ്പിക്കുന്ന രൂപത്തിലേയ്ക്ക് എത്തിച്ചിട്ടുണ്ട്. നെയ്യാറ്റിൻകര ടൗൺ മണിക്കൂറുകളോളം യാത്രാക്ലേശമുണ്ടാകുന്ന രൂപത്തിലാണ്. കരമന – കളിയിക്കാവിള പാതയുടെ നിർമ്മാണപ്രവർത്തനങ്ങൾ വേഗത്തിൽ തീർക്കുവാൻ സർക്കാർ വലിയ തോതിലുള്ള ഇടപെടൽ നടത്തുന്നുണ്ട്. 22-ാം തീയതി ബഹുമാനപ്പെട്ട മന്ത്രി ആ പ്രദേശം സന്ദർശിക്കാമെന്ന് വാഗ്ദാനം ചെയ്തിട്ടുണ്ട്. ഈ കാര്യത്തിൽ അവിടത്തെ

ജനങ്ങളുടെ താൽപര്യത്തിനനുസരിച്ച് പ്രവൃത്തിയുടെ വേഗത കൂട്ടുന്നതിനുള്ള നടപടികൾ തീർച്ചയായും അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുകയാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ദേശീയപാത 47-ലെ കരമന മുതൽ കളിയിക്കാവിള വരെയുള്ള ഭാഗത്തെ ഗതാഗത ക്കുരുക്കിന് പരിഹാരമായാണ് 4 വരിപ്പാതയായി വികസിപ്പിക്കാനുള്ള ദൗത്യം സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുള്ളത്. സംസ്ഥാന സർക്കാരിന്റെ പണം ഉപയോഗിച്ചാണ് ദേശീയപാതയുടെ ഈ ഭാഗം വികസിപ്പിക്കുന്നതെന്നത് പ്രത്യേകം പ്രസ്താവ്യമാണ്. 5.5 കിലോമീറ്റർ റോഡ് വീതികൂട്ടി വികസിപ്പിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചുവരുന്നു. രണ്ടാം റീച്ചായ പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള 6.5 കിലോമീറ്റർ ഭാഗത്തെ വികസനത്തിനായി 2017-18-ൽ കിഫ്ബിയിൽ ഉൾപ്പെടുത്തി 162.46 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രാവച്ചമ്പലം മുതൽ ബാലരാമപുരം വരെയുള്ള 5 കിലോമീറ്റർ ഭാഗത്തെ സ്ഥലം ഏറ്റെടുക്കൽ നടപടികൾ ഓഗസ്റ്റ് 31-നകം പൂർത്തീകരിക്കുന്നതാണ്. ഈ ഭാഗത്ത് നിലവിലുള്ള കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്ന പ്രവൃത്തി നടന്നുവരികയാണ്. ബാലരാമപുരം മുതൽ വഴിമുക്ക് വരെ 1.5 കിലോമീറ്റർ ഭാഗത്തെ സ്ഥലം ഏറ്റെടുപ്പിനുള്ള 98.1 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 1.5 കിലോമീറ്റർ ഭാഗത്തെ സ്ഥലമേറ്റെടുപ്പ് 2013-ലെ ലാൻഡ് അക്വിസിഷൻ ആക്ട് പ്രകാരമാണ് നടത്തുന്നത്. എന്നാൽ ഈ സാമ്പത്തിക വർഷം പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യമാണ് ലാൻഡ് അക്വിസിഷനുമായി ബന്ധപ്പെട്ടുള്ളത്. പദ്ധതി നടത്തിപ്പിലുള്ള കാലതാമസം ഒഴിവാക്കാൻ ലാൻഡ് അക്വിസിഷൻ നടപടികൾ പൂർത്തിയാക്കുകയാണ്. പ്രാവച്ചമ്പലം മുതൽ ബാലരാമപുരം വരെയുള്ള 5 കിലോമീറ്റർ ഭാഗം ആദ്യഘട്ടമായി വികസിപ്പിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. 1.5 കിലോമീറ്റർ ദൂരത്തെ സ്ഥലമെടുപ്പുകൂടി പൂർത്തീകരിച്ചാൽ ഈ ഭാഗത്തെയും നിർമ്മാണ പ്രവർത്തനം തുടങ്ങാവുന്നതാണ്. ഉടൻതന്നെ ഇതിനായി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

## (5) പട്ടികജാതി സർട്ടിഫിക്കറ്റ്

ശ്രീ. എ. പ്രദീപ്കുമാർ: സർ, നമ്മുടെ സംസ്ഥാനത്ത് 1950-നുമുമ്പ് സ്ഥിരതാമസമാക്കിയിട്ടുള്ള പട്ടികജാതിയിൽപ്പെട്ട ചക്ലിയൻ സമുദായക്കാർക്ക് ജാതി സർട്ടിഫിക്കറ്റ് നിഷേധിക്കപ്പെടുന്ന വളരെ ഗൗരവമുള്ള ഒരു പ്രശ്നമാണ് ഞാൻ ഇവിടെ ഉന്നയിക്കുന്നത്. ഇക്കാര്യം നേരത്തെ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിരുന്നു. 1950-നു മുമ്പ് കേരളത്തിൽ സ്ഥിര താമസമായെങ്കിലും ചക്ലിയൻ സമുദായക്കാർ സാമൂഹികമായും സാമ്പത്തികമായും

വിദ്യാഭ്യാസപരമായും വളരെ താഴ്ന്നനിലയിൽ ജീവിച്ചിരുന്ന ആളുകളാണ്. എന്റെ മണ്ഡലംകൂടി ഉൾപ്പെടുന്ന കോഴിക്കോട് മുനിസിപ്പാലിറ്റി ആയിരുന്ന സമയത്താണ് പ്രധാനമായും ഈ വിഭാഗം മാനുവൽ സ്കാവഞ്ചിംഗ് ജോലി ചെയ്ത് ജീവിക്കുന്നതിന് അവിടേക്ക് വന്നത്. പിന്നീട് സംസ്ഥാനത്തിന്റെ പല ഭാഗത്തേക്കും അവർ ജീവിതാവശ്യവുമായി പോയിട്ടുണ്ട്. കൂടുതൽ ആളുകളും മാനുവൽ സ്കാവഞ്ചിംഗ് ജോലിയാണ് ചെയ്തിരുന്നതെങ്കിലും ചെരിപ്പ് നിർമ്മിച്ച് ജീവിക്കുന്നവരുമുണ്ട്. പലർക്കും വേണ്ടവിധം വിദ്യാഭ്യാസമുണ്ടായിട്ടില്ല. അക്കാലത്ത് ഇവർക്ക് സ്ഥിരമായ താമസസൗകര്യമില്ലാതെ കടത്തിണ്ണയിൽ കിടന്നുറങ്ങുന്ന അവസ്ഥയുണ്ടായിരുന്നു. ചിലപ്പോൾ ചില കോളനികളിലെ വീടുകളുടെ ചായ്പുകളിൽ ആരുടെയെങ്കിലും ഔദാര്യത്തിൽ കിടന്നുറങ്ങേണ്ടുന്ന സാഹചര്യവുമുണ്ടായിരുന്നു. ഈ കോളനികളിൽതന്നെ അത്താറുകൊണ്ട് മറച്ച ഒറ്റമുറി ഷെഡിൽ താമസിച്ച അവസ്ഥയുണ്ടായിരുന്നു. അതൊക്കെ കുറേക്കാലം തുടർന്നു. അതുകൊണ്ട് കൃത്യമായ ഒരു മേൽവിലാസമോ എന്തെങ്കിലും രേഖകളോ ഒന്നുംതന്നെ ഇവരുടെ കാര്യത്തിലുണ്ടായില്ല. പക്ഷെ, തലമുറകളായി അവരിവിടെ ജീവിക്കുകയാണ്. പിന്നീടുള്ള തലമുറ കുട്ടികളെ സ്കൂളിലയച്ച് പഠിപ്പിക്കുകയൊക്കെ ചെയ്തു. ഇവർക്ക് 1992 വരെ ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് തടസ്സമുണ്ടായിരുന്നില്ല. എന്നാൽ 1999-നുശേഷം The Constitutional Order, 1950-ന്റെ പേരുപറഞ്ഞ് ജാതി സർട്ടിഫിക്കറ്റ് നിരസിച്ചു. 1950-നുമുമ്പ് കേരളത്തിൽ സ്ഥിരതാമസമാണെന്നതിന്റെയോ അല്ലെങ്കിൽ അവർക്കെന്തെങ്കിലും സ്ഥാവരജംഗമവസ്തുക്കൾ കൈവശം വച്ചിരുന്നതിന്റെയോ രേഖകൾ തെളിവിനായി വേണമെന്ന് റവന്യൂ അധികാരികളും കിർത്താഡ്സും ആവശ്യപ്പെട്ടു. അതില്ലെങ്കിൽ ജാതി സർട്ടിഫിക്കറ്റ് നൽകാൻ കഴിയില്ലെന്ന നിലപാട് സ്വീകരിച്ചു. 1950-നുശേഷം കുടിയേറിയവരാണെന്ന് മുദ്രകുത്തി ഇവർക്ക് ജാതി സർട്ടിഫിക്കറ്റ് നിഷേധിക്കുന്ന സമീപനമാണ് കിർത്താഡ്സും മറ്റ് ഡിപ്പാർട്ടുമെന്റുകളുമൊക്കെ തുടർച്ചയായി സ്വീകരിച്ചുവരുന്നത്. എന്നാൽ ഇതിനിടയിൽ ഒരു സംഭവമുണ്ടായത് കോട്ടയം ജില്ലയിൽ ഇതേ വിഭാഗത്തിൽപ്പെട്ടവർക്ക് 2011 ഡിസംബർ മാസത്തിൽ ഒരു പ്രത്യേക ഉത്തരവ് അനുസരിച്ച് സർട്ടിഫിക്കറ്റ് നൽകാനുള്ള നടപടി സർക്കാർ സ്വീകരിച്ചു. ഇതെല്ലാം ഒരേ സ്ഥലത്തുതന്നെയാണ്. ആ ഉത്തരവിൽ, 'The government have examined all aspect of the matter in detail based on the evidence of registered document and are pleased to clarify that the Arundhatiyar/Chakkiliyan communities settled in Kottayam district were residence of the Kerala State and hence the migration norms are not applicable to those groups of people. Further it is also order that the above community will be treated as Scheduled Caste of Kerala origin for all purposes' എന്നാണ് പറയുന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കോട്ടയം ജില്ലയിൽ താമസിക്കുന്ന ചക്ലിയൻ സമുദായം എസ്.സി./എസ്.ടി. വിഭാഗത്തിലാണ്. ഞാൻ പാർലമെന്റ് അംഗമായിരുന്ന സമയത്ത് ഈ വിഷയം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി തീരുമാനിച്ച കാര്യമാണ്.

ശ്രീ. എ. പ്രദീപ്കുമാർ: സർ, അക്കാര്യത്തിൽ തർക്കമില്ല. അവർക്ക് സംവരണം നൽകിയത് സന്തോഷമുള്ള കാര്യമാണ്. ഇതേ പശ്ചാത്തലമുള്ള കൂടുതൽ ആളുകൾ കോഴിക്കോട് മുനിസിപ്പൽ ഏരിയയിൽ താമസിക്കുന്നുണ്ട്. എന്നാൽ അവർക്കത് ലഭിക്കുന്നില്ല. ഒരു ജില്ലയിൽ മാത്രം ലഭിക്കുകയും ഇതേ സമുദായക്കാർക്ക് മറ്റ് സ്ഥലങ്ങളിൽ നിക്ഷേധിക്കപ്പെടുകയും ചെയ്യുന്ന സാഹചര്യം നിലനിൽക്കുന്നുണ്ട്. ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നൽകിയിട്ടുള്ള ഓർഡറാണിത്. ഈ പരിഗണന നമ്മുടെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ താമസിക്കുന്നവർക്കും ലഭ്യമാക്കണമെന്നാണ് ആവശ്യം. കൂടുതൽ ആളുകൾ താമസിക്കുന്നത് കോഴിക്കോട് ജില്ലയിലാണ്. ഇത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള കാര്യമാണ്. വലിയൊരു നീതിയുടെ പ്രശ്നമാണിത്. അവരുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഉൾപ്പെടെയുള്ള എല്ലാ ആനുകൂല്യങ്ങളും നിഷേധിക്കപ്പെടുകയാണ്. അതിന്റെ സാങ്കേതികമായ കാര്യങ്ങളെക്കുറിച്ച് എനിക്ക് അറിയില്ല. അതിനാൽ ഏതെങ്കിലും രീതിയിൽ അവർക്ക് ജാതി സർട്ടിഫിക്കറ്റ് നൽകാനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ, ഭരണഘടനയുടെ ആർട്ടിക്കിൾ 341-ൽ എസ്.സി. വിഭാഗത്തെപ്പറ്റിയും 342-ൽ എസ്.ടി. വിഭാഗത്തെപ്പറ്റിയുമാണ് നിർവ്വചിക്കുന്നത്. ഭരണഘടന 1950 ജനുവരി 26-നാണ് പ്രാബല്യത്തിൽ വന്നത്. അതിന്റെ ഭാഗമായി ആർട്ടിക്കിൾ 341, 342 പ്രകാരം, 1950-ലെ പ്രസിഡൻഷ്യൽ ഉത്തരവ് പുറപ്പെടുവിക്കുന്ന സമയത്ത് ഒരു സംസ്ഥാനത്ത് സ്ഥിരതാമസമാക്കിയവർക്ക് മാത്രമെ പ്രസ്തുത സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ സമുദായ സർട്ടിഫിക്കറ്റിന് അർഹതയുള്ളൂ. അതാണ് ഭരണഘടനാപരമായി കേന്ദ്രസർക്കാരിന്റെ മാർഗ്ഗനിർദ്ദേശം. ഈ നിർദ്ദേശപ്രകാരം 12-2-1986-ൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് 10/86 നമ്പർ ഉത്തരവ് പുറപ്പെടുവിച്ചു. മേൽ ഉത്തരവ് നിലനിൽക്കുന്നതിനാൽ 1950-ന് മുമ്പ് കേരളത്തിൽ താമസമുണ്ടെന്ന രേഖകൾ ഹാജരാക്കാൻ കഴിയാത്തവർക്ക് പട്ടികജാതി/പട്ടികവർഗ്ഗ സർട്ടിഫിക്കറ്റ്

അനുവദിച്ച് നൽകുന്നില്ല. കേരളത്തിൽ കുടിയേറി താമസിക്കുന്ന ചക്ലിയൻ സമുദായത്തിൽപ്പെട്ട പലർക്കും അവർ 1950-ന് മുമ്പുതന്നെ കുടിയേറി പാർത്തതായി അവകാശവാദം തെളിയിക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കാത്തതു കൊണ്ട് ജാതി സർട്ടിഫിക്കറ്റ് അനുവദിക്കാൻ കഴിയുന്നില്ല. ഈ കാര്യത്തിലുള്ള പ്രായോഗിക വൈഷമ്യങ്ങൾ ചൂണ്ടിക്കാണിച്ച് മാർഗ്ഗനിർദ്ദേശങ്ങളിൽ മാറ്റം വരുത്തണമെന്ന് കേന്ദ്രസർക്കാരിനോട് നിരവധി തവണ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ഇതുവരേയും മാറ്റം വരുത്തുവാൻ തയ്യാറായിട്ടില്ല. എന്നാൽ വ്യക്തിപരമായിട്ടുള്ള ഇത്തരം പ്രശ്നങ്ങൾ കോടതിയുടെ മുമ്പിൽ വരുമ്പോൾ 'കിർത്താഡ്സ്' മുഖാന്തരം വ്യക്തിഗത അന്വേഷണങ്ങൾ നടത്തി ഗവൺമെന്റ് അനുകൂലമായ നിലപാട് സ്വീകരിക്കുന്നുണ്ട്. ഇവിടെ ചൂണ്ടിക്കാണിച്ചത് കുടിയേറി താമസിക്കുന്നവരുടെ പ്രശ്നമാണ്, അല്ലാത്തവർക്ക് പ്രശ്നമില്ല. മൈഗ്രേഷൻ നടത്തുന്ന സമയത്ത് തമിഴ്നാട്ടിൽ എസ്.സി. സമുദായത്തിൽപ്പെടുന്നവരായിരിക്കാം. എന്നാൽ ഇവിടെ എസ്.സി. വിഭാഗത്തിൽ ആയിരിക്കണമെന്നില്ല. ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർക്ക് അറിയാവുന്ന കാര്യമായതുകൊണ്ട് അതിലെ വിശദാംശങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. കോട്ടയം ജില്ലയിലെ പ്രശ്നത്തിൽ അവർ കേരള ഒറിജിനായതുകൊണ്ടാണ് അവർക്ക് എസ്.സി. ആനുകൂല്യം നൽകുന്നതിന് സർക്കാരിന് തടസ്സമില്ലാതിരുന്നത്. കേരള ഒറിജിനാണെന്ന് സ്ഥാപിച്ചുകഴിഞ്ഞാൽ അതിന് പ്രശ്നമില്ല. മൈഗ്രേറ്റഡ് ആയിട്ടുള്ളവർക്കാണ് ഈ പ്രശ്നമുള്ളത്. വ്യക്തിഗതമായ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് കോടതിയെ സമീപിക്കുമ്പോൾ വളരെ പോസിറ്റീവായ നിലപാടാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. 1950-ന് ശേഷം കുടിയേറിയ ചക്ലിയ സമുദായത്തിന് ജാതി സർട്ടിഫിക്കറ്റ് നൽകാൻ കഴിയില്ല. 1950-ന് മുമ്പാണ് വന്നതെന്നുള്ളതിന് തെളിവുണ്ടെങ്കിൽ ഒരു പ്രശ്നവുമില്ല. അല്ലാത്തവർക്ക് കോടതിയിൽ പോയി അനുകൂലമായ വിധി വാങ്ങുന്നതിന് അനുകൂലമായ സമീപനമാണ് ഇക്കാര്യത്തിൽ കേരള സർക്കാർ സ്വീകരിക്കുന്നത്.

ശ്രീ. സി. കെ. നാണു: സർ, 'മാതൃഭൂമി' ആഫീസിനോട് ചേർന്ന് പഴയ കോൺഗ്രസ്സ് പാർട്ടി ആഫീസിന്റെ അടുത്തായി താമസിക്കുന്നവർ എത്രയോ വർഷങ്ങളായി അവിടെ താമസിക്കുന്നവരാണ്. അവർ എന്തുകൊണ്ട് രേഖകളിൽ വന്നില്ലെന്നുള്ളതിനെപ്പറ്റി അറിയേണ്ടതുണ്ട്.

ശ്രീ. എ. കെ. ബാലൻ: സർ, ഭരണഘടന പ്രകാരമാണ് 1950 കട്ട് ഓഫ് ഇയർ നിശ്ചയിച്ചത്. നമുക്കത് മാറ്റാൻ കഴിയില്ല. കേരള ഒറിജിനാണെന്ന് തെളിയിക്കാൻ കഴിഞ്ഞാൽ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് യാതൊരു തടസ്സവുമില്ല.

## (6) ശബരി റെയിൽപ്പാത

ശ്രീ. എൽദോ എബ്രഹാം: സർ, മലയാളികളുടെ സ്വപ്നപദ്ധതികളിൽ ഒന്നാണ് അങ്കമാലി-ശബരി റെയിൽ പദ്ധതി. ഈ പദ്ധതി യാഥാർത്ഥ്യമാക്കുകയെന്ന ശ്രദ്ധേയമായ ആവശ്യമാണ് ഈ സബ്മിഷനിലൂടെ എനിക്ക് ആവശ്യപ്പെടാനുള്ളത്. 1998-ൽ 540 കോടി രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിച്ച ഈ പദ്ധതിക്ക് 2010-ൽ 1718 കോടി രൂപ ചെലവ് വരുമെന്നാണ് കണക്കാക്കിയത്. എന്നാൽ 2017-ൽ അതിന് 2815 കോടി രൂപ ചെലവ് വരുമെന്നാണ് ഏകദേശം കണക്കാക്കിയിട്ടുള്ളത്. അങ്കമാലി മുതൽ ശബരിവരെയുള്ള ഈ പദ്ധതിയുടെ ആകെ ദൈർഘ്യം 111 കിലോ മീറ്ററാണ്. 225 കോടി രൂപ ഇതിനകം അങ്കമാലി-ശബരി പദ്ധതിയുടെ നടത്തിപ്പിനായി ചെലവഴിച്ചിട്ടുണ്ട്. അങ്കമാലി മുതൽ കാലടി വരെ ഏകദേശം ഏഴ് കിലോമീറ്റർ ഭൂമി ഏറ്റെടുത്ത് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിഞ്ഞു. പെരിയാറിന് കുറുകെ പാലം നിർമ്മിക്കുകയും കാലടിയിൽ സ്റ്റേഷൻ പണി പൂർത്തിയാക്കുകയും ചെയ്തു. ട്രാക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിഞ്ഞു. എന്നാൽ ഇപ്പോൾ തികഞ്ഞ അനിശ്ചിതത്വം ഈ പദ്ധതിയുമായി ബന്ധപ്പെട്ട് നിലനിൽക്കുകയാണ്. 2016-17-ൽ 50 കോടി രൂപയും 2017-18-ൽ 213 കോടി രൂപയും കേന്ദ്ര റെയിൽ മന്ത്രാലയം ഈ പദ്ധതിക്കുവേണ്ടി അനുവദിക്കുകയുണ്ടായി. ബഹുമാനപ്പെട്ട എം.പി.മാരായ ശ്രീ. ജോയ്സ് ജോർജിന്റെയും ശ്രീ. ഇന്നസെന്റിന്റെയും പരിശ്രമത്തിന്റെ ഫലമായി 263 കോടി രൂപ രണ്ട് പദ്ധതികളിലായി ഏറ്റവും ഒടുവിൽ അനുവദിച്ചിട്ടുണ്ട്. 2016 ജനുവരിയിൽ കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത്, ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി മുഖ്യമന്ത്രി ആയിരുന്ന വേളയിൽ ആകെ പദ്ധതിച്ചെലവിന്റെ 50 ശതമാനം തുക കേരള സർക്കാർ വഹിക്കുമെന്നുള്ള ഉറപ്പ് നൽകുകയുണ്ടായി. അതിനുശേഷം 2016-ൽ കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ അധികാരത്തിൽ വന്നതിനെത്തുടർന്ന് 2016 ജൂലൈ മാസത്തിൽ ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ബഡ്ജറ്റിൽ 50 കോടി രൂപ ശബരി റെയിൽ പദ്ധതിക്കുവേണ്ടി മാറ്റിവയ്ക്കുകയുണ്ടായി. എന്നാൽ 2016 ഒക്ടോബർ 26-ന് പ്രധാനമന്ത്രിയുടെ മേൽനോട്ടത്തിൽ നേരിട്ട് നടത്തുന്ന പദ്ധതികളിൽ ഒന്നായി അങ്കമാലി-ശബരി പദ്ധതിയെ പ്രഖ്യാപിക്കുകയുണ്ടായി. ഇതിനെത്തുടർന്ന് 50 ശതമാനം വിഹിതം കേരളം വഹിക്കണമോ എന്നത് സംബന്ധിച്ചുള്ള അനിശ്ചിതത്വം ഇപ്പോഴും തുടരുകയാണ്. കേന്ദ്രം പൂർണ്ണതോതിൽ ഈ പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറായിട്ടുമില്ല. അതുകൊണ്ടുതന്നെ അനുവദിക്കപ്പെട്ട 263 കോടി രൂപയുണ്ടെങ്കിൽ ഈ പദ്ധതിക്കുവേണ്ടി പെരുമ്പാവൂർ മുതൽ മൂവാറ്റുപുഴ

വരെയുള്ള വടക്കുംഭാഗം, ചേലമറ്റം, രായമംഗലം, പെരുമ്പാവൂർ, മൂവാറ്റുപുഴ, അസമന്നൂർ, മഞ്ഞള്ളൂർ തുടങ്ങിയ വില്ലേജുകളിലെ സ്ഥലമേറ്റെടുക്കുന്നതിനും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും കഴിയും. എന്നാൽ വിഹിതത്തെ സംബന്ധിച്ച പ്രശ്നങ്ങൾ നിലനിൽക്കുമ്പോൾതന്നെ പുതുക്കിയ എസ്റ്റിമേറ്റ് തുകയ്ക്ക് റെയിൽവെ ബോർഡിന്റെ അംഗീകാരം ലഭ്യമല്ലാത്ത സ്ഥിതിവിശേഷം നിലനിൽക്കുകയാണ്. പദ്ധതി പ്രദേശത്തെ ആയിരക്കണക്കിന് ഭൂവുടമകൾക്ക് കഴിഞ്ഞ രണ്ട് പതിറ്റാണ്ടിലേറെയായി അവരുടെ സ്ഥലം ക്രയവിക്രയം ചെയ്യാനോ പണയപ്പെടുത്തി വായ്പയെടുക്കാനോ കഴിയുന്നില്ല. മറ്റ് അത്യാവശ്യമായ ഒരു കാര്യവും ചെയ്യാൻ കഴിയാത്തതിന്റെ പേരിൽ ആയിരക്കണക്കിന് മനുഷ്യർ ഇന്ന് ഈ പദ്ധതിയുമായി ബന്ധപ്പെട്ട് പ്രശ്നങ്ങൾ നേരിടുകയാണ്. സാമൂഹിക ആഘാത പഠനം നടത്താൻ നിശ്ചയിച്ചാൽ ഒരു വർഷമെടുക്കും. ഈ കാലയളവിനകം ചെന്നൈ സോണിന്റെ പരിധിയിലുള്ള മറ്റേതെങ്കിലും പ്രദേശത്തേക്ക് ഈ തുക വിനിയോഗിക്കുവാനുള്ള സാദ്ധ്യതകൂടി ഏറുമ്പോൾ സ്വാഭാവികമായും അങ്കമാലി-ശബരി പാത എന്ന ഏറ്റവും പ്രധാനപ്പെട്ടൊരു പദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിക്കുവാനുള്ള സാഹചര്യംകൂടി ഇതുസംബന്ധിച്ചിട്ടുണ്ട്. ശബരിമല തീർത്ഥാടകരെ ലക്ഷ്യംവച്ചും കേരളത്തിലെ പതിനായിരക്കണക്കിന് മനുഷ്യർക്ക് ഏറെ പ്രയോജനം ലഭ്യമാകുന്നതുമായ ഈ പദ്ധതിയുടെ ലാൻഡ് അക്വിസിഷനുമായി ബന്ധപ്പെട്ട് രണ്ട് സ്പെഷ്യൽ തഹസിൽദാർമാരുടെ ഓഫീസുകൾ പെരുമ്പാവൂരിലും മൂവാറ്റുപുഴയിലും തുറന്നിട്ടുണ്ട് എന്നതാണ് ഈ പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് അടുത്ത നാളിൽ സ്വീകരിച്ചിട്ടുള്ള പോസിറ്റീവായൊരു തീരുമാനം. രണ്ട് ഓഫീസുകൾ തുറക്കുന്നതിന് 30-5-2017-ലാണ് ഉത്തരവിറങ്ങിയത്. എന്നാൽ രണ്ട് കേന്ദ്രത്തിലും 20 ജീവനക്കാർ ഉൾപ്പെടുന്ന രണ്ട് യൂണിറ്റ് എന്ന് നിശ്ചയിച്ചെങ്കിലും രണ്ട് യൂണിറ്റിലും തഹസിൽദാർമാരെ മാത്രമാണ് ചുമതലയെടുത്തിട്ടുള്ളത്. അവർ ചുമതല എടുത്തെങ്കിൽപ്പോലും ഭൂമി ഏറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടണമെങ്കിൽ വിഹിതം സംബന്ധിച്ചിട്ടുള്ള പ്രശ്നവും ഏറെ തടസ്സം സൃഷ്ടിക്കുന്നു. കോട്ടയം ജില്ലയിൽ ഭൂമി സംബന്ധിച്ചുള്ള ചില തർക്കങ്ങളുണ്ടായിരുന്നത് ആ മേഖലയിലെ ജനപ്രതിനിധികൾ ഇടപെട്ട് പരിഹരിച്ചിട്ടുണ്ട്. എന്നാൽ വലിയ പ്രശ്നമുള്ളത്, അനുവദിക്കപ്പെട്ട തുകയുടെ എക്സ്പെൻഡിച്ചർ ഇപ്പോഴും നമുക്ക് കാണിക്കാൻ കഴിയുന്നില്ല എന്നതാണ്. പണം ലാപ്സാകുവാനുള്ള സാദ്ധ്യതയുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും അതോടൊപ്പം കേരളത്തിന്റെ റെയിൽവേയുടെ ചുമതല വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ജി. സുധാകരന്റെയും നേതൃത്വത്തിൽ ഉന്നതതല യോഗം വിളിച്ച് അടിയന്തരമായി ഈ വിഷയത്തിൽ ഇടപെടണം. ഭൂമി ഏറ്റെടുക്കുന്ന കാര്യത്തിൽ നെഗോഷ്യബിൾ പർച്ചേസിനുതന്നെ മുൻതൂക്കം

നൽകണം. ജില്ലാ തലത്തിലുള്ള പർച്ചേസിംഗ് കമ്മിറ്റി ഭൂമി ഏറ്റെടുക്കുന്ന കാര്യത്തിൽ ആ നിലയ്ക്കുള്ള നിലപാടുകൾ സ്വീകരിക്കണം. വളരെ സജീവമായിട്ടുള്ള, കേരളം ഉറ്റുനോക്കുന്ന, ഈ സർക്കാരിൽ പ്രതീക്ഷയർപ്പിച്ചിട്ടുള്ള, കേരളത്തിലെ മൂന്നര കോടിയോളം വരുന്ന മലയാളികളുടെ ഏറ്റവും വലിയൊരു പദ്ധതിയാണിത്. ഈ പദ്ധതി നടപ്പാക്കാൻവേണ്ട ശക്തമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. കൂടാതെ കേന്ദ്രത്തിലും സമ്മർദ്ദം ചെലുത്തണം. കേരളത്തിന്റെ വിഹിതം 50 ശതമാനം നൽകേണ്ടതാണെങ്കിൽ അത് നൽകിക്കൊണ്ടുതന്നെ ഈ പദ്ധതി യാഥാർത്ഥ്യമാക്കണമെന്നാണ് സബ്മിഷനിലൂടെ എനിക്ക് ഉന്നയിക്കുവാനുള്ളത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ബഹുമാനപ്പെട്ട എം.എൽ.എ.-ക്ക് റെയിൽവേയുടെ കാര്യങ്ങളിൽ വലിയ പിടിപാടില്ല എന്ന് മനസ്സിലായി. പറഞ്ഞകാര്യം തന്നെ പിന്നെയും പറഞ്ഞുകൊണ്ടിരിക്കുകയാണ്. ഞങ്ങൾ സമ്മർദ്ദമൊക്കെ ചെലുത്തിയിട്ടുണ്ട്. സമ്മർദ്ദം ചെലുത്തണമെന്ന് സർക്കാരിനോട് പറയേണ്ട കാര്യമില്ല. ഇതുസംബന്ധിച്ച് ഇന്നലെ ഇവിടെ വിശദമായി പറഞ്ഞതാണ്.

RITES (Rail India Technical and Economic Services) നടത്തിയ വിശദമായ പഠനങ്ങൾക്കുശേഷമാണ് കേന്ദ്രസർക്കാർ അങ്കമാലി-ശബരി റെയിൽവേ പ്രോജക്ട് അംഗീകരിച്ചത്. എറണാകുളം, കോട്ടയം, ഇടുക്കി ജില്ലകളിലൂടെ കടന്നുപോകുന്ന പ്രസ്തുത പാതയുടെ എറണാകുളം ജില്ലയിലെ നിർമ്മാണ പ്രവൃത്തികളാണ് പുരോഗമിക്കുന്നത്. അങ്കമാലി-ശബരി റെയിൽ പാതയുടെ അങ്കമാലി മുതൽ കാലടി വരെയുള്ള പണി ഏകദേശം പൂർത്തീകരിച്ചിട്ടുണ്ട്. കാലടി സ്റ്റേഷന്റെ പണിയും പെരിയാർ നദിക്കു കുറുകെയുള്ള പാലം പണിയും പുരോഗതിയിലാണ്. 24.40 ഹെക്ടർ സ്ഥലം ഈ റെയിൽവേ പാതയ്ക്കുവേണ്ടി കൈമാറിയിട്ടുണ്ട്. കോട്ടയം ജില്ലയിലെ അലൈൻമെന്റ് സംബന്ധിച്ച് തർക്കം ഉണ്ടായിരുന്നു. ആയത് പരിഹരിച്ച് കോട്ടയം ജില്ലാ കളക്ടർ ബന്ധപ്പെട്ട ജനപ്രതിനിധികളുമായി ചർച്ച ചെയ്ത് സമർപ്പിച്ച പുതുക്കിയ അലൈൻമെന്റ് 11-2-2014-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ഉന്നതതല യോഗത്തിൽ ബന്ധപ്പെട്ട ജനപ്രതിനിധികൾ അംഗീകരിക്കുകയുണ്ടായി. ആയത് റെയിൽവേയുടെ പരിഗണനയിലാണ്. കോട്ടയം ജില്ലയിലെ പതിമൂന്നോളം വില്ലേജുകളിൽക്കൂടിയാണ് ശബരി റെയിൽപാത കടന്നുപോകുന്നത്. ഇതിൽ മൂന്ന് വില്ലേജുകളുടെ അലൈൻമെന്റ് സ്കെച്ചുകൾ മാത്രമേ റെയിൽവേ സമർപ്പിച്ചിട്ടുള്ളൂ. റെയിൽവേയാണ് പ്രവർത്തനത്തിന് മുൻകയ്യെടുക്കേണ്ടത്. അതിൻപ്രകാരമുള്ള സ്ഥലമെടുപ്പ് നടപടികൾ തുടർന്നുവരുന്നു. ആയതിന് റെയിൽവേ ആവശ്യപ്പെടുകയാണെങ്കിൽ

പോലീസ് സംരക്ഷണം നൽകുന്നതിനും സർക്കാർ തയ്യാറാണ്. പോലീസിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ശബരി റെയിൽപാതയുടെ പ്രാരംഭ ചെലവുകൾക്കായി 2 കോടി രൂപ പൊന്നുംവില ഓഫീസർക്ക് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഒരു തുകപോലും ചെലവഴിച്ചിട്ടില്ല. എറണാകുളം ജില്ലയിൽ പുതിയ L.A.R.R. (Land Acquisition, Rehabilitation and Resettlement) പ്രകാരമുള്ള അർത്ഥനാപത്രം ലഭ്യമായ വില്ലേജുകളായ അങ്കമാലി, നെടുമ്പാശ്ശേരി, മറ്റൂർ, വടക്കുംഭാഗം, ചേലാമറ്റം ഉൾപ്പെടെ 24.39 ഹെക്ടർ വിസ്തീർണ്ണത്തിൽ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾക്കായി റെയിൽവേ എൽ.എ. നടപടിക്കായി 39,15,11,977 രൂപ ചെലവഴിച്ചിട്ടുണ്ട്. റെയിൽവേക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനായി പ്രവർത്തിച്ചിരുന്ന സ്പെഷ്യൽ തഹസിൽദാർ, പെരുമ്പാവൂർ, എറണാകുളം എന്നീ കാര്യാലയങ്ങൾ 2015-ൽ നിർത്തലാക്കുകയുണ്ടായി. അവിടങ്ങളിലെ ഫയലുകളും റിക്കാർഡുകളും സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) ജനറൽ എറണാകുളത്തിന് കൈമാറിയിരുന്നുവെങ്കിലും ഈ കാര്യാലയത്തിൽ ആവശ്യമായ ജീവനക്കാരില്ലാത്തതിനാൽ സ്ഥലമേറ്റെടുപ്പ് മന്ദഗതിയിലാണ് നടന്നത്. അങ്കമാലി-ശബരി റെയിൽ പാതയ്ക്ക് സ്ഥലമേറ്റെടുക്കുന്നതിനായി രണ്ട് പൊന്നുംവില സ്പെഷ്യൽ തഹസിൽദാർമാരുടെ കാര്യാലയങ്ങൾ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ഈ കാര്യാലയങ്ങൾ പ്രവർത്തിച്ചു തുടങ്ങുന്നതോടെ റയിൽവേക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനുള്ള തടസ്സങ്ങൾ നീങ്ങുന്നതും സ്ഥലമേറ്റെടുപ്പ് നടപടികൾ ത്വരിതഗതിയിൽ പൂർത്തിയാക്കുന്നതുമാണ്. അതുപോലെ കഴിഞ്ഞ ക്യാബിനറ്റ് സംസ്ഥാനത്തെ ഭൂമി ഏറ്റെടുക്കുന്ന പദ്ധതികൾ ഏകോപിപ്പിക്കാൻ വേണ്ടി ഒരു ഐ.എ.എസ്. ഓഫീസറെ കോ-ഓർഡിനേറ്ററായി നിയമിച്ചിട്ടുണ്ട്. അങ്കമാലി-ശബരി റെയിൽപാതയുടെ ആവശ്യകതയും പ്രാധാന്യവും കണക്കിലെടുത്ത് ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ പ്രത്യേക താൽപ്പര്യപ്രകാരം നിർദ്ദിഷ്ട പദ്ധതി പ്രധാനമന്ത്രിയുടെ പ്രഗതി സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അങ്കമാലി-ശബരി റെയിൽപാതയുടെ അങ്കമാലി മുതൽ കാലടി വരെയുള്ള പണി ഏകദേശം പൂർത്തീകരിച്ചിട്ടുണ്ട്. അങ്കമാലി മുതൽ കാലടി വരെയുള്ള പാതയുടെ ഉദ്ഘാടനം ഈ സാമ്പത്തിക വർഷംതന്നെ പൂർത്തിയാക്കുംവിധം പണി പുരോഗമിച്ചു വരികയാണ്.

കേരള സർക്കാർ ചെയ്യാവുന്ന എല്ലാ കാര്യങ്ങളും ചെയ്തിട്ടുണ്ട്. ഇതിനെക്കുറിച്ച് യാതൊരു ധാരണയും ഇല്ലാത്തതുകൊണ്ട്, സബ്മിഷൻ വഴി ഇതെല്ലാം നടക്കും എന്നുള്ള ധാരണ ഉണ്ടാക്കാൻ പാടില്ല. എല്ലാം ചെയ്തിട്ടുണ്ട്; ഇനി റെയിൽവേയാണ് ചെയ്യേണ്ടത്. റെയിൽവെയെക്കുറിച്ച് ഇന്നലെ ഞാനിവിടെ പറഞ്ഞു. എല്ലാം ചെയ്യുമെന്നു പറയുമെങ്കിലും ഒന്നും അവർ ചെയ്യുന്നില്ല. പക്ഷേ ഇത് കുറച്ച് നീങ്ങിയിട്ടുണ്ട്. ഈ വർഷംതന്നെ ഇതിന്റെ ഉദ്ഘാടനം നടത്താൻ കഴിയുമെന്നാണ് സർക്കാരിന് ലഭിച്ചിരിക്കുന്ന വിവരം. അത് ഞാൻ ബഹുമാനപൂർവ്വം സഭയെയും മെമ്പറേയും അറിയിക്കുന്നു.

## (7) കോളേജിന്റെ ശോച്യാവസ്ഥ

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, 50 വർഷത്തെ ചരിത്രമുൾക്കൊള്ളുന്നതും കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളിലെ ഏറ്റവും സാധാരണക്കാരായ കുടുംബങ്ങളിലെ കുട്ടികൾ പഠിക്കുന്നതുമായ കലാലയമാണ് മീഞ്ചന്ത ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ്. നിലവിൽ 1,914 കുട്ടികൾ ഇവിടെ പഠിക്കുന്നുണ്ട്. ഇതിൽ ഭൂരിഭാഗവും പെൺകുട്ടികളാണ്. 1968-ൽ നിർമ്മിച്ച പ്രധാന കെട്ടിടത്തിൽത്തന്നെയാണ് ഇന്നും കോളേജിന്റെ ക്ലാസ്സുകൾ പ്രവർത്തിക്കുന്നത്. ഈ കെട്ടിടം കോൺക്രീറ്റ് ഇളകിയും ജീർണ്ണിച്ചും അപകടാവസ്ഥയിലായിട്ടുണ്ട്. ദേശീയ പാതയ്ക്കരികിൽ ഏറ്റവും യാത്രാസൗകര്യമുള്ള ഈ കലാലയം നാളുകളേറെയായി ഇത്തരത്തിൽ ശോച്യാവസ്ഥയിലിരിക്കുന്നത് ഏറെ ഖേദകരമാണ്. പുതിയ കെട്ടിട നിർമ്മാണത്തിന് അഞ്ചു വർഷം മുൻപ് 12 കോടി രൂപ അനുവദിച്ചതായി അറിയുന്നു. എങ്കിലും ഇതുവരെ യാതൊരു നടപടിയും ആരംഭിച്ചതായി കാണുന്നില്ല. അഞ്ച് വർഷം മുൻപ് 5 നില കെട്ടിടത്തിന് അനുവദിച്ച തുക ഇപ്പോൾ തികയില്ല എന്നതിനാൽ 3 നില കെട്ടിടമാക്കി ചുരുക്കിപ്പണിയാനാണ് പദ്ധതിയെന്നും അറിയുന്നു. ഇവിടെ ആവശ്യമായ ടോയ്‌ലെറ്റ് സൗകര്യമില്ല. 1,914 കുട്ടികളുള്ള ഇവിടെ 50 പേർക്ക് തികച്ചിരിക്കാൻ കഴിയുന്ന ഒരു ക്യാന്റീനില്ല. 50 കൊല്ലത്തോളം പാരമ്പര്യമുണ്ടെങ്കിലും ഈ കോളേജിന് നല്ലൊരു പ്ലേ ഗ്രൗണ്ടില്ല. അതുകൊണ്ടുതന്നെ കായികരംഗത്ത് ഒരു മുന്നേറ്റവും നടത്താൻ ഈ കോളേജിന് ആയിട്ടില്ല. പ്ലേ ഗ്രൗണ്ടിന് ആവശ്യമായത്ര സ്ഥലം കാലങ്ങളായി കോളേജിന്റെ അധീനതയിലുണ്ടെങ്കിലും അത് ഉപയോഗപ്രദമായ രീതിയിൽ വികസിപ്പിച്ചെടുക്കുന്നതിന് യാതൊരുവിധ നടപടികളും ഇതുവരെ സ്വീകരിച്ചിട്ടില്ല. ഇത്രയും വലിയൊരു കലാലയത്തിനുതകുന്ന രീതിയിൽ ഒരു ഗ്രൗണ്ട് വികസിപ്പിച്ചെടുക്കാൻ യാതൊരു പദ്ധതിയും ഉണ്ടായിട്ടില്ല. ഇപ്പോൾ NAAC (National Assessment and Accreditation Council)-ന്റെ വിസിറ്റിന്റെ ഭാഗമായി ബിൽഡിംഗിന്റെ മുൻവശവും വരാന്തയും പെയിന്റടിച്ച് അടർന്നുപോയ കോൺക്രീറ്റ് ചെറുതായി പാച്ച് വർക്ക് ചെയ്ത് ഒട്ടിച്ചുവച്ചിട്ടുണ്ട്. ചില ക്ലാസ്സ് മുറികൾ അദ്ധ്യാപകർ പരസ്പരം പിരിവെടുത്ത് പെയിന്റടിച്ച് വൃത്തിയാക്കാൻ ശ്രമിച്ചിട്ടുണ്ട്. ജൂബിലി ഫണ്ടിൽ ബാക്കിവന്ന തുക ഉപയോഗിച്ച് കുറച്ച് ഭാഗങ്ങളിൽ പെയിന്റടിച്ചിരിക്കുകയാണ്. അടുത്ത കാലത്തായി ലേഡീസ് ഹോസ്റ്റൽ നിർമ്മിച്ചിട്ടുണ്ടെങ്കിലും ആവശ്യമായ സൗകര്യങ്ങളില്ല. പരിമിതമായ തോതിൽ മാത്രമേ കുട്ടികളെ പ്രവേശിപ്പിക്കാൻ സാധിക്കുന്നുള്ളൂ. കെട്ടിടത്തിന്റെ രണ്ടാം നിലയുടെ നിർമ്മാണം നടത്തേണ്ടതുണ്ട്. മെൻസ് ഹോസ്റ്റൽ സൗകര്യമില്ല.

ജീവനക്കാർക്കായി നിർമ്മിച്ചിട്ടുള്ള നാല് ക്വാർട്ടേഴ്സുകളും ഇടിഞ്ഞുപൊളിഞ്ഞ് ജീർണ്ണാവസ്ഥയിലായതിനാൽ നിലവിൽ ഉപയോഗിക്കുന്നില്ല. ആവശ്യമായ കെട്ടിടവും സൗകര്യവും ഉണ്ടായാൽ ജില്ലയ്ക്കുതന്നെ അഭിമാനകരമായ രീതിയിൽ ഉയർത്തിക്കൊണ്ടുവരാൻ സാധിക്കുന്ന ഈ കലാലയത്തിന്റെ കാര്യത്തിൽ അടിയന്തര ശ്രദ്ധയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണിത്. ഇത് എന്റെ മണ്ഡലത്തിലുള്ള ഒരു കോളേജാണ്. അതിന്റെ developmental activities-ൽ വളരെ സജീവമായി പങ്കെടുക്കുന്ന ആളാണ് ഞാൻ. 12 കോടി രൂപയുടെ ഒരു പുതിയ കെട്ടിടത്തിന്റെ പ്രവൃത്തി ആരംഭിച്ചു കഴിഞ്ഞു. ULCCS (The Uralungal Labour Contract Co-operative Society) ആണ് അതേടുത്തിരിക്കുന്നത്. അവർ അതിന്റെ വർക്ക് പ്രൊസീഡ് ചെയ്തുകൊണ്ടിരിക്കുകയാണ്. മാത്രമല്ല, ഞാൻ അസറ്റ് ഫണ്ട് നൽകിയിട്ടാണ് വർക്ക് നടക്കുന്നത്. ഇത് ഒരാളെ ചെറുതാക്കാൻവേണ്ടി, അയാളുടെ മണ്ഡലത്തിൽ ഒന്നും നടക്കുന്നില്ലെന്ന് പ്രചരിപ്പിക്കാനായി തൊട്ടടുത്ത മണ്ഡലത്തിലെ എം.എൽ.എ. ഒരു സബ്മിഷൻ കൊണ്ടുവന്ന് വിദ്യാഭ്യാസ വകുപ്പുമന്ത്രിയെക്കൊണ്ട് പറയിപ്പിക്കുന്ന ഒരു പ്രവണത തുടങ്ങുകയാണെങ്കിൽ അതേപോലെ തുടങ്ങാനുള്ള എല്ലാ കാര്യങ്ങളും ഞങ്ങൾക്കുമുണ്ട്. അത് ഓരോ മണ്ഡലത്തിലേതും എടുത്ത് നമുക്ക് പറയാം. ഇത് വളരെ മോശമായൊരു കീഴ്വഴക്കമാണ്. ഞങ്ങൾ ഇതിനുവേണ്ടി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി ആർക്കിടെക്റ്റ്സിനെ ഏൽപ്പിച്ചിരിക്കുകയാണ്. മാത്രമല്ല, NAAC അക്രഡിറ്റേഷനുവേണ്ടി അങ്ങേയറ്റം പ്രയത്നിച്ചുകൊണ്ടിരിക്കുന്ന ഒരു എം.എൽ.എ. കൂടിയാണ്. ഇതൊരു കോളേജിന്റെ developmental activities ആണ്. കുട്ടികളുടെ ഇഷ്യൂ അല്ല. അങ്ങനെയാണെങ്കിൽ ബേപ്പൂരിലെ ഓട് ഫാക്ടറിയെക്കുറിച്ച് ഞാനിവിടെ സബ്മിഷൻ കൊണ്ടുവരാം. ഇക്കാര്യം വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രത്യേകം ശ്രദ്ധിക്കണം. ഈ ശോച്യാവസ്ഥ ഒഴിവാക്കാൻ ഞങ്ങൾ കിഫ്ബിയിലുൾപ്പെടുത്തി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുമ്പോൾ തൊട്ടടുത്ത എം.എൽ.എ.കൂടി അതിൽ പങ്കാളിയാണല്ലോ. ഞങ്ങൾക്ക് രണ്ടുപേർക്കുംകൂടി 100 കോടി രൂപ തന്നാൽ മതി.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, ഇതിന്റെ ഒരു ഭാഗം എന്റെ മണ്ഡലത്തിലാണ്. ഞാനവിടത്തെ ഡെവലപ്മെന്റ് കമ്മിറ്റിയിലെ ഒരു അംഗംകൂടിയാണ്. മാത്രമല്ല, ഇത് രണ്ടുമൂന്ന് ജില്ലകൾക്കുവേണ്ടി പ്രവർത്തിക്കുന്ന കോളേജാണ്. അതുകൂടി ബഹുമാനപ്പെട്ട അംഗം മനസ്സിലാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഡോ. എം. കെ. മുനീർ: സർ, ഇതേ നിലപാട് എല്ലാ കാര്യത്തിലും സ്വീകരിച്ചാൽ മതി.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, അംഗങ്ങൾ തമ്മിൽ അങ്ങനെയൊരു തർക്കംവേണ്ട, ഒരു കോളേജ് നന്നാക്കാൻ രണ്ടുപേരുടേയും അഭിപ്രായം ഒരുമിച്ചെടുക്കുന്നുവെന്ന് കരുതിയാൽ മതി. കോഴിക്കോട് നഗരത്തിലെ ഏക സർക്കാർ കോളേജായ കോഴിക്കോട് ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിൽ കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളിലെ സാമൂഹികവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്ന, എന്നാൽ ഉന്നത നിലവാരം പുലർത്തുന്ന വിദ്യാർത്ഥികളാണ് ഏറെയും പഠിക്കുന്നത്. 1967-ൽ നിർമ്മിച്ച കോളേജിന്റെ മെയിൻ ബ്ലോക്കിലാണ് ഇപ്പോഴുള്ള 13 വകുപ്പുകളിൽ 9 എണ്ണവും പ്രവർത്തിക്കുന്നത്. 50 വർഷത്തിലധികം പഴക്കമുള്ള കോളേജ് നിലവിൽ ശോച്യാവസ്ഥയിലാണ്. സി.ഐ.യു.പി. (Colllege Infrastructure Upgradation Programme) ഫണ്ടുപയോഗിച്ച് ചെറിയ അറ്റകുറ്റപ്പണികൾ നടത്തിയെങ്കിലും ശോച്യാവസ്ഥ പൂർണ്ണമായും പരിഹരിക്കാനായിട്ടില്ല. ആയതിനാൽ ശോച്യാവസ്ഥയിലുള്ള പ്രധാന കെട്ടിടം നവീകരിക്കുന്നതിന് 92 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ പൊതുമരാമത്ത് ഫണ്ടിലുൾപ്പെടുത്തി കോളേജിലെ കെട്ടിടങ്ങളുടെ പണിക്കായി 15.99 ലക്ഷം രൂപയുടെ പ്രവൃത്തികൾക്കുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഈ കോളേജിൽ പുതുതായി നിർമ്മിക്കുന്ന ഗോൾഡൻ ജൂബിലി ബ്ലോക്കിന്റെ നിർമ്മാണത്തിനായി 1200 ലക്ഷം രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. ഈ പ്രവൃത്തി ടെണ്ടർ ചെയ്ത് കരാറുകാരനുമായി ഉടമ്പടിയിൽ ഏർപ്പെട്ട് നിർമ്മാണപ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ കോളേജിന് കിഫ്ബി സഹായത്തിലൂടെ ഇപ്പോൾത്തന്നെ 8.85 കോടി രൂപയുടെയുള്ള പ്രവൃത്തികളും ആവിഷ്കരിച്ചുവരുന്നു. ഇതിന് തയ്യാറാക്കുന്ന മാസ്റ്റർ പ്ലാനിന് ഭാവിയിൽ കിഫ്ബി ഫണ്ടിൽനിന്നും പണം ലഭിക്കുന്നതിനുള്ള ശ്രമങ്ങൾ തീർച്ചയായും നടത്തുന്നതാണ്.

## (8) മന്ത്, കോളറ രോഗങ്ങളുടെ വ്യാപനം

ശ്രീമതി വീണാ ജോർജ്ജ്: സർ, പകർച്ചവ്യാധികളെ സംബന്ധിച്ച് കഴിഞ്ഞ ദിവസം പ്രതിപക്ഷം അടിയന്തരപ്രമേയത്തിന് അവതരണാനുമതി തേടിയപ്പോൾ വിട്ടുപോയ, ബോധപൂർവ്വമാണോ എന്നറിയില്ല, എന്നിരുന്നാൽപോലും ഇവിടെ പരാമർശിക്കാൻ വിട്ടുപോയ, കാര്യം സംബന്ധിച്ചാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. കോളറ മരണത്തെക്കുറിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ

പറഞ്ഞിരുന്നു. പത്തനംതിട്ട ജില്ലയിൽ കോളറ ബാധിച്ച് ഒരാൾ ഇത്തവണ മരിച്ചിരുന്നു. മറ്റൊരു സംസ്ഥാനത്തുനിന്നും ഇവിടേക്കുവന്ന ഒരു തൊഴിലാളിയിലൂടെ പകർന്ന കോളറ ബാധിച്ചാണ് ഇതര സംസ്ഥാനത്തൊഴിലാളി മരിച്ചത്. പത്തനംതിട്ട ജില്ലയിലെ കോന്നി മണ്ഡലത്തിലെ വള്ളിക്കോട് പഞ്ചായത്തിലാണ് കോളറ മരണം ഉണ്ടായത്. കൂടെ താമസിച്ചിരുന്ന അഞ്ചാറുപേർക്കും കോളറ ബാധിച്ചിരുന്നു. ആരോഗ്യവകുപ്പിന്റെ സമയോചിതമായ ഇടപെടൽകൊണ്ട് കൂടുതൽ മരണങ്ങൾ ഒഴിവാക്കാൻ സാധിച്ചു. പക്ഷെ ചികിത്സ നൽകിയതിനു തൊട്ടടുത്ത ദിവസം ഇവർ മറ്റൊരു വർക്ക് സൈറ്റായ കാഞ്ഞിരപ്പള്ളിയിലേക്ക് പോകുകയാണുണ്ടായത്. അവർ ഇപ്പോൾ അവിടെ ജോലി ചെയ്യുന്നതായാണ് വിവരം ലഭിച്ചിരിക്കുന്നത്. പത്തനംതിട്ട ജില്ലയിൽ തദ്ദേശീയർക്കാർക്കും മന്തുരോഗമില്ല, ഏതാണ്ട് 106 ഇതര സംസ്ഥാന തൊഴിലാളികൾക്ക് മന്തുരോഗമുള്ളതായി കണ്ടെത്തിയിട്ടുണ്ട്, അതിനും ചികിത്സ കൊടുത്തിട്ടുണ്ട്. കേരളം പൊതുജനാരോഗ്യത്തിൽ ഇത്രമാത്രം ശ്രദ്ധ കൊടുക്കുമ്പോൾ, മാലിന്യനിർമ്മാർജ്ജനം ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവരുടെ പ്രാഥമിക ഉത്തരവാദിത്തമായി കണക്കിലെടുത്ത് പ്രവർത്തനങ്ങൾ നടത്തുമ്പോൾ, ഇത് നമ്മൾ നേരിടുന്ന വലിയ വെല്ലുവിളിയാണ്. ഇവിടെനിന്നും നിർമ്മാർജ്ജനം ചെയ്ത രോഗങ്ങൾ ഇവിടേക്ക് വരികയാണ്. ഇതരസംസ്ഥാന തൊഴിലാളികൾക്കിടയിൽനിന്ന് ഈ രോഗം പടരുകയാണ്. ആരോഗ്യവകുപ്പ് ഈ വെല്ലുവിളി എങ്ങനെ ഏറ്റെടുക്കാനാണ് ഉദ്ദേശിക്കുന്നത്, പ്രത്യേകിച്ച് കോളറ ബാധിച്ചവർ പത്തനംതിട്ടയിൽനിന്ന് കാഞ്ഞിരപ്പള്ളിയിലേയ്ക്ക് പോയ സാഹചര്യം ഞാൻ പറഞ്ഞു. ഇതരസംസ്ഥാന തൊഴിലാളികൾ ഒരു സ്ഥലത്തുനിന്നും മറ്റൊരിടത്തേക്കു പോകുന്നത് നമ്മൾ പലപ്പോഴും അറിയുന്നില്ല, ഈ കാര്യത്തിൽ ആരോഗ്യവകുപ്പ് ഏതുരീതിയിൽ നടപടിയെടുക്കും, ഒപ്പം തൊഴിൽ വകുപ്പും ആരോഗ്യവകുപ്പും ചേർന്ന് എന്തൊക്കെ പ്രവർത്തനങ്ങളാണ് ഇക്കാര്യത്തിൽ ചെയ്യുവാൻ ഉദ്ദേശിക്കുന്നത്?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, പത്തനംതിട്ട ജില്ലയിൽ ഇതരസംസ്ഥാന തൊഴിലാളികൾക്കിടയിൽ നിന്നും മന്തുരോഗം പടർന്നു പിടിക്കുന്ന സാഹചര്യം ഇപ്പോൾ നിലവിലില്ല. തദ്ദേശീയരിലും മന്ത് രോഗികൾ സാധാരണയായി കാണപ്പെടുന്നില്ല. ഇതരസംസ്ഥാന തൊഴിലാളികൾക്കുവേണ്ടി ആരോഗ്യവകുപ്പ് പ്രത്യേക രാത്രികാല രക്ത പരിശോധന നടത്തിവരുന്നു. മന്തുരോഗ വാഹകരെ കണ്ടുപിടിക്കുന്നതിനും കൈകാലുകളിലും മറ്റു ശരീര ഭാഗങ്ങളിലും മന്തുരോഗം ഉള്ളവരെ കണ്ടുപിടിക്കുന്നതിനും അവർക്ക് രോഗാതുര കുറയ്ക്കുന്നതിനുംവേണ്ടി മോർബിഡിറ്റി മാനേജ്മെന്റ് ക്ലിനിക്കുകൾ വഴി സേവനം ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്.

രാത്രികാല രക്തപരിശോധനയിൽ മൈക്രോഫൈലേറിയ പോസിറ്റീവാണെന്ന് കണ്ടാൽ ഉടൻതന്നെ 12 ദിവസവും 6 എം.ജി. കിലോഗ്രാം/ബോഡിവെയിറ്റ് അനുസരിച്ച് പൂർണ്ണമായ ചികിത്സ നടത്തുകയും ചെയ്യുന്നു. രോഗികൾ പുതിയ താമസസ്ഥലത്തേക്ക് മാറിപ്പോകുകയാണെങ്കിൽ അവരുടെ മേൽ നിയന്ത്രണമുള്ള ആളുകളേയോ ഉദ്യോഗസ്ഥരെയോ സമീപിച്ച് ചികിത്സയും തുടർപ്രവർത്തനങ്ങളും ഉറപ്പുവരുത്തുന്നു. പത്തനംതിട്ട ജില്ലയിൽ ഡി.വി.സി. യൂണിറ്റുവഴി രാത്രികാല പരിശോധന നടത്തിവരുന്നുണ്ട്. 2017 ജനുവരി മുതൽ ജൂലൈ വരെ പത്തനംതിട്ട ജില്ലയിൽ 2240 പേർക്ക് രാത്രികാല പരിശോധന നടത്തിയിട്ടുണ്ട്. പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാ ജില്ലകളിലും ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ തുടർച്ചയായി ഇതര സംസ്ഥാന തൊഴിലാളി ക്യാമ്പുകൾ സന്ദർശിച്ച് തൊഴിലാളികളുടെ വ്യക്തി ശുചിത്വം, പരിസര ശുചിത്വം, കുടിവെള്ള ശുചിത്വം തുടങ്ങിയവ നിരീക്ഷിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് നിലവിലുള്ളതും ഇതര സംസ്ഥാന തൊഴിലാളികളുടെ വരവോടെ ഉണ്ടായിട്ടുള്ളതുമായ ആരോഗ്യപ്രശ്നങ്ങൾ ഇല്ലായ്മചെയ്യുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന ആരോഗ്യ വകുപ്പ് "ഹെൽത്തി കേരള" എന്ന പേരിൽ സമഗ്രമായ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി ഇതര സംസ്ഥാന തൊഴിലാളികളെയും അവർ ജോലി ചെയ്യുന്ന തൊഴിലിടങ്ങളും അവരുടെ വാസസ്ഥലങ്ങളും പരിശോധനയ്ക്ക് വിധേയമാക്കുകയും അവരിൽ മലമ്പനി, മന്ത്, കോളറ, കാലാ അസർ, കുഷ്ഠം, ക്ഷയം തുടങ്ങിയ പകർച്ചവ്യാധികൾ ഉള്ളവരെ കണ്ടെത്തുകയും വേണ്ട ചികിത്സ നൽകുകയും ചെയ്യുന്നുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ കേന്ദ്രങ്ങളിൽ മെഡിക്കൽ ക്യാമ്പും ബോധവൽക്കരണ ക്ലാസ്സുകളും ആരോഗ്യവകുപ്പ് നടത്തി വരുന്നുണ്ട്. സംസ്ഥാന-ജില്ലാ തലങ്ങളിൽ ചേരുന്ന ഇൻസ്പെക്ടർ കോ-ഓർഡിനേഷൻ യോഗങ്ങൾവഴി ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്താൻ തൊഴിൽ വകുപ്പ് ഉൾപ്പെടെ ബന്ധപ്പെട്ട വകുപ്പുകൾക്ക് ആരോഗ്യ വകുപ്പ് നിർദ്ദേശങ്ങൾ നൽകുകയും ആവശ്യമായ ഇടപെടലുകൾ നടത്തിവരികയും ചെയ്യുന്നു. 2017 ജനുവരി മുതൽ ഇതര സംസ്ഥാന തൊഴിലാളികളുടെ സ്ക്രീനിംഗിനുവേണ്ടി ഒരു മൊബൈൽ മൈഗ്രന്റ് സ്ക്രീനിംഗ് ടീം ജില്ലാ മെഡിക്കൽ ഓഫീസുമായി ബന്ധപ്പെട്ട് എട്ട് ജില്ലകളിൽ - തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് - മൂന്ന് മാസത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ പ്രവർത്തിച്ചു വരുന്നുണ്ട്. ഈ ടീമിൽ ഒരു ഡോക്ടർ, രണ്ട് ജെ.എച്ച്.ഐ.മാർ, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഡ്രൈവർ എന്നിവരെ കരാർ അടിസ്ഥാനത്തിൽ മൂന്ന് മാസത്തേയ്ക്ക് നിയമിച്ചിട്ടുണ്ട്, പുതുതായി ഒരു വാഹനവും അവർക്ക് അനുവദിച്ചിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾക്ക് ആരോഗ്യ ഇൻഷ്വറൻസ് ലിങ്ക്ഡ് തിരിച്ചറിയൽ കാർഡ് നൽകുന്നതിലേക്കായി ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട് ഉൾപ്പെടുത്തേണ്ട വിവരങ്ങൾ തൊഴിൽ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. ഇതരസംസ്ഥാന തൊഴിലാളികൾ ജില്ല വിട്ടും

സംസ്ഥാനം വിട്ടും പോകുന്നതിനാൽ രോഗപ്രതിരോധ പ്രവർത്തനങ്ങളും ചികിത്സയും സർവൈലൻസും നടത്തുന്നതിൽ ഒരു പരിധിവരെ തടസ്സം നേരിടുന്നു. പത്തനംതിട്ട ജില്ലയിലെ വള്ളിക്കോട് പഞ്ചായത്തിൽ 14 ഇതര സംസ്ഥാന തൊഴിലാളികളാണ് ഒരു വീട്ടിൽ താമസിച്ചിരുന്നത്. 17-7-2017-ന് നാട്ടിൽ പോയി തിരികെ വന്ന ഒരാൾക്ക് ആദ്യം വയറിളക്കമുണ്ടാകുകയും 23-7-2017-ന് രാത്രി 9 മണിയോടെ, വിശ്വജിത്ത്ദാസ് (18 വയസ്സ്) എന്നയാൾ പത്തനംതിട്ട ജനറൽ ആശുപത്രിയിൽ അഡ്മിറ്റ് ആകുകയും ചെയ്തു. 24-7-2017 വെളുപ്പിന് 2.45-ഓടുകൂടി ടിയാൾ മരണപ്പെടുകയുണ്ടായി. അടുത്ത ദിവസം രാത്രി ബിഷു എന്ന മറ്റൊരാളെക്കൂടി വയറിളക്ക രോഗത്താൽ ജനറൽ ആശുപത്രിയിൽ കൊണ്ടുവരികയും പിന്നീട് ടിയാളെ കോട്ടയം മെഡിക്കൽ കോളേജിലേയ്ക്ക് റഫർ ചെയ്യുകയുമുണ്ടായി. എന്നാൽ ടിയാൾ പിറ്റേന്ന് രാവിലെതന്നെ ആശുപത്രി അധികൃതർ അറിയാതെ തിരികെ പോരുകയാണുണ്ടായത്. അതിനടുത്ത ദിവസം ടിയാൾ ഉൾപ്പെടെയുള്ള ഏഴ് പേർ നാട്ടിലേക്ക് മടങ്ങുകയും മറ്റുള്ളവർ കാഞ്ഞിരപ്പള്ളിയിലേയ്ക്ക് ജോലിക്കായി പോകുകയും ചെയ്തു. ഇവരുടെ കോൺട്രാക്ടറുടെ ടെലിഫോണിൽ ബന്ധപ്പെട്ട് കാഞ്ഞിരപ്പള്ളി താലൂക്ക് ആശുപത്രിയിൽ പരിശോധനയും ചികിത്സയും തേടാൻ നിർദ്ദേശിക്കുകയും കൂടാതെ ഈ വിവരം ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ നിന്ന് അവരുടെ സംസ്ഥാനത്തേയ്ക്ക് അറിയിക്കുകയും ചെയ്തു. ഈ വ്യക്തികൾ താമസിച്ചിരുന്ന സ്ഥലത്ത് അടിയന്തര പ്രതിരോധ പ്രവർത്തനങ്ങളും ബോധവൽക്കരണവും ശക്തമാക്കുകയും സൂക്ഷ്മനിരീക്ഷണം നടത്തിവരികയുമാണ്.

## (9) സ്റ്റാഫ് നഴ്സുമാരുടെ ശമ്പളം

ശ്രീ. കെ. മുരളീധരൻ: സർ, കേരള ഹെൽത്ത് റിസർച്ച് ആൻഡ് വെൽഫെയർ സൊസൈറ്റിയുടെ കീഴിൽ തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് തുടങ്ങി കേരളത്തിലുടനീളമുള്ള സർക്കാർ ആശുപത്രികളിൽ സ്റ്റാഫ് നഴ്സുമാരായി ജോലി ചെയ്തുവരുന്നവരുണ്ട്. ഇവർ കാർഡിയോളജി, സ്കാനിംഗ്, പേവാർഡ്, എ.സി.ആർ ലാബ്, എൻഡോസ്കോപ്പി തുടങ്ങിയ വകുപ്പുകളിലെല്ലാം സേവനമനുഷ്ഠിക്കുന്നുണ്ട്. സർക്കാർ ആശുപത്രികളുള്ള കെട്ടിടങ്ങളിലാണ് ഈ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നത്. 22 വർഷമായി ജോലി ചെയ്തുവരുന്ന നഴ്സുമാർവരെ ഇവരുടെ കൂട്ടത്തിലുണ്ട്. ഇവർക്ക് നിലവിൽ 17,400 രൂപയാണ് പ്രതിമാസം ശമ്പളമായി നൽകിവരുന്നത്. സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർക്ക് മിനിമം 20,000 രൂപ പ്രതിമാസ ശമ്പളമായി നൽകണമെന്ന് സർക്കാർതന്നെ തീരുമാനമെടുക്കുകയും ആയത് സ്വകാര്യ ആശുപത്രി മാനേജുമെന്റുകൾ അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. ഈ അവസ്ഥ നിലനിൽക്കെയാണ് കേരള ഹെൽത്ത് റിസർച്ച് ആൻഡ് വെൽഫെയർ സൊസൈറ്റിയുടെ കീഴിലുള്ള സ്റ്റാഫ് നഴ്സുമാർക്ക് നാമമാത്രമായ വേതനം

നൽകിവരുന്നത്. നിലവിൽ സർക്കാർ നഴ്സുമാർക്ക് പ്രതിമാസം 28,675 രൂപയായി നിശ്ചയിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് 28-4-2017 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് കേരള ഹെൽത്ത് റിസർച്ച് ആൻഡ് വെൽഫെയർ സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന സ്റ്റാഫ് നഴ്സുമാർക്കും ബാധകമാക്കി പ്രതിമാസവേതനം 28,675 രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർക്കുവരെ ഈ ആനുകൂല്യം നൽകുമ്പോൾ സർക്കാർ നിയന്ത്രണത്തിലുള്ള സൊസൈറ്റിയിലെ നഴ്സുമാർക്ക് വളരെ മോശപ്പെട്ട വേതനമാണ് നൽകുന്നത്. ബഹുമാന്യയായ ആരോഗ്യ വകുപ്പുമന്ത്രി ഇതിൽ ഉചിതമായ നടപടികൾ കൈക്കൊള്ളണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ആരോഗ്യ വകുപ്പിന്റെ കീഴിൽ 1973-ൽ ട്രാവൻകൂർ കൊച്ചിൻ ലിറ്ററി സയന്റിഫിക്ക് ആൻഡ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് ലാഭനഷ്ടങ്ങളില്ലാതെ പ്രവർത്തിച്ചുവരുന്ന സ്ഥാപനമാണ് കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. സർക്കാർ ആശുപത്രികളിൽ വരുന്ന സാധാരണക്കാരായ രോഗികൾക്ക് കുറഞ്ഞ ചെലവിൽ സേവനം നൽകുന്നതിനായി പേവാർഡുകൾ, എ.സി.ആർ. ലാബുകൾ, മെഡിക്കൽ കോളേജുകളിലെ കാത്ത് ലാബുകൾ, അൾട്രാസൗണ്ട് സ്കാനിംഗ് യൂണിറ്റുകൾ, സി.ടി. സ്കാനിംഗ് യൂണിറ്റുകൾ എന്നിവ കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്.ന്റെ കീഴിൽ പ്രവർത്തിച്ചു വരുന്നു. സ്ഥാപനത്തിന്റെ പ്രവർത്തനത്തിനായി സർക്കാർ ഗ്രാന്റോ മറ്റ് ധനസഹായമോ നൽകുന്നില്ല. സ്ഥാപനത്തിന്റെ തനത് ഫണ്ടിൽ നിന്നാണ് ജീവനക്കാർക്ക് ശമ്പളം നൽകി വരുന്നത്. കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്.ന്റെ കീഴിൽ കരാർ വ്യവസ്ഥയിൽ 53 സ്റ്റാഫ് നഴ്സുമാരും രണ്ട് ഹെഡ് നഴ്സുമാരും പ്രവർത്തിച്ചുവരുന്നു. 01-04-2017-ലെ ഉത്തരവുപ്രകാരം എല്ലാ കരാർ ജീവനക്കാർക്കും പ്രതിമാസം 3,000 രൂപ ശമ്പള വർദ്ധനവ് നൽകിയതിൻപ്രകാരം സ്റ്റാഫ് നഴ്സുമാരുടെ ശമ്പളം 17,400 രൂപയായും ഹെഡ് നഴ്സുമാരുടെ ശമ്പളം 19,200 രൂപയായും ഈ ഗവൺമെന്റ് വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ 12 ശതമാനം ഇ.പി.എഫ്. സ്കീമിലും 4.75 ശതമാനം ഇ.എസ്.ഐ. സ്കീമിലും എംപ്ലോയർ കോൺട്രിബ്യൂഷനായി അടയ്ക്കുകയും ചെയ്തുവരുന്നു. കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. ഗവേണിംഗ് ബോർഡാണ് കരാർ ജീവനക്കാരുടെ ശമ്പള വർദ്ധനവ് സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്നത്. കരാർ ജീവനക്കരായ നഴ്സുമാർക്കായി സർക്കാർ നിശ്ചയിച്ചിട്ടുള്ള ശമ്പളം കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്.ലും നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

## V റിപ്പോർട്ട് സമർപ്പണം

### 1. 2017-ലെ കേരള ചരക്കുസേവന നികുതി ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ റിപ്പോർട്ട്

ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കിനുവേണ്ടി (ശ്രീ. ഡി. കെ. മുരളി): സർ, സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ അംഗമായ ഞാൻ 2017-ലെ കേരള ചരക്ക സേവന നികുതി ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമിതി ചെയർമാനുവേണ്ടി സമർപ്പിക്കുന്നു.

### 2. 2017 ലെ കേരള സഹകരണ സംഘ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-XI ന്റെ റിപ്പോർട്ട്

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച XI-ാം നമ്പർ സബ്ജക്ട് കമ്മറ്റിയുടെ ചെയർമാനായ ഞാൻ 2017-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

### 3. 2017-ലെ കേരള പബ്ലിക് സർവീസ് കമ്മീഷൻ (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ റിപ്പോർട്ട്

മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനുവേണ്ടി (ശ്രീ. എ. പ്രദീപ് കുമാർ): സർ, ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയിലെ അംഗമായ ഞാൻ 2017-ലെ കേരള പബ്ലിക് സർവീസ് കമ്മീഷൻ (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമിതി ചെയർമാനുവേണ്ടി സമർപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

# VI അനൗദ്യോഗികാംഗങ്ങളുടെ കാര്യം

## (1) റിപ്പോർട്ട് പരിഗണന

### അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ഒൻപതാമത് റിപ്പോർട്ട്

ശ്രീ. എ. എം. ആരിഫ്: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഒൻപതാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. എ. എൻ. ഷംസീർ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ഒൻപതാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

## (2) ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

### (a) 2016-ലെ കേരള പാചക തൊഴിലാളി ക്ഷേമനിധി പദ്ധതി രൂപീകരണ ബിൽ:

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, 2016-ലെ കേരള പാചക തൊഴിലാളി ക്ഷേമനിധി പദ്ധതി രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, 2008-ലെ കേന്ദ്ര അൺ ഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി നിയമം, 2010-ലെ കേന്ദ്ര അൺ ഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി റൂൾ എന്നിവ അടിസ്ഥാനപ്പെടുത്തി 2-2-2016-ലെ ജി.ഒ. (പി)നമ്പർ 24/2016/തൊഴിൽ പ്രകാരം സംസ്ഥാനത്ത് കേരള അൺഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി സ്കീം നിലവിൽ വന്നിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ പാചക തൊഴിലാളികളും ഉൾപ്പെടും. ഈ ക്ഷേമപദ്ധതി മുഖേന റിട്ടയർമെന്റ് ആനുകൂല്യം, വാർദ്ധക്യകാല പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, ചികിത്സാ സഹായം, വിദ്യാഭ്യാസ ആനുകൂല്യം, പ്രസവാനുകൂല്യം, വിവാഹ ധനസഹായം, മരണാനന്തര ആനുകൂല്യം, അപകടാനുകൂല്യം എന്നിവയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്. ഈ സാഹചര്യത്തിൽ കേരള പാചകത്തൊഴിലാളി ക്ഷേമനിധി പദ്ധതി രൂപീകരണ ബിൽ 2016-ന് പ്രസക്തിയില്ല. ആയതുകൊണ്ട് ബില്ലിന്റെ അവതരണത്തെ നിരാകരിക്കുകയാണ്.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ഡോ. എം. കെ. മുനീറിന്റെ പിതാവ്, ഞങ്ങളുടെ എല്ലാവരുടെയും പ്രിയങ്കരനായ നേതാവ് സി.എച്ച് മുഹമ്മദ് കോയ സാഹിബ് മലയാള ഭാഷയ്ക്ക് ധാരാളം ശൈലികളും പദപ്രയോഗങ്ങളും സംഭാവന ചെയ്ത മഹാനായ നേതാവാണ്. അദ്ദേഹത്തിന്റെ ഒരു പദപ്രയോഗം ആണ് 'ആരും ആരാന്റെ വിറകുവെട്ടികളും വെള്ളം കോരികളും ആകാൻ പാടില്ല' എന്നത്. ആ പദപ്രയോഗം അന്വർത്ഥമാക്കുന്ന രീതിയിലുള്ള ദുരിതപൂർണ്ണമായ ജീവിതമാണ് കേരളത്തിലെ ലക്ഷക്കണക്കിന് പാചകത്തൊഴിലാളികളുടേത് എന്ന് നമുക്കെല്ലാം അറിയാം. നമ്മെയെല്ലാം ഊട്ടാൻ വേണ്ടി അഹോരാത്രം പാചകപ്പുരയിൽ ജീവിതം ഹോമിക്കുന്നവരാണ് പാചകത്തൊഴിലാളികൾ. കത്തിക്കുന്ന വിറക് പോലയാണ് അവരുടെ ജീവിതമെന്ന് പറയുന്നതിൽ അതിശയോക്തിയില്ല. വിറക് പുകഞ്ഞും ആളിക്കത്തിയും അവസാനം ഒരു പിടി ചാമ്പലായിത്തീരുന്നു. അതുപോലെയാണ് പാചകത്തൊഴിലാളികളുടെ ജീവിതവും. നമ്മുടെ നാട്ടിൽ പാചക തൊഴിലാളിയില്ലെങ്കിൽ നമുക്കൊന്നും ജീവിതവുമില്ല നിലനിൽപ്പുമില്ല. നമ്മൾ എത്ര വലിയ കോടീശ്വരന്മാരായാലും ദരിദ്ര നാരായണന്മാരായാലും ഭക്ഷണമില്ലെങ്കിൽ ജീവിക്കുവാൻ സാധിക്കില്ല. ആ ആഹാരം നമുക്കുണ്ടാക്കിത്തരുന്നത് പാചകത്തൊഴിലാളികളാണ്. ഇപ്പോൾ വീടുള്ളവരും വീടില്ലാത്തവരുമെല്ലാം ഭക്ഷണത്തിന് ഹോട്ടലുകളെ ആശ്രയിക്കുന്നുണ്ട്. ഒരു ഹോട്ടലിലെ പാചകത്തൊഴിലാളി ഒരു ദിവസം ജോലിക്ക് വന്നില്ലെങ്കിൽ ആ ഹോട്ടൽ തുറക്കാൻ കഴിയില്ല. കോടിക്കണക്കിന് രൂപ ചെലവഴിച്ച് തുടങ്ങുന്ന നക്ഷത്ര ഹോട്ടലുകളുണ്ട്, അവിടെ നല്ല റസ്റ്റോറന്റ് ഉണ്ടെങ്കിൽ മാത്രമേ ആളുകൾ അവിടെ താമസിക്കാൻ പോകുകയുള്ളൂ. ഒരു ഹോട്ടലിൽ താമസിക്കാൻ പോകുന്നവർ ആദ്യം അന്വേഷിക്കുന്നത് അവിടെ നല്ല റസ്റ്റോറന്റ് ഉണ്ടോ അവിടെ നല്ല ഭക്ഷണം കിട്ടുമോ എന്നാണ്. അവിടെ വിളമ്പുന്ന ഭക്ഷണം നല്ല സ്വാദിഷ്ടമാണെങ്കിൽ മാത്രമേ എത്ര വലിയ പഞ്ചനക്ഷത്ര ഹോട്ടലാണെങ്കിലും ആളുകൾ അവിടെ താമസിക്കൂ.

<u>ശ്രീ. ജെയിംസ് മാത്യു</u> : സർ, ..(മൈക്ക് ഓഫ്)..

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ഞാൻ വഴങ്ങാം. ശ്രീ ജെയിംസ് മാത്യു, അങ്ങ് തന്നെയാണ് എന്നോട് ഇന്നലെ പറഞ്ഞത് 'ഇത് പാചക തൊഴിലാളിയെക്കുറിച്ചുള്ള ബില്ലാണ്, നിങ്ങൾ വാചക തൊഴിലാളിയാകാൻ പാടില്ല' എന്ന്. അതുകൊണ്ട് ഞാൻ വാചക തൊഴിലാളിയാകാൻ ആഗ്രഹിക്കുന്നില്ല, അങ്ങയുടെ അഭ്യർത്ഥന മാനിക്കുകയാണ്. അങ്ങേക്കും ഒരു ബില്ലുണ്ട്, അത് അവതരിപ്പിക്കാനുള്ള സമയം അങ്ങേക്ക് ലഭിക്കണമെന്ന് അങ്ങയെക്കാൾ എനിക്ക് നിർബന്ധമുണ്ട്, അതുകൊണ്ട് വഴങ്ങുന്നില്ല. നമ്മുടെ നാട്ടിൽ പാവപ്പെട്ടവന്റെയും പണക്കാരന്റെയും വീടുകളിൽ വിവാഹങ്ങൾ

നടക്കുന്നുണ്ട്. ഉദാഹരണമായി, ഒരു പണക്കാരന്റെ വീട്ടിലെ വിവാഹത്തിൽ പങ്കെടുക്കുന്നവർ അത് വളരെ ഉഷാറായി, വളരെ നല്ല വിവാഹമെന്ന് പറയുന്നത് എന്തുകൊണ്ടാണ്? അവിടത്തെ പന്തലിനെ കണ്ടിട്ടോ, ഡെക്കറേഷനെ കണ്ടിട്ടോ, സംഗീത കച്ചേരി കണ്ടിട്ടോ അല്ല അങ്ങനെ പറയുന്നത്. അവിടെ നല്ല ഭക്ഷണം ലഭിക്കുകയാണെങ്കിൽ മാത്രമേ നമ്മൾ അതിനെ നല്ലതെന്ന് പറയുകയുള്ളൂ. എത്ര കോടി രൂപ ചെലവഴിച്ച് നടത്തുന്ന വിവാഹമാണെങ്കിലും അത് നല്ലതാണെന്ന് പറയണമെങ്കിൽ നമുക്ക് നല്ല ഭക്ഷണം ലഭിക്കണം. ആ ക്രെഡിറ്റ് ആ വീട്ടുകാരനുണ്ടാക്കിക്കൊടുക്കുന്നത് അവിടത്തെ പാചകത്തൊഴിലാളിയാണ്. ഭക്ഷണം മോശമായാൽ എത്ര കോടിരൂപ ഉപയോഗിച്ച് വിവാഹം നടത്തിയാലും ഒരു ഗുണവുമില്ല, ആളുകൾ അത് വളരെ മോശമാണെന്ന് പറയും. നമ്മുടെ നിയമസഭയിൽത്തന്നെ ബഹുമാനപ്പെട്ട സ്പീക്കർ ബഹുമാനപ്പെട്ട മന്ത്രിമാർക്കും എം.എൽ.എ. മാർക്കുമായി ധാരാളം വിരുന്നുകൾ ഒരുക്കിയിട്ടുണ്ട്. അവയിലൊക്കെ ഡോ. എം. കെ. മുനീറിന്റേതടക്കമുള്ള നല്ല പാട്ടുകൾ കേൾക്കാൻ കഴിഞ്ഞിട്ടുണ്ട്. അവയൊക്കെ വളരെ നല്ല പരിപാടിയാണെന്ന് നമ്മൾ പറയും. എന്തുകൊണ്ടാണ് അങ്ങനെ പറയുന്നത്? ആ പരിപാടികൾക്കുശേഷം ഭക്ഷണമുണ്ടാകും. അത് വളരെ നല്ലതാണെന്നും സ്വാദിഷ്ടമുള്ളതാണെന്നും വളരെ നല്ല പരിപാടിയാണെന്നും പറയും. ആ ക്രെഡിറ്റ് സ്പീക്കർക്ക് എങ്ങനെയാണ് ലഭിക്കുന്നത്; ആ ഭക്ഷണം ആരാണ് തയ്യാറാക്കിയത്? പാചകത്തൊഴിലാളികളാണ്. അതുകൊണ്ടാണ് സ്പീക്കർക്ക് ആ ക്രെഡിറ്റ് ലഭിക്കുന്നത്. ഏത് പരിപാടിയായാലും അതിനെ നല്ലതാക്കുന്നത് നമ്മുടെ നാട്ടിലെ പാചകത്തൊഴിലാളിയാണെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അവർക്കുവേണ്ടിയാണ് ഞാൻ ഈ ബിൽ അവതരിപ്പിക്കുന്നത്. എം.എൽ.എ.മാർക്ക് അവരുടെ നാട്ടിൽ, പ്രത്യേകിച്ച് ഞായറാഴ്ച ദിവസം പ്രധാനമായുമുള്ള പരിപാടിയെന്നു പറയുന്നത് അവരുടെ മണ്ഡലങ്ങളിലുടനീളമുള്ള വിവാഹത്തിൽ പങ്കെടുക്കുക എന്നുള്ളതാണ്. ഒരു എം.എൽ.എ.-ക്ക് ഞായറാഴ്ച ദിവസം 20-ഉം 25-ഉം വിവാഹാഘോഷങ്ങളിൽ പങ്കെടുക്കേണ്ടിവരും. ചിലപ്പോൾ ചില വിവാഹവീടുകളിൽ രാത്രി 12 മണിക്കും ഒരു മണിക്കും എം.എൽ.എ.മാർ എത്തുന്നുണ്ട്. അവിടെ സ്വീകരിക്കാൻ വീട്ടുകാർ ഉണ്ടാകില്ല, അവർ ഉറങ്ങിയിട്ടുണ്ടാകും. ഉറങ്ങാതിരിക്കുന്നത് അവിടത്തെ പാചകത്തൊഴിലാളികളാണ്. അവരായിരിക്കും നമ്മെ സ്വീകരിക്കുന്നത്. ആ പാചകത്തൊഴിലാളികൾ പാതിരാവിൽപോലും ഉറക്കവും വിശ്രമവുമില്ലാതെ അതിഥികൾക്ക് ഭക്ഷണവും വെള്ളവും കൊടുക്കുന്നു. എന്നാൽ ആ പാചകത്തൊഴിലാളികൾ പച്ചവെള്ളംപോലും കുടിച്ചിട്ടുണ്ടാവില്ല. അങ്ങനെയുള്ളവരാണ് പാതിരാവിൽപ്പോലും നമ്മെ സ്വീകരിക്കുന്നത്. അവരുടെ ദൈന്യത നേരിട്ടുകണ്ട് മനസ്സിലാക്കിയ ഒരാൾ എന്ന നിലയിൽ അത് എന്റെ മനസ്സിലുണ്ടാക്കിയ ചലനമാണ് ഈ ബിൽ.

കേരളത്തിൽ ഒന്നരലക്ഷം പാചകത്തൊഴിലാളികളുണ്ടെന്നാണ് പറയപ്പെടുന്നത്. വിവാഹം നടക്കുന്ന ഒരു വീട്ടിൽ രണ്ട് പകലും രണ്ട് രാത്രിയും അവർ ചെലവഴിക്കുന്നു. അവരെ ശ്രദ്ധിക്കാൻ ആരുമില്ല. ഉദാഹരണമായി, ഞായറാഴ്ചയാണ് വിവാഹമെങ്കിൽ ശനിയാഴ്ച രാവിലെ തന്നെ അവർ ആ വീട്ടിലെത്തും. ചിലപ്പോൾ ചില വീടുകളിൽ പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കാൻപോലും സൗകര്യമുണ്ടാകില്ല. അവരുടെ കൂലി സംബന്ധിച്ച് പറയുകയാണെങ്കിൽ, എന്റെ മണ്ഡലത്തിൽ ഒരു ക്വിന്റൽ ഭക്ഷണം പാകം ചെയ്താൽ 8,000 മുതൽ 12,000 രൂപവരെ കൂലി നൽകും. ചിലയിടത്ത് അവർക്ക് കൂലി ലഭിക്കുന്നില്ല എന്നുള്ളത് ഞാൻ മനസ്സിലാക്കുന്നു. ഒരു ക്വിന്റൽ അരിയുടെ ഭക്ഷണം പാകം ചെയ്യുന്നതിന് രണ്ടോ നാലോ തൊഴിലാളികൾ ആവശ്യമാണ്. ഇതിനൊക്കെ ഒരു ഹെഡ് കുക്ക് ഉണ്ടാകും. അയാൾ 5,000 രൂപ എടുത്ത് ബാക്കി വരുന്ന തുകയാണ് മറ്റ് തൊഴിലാളികൾക്ക് വീതം വച്ച് നൽകുന്നത്. ചില സ്ഥലങ്ങളിൽ 8,000 രൂപയും 12,000 രൂപയും ഒന്നും ലഭിക്കില്ല. 3,000 രൂപപോലും വാങ്ങാൻ അവർ നിർബന്ധിതരാകും. ചില വിവാഹങ്ങൾ പാവപ്പെട്ട വീട്ടിലെയായിരിക്കും. ആ വീട്ടിലുള്ളവരുടെ കഷ്ടവും ദാരിദ്ര്യവുമൊക്കെ കണ്ട് ഇവരുടെ കയ്യിൽനിന്നും കാശ് വാങ്ങേണ്ട എന്ന് പാവപ്പെട്ട പാചകത്തൊഴിലാളികൾ വിചാരിക്കും. ഇങ്ങനെയുള്ള വീടുകളിൽ കാശ് വാങ്ങിക്കാതെ, സൗജന്യമായി ഭക്ഷണം പാചകം ചെയ്തു നൽകുന്ന ഏർപ്പാടുമുണ്ട്.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, വിവാഹം മംഗളമാക്കി തീർക്കുന്നതിൽ വലിയ പങ്ക് വഹിക്കുന്നത് പാചകത്തൊഴിലാളികളാണെന്നുള്ള കാര്യമാണ് ബഹുമാനപ്പെട്ട എൻ. എ. നെല്ലിക്കുന്ന് സൂചിപ്പിച്ചുവരുന്നത്. എന്നാൽ വലിയ വിവാഹങ്ങൾക്കൊന്നും പാചകത്തൊഴിലാളികളെ വീട്ടുകാർ നേരിട്ടല്ല ഏൽപ്പിക്കുന്നത്. ഇപ്പോൾ എല്ലാ വിവാഹങ്ങളും കാറ്ററിംഗ് സർവീസിനെയാണ് ഏൽപ്പിക്കുന്നത്. കാറ്ററിംഗ് സർവീസിൽ ജോലി ചെയ്യുന്ന പാചകത്തൊഴിലാളിക്കും കൃത്യമായ ശമ്പളവും ആനുകൂല്യവും ലഭിക്കുന്നുണ്ടോ? ഒരു കിലോ ഭക്ഷണം തയ്യാറാക്കിയാൽ ഇത്ര രൂപ പാചകത്തൊഴിലാളിക്ക് ലഭിക്കണമെന്ന ഒരു വ്യവസ്ഥ നിലവിലുണ്ടോ; പല സ്ഥലങ്ങളിലും കാറ്ററിംഗ് സർവീസുകാർക്ക് ജോലിക്ക് അനുസരിച്ചുള്ള കൂലി ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനുകൂടി ഒരു പരിഹാരം ഉണ്ടാക്കണമെന്നതിനെ സംബന്ധിച്ച് അങ്ങയുടെ അഭിപ്രായം എന്താണ്?

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ഇക്കാര്യങ്ങളെല്ലാം ഉൾക്കൊണ്ടാണ് ഞാൻ ഈ ബിൽ അവതരിപ്പിക്കുന്നത്. പാചക തൊഴിലാളി എന്ന് പറയുമ്പോൾ ഈ പറഞ്ഞതുപോലുള്ള കാറ്ററിംഗോ അല്ലെങ്കിൽ വലിയ ഫൈവ് സ്റ്റാർ ഹോട്ടലോ എന്നുള്ളതല്ല. ഏത് പാചകത്തൊഴിലാളിയായാലും അവർക്കുവേണ്ടിയാണ് ഈ ബിൽ ഞാൻ ഇവിടെ കൊണ്ടുവന്നത്. നമ്മുടെ പള്ളികളിലും ക്ഷേത്രങ്ങളിലും ഉത്സവങ്ങൾ നടക്കാറുണ്ട്.

ശ്രീമതി യു. പ്രതിഭ ഹരി: സർ, വിവാഹങ്ങളിൽ സദ്യയൊരുക്കുന്ന പാചക തൊഴിലാളികളെക്കുറിച്ചാണ് അങ്ങ് പറയുന്നത്. എന്നാൽ നമ്മുടെ സ്കൂളുകളിൽ പാചകം ചെയ്യുന്ന തൊഴിലാളികൾ ആനുകൂല്യങ്ങൾക്കുവേണ്ടി സമരങ്ങളൊക്കെ നടത്താറുണ്ടായിരുന്നു. അത്തരം വിഷയങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ഓണത്തിന് പ്രത്യേകമായി പാചകത്തൊഴിലാളികളെ സർക്കാർ പരിഗണിച്ച കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കൂടാതെ, അങ്ങയുടെ വീട്ടിൽ പാചകത്തിന് സഹായിക്കുന്നത് ഭാര്യയാണോ അതോ പ്രത്യേകമായി ആളെ നിയോഗിച്ചിട്ടുണ്ടോ? സ്ത്രീകൾ വീട്ടുജോലി ചെയ്യുന്നതിന് വേതനം നൽകണമെന്നത് സംബന്ധിച്ച് ഈ അടുത്ത് കാലത്ത് കോടതി വിധി വരികയുണ്ടായി. ഈ വിഷയം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, എവിടെ പാചക തൊഴിലാളികളുണ്ടെങ്കിലും അവർക്ക് മതിയായ പരിഗണനയും എല്ലാ സൗകര്യങ്ങളും സംവിധാനങ്ങളും ഒരുക്കിക്കൊടുക്കണമെന്നാണ് എന്റെ അഭിപ്രായം. എന്റെ വീട്ടിൽ ഭക്ഷണം പാകം ചെയ്യുന്നത് ഭാര്യയാണ്. വീട്ടിൽ ഭാര്യയെ പാചകത്തൊഴിലാളി ഗണത്തിൽ ഉൾപ്പെടുത്തണമെന്നുണ്ടെങ്കിൽ അവർക്കും എന്തെങ്കിലും ആനുകൂല്യം ലഭിക്കുന്നതിൽ സന്തോഷമേയുള്ളൂ.

പള്ളികളിലും ക്ഷേത്രങ്ങളിലും നടക്കുന്ന ഉത്സവങ്ങളിൽ പാചക തൊഴിലാളികളാണ് ഭക്ഷണം പാകം ചെയ്യുന്നത്. നേരത്തെ സൂചിപ്പിച്ചതുപോലെ, അവിടെ അവർക്ക് ഒരു ക്വിന്റലിന് 5,000 രൂപയും 8,000 രൂപയും ഒന്നും ലഭിക്കണമെന്നില്ല. അവർ വിലപേശില്ല. ഒരു ക്വിന്റലിന് 250 രൂപ മാത്രമേ ലഭിക്കുകയുള്ളൂ. ചില പാവപ്പെട്ട വീടുകളിൽ ഭക്ഷണം പാചകം ചെയ്തതിന്റെ കൂലി പെട്ടെന്ന് കൊടുത്തുതീർക്കും. എന്നാൽ ചില പണക്കാരുടെ വീടുകളിൽ പോയാൽ ആ വീട്ടിലെ വിവാഹം കഴിഞ്ഞ് ഒരു കൊല്ലം കഴിഞ്ഞാലും കൂലി കൊടുക്കാത്ത സ്ഥിതിയും നിലനിൽക്കുന്നുണ്ട്. ചില തൊഴിലാളികളുടെ ദുരനുഭവം അറിഞ്ഞതുകൊണ്ടാണ് ഞാൻ ഇതൊക്കെ പറയുന്നത്. ചിലർ പറഞ്ഞ കൂലിപോലും കൊടുക്കില്ല. നമ്മൾ മനസ്സിലാക്കേണ്ടത്, ഇങ്ങനെയുള്ള ബുദ്ധിമുട്ടും പ്രയാസങ്ങളുമൊക്കെയുണ്ടായിട്ടും പാവപ്പെട്ട പാചകത്തൊഴിലാളികൾ മനുഷ്യത്വമുള്ളവരാണ്. ഇത്രമാത്രം ബുദ്ധിമുട്ടും പ്രയാസങ്ങൾ ഉണ്ടായിട്ടുപോലും എന്റെ നാട്ടിലെ പാചകത്തൊഴിലാളികളിൽ പലരും ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. പെരുന്നാൾ, ക്രിസ്തുമസ്, ഓണം തുടങ്ങിയ ആഘോഷങ്ങൾ വരുമ്പോൾ ഇവരുടെ വകയായി പാവപ്പെട്ടവർക്ക് സൗജന്യ കിറ്റ് വിതരണം നടത്തുന്നുണ്ട്. ഇപ്പോൾ ഓണവും ബക്രീദും വരാൻ പോകുകയാണ്. ഇവർ എന്നെ പല പരിപാടികൾക്കും ക്ഷണിച്ചിട്ടുണ്ട്. അവർ പാവപ്പെട്ട ആളുകൾക്ക് സൗജന്യമായി കിറ്റ് വിതരണം നടത്തുന്നുണ്ട്. അങ്ങനെയുള്ള ഒരു വിഭാഗമാണിത്. മാത്രമല്ല, ഇത് അപകടകരമായൊരു ജോലിയാണെന്നും എല്ലാവർക്കും അറിയാം. പാചകം ചെയ്യുന്ന സ്ഥലത്തുവച്ച് ഇവർക്ക് പൊള്ളൽ

ഏൽക്കുന്നു, ഡിസ്കിന്റെ അസുഖം വരുന്നു, വളരെ ചെറുപ്രായത്തിൽതന്നെ ഈ ജോലിക്ക് വരുന്നവരുണ്ട്. 55 വയസ്സുവരെ ഈ ജോലി തുടരാം. പക്ഷേ ഇടയ്ക്ക് രോഗമെന്തെങ്കിലും പിടിപെട്ടാൽ ഇതിൽ തുടരാൻ കഴിയാത്തവരുണ്ട്. വളരെ പരിഗണന അർഹിക്കുന്ന ഒരു വിഭാഗമാണ് ഇവർ എന്നുള്ള കാര്യത്തിൽ സംശയമില്ല. ഇവർക്ക് തീർച്ചയായും ക്ഷേമനിധി ഏർപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമാണ്. ഈ ബില്ലിന്മേൽ ഇവിടെ പറഞ്ഞ കാര്യങ്ങളുംകൂടി കൊണ്ടുവരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. വളരെ ഗൗരവതരമായൊരു വിഷയം, കേരളത്തിലെ ലക്ഷക്കണക്കിന് പാചകത്തൊഴിലാളികൾക്ക് ഗുണം നൽകുന്ന വിധത്തിലുള്ള ഒരു ബിൽ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. കേരളത്തിലെ ദുരിതമനുഭവിക്കുന്ന പാചകത്തൊഴിലാളികൾക്ക് വേണ്ടി ഞാൻ കൊണ്ടുവന്ന ഈ ബില്ലിന്റെ സത്ത ഉൾക്കൊണ്ടുകൊണ്ട്, സർക്കാരിന്റേതായ ബിൽ സഭയിൽ കൊണ്ടുവരാൻ തീർച്ചയായും ബഹുമാനപ്പെട്ട മന്ത്രിയും മുഖ്യമന്ത്രി അടക്കമുള്ളവരും താൽപ്പര്യമെടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ബിൽ അവതരിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എൻ. എ. നെല്ലിക്കുന്ന്, അങ്ങയുടെ പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചു.

12.00 Noon

(b) 2016-ലെ കേരള കണ്ടൽ വനം സംരക്ഷണ-വികസന ബിൽ

ശ്രീ. ജെയിംസ് മാത്യു : സർ, 2016-ലെ കേരള കണ്ടൽ വനം സംരക്ഷണ-വികസന ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പ്രദീപ് കുമാർ : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, ശ്രീ. ജെയിംസ് മാത്യു അവതരിപ്പിച്ച ഈ സ്വകാര്യ ബില്ലിലെ കണ്ടലുകളുടെ കാര്യത്തിൽ യോജിപ്പാണുള്ളത്. എന്നാൽ നിലവിലുള്ള നിയമത്തിന്റെ അടിസ്ഥാനത്തിൽ ഈ ബില്ലിൽ പറയുന്ന പല കാര്യങ്ങളും നടപ്പിലാക്കുന്നതിന് ഇപ്പോൾത്തന്നെ വ്യവസ്ഥയുണ്ട്. കേന്ദ്ര നിയമമായ 1986-ലെ എൻവയോൺമെന്റ് പ്രൊട്ടക്ഷൻ ആക്ടിന്റെ കീഴിൽ പുറപ്പെടുവിച്ചിട്ടുള്ള 2010-ലെ വെറ്റ് ലാൻഡ്സ് റൂൾസിലെ വ്യവസ്ഥകൾക്കനുസൃതമായാണ് കണ്ടൽ കാടുകൾ

സംരക്ഷിക്കപ്പെടുന്നത്. സംസ്ഥാനത്തെ കണ്ടൽ കാടുകൾ റിസർവ് വനമായി വിജ്ഞാപനം ചെയ്ത് സംരക്ഷിക്കുന്നതിന് 1961-ലെ കേരള വന നിയമത്തിലെ വ്യവസ്ഥകൾ പര്യാപ്തമാണ്. കൂടാതെ, 2005-ലെ The Kerala Promotion of Tree Growth in Non Forest Areas Act പ്രകാരം ഒരു ഹെക്ടറിൽ കൂടുതൽ വിസ്തീർണ്ണമുള്ള എല്ലാ കണ്ടൽ കാടുകളും റിസർവ് വനമായി കരുതി സംരക്ഷിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നുണ്ട്. ഒരേക്കറിൽ കുറവ് കണ്ടൽക്കാടുള്ള കർഷകർക്ക് ഏക്കറിന് 4000 രൂപ വീതം ഇൻസെന്റീവ് നൽകി അവരുടെ സഹകരണത്തോടെ സർക്കാർ സംരക്ഷിക്കുന്ന പദ്ധതിയും ഇപ്പോൾ നിലവിലുണ്ട്. കണ്ടൽ കാടുകളെ വന്യജീവി സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമായി കമ്മ്യൂണിറ്റി റിസർവുകളായി സംരക്ഷിച്ച് പരിപാലിക്കുന്നുമുണ്ട്. 2016-ലെ കണ്ടൽ വനം സംരക്ഷണ വികസന ബില്ലിന്റെ വ്യവസ്ഥകൾ മേൽപ്പറഞ്ഞ കേന്ദ്ര നിയമത്തിനനുസൃതമായി രൂപീകരിച്ച ചട്ടങ്ങൾക്ക് വിരുദ്ധമാണ്. ബഹുമാനപ്പെട്ട അംഗം അവതരിപ്പിച്ച ഈ ബില്ലിലെ ചില വ്യവസ്ഥകൾ അതിന് വിരുദ്ധമാണ്. സംസ്ഥാനത്ത് കണ്ടൽ കാടുകളെ സംരക്ഷിക്കുന്നതിനാവശ്യമായ നിയമങ്ങൾ നിലവിലുള്ളതിനാലും ഈ ബിൽ കേന്ദ്ര ചട്ടങ്ങൾക്ക് എതിരാകയാലും 2016-ലെ കണ്ടൽ വനം സംരക്ഷണ-വികസന ബിൽ നിരസിക്കുകയാണ്.

<u>ശ്രീ. ജെയിംസ് മാത്യു</u>: സർ, ബഹുമാനപ്പെട്ട മന്ത്രി ഇതുമായി ബന്ധപ്പെട്ട് സൂചിപ്പിച്ച കാര്യങ്ങളോട് ശക്തിയായ വിയോജിപ്പാണുള്ളത്. കഴിഞ്ഞ പത്ത് വർഷക്കാലത്തെ കേരളത്തിലെ കണ്ടൽ വനങ്ങളുടെ അളവ് പരിശോധിച്ചാൽ ഗണ്യമായ തോതിൽ കുറഞ്ഞുകൊണ്ടിരിക്കുകയാണെന്ന് കാണാം. എന്നാൽ സംസ്ഥാനത്തെ റിസർവ് വനങ്ങൾ ഇതുപോലെ കുറയാത്തത് എന്തുകൊണ്ടാണ്? യഥാർത്ഥത്തിൽ രണ്ട് വന സംരക്ഷണത്തിനും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നിയമം ഒരുപോലെ ബാധകമാണ്, അത് പ്രാബല്യത്തിലുമുണ്ട്. കേരളത്തിലെ സർക്കാർ അധീനതയിലുള്ള മുഴുവൻ റിസർവ് ഫോറസ്റ്റുകളും ഒരു സെന്റുപോലും കുറയാതെ സംരക്ഷിക്കാൻ നമുക്ക് സാധിക്കുന്നുണ്ട്. എന്നാൽ കണ്ടൽ വനങ്ങൾ സംരക്ഷിക്കുന്ന കാര്യത്തിൽ സർക്കാർ കണക്കുകൾ പരിശോധിക്കേണ്ടതാണ്. ഓരോ വർഷവും 10 ശതമാനം കണ്ടൽ വനങ്ങൾ കുറയുകയാണ്. യഥാർത്ഥത്തിൽ എന്താണ് അതിനടിസ്ഥാനം? ആവാസ വ്യവസ്ഥയുടെ നിലനിൽപ്പിന് അടിസ്ഥാനപരമായി അനിവാര്യമായ ഒരു ഘടകമാണ് കണ്ടൽ വനങ്ങളുടെ സംരക്ഷണം എന്നതുകൊണ്ടാണ് ഇങ്ങനെയൊരു ബിൽ കൊണ്ടുവരാനുദ്ദേശിച്ചത്. യഥാർത്ഥത്തിൽ ഇത്രയേറെ തീരദേശമുള്ള സംസ്ഥാനം ഇന്ത്യയിൽ കുറവാണ്. നമ്മുടെ തീരദേശത്തെ

ബാക്ക്‌വാട്ടർ ഏരിയ മുഴവൻ കണ്ടൽ പ്രദേശമാണ്. കേരളത്തിലെ കണ്ടൽ വനപ്രദേശങ്ങളിൽ 50 ശതമാനത്തിൽ കൂടുതൽ സ്ഥിതി ചെയ്യുന്നത് കണ്ണൂർ ജില്ലയിലാണ്. രണ്ട് ടേം മുമ്പുള്ള നിയമസഭാ പരിസ്ഥിതി സമിതി ഇതുസംബന്ധിച്ച് വിശദമായ പഠനം നടത്തി രേഖപ്പെടുത്തിയത് കണ്ണൂർ ആസ്ഥാനമായി കണ്ടൽ സംരക്ഷണ കേന്ദ്രം ആരംഭിക്കണമെന്നാണ്. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ വനം വകുപ്പുമന്ത്രിയായിരുന്നപ്പോൾ അദ്ദേഹത്തോട് ഞാൻ രേഖാമൂലം ഇക്കാര്യം ആവശ്യപ്പെട്ടിരുന്നു. അദ്ദേഹം നിർദ്ദേശിച്ചതനുസരിച്ച് കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് രണ്ടുദിവസം നീണ്ടുനിന്ന ഒരു ശിൽപ്പശാല സംഘടിപ്പിച്ചു. ആ ശിൽപ്പശാലയെത്തുടർന്ന് ശ്രീ. ടി. വി. രാജേഷും ശ്രീ. എ. പ്രദീപ് കുമാറും ഉൾപ്പെടെയുള്ള 11 നിയമസഭാംഗങ്ങൾ കണ്ണൂർ ജില്ലയിലെ കണ്ടൽ വനപ്രദേശം സന്ദർശിക്കുകയുണ്ടായി. എല്ലാവരും ഒരുപോലെ സമ്മതിച്ച ഒരു കാര്യം ഇത് ആവാസ വ്യവസ്ഥയ്ക്ക് മാത്രമല്ല, സംസ്ഥാനത്തിന്റെ ടൂറിസം വികസനത്തിനുകൂടി ഏറെ അനുയോജ്യമായ, സംരക്ഷണം അനിവാര്യമായ കാര്യമാണെന്നാണ്. വളരെ സന്തോഷത്തോടുകൂടി പറയട്ടെ, സംസ്ഥാന സർക്കാരിന്റെ ടൂറിസം വകുപ്പ് മലബാർ ക്രൂയിസ് ടൂറിസം എന്ന പേരിൽ 350 കോടി രൂപയോളം ചെലവ് വരുന്ന ഒരു പദ്ധതി കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ഇത്രമേൽ പ്രാധാന്യമുള്ള കണ്ടൽ പ്രദേശം സംരക്ഷിക്കപ്പെടാതെ പോകുന്നു. പ്രതിവർഷം 10 ശതമാനം കണ്ടൽ വനങ്ങൾ കുറഞ്ഞുവരുന്നു. ഇതിന് കാരണം കണ്ടൽ വനങ്ങൾ സ്ഥിതി ചെയ്യുന്നത് സ്വകാര്യ വ്യക്തികളുടെ ഭൂമിയിലാണ് എന്നുള്ളതാണ്. കേരളത്തിലെ കണ്ടൽ വനങ്ങളുടെ മഹാഭൂരിപക്ഷവും സ്ഥിതിചെയ്യുന്നത് സ്വകാര്യ ഭൂമിയിലാണ്. എങ്ങനെയാണ് സ്വകാര്യ ഭൂമിയിൽ കണ്ടൽ വർദ്ധിച്ചുവരുന്നത്. തൃശ്ശൂർ ഭാഗത്ത് കോൾപ്പാടം എന്നുപറയുന്ന ഉപ്പുവെള്ളം കയറുന്ന കയ്പാട് നിലങ്ങളിൽ കണ്ടലുണ്ട്. ആ കണ്ടൽ വളരെ വേഗത്തിൽ പ്രജനനം നടത്തി വർദ്ധിക്കുന്നു. കണ്ടലിന്റെ വളർച്ച കയ്പാട് നിലത്തെ കൃഷിയെ തടസ്സപ്പെടുത്തുന്നു. നെൽകൃഷിയില്ലാതാകുന്ന പാവപ്പെട്ട ഒരു കൃഷിക്കാരനെ സംബന്ധിച്ച് കണ്ടൽ വ്യാപിക്കുന്നത്, പരിസ്ഥിതിയുടെയും ആവാസ വ്യവസ്ഥയുടെയും ടൂറിസത്തിന്റെയും പ്രാധാന്യം കണക്കിലെടുത്ത് അത് വളരട്ടെ എന്ന നിലപാട് സ്വീകരിക്കാൻ കഴിയില്ല. സ്വാഭാവികമായും കൃഷിക്കാർ അവരുടെ നിലത്തിൽ വളരുന്ന ഓരോ കണ്ടലും വെട്ടിക്കളയും. ഞങ്ങളുടെ ജില്ലയിൽ സ്വകാര്യ ഭൂമിയിൽ സ്ഥിതി ചെയ്യുന്ന മുഴവൻ കണ്ടലുകളും നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങ് വിശേഷിപ്പിക്കുന്ന 1986-ലെ കേന്ദ്ര നിയമവും 2010-ലെ സംസ്ഥാന നിയമവും 1961-ലുള്ള നിയമവും നിലവിലുള്ളപ്പോൾ എന്റെ ഭൂമിയിൽ കണ്ടൽ വളരുന്നത് ഞാൻ വെട്ടി നശിപ്പിച്ചാൽ ചതുപ്പുനില സംരക്ഷണ നിയമമനുസരിച്ച്

കേസെടുക്കാൻ വകുപ്പില്ല. പ്രതിദിനം കണ്ടലുകൾ വെട്ടിനശിപ്പിക്കപ്പെടുന്ന നമ്മുടെ സംസ്ഥാനത്ത് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര പേർ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്? എന്നാൽ റിസർവ് വനത്തിലുള്ള മരം മുറിച്ചാൽ കേസാകുകയും അയാൾ ജയിലിലാകുകയും ചെയ്യും. പക്ഷേ കണ്ടൽവനം നശിപ്പിക്കുന്നവർക്കെതിരെ കേസെടുക്കാൻ കഴിയില്ല. കാരണം മറ്റുള്ളവർ കാൺകെയല്ല ഒരാൾ കണ്ടൽ മുറിക്കുന്നത്. കണ്ടൽ മുറിച്ചാൽത്തന്നെ ചതുപ്പുനിലം ചതുപ്പുനിലമായി നിലനിൽക്കുന്നുമുണ്ട്. ചതുപ്പുനിലം പരിവർത്തനപ്പെടുത്തുമ്പോൾ മാത്രമാണ് കേസുണ്ടാകുന്നത്. കണ്ടൽ മുറിച്ചതുകൊണ്ടുമാത്രം കേസുണ്ടാകുന്നില്ല.

ശ്രീ. എ. എൻ. ഷംസീർ: സർ, കണ്ടൽ വനവുമായി ബന്ധപ്പെട്ട ബില്ലാണ് ചർച്ച ചെയ്യുന്നത്. കണ്ടൽ വനത്തെ പ്രൊട്ടക്ട് ചെയ്തുകൊണ്ടായിരുന്നു വർഷങ്ങൾക്കുമുമ്പ് കണ്ണൂരിൽ വളപട്ടണത്ത് കണ്ടൽ പാർക്ക് സ്ഥാപിച്ചത്. അതിന്റെ ഡയറക്ടർമാരിൽ ചിലർ ഇടതുപക്ഷക്കാരായതുകൊണ്ട് മാത്രമാണ് രാഷ്ട്രീയ വിദ്വേഷംവച്ചുകൊണ്ട് കണ്ടൽ പാർക്ക് പൂട്ടിക്കാൻ യു.ഡി.എഫ്. പ്രവർത്തിച്ചത്. വളപട്ടണം പുഴയുടെ തീരത്ത് മാലിന്യങ്ങൾ ഡമ്പ് ചെയ്യുന്നത് ഒഴിവാക്കാൻവേണ്ടി കൂടിയായിരുന്നു അന്ന് കണ്ടൽ പാർക്ക് സ്ഥാപിച്ചത്. പക്ഷേ പിന്നീട് അത് അടച്ചുപൂട്ടി. ഇപ്പോൾ അവിടത്തെ സാഹചര്യമെന്താണെന്ന് ബഹുമാനപ്പെട്ട എം.എൽ.എ.-ക്ക് അറിയാവുന്നതാണ്. ആ കണ്ടൽ പാർക്ക് പുനഃസ്ഥാപിക്കാനുള്ള നടപടികൂടി സ്വീകരിക്കാൻ സാധിക്കുമോ?

ശ്രീ. ജെയിംസ് മാത്യു: സർ, തികച്ചും സാംഗത്യമുള്ള ചോദ്യമാണിത്. കണ്ണൂർ ജില്ലയിൽ ഇത്രമേൽ മനോഹരമായി ഒരു പ്രദേശത്തെ സംരക്ഷിക്കാൻ മറ്റൊരിടത്തും സാധിച്ചിട്ടില്ല. അത്രയും ഭംഗിയോടെയാണ് ആ കണ്ടൽ പാർക്ക് വിഭാവന ചെയ്തതും നിലനിർത്തിയിരുന്നതും. പക്ഷേ, രാഷ്ട്രീയമായ അഭിപ്രായ വ്യത്യാസങ്ങളെത്തുടർന്ന് അന്നത്തെ കോൺഗ്രസ്സ് നേതൃത്വം കേന്ദ്രത്തിൽ സ്വാധീനം ചെലുത്തിയാണ് ആ കണ്ടൽപാർക്ക് ഇല്ലാതാക്കിയത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇനി രണ്ട് പ്രമേയങ്ങൾ കൂടിയുണ്ട്.

ശ്രീ. ജെയിംസ് മാത്യു: സർ, ഞാൻ ചുരുക്കുകയാണ്. കണ്ടൽ കാടുകളും പരിസ്ഥിതിയും സംരക്ഷിക്കപ്പെടണമെന്നാണ് എന്റെ നിർദ്ദേശം. കണ്ടൽ കാടുകളുടെ പ്രതിവർഷമുള്ള ഗണ്യമായ നാശം തടയണം. റിസർവ് വനമായി പ്രഖ്യാപിക്കാമെന്ന് ബഹുമാന്യനായ മന്ത്രി ഇവിടെ സൂചിപ്പിച്ചു. ഞാൻ അഭിമാനത്തോടെ പറയുന്നു, 50 ശതമാനത്തോളം കണ്ടൽ വനങ്ങളുണ്ടെന്ന് പറയുന്ന കണ്ണൂർ ജില്ലയിലെ ഏറ്റവും കൂടുതൽ കണ്ടൽക്കാടുകളുള്ള പ്രദേശങ്ങളാണ് കല്യാശ്ശേരി, തളിപ്പറമ്പ് മണ്ഡലങ്ങൾ. അതിൽ എന്റെ നിയോജകമണ്ഡലമായ

തളിപ്പറമ്പിൽ ജില്ലാ കളക്ടറും അന്നത്തെ മന്ത്രിയും വന്ന് റിസർവ് വനമായി പ്രഖ്യാപിച്ചു. കണ്ടൽ വനം റിസർവായി പ്രഖ്യാപിച്ചെന്ന് മാധ്യമങ്ങൾ വലിയ വാർത്ത നൽകി. ഒരാഴ്ച കഴിഞ്ഞപ്പോൾ അവിടത്തെ കണ്ടൽ മുഴുവൻ ആളുകൾ മുറിച്ചു. റിസർവ് വനമായതുകൊണ്ട് വിൽക്കാനോ കൃഷി ചെയ്യാനോ കഴിയില്ലെന്നുള്ളതാണ് അതിനുകാരണം. അതിനെതിരെ ഒരു കേസുമില്ല. റിസർവ് വനമായി പ്രഖ്യാപിച്ച എന്റെ ഭൂമിയിലുള്ള കണ്ടൽ വെട്ടാൻ ഒരു നിയമതടസ്സവും ഇന്ന് നിലനിൽക്കുന്നില്ല. നിലനിൽക്കുന്നുവെന്ന് എസ്റ്റാബ്ലിഷ് ചെയ്താൽ ഈ ബിൽ പിൻവലിക്കുന്നതിൽ എനിക്കൊരു പ്രയാസവുമില്ല. ഉദ്യോഗസ്ഥർ പറയുന്ന കാര്യങ്ങൾ മുഴുവൻ അങ്ങ് മുഖവിലയ്ക്കെടുക്കരുതെന്നാണ് എന്റെ വിനയപൂർവ്വമായ അഭ്യർത്ഥന. ഓരോ വർഷവും എന്തുകൊണ്ടാണ് കണ്ടലിന്റെ കുറവ് ഉണ്ടാകുന്നതെന്ന് അങ്ങ് പരിശോധിക്കണം. സ്വകാര്യ ഭൂമിയിലുള്ള കണ്ടൽ വനം വെട്ടിനശിപ്പിച്ചാൽ കേസെടുക്കാൻ കഴിയുമോ; അങ്ങനെ എടുക്കാമെങ്കിൽ എത്ര കേസെടുത്തിട്ടുണ്ട്. ഇപ്പോൾ ശ്രീ. എ. എൻ. ഷംസീർ സൂചിപ്പിച്ച, കണ്ടൽ പാർക്ക് അതുവഴി പോകുന്ന മുഴുവൻ ആളുകൾക്കും കാണാം. ഒരു പ്രദേശത്തെ മുഴുവൻ വേസ്റ്റും കണ്ടലിനടിയിൽ ഡമ്പ് ചെയ്തപ്പോഴാണ് കണ്ടൽ നശിച്ചത്. കോൺക്രീറ്റ് കെട്ടിടങ്ങൾ പൊളിച്ചതിന്റെ അവശിഷ്ടങ്ങൾ കണ്ടലിനടിയിലിട്ടു. അതിനെതിരെ ആർക്കും ഒന്നും ചെയ്യാൻ കഴിയില്ലെന്നുള്ളതാണ് പ്രശ്നം. ഞാൻ എന്റെ ഭൂമിയിൽ വേസ്റ്റിട്ടാൽ എന്തുചെയ്യാൻ കഴിയും? നാശം സംഭവിച്ച കണ്ടൽ നാഷണൽ ഹൈവേയോട് ചേർന്നുള്ളതാണ്. കണ്ടൽ റിസർവായി പ്രഖ്യാപിച്ച സ്ഥലമാണ്. ഒരു നടപടിയും സ്വീകരിക്കാൻ നിലവിൽ വ്യവസ്ഥയില്ല. ഞാനൊരു സ്വകാര്യ ബിൽ അവതരിപ്പിച്ചതുകൊണ്ട് പറയുകയല്ല, ഈ ബില്ലിനു പകരം സർക്കാർതന്നെ ബിൽ കൊണ്ടുവരണമെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, വെറ്റ് ലാൻഡുമായി ബന്ധപ്പെട്ട നിയമം കർക്കശമാക്കിയാൽ, ഏറ്റെടുക്കൽ വ്യവസ്ഥയനുസരിച്ച് കർഷകർക്ക് അല്ലെങ്കിൽ ഭൂവുടമസ്ഥർക്ക് മതിയായ കോമ്പൻസേഷൻ നൽകി ഏറ്റെടുത്ത് സംരക്ഷിക്കുന്നതിന് നിയമത്തിൽ വ്യവസ്ഥകളുണ്ടോ? അല്ലെങ്കിൽ അത്തരം വ്യവസ്ഥകൾ കൂട്ടിച്ചേർക്കുന്നതല്ലേ നല്ലത്? താങ്കൾ പറഞ്ഞതുപോലെ റിസർവ് വനമായി പ്രഖ്യാപിക്കുന്നുവെന്ന് കേൾക്കുമ്പോൾതന്നെ സ്വകാര്യ ഭൂമിയിലെ എല്ലാ കണ്ടൽക്കാടുകളും വെട്ടിനശിപ്പിക്കും. അതുകൊണ്ട് നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുക എന്നുള്ളതല്ലേ കൂടുതൽ സുരക്ഷിതം?

<u>ശ്രീ. എ. പ്രദീപ് കുമാർ</u>: സർ, ശ്രീ. ജെയിംസ് മാത്യു വളരെ പ്രസക്തമായ നിയമനിർമ്മാണത്തിന് സർക്കാരിനെ പ്രചോദിപ്പിക്കുന്നതിനാണ് ഈ ബിൽ അവതരിപ്പിക്കുന്നത്. അതിനെ പിന്തുണച്ചുകൊണ്ടാണ് ഞാൻ സംസാരിക്കുന്നത്. നിലവിലുള്ള നിയമങ്ങൾ യഥാർത്ഥത്തിൽ തണ്ണീർത്തടങ്ങളെയും കണ്ടൽ കാടുകളെയും സംരക്ഷിക്കാൻ പര്യാപ്തമല്ലെന്നുള്ളതിന്റെ അനുഭവസ്ഥനാണ് ഞാൻ. കണ്ണൂർ കഴിഞ്ഞാൽ ഏറ്റവും പ്രധാനപ്പെട്ട, കേന്ദ്ര സർക്കാർ നോട്ടിഫൈ ചെയ്ത

ഇന്ത്യയിലെ 27 തണ്ണീർത്തടങ്ങളിലൊന്നായ കോട്ടോളി തണ്ണീർത്തടം നിലനിൽക്കുന്നത് എന്റെ മണ്ഡലത്തിലാണ്. സരോവരം ബയോപാർക്ക് എന്ന ആശയം അവിടെ വികസിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 29 ഇനം കണ്ടലുകളും നീർനായ ഉൾപ്പെടെ 13 ഇനം ജലജന്യ ജീവികളും 19 ഇനം മത്സ്യങ്ങളുമായി ജൈവ വൈവിദ്ധ്യത്താൽ സമൃദ്ധമായ പ്രദേശമാണത്. അത് എല്ലാ നിലയിലും സംരക്ഷിക്കപ്പെടേണ്ടതാണ്. ടൂറിസം വികസനത്തിന്റെ സാദ്ധ്യതകളെക്കുറിച്ച് പറയുകയുണ്ടായി. അവിടെയും അപകടമുണ്ട്. കണ്ടൽ കാടുകളും തണ്ണീർത്തടങ്ങളും ഉൾപ്പെടെയുള്ള ജൈവവൈവിദ്ധ്യവും എല്ലാത്തരം നൈസർഗ്ഗികതയും നിലനിർത്തിക്കൊണ്ട് സംരക്ഷിക്കപ്പെടണം. അവിടെയൊക്കെ സ്വകാര്യ ഭൂമി നേരത്തെ വാങ്ങിയിട്ടിരിക്കുന്നവരുണ്ട്. അവർ ടൂറിസം വികസനമെന്ന് കേൾക്കുമ്പോൾ വിൽക്കാൻ തക്കംപാർത്തിരിക്കുകയാണ്. ടൂറിസം വികസനം സൂക്ഷ്മതയോടെ കൈകാര്യം ചെയ്യേണ്ടതാണ്. സഞ്ചാരികൾ പ്രകൃതിയുടെ നന്മയും നൈസർഗ്ഗികതയും ആസ്വദിക്കാൻ എത്തുമ്പോൾ ഇത്തരത്തിലൊരു പ്രശ്നമുണ്ട്. ചില സർക്കാർ വകുപ്പുകൾ വളരെ സമർത്ഥമായി ഇത്തരം നിയമങ്ങൾക്ക് തുരങ്കം വയ്ക്കുന്നുണ്ട്. കോഴിക്കോട് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഞാൻ പറഞ്ഞ രീതിയിൽ തണ്ണീർത്തടങ്ങളെയും കണ്ടൽ കാടുകളെയും സംരക്ഷിക്കാനുതകുന്ന നിലയിലല്ല കോർപ്പറേഷൻ പരിധിയിൽ മാസ്റ്റർ പ്ലാനിൽ കാര്യങ്ങൾ വിഭാവന ചെയ്തിട്ടുള്ളത്. തദ്ദേശഭരണ വകുപ്പുമന്ത്രി അവിടെ വന്നിരുന്നു. പൂർണ്ണമായും തണ്ണീർത്തടങ്ങളും കണ്ടൽ കാടുകളും സംരക്ഷിക്കപ്പെടണം. അതൊരു പ്രധാനപ്പെട്ട കാര്യമാണെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ തുടർ ചർച്ചയ്ക്കായി മാറ്റിവയ്ക്കാം.

ശ്രീ. എ. പ്രദീപ് കുമാർ: സർ, ചർച്ച തുടരണം. സർക്കാർ ഈ ബിൽ ഔദ്യോഗികമായി കൊണ്ടുവരണം. നിലവിലുള്ള നിയമത്തെ തുരങ്കം വയ്ക്കുന്നതിനുള്ള ശ്രമങ്ങൾ നടക്കുന്നു. കോഴിക്കോട് മാസ്റ്റർ പ്ലാനിൽ ഉൾപ്പെടെ അത് നടന്നിട്ടുണ്ടെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. ജെയിംസ് മാത്യു: സർ, ശ്രീ. എ. കെ. ശശീന്ദ്രനും ശ്രീ. എ. പ്രദീപ് കുമാറും സൂചിപ്പിച്ചത് നൂറുശതമാനം ശരിയാണ്. അതുകൊണ്ട് ഇതിന്റെ ഗൗരവവും പ്രാധാന്യവും കണക്കിലെടുത്ത് ചർച്ച തുടരണമെന്ന അഭിപ്രായത്തോടെ ഞാൻ അവസാനിപ്പിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ തുടർ ചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

(c) 2017-ലെ കേരള സംസ്ഥാന ട്രാൻസ്പോർട്ട് വാഹന യാത്രക്കാരുടെ അവകാശ സംരക്ഷണ അതോറിറ്റി ബിൽ:

ശ്രീ. വി. ടി. ബൽറാം: സർ, 2017-ലെ കേരള സംസ്ഥാന ട്രാൻസ്പോർട്ട് വാഹന യാത്രക്കാരുടെ അവകാശ സംരക്ഷണ അതോറിറ്റി ബില്ലിന് അവതരാണാനുമതി നൽകണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ഗതാഗത വകുപ്പുമന്ത്രിക്കുവേണ്ടി ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, യാത്രക്കാരുടെ സുരക്ഷയ്ക്കായുള്ള വ്യവസ്ഥകൾ നിലവിലുള്ള കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളിലും സംസ്ഥാന മോട്ടോർ വാഹന ചട്ടങ്ങളിലും 2007-ലെ കേരള റോഡ് സേഫ്റ്റി ആക്ടിലും റൂൾസിലും ഉൾക്കൊള്ളിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. വാഹനങ്ങളുടെ യാത്രാ സമ്പ്രദായങ്ങൾ തീരുമാനിക്കുന്നതും ബസ് സ്റ്റാൻഡുകളുടെയും അവിടത്തെ ടോയ്‌ലെറ്റുകളുടെയും ഷോപ്പുകളുടെയും ഹോട്ടലുകളുടെയും സജ്ജീകരണവും നിയന്ത്രണവും നിർവ്വഹിക്കുന്നതും കെ.എസ്.ആർ.ടി.സി. തന്നെയാണ്. അവയുടെ നവീകരണം സംബന്ധിച്ച നടപടികൾ പുരോഗമിച്ചുവരികയാണ്. മറ്റ് ബസ് സ്റ്റാൻഡുകളുടെയും അനുബന്ധ സംവിധാനങ്ങളുടെയും ഉത്തരവാദിത്വം അതാത് തദ്ദേശഭരണ സ്ഥാപനങ്ങളാണ് നിർവ്വഹിച്ചുവരുന്നത്. ബസ് നിരക്കിനെ സംബന്ധിച്ച് പഠനം നടത്തി നിശ്ചയിക്കുന്നതിന് ജസ്റ്റിസ് രാമചന്ദ്രൻ അദ്ധ്യക്ഷനായുള്ള കമ്മിറ്റി നിലവിലുണ്ട്. അതിന്റെ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. വാഹനങ്ങളുടെ അമിതവേഗം നിമിത്തമുള്ള അപകടങ്ങൾ നിയന്ത്രിക്കുന്നതിനായി സ്പീഡ് ഗവേർണർ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഘടിപ്പിക്കുന്നതിന് കേന്ദ്ര മോട്ടോർ വാഹന ചട്ടത്തിൽ വ്യവസ്ഥയുണ്ട്. അശ്രദ്ധമായ ഡ്രൈവിംഗിന് കനത്ത ശിക്ഷാനടപടികളെടുക്കുന്നതിനും നിലവിലുള്ള ചട്ടപ്രകാരം സാധിക്കുന്നതാണ്. റോഡ് സുരക്ഷയ്ക്കായി സംസ്ഥാന തലത്തിൽ റോഡ് സേഫ്റ്റി അതോറിറ്റിയും ജില്ലാതലത്തിൽ ജില്ലാ റോഡ് സേഫ്റ്റി കൗൺസിലും പ്രവർത്തിക്കുന്നുണ്ട്. ഇന്ത്യയിൽ ആദ്യമായി കേരളത്തിലാണ് ഇത്തരത്തിലൊരു റോഡ് സേഫ്റ്റി അതോറിറ്റി രൂപീകരിച്ചത്. റോഡ് സേഫ്റ്റി ആക്ടിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ബില്ലിൽ നിർദ്ദേശിച്ച പ്രകാരമുള്ള അതോറിറ്റിയുടെ കർത്തവ്യങ്ങളായി സൂചിപ്പിച്ചിരിക്കുന്ന ഹോട്ടലുകൾ, ഷോപ്പുകൾ, ബസ് ഷെൽട്ടറുകൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ ആരോഗ്യം, തദ്ദേശസ്വയംഭരണം പി.ഡബ്ല്യു.ഡി. തുടങ്ങിയ വിവിധ വകുപ്പുകളുടെ പ്രവർത്തന മേഖലയിൽ വ്യവസ്ഥാപിതമായ നിയമങ്ങളുടെയും

ചട്ടങ്ങളുടെയും മാർഗ്ഗ നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ പ്രവർത്തിച്ചുവരുന്നു. യാത്രയുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭിക്കുന്നതിന് ജി.പി.എസ്., ഓൺലൈൻ സംവിധാനങ്ങൾ, സി.സി.ടി.വി. തുടങ്ങിയ കമ്പ്യൂട്ടർവൽകൃത ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അവയുടെ സജ്ജീകരണങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ മോട്ടോർ വാഹന വകുപ്പും കെ.എസ്.ആർ.ടി.സി. ഉൾപ്പെടെയുള്ള സ്ഥാപനങ്ങളും നടപടി സ്വീകരിച്ചുവരികയാണ്. ബഹുമാനപ്പെട്ട അംഗം നോട്ടീസ് നൽകിയിരിക്കുന്ന ബിൽ നിയമമായാൽ സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത വരുത്തുന്നതാണ്. പ്രസ്തുത അതോറിറ്റിയുടെ പ്രാരംഭ ചെലവുകൾക്കുതന്നെ ഒരു കോടി രൂപ സഞ്ചിത നിധിയിൽനിന്നും ചെലവ് പ്രതീക്ഷിക്കുന്നതായി സൂചിപ്പിച്ചിട്ടുണ്ട്. പ്രസ്തുത ബില്ലിൽ പരാമർശിച്ചിട്ടുള്ള മിക്കവാറും എല്ലാ വിഷയങ്ങളും നിലവിലുള്ള ചട്ടങ്ങളും സംവിധാനങ്ങളും ഉപയോഗിച്ച് നടപ്പിലാക്കിവരുന്നുണ്ട് എന്നതിനാൽ ഒരു പുതിയ സംവിധാനത്തിന്റെ ആവശ്യമില്ലെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം. അതിനാൽ ഈ ബില്ലിന് അവതരണാനുമതി നൽകേണ്ടതില്ലെന്നാണ് സർക്കാർ നിലപാട്.

<u>ശ്രീ. വി. ടി. ബൽറാം:</u> സർ, മന്ത്രിയുടെ മറുപടി ഒട്ടും തൃപ്തികരമല്ലെന്ന് വ്യസനപൂർവ്വം ആദ്യംതന്നെ സൂചിപ്പിക്കുകയാണ്. ഞാനിത് പറയാൻ കാരണം, നമ്മുടെ നാട്ടിൽ പല നിയമങ്ങളുണ്ട്. എല്ലാ മേഖലയുമായി ബന്ധപ്പെട്ടും വ്യത്യസ്തങ്ങളായ പല നിയമങ്ങളുമുണ്ട് എന്നത് ഒരു യാഥാർത്ഥ്യമാണ്. അത് ഇത്രമാത്രം സ്കാറ്റേർഡാണ് എന്നുള്ളതുകൊണ്ടുതന്നെയാണ് അതിനെ മുഴുവൻ സമഗ്രമായി ഉൾക്കൊള്ളുന്ന ഇത്തരത്തിലുള്ള ഒരു അതോറിറ്റി രൂപീകരിക്കണമെന്നാവശ്യപ്പെടുന്നത്. പട്ടികജാതിക്കാരുടെ പീഡനവുമായി ബന്ധപ്പെട്ട് നിയമങ്ങളുണ്ടെങ്കിലും അത് മതിയാകാത്തതുകൊണ്ടാണല്ലോ പട്ടികജാതി പട്ടികവർഗ്ഗ കമ്മീഷൻ രൂപീകരിച്ചത്. വനിതകളുടെ ക്ഷേമവും അവരുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് നിരവധി നിയമങ്ങളുണ്ട്. എന്നാലും വനിതാ കമ്മീഷനുണ്ടല്ലോ, അതുപോലെതന്നെ കുട്ടികളുടെ അവകാശങ്ങളുമായി ബന്ധപ്പെട്ട് ബാലാവകാശ കമ്മീഷനുണ്ട്. ഇതൊന്നും നിയമങ്ങളില്ലാത്തതു കൊണ്ടല്ല. മറിച്ച് നിയമങ്ങൾ ഇഫക്ടീവായി നടപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്താനുള്ള ഒരു മോണിറ്ററിംഗ് മെക്കാനിസമാണ് വേണ്ടത്. ഏതെങ്കിലും തരത്തിലുള്ള വയലേഷൻസ് ഉണ്ടാവുകയാണെങ്കിൽ ആരോട് പരാതി പറയണമെന്ന ഒരു കൃത്യത ഇക്കാര്യത്തിൽ ഉറപ്പുവരുത്തുന്നതിനുവേണ്ടിയാണ്. അതുകൊണ്ടാണ് ട്രാൻസ്പോർട്ട് വാഹന യാത്രക്കാരുടെ അവകാശങ്ങൾ കൃത്യമായി സംരക്ഷിക്കപ്പെടണം, അതിന് കൃത്യമായ ചുമതലപ്പെട്ട ഒരു

അതോറിറ്റിയുണ്ടാകണം എന്നുള്ള ആവശ്യം മുന്നോട്ടുവയ്ക്കുന്നത്. അതിന്റെ ചെലവ് എന്നുപറയുന്നത് അതിൽനിന്ന് പ്രതീക്ഷിക്കപ്പെടുന്ന നേട്ടങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ വളരെ പരിമിതമാണ്. ചെലവ് ഒരു വലിയ തടസ്സമായി ഉന്നയിക്കപ്പെടരുതെന്നുള്ളതാണ്. അതിനപ്പുറത്തുള്ള അവകാശങ്ങൾ സംരക്ഷിക്കുക എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യമായി ഞാൻ കാണുന്നത്.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ബഹുമാനപ്പെട്ട എം.എൽ.എ. സംസാരിച്ചപ്പോൾ മന്ത്രി ഇവിടെ പറഞ്ഞതിനോട് വിയോജിപ്പ് പ്രകടിപ്പിച്ചു. പക്ഷെ, ഇപ്പോഴുള്ള നിയമം കൂടുതൽ ശക്തിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ട് കേന്ദ്ര മോട്ടോർ വാഹന നിയമത്തിൽ മാറ്റം വരുത്തിക്കൊണ്ടുള്ള ഒരു പുതിയ ബിൽ അവതരിപ്പിച്ചിട്ടുണ്ട്. ആ ബില്ലുംകൂടി വന്നതിനുശേഷം അതിലെ നിർദ്ദേശങ്ങൾകൂടി പരിശോധിച്ച് പുതുതായി ഒരു പരിഷ്കാരത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതല്ലേ നല്ലത് എന്ന കാര്യം ഞാൻ താങ്കളുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

<u>ശ്രീ. വി. ടി. ബൽറാം:</u> തീർച്ചയായും. അങ്ങനെ പോസിറ്റീവായിട്ടാണെങ്കിൽ സ്വാഗതാർഹമാണ്. പക്ഷെ അങ്ങായിരുന്നു ആ കസേരയിൽ ഇരുന്നിരുന്നതെങ്കിൽ ഈ പോസിറ്റീവ് മറുപടി ലഭിക്കുമായിരുന്നുവെന്നാണ് എനിക്ക് ഇപ്പോൾ തോന്നുന്നത്. ദൗർഭാഗ്യവശാൽ ഇപ്പോൾ അങ്ങ് ആ കസേരയിൽ ഇരിക്കുന്നില്ല എന്നുള്ളതാണ് അവസ്ഥ. ഏതായാലും ഈ ചർച്ച മുന്നോട്ടുകൊണ്ടുപോകണം. ഇതിപ്പോൾ സ്വകാര്യ ബിൽ ആയതുകൊണ്ട് നാളെത്തന്നെ നിയമമാകില്ലല്ലോ. അതുകൊണ്ട് കേന്ദ്ര മോട്ടോർ വാഹന നിയമം വരുമ്പോൾ അതിലെ നല്ല വശങ്ങൾകൂടി ഉൾപ്പെടുത്തിക്കൊണ്ട് ഇക്കാര്യങ്ങൾ ചർച്ച ചെയ്ത് ഇതിനായി പ്രത്യേകമായ സംവിധാനങ്ങളുണ്ടാകണമെന്നുള്ള നിർദ്ദേശമാണ് ഞാൻ മുന്നോട്ടുവയ്ക്കുന്നത്. അതിനുവേണ്ടിയാണ് ഈ സ്വകാര്യ ബിൽ ഇവിടെ അവതരിപ്പിക്കുന്നത്. 3 കോടിയോളം ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ജനസാന്ദ്രത ഇത്രയധികമുള്ള കേരളംപോലുള്ള ഒരു സംസ്ഥാനത്ത് പൊതു ഗതാഗത സംവിധാനങ്ങളെ പ്രോത്സാഹിപ്പിക്കുക എന്നത് വളരെ പ്രധാനമാണ്. പരമാവധി ആ നിലയിലുള്ള പ്രോത്സാഹനജനകമായ നടപടികൾ സ്വീകരിക്കാനുള്ള ഉത്തരവാദിത്വം സർക്കാരിനും ഭരണകൂടത്തിനുമുണ്ട്. ഒട്ടോറിക്ഷ മുതൽ മെട്രോ റെയിൽ വരെയുള്ള പൊതുഗതാഗത സംവിധാനങ്ങൾ നമ്മുടെ നാട്ടിലുണ്ട്. ഇതിൽ യാത്രക്കാർ കടന്നുവരണമെങ്കിൽ, അവർക്ക് ആത്മവിശ്വാസത്തോടുകൂടി അത് ഉപയോഗിക്കാൻ കഴിയണമെങ്കിൽ ഇത്തരത്തിൽ അവരുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്താൻ സാധിക്കണം. പക്ഷെ ഇന്ന് ആ നിലയിലുള്ള ഒരു സംവിധാനമില്ല. പൊതുഗതാഗത സംവിധാനങ്ങളുമായി

ബന്ധപ്പെട്ട് വ്യാപകമായ പരാതികൾ ഉയർന്നുവരുന്നുണ്ട്. അവ പരിഹരിക്കപ്പെടുന്നില്ല. കൃത്യതയോടുകൂടി ഒരു ഏകജാലക സംവിധാനം ഉണ്ടാകുന്നില്ല എന്നുള്ളതുകൊണ്ടാണ് അതിനൊരു അതോറിറ്റി വേണമെന്നുള്ള ആഗ്രഹം മുന്നോട്ടുവയ്ക്കുന്നത്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, യാത്രക്കാരന്റെ അവകാശം സംരക്ഷിക്കലാണല്ലോ അങ്ങയുടെ ബില്ലിന്റെ ഉദ്ദേശ്യം. യാത്രക്കാരന്റെ അവകാശം ഇപ്പോൾ റോഡുകളിൽ ഹനിക്കുന്നത് വാഹനങ്ങളാണെന്ന യാഥാർത്ഥ്യം താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏറ്റവും എളുപ്പത്തിൽ ബാങ്കുകൾ ലോൺ നൽകുന്നത് വാഹനങ്ങൾക്കാണ്. അതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ടുമാത്രമേ വാഹനപ്പെരുപ്പം തടയാൻ കഴിയൂ. അതോടൊപ്പം റോഡിന്റെ പരിഷ്കരണവും ആവശ്യമാണ്. അതുകൊണ്ട് കേവലമായി യാത്രക്കാരന്റെ അവകാശങ്ങൾ നിർണ്ണയിച്ചുകൊണ്ടുള്ള ഒരു നിയമനിർമ്മാണം നടത്തിയതുകൊണ്ടുമാത്രം ഈ പ്രശ്നം പരിഹരിക്കപ്പെടുമെന്ന് താങ്കൾ കരുതുന്നുണ്ടോ?

ശ്രീ. വി. ടി. ബൽറാം: സർ, തീർച്ചയായും. അതുതന്നെയാണ് ഞാൻ പറയുന്നത്. ഒരു develop country എന്നുപറയുന്നത്, it is not a country where the poor has access to car, but it is the country where the rich uses the public transport എന്നാണ്. ആ നിലയിൽ പണക്കാരടക്കമുള്ളവർ പബ്ലിക് ട്രാൻസ്പോർട്ട് ഉപയോഗിക്കാൻ കഴിയുന്ന ഒരവസ്ഥയിലേക്ക് ഇതിന്റെ ഗുണനിലവാരവും വിശ്വാസ്യതയും വർദ്ധിക്കണം. അത് സുരക്ഷിതമാണെന്നും അവകാശത്തോടുകൂടിത്തന്നെ പൗരന്മാർക്ക് അതുപയോഗിക്കാൻ സാധിക്കുമെന്നും പറയുന്ന സാഹചര്യം സൃഷ്ടിക്കണം. അതിനുവേണ്ടിയുള്ളതാണ് ഈ ബില്ലിലൂടെ നിർദ്ദേശിക്കുന്ന പ്രധാനപ്പെട്ട ആശയങ്ങൾ. ആ ആശയം സർക്കാർ പോസിറ്റീവായി പരിശോധിക്കണമെന്നാണ് ഞാൻ പറയുന്നത്. ഓരോ വിഭാഗം പൊതുഗതാഗത സംവിധാനങ്ങളുമായി ബന്ധപ്പെട്ടും പല തരത്തിലുള്ള ആക്ഷേപങ്ങളുയരുന്നുണ്ട്. ഓട്ടോറിക്ഷ, ടാക്സി, പ്രൈവറ്റ് ബസ് അടക്കമുള്ളവയുടെ നിരക്ക് നിശ്ചയിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളെക്കുറിച്ച് തർക്കം വരികയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. വി. ടി. ബൽറാം, ഇനി ഒരു ബില്ലുകൂടി അവതരിപ്പിക്കാനുണ്ട്. വേണമെങ്കിൽ തുടർ ചർച്ചയ്ക്ക് മാറ്റിവയ്ക്കാം. ഇനി അഞ്ച് മിനിട്ട് കൂടിയേയുള്ളൂ.

ശ്രീ. വി. ടി. ബൽറാം: രണ്ടു മിനിട്ടുകൂടി മതി. പറഞ്ഞവസാനിപ്പിക്കാം. ഞാൻ പറഞ്ഞുവന്നത്, ഇതിലൊക്കെ തീരുമാനമെടുക്കുമ്പോൾ ഒരു ഭാഗത്തെ മാത്രമേ കേൾക്കുന്നുള്ളൂ. ഇതിന്റെ ഗുണഭോക്താക്കളായിട്ടുള്ള യാത്രക്കാർ

പലപ്പോഴും റെപ്രസെന്റ് ചെയ്യപ്പെടുന്നില്ല. ഓട്ടോറിക്ഷാ നിരക്ക് തീരുമാനിക്കുന്നത് എങ്ങനെയാണ്; ഓട്ടോറിക്ഷാ തൊഴിലാളികളുടെ സംഘടനയുമായി ബന്ധപ്പെട്ടാണ്. അതോടൊപ്പം ഓട്ടോറിക്ഷയിൽ കയറുന്നവരെ ഒരിക്കലും നമ്മൾ കേൾക്കുന്നില്ല. അവിടെ മീറ്റർ പ്രവർത്തിക്കുന്നുണ്ടോയെന്ന് നമ്മൾ ഉറപ്പുവരുത്തുന്നില്ല. അവരുടെ മറ്റേതെങ്കിലും തരത്തിലുള്ള അവകാശങ്ങൾ ലംഘിക്കപ്പെടുന്നുണ്ടോ എന്നും നമ്മൾ കേൾക്കുന്നില്ല, നമ്മൾ പരിശോധിക്കുന്നില്ല. ഒരു കൺസ്യൂമർ എന്ന നിലയ്ക്ക് ഇതിൽ ഒരു പൗരന്റെ അവകാശം സംരക്ഷിക്കാനും വയലേഷൻസ് ഉണ്ടാകുമ്പോൾ കൃത്യമായും അധികാരത്തോടുകൂടി ഇടപെടാനുമുള്ള ഒരു സംവിധാനം വേണം. അതിനുവേണ്ടിയാണ് ക്വാസി ജുഡീഷ്യൽ അധികാരങ്ങളോടുകൂടി ഇത്തരത്തിലുള്ള ഒരു അതോറിറ്റി വേണമെന്നുള്ളത് ഈ ബില്ലിന്റെ ഏറ്റവും പ്രധാനപ്പെട്ട ആവശ്യമായി മുന്നോട്ടുവയ്ക്കപ്പെടുന്നത്. അത് സർക്കാർ പോസിറ്റീവായി ചർച്ച ചെയ്യണം. ഒരിക്കലും ഇതിനോട് നിഷേധാത്മകമായ സമീപനം സ്വീകരിക്കരുത്. ഒരു തുടർ ചർച്ച ഇക്കാര്യത്തിലുണ്ടാകണമെന്ന് ബഹുമാനപ്പെട്ട ചെയറിലൂടെ സർക്കാരിനോട് അഭ്യർത്ഥിക്കുകയാണ്.

(ചർച്ച തുടരും)

(d) <u>2017-ലെ ചികിത്സാവകാശ മിഷൻ ബിൽ:</u>

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, 2017-ലെ ചികിത്സാവകാശ മിഷൻ ബില്ലിന് അവതരണാനുമതി നൽകണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>): സർ, ദേശീയ ആരോഗ്യ നയത്തിന്റെ ഭാഗമായി മെഡിക്കൽ, പാരാമെഡിക്കൽ, ഫാർമസി തുടങ്ങിയ ആരോഗ്യ ചികിത്സാ രംഗവുമായി ബന്ധപ്പെട്ട എല്ലാ മേഖലകളിലും പൊതു/സ്വകാര്യ മേഖലകളുൾപ്പെടെയുള്ള ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകളടക്കമുള്ള സ്ഥാപനങ്ങളിലും വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഗുണനിലവാരം ഉറപ്പാക്കത്തക്കവിധം പ്രസ്തുത സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ, ക്ലിനിക്കൽ പ്രവർത്തനങ്ങളും അനുബന്ധ സേവനങ്ങളും വ്യവസ്ഥാപിത നിയമനിർവ്വഹണം മുഖേന നിയന്ത്രിക്കുകയും ആരോഗ്യ ചികിത്സാരംഗത്തെ അനഭിലഷണീയമായ പ്രവണതകൾനിരുത്സാഹപ്പെടുത്തുകയും ചെയ്യാൻ ലക്ഷ്യമിട്ട് സമഗ്രമായ ഒരു ആരോഗ്യപരിപാലന നിയമം കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് രജിസ്ട്രേഷൻ ആൻഡ് റെഗുലേഷൻ ബിൽ -2017 ഔദ്യോഗിക ബില്ലായി സർക്കാർ 10-8-2017-ന് സഭയിൽ അവതരിപ്പിച്ച സാഹചര്യത്തിൽ

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, 2017-ലെ ചികിത്സാവകാശ മിഷൻ ബിൽ എന്ന അനൗദ്യോഗിക ബില്ലിലൂടെ സഭയുടെ ശ്രദ്ധയിൽകൊണ്ടുവരാൻ ശ്രമിച്ചിട്ടുള്ള കാര്യങ്ങൾക്കുപരി കൂടുതൽ കാര്യക്ഷമമായ ആരോഗ്യ പരിപാലനത്തിനുള്ള വ്യവസ്ഥകൾ ഓദ്യോഗിക ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ ബഹുമാനപ്പെട്ട എം.എൽ.എ.യുടെ അനൗദ്യോഗിക ബില്ലിന് പ്രസക്തിയില്ല. ആയതിനാൽ ടി ബില്ലിന് അവതരണാനുമതി നൽകേണ്ടതില്ല.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, കേരളത്തിൽ ഇന്നു നടന്നുകൊണ്ടിരിക്കുന്ന പ്രയാസങ്ങളാണ് ഇന്നലെയും മിനിഞ്ഞാന്നുമായി നമ്മളിവിടെ ചർച്ച ചെയ്തത്. കേരളം ആരോഗ്യ രംഗത്ത് വളരെ മുന്നിലാണെന്ന് അവകാശപ്പെടുന്നവരാണ് നമ്മൾ. ചികിത്സാരംഗത്ത് ജനങ്ങൾക്ക് ലഭിക്കേണ്ട അവകാശങ്ങൾ നൽകാവുന്ന തരത്തിലൂടെയുള്ള ഒരു സമീപനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകാൻ കൂടുതൽ നിർദ്ദേശങ്ങൾ നൽകാൻ സാധിക്കും എന്നുള്ളതുകൊണ്ട് ഇതൊരു തുടർ ചർച്ചയ്ക്ക് വിധേയമാക്കണമെന്ന് പറയുകയാണ്

(ചർച്ച തുടരും)

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ... ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും 16-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2017 ആഗസ്റ്റ് 16-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.)

*******

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്. 2021